# ശ്രീമദ് ഭാഗവതം

(അന്വയക്രമപരിഭാഷാസഹിതം)

# SRIMAD BHAGAVATHAM

(Malayalam)

**Skandam - 9**



*M.N. Ramaswamy Iyer Memorial Edition*

**SRI RAM PUBLISHERS**

North Village

MELARKODE - 678 703

# ശ്രീമദ് ഭാഗവതം

## ( നവമസ്കന്ധം )

(അന്വയക്രമ പരിഭാഷാസഹിതം)

*By*


**വിദ്വാൻ, സി. ജി. നാരായണൻ എമ്പ്രാന്തിരി,**

LANGUAGE ASST.,

**M. N. K. M.** HIGH SCHOOL, CHITTALAMCHERY, PALGHAT Dt.


**M. N. RAMASWAMY IYER MEMORIAL EDITION,**

Editor. M. R, NARASIMHAN


Published by:

**SRI RAM PUBLISHERS.**

**NORTH VILLAGE**

**MELARKODE,**

**Pin - 678 703**

COPYRIGHT :-

**M. R. Narasimhan**

1st Edition
May 1993

**Price Rs. 650/- Per set**

*Distributors :*

Sree Guruvayoorappan
Sankeerthana Trust (Regd.)
Narayanalayam
Guruvayoor - 680 101

# ഒമ്പതാം സ്കന്ധം വിഷയാനുക്രമണികാ


1 സൂര്യവംശവർണ്ണനം വൈവസ്വതമനോഃ പുത്രസ്യ സ്ത്രീഭാവാപത്തിശ്ച

2 പൃഷധ്രാകാദി വംശവിസ്താരഃ

3 സുകന്യാ ചരിതം രേവത കന്യാചരിതം ച

4 അമ്പരീഷോപാഖ്യാനം

5 അംബരീഷാനുഗ്രഹേണ ദുർവ്വാസൊ ദുഃഖനിവൃത്തിഃ

6 മാന്ധാതുശ്ചരിതം സൌഭര്യ്യുപാഖ്യാനം

7 ത്രിശംകുകഥാ ഹരിശ്ചന്ദ്രചരിതം ച

8 സഗരചരിത്രം

9 ഗംഗാവതരണം സൌദാസ ചരിതം ച

10 ശ്രീരാമ ചരിത്രം

11 ശ്രീരാമാദിവംശവർണ്ണനം

12 ഇക്ഷ്വാകൂണാം കുശാദി സുമിത്രാന്താനാംവർണ്ണനം

13 നിമിവംശവർണ്ണനം

14 സുധജന്മ പുരൂരവസ ഉപാഖ്യാനം ച

15 ഋചീക ജമദഗ്നി പരശുരാമചരിതം സഹസ്രാർജ്ജുന വധശ്ച

16 ജമദഗ്നിവധഃ ക്ഷത്രിയാണാം സംഹാരഃ ച

17 ക്ഷത്രിവൃദ്ധാദി ചതുർഷ്ട്യവംശവർണ്ണനം

18 യയാതി ചരിതം

19 യായാതേർഗൃഹത്യാശഃ

20 പൂരുവംശവർണ്ണനം ദുഷ്യന്തഭരതയോശ്ചരിതം ച

21 രന്തിദേവ ചരിതം

22 ദിവോ ദാസാദിവംശകഥനം ഋക്ഷവംശെ പാണ്ഡവാദ്യുത്പത്തിശ്ച

23 അനുദ്രുഹ്യുതുർവസുയദൂനാം വംശവർണ്ണനം

24 യദുവംശവർണ്ണനം

ഓം നമോ ഭഗവതേ വാസുദേവായ



# ശ്രീമദ് ഭാഗവതേ മഹാപുരാണേ നവമഃ സ്കന്ധഃ

മൂകം കരോതി വാചാലം പംഗും ലംഘയതേ ഗിരിം
യത്കൃപാ തമഹം വന്ദേ പരമാനന്ദമാധവം

നമോ ബ്രഹ്മണ്യദേവായ രാമായാകുണ്ഠമേധസേ
ഉത്തമശ്ലോകധുര്യായ ന്യസ്തദണ്ഡാർപ്പിതാങ്ഘ്രയേ

## പ്രഥമോഽധ്യായഃ = അദ്ധ്യായം ഒന്ന്

### മനുപുത്രന്മാരുടെ വംശപരമ്പര

ഈ ഒമ്പതാം സ്കന്ധത്തിലെ 24 അദ്ധ്യായങ്ങളാൽ വൈവസ്വതമനുവിൻെറ പുത്രന്മാരുടെ വംശം നിരൂപണം ചെയ്യപ്പെടുന്നു. ദശമസ്കന്ധത്തിൽ സമാരംഭിക്കുവാൻ പോകുന്ന ശ്രീകൃഷ്ണാവതാരകഥയുടെ ഉപോദ്ഘാതമാണിതു്.

ചിത്തശുദ്ധിപ്രദമായ സദ്ധർമ്മത്തെ മന്വന്തരങ്ങളുടെ വർണ്ണനകളിലൂടെ അഷ്ടമ സ്കന്ധത്തിൽ എടുത്തുകാണിച്ചു. ചിത്തശുദ്ധിവന്നവർക്കുമാത്രമേ ഈശ്വരകഥാശ്രവണാസക്തിയുണ്ടാകുയുള്ളു എന്നതിനാൽ സദ്ധർമ്മനിരൂപണം ചെയ്തുകഴിഞ്ഞ് സൂര്യസോമ വംശജരായ രാജാക്കന്മാരുടെ ചരിത്രത്തിലൂടെ സർവ്വേശ്വരകഥകൾ അവതരിപ്പിക്കുന്നു.

പ്രസ്തുതസ്കന്ധത്തിലെ ആദ്യത്തെ 13 അദ്ധ്യായങ്ങളാൽ സൂര്യവംശത്തിൻെറയും പിന്നെ 11 അദ്ധ്യായങ്ങളാൽ സോമവംശത്തിൻെറയും ചരിത്രം വർണ്ണിക്കപ്പെട്ടിരിക്കുന്നു.

"തത്ര തു പ്രഥമേഽദ്ധ്യായേ വൈവസ്വതസുതാന്വയേ
സോമവംശപ്രവേശോക്ത്യൈ സുദ്യുമ്നസ്ത്രീത്വവർണ്ണനം"

അതിൽ ഒന്നാമദ്ധ്യായത്തിൽ സോമവംശവും വൈവസ്വതമനുവിൻെറ പുത്രവംശത്തിൽ ഉൾപ്പെട്ടതാണെന്നുകാണിപ്പാൻ വേണ്ടി മനുപുത്രനായ സുദ്യുമ്നൻ സ്ത്രീയായിഭവിച്ചകഥ വിസ്തരിക്കുന്നു.

പരീക്ഷിത്ത് മഹാരാജാവ് അനന്തരകഥാശ്രവണേച്ഛയോടെ ശ്രീശുകബ്രഹ്മർഷിയോട് ചോദിക്കുന്നു.

രാജോവാച = രാജാവ് പറഞ്ഞു—

1. **മന്വന്തരാണി സർവ്വാണി ത്വയോക്താനി ശ്രുതാനി മേ**
**വീര്യാണ്യനന്തവീര്യസ്യ ഹരേസ്തത്ര കൃതാനി ച**

| | | | |
|---|---|---|---|
| ത്വയാ | അങ്ങയാൽ | അനന്ത – വീര്യസ്യ | അപരിച്ഛിന്നശക്തി യുക്തനായ |
| ഉക്താനി | വചിക്കപ്പെട്ട | ഹരേഃ | ശ്രീഹരിയുടെ |
| സർവ്വാണി | മുഴുവൻ | വീര്യാണി ച | വീരകൃത്യങ്ങളും |
| മന്വന്തരാണി | മന്വന്തരങ്ങളും | മേ ശ്രുതാനി | എന്നാൽ കേട്ടുധരിക്കപ്പെട്ടു |
| തത്ര | ആ മന്വന്തരങ്ങളിൽ | | |
| കൃതാനി | ആവിഷ്ക്കരിക്കപ്പെട്ട | | |

2. **യോഽസൗ സത്യവ്രതോ നാമ രാജർഷിർദ്രവിഡേശ്വരഃ**
**ജ്ഞാനം യോഽതീതകല്പാന്തേ ലേഭേ പുരുഷസേവയാ**

3. **സ വൈ വിവസ്വതഃ പുത്രോ മനുരാസീദിതി ശ്രുതം**
**ത്വത്തസ്തസ്യ സുതാശ്ചോക്താ ഇക്ഷ്വാകുപ്രമുഖാ നൃപാഃ**

| | | | |
|---|---|---|---|
| യഃ അസൗ സത്യവ്രതഃ നാമ | യാതൊരു ആ സത്യവ്രതനെന്നപേരിൽ വിഖ്യാതനായി | വിവസ്വതഃ | വിവസ്വാന്റെ(സൂര്യന്റെ) |
| ദ്രവിഡേശ്വരഃ | ദ്രാവിഡദേശാധിപനായ | പുത്രഃ | പുത്രനായ |
| രാജർഷിഃ | രാജർഷി | മനുഃ | വൈവസ്വതമനുവായി |
| (ആസീത്) | ഉണ്ടായിരുന്നുവല്ലോ; | ആസീത് | ഭവിച്ചു |
| അതീത–കല്പാന്തേ | കഴിഞ്ഞകല്പകാലത്തിന്റെ അവസാനഘട്ടത്തിൽ | ഇതി | എന്നുള്ളത് |
| പുരുഷ–സേവയാ | പരമപുരുഷനായ ശ്രീഹരിയുടെ ഭജനത്താൽ | ത്വത്തഃ | അങ്ങയിൽനിന്ന് |
| ജ്ഞാനം | ആത്മജ്ഞാനത്തെ | ശ്രുതം | കേട്ടുധരിക്കപ്പെട്ടു. |
| ലേഭേ | നേടുകയുണ്ടായോ | തസ്യ പുത്രാഃ | അദ്ദേഹത്തിന്റെപുത്രരായ |
| സഃ വൈ | ആ സത്യവ്രതൻതന്നെ | ഇക്ഷ്വാകു–പ്രമുഖാഃ | ഇക്ഷ്വാകുപ്രഭൃതികളായുള്ള |
| | | നൃപാഃ ച | രാജാക്കന്മാരും |
| | | ഉക്താഃ | പറഞ്ഞുധരിപ്പിക്കപ്പെട്ടവരായിരിക്കുന്നു. |

4. **തേഷാം വംശം പൃഥഗ്ബ്രഹ്മൻ വംശ്യാനുചരിതാനി ച**
**കീർത്തയസ്വ മഹാഭാഗ നിത്യം ശുശ്രൂഷതാം ഹി നഃ**

| | |
|---|---|
| ബ്രഹ്മൻ | ബ്രഹ്മർഷേ ! |
| മഹാഭാഗ | അതിഭാഗ്യശാലിൻ ! |
| തേഷാം | അവരുടെ |
| വംശം | വംശത്തെയും , |
| വംശ്യാനു – ചരിതാനി ച | വംശത്തിലുണ്ടായവരുടെ തുടർക്കഥകളെയും |
| നിത്യം ഹി | എന്നെന്നും |
| ശുശ്രൂഷതാം | കേൾപ്പാനാഗ്രഹിച്ചുകൊണ്ടിരിക്കുന്ന |
| നഃ | ഞങ്ങൾക്ക് |
| പൃഥക് | തരംതിരിച്ച് |
| കീർത്തയസ്വ | സവിസ്തരം ചൊല്ലിത്തന്നാലും. |

**5. യേ ഭൂതാ യേ ഭവിഷ്യാശ്ച ഭവന്ത്യദ്യതനാശ്ച യേ**
**തേഷാം നഃ പുണ്യകീർത്തീനാം സർവേഷാം വദ വിക്രമാൻ**

| | |
|---|---|
| യേ | ആരെല്ലാം |
| ഭൂതാഃ | മുമ്പുണ്ടായിരുന്നവരാണോ |
| യേ | ആരെല്ലാം |
| ഭവിഷ്യാഃ ച | മേലിൽ ഉണ്ടാവാനിരിക്കുന്നവരോ, |
| യേ | ആരെല്ലാം |
| അദ്യതനാഃ ച ഭവന്തി | ഇപ്പോൾ ഉള്ളവർ തന്നെയാകുന്നുവോ, |
| പുണ്യ– കീർത്തീനാം | പാവനകീർത്തിയാളുന്ന |
| തേഷാം സർവേഷാം | അവരെല്ലാവരുടേയും |
| വിക്രമാൻ | പരാക്രമങ്ങളെ |
| നഃ വദ | ഞങ്ങൾക്ക് ചൊല്ലിത്തന്നാലും |

സൂത ഉവാച = സൂതൻ (ശൗനകാദികളോട്) പറഞ്ഞു–

**6. ഏവം പരീക്ഷിതാ രാജ്ഞാ സദസി ബ്രഹ്മവാദിനാം**
**പൃഷ്ടഃ പ്രോവാച ഭഗവാൻ ശുകഃ പരമധർമ്മവിത്**

| | |
|---|---|
| ഏവം | ഇപ്രകാരം |
| പരീക്ഷിതാ | പരീക്ഷിത്ത് എന്ന |
| രാജ്ഞാ | രാജാവിനാൽ |
| പൃഷ്ടഃ | അനുയുക്തനായിട്ട്. |
| പരമ– ധർമ്മവിത് | ഉത്തമധർമ്മങ്ങളുടെ പരിജ്ഞാതാവും |
| ഭഗവാൻ | സർവ്വജ്ഞനുമായ |
| ശുകഃ | ശ്രീശുകബ്രഹ്മർഷി |
| ബ്രഹ്മ– വാദിനാം | ബ്രഹ്മജ്ഞാനികളായ ഋഷിമാരുടെ |
| സദസി | സഭയിൽവെച്ച് |
| പ്രോവാച | വിവരിച്ചുപറഞ്ഞു– |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

**7. ശ്രൂയതാം മാനവോ വംശഃ പ്രാചുര്യേണ പരംതപ**
**ന ശക്യതേ വിസ്തരതോ വക്തും വർഷശതൈരപി**

| | |
|---|---|
| പരംതപ | ശത്രുസന്താപകരനായ പരീക്ഷിത്തേ! |
| മാനവഃ വംശഃ | വൈവസ്വതമനുവിനെ സംബന്ധിച്ചതായ വംശം |

| | |
|---|---|
| പ്രാചുര്യേണ | മുഖ്യാംശത്തോടെമാത്രം |
| ശ്രൂയതാം | കേൾക്കപ്പെട്ടുകൊൾക. |
| വിസ്തരതഃ | വിസ്തരിച്ച് |
| വക്തും | ചൊല്ലിത്തരുവാൻ |
| വർഷശതൈഃ അപി | അനേകം നൂറ്റാണ്ടുകളും കൊണ്ടുപോലും |
| ന ശക്യതേ | സാധ്യമാകയില്ല |

വൈവസ്വതമനുവിന്റെ വംശം വിസ്തരിക്കുന്നതിന്റെ മുഖവുരയായി സർവ്വജീവപ്രപഞ്ചത്തിന്റെയും കൂടസ്ഥനായ ആദിനാരായണൻ തന്നെയാണ് ഈ വംശത്തിന്റെയും പ്രവർത്തകനെന്ന് അനുസ്മരിപ്പിക്കുന്നു.

**8. പരാവരേഷാം ഭൂതാനാമാത്മാ യഃ പുരുഷഃപരഃ**
**സ ഏവാസീദിദം വിശ്വം കല്പാന്തേഽന്യന്ന കിഞ്ചന**

| | |
|---|---|
| പരാ- വരേഷാം | ചെറിയവയും വലിയവയുമായ |
| ഭൂതാനാം | ചരാചരപ്രാണികളുടെ |
| ആത്മാ | അന്തര്യാമിയായി |
| യഃ പരഃ പുരുഷഃ | യാതൊരു പരമപുരുഷൻ ഉണ്ടോ, |
| സഃ ഏവ | ആ ഒരാൾമാത്രം |
| കല്പാന്തേ | കല്പാന്തകാലത്തിൽ |
| ഇദം വിശ്വം | ഈ പ്രപഞ്ചാങ്കുരമായി |
| ആസീത് | വർത്തിച്ചിരുന്നു |
| അന്യത് | വേറെ |
| കിഞ്ചന | യാതൊന്നും തന്നെ |
| ന | ഉണ്ടായിരുന്നില്ല |

**9. തസ്യ നാഭേഃസമഭവത് പദ്മകോശോ ഹിരണ്മയഃ**
**തസ്മിൻ ജജ്ഞേ മഹാരാജ സ്വയംഭൂശ്ചതുരാനനഃ**

| | |
|---|---|
| തസ്യ | ആ പരമപുരുഷന്റെ |
| നാഭേഃ | നാഭിയിൽനിന്ന് |
| ഹിരണ്മയഃ | സ്വർണ്ണമയമായ |
| പദ്മകോശഃ | താമരമൊട്ട് |
| സമഭവത് | ഉദ്ഭവിച്ചു. |
| മഹാരാജ | മഹാരാജാവേ! |
| തസ്മിൻ | അതിൽ |
| ചതുരാനനഃ | നാന്മുഖനായ |
| സ്വയംഭൂഃ | ബ്രഹ്മദേവൻ |
| ജജ്ഞേ | ഉണ്ടായി. |

**10. മരീചിർമ്മനസസ്തസ്യ ജജ്ഞേ തസ്യാപി കശ്യപഃ**
**ദാക്ഷായണ്യാം തതോഽദിത്യാം വിവസ്വാനഭവത്സുതഃ**

| | |
|---|---|
| തസ്യ | ആ ബ്രഹ്മദേവന്റെ |
| മനസഃ | മനസ്സിൽനിന്ന് |
| മരീചിഃ ജജ്ഞേ | മരീചി ജനിച്ചു. |
| തസ്യ അപി | ആ മരീചിയുടെ(പുത്രനായി) |
| കശ്യപഃ | കശ്യപനുണ്ടായി. |
| തതഃ | അതിൽപ്പിന്നെ (കശ്യപനിൽ നിന്ന് |
| ദാക്ഷായണ്യാം | ദക്ഷപുത്രിയായ |
| അദിത്യാം | അദിതിയിൽ |
| വിവസ്വാൻ | വിവസ്വാൻ (സൂര്യൻ) |
| സുതഃ | പുത്രനായി |
| അഭവത് | ഭവിച്ചു. |

**11. തതോ മനുഃ ശ്രാദ്ധദേവഃ സംജ്ഞായാമാസ ഭാരത**
**ശ്രദ്ധായാം ജനയാമാസ ദശ പുത്രാൻ സ ആത്മവാൻ**

| | | | |
|---|---|---|---|
| ഭാരത | ഹേ ഭരതവംശോത്തമ! | ആസ | ഉദ്ഭവിച്ചു |
| തതഃ | ആ വിവസ്വാനിൽ നിന്നു് | ആത്മവാൻ | ആത്മാവബോധമുള്ള |
| | | സഃ | ആ വൈവസ്വതൻ |
| സംജ്ഞായാം | സംജ്ഞാദേവിയിൽ | ശ്രദ്ധായാം | ശ്രദ്ധാദേവിയിൽ |
| ശ്രാദ്ധദേവഃ | ശ്രാദ്ധദേവനെന്ന വൈവസ്വതമനു | ദശപുത്രാൻ | പുത്രന്മാരെ |
| | | ജനയാമാസ | ഉത്പാദിപ്പിച്ചു |

**12. ഇക്ഷ്വാകുനൃഗശര്യാതിദിഷ്ടധൃഷ്ടകരൂഷകാൻ**
**നരിഷ്യന്തം പൃഷധ്രം ച നഭഗം ച കവിം വിഭുഃ**

ഇക്ഷ്വാകു, നൃഗൻ, ശര്യാതി, ദിഷ്ടൻ, ധൃഷ്ടൻ, കരൂഷകൻ, നരിഷ്യന്തൻ, പൃഷധ്രൻ, നഭഗൻ, കവി എന്നിവരാണ് മനുവിന്റെ പത്തു പുത്രന്മാർ.

സൂര്യന്റെ പൗത്രനായ സുദ്യുമ്നൻ സ്ത്രീയായി ഭവിച്ചപ്പോൾ അതിൽ ചന്ദ്രപുത്രനായ ബുധനുണ്ടായ പുരൂരവസ്സു മുതലായവരാണ് ചന്ദ്രവംശത്തിന്റെ മൂലപുരുഷന്മാരെന്നു ധരിപ്പിക്കുവാൻ ഒരു ലഘുപ്രസ്താവനയോടെ അടുത്ത ശ്ലോകം മുതൽ ഇളോപാഖ്യാനം അവതരിപ്പിക്കുന്നു.

**13. അപ്രജസ്യ മനോഃ പൂർവം വസിഷ്ഠോ ഭഗവാൻ കില**
**മൈത്രാവരുണയോരിഷ്ടിം പ്രജാർത്ഥമകരോത് പ്രഭുഃ**

| | | | |
|---|---|---|---|
| പ്രഭുഃ | സർവസമർത്ഥനും | പ്രജാർത്ഥം | സന്താനമുണ്ടാകുവാൻ വേണ്ടി |
| ഭഗവാൻ | സർവജ്ഞനുമായ | | |
| വസിഷ്ഠഃ | വസിഷ്ഠമുനി | മിത്രാ- വരുണയോഃ | മിത്രാവരുണന്മാരുടെ പ്രീതിയെ ലാക്കാക്കി ക്കൊണ്ടുള്ള |
| പൂർവം | ആദ്യഘട്ടത്തിൽ | | |
| അപ്രജസ്യ | സന്താനമില്ലാത്ത വനായിരുന്ന | ഇഷ്ടിം | ഇഷ്ടിയാഗത്തെ |
| | | അകരോത് | ചെയ്യുകയുണ്ടായി, |
| മനോഃ | വൈവസ്വതമനുവിന്നു് | കില | എന്നാത്രേ കേൾവി. |

**14. തത്ര ശ്രദ്ധാ മനോഃ പത്നീ ഹോതാരം സമയാചത**
**ദുഹിത്രർത്ഥമുപാഗമ്യ പ്രണിപത്യ പയോവ്രതാ.**

| | | | |
|---|---|---|---|
| തത്ര | ആ അവസരത്തിൽ | പത്നീ ശ്രദ്ധാ | പത്നിയായ ശ്രദ്ധാദേവി |
| മനോഃ | വൈവസ്വതമനുവിന്റെ | ദുഹിത്രർത്ഥം | സ്ത്രീപ്രജയ്ക്കുവേണ്ടി |

| | | | |
|---|---|---|---|
| പയോവ്രതാ | പാൽമാത്രം ആഹരിച്ച് 'പയോവ്രതം' അനുഷ്ഠിച്ചവളായിട്ട് | ഹോതാരം | ഹോതാവിനെ |
| | | ഉപാഗമ്യ | സമീപിച്ച്, |
| | | പ്രണിപത്യ | വീണുവണങ്ങി |
| | | സമയാചത | അഭ്യർത്ഥിച്ചു |

**15. പ്രേഷിതോഽധ്വര്യുണാ ഹോതാ ധ്യായംസ്തത് സുസമാഹിതഃ**
**ഹവിഷി വ്യചരത്തേന വഷട്കാരം ഗൃണൻ ദ്വിജഃ**

| | | | |
|---|---|---|---|
| ഹോതാ | ഹോതാവായിരിക്കുന്ന | തത് | അതിനെ(ശ്രദ്ധാദേവിയുടെ ആഗ്രഹത്തെ) |
| ദ്വിജഃ | ബ്രാഹ്മണൻ | സുസമാഹിതഃ | ഏകാഗ്രചിത്തനായി. |
| അധ്വര്യുണാ | അധ്വര്യുവിനാൽ | ധ്യായൻ | മനസാ ധ്യാനിച്ചുകൊണ്ടും |
| പ്രേഷിതഃ | യജിക്കുവാനായി നിയോഗിക്കപ്പെട്ട് | വഷട്കാരം | 'വൗഷട്' എന്ന ആഹുതി മന്ത്രത്തെ മാത്രം |
| ഹവിഷി (ഗൃഹീതേ) | ഹവിസ്സ് (ഹോമദ്രവ്യം) കൈയിലെടുക്കപ്പെട്ടപ്പോൾ | ഗൃണൻ | വാചാ ഉച്ചരിച്ചുകൊണ്ടും |
| | | തേന | ആ ഹവിസ്സുകൊണ്ട് |
| | | വ്യചരത് | ആഹുതി ചെയ്തു. |

**16. ഹോതുസ്തദ്വ്യഭിചാരേണ കന്യേലാ നാമ സാ ഭവത്**
**താം വിലോക്യ മനുഃ പ്രാഹ നാതിതുഷ്ടമനാഃ ഗുരും**

| | | | |
|---|---|---|---|
| ഹോതുഃ | ഹോതാവിന്റെ | മനുഃ താം | മനു അവളെ |
| തദ്വ്യഭി-ചാരേണ | അത്തരത്തിലുണ്ടായ പിഴവുനിമിത്തം | വിലോക്യ | കണ്ടിട്ട് |
| ഇലാ നാമ | 'ഇള'യെന്നപേരായ | നാതിതുഷ്ട-മനാഃ | അധികം സന്തോഷമില്ലാത്ത മനസ്സോടുകൂടിയവനായിട്ട് |
| കന്യാ | പെൺകുഞ്ഞായിട്ട്, | ഗുരും | ഗുരുവായ വസിഷ്ഠനോട് |
| സാ | അവൾ | പ്രാഹ | പറഞ്ഞു. |
| അഭവത് | ഭവിച്ചു. | | |

**17. ഭഗവൻ കിമിദം ജാതം കർമ്മ വോ ബ്രഹ്മവാദിനാം**
**വിപര്യയമഹോ കഷ്ടം മൈവം സ്യാദ് ബ്രഹ്മവിക്രിയാ.**

| | | | |
|---|---|---|---|
| ഭഗവൻ | 'ഹേ ഭഗവൻ ! | കിം ജാതം | സംഭവിച്ചില്ലേ ? |
| ബ്രഹ്മ-വാദിനാം | വേദജ്ഞന്മാരായ | അഹോ കഷ്ടം | അയ്യോ! കഷ്ടമേ! |
| | | ഏവം | ഇങ്ങനെ |
| വഃ | ഭവാന്മാരുടെ | ബ്രഹ്മവിക്രിയാ | വേദമന്ത്രങ്ങൾക്ക് വ്യവസ്ഥയില്ലായ്മ |
| ഇദം കർമ്മ | ഈ കർമ്മാനുഷ്ഠാനം | മാ സ്യാത് | സംഭവിച്ചുകൂടാ. |
| വിപര്യയം | വിപരീതഫലപ്രദമായി | | |

**18.** **യൂയം മന്ത്രവിദോ യുക്താസ്തപസാ ദഗ്ധകില്ബിഷാഃ**
**കുതഃ സങ്കല്പവൈഷമ്യമനൃതം വിബുധേഷ്വിവ**

| | | | |
|---|---|---|---|
| യൂയം | 'ഭവാന്മാർ | വിബുധേഷു | ദേവന്മാർക്കിടയിൽ |
| മന്ത്രവിദഃ | വേദമന്ത്രങ്ങളറിയുന്നവരും | അനൃതം | അസത്യമെന്നത് |
| തപസാ | തപഃശക്തിയാൽ | ഇവ | സംഭാവ്യമല്ലാത്തതു പോലെ |
| ദഗ്ധകില്ബിഷാഃ | ദഹിച്ചുപോയ പാപത്തോടുകൂടിയവരും | സങ്കല്പ - വൈഷമ്യം | സങ്കല്പത്തിന്ന് വിപരീതമായ ഫലം |
| യുക്താഃ | രാഗദ്വേഷാദികളില്ലാത്തവരുമായ മഹർഷിമാരാണ് | കുതഃ | സംഭവിച്ചതെങ്ങനെ? |

**19.** **തന്നിശമ്യ വചസ്തസ്യ ഭഗവാൻ പ്രപിതാമഹഃ**
**ഹോതുർവ്യതിക്രമം ജ്ഞാത്വാ ബഭാഷേ രവിനന്ദനം.**

| | | | |
|---|---|---|---|
| തസ്യ | അദ്ദേഹത്തിന്റെ (മനുവിന്റെ) | ഹോതുഃ | ഹോതാവിന്റെ |
| തത് വചഃ | ആവിധം വാക്കിനെ | വ്യതിക്രമം | സങ്കല്പത്തിൽവന്ന വൈഷമ്യത്തെ |
| നിശമ്യ | കേട്ടിട്ട് | ജ്ഞാത്വാ | മനസ്സിലാക്കി, |
| ഭഗവാൻ | സർവ്വജ്ഞനായ | രവിനന്ദനം | വൈവസ്വതനോട് |
| പ്രപിതാമഹഃ | മുതുമുത്തച്ഛൻ (വസിഷ്ഠൻ) * | ബഭാഷേ | പറഞ്ഞു. |

* ശ്രീശുകന്റെ മുത്തച്ഛനായ പരാശരന്റെയും മുത്തച്ഛനാണ് വസിഷ്ഠമഹർഷി

**20.** **ഏതത് സങ്കല്പവൈഷമ്യം ഹോതുസ്തേ വ്യഭിചാരതഃ**
**തഥാപി സാധയിഷ്യേ തേ സുപ്രജാസ്ത്വം സ്വതേജസാ**

| | | | |
|---|---|---|---|
| സങ്കല്പ-വൈഷമ്യം | സങ്കല്പത്തിനുണ്ടായ വിപരീതഫലമാവുന്ന (ആൺകുഞ്ഞിന്നുപകരം പെൺകുഞ്ഞുണ്ടാവുക എന്ന) | വ്യഭിചാരതഃ | നെറികേടുകൊണ്ടുണ്ടായതാണ്. |
| ഏതത് | ഈ സംഭവം | തഥാപി | എന്നിരിക്കിലും |
| തേ | അങ്ങയുടെ | തേ | അങ്ങേയ്ക്കു |
| ഹോതുഃ | ഹോതാവിന്റെ | സുപ്രജാസ്ത്വം | പുത്രസന്താനമുണ്ടാവുക എന്ന സ്ഥിതിയെ |
| | | സ്വതേജസാ | സ്വന്തം തപോമഹിമയാൽ |
| | | സാധയിഷ്യേ | സാധിപ്പിച്ചു കൊള്ളാം. |

**21.** **ഏവം വ്യവസിതോ രാജൻ ഭഗവാൻ സ മഹായശാഃ**
**അസ്തൗഷീദാദിപുരുഷമിളായാഃ പുംസ്ത്വകാമ്യയാ.**

| | |
|---|---|
| രാജൻ | അല്ലയോ രാജാവേ! |
| മഹായശാഃ | വലിയകീർത്തിമാനായ |
| സഃ ഭഗവാൻ | ആ വസിഷ്ഠഗുരു |
| ഏവം | ഇപ്രകാരം |
| വ്യവസിതഃ | നിശ്ചയമെടുത്തു്, |
| ഇലായാഃ | ഇളാകുമാരിക്കു് |
| പുംസ്ത്വ- കാമ്യയാ | പുരുഷത്വമുണ്ടാകുവാനുള്ള ആഗ്രഹത്തോടെ |
| ആദിപുരുഷം | ആദ്യപുരുഷനായ ശ്രീഹരിയെ |
| അസ്തൗഷീത് | സ്തോത്രം ചെയ്തു. |

**22.** **തസ്മൈ കാമവരം തുഷ്ടോ ഭഗവാൻ ഹരിരീശ്വരഃ**
**ദദാവിലാഽഭവത്തേന സുദ്യുമ്നഃ പുരുഷർഷഭഃ**

| | |
|---|---|
| ഭഗവാൻ | സമഗ്രൈശ്വര്യാദി ഗുണോപേതനായും |
| ഈശ്വരഃ | സമസ്തലോകനിയന്താവായും ഇരിക്കുന്ന |
| ഹരിഃ | ശ്രീഹരി |
| തുഷ്ടഃ | സന്തുഷ്ടനായി ഭവിച്ചു് |
| തസ്മൈ | അദ്ദേഹത്തിനു് |
| കാമവരം | അഭീഷ്ടവരത്തെ |
| ദദൗ | ദാനംചെയ്തു. |
| തേന | അതുകൊണ്ടു് |
| ഇലാ | ഇളയെന്ന കുമാരി |
| സുദ്യുമ്നഃ | സുദ്യുമ്നനെന്ന |
| പുരുഷർഷഭഃ | പുരുഷപുംഗവനായി |
| അഭവത് | ഭവിച്ചു. |

**23.** **സ ഏകദാ മഹാരാജ വിചരൻ മൃഗയാം വനേ**
**വൃതഃ കതിപയാമാത്യൈരശ്വമാരുഹ്യ സൈന്ധവം**

**24.** **പ്രഗൃഹ്യ രുചിരം ചാപം ശരാംശ്ച പരമാദ്ഭുതാൻ**
**ദംശിതോഽനുമൃഗം വീരോ ജഗാമ ദിശമുത്തരാം**

| | |
|---|---|
| മഹാരാജ | മഹാരാജാവേ! |
| ഏകദാ | ഒരിക്കൽ |
| വീരഃ സഃ | വീരനായ അവൻ |
| കതിപയാ- മാത്യൈഃ- വൃതഃ | ഏതാനും ചില മന്ത്രിമാരാൽ പരിവൃതനായിട്ടു് |
| സൈന്ധവം | സിന്ധുദേശത്തിലുണ്ടായ |
| അശ്വംആരുഹ്യ | കുതിരമേൽ കയറി, |
| രുചിരം | അഴകുള്ള |
| ചാപം | വില്ലിനെയും |
| പരമാദ്- ഭുതാൻ | അത്യാശ്ചര്യകരങ്ങളായ |
| ശരാൻ ച | ബാണങ്ങളെയും |
| പ്രഗൃഹ്യ | എടുത്തു്, |
| ദംശിതഃ | മാർച്ചട്ടകെട്ടി, |
| വനേ | കാട്ടിൽ |
| മൃഗയാം ചരൻ | വേട്ടയാടി സഞ്ചരിച്ചുകൊണ്ടു്, |
| അനുമൃഗം | മൃഗങ്ങളെപിന്തുടന്നു് |
| ഉത്തരാം | വടക്കുഭാഗത്തുള്ള |
| ദിശം | ദിക്കിലേക്കു് |
| ജഗാമ | പോയി |

**25.** **സ കുമാരോ വനം മേരോരധസ്താത് പ്രവിവേശ ഹ**
**യത്രാസ്തേ ഭഗവാൻ ശർവോ രമമാണഃ സഹോമയാ**

സഃ കുമാരഃ — ആ രാജകുമാരൻ
മേരോഃ — മേരുപർവ്വതത്തിന്റെ
അധസ്താത് — അടിവാരത്തിലുള്ള
വനം — കാട്ടിലേക്കു്
പ്രവിവേശ — കടന്നു ചെന്നു.
ഹ — അതു കഷ്ടമായി!
യത്ര — (എന്തെന്നാൽ) യാതൊരിടത്തു്
ഭഗവാൻ — ഭഗവാനായ
ശർവ്വഃ — പരമശിവൻ
ഉമയാ സഹ — ഉമാദേവിയോടുകൂടി
രമമാണഃ — രമിച്ചുകൊണ്ടു്
ആസ്തേ — വസിച്ചിരുന്നു

**26. തസ്മിൻ പ്രവിഷ്ട ഏവാസൗ സുദ്യുമ്നഃ പരവീരഹാ**
**അപശ്യത് സ്ത്രിയമാത്മാനമശ്വം ച ബഡവാം നൃപ**

നൃപ — രാജാവേ!
തസ്മിൻ — ആ വനത്തിൽ
പ്രവിഷ്ടഃ ഏവ — കടന്നുചെന്ന മാത്രയിൽ തന്നെ
പരവീരഹാ — ശത്രുവീരന്മാരുടെ ഹന്താവായ
അസൗ സുദ്യുമ്നഃ — ഈ സുദ്യുമ്നൻ
ആത്മാനം — തന്നെ
സ്ത്രിയം — സ്ത്രീയായും
അശ്വം ച — തന്റെ കുതിരയെ
ബഡവാം — പെൺകുതിരയായും മാറിയതായിട്ടു്
അപശ്യത് — കണ്ടു.

**27. തഥാ തദനുഗാഃ സർവ്വേ ആത്മലിംഗവിപര്യയം**
**ദൃഷ്ട്വാ വിമനസോഽഭൂവൻ വീക്ഷമാണാഃ പരസ്പരം**

തഥാ — അപ്രകാരം
തദനുഗാഃ — അവന്റെ അനുചരന്മാർ
സർവ്വേ — എല്ലാവരും
ആത്മലിംഗവിപര്യയം — താന്താങ്ങളുടെ ലിംഗ പരിവർത്തനത്തെ
ദൃഷ്ട്വാ — കണ്ടിട്ടു്
പരസ്പരം — അന്യോന്യം
വീക്ഷമാണാഃ — നോക്കിക്കൊണ്ടു്
വിമനസഃ — മനം കലങ്ങിയവരായി
അഭൂവൻ — ഭവിച്ചു.

രാജോവാച = പരീക്ഷിത്ത് രാജാവു ചോദിച്ചു—

**28. കഥമേവംഗുണോ ദേശഃ കേന വാ ഭഗവൻ കൃതഃ**
**പ്രശ്നമേനം സമാചക്ഷ്വ പരം കൗതൂഹലം ഹി നഃ**

ഭഗവൻ — എല്ലാമറിഞ്ഞിരിക്കുന്ന ബ്രഹ്മർഷേ!
ഏവംഗുണഃ — ഇത്തരംഗുണമുള്ള (പുരുഷൻ സ്ത്രീയായി മാറിപ്പോകുന്ന)
ദേശഃ കഥം — സ്ഥലം എങ്ങനെയുണ്ടായി?
കേന വാ — ആരാൽ
കൃതഃ — ഉണ്ടാക്കപ്പെട്ടു?

| | | | |
|---|---|---|---|
| ഏതം പ്രശ്നം സമാചക്ഷ്വ | ഈ ചോദ്യത്തിനു് ഉത്തരം തരുവാൻ കനിഞ്ഞാലും | നഃ പരം | ഞങ്ങൾക്കു് അധികം |
| | | കൗതൂഹലം | കൗതുകം തോന്നുന്നു. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

**29. ഏകദാ ഗിരിശം ദ്രഷ്ടുമൃഷയസ്തത്ര സുവ്രതാഃ**
**ദിശോ വിതിമിരാഭാസാ: കുർവ്വന്ത: സമുപാഗമൻ**

| | | | |
|---|---|---|---|
| ഏകദാ | ഒരിക്കൽ | സുവ്രതാഃ | നല്ല വ്രതനിഷ്ഠയുള്ളവരുമായ |
| ദിശഃ | ദിക്കുകളെ | ഋഷയഃ | ചില മഹർഷിമാർ |
| വിതിമിരാ- ഭാസാഃ കുർവ്വന്തഃ | ഇരുട്ടും അന്യപ്രകാശവും (സ്വദേഹകാന്തിയാൽ) ഇല്ലാതെയാക്കി ത്തീർക്കുന്നവരും | ഗിരിശം | പരമശിവനെ |
| | | ദ്രഷ്ടും | സന്ദർശിക്കുവാൻ |
| | | തത്ര | അവിടെ |
| | | സമുപാഗമൻ | വന്നിരുന്നു. |

**30. താൻ വിലോക്യാംബികാ ദേവീ വിവാസാ വ്രീഡിതാ ഭൃശം**
**ഭർത്തുരങ്കാത് സമുത്ഥായ നീവീമാശ്വഥ പര്യധാത്**

| | | | |
|---|---|---|---|
| താൻ | അവരെ | വ്രീഡിതാ | ലജ്ജിതയായിട്ടു് |
| വിലോക്യ | കണ്ടിട്ടു്. | ഭർത്തുഃ | ഭർത്താവിന്റെ |
| വിവാസാഃ | (തൽസമയം) വസ്ത്രഹീനയായിരുന്ന | അങ്കാത് | മടിത്തടത്തിൽനിന്നു് |
| | | സമുത്ഥായ | എഴുന്നേററു് |
| അംബികാ ദേവി | ശ്രീപാർവ്വതീദേവി | അഥ ആശു | ഉടൻ അതിവേഗത്തിൽ |
| | | നീവീം | മടിക്കുത്തിനെ |
| ഭൃശം | ഏററവും | പര്യധാത് | തിരുകിയുടുത്തു. |

**31. ഋഷയോഽപി തയോർവീക്ഷ്യ പ്രസംഗം രമമാണയോ:**
**നിവൃത്താഃ പ്രയയുസ്തസ്മാന്നരനാരായണാശ്രമം**

| | | | |
|---|---|---|---|
| ഋഷയഃ അപി | മഹർഷിമാരാകട്ടെ | തസ്മാത് | അവിടെനിന്നു് |
| രമമാണയോഃ | രമിച്ചുകൊണ്ടിരിക്കുന്ന | നിവൃത്താഃ | മടങ്ങിയവരായിട്ടു് |
| തയോഃ | അവരുടെ (പാർവ്വതീപരമേശ്വരന്മാരുടെ) | നരനാരാ- യണാശ്രമം | നരനാരായണന്മാർ തപസ്സനുഷ്ഠിച്ചു വസിക്കുന്ന ബദരികാശ്രമത്തിലേക്കു്* |
| പ്രസംഗം | രതിക്രീഡാസക്തിയെ | | |
| വീക്ഷ്യ | പാർത്തറിഞ്ഞു് | | |
| | | പ്രയയുഃ | പ്രയാണം ചെയ്തു. |

* സ്ത്രീസംഗദർശനത്താൽ മനം കലങ്ങിയ ഋഷിമാർ സ്ത്രീപ്രസക്തിയിൽ നിന്നു് നിത്യവിമുക്തമായ പുണ്യസ്ഥലത്തേക്കു് പോയെന്നു് ആശയം.

**32. തദിദം ഭഗവാനാഹ പ്രിയായാഃ പ്രിയകാമ്യയാ**
**സ്ഥാനം യഃ പ്രവിശേദേതത് സ വൈ യോഷിദ്ഭവേദിതി**

| | | | |
|---|---|---|---|
| തത് | ആകയാൽ | യഃ | ഏതൊരാൾ |
| ഭഗവാൻ | ഭഗവാനായ ശ്രീരുദ്രൻ | പ്രവേശിത് | കടന്നുവരുന്നുവോ, |
| പ്രിയായാഃ | പ്രിയപത്നിക്കു് | സഃ വൈ | ആയാൾ തൽക്ഷണം |
| പ്രിയ–കാമ്യയാ | പ്രീതിയുണ്ടാക്കുവാനുള്ള ആഗ്രഹത്താൽ | യോഷിത് | സ്ത്രീയായിട്ടു് |
| ഇദം ആഹ | ഇതരുളിച്ചെയ്തു— | ഭവേത് | ഭവിക്കട്ടെ'' |
| ഏതത്–സ്ഥാനം | ''ഈ സ്ഥലത്തേക്കു് | ഇതി | എന്നിങ്ങനെ. |

**33. തത ഊർധ്വം വനം തദ്വൈ പുരുഷാ വർജ്ജയന്തി ഹി**
**സാ ചാനുചരസംയുക്താ വിചചാര വനാദ്വനം**

| | | | |
|---|---|---|---|
| തതഃ ഊർധ്വം | അതിനുമേൽ | അനുചര–സംയുക്താ | അനുചരന്മാരോടുകൂടി സമ്മേളിച്ചുകൊണ്ടു് * |
| തത് വനം | ആ വനത്തെ | വനാത്വനം | കാടുതോറും |
| പുരുഷാഃ | പുരുഷന്മാർ | വിചചാര | ചുററിസഞ്ചരിച്ചുകൊണ്ടിരുന്നു. |
| വർജ്ജയന്തി വൈ ഹി | വർജ്ജിക്കുകയാണു് പതിവെന്നതു സുപ്രസിദ്ധം. | | |
| സാ ച | അവളാകട്ടെ (സ്ത്രീത്വം പ്രാപിച്ച സുദ്യുമ്നൻ) | | |

* 'അനുചര' എന്ന പുല്ലിംഗപ്രയോഗം പൂർവ്വസ്ഥിതിയെ അനുസ്മരിച്ചുചെയ്തതാകുന്നു. വാസ്തവത്തിൽ രുദ്രശാപത്താൽ അനുചരന്മാരും അനുചരിമാരായി ത്തീർന്നിരിക്കുന്നു.

**34. അഥ താമാശ്രമാഭ്യാശേ ചരന്തീം പ്രമദോത്തമാം**
**സ്ത്രീഭിഃ പരിവൃതാം വീക്ഷ്യ ചകമേ ഭഗവാൻ ബുധഃ**

| | | | |
|---|---|---|---|
| അഥ | അനന്തരം, ഒരിക്കൽ | സ്ത്രീഭിഃ | സ്ത്രീകളാൽ(തോഴികളാൽ) |
| ആശ്രമാ–ഭ്യാശേ | ആശ്രമത്തിന്റെ പരിസര പ്രദേശത്തിൽ | പരിവൃതാം | ചുറ്റപ്പെട്ടിരിക്കുന്നവളുമായ |
| ചരന്തീം | നടന്നുകൊണ്ടിരിക്കുന്നവളും | താംപ്രമ–ദോത്തമാം | ആ പ്രൗഢവനിതാമണിയെ |
| | | വീക്ഷ്യ | കണ്ടു് |

| | | | |
|---|---|---|---|
| ഭഗവാൻ | ജ്ഞാനിയായ | ചകമേ | കാമിച്ചു |
| ബുധഃ | ബുധൻ | | |

**35. സാപിതം ചകമേ സുഭ്രൂഃ സോമരാജസുതം പതിം**
**സ തസ്യാം ജനയാമാസ പുരൂരവസമാത്മജം**

| | | | |
|---|---|---|---|
| സുഭ്രൂഃ | അഴകാർന്ന പുരികക്കൊടികളുള്ള | ചകമേ | (അങ്ങോട്ടും)കാമിച്ചു |
| | | സഃ തസ്യാം | അവൻ, അവളിൽ |
| സാ അപി | അവളും | പുരൂരവസം | പുരൂരവസ്സെന്ന |
| സോമരാജസുതം | സോമരാജന്റെ പുത്രനായ ബുധനെ | ആത്മജം | പുത്രനെ |
| | | ജനയാമാസ | ഉത്പാദിപ്പിച്ചു. |
| പതിം | ഭർത്താവായിട്ട് | | |

**36. ഏവം സ്ത്രീത്വമനുപ്രാപ്തഃ സുദ്യുമ്നോ മാനവോ നൃപഃ**
**സസ്മാര സ്വകുലാചാര്യം വസിഷ്ഠമിതി ശുശ്രുമ**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | സ്വകുലാചാര്യം | തന്റെ കുലഗുരുവായ |
| സ്ത്രീത്വം | സ്ത്രീഭാവത്തെ | | |
| അനുപ്രാപ്തഃ | വീണ്ടുംപ്രാപിച്ചിരിക്കുന്ന(*) | വസിഷ്ഠം | വസിഷ്ഠമഹർഷിയെ |
| | | സസ്മാര | സ്മരിച്ചു |
| മാനവഃ | മനുപുത്രനായുള്ള | ഇതി | എന്നാണ് |
| സുദ്യുമ്നഃ | സുദ്യുമ്നനെന്ന | ശുശ്രുമ | കേട്ടിട്ടുള്ളത്. |
| നൃപഃ | രാജാവ് | | |

* സുദ്യുമ്നൻ ഇളയെന്ന കന്യകയായി ജനിച്ചു. ഹരിപ്രസാദത്താൽ സുദ്യുമ്നനെന്ന പുരുഷനായി. ഹരശാപത്താൽ വീണ്ടും സ്ത്രീത്വം പ്രാപിച്ച് ഇളതന്നെയായി.

**37. സ തസ്യ താം ദശാം ദൃഷ്ട്വാ കൃപയാ ഭൃശപീഡിതഃ**
**സുദ്യുമ്നസ്യാശയൻ പുംസ്ത്വമുപാധാവത ശങ്കരം**

| | | | |
|---|---|---|---|
| സഃ | അദ്ദേഹം(വസിഷ്ഠർ) | സുദ്യുമ്നസ്യ | സുദ്യുമ്നന്റെ |
| തസ്യ | അവന്റെ(സുദ്യുമ്നന്റെ) | പുംസ്ത്വം | പുരുഷത്വത്തെ |
| താം ദശാം | ആ സ്ഥിതിയെ | ആശയൻ | അഭിലഷിച്ചുകൊണ്ട് |
| ദൃഷ്ട്വാ | കണ്ട് | ശങ്കരം | പരമശിവനെ |
| കൃപയാ | കാരുണ്യത്താൽ | ഉപാധാവത | ശരണംപ്രാപിച്ചു. |
| ഭൃശപീഡിതഃ | അത്യന്തംവ്യാകുലനായിട്ട് | | |

**38. തുഷ്ടസ്തസ്മൈ സ ഭഗവാനൃഷയേ പ്രിയമാവഹൻ**
**സ്വാം ച വാചമൃതാം കുർവന്നിദമാഹ വിശാംപതേ**

| | | | |
|---|---|---|---|
| വിശാംപതേ | ഹേമഹാരാജാവേ! | ആവഹൻ | ഉളവാക്കികൊണ്ടും |
| തുഷ്ടഃ | സന്തുഷ്ടനായിഭവിച്ച | സ്വാം വാചം | തന്റെ വാക്കിനെ |
| സഃ ഭഗവാൻ | ആ മഹേശ്വരൻ | ഋതാം ച | സത്യമാക്കി |
| തസ്മൈ ഋഷയേ | ആ വസിഷ്ഠമഹർഷിയെ ഉദ്ദേശിച്ച് | കുർവൻ | ചെയ്തുകൊണ്ടും |
| | | ഇദം ആഹ | ഇങ്ങനെപറഞ്ഞു |
| പ്രിയം | പ്രിയത്തെ | | |

**39. മാസം പുമാൻ സ ഭവിതാ മാസം സ്ത്രീ തവ ഗോത്രജഃ**
**ഇത്ഥം വ്യവസ്ഥയാ കാമം സുദ്യുമ്നോƒവതു മേദിനീം.**

| | | | |
|---|---|---|---|
| തവ | 'അങ്ങയുടെ | ഭവിതാ | ഭവിക്കുന്നതാണ്. |
| ഗോത്രജഃ | ശിഷ്യപരമ്പരയിലുണ്ടായ | ഇത്ഥം | ഇപ്രകാരമുള്ള |
| സഃ | അവൻ | വ്യവസ്ഥയാ | വ്യവസ്ഥിതിയോടെ |
| മാസം | ഒരുമാസംമുഴുവൻ | സുദ്യുമ്നഃ | സുദ്യുമ്നൻ |
| പുമാൻ | പുരുഷനായിട്ടും | മേദിനീം | ഭൂമിയെ |
| മാസം | പിന്നീടൊരുമാസം | കാമം | ഇഷ്ടംപോലെ |
| സ്ത്രീ | സ്ത്രീയായിട്ടും | അവതു | സംരക്ഷിച്ചുകൊള്ളട്ടെ.'' |

**40. ആചാര്യാനുഗ്രഹാത് കാമം ലബ്ധ്വാ പുംസ്ത്വം വ്യവസ്ഥയാ**
**പാലയാമാസ ജഗതീം നാഭ്യനന്ദൻ സ്മ തം പ്രജാഃ**

| | | | |
|---|---|---|---|
| ആചാര്യാ- നുഗ്രഹാത് | കുലാചാര്യനായ വസിഷ്ഠ മഹർഷിയുടെ അനുഗ്രഹത്താൽ | ലബ്ധ്വാ | ലഭിച്ച് |
| | | ജഗതീം | ഭൂമിയെ |
| | | പാലയാമാസ | (സുദ്യുമ്നൻ)പരിപാലിച്ചു. |
| വ്യവസ്ഥയാ | ചട്ടം അനുസരിച്ചു കൊണ്ടുള്ള | പ്രജാഃ | (പക്ഷേ)പ്രജകൾ |
| | | തം | അവനെ |
| പുംസ്ത്വം | പുരുഷഭാവത്തെ | ന അഭ്യ- നന്ദൻ സ്മ | വാസ്തവത്തിൽ അഭിനന്ദി ച്ചിരുന്നില്ല |
| കാമം | ഇഷ്ടംപോലെ | | |

സ്ത്രീത്വം സംഭവിക്കുന്ന മാസങ്ങളിൽ നാണക്കേടുകാരണം പുറത്തുവരാതെ അകത്തുതന്നെ അടച്ചിരിക്കുന്ന രാജാവിനെ നാട്ടുകാർക്ക് ഇഷ്ടമായില്ലെന്നു സാരം.

**41. തസ്യോത്കലോ ഗയോ രാജൻ വിമലശ്ച സുതാസ്ത്രയഃ**
**ദക്ഷിണാപഥരാജാനോ ബഭൂവുർധർമ്മവത്സലാഃ**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | ഗയഃ | ഗയനെന്നും |
| തസ്യ | അവനു് | വിമലഃ ച | വിമലനെന്നും പേരുള്ള |
| ഉത്കലഃ | ഉത്കലനെന്നും | ത്രയഃ സുതാഃ | മൂന്നു പുത്രന്മാർ |

| | | | |
|---|---|---|---|
| (ആസൻ) | ഉണ്ടായി. | ദക്ഷിണാ– പഥരാജാനഃ | തെക്കൻ പ്രദേശങ്ങളിലെ രാജാക്കന്മാരായി |
| ധർമ്മവത്സലാഃ | സൽകൃത്യങ്ങളിൽ തല്പരന്മാരായിരുന്ന അവർ | ബഭൂവുഃ | ഭവിച്ചു |

42. **തതഃ പരിണതേ കാലേ പ്രതിഷ്ഠാനപതിഃ പ്രഭുഃ**
**പുരൂരവസ ഉത്സൃജ്യ ഗാം പുത്രായ ഗതോ വനം**

| | | | |
|---|---|---|---|
| തതഃ | അനന്തരം | പ്രഭുഃ | സുദ്യുമ്നരാജാവ് |
| കാലേ പരിണതേ | തൻെറ ആയുഷ്കാലം വൃദ്ധാവസ്ഥ യിലെത്തിയപ്പോൾ | പുരൂരവസേ | പുരൂരവസ്സെന്ന |
| | | പുത്രായ | സ്വപുത്രന്ന് |
| | | ഗാം | ഭൂമണ്ഡലത്തെ |
| പ്രതിഷ്ഠാന– പതിഃ | 'പ്രതിഷ്ഠാന'മെന്ന മൂലനഗരിയിൽ മണ്ഡലാധിപതിയായി വാണിരുന്ന | ഉത്സൃജ്യ | വിട്ടുകൊടുത്ത് |
| | | വനം | തപോവനത്തിലേക്ക് |
| | | ഗതഃ | ഗതനായി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
നവമസ്കന്ധേ ഇളോപാഖ്യാനെ
പ്രഥമോऽദ്ധ്യായഃ
നവമസ്കന്ധത്തിൽ ഒന്നാമദ്ധ്യായം കഴിഞ്ഞു.

# ദ്വിതീയോऽധ്യായഃ = അധ്യായം രണ്ട്

## മനുപുത്രന്മാരുടെ ചരിതം

'ദ്വിതീയേ മനുപുത്രാണാം ദ്വാവപുത്രൗ വിരാഗതഃ
കരൂഷകാദിപഞ്ചാനാം വംശാനാഹ ലഘുക്രമാത്.'

മനുവിൻെറ പത്തു പുത്രന്മാരിൽ രണ്ടുപേർ വിഷയവിരക്തിയാൽ സന്തതിയില്ലാത്തവരായി. മറ്റ് എട്ടുപേരിൽ കരൂഷൻ മുതലായ അഞ്ചുപേരുടെ വംശം ഈ അധ്യായത്തിൽ ചുരുക്കിപ്പറയുന്നു.

ശ്രീശുക ഉവാച: = ശ്രീശുകൻ പറഞ്ഞു–

1. **ഏവം ഗതേऽഥ സുദ്യുമ്നേ മനുർവൈവസ്വതഃ സുതേ**
**പുത്രകാമസ്തപസ്തേപേ യമുനായാം ശതം സമാഃ**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | മനുഃ | മനു |
| സുതേ | സ്വപുത്രനായ | പുത്രകാമഃ | സന്താനാൎത്ഥിയായിട്ടു് |
| സുദ്യുമ്നേ | സുദ്യുമ്നൻ | ശതം സമാഃ | നൂറുവൎഷം |
| ഗതേ അഥ | } തപോവനത്തിലേക്കു് പോയതിൽപ്പിന്നെ | യമുനായാം | യമുനാതീരത്തിൽ |
| വൈവസ്വതഃ | വൈവസ്വതാഖ്യനായ | തപഃസ്തേപേ | തപസ്സുചെയ്തു |

2. **തതോƒയജന്മനുർദേവമപത്യാൎത്ഥം ഹരിം പ്രഭും**
**ഇക്ഷ്വാകുപൂൎവ്വജാൻ പുത്രാൻ ലേഭേ സ്വസദൃശാൻ ദശ**

| | | | |
|---|---|---|---|
| തതഃ | അതിൽപിന്നെ | അയജത് | യജ്ഞത്താൽ ആരാധിച്ചു. |
| മനുഃ | വൈവസ്വതമനു | ഇക്ഷ്വാകു പൂൎവ്വജാൻ | {ഇക്ഷ്വാകുജ്യേഷ്ഠനായുള്ള (ഇക്ഷ്വാകു മുതലായ) |
| അപത്യാൎത്ഥം | സന്താനത്തിനുവേണ്ടി | | |
| പ്രഭും | എല്ലാറ്റിനും കഴിവുള്ള | സ്വസദൃശാൻ | തനിക്കൊത്ത |
| ദേവം | ദേവനായ | ദശപുത്രാൻ | പത്തു പുത്രന്മാരെ |
| ഹരിം | ശ്രീമഹാവിഷ്ണുവിനെ | ലേഭേ | നേടുകയും ചെയ്തു |

ഇവരിൽ പൃഷധ്രൻ, കവി എന്നീ രണ്ടുപേൎക്കു് സന്തതിയുണ്ടായില്ലെന്നു് തുടക്കത്തിൽ പറഞ്ഞുവച്ചുന്നു.

3. **പൃഷധ്രസ്തു മനോഃ പുത്രോ ഗോപാലോ ഗുരുണാ കൃതഃ**
**പാലയാമാസ ഗാ യത്തോ രാത്ര്യാം വീരാസനവ്രതഃ**

| | | | |
|---|---|---|---|
| മനോഃ | മനുവിൻെറ | രാത്ര്യാം | രാത്രിനേരത്തു് |
| പുത്രഃ | ഒരു പുത്രനായ | വീരാസന–വ്രതഃ | } വീരാസനനിഷ്ഠയോടു കൂടിയവനായിട്ടു് (ഒററയിരുപ്പിൽ ഉണൎവ്വോടെ ഇരുന്നുകൊണ്ടു്) |
| പൃഷധ്രഃ തു | പൃഷധ്രനാകട്ടെ | | |
| ഗുരുണാ | കുലഗുരുവായ വസിഷ്ഠനാൽ | | |
| ഗോപാലഃ | പശുപാലകനായി | ഗാഃ | പശുക്കളെ |
| കൃതഃ | ഏൎപ്പെടുത്തപ്പെട്ടു. | പാലയാമാസ | കാത്തുകൊണ്ടിരുന്നു |
| (സഃ)യത്തഃ | അവൻ ജാഗരൂകനായി | | |

4. **ഏകദാ പ്രാവിശദ്ഗോഷ്ഠം ശാൎദ്ദൂലോ നിശി വൎഷതി**
**ശയാനാ ഗാവ ഉത്ഥായ ഭീതാസ്താ ബഭ്രമുൎവ്രജേ**

| | | | |
|---|---|---|---|
| ഏകദാ | ഒരു നാൾ | ശാൎദ്ദൂലഃ | ഒരു പുലി |
| നിശി | രാത്രി സമയത്തു് | ഗോഷ്ഠം | ഗോശാലയിലേക്കു് |
| വൎഷതി | മഴ ചൊരിഞ്ഞുകൊണ്ടിരിക്കവേ, | പ്രാവിശത് | കയറിവന്നു. |
| | | ശയാനാഃ | കിടന്നിരുന്ന |

| | | | |
|---|---|---|---|
| ഗാവഃ | പശുക്കൾ | ഉത്ഥായ | എഴുന്നേറ്റ് |
| ഭീതാഃ | പേടിച്ച് അരണ്ടുപോയി. | വ്രജേ | തൊഴുത്തിൽ |
| താഃ | അവ | ബഭ്രമുഃ | വട്ടം കറങ്ങി. |

**5. ഏകാം ജഗ്രാഹ ബലവാൻ സാ ചുക്രോശ ഭയാതുരാ**
**തസ്യാസ്തത് ക്രന്ദിതം ശ്രുത്വാ പൃഷധ്രോഽഭിസസാര ഹ**

| | | | |
|---|---|---|---|
| ബലവാൻ | ഊക്കനായ പുലി | തസ്യാഃ | അവളുടെ |
| ഏകാം | അവയിൽ ഒന്നിനെ | തത് ക്രന്ദിതം | ആ നിലവിളി |
| ജഗ്രാഹ | പിടികൂടി. | ശ്രുത്വാ | കേട്ട് |
| സാ | അവൾ | പൃഷധ്രഃ | പൃഷധ്രൻ |
| ഭയാതുരാ | ഭയവിവശയായിട്ട് | അഭി– സസാര ഹ | അവിടെക്ക പാഞ്ഞു ചെന്നു; അയ്യോ! അബദ്ധം ! |
| ചുക്രോശ | ആക്രോശിച്ചു. | | |

**6. ഖഡ്ഗമാദായ തരസാ പ്രലീനോഡുഗണേ നിശി**
**അജാനന്നഹനദ് ബഭ്രോഃ ശിരഃ ശാർദ്ദൂലശങ്കയാ.**

| | | | |
|---|---|---|---|
| തരസാ | പെട്ടെന്ന് | അജാനൻ | അറിയാതെകണ്ട് |
| ഖഡ്ഗം ആദായ | വാളെടുത്ത് | ശാർദ്ദൂല– ശങ്കയാ | പുലിയാണെന്ന തെറ്റിദ്ധാരണയാൽ |
| നിശി | രാത്രിയിൽ | ബഭ്രോഃ | ഒരു ചോലപ്പശുവിന്റെ |
| | | ശിരഃ | തല |
| പ്രലീനോ– ഡുഗണേ | നക്ഷത്രഗണം (മഴക്കാറിൽ) മറഞ്ഞിരിക്കെ | അഹനത് | വെട്ടിയറുത്തു. |

**7. വ്യാഘ്രോഽപി വൃക്ണശ്രവണോ നിസ്ത്രിംശാഗ്രാഹതസ്തതഃ**
**നിശ്ചക്രാമ ഭൃശം ഭീതോ രക്തം പഥി സമുത്സൃജൻ**

| | | | |
|---|---|---|---|
| നിസ്ത്രിംശാ– ഗ്രാഹതഃ | വാളിന്റെ തലപ്പുകൊണ്ടു മുറിവേല്ക്കപ്പെട്ട് | ഭൃശം ഭീതഃ | ഏറ്റവുംഭയന്ന് |
| | | പഥി | വഴിയിൽ |
| വൃക്ണ– ശ്രവണഃ | അറ്റടർന്നകാതോടു കൂടിയതായിത്തീർന്ന | രക്തം | ചോര |
| | | സമുത്സൃജൻ | ഒഴുക്കികൊണ്ട് |
| | | തതഃ | അവിടെനിന്ന് |
| വ്യാഘ്രഃ അപി പുലിയും | | നിശ്ചക്രാമ | ഓടിപ്പോയി. |

**8. മന്യമാനോ ഹതം വ്യാഘ്രം പൃഷധ്രഃ പരവീരഹാ**
**അദ്രാക്ഷീത് സ്വഹതാം ബഭ്രും വ്യുഷ്ടായാം നിശി ദുഃഖിതഃ**

| | | | |
|---|---|---|---|
| വ്യാഘ്രം | വ്യാഘ്രത്തെ | മന്യമാനഃ | വിചാരിച്ചുകൊണ്ടിരുന്ന |
| ഹതം | തന്നാൽകൊല്ലപ്പെട്ടതായി | പരവീരഹാ | ശത്രുഹന്താവായ |

| | | | |
|---|---|---|---|
| പൃഷധ്രഃ | പൃഷധ്രൻ | ബഭ്രും | കപിലപശുവിനെ |
| നിശി | രാത്രികഴിഞ്ഞു നേരം | അദ്രാക്ഷീത് | കണ്ടു; |
| വ്യുഷ്ടായാം | പുലർന്നപ്പോൾ | ദുഃഖിതഃ | ദുഃഖിതനായി. |
| സ്വഹതാം | തന്നാൽ കൊലചെയ്യപ്പെട്ട | | |

**9 തം ശശാപ കുലാചാര്യഃ കൃതാഗസമകാമതഃ**
**ന ക്ഷത്രബന്ധുഃ ശൂദ്രസ്ത്വം കർമ്മണാ ഭവിതാമുനാ**

| | | | |
|---|---|---|---|
| അകാമതഃ | അറിഞ്ഞിടാതെ | കർമ്മണാ | പ്രവൃത്തികൊണ്ട് |
| കൃതാഗസം | തെറ്റുചെയ്ത | ത്വം | നീ |
| | വനാണെങ്കിലും | ക്ഷത്രബന്ധുഃ | പേരിന്നുപോലും |
| തം | അവനെ | | ക്ഷത്രിയനായിട്ട് |
| കുലാചാര്യഃ | കുലഗുരുവസിഷ്ഠൻ | ന ഭവിതാ | ഭവിക്കുകയില്ല. |
| ശശാപ | ശപിച്ചു. | ശൂദ്രഃ | ശൂദ്രനായിട്ട് |
| അമുനാ | 'ഈ(ഗോഹത്യാരൂപമായ) | (ഭവിതാ) | ഭവിക്കും' എന്ന് |

**10 ഏവം ശപ്തസ്തു ഗുരുണാ പ്രത്യഗൃഹ്ണാത് കൃതാഞ്ജലിഃ**
**അധാരയദ്വ്രതം വീര ഊർധ്വരേതാ മുനിപ്രിയം**

| | | | |
|---|---|---|---|
| ഗുരുണാ | ഗുരുവിനാൽ | വീരഃ | വീരനായ അവൻ |
| ഏവം | ഇപ്രകാരം | ഊർധ്വരേതാഃ | രേതസ്സിനെ നിയന്ത്രിച്ച് |
| ശപ്തഃ | ശപിക്കപ്പെട്ട | | (ഇന്ദ്രിയനിഗ്രഹം ചെയ്ത്) |
| (സഃ)തു | ആ പൃഷധ്രനാകട്ടെ | മുനിപ്രിയം | മുനിമാർക്കിഷ്ടമായ |
| കൃതാഞ്ജലിഃ | കൂപ്പുകൈയോടുകൂടിയവനായിട്ട് | വ്രതം | സർവ്വസംഗപരിത്യാഗരൂപമായ സന്യാസവ്രതത്തെ |
| പ്രത്യഗൃഹ്ണാത് | ആ ശാപത്തെ പ്രതിഗ്രഹിച്ചു. | അധാരയത് | സ്വീകരിച്ചു. |

**11 വാസുദേവേ ഭഗവതി സർവാത്മനി പരേമലേ**
**ഏകാന്തിത്വം ഗതോ ഭക്ത്യാ സർവഭൂതസുഹൃത് സമഃ**

**12 വിമുക്തസംഗഃ ശാന്താത്മാ സംയതാക്ഷോഽപരിഗ്രഹഃ**
**യദൃച്ഛയോപപന്നേന കല്പയൻ വൃത്തിമാത്മനഃ**

**13 ആത്മന്യാത്മാനമാധായ ജ്ഞാനതൃപ്തഃ സമാഹിതഃ**
**വിചചാര മഹീമേതാം ജഡാന്ധബധിരാകൃതിഃ**

| | | | |
|---|---|---|---|
| അമലേ | നിർമ്മലാത്മാവും | ഭഗവതി | സർവ്വൈശ്വര്യാദിഗുണോപേതനുമായ |
| സർവ്വാത്മനി | സർവ്വാന്തര്യാമിയും | | |
| പരേ | സർവ്വപരീതനും | വാസുദേവേ | ശ്രീവാസുദേവനിൽ |

| | | | |
|---|---|---|---|
| ഭക്ത്യാ | ഭക്തിഭാവനയിലൂടെ | യദൃച്ഛയാ | യാദൃച്ഛികമായി |
| ഏകാന്തിത്വം | ഏകാഗ്രനിഷ്ഠയെ | ഉപപന്നേന | വന്നു ചേർന്നതുകൊണ്ടുമാത്രം |
| ഗതഃ | പ്രാപിച്ചവനായും, | ആത്മനഃ | തന്റെ |
| സർവ്വഭൂത-സുഹൃത് | സകലജീവജാലങ്ങളിലും സൗഹാർദ്ദംപുലർത്തുന്നവനായും, | വൃത്തിം | ജീവിതവൃത്തിയെ |
| | | കല്പയൻ | നിറവേററുന്നവനായും, |
| | | ആത്മനി | പരമാത്മാവിൽ |
| സമഃ | സമഭാവനയുള്ളവനായും, | ആത്മാനം | മനസ്സിനെ |
| വിമുക്തസംഗഃ | തികച്ചും തള്ളിക്കളഞ്ഞ ലൗകിക ബന്ധത്തോടു കൂടിയവനായും, | ആധായ | ഉറപ്പിച്ച് |
| | | ജ്ഞാനതൃപ്തഃ | താത്വികജ്ഞാനത്താൽ തൃപ്തനായും |
| ശാന്താത്മ | പ്രശാന്തമനസ്സനായും | സമാഹിതഃ | മനസ്സുറപ്പോടുകൂടിയവനായും ഭവിച്ച് |
| സംയതാക്ഷഃ | നിയന്ത്രിക്കപ്പെട്ട ഇന്ദ്രിയങ്ങളോടു കൂടിയവനായും | ജഡാന്ധ-ബധിരാ-കൃതിഃ | ഭോഷനായോ അന്ധനായോ ബധിരനായോ ചമഞ്ഞുകൊണ്ട് |
| അപരിഗ്രഹഃ | ശരീരം നിലനിർത്തുന്നതിന്നുവേണ്ടതല്ലാതെ മററൊന്നും സ്വീകരിക്കാത്തവനായും, | ഏതാം മഹീം | ഈ ഭൂമിയിലെമ്പാടും |
| | | വിചചാര | സഞ്ചരിച്ചു. |

14 **ഏവം വൃത്തോ വനം ഗത്വാ ദൃഷ്ട്വാ ദാവാഗ്നിമുത്ഥിതം**
**തേനോപയുക്ത കരണോ ബ്രഹ്മ പ്രാപ പരം മുനിഃ**

| | | | |
|---|---|---|---|
| ഏവം വൃത്തഃ | ഇങ്ങനെ വർത്തിച്ചിരുന്ന | തേന | അതിനാൽ |
| മുനിഃ | മനനശീലനായ പൃഷധ്രൻ | ഉപയുക്ത-കരണഃ | ഉപയോഗിക്കപ്പെട്ട (ദഹിപ്പിക്കപ്പെട്ട) ശരീരത്തോടുകൂടിയവനായി ഭവിച്ച് |
| വനം | വനത്തിലേക്ക് | | |
| ഗത്വാ | ചെന്ന്, | | |
| ഉത്ഥിതം | എരിഞ്ഞെഴുന്ന | | |
| ദാവാഗ്നിം | കാട്ടുതീയ്യിനെ | പരംബ്രഹ്മ | പരബ്രഹ്മത്തെ |
| ദൃഷ്ട്വാ | കണ്ടിട്ട് | പ്രാപ | പ്രാപിച്ചു. (ബ്രഹ്മസായൂജ്യം ഗമിച്ചു.) |

15 **കവിഃ കനീയാൻ വിഷയേഷു നിസ്പൃഹോ**
**വിസൃജ്യ രാജ്യം സഹ ബന്ധുഭിർവനം**
**നിവേശ്യ ചിത്തേ പുരുഷം സ്വരോചിഷം**
**വിവേശ കൈശോരവയാഃ പരം ഗതഃ**

| | | | |
|---|---|---|---|
| കനിയാൻ | മനുപുത്രന്മാരുടെ ഇടയിൽ ഇളയവനായ | വിഷയേഷു നിസ്പൃഹഃ | വിഷയഭോഗങ്ങളിൽ താത്പര്യമില്ലാത്തവനായിട്ട് |
| കവിഃ | കവിയെന്നവൻ | | |

| | | | |
|---|---|---|---|
| കൈശോര-വയാഃ | ചെറുപ്രായക്കാർനായിരിക്കുമ്പോൾതന്നെ | ചിത്തേ | ഹൃദയത്തിൽ |
| | | സ്വരോചിഷം | സ്വയം പ്രകാശാത്മകനായ |
| ബന്ധുഭിഃ | ബന്ധുക്കളോടു | പുരുഷം | ആദിപുരുഷനെ |
| സഹ | കൂടി | നിവേശ്യ | ധ്യാനിച്ചുറപ്പിച്ച് |
| രാജ്യം | രാജ്യത്തെ | പരം | പരമപദത്തെ |
| വിസൃജ്യ | ഉപേക്ഷിച്ച് | ഗതഃ | പ്രാപിച്ചു. |
| വനം വിവേശ | വനത്തിലേക്ക് പോയി, | | |

16 **കരൂഷാന്മാനവാദാസൻ കാരൂഷാഃ ക്ഷത്രജാതയഃ**
**ഉത്തരാപഥഗോപ്താരോ ബ്രഹ്മണ്യാ ധർമ്മവത്സലാഃ**

| | | | |
|---|---|---|---|
| മാനവാത് | മനുവിന്റെ പുത്രനായ | ആസൻ | ഉണ്ടായി. |
| കരൂഷാത് | കരൂഷനിൽനിന്നു് | ബ്രഹ്മണ്യാഃ | ബ്രാഹ്മണഭക്തന്മാരും |
| കാരൂഷാഃ | കാരൂഷന്മാരെന്നു പറയപ്പെടുന്ന | ധർമ്മവത്സലാഃ | ധർമ്മതൽപ്പരന്മാരുമായ അവർ |
| ക്ഷത്രജാതയഃ , | ക്ഷത്രിയജാതിക്കാർ | ഉത്തരാപഥ-ഗോപ്താരഃ | ഉത്തരപ്രദേശങ്ങളുടെ രക്ഷകന്മാരായിരുന്നു. |

17 **ധൃഷ്ടാദ്ധാർഷ്ടമഭൂത് ക്ഷത്രം ബ്രഹ്മഭൂയം ഗതം ക്ഷിതൗ**
**നൃഗസ്യവംശഃ സുമതിഃ ഭൂതജ്യോതിസ്തതോ വസുഃ**

| | | | |
|---|---|---|---|
| (മാനവാത്) | മനുവിന്റെ മറ്റൊരു | ഗതം | പ്രാപിച്ചു. |
| | പുത്രനായ | നൃഗസ്യ | നൃഗന്റെ |
| ധൃഷ്ടാത് | ധൃഷ്ടനിൽ നിന്നു് | വംശഃ | വംശധരൻ (പുത്രൻ) |
| ധാർഷ്ടം | 'ധാർഷ്ടം' എന്ന | സുമതിഃ | സുമതിയും, |
| ക്ഷത്രം | ക്ഷത്രിയവംശം | തതഃ | അവനിൽ നിന്നു് |
| അഭൂത് | ഉണ്ടായി | ഭൂതജ്യോതിഃ | ഭൂതജ്യോതിസ്സെന്നവനും |
| (തത്) ക്ഷിതൗ | അതു ഭൂമിയിൽ | തതഃ | അവനിൽനിന്നു് |
| ബ്രഹ്മഭൂയം | ബ്രാഹ്മണ്യത്തെ | വസുഃ | വസുവും ഉണ്ടായി |

18 **വസോഃ പ്രതീകസ്തത്പുത്ര ഓഘവാനോഘവത്പിതാ**
**കന്യാ ചൗഘവതീ നാമ സുദർശന ഉവാഹ താം**

| | | | |
|---|---|---|---|
| വസോഃ | വസുവിന്റെ പുത്രൻ | | |
| പ്രതീകഃ | പ്രതീകനെന്നവനായിരുന്നു. | ഓഘവതീ നാമകന്യാച | ഓഘവതീ എന്നുപേരായ പുത്രിയും അവനുണ്ടായി |
| തത്പുത്രഃ | അവന്റെ പുത്രൻ | | |
| ഓഘവാൻ | ഓഘവാൻ | താം | അവളെ |
| ഓഘവത്-പിതാ | ഓഘവാൻ പിതാവായിട്ടുള്ള ഓഘവാനും * | സുദർശനഃ | സുദർശനൻ |
| | | ഉവാഹ | വിവാഹം ചെയ്തു. |

* ഓഘവാൻ പിതാ യസ്യ സഃ = ഓഘവത്പിതാ = ഓഘവാൻ പിതാവായിട്ടുള്ളവൻ_അതായതു് ഓഘവാന്റെ പുത്രൻ. അവന്റെ പേരും അതുതന്നെയാണെന്നു ധരിക്കണം

**19 ചിത്രസേനോ നരിഷ്യന്താദ് ദക്ഷസ്തസ്യ സുതോऽഭവത്
തസ്യ മീഢ്വാംസ്തതഃ കൂർച്ച ഇന്ദ്രസേനസ്തു തത്സുതഃ**

| | | | |
|---|---|---|---|
| നരിഷ്യന്താത് | നരിഷ്യന്തനിൽനിന്നു് | തസ്യ | അവന്റെ പുത്രൻ |
| ചിത്രസേനഃ | ചിത്രസേനൻ ജാതനായി | മീഢ്വാൻ | മീഢ്വാൻആയിരുന്നു. |
| ദക്ഷഃ | ദക്ഷനെന്നുപേരായവൻ | തതഃ | അവനിൽനിന്നു് |
| തസ്യ | അവന്റെ | കൂർച്ചഃ | കൂർച്ചൻ ഉണ്ടായി. |
| സുതഃ | പുത്രനായി | തത്സുതഃ തു | അവന്റെപുത്രനാകട്ടെ |
| അഭവത് | ഭവിച്ചു. | ഇന്ദ്രസേനഃ | ഇന്ദ്രസേനനായിരുന്നു |

**20 വീതിഹോത്രസ്ത്വിന്ദ്രസേനാത് തസ്യ സത്യശ്രവാ അഭൂത്
ഉരുശ്രവാഃ സുതസ്തസ്യ ദേവദത്തസ്തതോऽഭവത്**

| | | | |
|---|---|---|---|
| ഇന്ദ്രസേനാത് | ഇന്ദ്രസേനനിൽനിന്നു് | അഭൂത് | സംഭവിച്ചു. |
| വീതിഹോത്രഃ | വീതിഹോത്രൻ ജാതനായി. | തസ്യ സുതഃ | അവന്റെ സുതൻ |
| | | ഉരുശ്രവാഃ | ഉരുശ്രവസ്സ്; |
| തസ്യ തു | അവന്റെ പുത്രനായിട്ട് | തതഃ | അവനിൽനിന്നു. |
| സത്യശ്രവാഃ | സത്യശ്രവസ്സെന്നവൻ | ദേവദത്തഃ | ദേവദത്തൻ |
| | | അഭവത് | പിറന്നുണ്ടായി. |

**21 തതോऽഗ്നിവേശ്യോ ഭഗവാനഗ്നിഃ സ്വയമഭൂത് സുതഃ
കാനീന ഇതി വിഖ്യാതോ ജാതൂകർണ്യോ മഹാനൃഷിഃ**

| | | | |
|---|---|---|---|
| തതഃ | ആ ദേവദത്തനിൽനിന്നു് | കാനീനഃ | കാനീനൻ, |
| ഭഗവാൻ | ഭഗവനായ | ജാതൂകർണ്യഃ | ജാതൂകർണ്യൻ |
| അഗ്നിഃ സ്വയം | അഗ്നിദേവൻ തന്നെ | ഇതി | എന്നിങ്ങനെയെല്ലാം |
| അഗ്നിവേശ്യഃ | അഗ്നിവേശ്യനെന്നു പേരുള്ള | വിഖ്യാതഃ | പ്രസിദ്ധനായ |
| | | മഹാൻ | മഹിമയുള്ള |
| സുതഃ | പുത്രനായി | ഋഷിഃ | ഋഷി (ഇദ്ദേഹമാണ്.) |
| അഭൂത് | പിറന്നു. | | |

**22 തതോ ബ്രഹ്മകുലം ജാതമഗ്നിവേശ്യായനം നൃപ
നരിഷ്യന്താന്വയഃ പ്രോക്തോ ദിഷ്ടവംശമതഃ ശൃണു.**

| | | | |
|---|---|---|---|
| നൃപ | രാജാവേ! | നരിഷ്യന്താ-ന്വയഃ | നരിഷ്യന്തന്റെ വംശപരമ്പര |
| തതഃ | ആ ഋഷിയിൽനിന്നു് | പ്രോക്തഃ | ചൊല്ലപ്പെട്ടു കഴിഞ്ഞു. |
| അഗ്നി-വേശ്യായനം | 'അഗ്നിവേശ്യായനം' എന്ന (അഗ്നിവേശ്യൻ മൂലപുരുഷനായിട്ടുള്ള) | അതഃ | ഇനിമേൽ |
| ബ്രഹ്മകുലം | ബ്രാഹ്മണവംശം | ദിഷ്ടവംശം | ദിഷ്ടന്റെ വംശത്തെ |
| ജാതം | ഉണ്ടായി. | ശൃണു | കേട്ടുകൊള്ളു. |

23. **നാഭാഗോ ദിഷ്ടപുത്രോ൯ന്യഃ കർമ്മണാ വൈശ്യതാം ഗതഃ**
**മലന്ദനഃ സുതസ്തസ്യ വത്സപ്രീതിർമലന്ദനാത്.**

| | | | |
|---|---|---|---|
| ദിഷ്ടപുത്രഃ | ദിഷ്ടന്റെ മകനായ | | ണ്ടായിരുന്നു. |
| അന്യഃ | മറ്റൊരു * | തസ്യ സുതഃ | അവന്റെ പുത്രൻ |
| നാഭാഗഃ | നാഭാഗൻ | മലന്ദനഃ | മലന്ദനൻ; |
| കർമ്മണാ | പ്രവൃത്തികൊണ്ടു് | മലന്ദനാത് | മലന്ദനനിൽനിന്നും |
| വൈശ്യതാം | വൈശ്യത്വത്തെ | വത്സപ്രീതിഃ | വത്സപ്രീതി. |
| ഗതഃ | പ്രാപിച്ചവനായിട്ടു | | |

* ഇനി നാലാമധ്യായത്തിൽ മനുവിന്റെ പൗത്രനായ ഒരു നാഭാഗന്റെ ചരിതം വിസ്തരിക്കും. ആ നാഭാഗനാണെന്നു തെറ്റിദ്ധരിക്കാതിരിക്കാൻ വേണ്ടിയാണു് ''അന്യഃ'' എന്നു പറഞ്ഞതു്.

24. **വത്സപ്രീതേഃ സുതഃ പ്രാംശുസ്തത്സുതം പ്രമതിം വിദുഃ**
**ഖനിത്രഃ പ്രമതേസ്തസ്യ ചാക്ഷുഷോ൯ഥ വിവിംശതിഃ**

| | | | |
|---|---|---|---|
| വത്സപ്രീതേഃ | വത്സപ്രീതിക്കു് | ഖനിത്രഃ | ഖനിത്രനും, |
| പ്രാംശുഃ | പ്രാംശുവെന്ന | തസ്യ | അവന്നു് |
| സുതഃ | പുത്രനുണ്ടായി. | ചാക്ഷുഷഃ | ചാക്ഷുഷനും, |
| തത്സുതം | അവന്റെ പുത്രനെ | അഥ | പിന്നെ ഈ ചാക്ഷുഷന്നു് |
| പ്രമതിം | പ്രമതിയെന്ന പേരിൽ | വിവിംശതിഃ | വിവിംശതിയും |
| വിദുഃ | അറിയുന്നു. | | (മക്കളായി ജനിച്ചു) |
| പ്രമതേഃ | പ്രമതിക്കു്, | | |

25. **വിവിംശതിസുതോ രംഭഃ ഖനിനേത്രോ൯സ്യ ധാർമ്മികഃ**
**കരന്ധമോ മഹാരാജ തസ്യാസീദാത്മജോ നൃപ**

| | | | |
|---|---|---|---|
| മഹാരാജ | ഹേ മഹാരാജാവേ! | അസ്യ | ഇവന്റെ പുത്രൻ |
| വിവിംശതി-സുതഃ രംഭഃ | വിവിംശതിയുടെ പുത്രനായിരുന്നു രംഭൻ: | ധാർമ്മികഃ | ധർമ്മിഷ്ഠനായ |
| | | ഖനിനേത്രഃ | ഖനിനേത്രനും. |

നൃപ — ഹേ നരപാല!
കരന്ധമഃ — കരന്ധമൻ
തസ്യ — അവന്റെ
ആത്മജ — പുത്രനായിട്ട്
ആസീത് — ഭവിച്ചു.

**26. തസ്യാവീക്ഷിത് സുതോ യസ്യ മരുത്തശ്ചക്രവർത്ത്യഭൂത്**
**സംവർത്തോഽയാജയദ് യം വൈ മഹായോഗ്യംഗിരഃ സുതഃ**

തസ്യ — ആ കരന്ധമന്റെ
സുതഃ — പുത്രനാണ്
അവീക്ഷിത് — അവീക്ഷിത്ത്;
യസ്യ — യാതൊരുവന്റെ
(സുതഃ) — പുത്രനായ
മരുത്തഃ — മരുത്തൻ
ചക്രവർത്തീ അഭൂത് — മണ്ഡലാധീശ്വരനായി ഭവിച്ചു.
അംഗിരഃ – സുതഃ — അംഗിരസ്സ്മുനിയുടെ പുത്രനായ
സംവർത്തഃ — സംവർത്തനെന്ന
മഹായോഗീ — യോഗീശ്വരൻ
യം — യാതൊരുവനെയാണോ
അയാജയത് — യജിപ്പിച്ചത്
(സഃ) വൈ — ആ ആൾതന്നെയാണിത്.

**27. മരുത്തസ്യ യഥാ യജ്ഞോ ന തഥാന്യസ്യ കശ്ചന**
**സർവം ഹിരണ്മയം ത്വാസീത് യത്കിഞ്ചാസ്യ ശോഭനം**

മരുത്തസ്യ — മരുത്തന്റെ
യജ്ഞഃ; യഥാ തഥാ — യജ്ഞംഎതുപോലെയായിരുന്നുവോ, അതുപോലെ
അന്യസ്യ — മറ്റൊരാളുടെ
കശ്ചന — ഒരു യജ്ഞവും
ന — ഉണ്ടായിട്ടില്ല.
അസ്യ — ഇദ്ദേഹത്തിന്റെ യജ്ഞത്തിൽ
യത്കിഞ്ച — എന്തെല്ലാമുണ്ടായിരുന്നുവോ,
സർവം തു — അതെല്ലാംതന്നെ
ശോഭനം — മംഗളകരവും
ഹിരണ്മയം — സ്വർണ്ണമയവും
ആസീത് — ആയിരുന്നു.

**28. അമാദ്യദിന്ദ്രഃ സോമേന ദക്ഷിണാഭിർദ്വിജാതയഃ**
**മരുതഃ പരിവേഷ്ടാരോ വിശ്വേദേവാഃ സഭാസദഃ**

ഇന്ദ്രഃ — ദേവേന്ദ്രൻ
സോമേന — സോമരസപാനത്താൽ
അമാദ്യത് — ആനന്ദോന്മത്തനായി.
ദ്വിജാതയഃ — ബ്രാഹ്മണർ
ദക്ഷിണാഭിഃ — ദക്ഷിണകളാൽകൊണ്ടും
(അമാദ്യൻ) — ആനന്ദഭരിതരായി
മരുതഃ — മരുദ്ദേവന്മാർ
പരിവേഷ്ടാരഃ — ഭക്ഷണം വിളമ്പിക്കൊടുക്കുന്നവരായിരുന്നു.
വിശ്വേദേവാഃ — വിശ്വേദേവന്മാർ
സഭാസദഃ — കർമ്മനിരീക്ഷകരായ സദസ്യന്മാരായിരുന്നു

**29. മരുത്തസ്യ ദമഃ പുത്രസ്തസ്യാസീദ് രാജ്യവർധനഃ**
**സുധൃതിസ്തത്സുതോ ജജ്ഞേ സൗധൃതേയോ നരഃ സുതഃ**

| | | | |
|---|---|---|---|
| മരുത്തസ്യ | മരുത്തന്റെ | തത്സുതഃ | അവന്റെ പുത്രനായി |
| പുത്രഃ ദമഃ | പുത്രൻ ദമൻ; | ജജ്ഞേ | പിറന്നു. |
| തസ്യ | അവന്റെ പുത്രൻ | സൗധൃതേയഃ | സുധൃതിക്കുണ്ടായ |
| രാജ്യവർദ്ധനഃ | രാജ്യവർദ്ധനൻ | സുതഃ | പുത്രൻ |
| ആസീത് | ആയിരുന്നു. | നരഃ | നരനെന്നുപേരായവൻ. |
| സുധൃതിഃ | സുധൃതിയെന്നവൻ | | |

**30. തത്സുതഃ കേവലസ്തസ്മാദ് ബന്ധുമാൻ വേഗവാംസ്തതഃ**
**ബന്ധുസ്തസ്യാഭവദ് യസ്യ തൃണബിന്ദുർമഹീപതിഃ**

| | | | |
|---|---|---|---|
| തത്സുതഃ | അവന്റെ പുത്രനായി | ബന്ധുഃ | ബന്ധുവെന്നവൻ |
| കേവലഃ | കേവലനും, | അഭവത് | ഉണ്ടായി. |
| തസ്മാത് | അവനിൽനിന്നു് | തൃണബിന്ദുഃ | തൃണബിന്ദുവെന്നുപേരായ |
| ബന്ധുമാൻ | ബന്ധുമാനും, | മഹീപതിഃ | രാജാവു് |
| തതഃ | അവനിൽനിന്നു് | യസ്യ | യാതൊരുവന്റെ (ബന്ധുവിന്റെ) |
| വേഗവാൻ | വേഗവാനും ജാതരായി. | | |
| തസ്യ | അവന്റെ പുത്രനായി | (സുതഃ) | പുത്രനായിരുന്നു. |

**31. തം ഭേജേഽലംബുഷാ ദേവീ ഭജനീയഗുണാലയം**
**വരാപ്സരാ യതഃ പുത്രാഃ കന്യാ ചേഡവിഡാഭവത്**

| | | | |
|---|---|---|---|
| ഭജനീയ- ഗുണാലയം | അത്യുത്തമഗുണങ്ങളുടെ സങ്കേതസ്ഥാനമായ | യതഃ | യാതൊരുവളിൽ (തൃണബിന്ദുവിന്നു്) |
| തം | ആ തൃണബിന്ദുവിനെ | പുത്രാഃ | ഏതാനും പുത്രന്മാരും |
| വരാപ്സരാഃ | അപ്സരസ്സുകളിൽപ്രമുഖയായ | ഇഡാവിഡാ- നാമ | 'ഇഡവിഡ' എന്നു് പേരായ |
| അലംബുഷാ | ''അലംബുഷാ''എന്ന | കന്യാ ച | ഒരു പുത്രിയും |
| ദേവീ | ദേവസ്ത്രീ | അഭവേത് | ഉണ്ടായി. |
| ഭേജേ | ഭർത്താവായി വരിച്ചു. | | |

**32 തസ്യാമുത്പാദയാമാസ വിശ്രവാ ധനദം സുതം**
**പ്രാദായ വിദ്യാം പരമാമൃഷിര്യോഗേശ്വരാത് പിതുഃ**

| | | | |
|---|---|---|---|
| വിശ്രവാഃ | വിശ്രവസ്സെന്ന | | (പുലസ്ത്യമഹർഷിയുടെ) |
| ഋഷിഃ | മഹർഷി | | അടുക്കൽനിന്നു് |
| യോഗേ- ശ്വരാത് | യോഗ വിദ്യാചാര്യനായ | പരമാം | അത്യുൽകൃഷ്ടമായ |
| | | വിദ്യാം | അന്തർദ്ധാനാദി വിദ്യയെ |
| പിതുഃ | സ്വപിതാവിന്റെ | പ്രാദായ | വശത്താക്കിയ ശേഷം |

| | | | |
|---|---|---|---|
| തസ്യാം | അവളിൽ (ഇഡവിഡയിൽ) | സുതം | തനയനെ |
| ധനദം | ധനദൻ (കുബേരൻ) എന്ന | ഉത്പാദയാമാസ | ഉത്പാദിപ്പിച്ചു. |

**33. വിശാലഃ ശൂന്യബന്ധുശ്ച ധൂമ്രകേതുശ്ച തത്സുതാഃ**
**വിശാലോ വംശകൃദ്രാജാ വൈശാലീം നിർമ്മമേ പുരീം.**

| | | | |
|---|---|---|---|
| തത്സുതാഃ | ആ തൃണബിന്ദുവിന്റെ പുത്രന്മാർ | വിശാലഃ | വിശാലൻ |
| വിശാലഃ | വിശാലനും | രാജാ | രാജാവായിട്ട് |
| ശൂന്യബന്ധുഃ ച | ശൂന്യബന്ധുവും | വൈശാലീം | വൈശാലിയെന്ന പേരായ |
| ധൂമ്രകേതുഃ ച | ധൂമ്രകേതുവും ആയിരുന്നു. | പുരീം | പുരിയെ |
| വംശകൃത് | വംശത്തെ വളർത്തിയ | നിർമ്മമേ | നിർമ്മിച്ചു. |

**34. ഹേമചന്ദ്രഃ സുതസ്തസ്യ ധൂമ്രാക്ഷസ്തസ്യ ചാത്മജഃ**
**തത്പുത്രാത് സംയമാദാസീത് കൃശാശ്വഃ സഹദേവജഃ**

| | | | |
|---|---|---|---|
| തസ്യ സുതഃ | അവന്റെ പുത്രൻ | തത്പുത്രാത് | അവന്റെ പുത്രനായ |
| ഹേമചന്ദ്രഃ | ഹേമ ചന്ദ്രൻ; | സംയമാത് | സംയമനിൽനിന്ന് |
| തസ്യ ച | അവന്റെയും | കൃശാശ്വഃ | കൃശാശ്വൻ |
| ആത്മജഃ | പുത്രൻ | സഹദേവജഃ | ദേവജനോടുകൂടി |
| ധൂമ്രാക്ഷഃ | ധൂമ്രാക്ഷൻ. | ആസീത് | പിറന്നുണ്ടായി. |

**35. കൃശാശ്വാത് സോമദത്തോഽഭൂദ്യോഽശ്വമേധൈരിഡസ്പതിം**
**ഇഷ്ട്വാ പുരുഷമാപാഗ്ര്യം ഗതിം യോഗേശ്വരാശ്രിതഃ**

| | | | |
|---|---|---|---|
| കൃശാശ്വാത് | കൃശാശ്വനിൽ | ഇഷ്ട്വാ | യജിച്ച് (ആരാധിച്ച്) |
| സോമദത്തഃ | സോമദത്തൻ | യോഗേശ്വരാശ്രിതഃ | കർമ്മയോഗത്തിന്റെ ഫലദാതാവായ തന്തിരുവടിയുടെ ആശ്രിതനായിട്ട് |
| അഭൂത് | ജാതനായി. | | |
| യഃ | യാതൊരുവൻ | | |
| അശ്വമേധൈഃ | അശ്വമേധങ്ങൾകൊണ്ട് | അഗ്ര്യാം | സമുന്നതമായ |
| ഇഡസ്പതിം | സർവ്വലോകനാഥനായ | ഗതിം | ഗതിയെ |
| പുരുഷം | പരമപുരുഷനെ | ആപ | പ്രാപിച്ചു. |

**36. സൗമദത്തിസ്തു സുമതിഃ തത്സുതോ ജനമേജയഃ**
**ഏതേ വൈശാലഭൂപാലാ സ്തൃണബിന്ദോര്യശോധരാഃ**

| | |
|---|---|
| സൗമദത്തി: തു | സോമദത്തപുത്രൻ |
| സുമതിഃ | സുമതിയും |
| തത്സുതഃ | സുമതിയുടെ പുത്രൻ |
| ജനമേജയഃ | ജനമേജയനുമാണു. |
| ഏതേ | ഇവരെല്ലാം |
| വൈശാല-ഭൂപാലാഃ | വിശാലരാജാവിന്റെ സന്താനപരമ്പരയിലുള്ള രാജാക്കന്മാരും |
| തൃണബിന്ദോഃ | തൃണബിന്ദുവിന്റെ |
| യശോധരാഃ | കീർത്തിയെ നിലനിർത്തിപ്പോന്നവരും ആയിരുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ

ദ്വിതീയോƒധ്യായഃ

ആദിതഃ ശ്ലോകഃ 78

നവമസ്കന്ധത്തിൽ രണ്ടാമധ്യായം കഴിഞ്ഞു.

## തൃതീയോƒധ്യായഃ = അധ്യായം മൂന്ന്

### സുകന്യാചരിതവും രൈവതകന്യാചരിതവും

''തൃതീയേ മനുപുത്രസ്യ ശര്യാതേഃ കീർത്ത്യതേƒന്വയഃ
യത്ര സൗകന്യമാഖ്യാനം രൈവതം ച മഹാദ്ഭുതം''

ഈ അധ്യായത്തിൽ മനുപുത്രനായ ശര്യാതിയുടെ പുത്രിയായ സുകന്യയുടെയും, പൗത്രിയായ രേവതിയുടെയും അദ്ഭുതകഥകളെ വിസ്തരിച്ചു പറയുന്നു—

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

1. **ശര്യാതിർമാനവോ രാജാ ബ്രഹ്മിഷ്ഠഃ സ ബഭൂവ ഹ**
**യോ വാ അങ്ഗിരസാം സത്രേ ദ്വിതീയമഹ ഊചിവാൻ**

| | |
|---|---|
| മാനവഃ | മനുവിന്റെ ഒരു പുത്രനായ |
| ശര്യാതിഃ | ശര്യാതിയെന്ന |
| സഃ രാജാ | പ്രസിദ്ധനായ രാജാവ് |
| ബ്രഹ്മിഷ്ഠഃ | വേദാർത്ഥതത്ത്വജ്ഞൻ |
| ബഭൂവ ഹ | ആയിരുന്നുപോൽ. |
| യഃ വൈ | യാതൊരു ആ രാജാവ് |
| അങ്ഗിരസാം | അങ്ഗിരസ്സുകളുടെ |
| സത്രേ | മഹായാഗത്തിൽ |
| ദ്വിതീയം അഹഃ | രണ്ടാമത്തെ ദിവസം നടത്തേണ്ടും ചടങ്ങുകളെ |
| ഊചിവാൻ | ചൊല്ലിക്കൊടുത്തുവത്രേ |

ഈ ശര്യാതിരാജാവിന്റെ പുത്രവംശത്തെപ്പററി പ്രസ്താവിക്കുന്നതിന്നുമുമ്പ് പുത്രിയുടെ ചരിത്രം പറഞ്ഞു തുടങ്ങുന്നു.

**2. സുകന്യാ നാമ തസ്യാസീത് കന്യാ കമലലോചനാ**
**തയാ സാർദ്ധം വനഗതോ ഹ്യഗമച്ച്യവനാശ്രമം**

| | |
|---|---|
| തസ്യ | ആ ശര്യാതിക്ക് |
| സുകന്യാനാമ | സുകന്യയെന്നുപേരായി |
| കമല- ലോചനാ | താമരക്കണ്ണാളായ (അതിസുന്ദരിയായ) |
| കന്യാ ആസീത് | ഒരു മകളുണ്ടായിരുന്നു. |
| തയാ സാർദ്ധം | അവളോടൊരുമിച്ച് |
| വനഗതഃ | വനത്തിലേക്കുപോയ അദ്ദേഹം |
| ച്യവനാശ്രമം | ച്യവനമഹർഷിയുടെ ആശ്രമസ്ഥലത്തിലേക്ക് |
| ഹി | യദൃച്ഛയാ |
| അഗമത് | എത്തിച്ചേർന്നു. |

**3. സാ സഖീഭിഃ പരിവൃതാ വിചിന്വന്ത്യങ്ഘ്രിപാൻ വനേ**
**വല്മീകരന്ധ്രേ ദദൃശേ ഖദ്യോതേ ഇവ ജ്യോതിഷീ**

| | |
|---|---|
| സഖീഭിഃ | തോഴികളാൽ |
| പരിവൃതാ | ചൂഴപ്പെട്ടിരിക്കുന്ന |
| സാ | അവൾ |
| വനേ | കാട്ടിൽ |
| അംഘ്രിപാൻ | മരങ്ങളെ (മരങ്ങളുടെ ഭംഗിയെ) |
| വിചിന്വന്തീ | കണ്ടുകൊണ്ടു നടക്കവേ, |
| വല്മീക- രന്ധ്രേ | ഒരു പുററിൻെറ സുഷിരത്തിൽ |
| ഖദ്യോതേ ഇവ | മിന്നാമിനുങ്ങുകളെന്ന പോലെ ഒളിവീശുന്ന |
| ജ്യോതിഷീ | രണ്ടു ജ്യോതിർ ഗോളകങ്ങളെ |
| ദദൃശേ | കണ്ടു |

**4. തേ ദൈവചോദിതാ ബാലാ ജ്യോതിഷീ കണ്ടകേന വൈ**
**അവിധ്യന്മുഗ്ദ്ധഭാവേന സുസ്രാവാസൃക് തതോ ബഹു**

| | |
|---|---|
| ദൈവ- ചോദിതാ | വിധി (ഭവിതവ്യത)യാൽ പ്രേരിതയായ |
| ബാലാ | ആ പെൺകൊച്ച് |
| തേ | ആ രണ്ടു |
| ജ്യോതിഷീ | ജ്യോതിസ്സുകളെ |
| മുഗ്ദ്ധ- ഭാവേന | ബാല്യസഹജമായ കുസൃതി നിമിത്തം |
| കണ്ടകേന | മുള്ളുകൊണ്ട് |
| അവിധ്യത് | കുത്തിനോക്കി. |
| തതഃ വൈ | ഉടൻ അവയിൽനിന്നു് |
| ബഹു. | ഒരുപാട് |
| അസൃക് | രക്തം |
| സുസ്രാവ | സ്രവിച്ചു. |

**5. സകൃന്മൂത്രനിരോധോഽഭൂത് സൈനികാനാം ച തത്ക്ഷണാത്**
**രാജർഷിസ്തമുപാലക്ഷ്യ പുരുഷാൻ വിസ്മിതോഽബ്രവീത്**

| | |
|---|---|
| തത്ക്ഷണാത് | ആ നിമിഷം മുതൽ |
| സൈനി- കാനാം | രാജാവിൻെറ സൈന്യത്തിലുള്ളവക്ക് |
| സകൃന്മൂത്ര- നിരോധഃ | മലമൂത്രവിസർജ്ജനത്തിന്നു് തടസ്സം |
| അഭൂത് ച | സംഭവിക്കയും ചെയ്തു. |

| | | | |
|---|---|---|---|
| രാജർഷിഃ | വിശുദ്ധനായ രാജാവ് | വിസ്മിതഃ | അദ്ഭുതാധീനനായിട്ട് |
| തം | അതിനെ | പുരുഷാൻ | സൈനികന്മാരോട് |
| ഉപാലക്ഷ്യ | കണ്ട് | അബ്രവീത് | പറഞ്ഞു. |

**6. അപ്യഭദ്രം ന യുഷ്മാഭിർ ഭാർഗ്ഗവസ്യ വിചേഷ്ടിതം**
**വ്യക്തം കേനാപി നസ്തസ്യ കൃതമാശ്രമദൂഷണം**

| | | | |
|---|---|---|---|
| യുഷ്മാഭിഃ | ''നിങ്ങളാൽ | കേനാപി | ആരാലെങ്കിലും |
| ഭാർഗ്ഗവസ്യ | ഭൃഗുവംശജനായ ച്യവന മുനിക്ക് | തസ്യ | അദ്ദേഹത്തിന്റെ |
| അഭദ്രം | അനിഷ്ടമായ കാര്യം | ആശ്രമ-ദൂഷണം | ആശ്രമത്തിന്ന് ഏതോ തരത്തിലുള്ള കെടുതി |
| അപി ന കൃതം | ചെയ്യപ്പെട്ടുവോ, ഇല്ലയോ ? | കൃതം | ഉണ്ടാക്കിവെക്കപ്പെട്ടു എന്നത് |
| നഃ | നമ്മുടെ ഇടയിൽനിന്ന് | വ്യക്തം | സ്പഷ്ടമാണ്. |

**7. സുകന്യാ പ്രാഹ പിതരം ഭീതാ കിഞ്ചിത് കൃതം മയാ**
**ദ്വേ ജ്യോതിഷീ അജാനന്ത്യാ നിർഭിന്നേ കണ്ടകേന വൈ**

| | | | |
|---|---|---|---|
| സുകന്യാ ഭീതാ | സുകന്യ ഭയന്നിട്ട് | അജാനന്ത്യാ | അറിഞ്ഞുകൂടാത്ത എന്നാൽ |
| പിതരം | അച്ഛനോട് | ദ്വേ | രണ്ട് |
| പ്രാഹ | പറഞ്ഞു— | ജ്യോതിഷീ | ജ്യോതിർഗോളകങ്ങൾ |
| മയാ | ''എന്നാൽ | കണ്ടകേന | മുള്ളുകൊണ്ട് |
| കിഞ്ചിത് | കുറഞ്ഞൊന്ന് | നിർഭിന്നേ വൈ | കുത്തിത്തുളക്കപ്പെട്ടു പോയി.'' |
| കൃതം | ചെയ്യപ്പെട്ടിട്ടുണ്ട് | | |

**8. ദുഹിതുസ്തദ്വചഃ ശ്രുത്വാ ശര്യാതിർജാതസാധ്വസഃ**
**മുനിം പ്രസാദയാമാസ വല്മീകാന്തർഹിതം ശനൈഃ**

| | | | |
|---|---|---|---|
| ദുഹിതുഃ | മകളുടെ | വല്മീകാ-ന്തർഹിതം | പുററുകൊണ്ടു മൂടിയിരിക്കുന്ന |
| തദ്വചഃ | ആ വാക്ക് | മുനിം | ച്യവനമുനിയെ |
| ശ്രുത്വാ | കേട്ട് | ശനൈഃ | സാവകാശം |
| ജാത-സാധ്വസഃ | ഉള്ളിൽ ഭീതി ജനിച്ച | പ്രസാദ-യാമാസ | ക്ഷമാപണം ചെയ്തു പ്രസാദിപ്പിച്ചു. |
| ശര്യാതിഃ | ശര്യാതി രാജാവ് | | |

**9. തദഭിപ്രായമാജ്ഞായ പ്രാദാദ് ദുഹിതരം നൃപഃ**
**കൃച്ഛ്രാന്മുക്തസ്തമാമന്ത്ര്യ പുരം യായാത് സമാഹിതഃ**

| | |
|---|---|
| തദഭിപ്രായം | അദ്ദേഹത്തിന്റെ (ച്യവന മുനിയുടെ) അന്തർഗതത്തെ |
| ആജ്ഞായ | ഊഹിച്ചറിഞ്ഞ് * |
| ദുഹിതരം | പുത്രിയെ |
| മുനേഃ | ച്യവനമുനിക്ക് |
| പ്രാദാത് | പ്രദാനം ചെയ്തു. |
| കൃച്ഛ്രാത് | സങ്കടത്തിൽനിന്ന് |

| | |
|---|---|
| മുക്തഃ (സഃ) | മുക്തനായി ഭവിച്ച അദ്ദേഹം |
| സമാഹിതഃ | മനഃസമാധാനത്തോടു കൂടിയവനായി |
| തം ആമന്ത്ര്യ | ആ മുനിയോടു യാത്ര പറഞ്ഞ് |
| പുരം | തന്റെ നഗരത്തിലേക്ക് |
| പ്രായാത് | പ്രയാണം ചെയ്തു. |

* എന്റെ ഈ കൊച്ചുമകൾ അറിയാതെ ചെയ്തുപോയ അപരാധം പൊറുത്ത് അവളെ അനുഗ്രഹിക്കുവാൻ കനിവുണ്ടാകണ''മെന്ന് രാജാവ് അപേക്ഷിച്ചപ്പോൾ, "'അങ്ങയുടെ പുത്രിക്കു വയസ്സെത്രയായി? അവളുടെ വിവാഹം കഴിഞ്ഞുവോ?'' എന്നിങ്ങനെയുള്ള ചോദ്യങ്ങളെക്കൊണ്ടാണ് ഋഷി അതിനെ പ്രതികരിച്ചത്. ഇതിൽനിന്ന് ഋഷിക്ക് അവളിൽ അഭിലാഷമുണ്ടെന്ന് രാജാവ് ഊഹിച്ചറിഞ്ഞു.

**10. സുകന്യാ ച്യവനം പ്രാപ്യ പതിം പരമകോപനം**
**പ്രീണയാമാസ ചിത്തജ്ഞാ അപ്രമത്താനുവൃത്തിഭിഃ**

| | |
|---|---|
| പരമ–കോപനം | ഏററവും വലിയ മുൻ കോപക്കാരനായ |
| ച്യവനം | ചവനമുനിയെ |
| പതിം | ഭർത്താവായി |
| പ്രാപ്യ | ലഭിച്ചശേഷം |
| ചിത്തജ്ഞാ | അദ്ദേഹത്തിന്റെ മനസ്സറിഞ്ഞു പ്രവർത്തിക്കുവാൻ കഴിവുള്ള |

| | |
|---|---|
| സുകന്യാ | സുകന്യയാകട്ടെ |
| അപ്രമത്താ | പരിചരണത്തിൽ അശ്രദ്ധയില്ലാത്തവളായി |
| അനുവൃത്തിഭിഃ | അനുസരണങ്ങളാൽ |
| പ്രീണയാമാസ | പ്രീണിപ്പിച്ചുകൊണ്ടുവന്നു. |

**11. കസ്യചിത്ത്വഥ കാലസ്യ നാസത്യാവശ്രമാഗതൗ**
**തൗ പൂജയിത്വാ പ്രോവാച വയോ മേ ദത്തമീശ്വരൗ**

| | |
|---|---|
| അഥ | അനന്തരം, |
| കസ്യചിത് കാലസ്യ തു | ഏതാനും കാലം കഴിഞ്ഞുപോയപ്പോൾ |
| നാസത്യൗ | അശ്വിനീദേവന്മാർ |
| ആശ്രമാ–ഗതൗ | യാദൃച്ഛികമായി ആശ്രമത്തിലേക്കു വരികയുണ്ടായി. |
| തൗ | അവരിരുവരെയും |

| | |
|---|---|
| പൂജയിത്വാ | ആദരിച്ചാരാധിച്ച് |
| പ്രോവാച | (ച്യവനൻ) പറഞ്ഞു— |
| ഈശ്വരൗ | ''ദേവ വൈദ്യന്മാരേ! |
| മേ (യുവാം) | എനിക്ക്, നിങ്ങൾ |
| വയഃ | യൗവനത്തെ |
| ദത്തം | ഉണ്ടാക്കിത്തരുവിൻ'' |

**12. ഗ്രഹം ഗ്രഹീഷ്യേ സോമസ്യ യജ്ഞേ വാമപ്യസോമപോഃ**
**ക്രിയതാം മേ വയോ രൂപം പ്രമദാനാം യദീപ്സിതം.**

| | | | |
|---|---|---|---|
| യജ്ഞേ | യജ്ഞത്തിൽ | പ്രമദാനാം | പ്രൗഢവനിതകൾക്ക് |
| അസോമപോഃ അപി വാം | സോമപാനത്തിനുള്ള അർഹതയില്ലാത്തവരെന്നിരിക്കിലും കൂടി നിങ്ങൾക്കിരുവർക്കും | ഈപ്സിതം | ഇഷ്ടപ്പെട്ടതായ |
| | | വയഃ | താരുണ്യവയസ്സും |
| | | രൂപം | സൗന്ദര്യവും |
| സോമസ്യ | സോമരസം നിറച്ചിട്ടുള്ള | മേ | എനിക്ക് |
| ഗ്രഹം | പാത്രം | ക്രിയതാം | (നിങ്ങളാൽ) ഉണ്ടാക്കപ്പെടണം. |
| ഗ്രഹീഷ്യേ | ഞാൻ നല്കുന്നുണ്ട്. | | |

**13. ബാഢമിത്യൂചതുർവിപ്രമഭിനന്ദ്യ ഭിഷക്തമൗ**
**നിമജ്ജതാം ഭവാനസ്മിൻ ഹ്രദേ സിദ്ധവിനിർമ്മിതേ.**

| | | | |
|---|---|---|---|
| ഭിഷക്തമൗ | വൈദ്യപ്രമുഖന്മാരായ അശ്വിനീ ദേവന്മാർ | ഭവാൻ | "അങ്ങുന്ന് |
| ബാഢം | "ശരി, ആകാം" | സിദ്ധവിനിർമ്മിതേ | സിദ്ധന്മാരാൽ വിശേഷവിധിയായി നിർമ്മിക്കപ്പെട്ട |
| ഇതി | എന്ന് അംഗീകരിച്ച് | അസ്മിൻ ഹ്രദേ | ഈ ജലാശയത്തിൽ |
| വിപ്രം | ബ്രാഹ്മണനെ (ച്യവനനെ) | നിമജ്ജതാം | മുങ്ങിക്കുളിക്കുക" എന്ന് |
| അഭിനന്ദ്യ | അഭിനന്ദിച്ചശേഷം, | ഊചതുഃ | പറഞ്ഞു. |

**14. ഇത്യുക്ത്വാ ജരയാ ഗ്രസ്തദേഹോ ധമനിസന്തതഃ**
**ഹ്രദം പ്രവേശിതോഽശ്വിഭ്യാം വലീപലിതവിപ്രിയഃ**

| | | | |
|---|---|---|---|
| ഇതിഉക്ത്വാ | എന്നു പറഞ്ഞ് | വലീപലിതവിപ്രിയഃ | ചുക്കിച്ചുളിവുകളാലും നരച്ച രോമങ്ങളാലും അപ്രിയം തോന്നിക്കുന്നവനുമായ ച്യവനമുനി |
| ജരയാ | ജീർണ്ണതയാൽ | | |
| ഗ്രസ്തദേഹഃ | ഗ്രസിക്കപ്പെട്ട ദേഹത്തോടുകൂടിയവനും, | | |
| ധമനിസന്തതഃ | ഞെരമ്പുകൾ തെളിഞ്ഞു കാണുംവിധം ദേഹത്തിൽ വ്യാപിച്ചിരിക്കുന്നവനും, | അശ്വിഭ്യാം | അശ്വിനീ ദേവന്മാരാൽ |
| | | ഹ്രദം | ഹ്രദത്തിലേക്ക് |
| | | പ്രവേശിതഃ | പ്രവേശിപ്പിക്കപ്പെട്ടു. |

വൃദ്ധനായ ച്യവനമുനിയുടെ കൈപിടിച്ചുകൊണ്ട് അശ്വികൾ ഹ്രദത്തിലിറങ്ങി അദ്ദേഹത്തോടൊപ്പം അതിൽ മുഴകിയെന്ന് വിവക്ഷിതാർത്ഥം.

**15. പുരുഷാസ്ത്രയ ഉത്തസ്ഥുരപീച്യാ വനിതാപ്രിയാഃ**
**പദ്മസ്രജഃ കുണ്ഡലിനസ്തുല്യരൂപാഃ സുവാസസഃ**

| | |
|---|---|
| ത്രയഃ | മൂന്നു് |
| പുരുഷാഃ | പുരുഷന്മാർ |
| ഉത്തസ്ഥുഃ | (അതിൽനിന്നു്) പൊങ്ങി വന്നു. |
| (തേ) | അവർ മൂന്നു പേരും |
| അപീച്യാഃ | ഒരുപോലെ സുന്ദരന്മാരും, |
| വനിതാ–പ്രിയാഃ | സ്ത്രീകൾ ഇഷ്ടപ്പെടുന്നവരും, |
| പദ്മസ്രജഃ | താമരപ്പൂമാലയണിഞ്ഞവരും, |
| കുണ്ഡലിനഃ | കുണ്ഡലങ്ങളും ധരിച്ചവരും |
| സുവാസസഃ | മോടിയുള്ള ആടകളുടുത്തവരും, |
| തുല്യരൂപാഃ | സമാനരൂപന്മാരുമായിരുന്നു. |

**16.** **താൻ നിരീക്ഷ്യ വരാരോഹാ സരൂപാൻ സൂര്യവർച്ചസഃ**
**അജാനതീ പതിം സാധ്വീ അശ്വിനൗ ശരണം യയൗ**

| | |
|---|---|
| സരൂപാൻ | സമാനരൂപന്മാരും |
| സൂര്യവർച്ചസഃ | സൂര്യനെപ്പോലെ തേജസ്വികളുമായ |
| താൻ | അവരെ |
| നിരീക്ഷ്യ | നോക്കിയിട്ടു് |
| വരാരോഹാ | സുന്ദരാംഗിയായ |
| സാധ്വീ | ആ പതിവ്രത |
| പതിം | അവരിൽ സ്വഭർത്താവിനെ |
| അജാനതീ | തിരിച്ചറിയാൻ കഴിയാതെ |
| അശ്വിനൗ | അശ്വിനീദേവന്മാരെ |
| ശരണംയയൗ | ശരണം പ്രാപിച്ചു. |

**17.** **ദർശയിത്വാ പതിം തസ്യൈ പാതിവ്രത്യേന തോഷിതൗ**
**ഋഷിമാമന്ത്ര്യ യയതുർവിമാനേന ത്രിവിഷ്ടപം**

| | |
|---|---|
| പാതി–വ്രത്യേന | അവളുടെ പാതിവ്രത്യനിഷ്ഠയാൽ |
| തോഷിതൗ | സന്തുഷ്ടരാക്കപ്പെട്ട അശ്വികൾ |
| തസ്യൈ | അവൾക്കു് |
| പതിം | ഭർത്താവിനെ |
| ദർശയിത്വാ | കാട്ടിക്കൊടുത്തു് |
| ഋഷിം | ച്യവനമുനിയോടു് |
| ആമന്ത്ര്യ | യാത്രപറഞ്ഞു് |
| വിമാനേന | വ്യോമയാനത്തിലേറി |
| ത്രിവിഷ്ടപം | സ്വർല്ലോകത്തേക്കു് |
| യയതുഃ | യാത്രതിരിച്ചു. |

**18.** **യക്ഷ്യമാണോഽഥ ശര്യാതിശ്ച്യവനസ്യാശ്രമം ഗതഃ**
**ദദർശ ദുഹിതുഃ പാർശ്വേ പുരുഷം സൂര്യവർച്ചസം**

| | |
|---|---|
| അഥ | പിന്നീടൊരിക്കൽ |
| ശര്യാതിഃ | ശര്യാതിരാജാവു് |
| യക്ഷ്യമാണഃ | യാഗം ചെയ്യണമെന്ന ഉദ്ദേശ്യം കരുതിക്കൊണ്ടു് |
| ച്യവനസ്യ | ച്യവനമഹർഷിയുടെ |
| ആശ്രമം | ആശ്രമത്തിലേക്കു് |
| ഗതഃ | പോകയുണ്ടായി. |
| ദുഹിതുഃ | മകളുടെ |
| പാർശ്വേ | അടുക്കൽ |

| | | | |
|---|---|---|---|
| സൂര്യ- വർച്ചസം | സൂര്യനെപ്പോലെ തേജസ്സുള്ളവനായ | പുരുഷം | ഒരു പുരുഷനെ |
| | | ദദർശ | (അപ്പോളവിടെ) കണ്ടു. |

19. രാജാ ദുഹിതരം പ്രാഹ കൃതപാദാഭിവന്ദനാം
ആശിഷശ്ചാപ്രയുഞ്ജാനോ നാതിപ്രീതമനാ ഇവ

| | | | |
|---|---|---|---|
| രാജാ | രാജാവ് | കൃതപാദാ- ഭിവന്ദനാം | തന്റെ കാൽപിടിച്ചു നമസ്കരിച്ച |
| നാതിപ്രീത- മനാഃ ഇവ | അധികം സന്തുഷ്ടമനസ്സു നല്ലാത്ത ഭാവത്തോടു കൂടിയവനായി | ദുഹിതരം | പുത്രിയോട് |
| | | പ്രാഹ | പറഞ്ഞു. |
| ആശിഷഃ ച അപ്രയുഞ്ജാനഃ | ആശീർവചനങ്ങളെയും ഉച്ചരിക്കാത്തവനായിട്ട് | | |

20. ചികീർഷിതം തേ കിമിദം പതിസ്ത്വയാ
പ്രലംഭിതോ ലോകനമസ്കൃതോ മുനിഃ
യത് ത്വം ജരാഗ്രസ്തമസത്യസമ്മതം
വിഹായ ജാരം ഭജസേഽമുമധ്വഗം

| | | | |
|---|---|---|---|
| അസതി | അസന്മാർഗ്ഗത്തിലേക്കിറങ്ങിയവളെ! | പ്രലംഭിതഃ | നിന്നാൽ വഞ്ചിക്കപ്പെട്ടു വല്ലോ. |
| തേ ഇദം | നിന്റെ ഇത്തരത്തിലുള്ള | യത് ത്വം | എന്തെന്നാൽ, നീ |
| ചികീർഷിതം | അഭിലഷിതം | ജരാഗ്രസ്തം | വാർദ്ധക്യബാധിതനും |
| കിം | ശരിയോ? | അസമ്മതം | സമ്മതനല്ലാത്തവനുമായ |
| പതിഃ | സ്വഭർത്താവും | (തം) വിഹായ | അദ്ദേഹത്തെ വെടിഞ്ഞു് |
| ലോക- നമസ്കൃതഃ | സകലജനങ്ങളാലും ആരാധിതനുമായ | അധ്വഗം | ഏതോ വഴിപോക്കനായ |
| | | അമും | ഇവനെ |
| മുനിഃ | ച്യവനമുനിഃ | ജാരം | ഉപഭർത്താവായിട്ട് |
| | | ഭജസേ | സ്വീകരിച്ചിരിക്കുന്നു. |

21. കഥം മതിസ്തേഽവഗതാന്യഥാ സതാം
കുലപ്രസൂതേ കുലദൂഷണം ത്വിദം
ബിഭർഷി ജാരം യദപത്രപാ കുലം
പിതുശ്ച ഭർത്തുശ്ച നയസ്യധസ്തമഃ

| | | | |
|---|---|---|---|
| സതാം കുല- പ്രസൂതേ | നല്ലവരുടെ കുടുംബത്തിൽ ജനിച്ചു വളർന്നവളേ! | അവഗതാ | ആയിപ്പോയതു് |
| | | കഥം | എങ്ങനെ? |
| തേ മതിഃ | നിന്റെ ബുദ്ധി | യത് | എന്തെന്നാൽ |
| അന്യഥാ | മറ്റൊരുതരത്തിൽ | അപത്രപാ | നാണം കെട്ടവളായിട്ട് |

| | |
|---|---|
| ജാരം | രഹസ്യപുരുഷനെ |
| ബിഭർഷി | വെച്ചുപോററുന്നുവല്ലോ. |
| ഇദം തു | ഇതാകട്ടെ |
| കുലദൂഷണം | വംശത്തിന്നു കോട്ടം തട്ടിക്കുന്നതായ പ്രവൃത്തിയാണ്. |
| പിതുഃ ച | പിതാവിൻെറയും |
| ഭർത്തുഃ ച | ഭർത്താവിൻെറയും |
| കുലം | വംശത്തെ |
| അധഃ | കീഴ്പോട്ട് |
| തമഃ | നരകാന്ധകാരത്തിലേക്ക് |
| നയസി | നീ എത്തിക്കുന്നു. |

**22. ഏവം ബ്രുവാണം പിതരം സ്മയമാനാ ശുചിസ്മിതാ**
**ഉവാച താത ജാമാതാ തവൈഷ ഭൃഗുനന്ദനഃ**

| | |
|---|---|
| സ്മയമാനാ | വിസ്മയിച്ചിരിക്കുന്ന സുകന്യ |
| ശുചിസ്മിതാ | പുഞ്ചിരിതൂകിക്കൊണ്ട്, |
| ഏവം | ഇപ്രകാരം |
| ബ്രുവാണം | പറയുന്ന |
| പിതരം | അച്ഛനോട് |
| ഉവാച | പറഞ്ഞു— |
| "താതഏഷഃ | "അച്ഛാ! ഇദ്ദേഹം |
| തവ | അങ്ങയുടെ |
| ജാമാതാ | ജാമാതാവായ |
| ഭൃഗുനന്ദനഃ" | ഭൃഗുവംശജൻ (ച്യവനമുനി തന്നെയാണ്)" |

**23. ശശംസ പിത്രേ തത് സർവം വയോരൂപാഭിലംഭനം**
**വിസ്മിതഃ പരമപ്രീതസ്തനയാം പരിഷസ്വജേ**

| | |
|---|---|
| വയോരൂപാഭിലംഭനം | (ച്യവനന്ന്) യൗവനവും സൗന്ദര്യവും ലഭിച്ചതായ |
| തത്സർവം | ആ വൃത്താന്തം മുഴുവനും |
| പിത്രേ | അച്ഛന്ന് |
| ശശംസ | വിസ്തരിച്ചുകൊടുത്തു. |
| വിസ്മിതഃ | വിസ്മയിച്ചവനും |
| പരമപ്രീതഃ | അതിസന്തുഷ്ടനുമായ ശര്യാതി |
| തനയാം | പുത്രിയെ |
| പരിഷസ്വജേ | ഗാഢം പുണർന്നു. |

**24. സോമേന യാജയൻ വീരം ഗ്രഹം സോമസ്യ ചാഗ്രഹീത്**
**അസോമപോരപ്യശ്വിനോശ്ച്യവനഃ സ്വേന തേജസാ.**

| | |
|---|---|
| ച്യവനഃ | ച്യവനൻ |
| വീരം | വീരനായ ശര്യാതിയെ |
| സോമേന യാജയൻ | സോമയാഗം ചെയ്യിച്ചുകൊണ്ട് |
| അസോമപോഃ | സോമരസപാനം ഇതുവരെയില്ലാത്തവരായ |
| അശ്വിനോഃ അപി | അശ്വിനീദേവന്മാർക്ക് കൂടിയും |
| സോമസ്യ ഗ്രഹം | സോമരസപൂർണ്ണമായ 'ഗ്രഹ' ഭാജനത്തെ |
| സ്വേന | സ്വകീയമായ |
| തേജസാ | തപോവൈഭവത്താൽ |
| അഗ്രഹീത് | അർപ്പിക്കുവാൻ കൈയിലെടുത്തു. |

**25. ഹന്തും തമാദദേ വജ്രം സദ്യോമന്യുരമർഷിതഃ**
**സവജ്രം സ്തംഭയാമാസ ഭുജമിന്ദ്രസ്യ ഭാർഗ്ഗവഃ**

| | | | |
|---|---|---|---|
| അമർഷിതഃ | അമർഷം കയറിയ ഇന്ദ്രൻ | ഭാർഗ്ഗവഃ | ഭൃഗുവംശജനായ ച്യവനൻ |
| സദ്യോമന്യുഃ | തൽക്ഷണമുണ്ടായ കോപത്തോടു കൂടിയവനായിട്ട് | ഇന്ദ്രസ്യ | ഇന്ദ്രന്റെ |
| | | ഭുജം | കരത്തെ |
| തം ഹന്തും | അദ്ദേഹത്തെ വധിപ്പാൻ | സവജ്രം | വജ്രായുധത്തോടു കൂടെ |
| വജ്രം | വജ്രായുധത്തെ | സ്തംഭയാമാസ | സ്തംഭിപ്പിച്ചു. |
| ആദദേ | കൈയിലെടുത്തു | | |

കീഴ്‌വഴക്കത്തിനു വിപരീതമായി ച്യവനൻ അശ്വിനീ ദേവന്മാർക്ക് സോമം നൽകുന്നതു കണ്ടുപൊറുക്കുവാൻ ദേവേന്ദ്രന് കഴിഞ്ഞില്ല. കുപിതനായ ദേവരാജവ് ച്യവനനെ തൽക്ഷണം വധിക്കുവാനായി വജ്രംതന്നെ എടുത്തുപിടിച്ചു. എന്നാൽ ച്യവനൻ തന്റെ തപഃശക്തിയാൽ വജ്രായുധത്തോടുകൂടെ ഇന്ദ്രന്റെ ഭുജത്തെത്തന്നെ നിശ്ചലമാക്കി.

**26. അന്വജാനംസ്തതഃ സർവേ ഗ്രഹം സോമസ്യ ചാശ്വിനോഃ**
**ഭിഷജാവിതി യത് പൂർവ്വം സോമാഹുത്യ ബഹിഷ്കൃതൗ**

| | | | |
|---|---|---|---|
| തതഃ | അന്നുമുതല്ക്ക് | പൂർവ്വം | ഇതിനുമുമ്പ് |
| സർവേ | എല്ലാവരും | ഭിഷജൗ ഇതി | വൈദ്യന്മാരാണെന്ന കാരണത്താൽ |
| അശ്വിനോഃച | അശ്വനീ ദേവന്മാർക്കുംകൂടി | | |
| സോമസ്യ ഗ്രഹം | സോമരസം നിറച്ച ഗ്രഹഭാജനം | സോമാഹുത്യാഃ | സോമം കൊണ്ടുള്ള ആഹുതിയിൽ നിന്നു് |
| അന്വജാനൻ | അനുവദിച്ചു | ബഹിഷ്കൃതൗ | അവർ പുറംതള്ളപ്പെട്ടവരായിരുന്നു. |
| യത് | എന്തെന്നാൽ | | |

അശ്വിനീ ദേവന്മാർ സ്വർല്ലോക വൈദ്യന്മാരാണ്. കീറുക, മുറിക്കുക മുതലായ ശസ്ത്രക്രിയകൾ ചെയ്യുന്നവരാകയാൽ അവരെ യജ്ഞങ്ങളിലെ സോമരസാദാനത്തിൽ നിന്നു് നീക്കിനിർത്തിയിരുന്നു. ച്യവനൻ ഈ പാതിത്യം ഇല്ലാതാക്കി ഉത്തമദേവന്മാരുടെ സംഘത്തിൽ ചേർന്ന് അവരെയും സോമാഹുതി സ്വീകരിക്കാൻ അർഹതയുള്ളവരാക്കി. ഇന്ദ്രന്റെ വിരോധവും ബലപ്രയോഗവും ബ്രാഹ്മതേജസ്സിന്റെ മുന്നിൽ നിഷ്പ്രഭമായി.

**27. ഉത്താനബർഹിരാനർത്തോ ഭൂരിഷേണ ഇതി ത്രയഃ**
**ശര്യാതേരഭവൻ പുത്രാ ആനർത്താദ് രേവതോഽഭവത്.**

| | | | |
|---|---|---|---|
| ഉത്താനബർഹിഃ | ഉത്താനബർഹിസ്സ് | ഭൂരിഷേണഃ | ഭൂരിഷേണൻ |
| ആനർത്തഃ | ആനർത്തൻ, | ഇതി | എന്നിങ്ങനെ |

| | |
|---|---|
| ത്രയഃപുത്രാഃ | മൂന്നു പുത്രന്മാർ |
| ശര്യാതേഃ | ശര്യാതിക്കു് |
| അഭവൻ | ഉണ്ടായി. |
| ആനർത്താത് | അവരിൽ ആനർത്തനിൽ നിന്നു് |
| രേവതഃ | രേവതൻ |
| അഭവത് | ജാതനായി. |

**28. സോऽന്തഃസമുദ്രേ നഗരീം വിനിർമ്മായ കുശസ്ഥലീം
ആസ്ഥിതോऽഭുങ്ക്ത വിഷയാനാനർത്താദീനരിന്ദമ.**

| | |
|---|---|
| അരിന്ദമ | ശത്രുദമനനായ പരീക്ഷിത്തേ! |
| സഃ | അദ്ദേഹം (രേവതൻ) |
| അന്തഃ- സമുദ്രേ | സമുദ്രത്തിന്റെ മധ്യത്തിൽ |
| കുശസ്ഥലീം | 'കുശസ്ഥലി' എന്ന |
| നഗരീം | പട്ടണത്തെ |
| നിർമ്മായ | നിർമ്മിച്ച് |
| ആസ്ഥിതഃ | അതിൽ വാസമുറപ്പിച്ച് |
| ആനർത്താദീൻ | ആനർത്തം മുതലായ |
| വിഷയാൻ | ദേശങ്ങളെ |
| അഭുങ്ക്ത | രക്ഷിച്ചനുഭവിച്ചു. |

രേവതൻ നിർമ്മിച്ച കുശസ്ഥലീനഗരമാണ് പിന്നീട് ദ്വാരകാപുരിയെന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ചതു്.

**29. തസ്യ പുത്രശതം ജജ്ഞേ കകുദ്മിജ്യേഷ്ഠമുത്തമം
കകുദ്മീ രേവതീം കന്യാം സ്വാമാദായ വിഭും ഗതഃ**

**30. കന്യാവരം പരിപ്രഷ്ടും ബ്രഹ്മലോകമപാവൃതം
ആവർത്തമാനേ ഗാന്ധർവേ സ്ഥിതോऽലബ്ധക്ഷണഃ ക്ഷണം.**

| | |
|---|---|
| തസ്യ | അദ്ദേഹത്തിനു് |
| കകുദ്മി- ജ്യേഷ്ഠം | കകുദ്മിയെന്നവൻ മൂത്തവനായിട്ടുള്ള (കകുദ്മി മുതലായ) |
| ഉത്തമം | ഉത്തമന്മാരായ |
| പുത്രശതം | നൂറുപുത്രന്മാർ |
| ജജ്ഞേ | ഉണ്ടായി |
| കകുദ്മി | കകുദ്മി(രേവതപുത്രൻ) |
| രേവതീം | രേവതിയെന്നു പേരായ |
| സ്വാംകന്യാം | തന്റെ പുത്രിയെ |
| ആദായ | കൂട്ടിക്കൊണ്ടു് |
| വിഭും | ബ്രഹ്മാവിനെ (കാണുവാൻ) |
| ഗതഃ | പോയി |
| കന്യാവരം | പുത്രിക്കുചേർന്നഭർത്താവിനെ |
| പരിപ്രഷ്ടും | ചോദിച്ചറിയുവാൻവേണ്ടി |
| അപാവൃതം | തടസ്സമില്ലാതെ തുറന്നു കിടക്കുന്ന |
| ബ്രഹ്മലോകം | സത്യലോകത്തിലേക്കു് |
| (ഗതഃ) | പോയതായിരുന്നു |
| (കിം തു) | എന്നാൽ അവിടെ |
| ഗാന്ധർവേ | സംഗീതം |
| ആവർത്ത മാനേ | ആലപിച്ചുകൊണ്ടിരിക്കും സന്ദർഭത്തിൽ |
| അലബ്ധക്ഷണഃ | ദർശനാവസരം ലഭിക്കാതെ |
| ക്ഷണം | അല്പനേരം |
| സ്ഥിതഃ | കാത്തുനിന്നു |

31. **തദന്ത ആദ്യമാനമ്യ സ്വാഭിപ്രായം ന്യവേദയത്**
**തച്ഛ്രുത്വാ ഭഗവാൻ ബ്രഹ്മാ പ്രഹസ്യ തമുവാച ഹ**

| | | | |
|---|---|---|---|
| തദന്തേ | അതിന്റെ (സംഗീതാലാപത്തിന്റെ) പര്യവസാനത്തിൽ | തത് | അതു് |
| | | ശ്രുത്വാ | കേട്ടിട്ടു് |
| | | ഭഗവാൻ | സർവ്വജ്ഞനായ |
| ആദ്യം | ബ്രഹ്മാവിനെ | ബ്രഹ്മാ | ബ്രഹ്മദേവൻ |
| ആനമ്യ | കണ്ടുനമസ്കരിച്ച് | പ്രഹസ്യ | നന്നായൊന്നു ചിരിച്ച് |
| സ്വാഭിപ്രായം | തന്റെ ഇംഗിതം | തം ഹ | അവനോട് അത്ഭുതമായി |
| ന്യവേദയത് | അറിയിച്ചു. | ഉവാച | പറഞ്ഞു |

32. **അഹോ രാജന്നിരുദ്ധാസ്തേ കാലേന ഹൃദി യേ കൃതാഃ**
**തത്പുത്രപൗത്രനപ്തൄണാം ഗോത്രാണി ച ന ശൃണ്മഹേ.**

| | | | |
|---|---|---|---|
| രാജൻ | ''രാജാവേ! | കാലേന | കാലത്താൽ |
| അഹോ | കഷ്ടമായി | നിരുദ്ധാഃ | വിലക്കപ്പെട്ടിരിക്കുന്നു. |
| യേ | യാതൊരുവർ | തത്പുത്ര-പൗത്ര-നപ്തൄണാം | അവരുടെ പുത്രന്മാരുടെയോ, പൗത്രന്മാരുടെയോ, പൗത്രപുത്രന്മാരുടെയോ |
| ഹൃദി | ഉള്ളിൽ | | |
| കൃതാഃ | കരുതപ്പെട്ടിരുന്നുവോ, | ഗോത്രാണിച | വംശങ്ങളെപ്പോലും |
| തേ | അവരെല്ലാം | ന ശൃണ്മഹേ | കേൾക്കുന്നില്ല. |

33. **കാലോഽഭിയാതസ്ത്രിണനവ ചതുര്യുഗവികല്പിതഃ**
**തദ് ഗച്ഛ ദേവദേവാംശോ ബലദേവോ മഹായശാഃ**
**കന്യാരത്നമിദം രാജന്നരരത്നായ ദേഹി ഭോഃ**

| | | | |
|---|---|---|---|
| ചതുര്യുഗ-വികല്പിതഃ | ''ചതുര്യുഗങ്ങളാൽ വിഭജിക്കപ്പെട്ടതായ | ദേവദേവാംശഃ | ദേവന്മാരുടെയും ദേവനായ ശ്രീമഹാവിഷ്ണുവിന്റെ അംശവും |
| ത്രിണവ | ഇരുപത്തേഴ് | | |
| കാലഃ | കാലപരിധി | മഹായശാഃ | മഹാകീർത്തിമാനുമായ |
| അഭിയാതഃ | കഴിഞ്ഞിരിക്കുന്നു. | ബലദേവഃ | ബലഭദ്രരുണ്ട് . |
| തത് | അതിനാൽ | ഭോഃ രാജൻ | അല്ലയോ രാജാവേ! |
| | | ഇദം | ഈ |
| ഗച്ഛ | ഭൂമിയിലേക്കു പോയ്ക്കൊള്ളു. | കന്യാരത്നം | കന്യാരത്നത്തെ |
| | | നരരത്നായ | ആ പുരുഷരത്നത്തിന്നു് |
| | | ദേഹി | നൽകുക. |

കകുദ്മി രാജാവ് ബ്രഹ്മലോകത്തിൽ ചെന്നപ്പോൾ അവിടെ ഗന്ധർവ്വന്മാരുടെ സംഗീതസദസ്സ് നടക്കുകയായിരുന്നു. അതിനാൽ ബ്രഹ്മാവിനെ കണ്ടു തന്റെ ഇംഗിത

മറിയിക്കാൻ അല്പം താമസം നേരിട്ടു. ബ്രഹ്മലോകത്തിലെ ഈ അല്പസമയംകൊണ്ട് ഭൂമിയിൽ 27 ചതുര്യുഗങ്ങളും കഴിഞ്ഞ് 28-ാമത്തേതു നടക്കുകയാണ്. വൈവസ്വതമന്വന്തരത്തിലെ 28-ാമത്തെ ചതുര്യുഗത്തിൽ ദ്വാപരയുഗാന്ത്യത്തിലാണ് രാമകൃഷ്ണാവതാരങ്ങളുണ്ടായത്.

**34. ഭുവോ ഭാരാവതാരായ ഭഗവാൻ ഭൂതഭാവനഃ**
**അവതീർണ്ണോ നിജാംശേന പുണ്യശ്രവണകീർത്തനഃ**

| | | | |
|---|---|---|---|
| ഭൂതഭാവനഃ | "എല്ലാ ജീവജാലങ്ങളുടേയും യോഗക്ഷേമത്തെയരുളുന്നവനും | ഭഗവാൻ | സാക്ഷാൽ ശ്രീവിഷ്ണുഭഗവാൻ |
| | | ഭുവഃ | ഭൂമിയുടെ |
| പുണ്യശ്രവണകീർത്തനഃ | പുണ്യകരങ്ങളായ ശ്രവണകീർത്തനങ്ങളോടുകൂടിയവനുമായ | ഭാരാവതാരായ | ഭാരത്തെ ഇറക്കുന്നതിനു വേണ്ടി |
| | | നിജാംശേന | തന്റെ അംശത്തോടുകൂടി |
| | | അവതീർണ്ണഃ | അവതരിച്ചിരിക്കുന്നു." |

**35. ഇത്യാദിഷ്ടോഽഭിവന്ദ്യാജം നൃപഃ സ്വപുരമാഗതഃ**
**ത്യക്തം പുണ്യജനത്രാസാദ് ഭ്രാതൃഭിർദിക്ഷ്വവസ്ഥിതൈഃ**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ദിക്ഷു | നാനാദിക്കുകളിൽ |
| ആദിഷ്ടഃ | നിർദ്ദേശിക്കപ്പെട്ട | അവസ്ഥിതൈഃ | ചെന്നുകൂടിയിരിക്കുന്ന |
| നൃപഃ | രാജാവ് | ഭ്രാതൃഭിഃ | സഹോദരന്മാരാൽ |
| അജം | ബ്രഹ്മാവിനെ | ത്യക്തം | ഉപേക്ഷിക്കപ്പെട്ടതായ |
| അഭിവന്ദ്യ | വണങ്ങി വിടവാങ്ങി, | സ്വപുരം | തന്റെ നഗരത്തിലേക്ക് |
| പുണ്യജനത്രാസാത് | യക്ഷരാക്ഷസാദികളിൽ നിന്നുണ്ടായ ഭീതി നിമിത്തം | ആഗതഃ | വന്നുചേർന്നു. |

**36. സുതാം ദത്വാനവദ്യാംഗീം ബലായ ബലശാലിനേ**
**ബദര്യാഖ്യം ഗതോ രാജാ തപ്തും നാരായണാശ്രമം.**

| | | | |
|---|---|---|---|
| രാജാ | കകുദ്മി രാജാവ് | ദത്വാ | കൊടുത്തതിൽപ്പിന്നെ |
| അനവദ്യാംഗീം | മോഹനാംഗിയായ | ബദര്യാഖ്യം | 'ബദരിക' യെന്നുപേരായ |
| സുതാം | സ്വപുത്രിയെ | നാരായണാശ്രമം | നരനാരായണന്മാരുടെ ആശ്രമത്തിലേക്ക് |
| ബലശാലിനേ | ബലശാലിയായ | തപ്തും | തപസ്സിന്നായിട്ട് |
| ബലായ | ബലഭദ്രക്ക് | ഗതഃ | പോയി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
തൃതീയോഽധ്യായഃ — ആദിതഃ ശ്ലോകാഃ 114
നവമസ്കന്ധത്തിൽ മൂന്നാമധ്യായം കഴിഞ്ഞു.

# ചതുർത്ഥോഽധ്യായഃ = അധ്യായം നാല്

## നഭഗവംശവർണ്ണനം — അംബരീഷോപാഖ്യാനം.

''ചതുർത്ഥേ മനുപുത്രസ്യ നഭഗസ്യ കഥോച്യതേ
തത്സൂനോശ്ചാംബരിഷസ്യ കൃത്യാ പ്രതിഹതായതഃ''

ഈ നാലാമധ്യായത്തിൽ മനുപുത്രനായ നഭഗൻെറ വംശചരിതവും, വിശേഷിച്ച് ഇതേവംശത്തിലുണ്ടായവനും ദുർവ്വാസഃ പ്രേരിതയായ കൃത്യയെ പരാജയപ്പെടുത്തിയവനുമായ അംബരീഷൻെറ കഥയും പ്രതിപാദിക്കുന്നു.

ശ്രീശുക ഉവാച : ശ്രീശുകൻ പറഞ്ഞു.

**1. നാഭാഗോ നഭഗാപത്യം യം തതം ഭ്രാതരഃ കവിം**
**യവിഷ്ഠം വ്യഭജൻ ദായം ബ്രഹ്മചാരിണമാഗതം.**

| | | | |
|---|---|---|---|
| നഭഗാപത്യം | മനുപുത്രനായ നഭഗൻെറ പുത്രൻ | കവിം | വിദ്വാനമായ അദ്ദേഹത്തിന്ന് |
| നാഭാഗഃ | നാഭാഗനാകുന്ന | | |
| യവിഷ്ഠം | ഏററവും ഒടുവിലേത്തവനും | ഭ്രാതരഃ | സഹോദരന്മാർ |
| ബ്രഹ്മചാ–രിണം | ദീർഘകാലം ബ്രഹ്മചാരിയായിരുന്നിട്ട് | തതം | പിതാവിനെ |
| ആഗതം | ഗുരുകുലത്തിൽ നിന്നു തിരിച്ചെത്തിയവനും | ദായം | പൈതൃകസ്വത്തായി |
| | | വ്യഭജൻ | ഭാഗിച്ചു കൊടുത്തു |

**2. ഭ്രാതരോഽഭാങ്‌ക്ത കിം മഹ്യം ഭജാമ പിതരം തവ**
**ത്വാം മമാര്യാസ്തതാഭാങ്‌ക്ഷുഃ മാ പുത്രക തദാദൃഥാഃ**

| | | | |
|---|---|---|---|
| ഭ്രാതരഃ | ''ഭ്രാതാക്കളെ! നിങ്ങൾ | തത | ''അച്ഛാ! |
| മഹ്യം | എനിക്കുവേണ്ടി | മമആര്യാഃ | എൻെറ ജ്യേഷ്ഠന്മാർ |
| കിം | എന്തിനെയാണ് | ത്വാം | അങ്ങയെ (എനിക്ക്) |
| അഭാങ്‌ക്ത | ഭാഗിച്ചുവച്ചിരിക്കുന്നത്'' | അഭാങ്‌ക്ഷുഃ | ഭാഗിച്ചുതന്നു.'' |
| തവ | ''നിനക്ക് | പുത്രക | ''മകനെ! |
| പിതരം | അച്ഛനെ | തത് | അതിനെ |
| ഭജാമ | ഭാഗസ്വത്തായി വച്ചിട്ടുണ്ട്'' | മാആദൃഥാഃ | വകവയ്ക്കരുത്'' |

നഭാഗൻെറ കനിഷ്ഠപുത്രനായ നാഭാഗൻ ദീർഘകാലം ഗുരുകുലത്തിൽ താമസിച്ച് വേദശാസ്ത്രാദ്യധ്യയനം ചെയ്തു പരമവിദ്വാനായി തിരികെ എത്തിയപ്പോഴെക്കും ജ്യേഷ്ഠ

സോദരന്മാർ പൈതൃകസമ്പത്ത് ഭാഗിച്ചെടുത്തുകഴിഞ്ഞിരുന്നു. നാഭാഗൻ നൈഷ്ഠിക ബ്രഹ്മചാരിയായെന്നാണ് അവർ കരുതിയത്. ഗുരുകുലം വിട്ടുഗൃഹത്തിലെത്തിയ അദ്ദേഹം തനിക്കവകാശപ്പെട്ട ഓഹരിയെന്തെന്നു ചോദിച്ചപ്പോൾ ''നിനക്കുള്ള ഓഹരി അച്ഛൻ തന്നെ'' യാണെന്നവർ മറുപടിപറഞ്ഞു. ഉടനെ അച്ഛന്റെ അടുക്കൽവന്ന് ആ വിവരമറിയച്ചപ്പോൾ അച്ഛൻ പറഞ്ഞു– ''നീ ജ്യേഷ്ഠന്മാരുടെ വാക്കിനെ കണക്കിലെടുക്കരുത്. അത് അവർ നിന്നെ കബളിപ്പിക്കാൻ വേണ്ടി പറഞ്ഞതാണ് ഞാൻ സമ്പത്തു പോലെയുള്ള ഭോഗവസ്തുവല്ലല്ലോ''

എങ്കിലും പുത്രൻ വിഷമിക്കരുതെന്ന് കരുതി, അച്ഛൻ അവന്ന് മാന്യമായ ജീവനോപായമാർഗ്ഗം കാണിച്ചുകൊടുക്കുന്നു.

**3. ഇമേ ആംഗിരസഃ സത്രമാസതേഽദ്യ സുമേധസഃ**
**ഷഷ്ഠം ഷഷ്ഠമുപേത്യാഹഃ കവേ മുഹ്യന്തി കർമ്മണി**

| | | | |
|---|---|---|---|
| അദ്യ കവേ | ''ഇപ്പോൾ, ഹേകവേ: | സുമേധസഃ | അതിബുദ്ധിമാന്മാരാണെ |
| ആംഗിരസഃ | അംഗിരസ്സിന്റെ | (അപി തേ) | ങ്കിലും. കൂടി അവർ, |
| | ഗോത്രക്കാരായ | ഷഷ്ഠം | ആറാമത്തെ |
| ഇമേ | ഈ ഋഷികൾ | അഹഃ | ദിവസത്തിലേക്ക് |
| സത്രം | സത്രം (യാഗം) നടത്തി | ഉപേത്യ | എത്തുമ്പോൾ |
| ആസതേ | ക്കൊണ്ടിരിക്കുന്നു. | കർമ്മണി | കർമ്മാനുഷ്ഠാനത്തിൽ |
| | | മുഹ്യന്തി | വിഷമിക്കുന്നു |

ദ്വാദശാഹയജ്ഞത്തിന്റെ പൂർവ്വാർദ്ധത്തിലും ഉത്തരാർദ്ധത്തിലും അവസാനം വരുന്ന ആറാമത്തെ ദിവസങ്ങളിൽ ചെയ്യേണ്ടുന്ന കർമ്മത്തിന്നു വിഹിതമായ മന്ത്രം ശരിക്കറിയാതെ ഈ ഋഷികൾ വിഷമിക്കുന്നുണ്ടെന്നുസാരം.

**4. താംസ്ത്വം ശംസയ സൂക്തേ ദ്വേ വൈശ്വദേവേ മഹാത്മനഃ**
**തേ സ്വര്യന്തോ ധനം സത്രപരിശേഷിതമാത്മനഃ**

**5. ദാസ്യന്ത്യഥ തതോ ഗച്ഛ തഥാ സ കൃതവാന്യഥാ**
**തസ്മൈ ദത്വാ യയുഃ സ്വർഗ്ഗം തേ സത്രപരിശേഷിതം.**

| | | | |
|---|---|---|---|
| മഹാത്മനഃ | ''മഹാത്മാക്കളാണെങ്കിലും | തേ | അവർ |
| താൻ | ആ ഋഷിമാരെ | സ്വര്യന്തഃ | സ്വർഗ്ഗയാതരാകുമ്പോൾ |
| വൈശ്വദേവേ | വിശ്വേദേവന്മാരെ | സത്രപരി– | യജ്ഞാനന്തരം അവശേ |
| | സംബന്ധിച്ച | ശേഷിതം | ഷിച്ചതായ |
| ദ്വേ സൂക്തേ | രണ്ടു സൂക്തങ്ങൾ | ആത്മനഃ | തങ്ങളുടെ |
| ത്വം ശംസയ | നീ ചൊല്ലി | ധനം | ധനത്തെ |
| | ധരിപ്പിക്കണം. | ദാസ്യന്തി | നിനക്കുതന്നുകൊള്ളും. |

| | | | |
|---|---|---|---|
| തതഃ | അവിടെക്ക് | തേ | അവർ (ഋഷിമാർ) |
| ഗച്ഛ | പോയ്ക്കൊണ്ടാലും'' | സത്രപരി- | യജ്ഞാനന്തരം അവ |
| സഃ | അദ്ദേഹം (നാഭാഗൻ) | ശേഷിതം | ശേഷിച്ചതിനെ |
| യഥാ | വേണ്ടതുപോലെ | തസ്മൈ | അദ്ദേഹത്തിന്ന് |
| തഥാ | അപ്രകാരം | ദത്വാ | കൊടുത്ത് |
| കൃതവാൻ | ചെയ്തു | സ്വർഗ്ഗം | സ്വർഗ്ഗത്തിലേക്ക് |
| | | യയുഃ | പോകയും ചെയ്തു |

6. തം കശ്ചിത് സ്വീകരിഷ്യന്തം പുരുഷഃ കൃഷ്ണദർശനഃ
ഉവാചോത്തരതോഽഭ്യേത്യ മമേദം വാസ്തുകം വസു.

| | | | |
|---|---|---|---|
| സ്വീകരി | (ഋഷിമാർ വിട്ടുകൊടുത്ത | പുരുഷഃ | പുരുഷൻ |
| ഷ്യന്തം | ധനത്തെ) സ്വായത്തമാക്കു | ഉത്തരതഃ | വടക്കുനിന്ന് |
| | വാനുദ്യമിക്കുന്ന | അഭ്യേത്യ | നേരിട്ടുവന്ന് |
| തം | ആ നാഭാഗനോട് | ഉവാച | പറഞ്ഞു- |
| കൃഷ്ണദർശനഃ | കാഴ്ചയിൽ കറുത്ത | വാസ്തുകം | ''യജ്ഞഭൂമിയിൽ |
| | നിറമുള്ള | | ശേഷിച്ചുകിടക്കുന്ന |
| കശ്ചിത് | ഒരു | ഇദം വസു | ഈ ധനമെല്ലാം |
| | | മമ | എൻേറയാണ്'' |

7. മമേദമൃഷിഭിർദത്തമിതി തർഹി സ്മ മാനവഃ
സ്യാന്നൗ തേ പിതരി പ്രശ്നഃ പൃഷ്ടവാൻ പിതരം തഥാ

| | | | |
|---|---|---|---|
| തർഹി സ്മ | അപ്പോഴത്തന്നെ | തേ | ''അങ്ങയുടെ |
| ഇദം മമ | ''ഇതെൻേറയാണ്; | പിതരി | പിതാവിൻേറ അടുക്കൽ |
| ഋഷിഭിഃ | ഋഷിമാരാൽ | നൗ | നമുക്ക് |
| ദത്തം | നല്കപ്പെട്ടതാണ്.'' | പ്രശ്നഃ | ചോദ്യമാകാം'' |
| ഇതി | എന്നിങ്ങനെ | തഥാ | അതനുസരിച്ച് |
| മാനവഃ | മനുപൗത്രനായ നാഭാഗനും | പിതരം | പിതാവിനോട് |
| (ഉവാച) | പറഞ്ഞു. | പൃഷ്ടവാൻ | നാഭാഗൻ ചോദിച്ചു |

വടക്കുനിന്നെത്തിയ കറുത്ത നിറമുള്ളവൻ സാക്ഷാൽ ശ്രീരുദ്രനായിരുന്നു. യജ്ഞാവശിഷ്ട സമ്പത്ത് തനിക്കുള്ളതാണെന്ന് ശ്രീരുദ്രനും തനിക്കുള്ളതാണെന്ന് നാഭാഗനും അന്യോന്യം തർക്കിച്ചു. ഒടുവിൽ പിതാവിൻേറ അടുക്കൽ ചെന്ന് യജ്ഞാവശിഷ്ടം ആർക്കുള്ളതാണെന്ന കാര്യത്തിൽ സംശയനിവൃത്തി വരുത്തിവരുവാൻ രുദ്രൻ നാഭാഗനോട് പറഞ്ഞു. (ഇവിടെ പിതാവെന്ന വാക്കുകൊണ്ടുദ്ദേശിച്ചതു് നാഭാഗൻേറ പിതാമഹനായ മനുവിനെയാണ്.) പൗത്രൻേറ ചോദ്യത്തിനു മനു നൽകിയ സമാധാനമാണ് അടുത്ത ശ്ലോകംകൊണ്ട് പറയുന്നതു്.

**8.** **യജ്ഞവാസ്തുഗതം സർവ്വമുച്ഛിഷ്ടമൃഷയഃ ക്വചിത്**
**ചക്രുർഹി ഭാഗം രുദ്രായ സ ദേവഃ സർവ്വമർഹതി**

| | | | |
|---|---|---|---|
| ക്വചിത് | ''ഒരു സന്ദർഭത്തിൽ * | രുദ്രായ | ശ്രീരുദ്രനുവേണ്ടിയുള്ള |
| ഋഷയഃ | ഋഷിമാർ | ഭാഗം | പ്രത്യേകാവകാശമായി |
| യജ്ഞവാസ്തു | യജ്ഞഭൂമിയിൽ | ചക്രുഃ ഹി | നീക്കിവെച്ചിട്ടുണ്ടല്ലോ. |
| ഗതം | ഉള്ളതായ | സഃ ദേവഃ | ആ ദേവൻ |
| സർവ്വം | മുഴുവൻ | സർവ്വം | എല്ലാറ്റും |
| ഉച്ഛിഷ്ടം | മിച്ചസാധനവും | അർഹതി | അർഹിക്കുന്നു.'' |

* ക്ഷേയാഗത്തിന്റെ പരിസമാപ്തിയിൽ ഋഷിമാർ നിശ്ചയിച്ചതാണിത്. ''ഉച്ഛേഷണ ഭാഗോ വൈ രുദ്രഃ'' എന്നാണ് ശ്രുതിയും.

**9.** **നാഭാഗസ്തം പ്രണമ്യാഹ തവേശ കില വാസ്തുകം.**
**ഇത്യാഹ മേ പിതാ ബ്രഹ്മൻ ശിരസാ ത്വാം പ്രസാദയേ.**

| | | | |
|---|---|---|---|
| നാഭാഗഃ | നാഭാഗൻ | തവ കില | അങ്ങയ്ക്കുള്ളതാണത്രെ. |
| തം | യജ്ഞശിഷ്ടത്തിന്റെ | മേ പിതാ | എന്റെ പിതാവ് |
| | അവകാശിയായ | ഇതി | ഇങ്ങനെയാണ് |
| | ആ ശ്രീരുദ്രനെ | ആഹ | പറഞ്ഞത്. |
| പ്രണമ്യ | നമസ്കരിച്ച് | ബ്രഹ്മൻ | ഹേ ബ്രഹ്മൻ! |
| ആഹ | പറഞ്ഞു-- | ത്വാം | അങ്ങയെ |
| ഈശ വാസ്തുകം | ''ഭഗവാനെ! യജ്ഞഭൂമി | ശിരസാ | ശിരോനമനത്താൽ |
| | യിലുള്ള അവശിഷ്ടം | പ്രസാദയേ | പ്രസാദിപ്പിച്ചുകൊള്ളുന്നു. |

യജ്ഞഭൂമിയിൽ അവശേഷിച്ച സമ്പത്തിന്റെ മുഴുവനും അവകാശി രുദ്രനാണെന്നുള്ള മനുവിന്റെ അഭിപ്രായം നാഭാഗൻ രുദ്രനോട് ഏററുപറഞ്ഞു ക്ഷമ യാചിച്ചു. അപ്പോൾ പ്രസന്നനായ ഭഗവാൻ നാഭാഗനോട് പറഞ്ഞു.

**10.** **യത്തേ പിതാഽവദദ്ധർമ്മം ത്വം ച സത്യം പ്രഭാഷസേ**
**ദദാമി തേ മന്ത്രദൃശേ ജ്ഞാനം ബ്രഹ്മ സനാതനം.**

**11.** **ഗൃഹാണ ദ്രവിണം ദത്തം മത്സത്രേ പരിശേഷിതം**
**ഇത്യുക്ത്വാന്തർഹിതോ രുദ്രോ ഭഗവാൻ സത്യവത്സലഃ**

| | | | |
|---|---|---|---|
| യത് | ''യാതൊരു കാരണത്താൽ | ധർമ്മം | നിഷ്പക്ഷവും നീതിനിഷ്ഠ |
| തേ പിതാ | അങ്ങയുടെ പിതാവ് | | വുമായ കീഴ്‌വഴക്കത്തെ |

| | |
|---|---|
| അവദത് | ചൊല്ലിത്തരികയും |
| ത്വം തു | അങ്ങയാകട്ടെ |
| സത്യം | വാസ്തവത്തെ |
| പ്രഭാഷസേ | തുറന്നുപറകയും ചെയ്യുന്നുവോ, |
| (തത്) | അക്കാരണത്താൽ |
| മന്ത്രദൃശേ | മന്ത്രദ്രഷ്ടാവായ |
| തേ | അങ്ങേയ്ക്കു് |
| സനാതനം | ശാശ്വതമായ |
| ബ്രഹ്മജ്ഞാനം | പരമാത്മജ്ഞാനത്തെ |
| ദദാമി | ഞാൻ തരുന്നുണ്ടു്. |
| മത്സത്രേ | എന്റെ യജ്ഞത്തിൽ |
| പരിശേഷിതം | അവശേഷിച്ചതും |
| ദത്തം | (ഋഷിമാരാൽ) നല്കപ്പെട്ടതുമായ |
| ദ്രവിണം | ദ്രവ്യത്തെയും |
| ഗൃഹാണ | എടുത്തുകൊൾക.'' |
| ഇതി | ഇപ്രകാരം |
| ഉക്ത്വാ | അരുളിച്ചെയ്തു് |
| ഭഗവാൻ | സർവ്വജ്ഞനും |
| സത്യവത്സലഃ | സത്യപ്രിയനുമായ |
| രുദ്രഃ | ശ്രീമഹാദേവൻ |
| അന്തർഹിതഃ | തിരോധാനം ചെയ്തു. |

ശ്രുതിപ്രസിദ്ധമായ ഈ നാഭാഗചരിതത്തിന്റെ ഫലശ്രുതി ഒരു ശ്ലോകം കൊണ്ടു പറഞ്ഞതിൽ*പ്പിന്നെ അംബരീഷോപാഖ്യാനത്തിലേക്കു പ്രവേശിക്കുന്നു.

**12. യ ഏതത് സംസ്മരേത് പ്രാതഃ സായം ച സുസമാഹിതഃ**
**കവിർഭവതി മന്ത്രജ്ഞോ ഗതിം ചൈവ തഥാത്മനഃ**

| | |
|---|---|
| യഃ | യാതൊരുവൻ |
| ഏതത് | ഈ ആഖ്യാനത്തെ |
| പ്രാതഃ | പ്രഭാതത്തിലും |
| സായം ച | സായം കാലത്തിലും |
| സുസമാഹിതഃ | ഏകാഗ്രചിത്തനായി |
| സംസ്മരേത് | സ്മരിക്കുന്നുവോ, |
| (സഃ) | അവൻ |
| കവിഃ | കവിയും |
| മന്ത്രജ്ഞഃ | മന്ത്രജ്ഞനുമായി |
| ഭവതി | ഭവിക്കുന്നതാണു്. |
| തഥാ | മാത്രമല്ല, |
| ആത്മനഃ ഗതിം ച ഏവ | ആത്മജ്ഞാനത്തെ തന്നെയും |
| (പ്രാപ്നോതി) | പ്രാപിക്കുന്നതാണു്. |

**13. നാഭാഗാദംബരീഷോऽഭൂന്മഹാഭാഗവതഃ കൃതീ**
**നാസ്പൃശദ് ബ്രഹ്മശാപോऽപി യം നപ്രതിഹതഃ ക്വചിത്.**

| | |
|---|---|
| നാഭാഗാത് | നാഭാഗനിൽനിന്നു് |
| മഹാഭാഗവതഃ | വലിയ ഭഗവദ്ഭക്തനും |
| കൃതീ | സുകൃതിയുമായ |
| അംബരീഷഃ | അംബരീഷൻ |
| അഭൂത് | ഉണ്ടായി. |
| ക്വചിത് | ഒരിടത്തും |
| നപ്രതിഹതഃ | തടവേല്ക്കപ്പെടാത്ത |
| ബ്രഹ്മശാപഃ അപി | ബ്രാഹ്മണശാപം കൂടിയും |
| തം ന അസ്പൃശത് | അദ്ദേഹത്തെ സ്പർശിക്കയുണ്ടായില്ല. |

* രാജോവാച = രാജാവു് പറഞ്ഞു—

**14.** **ഭഗവൻ ശ്രോതുമിച്ഛാമി രാജർഷേസ്തസ്യ ധീമതഃ**
**ന പ്രാഭൂദ്യത്ര നിർമ്മുക്തോ ബ്രഹ്മദണ്ഡോ ദുരത്യയഃ**

| | | | |
|---|---|---|---|
| ഭഗവൻ | എല്ലാമറിയുന്ന ബ്രഹ്മർഷേ! | ഇച്ഛാമി | ആഗ്രഹിക്കുന്നു. |
| ധീമതഃ | ബുദ്ധിമാനായ | യത്ര | യാതൊരാളിൽ |
| തസ്യ | ആ | നിർമ്മുക്തഃ | പ്രയോഗിക്കപ്പെട്ട |
| രാജർഷേഃ | രാജർഷിയുടെ | ദുരത്യയഃ | അനതിക്രമണീയമായ |
| (ചരിതം) | ചരിതത്തെ | ബ്രഹ്മദണ്ഡഃ | ബ്രാഹ്മണകോപം പോലും |
| ശ്രോതും | ശ്രവിപ്പാൻ | ന പ്രാഭൂത് | പ്രഭവിച്ചില്ലല്ലോ. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

**15.** **അംബരീഷോ മഹാഭാഗഃ സപ്തദ്വീപവതീം മഹീം**
**അവ്യയാം ച ശ്രിയം ലബ്ധ്വാ വിഭവം ചാതുലം ഭുവി**

**16.** **മേനേഽതിദുർല്ലഭം പുംസാം സർവ്വം തത് സ്വപ്നസംസ്തുതം**
**വിദ്വാൻ വിഭവനിർവ്വാണം തമോ വിശതി യത് പുമാൻ**

| | | | |
|---|---|---|---|
| മഹാഭാഗഃ | മഹാഭാഗ്യവാനായ | തമഃ | മോഹാന്ധകാരത്തിലേക്ക് |
| അംബരീഷഃ | അംബരീഷൻ | | |
| സപ്തദ്വീപ-വതീം മഹീം | ഏഴുദ്വീപുകളടങ്ങുന്ന ഭൂമണ്ഡലത്തെയും | വിശതി | ആണ്ടുപോകുന്നുവോ, |
| അവ്യയാം | അഴിവില്ലാത്ത | വിഭവ-നിർവ്വാണം | ആ ഐശ്വര്യത്തിന്റെ വിനാശത്തെപ്പറ്റി |
| ശ്രിയം ച | സമ്പത്തിനെയും, | വിദ്വാൻ | ബോധവാനായിട്ട്, |
| ഭുവി | ഭൂമിയിൽ | പുംസാം | മനുഷ്യർക്ക് |
| അതുലം | നിരുപമമായ | അതിദുർല്ലഭം | ഏറിയകൂറും ദുഷ്പ്രാപമായ |
| വിഭവം ച | ഐശ്വര്യത്തെയും | തത് സർവ്വം | അതെല്ലാം |
| ലബ്ധ്വാ | ലഭിച്ചിട്ടുപോലും | സ്വപ്ന-സംസ്തുതം | സ്വപ്നംപോലെ അവാസ്തവമായിട്ട് |
| യത് | യാതൊന്നിനാൽ | മേനേ | വിചാരിച്ചു വന്നു. |
| പുമാൻ | മനുഷ്യൻ | | |

ഇത്തരം ബോധവാന്മാരെയും ഐശ്വര്യാഭിലാഷികളായി കാണുമാറുണ്ടെങ്കിലും അംബരീഷന്റെ സ്ഥിതി അതായിരുന്നില്ലെന്ന് ഇനി പറയുന്നു.

**17.** **വാസുദേവേ ഭഗവതി തദ്ഭക്തേഷു ച സാധുഷു**
**പ്രാപ്തോ ഭാവം പരം വിശ്വം യേനേദം ലോഷ്ടവത് സ്മൃതം.**

| | | | |
|---|---|---|---|
| ഭഗവതി | സമസ്തൈശ്വര്യ പൂർണ്ണനായ | ഭാവം | ഭക്തിഭാവത്തെ |
| | | പ്രാപ്തഃ | പ്രാപിച്ചവനായിരുന്നു. |
| വാസുദേവേ | ശ്രീവാസുദേവനിലും, | യേന | യാതൊന്നുകൊണ്ട് |
| തദ്ഭക്തേഷു | തന്തിരുവടിയുടെ ഭക്തന്മാരായ | ഇദം വിശ്വം | ഈ വിശ്വം |
| | | ലോഷ്ടവത് | മൺകട്ടയ്ക്കുതുല്യം |
| സാധുഷു ച | സദ്വൃത്തന്മാരിലും | | തുച്ഛമായി |
| പരം | ആത്യന്തികമായ | സ്മൃതം | കരുതപ്പെട്ടു. |

ഇന്ദ്രിയ പ്രവൃത്തനങ്ങളെയെല്ലാം ഭഗവാനിലർപ്പിച്ചുകൊണ്ടുള്ള അംബരീഷന്റെ ഭക്തിപാരമ്യത്തെ താഴെ മൂന്നുശ്ലോകങ്ങൾകൊണ്ടു വർണ്ണിക്കുന്നു—

18. **സ വൈ മനഃ കൃഷ്ണപദാരവിന്ദയോർ–**
**വചാംസി വൈകുണ്ഠഗുണാനുവർണ്ണനേ**
**കരൗ ഹരേർമ്മന്ദിരമാർജ്ജനാദിഷു**
**ശ്രുതിം ചകാരാച്യുതസത്കഥോദയേ**

| | | | |
|---|---|---|---|
| സഃ വൈ | അദ്ദേഹമാകട്ടെ | ഹരേഃ | പാപസംഹർത്താവായ ശ്രീഹരിയുടെ |
| മനഃ | മനസ്സിനെ | | |
| കൃഷ്ണപദാ–രവിന്ദയോഃ | സദാനന്ദസ്വരൂപനായ ശ്രീകൃഷ്ണപരമാത്മാവിന്റെ പാദപദ്മങ്ങളിലും | മന്ദിരമാർജ്ജ–നാദിഷു | മന്ദിരങ്ങളെ അടിച്ചുതുടച്ചു വൃത്തിയാക്കുക മുതലായ കാര്യങ്ങളിലും, |
| വചാംസി | വാക്കുകളെ | ശ്രുതിം | കാതിനെ |
| വൈകുണ്ഠ–ഗുണാനു–വർണ്ണനേ | നിത്യനിർമ്മുക്തനായ വൈകുണ്ഠമൂർത്തിയുടെ ഗുണങ്ങളെ നിരന്തരം പ്രകീർത്തിക്കുന്നതിലും, | അച്യുതസത്–കഥോദയേ | ജന്മാദിഷഡ് ഭാവരഹിതനായ അച്യുതന്റെ നാനാവതാര കഥകളെ കേൾക്കുന്നതിലും |
| കരൗ | കൈകളെ | ചകാര | വിനിയോഗിച്ചു. |

19. **മുകുന്ദലിങ്ഗാലയദർശനേ ദൃശൗ**
**തദ്ഭൃത്യഗാത്രസ്പർശേംഗസംഗമം**
**ഘ്രാണം ച തത്പാദസരോജസൗരഭേ**
**ശ്രീമത്തുളസ്യാ രസനാം തദർപ്പിതേ.**

| | | | |
|---|---|---|---|
| ദൃശൗ | നേത്രങ്ങളെ | തദ്ഭൃത്യ–ഗാത്രസ്പർശേ | തന്തിരുവടിയെ ഭൃത്യഭാവേന സേവിക്കുന്നവരുടെ ശരീരസ്പർശത്തിലും, |
| മുകുന്ദലിംഗാ–ലയദർശനേ | മുക്തിദാതാവായ ഭഗവാന്റെ വിഗ്രഹങ്ങളുള്ള ദേവാലയങ്ങളുടെ സന്ദർശനത്തിലും, | ഘ്രാണം | ഘ്രാണേന്ദ്രിയത്തെ |
| | | ശ്രീമ–ത്തുളസ്യാഃ | സർവാദരണീയമായ തുളസിയുടെ |
| അംഗസംഗമം | ദേഹസമ്പർക്കത്തെ | | |

| | |
|---|---|
| തത്പാദ– സരോജ– സൗരഭേ ച | ഭഗവത് പാദാരവിന്ദ സമ്പർക്കം കൊണ്ടുണ്ടായ സുഗന്ധത്തിലും |
| രസനാം | ജിഹ്വയെ |
| തദപ്പിതേ | ഭഗവാന്നു് അർപ്പിച്ച നിവേദ്യത്തിലും |
| (ചകര) | വിനിയോഗിച്ചു. |

**20.**

**പാദൗ ഹരേഃ ക്ഷേത്രപദാനുസപ്പണേ**
**ശിരോഹൃഷീകേശപദാഭിവന്ദനേ**
**കാമം ച ദാസ്യേ ന തു കാമകാമ്യയാ**
**യഥോത്തമശ്ലോകജനാശ്രയാ രതിഃ**

| | |
|---|---|
| പാദൗ | പാദങ്ങളെ |
| ഹരേഃ | ശ്രീഹരിയുടെ |
| ക്ഷേത്രപദാ– നുസപ്പണേ | ക്ഷേത്രസ്ഥാനങ്ങളിലേ ക്കുള്ള നിരന്തരഗമന ത്തിലും, |
| ശിരഃ | ശിരസ്സിനെ |
| ഹൃഷീകേശ– പദാഭി– വന്ദനേ | ഇന്ദ്രിയങ്ങളുടെ നിയന്താ വായ ഭഗവാന്റെ പാദങ്ങ ളിൽ വീണു വണങ്ങു ന്നതിലും |
| (ചകാര) | വിനിയോഗിച്ചു. |
| കാമം | ഗന്ധമാല്യാദ്യഭിലാഷ ത്തെ |
| ദാസ്യേ ച | ഭഗവൽ പ്രസാദസ്വീകാര രൂപമായ ദാസഭാവത്തെ നിമിത്തീകരിച്ചുമാത്രം |
| ചകാര | വിനിയോഗിച്ചു. |
| ന തു കാമകാമ്യയാ | ഒരിക്കലും അതു വിഷയാ ഭിലാഷം കൊണ്ടായിരു ന്നില്ല. |
| ഉത്തമശ്ലോക– ജനാശ്രയാ | ഉദാരകീർത്തിയെഴുന്ന ഭഗ വാന്റെ ഭക്തജനങ്ങളിൽ അടിയുറച്ച |
| രതിഃ | അനുരക്തി |
| യഥാ | എപ്രകാരമായാൽ |
| (സ്യാത് തഥാ) | സംഭാവ്യമാകുമോ, അപ്രകാരം |
| (ചകാര) | സ്വജീവിതത്തെ വിനിയോഗിച്ചു. |

അംബരീഷചക്രവത്തി ഭഗവദ്ഭക്തൻ മാത്രമല്ല, ഭഗവദ്ഭക്തന്മാരുടെ ഭക്തനും കൂടിയായിരുന്നുവെന്നാണ് ഈ ശ്ലോകം കൊണ്ടു സൂചിപ്പിച്ചതു്.

**21.**

**ഏവം സദാ കമ്മകലാപമാത്മനഃ**
**പരേധിയജ്ഞേ ഭഗവത്യധോക്ഷജേ**
**സവ്വാത്മഭാവം വിദധന്മഹീമിമാം**
**തന്നിഷ്ഠവിപ്രാഭിഹിതഃ ശശാസ ഹ.**

| | |
|---|---|
| പരേ | സവ്വേശ്വരനും |
| അധിയജ്ഞേ | ശ്രുതിസ്മൃതിവിഹിതങ്ങ ളായ കമ്മങ്ങളുടെ അധി ഷ്ഠാതാവും |
| അധോക്ഷജേ | ഇന്ദ്രിയജ്ഞാനാതീത നമായ |
| ഭഗവതി | വിഷ്ണുഭഗവാനിൽ |

| | |
|---|---|
| സർവ്വാത്മഭാവം | സർവ്വാത്മാവാണെന്ന ഭാവനയോടുകൂടിയ |
| ആത്മനഃ | തന്റെ |
| കർമ്മകലാപം | കർമ്മങ്ങളെല്ലാം |
| ഏവം | ഇപ്രകാരം |
| സദാ | എല്ലായ്പ്പോഴും |
| വിദധത് | സമർപ്പിച്ചുകൊണ്ട് |
| ഇമാം മഹീം | ഈ ഭൂമിയെ |
| തന്നിഷ്ഠവിപ്രാഭിഹിതഃ | ഭഗവന്നിഷ്ഠയുള്ള ബ്രാഹ്മണരാൽ ഉപദേശിക്കപ്പെട്ടവനായിട്ട് |
| ശശാസ | പരിപാലിച്ചു |

22. ഈജേऽശ്വമേധൈരധിയജ്ഞമീശ്വരം
മഹാവിഭൂത്യോപചിതാംഗദക്ഷിണൈഃ
തതൈർവസിഷ്ഠാസിതഗൗതമാദിഭി-
ർധന്വന്യഭിസ്രോതമസൗ സരസ്വതീം.

| | |
|---|---|
| അസൗ | ഈ അംബരീഷ രാജാവ് |
| ധന്വനി | മരുഭൂമിയിൽ |
| സരസ്വതീഃ അഭിസ്രോതം | സരസ്വതീനദിയുടെ നീരൊഴുക്കിന്നഭിമുഖമായിട്ട് |
| അധിയജ്ഞം | വേദോക്തകർമ്മങ്ങളുടെ അധിഷ്ഠാതാവായ |
| ഈശ്വരം | ഈശ്വരനെ |
| മഹാവിഭൂത്യാ | മഹത്തായ സമ്പത്തിനാൽ |
| ഉപചിതാംഗദക്ഷിണൈഃ | സമ്പുഷ്ടമാക്കിയ ഉപവിഭാഗങ്ങളോടു ദക്ഷിണകളോടും കൂടിയുള്ളവയും |
| വസിഷ്ഠാസിതഗൗതമാദിഭിഃ | വസിഷ്ഠൻ, അസിതൻ, ഗൗതമൻ, മുതലായ കർമ്മോപദേഷ്ടാക്കൾ മുഖേന |
| തതൈഃ | വിസ്തരിച്ചു നടത്തിയവയുമായ |
| അശ്വമേധൈഃ | അശ്വമേധങ്ങൾ കൊണ്ട് |
| ഈജേ | ആരാധിച്ചു. |

23. യസ്യ ക്രതുഷു ഗീർവാണൈഃ സദസ്യാ ഋത്വിജോ ജനാഃ
തുല്യരൂപാശ്ചാനിമിഷാ വ്യദൃശ്യന്ത സുവാസസഃ

| | |
|---|---|
| യസ്യ | യാതൊരു അംബരീഷന്റെ |
| ക്രതുഷു | യജ്ഞങ്ങളിൽ |
| സദസ്യാഃ | സദസ്യന്മാരും, |
| ഋത്വിജഃ | ഋത്വിക്കുകളും |
| ജനാഃ | മററുജനങ്ങളും |
| സുവാസസഃ | ശോഭനവസ്ത്രങ്ങൾ ധരിച്ച് |
| അനിമിഷാഃ ച | കണ്ണടയ്ക്കാതെ |
| ഗീർവാണൈഃ | ദേവന്മാരോട് |
| തുല്യരൂപാഃ | തുല്യമായ രൂപത്തോടു കൂടിയവരായി |
| വ്യദൃശ്യന്ത | വിശിഷ്യ കാണപ്പെട്ടു. |

ദേവന്മാർ സ്വതേ കണ്ണിമകൾ പൂട്ടാത്തവരാണ്. യജ്ഞശാലയിലെ സദസ്യാദികളാകട്ടെ ആശ്ചര്യദർശനൗത്സുക്യത്താലും. ആകയാൽ ശോഭനവസ്ത്രധാരണംകൊണ്ടു മാത്രമല്ല, സ്ഥിരദൃഷ്ടിത്വം കൊണ്ടും അവർ ദേവതുല്യരൂപന്മാരായി.

24. സ്വർഗോ ന പ്രാർത്ഥിതോ യസ്യ മനുജൈരമരപ്രിയഃ
ശൃണ്വദ്ഭിരുപഗായദ്ഭിരുത്തമശ്ലോകചേഷ്ടിതം.

| | |
|---|---|
| ഉത്തമശ്ലോകചേഷ്ടിതം | പാവന കീർത്തിയെഴുന്ന ശ്രീഹരിയുടെ ലീലാചരിതത്തെ |
| ശൃണ്വദ്ഭിഃ | കേൾക്കുന്നവരും |
| ഉപഗായദ്ഭിഃ | ഏറ്റുപാടുന്നവരുമായ |
| യസ്യ | യാതൊരു മഹാരാജാവിന്റെ |
| മനുജൈഃ | ജനങ്ങളാൽപ്പോലും |
| അമരപ്രിയഃ | ദേവന്മാർ കൊതിക്കുന്ന |
| സ്വർഗഃ | സ്വർലോകം |
| ന പ്രാർത്ഥിതഃ | ആഗ്രഹിക്കപ്പെട്ടിരുന്നില്ല |

ശ്രീഹരിയുടെ ലീലാചരിതം ശ്രവിക്കുക, കീർത്തിക്കുക എന്നതിനെക്കാൾ അഭികാമ്യമായിട്ട് സ്വർഗലോകത്തെക്കൂടെ അംബരീഷമഹാരാജാവിന്റെ ഭൃത്യാദിജനങ്ങൾ പോലും കരുതിയിരുന്നില്ല. എന്നിരിക്കെ, അദ്ദേഹത്തിന്റെ കഥ പറയേണ്ടതുണ്ടോ?

**25. സമർദ്ധയന്തി താൻ കാമാഃ സ്വാരാജ്യപരിഭാവിതാഃ**
**ദുർല്ലഭം നാപി സിദ്ധാനാം മുകുന്ദം ഹൃദി പശ്യതഃ**

| | |
|---|---|
| സ്വാരാജ്യപരിഭാവിതാഃ | സ്വരൂപാനന്ദത്താൽ സർവ്വാതിശായിയാക്കപ്പെട്ടവയും |
| സിദ്ധാനാം അപി | അഷ്ടൈശ്വര്യസിദ്ധിയുള്ളവർക്കും കൂടി |
| ദുർല്ലഭാഃ | ലഭിപ്പാൻ പ്രയാസമുള്ളവയുമായ |
| കാമാഃ | വിഷയങ്ങൾ |
| മുകുന്ദം | മുക്തിപ്രദനായ ഭഗവാനെ |
| ഹൃദി | ഹൃദയത്തിൽ |
| പശ്യതഃ | കണ്ടുകൊണ്ടേ ഇരിക്കുന്ന |
| താൻ | ആ ജനങ്ങളെ |
| ന സമർദ്ധയന്തി | ഒരുതരത്തിലും പ്രലോഭിപ്പിച്ചിരുന്നില്ല. |

അംബരീഷന്റെ രാജ്യത്തിലുള്ള ജനങ്ങൾ നിഷ്കാമഭക്തന്മാരാകയാൽ സ്വർഗ്ഗാർത്ഥികളായിരുന്നില്ലെന്നു മാത്രമല്ല, മോക്ഷാർത്ഥികളും കൂടിയായിരുന്നില്ലെന്നു സാരം.

**26. സ ഇത്ഥം ഭക്തിയോഗേന തപോയുക്തേന പാർത്ഥിവഃ**
**സ്വധർമ്മേണ ഹരിം പ്രീണൻ സംഗാൻ സർവ്വാൻ ശനൈർജ്ജഹൗ**

| | |
|---|---|
| സഃ പാർത്ഥിവഃ | ആ രാജാവ് |
| ഭക്തിയോഗേന | ഭക്തിയോഗത്തിലൂടെയും |
| തപോയുക്തേന | തപസ്സോടുകൂടിയ |
| സ്വധർമ്മേണ | സ്വധർമ്മത്തിലൂടെയും |
| ഇത്ഥം | ഇപ്രകാരം |
| ഹരിം | ശ്രീഹരിയെ |
| പ്രീണൻ | പ്രസാദിപ്പിച്ചുകൊണ്ട് |
| സർവ്വാൻ | എല്ലാ വിധത്തിലുമുള്ള |
| സംഗാൻ | ആസക്തികളെയും |
| ശനൈഃ | സാവകാശം |
| ജഹൗ | ഉപേക്ഷിച്ചു. |

**27. ഗൃഹേഷു ദാരേഷു സുതേഷു ബന്ധുഷു**
**ദ്വിപോത്തമസ്യന്ദനവാജിപത്തിഷു**
**അക്ഷയ്യരത്നാഭരണായുധാദിഷു**
**അനന്തകോശേഷ്വകരോദസന്മതിം**

| | |
|---|---|
| ഗൃഹേഷു | ഗൃഹത്തിലും, |
| ദാരേഷു | പത്നിയിലും, |
| സുതേഷു | പുത്രന്മാരിലും |
| ബന്ധുഷു | ബന്ധുക്കളിലും |
| ദ്വിപോത്തമ-സ്യന്ദനവാജിപത്തിഷു | ആന-തേർ-കുതിര-കാലാൾ എന്നിവ ചേർന്ന ചതുരംഗ സേനകളിലും |
| അക്ഷയ്യ-രത്നാഭരണായുധാദിഷു | ക്ഷയിക്കാത്ത രത്നങ്ങൾ- ആഭരണങ്ങൾ- ആയുധങ്ങൾ മുതലായവകളിലും |
| അനന്ത-കോശേഷു | അളവററ ധനനിക്ഷേപങ്ങളിലും |
| അസന്മതിം | മിഥ്യാബുദ്ധിയെ |
| അകരോത് | ഉറപ്പിച്ചു |

എല്ലാം മിഥ്യയാണെന്നുള്ള ബോധോദയത്തിലെത്തിയ രാജാവ് പ്രതിപക്ഷങ്ങളെ നേരിടുവാൻ ശക്തനാകുമോ?— ഈ ആശങ്കയെ ഇനി പരിഹരിക്കുന്നു.

**28. തസ്മാ അദാദ്ധരിശ്ചക്രം പ്രത്യനീകഭയാവഹം**
**ഏകാന്തഭക്തിഭാവേന പ്രീതോ ഭൃത്യാഭിരക്ഷണം**

| | |
|---|---|
| ഏകാന്ത-ഭക്തിഭാവേന | ഏകനിഷ്ഠമായ ഭക്തിഭാവനയാൽ |
| പ്രീതഃ | പ്രസന്നനായ |
| ഹരിഃ | വിഷ്ണുഭഗവാൻ |
| പ്രത്യനീക-ഭയാവഹം | പ്രതിപക്ഷനിവഹത്തിന്നു ഭയമുളവാക്കുന്നതും |
| ഭൃത്യാഭി-രക്ഷണം | ഭക്തന്മാർക്ക് ഏതവസ്ഥയിലും സുരക്ഷയേകുന്നതുമായ |
| ചക്രം | സുദർശനചക്രത്തെ |
| തസ്മൈ | ആ അംബരീഷരാജാവിന്നു് |
| അദാത് | കൊടുത്തിരുന്നു. |

ഇത്രയും കൊണ്ട് അംബരീഷൻെറ വിഷയവിരക്തിയെയും വിഷ്ണുഭക്തിയെയും പററി പറഞ്ഞുകഴിഞ്ഞു. അദ്ദേഹത്തെ "ബ്രഹ്മദണ്ഡം" (ദുർവാസസ്സിൻെറ കോപം) സ്പർശിക്കയുണ്ടായില്ലെന്നു് ആദ്യം പറഞ്ഞുവച്ചിട്ടുണ്ട്. അടുത്ത ശ്ലോകം മുതൽ ആ കഥ വിസ്തരിക്കുന്നു.

**29. ആരിരാധയിഷുഃ കൃഷ്ണം മഹിഷ്യാ തുല്യശീലയാ**
**യുക്തഃ സാംവത്സരം വീരോ ദധാര ദ്വാദശീവ്രതം**

| | |
|---|---|
| വീരഃ | ദൃഢസങ്കല്പനായ അംബരീഷൻ |
| കൃഷ്ണം | വിഷ്ണുഭഗവാനെ |
| ആരിരാധയിഷുഃ | ആരാധിക്കുവാൻ ഉത്സുകനായിട്ട് |
| തുല്യശീലയാ | സമാനശീലയായ |
| മഹിഷ്യാ | രാജ്ഞിയോട് |
| യുക്തഃ | ഒന്നിച്ച് |
| സാംവത്സരം | ഒരു സംവത്സരംകൊണ്ടു പരിസമാപ്തി വരുന്ന |
| ദ്വാദശീവ്രതം | ദ്വാദശീവ്രതത്തെ |
| ദധാര | ധരിച്ചു (അനുഷ്ഠിച്ചു) |

**30. വ്രതാന്തേ കാർത്തികേ മാസി ത്രിരാത്രം സമുപോഷിതഃ**
**സ്നാതഃ കദാചിത് കാളിന്ദ്യാം ഹരിം മധുവനേഽർച്ചയത്**

| | | | |
|---|---|---|---|
| വ്രതാന്തേ | വ്രതമവസാനിക്കുന്ന | കാളിന്ദ്യാം | യമുനാനദിയിൽ |
| കദാചിത് | ഏതോ ഒരു | സ്നാതഃ | സ്നാനം ചെയ്ത് |
| കാർത്തികേ മാസി | കാർത്തിക (വൃശ്ചിക) മാസത്തിൽ | മധുവനേ | മധുവനത്തിൽവച്ച് |
| ത്രിരാത്രം | മൂന്നു നാൾ | ഹരിം | ശ്രീമഹാവിഷ്ണുവിനെ |
| സമുപോഷിതഃ | ശുദ്ധോപവാസമനുഷ്ഠിച്ച്, | അർച്ചയത് | ആരാധിച്ചു. |

31. മഹാഭിഷേകവിധിനാ സർവോപസ്കരസംപദാ
അഭിഷിച്യാംബരാകല്പൈർ ഗന്ധമല്യാർഹണാദിഭിഃ

32. തദ്ഗതാന്തരഭാവേന പൂജയാമാസ കേശവം
ബ്രാഹ്മണാംശ്ച മഹാഭാഗാൻ സിദ്ധാർത്ഥാനപി ഭക്തിതഃ

| | | | |
|---|---|---|---|
| സർവോപസ്കരസംപദാ | സമസ്തോപകരണങ്ങളുടെയും സമൃദ്ധിയോടു കൂടിയ | കേശവം | ശ്രീവിഷ്ണുമൂർത്തിയെ |
| മഹാഭിഷേകവിധിനാ | മഹാഭിഷേകത്തിന്റെ വിധിപ്രകാരം | തദ്ഗതാന്തരഭാവേന | തന്തിരുവടിയിലുറച്ച മനോഭാവത്തോടുകൂടി |
| അഭിഷിച്യ | അഭിഷേകം ചെയ്ത് | പൂജയാമാസ | ആരാധിച്ചു. |
| അംബരാകല്പൈഃ | വസ്ത്രോപവീതഭൂഷണാദികൾകൊണ്ടും, | മഹാഭാഗാൻ | അതിവിശിഷ്ടന്മാരും |
| ഗന്ധമാല്യാർഹണാദിഭിഃ | ചന്ദനം – മാല – അർഘ്യപാദ്യാദ്യുപചാരം മുതലായവകൊണ്ടും | സിദ്ധാർത്ഥാൻ | അഭീഷ്ടാർത്ഥങ്ങൾ സാധിച്ചവരുമായ |
| | | ബ്രാഹ്മണാൻ ച | ബ്രാഹ്മണന്മാരെയും (ആരാധിച്ചു.) |

33. ഗവാം രുക്മവിഷാണീനാം രൂപ്യാംഘ്രീണാം സുവാസസാം
പയഃശീലവയോരൂപവത്സോപസ്കാരസംപദാം

34. പ്രാഹിണോത് സാധുവിപ്രേഭ്യോ ഗൃഹേഷു ന്യർബുദാനി ഷട്
ഭോജയിത്വാ ദ്വിജാനഗ്രേ സ്വാദ്വന്നം ഗുണവത്തമം

35. ലബ്ധകാമൈരനുജ്ഞാതഃ പാരണായോപചക്രമേ
തസ്യ തർഹ്യതിഥിഃ സാക്ഷാദ് ദുർവാസാ ഭഗവാനഭൂത്

| | | | |
|---|---|---|---|
| രുക്മവിഷാണീനാം | പൊന്നുകൊണ്ടു കൊമ്പു കെട്ടിച്ചവയും | പയഃശീലവയോരൂപവത്സോപസ്കാരസംപദാം | ധാരാളം പാല് – സൽസ്വഭാവം – ചെറുപ്രായം – അഴക് – കിടാവ് – കറവുപാത്രം മുതലായ ഉപകരണ വസ്തുക്കൾ എന്നിവയോടു കൂടിയവയും ആയ |
| രൂപ്യാംഘ്രീണാം | വെള്ളികൊണ്ടു കുളമ്പു കെട്ടിച്ചവയും | | |
| സുവാസസാം | നല്ലവസ്ത്രങ്ങൾകൊണ്ട് അലങ്കരിച്ചവയും | | |

| | | | |
|---|---|---|---|
| ഗവാം | പശുക്കളുടെ | ലബ്ധകാമൈഃ | ആഗ്രഹങ്ങളെല്ലാം ലഭിച്ചു കഴിഞ്ഞ അവരാൽ |
| ഷട് അർബുദാനി | അറുപതിനായിരം കോടിയോളം എണ്ണത്തെ | അനുജ്ഞാതഃ | അനുവദിക്കപ്പെട്ടവനായിട്ട് |
| സാധുവിപ്രേഭ്യഃ | സദ്വൃത്തന്മാരായ ബ്രാഹ്മണന്മാർക്ക് (ദാനം ചെയ്തു) | പാരണായ | പാരണയ്ക്ക് (വ്രതസമാപ്തി ഭോജനത്തിന്ന്) |
| ഗൃഹേഷു | അവരുടെ ഭവനങ്ങളിൽ | ഉപചക്രമേ | ആരംഭിച്ചു |
| പ്രാഹിണോത് | എത്തിച്ചു. | തർഹി | അപ്പോഴേയ്ക്കും |
| ഗുണവത്തമം | ഏറെ പോഷകഗുണങ്ങളുള്ളതും | ഭഗവാൻ | അത്യാദരണീയനായ |
| സ്വാദു | രുചിയുള്ളതുമായ | ദുർവാസാഃ | ദുർവാസസ്സെന്ന മുനി |
| അന്നം | ആഹാരം | തസ്യ | അദ്ദേഹത്തിന്റെ |
| അഗ്രേ | ആദ്യമായി | അതിഥിഃ | അതിഥിയായിട്ട് |
| ദ്വിജാൻ | ബ്രാഹ്മണരെ | സാക്ഷാദഭൂത് | പ്രത്യക്ഷപ്പെട്ടു. |
| ഭോജയിത്വാ | ഊട്ടിയതിന്നുശേഷം | | |

**36. തമാനർച്ചാതിഥിം ഭൂപഃ പ്രത്യുത്ഥാനാസനാർഹണൈഃ**
**യയാചേഽഭ്യവഹാരായ പാദമൂലമുപാഗതഃ**

| | | | |
|---|---|---|---|
| ഭൂപഃ | രാജാവ് | ആനർച്ച | അർച്ചിച്ചു. |
| തം ആതിഥിം | ആ അതിഥിയെ | പാദമൂലം | തൃക്കാലടിയെ |
| പ്രത്യുത്ഥാനാസനാർഹണൈഃ | എഴുന്നേററു സ്വാഗതം ചെയ്യുക, ആസനത്തിലും പ്രവിഷ്ടനാക്കുക, അർഘ്യപാദ്യാദികൾ നല്കുക എന്നിവയാൽ | ഉപാഗതഃ | വണങ്ങിനിന്നുകൊണ്ട് |
| | | അഭ്യവഹാരായ | ഭക്ഷണത്തിന്നായി |
| | | യയാചേ | വിനയം ക്ഷണിച്ചു. |

**37. പ്രതിനന്ദ്യ സ തദ്യാച്ഞാം കർത്തുമാവശ്യകം ഗതഃ**
**നിമമജ്ജ ബൃഹദ്ധ്യായൻ കാളിന്ദീസലിലേ ശുഭേ**

| | | | |
|---|---|---|---|
| സഃ | ആ മഹാമുനി | ഗതഃ | പോയിട്ട് |
| തദ്യാച്ഞാം | രാജാവിന്റെ അഭ്യർത്ഥനയെ | ശുഭേ | പാവനമായ |
| പ്രതിനന്ദ്യ | അഭിനന്ദിച്ച്, | കാളിന്ദീസലിലേ | യമുനാനദീജലത്തിൽ |
| ആവശ്യകം | അന്നേരത്ത് വേണ്ടതായ മാധ്യാഹ്നികകർമ്മത്തെ | ബൃഹത് | പരബ്രഹ്മത്തെ |
| | | ധ്യായൻ | ധ്യാനിച്ചുകൊണ്ട് |
| കർത്തും | ചെയ്യുവാൻ | നിമമജ്ജ | മുങ്ങിക്കിടന്നു. |

**38. മുഹൂർത്താർദ്ധാവശിഷ്ടായാം ദ്വാദശ്യാം പാരണം പ്രതി**
**ചിന്തയാമാസ ധർമ്മജ്ഞോ ദ്വിജൈസ്തദ്ധർമ്മസങ്കടേ**

| | |
|---|---|
| ദ്വാദശ്യാം | ദ്വാദശീതിഥി |
| മുഹൂർത്താർദ്ധാ–വശിഷ്ടായാം | അരമുഹൂർത്തം (ഒരു നാഴിക) മാത്രം കഴിവാൻ അവശേഷിച്ചിരിക്കെ, |
| ധർമ്മജ്ഞഃ | കൃത്യബോധമുള്ള രാജാവ് |

| | |
|---|---|
| തദ്ധർമ്മസങ്കടേ | പ്രസ്തുതമായുള്ള ധർമ്മസങ്കടത്തിൽ |
| പാരണം | ദ്വാദശീപാരണയെ |
| പ്രതി | സംബന്ധിച്ച് |
| ദ്വിജൈഃ | ബ്രാഹ്മണരോടുകൂടി |
| ചിന്തയാമാസ | പര്യാലോചിച്ചു |

രാജാവിന്റെ പ്രസ്തുത ധർമ്മസങ്കടത്തെ ഇനി വ്യക്തമാക്കുന്നു—

**39.** **ബ്രാഹ്മണാതിക്രമോ ദോഷോ ദ്വാദശ്യാം യദപാരണേ**
**യത്കൃത്വാ സാധു മേ ഭൂയാദധർമ്മോ വാ ന മാം സ്പൃശേത്.**

| | |
|---|---|
| ബ്രാഹ്മണാതിക്രമഃ | ''ബ്രാഹ്മണനെ അവഗണിക്കുന്നത് |
| ദോഷഃ | ദോഷമാണ്. |
| ദ്വാദശ്യാം | ദ്വാദശിയിൽ |
| അപാരണേ | പാരണ ചെയ്യാതിരിക്കുന്നതിലും |
| (ദോഷഃ) | ദോഷമുണ്ട്. |

| | |
|---|---|
| യത് | ആകയാൽ |
| യത്കൃത്വാ | എന്തുചെയ്തിട്ട് (ചെയ്താൽ) |
| മേ | എനിക്ക് |
| സാധുർഭൂയാത് | നന്മയുണ്ടാകും? |
| അധർമ്മഃ വാ | അധർമ്മദോഷമാകട്ടെ |
| മാം | എന്നെ |
| ന സ്പൃശേത് | ബാധിക്കാതെയാകും?'' |

ഭക്ഷണത്തിനു ക്ഷണിക്കപ്പെട്ട അതിഥി ബ്രാഹ്മണൻ സ്നാനോപസ്ഥാനാദി നിത്യകർമ്മങ്ങൾ ചെയ്തു തിരികെ എത്തുന്നതിനു മുമ്പു ദ്വാദശി അവസാനിക്കുമെന്നതിന്റെ പേരിൽ പാരണ കഴിച്ചാൽ ബ്രാഹ്മണാവഹേളനമെന്ന ദോഷത്തിനു താൻ പാത്രമായേക്കും. പാരണ കഴിക്കാഞ്ഞാൽ വ്രതവൈകല്യമെന്ന ദോഷത്തിനും പാത്രീഭവിക്കും. ഈ ധർമ്മസങ്കടത്തെ ഒഴിവാക്കാനുള്ള മാർഗ്ഗമെന്തെന്നാണ് രാജാവ് ബ്രാഹ്മണരോട് അന്വേഷിച്ചത്. ഒടുവിൽ അവരുടെ അഭിപ്രായപ്രകാരം ഒരു നിഗമനത്തിലെത്തുന്നു. ആ നിഗമനമെന്തെന്നാൽ—

**40.** **അംഭസാ കേവലേനാഥ കരിഷ്യേ വ്രതപാരണം**
**പ്രാഹുരബ്ഭക്ഷണം വിപ്രാ ഹ്യശിതം നാശിതം ച തത്.**

| | |
|---|---|
| കേവലേന | ''വെറും |
| അംഭസാ | വെള്ളംകൊണ്ട് |
| അഥ | തൽക്കാലം |
| വ്രതപാരണം | വ്രതാന്തഭക്ഷണം |
| കരിഷ്യേ | ചെയ്യേക്കാം; |
| ഹി | എന്തെന്നാൽ |

| | |
|---|---|
| വിപ്രാഃ | വേദജ്ഞന്മാർ |
| അബ്ഭക്ഷണം | കേവലമായ ജലപാനത്തെ |
| അശിതം | ഭക്ഷണമായിട്ടും, |
| തത് ച | അതിനെത്തന്നെ |
| നാശിതം | ഭക്ഷണമല്ലാതായിട്ടും |
| പ്രാഹുഃ | പ്രവചിച്ചിരിക്കുന്നു.'' |

''അപോഽശ്നാതി തന്നൈവാശിതം നൈവാനശിതം''

എന്നാണ് വേദവചനം. ജലപാനം ചെയ്യുന്നതു് ഒരു ഭക്ഷണമായിട്ടും അല്ലാതെയും എടുക്കാമെന്നർത്ഥം.

**41.** **ഇത്യപഃ പ്രാശ്യ രാജർഷിശ്ചിന്തയൻ മനസാച്യുതം**
**പ്രത്യചഷ്ട കുരുശ്രേഷ്ഠ ദ്വിജാഗമനമേവ സഃ**

| | | | |
|---|---|---|---|
| കുരുശ്രേഷ്ഠ | ഹേ കുരുകുലോത്തമ ! | ചിന്തയൻ | ധ്യാനിച്ചുകൊണ്ടു് |
| സഃ രാജർഷി | ആ ഋഷിതുല്യനായ രാജാവു് | അപഃ | ജലത്തെ |
| | | പ്രാശ്യ | പ്രാശിച്ചു് (അല്പം കുടിച്ചു്) |
| ഇതി | ഇങ്ങനെ നിശ്ചയിച്ചു് | ദ്വിജാഗമനം ഏവ | ദുർവാസസ്സുമുനിയുടെ ആഗമനത്തെത്തന്നെ |
| മനസാ | മനസ്സുകൊണ്ടു് | | |
| അച്യുതം | മഹാവിഷ്ണുവിനെ | പ്രത്യചഷ്ട | കാത്തുകൊണ്ടിരുന്നു. |

**42.** **ദുർവാസാ യമുനാകൂലാത് കൃതാവശ്യക ആഗതഃ**
**രാജ്ഞാഭിനന്ദിതസ്തസ്യ ബുബുധേ ചേഷ്ടിതം ധിയാ**

| | | | |
|---|---|---|---|
| ദുർവാസാഃ | ദുർവാസസ്സുമഹർഷി | അഭിനന്ദിതഃ | അഭിനന്ദിക്കപ്പെട്ടവനായെങ്കിലും |
| കൃതാവശ്യകഃ | അവശ്യം അനുഷ്ഠേയങ്ങളായ കർമ്മങ്ങൾ ചെയ്തവസാനിപ്പിച്ചു് | തസ്യ | അദ്ദേഹത്തിന്റെ |
| | | ചേഷ്ടിതം | പ്രവൃത്തിയെ (ജലംകൊണ്ടുള്ള പാരണയെ) |
| യമുനാകൂലാത് | യമുനാതടത്തിൽനിന്നു് | ധിയാ | ബുദ്ധികൊണ്ടു് (ജ്ഞാനദൃഷ്ടികൊണ്ടു്) |
| ആഗതഃ | തിരിച്ചെത്തി. | | |
| രാജ്ഞാ | രാജാവിനാൽ | ബുബുധേ | മനസ്സിലാക്കി. |

**43.** **മന്യുനാ പ്രചലദ്ഗാത്രോ ഭ്രുകുടീകുടിലാനനഃ**
**ബുഭുക്ഷിതശ്ച സുതരാം കൃതാഞ്ജലിമഭാഷത**

| | | | |
|---|---|---|---|
| സുതരാം | അത്യധികം | ഭ്രുകുടീ-കുടിലാനനഃ | ചുഴറ്റിയ പുരികക്കൊടികളാൽ വക്രിച്ച വദനത്തോടുകൂടിയവനായും ഭവിച്ചു് |
| ബുഭുക്ഷിതഃ ച | ക്ഷുധാർത്തനും കൂടിയായിരുന്ന ദുർവസസ്സു് | | |
| മന്യുനാ | കോപത്താൽ | കൃതാഞ്ജലിം | തൊഴുകൈയോടെ നില്ക്കുന്ന രാജാവിനോടു് |
| പ്രചലദ്-ഗാത്രഃ | പ്രകമ്പനം കൊള്ളുന്ന ദേഹത്തോടുകൂടിയവനായും | അഭാഷത | പറഞ്ഞു. |

**44.** **അഹോ അസ്യ നൃശംസസ്യ ശ്രിയോന്മത്തസ്യ പശ്യത**
**ധർമ്മവ്യതിക്രമം വിഷ്ണോരഭക്തസ്യേശമാനിനഃ**

| | | | |
|---|---|---|---|
| അഹോ | ''എന്തൊരക്രമം! | ഈശമാനിനഃ | ഈശ്വരനെന്നഭിമാനിക്കുന്നവനുമായ |
| നൃശംസസ്യ | മനുഷ്യദ്വേഷിയും | അസ്യ | ഇവന്റെ |
| ശ്രിയാ | ഐശ്വര്യത്താൽ | ധർമ്മ–വ്യതിക്രമം | ധർമ്മമര്യാദയുടെ ഉല്ലംഘനത്തെ |
| ഉന്മത്തസ്യ | മത്തുപിടിച്ചവനും | | |
| വിഷ്ണോഃ | വിഷ്ണുവിന്റെ | | |
| അഭക്തസ്യ | ഭക്തനല്ലാത്തവനും | പശ്യത | നോക്കുവിൻ! |

**45. യോ മാമതിഥിമായാന്തമാതിഥ്യേന നിമന്ത്ര്യ ച**
**അദത്വാ ഭുക്തവാംസ്തസ്യ സദ്യസ്തേ ദർശയേ ഫലം**

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ഭുക്തവാൻ | (ക്ഷണി)രിക്കയും ചെയ്തിട്ട് സ്വയം ഭക്ഷണം കഴിച്ചുവോ |
| അതിഥിം | അതിഥിയായിട്ട് | ത്യ സതേ | ആ നിനക്ക് |
| ആയാന്തം | വന്നിരിക്കുന്ന | ഫലം | ആയതിന്റെ ഫലം |
| മാം | എന്നെ | സദ്യഃ | ഉടനടി |
| ആതിഥ്യേന | ആതിഥ്യം സ്വീകരിക്കുവാൻ | ദർശയേ | കാട്ടിത്തരാം'' |
| നിമന്ത്ര്യ | ക്ഷണിക്കയും | | |
| അദത്വാ ച | പിന്നെ അന്നു നല്കാതി | | |

**46. ഏവം ബ്രുവാണ ഉത്കൃത്യ ജടാം രോഷവിദീപിതഃ**
**തയാ സ നിർമ്മമേ തസ്മൈ കൃത്യാം കാലാനലോപമാം**

| | | | |
|---|---|---|---|
| രോഷവി–ദീപിതഃ | കോപത്താൽ കത്തിയെരിഞ്ഞ | കാലാനലോ–പമാം | കാലാഗ്നിക്കു തുല്യമായ |
| സഃ | ആ ദുർവാസസ്സ് | കൃത്യാം | കൃത്യയെ (ഒരു മാരണദേവതയെ) |
| ഏവം | ഇപ്രകാരം | തസ്മൈ | അംബരീഷന്റെ നേർക്കയക്കുവാൻ വേണ്ടി |
| ബ്രുവാണഃ | പറഞ്ഞുകൊണ്ട് | | |
| ജടാം | ജടയെ | | |
| ഉത്കൃത്യ | പിടിച്ചുപറിച്ചിട്ട് | | |
| തയാ | അതിനെക്കൊണ്ട് | നിർമ്മമേ | നിർമ്മിച്ചു. |

**47. താമാപതന്തീം ജ്വലതീമസിഹസ്താം പദാ ഭുവം**
**വേപയന്തീം സമുദ്വീക്ഷ്യ ന ചചാല പദാന്നൃപഃ**

| | | | |
|---|---|---|---|
| ജ്വലതീം | ജ്വലിക്കുന്നതും | താം | ആ കൃത്യയെ |
| അസിഹസ്താം | കൈയിൽ വാളേന്തിയതും | സമുദ്വീക്ഷ്യ | കണ്ട് |
| പദാ | കാൽവെപ്പുകൊണ്ട് | നൃപഃ | രാജാവ് |
| ഭുവം | ഭൂമിയെ | | |
| വേപയന്തീം | കുലുക്കുന്നതും | പദാത് | നില്ക്കുന്ന അടിയിൽനിന്ന് |
| ആപതന്തീം | നേർക്കു പാഞ്ഞണയുന്നതുമായ | ന ചചാല | ഇളകിയില്ല |

**48.** **പ്രാഗ്ദിഷ്ടം ഭൃത്യരക്ഷായാം പുരുഷേണ മഹാത്മനാ**
**ദദാഹ കൃത്യാം താം ചക്രം ക്രുദ്ധാഹിമിവ പാവകഃ**

| | | | |
|---|---|---|---|
| ഭൃത്യരക്ഷായാം | സ്വഭക്തന്റെ രക്ഷയിങ്കൽ | ത്യാം കൃത്യാം | ആ കൃത്യയെ |
| പ്രാക് | മുമ്പുതന്നെ | പാവകഃ | അഗ്നി |
| മഹാത്മനാ | ഉദാരചിത്തനായ | ക്രുദ്ധാഹിം | ചീറിയടുക്കുന്ന സർപ്പത്തെ |
| പുരുഷേണ | പരമപുരുഷനാൽ | ഇവ | എന്നപോലെ |
| ദിഷ്ടം | ആദേശിക്കപ്പെട്ടിരുന്ന | ദദാഹ | ദഹിപ്പിച്ചു. |
| ചക്രം | സുദർശനചക്രം | | |

**49.** **തദഭിദ്രവദുദ്വീക്ഷ്യ സ്വപ്രയാസം ച നിഷ്ഫലം**
**ദുർവാസാ ദുദ്രുവേ ഭീതോ ദിക്ഷു പ്രാണപരീപ്സയാ**

| | | | |
|---|---|---|---|
| തത് | ആ വിഷ്ണുചക്രം | ദുർവാസാഃ | ദുർവാസസ്സ് |
| അഭിദ്രവത് | നേരിട്ടുപാഞ്ഞുവരുന്നതും | പ്രാണ-പരീപ്സയാ | ജീവനിലുള്ള കൊതിയോടെ |
| സ്വപ്രയാസം | സ്വപ്രയത്നം | | |
| നിഷ്ഫലം | ഫലിക്കാതെപോയതും | ദിക്ഷു | പലദിക്കിലും |
| ഉദ്വീക്ഷ്യ | കണ്ടു് | | |
| ഭീതഃ | ഭയന്നുപോയ | ദുദ്രുവേ | പരക്കംപാഞ്ഞു |

**50.** **തമന്വധാവദ് ഭഗവദ്രഥാംഗം**
**ദാവാഗ്നിരുദ്ധൂത ശിഖോ യഥാഹിം**
**തഥാനുഷക്തം മുനിരീക്ഷമാണോ**
**ഗുഹാം വിവിക്ഷുഃ പ്രസസാര മേരോഃ**

| | | | |
|---|---|---|---|
| ഉദ്ധൂതശിഖഃ | മേലോട്ടുയന്ന ജ്വാലകളോടുകൂടിയ | അനുഷക്തം | പിമ്പേവന്നണയുന്ന ചക്രത്തെ |
| ദാവാഗ്നിഃ | കാട്ടുതീയ്യ് | ഈക്ഷമാണഃ | കാണുന്ന |
| അഹിംയഥാ | സർപ്പത്തെയെന്നപോലെ | മുനിഃ | ദുർവാസസ്സുമുനി |
| ഭഗവദ്-രഥാംഗം | വിഷ്ണു ഭഗവാന്റെ സുദർശന ചക്രം | മേരോഃ | മേരുപർവ്വതത്തിന്റെ |
| തം | ആ ദുർവാസസ്സിനെ | ഗുഹാം | ഗുഹയിലേക്ക് |
| അന്വധാവത് | അനുധാവനം ചെയ്തു. | വിവിക്ഷുഃ | കടന്നുകൂടുവാനുദ്യമിച്ച് |
| തഥാ | അപ്രകാരം | പ്രസസാര | ഓട്ടം തുടങ്ങി |

**51.** **ദിശോ നഭഃ ക്ഷ്മാം വിവരാൻ സമുദ്രാൻ**
**ലോകാൻ സപാലാംസ്ത്രിദിവം ഗതഃ സഃ**
**യതോ യതോ ധാവതി തത്ര തത്ര**
**സുദർശനം ദുഷ്പ്രസഹം ദദർശ**

| | |
|---|---|
| സഃ | അദ്ദേഹം |
| ദിശഃ | സകലദിക്കുകളിലേക്കും, |
| നഭഃ | ആകാശത്തിലെക്കും, |
| ക്ഷ്മാം | ഭൂമിയിലേക്കും, |
| വിവരാൻ | അധോലോകങ്ങളിലേക്കും |
| സമുദ്രാൻ | സമുദ്രങ്ങളിലേക്കും, |
| സപാലാൻ | പാലകന്മാരുള്ള |
| ലോകാൻ | ലോകങ്ങളിലേക്കും |
| ത്രിദിവം | സ്വർഗ്ഗത്തിലേക്കും |
| ഗതഃ | എത്തി |
| യതഃ യതഃ | എവിടെയെല്ലാം |
| ധാവതി | പാഞ്ഞെത്തിയാലും |
| തത്രതത്ര | അവിടെയെല്ലാം |
| ദുഷ്പ്രസഹം | ദുസ്സഹതേജസ്സുള്ള |
| സുദർശനം | സുദർശനചക്രത്തെ |
| ദദർശ | കാണുമാറായി |

**52.** **അലബ്ധനാഥഃ സ യദാ കുതശ്ചിത്**
**സന്ത്രസ്തചിത്തോऽരണമേഷമാണഃ**
**ദേവം വിരിഞ്ചം സമഗാ വിധാത-**
**സ്ത്രാഹ്യാത്മയോനേऽജിതതേജസോ മാം**

| | |
|---|---|
| യദാസഃ | എപ്പോൾ അദ്ദേഹം |
| കുതശ്ചിത് | ഒരിടത്തുനിന്നും |
| അലബ്ധനാഥഃ | ഒരാളെയും രക്ഷിതാവായി യിട്ടുലഭിക്കാത്തവനായോ |
| (തദാ) | അപ്പോൾ |
| സന്ത്രസ്തചിത്തഃ | മനസ്സിൽ ഭീതിമുഴുത്ത് |
| അരണം | രക്ഷിതാവിനെ |
| ഏഷമാണഃ | അന്വേഷിച്ചുകൊണ്ട് |
| വിരിഞ്ചംദേവം | ബ്രഹ്മദേവനെ |
| സമഗാത് | ശരണം പ്രാപിച്ചു. |
| വിധാതഃ | ''സൃഷ്ടികർത്താവേ! |
| ആത്മയോനേ | തനിക്കു താൻതന്നെ കാരണമായുള്ളോവേ! |
| അജിത– തേജസഃ | വിഷ്ണുവിന്റെ തേജോരൂപമായ സുദർശനത്തിൽ നിന്നു് |
| മാംത്രാഹി | എന്നെ രക്ഷിക്കണേ!'' |
| ബ്രഹ്മോവാച | ബ്രഹ്മാവു പറഞ്ഞു |

**53.** **സ്ഥാനം മദീയം സഹവിശ്വമേതത്**
**ക്രീഡാവസാനേ ദ്വിപരാർദ്ധസംജ്ഞേ**
**ഭ്രൂഭംഗമാത്രേണ ഹി സന്ദിധക്ഷോഃ**
**കാലാത്മനോ യസ്യ തിരോഭവിഷ്യതി**

| | |
|---|---|
| ദ്വിപരാർദ്ധ– സംജ്ഞേ | 'രണ്ടുപരാർദ്ധങ്ങൾ' എന്ന സംജ്ഞ കൊണ്ടറിയപ്പെടുന്ന കാലത്തിൽ |
| ക്രീഡാവ– സാനേ | തന്റെ സൃഷ്ടിലീലയുടെ ഒടുവിൽ |
| മദീയം | എന്നെ സംബന്ധിച്ച |
| ഏതത്സ്ഥാനം | ഈ സ്ഥാനം |
| സഹവിശ്വം | സമസ്തലോകങ്ങളോടു കൂടെ |
| സന്ദിധക്ഷോഃ | ഇതെല്ലാം ചുട്ടെരിക്കുവാൻ ഉദ്യതനായിരിക്കുന്ന |
| കാലാത്മനഃ | കാലസ്വരൂപനായ |
| യസ്യ | യാതൊരു സർവ്വേശ്വരന്റെ |
| ഭ്രൂഭംഗ– മാത്രേണഹി | കേവലം പുരികക്കൊടിയുടെ സംചാലനത്താൽ തന്നെ |
| തിരോ– ഭവിഷ്യതി | അപ്രത്യക്ഷമായി ത്തീരുന്നതാണ് |

54. **അഹം ഭവോ ദക്ഷഭൃഗുപ്രധാനാഃ**
**പ്രജേശഭൂതേശ സുരേശമുഖ്യാഃ**
**സർവേ വയം യന്നിയമം പ്രപന്നാ**
**മൂർധ്ന്യർപ്പിതം ലോകഹിതം വഹാമഃ**

| | | | |
|---|---|---|---|
| അഹം | ഞാൻ, (മാത്രമല്ല) | യന്നിയമം | യാതൊരുവൻെറ കല്പനയെ |
| ഭവഃ | ശിവനും, | പ്രപന്നാഃ | പ്രാപിച്ചവരായിട്ട് |
| ദക്ഷഭൃഗു-പ്രധാനാഃ | ദക്ഷൻ, ഭൃഗുമുതലായുള്ളവരും | മൂർധ്നി | ശിരസ്സിൽ |
| പ്രജേശഭൂതേശ-സുരേശമുഖ്യാഃ | പ്രജാപതിമാരും, ഭൂതനാഥന്മാരും, ഇന്ദ്രാദി ദേവന്മാരും, | അർപ്പിതം | അർപ്പിക്കപ്പെട്ടതിനെ |
| | | ലോകഹിതം | ലോകക്ഷേമാർത്ഥം |
| വയം സർവേ | ഞങ്ങളെല്ലാവരും | വഹാമഃ | വഹിച്ചുകൊണ്ടിരിക്കുന്നവരോ (ആ സർവേശ്വരൻെറ |

ഭക്തനായ അംബരീഷനു വിദ്രോഹമേല്പിച്ച നിന്നെ രക്ഷിക്കാൻ എനിക്കാകയില്ല.)

55. **പ്രത്യാഖ്യാതോ വിരിഞ്ചേന വിഷ്ണുചക്രോപതാപിതഃ**
**ദുർവാസാഃ ശരണം യാതഃ ശർവം കൈലാസ വാസിനം**

| | | | |
|---|---|---|---|
| വിരിഞ്ചേന | ബ്രഹ്മാവിനാൽ | കൈലാസ-വാസിനം | കൈലാസഗിരിയിൽ വസിക്കുന്ന |
| പ്രത്യാഖ്യാതഃ | തിരസ്കരിക്കപ്പെട്ട | ശർവം | പരമശിവനെ |
| ദുർവസാഃ | ദുർവാസസ്സ് | ശരണംയാതഃ | ശരണം പ്രാപിച്ചു. |
| വിഷ്ണുചക്രോ-പതാപിതഃ | വിഷ്ണുചക്രത്താൽ തുടരെ ത്തപിപ്പിക്കപ്പെട്ടവനായിട്ട് | ശ്രീരുദ്ര ഉവാച | പരമശിവൻ പറഞ്ഞു |

56. **വയം ന താത പ്രഭവാമ ഭൂമ്നി**
**യസ്മിൻ പരേƽന്യേƽപ്യജജീവകോശാഃ**
**ഭവന്തി കാലേന ഭവന്തി ഹീദൃശാഃ**
**സഹസ്രശോ യത്ര വയം ഭ്രമാമഃ**

| | | | |
|---|---|---|---|
| താത | വത്സ, ദുർവാസസ്സേ! | പരേ | സർവാധികനായ |
| ഭൂമ്നി | മഹാമഹിമയെഴുന്ന ശ്രീഹരിയിൽ | യസ്മിൻ | യാതൊരുവനിൽ |
| | | അജജീവ-കോശാഃ | ബ്രഹ്മാണ്ഡങ്ങളാവുന്ന ജീവോപാധിവിഗ്രഹങ്ങൾ, |
| വയം | ഞങ്ങൾ | യത്ര | ആയവയിലാണ് |
| ന പ്രഭവാമഃ | പ്രഭവിക്കുകയില്ല. (ഏശുകയില്ല.) | വയം | ഞങ്ങൾ |
| ഹി | എന്തെന്നാൽ | ഭ്രമാമഃ | കറങ്ങുന്നത്– |

| | | | |
|---|---|---|---|
| ഈദൃശാഃ | ഇങ്ങനെയുള്ള | കാലേ | സൃഷ്ടികാലത്തിൽ |
| സഹസ്രശഃ | ആയിരക്കണക്കിൽ | ഭവന്തി | സംഭവിക്കയും |
| | അസംഖ്യങ്ങളായ | കാലേ | പ്രളയകാലത്തിൽ |
| അന്യേഅപി | മററുള്ളവയും | നഭവന്തി | നശിക്കയും ചെയ്യുന്നു. |

**57. അഹം സനത്കുമാരശ്ച നാരദോ ഭഗവാനജഃ**
**കപിലോഽപാന്തരതമോ ദേവലോ ധർമ്മ ആസുരിഃ**

**58. മരീചിപ്രമുഖാശ്ചാന്യേ സിദ്ധേശാഃ പാരദർശനാഃ**
**വിദാമ ന വയം സർവേ യന്മായാം മായയാഽവൃതാഃ**

**59. തസ്യ വിശ്വേശ്വരസ്യേദം ശസ്ത്രം ദുർവിഷഹം ഹി നഃ**
**തമേവ ശരണം യാഹി ഹരിസ്തേ ശം വിധാസ്യതി**

| | | | |
|---|---|---|---|
| അഹം | ഞാനും | ആവൃതാഃ | ആവരണംചെയ്യപ്പെട്ട വരായിട്ട് |
| സനത്കുമാരഃ | സനത്കുമാരനും | യന്മായാം | യാതൊരാളുടെ മായാ വൈഭവത്തെ |
| നാരദഃച | നാരദനും, മാത്രമല്ല | | |
| ഭഗവാൻ | സർവ്വജ്ഞാനനിധിയായ | | |
| അജഃ | ബ്രഹ്മാവ് | നവിദാമ | അറിയുന്നില്ലയോ, |
| കപില | കപിലവാസുദേവൻ | തസ്യ വിശ്വേശ്വരസ്യ | ആ അനന്തകോടി ബ്രഹ്മാണ്ഡങ്ങളുടെ ഏകനിയന്താവായ ശ്രീഹരിയുടെ |
| അപാന്തരതമഃ | അപാന്തരതമൻ, | | |
| ദേവലഃ | ദേവലൻ | | |
| ധർമ്മഃ | ധർമ്മദേവൻ | ഇദം ശസ്ത്രം | ഈ ആയുധം |
| ആസുരിഃ | ആസുരി എന്നിവരും | നഃ | ഞങ്ങൾക്ക് |
| മരീചിപ്രമുഖാഃച | മരീചിമുതലായുള്ള പ്രജാപതിമാരും, | ദുർവിഷഹം | പൊറുക്കാനോ ചെറുക്കാനോ ആയതല്ല. |
| അന്യേ | വേറെയുള്ള | ഹി | ആകയാൽ |
| സിദ്ധേശാഃ | സിദ്ധേശ്വരന്മാരും | തം ഏവ | തന്തിരുവടിയെത്തന്നെ |
| പാരദർശനാഃ | ജ്ഞാനത്തിന്റെ മറുകര കണ്ടവരാണ് | ശരണം യാഹി | ശരണം പ്രാപിക്കുക. |
| | | ഹരിഃ | ശ്രീഹരി |
| വയം സർവേ | (എങ്കിലും)ഞങ്ങളെല്ലാം | തേ ശം | നിനക്കു ക്ഷേമത്തെ |
| മായയാ | മായയാൽ | വിധാസ്യതി | വിധാനം ചെയ്തുകൊള്ളും |

**60. തതോ നിരാശോ ദുർവാസാഃ പദം ഭഗവതോ യയൗ**
**വൈകുണ്ഠാഖ്യം യദധ്യാസ്തേ ശ്രീനിവാസഃ ശ്രിയാ സഹ**

| | | | |
|---|---|---|---|
| നിരാശഃ | ആശകൈവിട്ട | തതഃ | അവിടെനിന്ന് |
| ദുർവാസഃ | ദുർവാസസ്സുമുനി | ഭഗവതഃ | വിഷ്ണുഭഗവാന്റെ |

| | |
|---|---|
| പദം | ആസ്ഥാനത്തിലേക്ക് |
| യയൗ | പോയി |
| വൈകുണ്ഠാഖ്യം | വൈകുണ്ഠമെന്ന നാമത്താൽ വിഖ്യാതമായ |
| യത് | യാതൊരിടത്തെ |
| ശ്രീനിവാസഃ | ശ്രീമഹാവിഷ്ണു |
| ശ്രിയാ സഹ | ശ്രീഭഗവതിയോടുകൂടി |
| അധ്യാസ്തേ | അധിവസിക്കുന്നു |

**61.** **സ ദഹ്യമാനോഽജിതശസ്ത്രവഹ്നിനാ**
**തത്പാദമൂലേ പതിതഃ സവേപഥു**
**ആഹാച്യുതാനന്ത സദീപ്സിത പ്രഭോ**
**കൃതാഗസം മാവ ഹി വിശ്വഭാവന**

| | |
|---|---|
| അജിതശസ്ത്ര-വഹ്നിനാ | ഭഗവാന്റെ ചക്രായുധത്തിൽ നിന്ന് പ്രസരിക്കുന്ന അഗ്നിയാൽ |
| ദഹ്യമാനഃ | ദഹിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന |
| സഃ | ആ ദുർവാസസ്സ് |
| സവേപഥുഃ | കിടുകിടെ ഉടൽ വിറച്ചുകൊണ്ട് |
| തത്പാദ-മൂലേ | അവിടുത്തെ തൃക്കാലടിയിൽ |
| പതിതഃ | ചെന്നുവീണ് |
| ആഹ | പറഞ്ഞു |
| അച്യുത | "ഹേ നിർവികാരാത്മൻ |
| അനന്ത | അപരിച്ഛിന്നമൂർത്തേ! |
| സദീപ്സിത | സത്തുക്കളുടെ അഭീഷ്ടമായുള്ളോവേ! |
| വിശ്വഭാവന | ലോകരക്ഷക! |
| പ്രഭോ | നിഗ്രഹാനുഗ്രഹസമർത്ഥനായുള്ളോവേ! |
| കൃതാഗസം മാ | അപരാധം ചെയ്ത എന്നെ |
| അവ ഹി | രക്ഷിക്കേണമേ! |

**62.** **അജാനതാ തേ പരമാനുഭാവം**
**കൃതം മയാഘം ഭവതഃ പ്രിയാണാം**
**വിധേഹി തസ്യാപചിതിം വിധാത-**
**ർമുച്യേത യന്നാമ്ന്യുദിതേ നാരകോഽപി**

| | |
|---|---|
| തേ | "നിന്തിരുവടിയുടെ |
| പരമാ-നുഭാവം | സർവോത്കൃഷ്ടമായ പ്രഭാവത്തെ |
| അജാനതാ | അറിയാതിരിക്കുന്ന |
| മയാ | എന്നാൽ |
| ഭവതഃ | നിന്തിരുവടിയുടെ |
| പ്രിയാണാം | പ്രിയജനങ്ങൾക്ക് |
| അഘം | ദുഃഖം |
| കൃതം | ഉണ്ടാക്കപ്പെട്ടു. |
| വിധാതഃ | പ്രപഞ്ചകർത്താവേ! |
| തസ്യ | അതിനുള്ള |
| അപചിതിം | പ്രായശ്ചിത്തം |
| വിധേഹി | കല്പിച്ചരുളിയാലും |
| യന്നാമ്നി | യാതൊരു ഭഗവാന്റെ തിരുനാമം |
| ഉദിതേ | ഉച്ചരിക്കപ്പെട്ടെന്നാൽ |
| നാരകഃഅപി | നരകവാസിപോലും |
| മുച്യേത | മുക്തനാകുമല്ലോ" |
| ശ്രീഭഗവാ | ശ്രീവിഷ്ണുഭഗവാൻ അരുളിച്ചെയ്തു |
| നുവാച | |

**63. അഹം ഭക്തപരാധീനോ ഹ്യസ്വതന്ത്ര ഇവ ദ്വിജ**
**സാധുഭിർഗ്രസ്തഹൃദയോ ഭക്തൈർ ഭക്തജനപ്രിയഃ**

| | | | |
|---|---|---|---|
| ദ്വിജ | ഹേ ബ്രാഹ്മണ! | സാധുഭിഃ | സദ്‌വൃത്തന്മാരായ |
| ഭക്ത- പരാധീന | ഭക്തന്മാരുടെ അടിമയായുള്ള | ഭക്തൈഃ | ഭക്തന്മാരാൽ |
| അഹം | ഞാൻ | ഗ്രസ്തഹൃദയഃ | ഗ്രസിക്കപ്പെട്ട ഹൃദയത്തോടുകൂടിയവനും |
| അസ്വതന്ത്രഃ | പരതന്ത്രൻ | ഭക്തജന - പ്രിയ | ഭക്തജനങ്ങൾ മാത്രം പ്രിയന്മാരായുള്ളവനുമാകുന്നു. |
| ഇവഹി | പോലെയാണല്ലോ | | |

**64. നാഹമാത്മാനമാശാസേ മദ്ഭക്തൈഃ സാധുഭിർവിനാ**
**ശ്രിയം ചാത്യന്തികീം ബ്രഹ്മൻ യേഷാം ഗതിരഹം പരാ**

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രാഹ്മണ! | അഹം | ഞാൻ |
| യേഷാം | യാതൊരുവർക്ക് | | |
| അഹം | ഞാൻ | ആത്മാനം | എന്നെത്തന്നെയും |
| പരാഗതിഃ | പരമാശ്രയമായിരിക്കുന്നുവോ | ആത്യന്തികീം | എന്നും വിട്ടുപിരിയാത്ത |
| സാധുഭിഃ | ആ വിശുദ്ധന്മാരായ | ശ്രിയം ച | ലക്ഷ്മിയെത്തന്നെയും |
| മദ്ഭക്തൈഃ വിനാ | എന്റെ ഭക്തന്മാരെ ഒഴിവാക്കിക്കൊണ്ട് | ന ആശാസേ | ആഗ്രഹിക്കുന്നില്ല. |

**65. യേ ദാരാഗാരപുത്രാപ്താൻ പ്രാണാൻ വിത്തമിമം പരം**
**ഹിത്വാ മാം ശരണം യാതാഃ കഥം ത്യക്തുമുത്സഹേ**

| | | | |
|---|---|---|---|
| യേ | യാതൊരുവർ | ഹിത്വാ | ഉപേക്ഷിച്ച് |
| ദാരാഗാര- പുത്രാപ്താൻ | ഭാര്യ - ഭവനം - മക്കൾ - ബന്ധുക്കൾ എന്നിങ്ങനെയുള്ളവരെയും | മാം | എന്നെ |
| | | ശരണംയാതാഃ | ശരണം പ്രാപിച്ചിരിക്കുന്നുവോ, |
| പ്രാണാൻ | ജീവനെയും, | താൻ | അവരെ |
| വിത്തം | ധനത്തെയും, | ത്യക്തും | കൈവിടുവാൻ |
| ഇമം | ഇഹലോകത്തെയും, | കഥം | എങ്ങനെ |
| പരം | പരലോകത്തെയും | ഉത്സഹേ | ഞാൻ ഉത്സാഹിക്കും |

**66. മയി നിർബദ്ധഹൃദയാഃ സാധവഃ സമദർശനാഃ**
**വശേ കുർവന്തി മാം ഭക്ത്യാ സത്സ്ത്രിയഃ സത്പതിം യഥാ**

| | | | |
|---|---|---|---|
| മയി | എന്നിൽ | സമദർശനാഃ | സമദർശനമുള്ളവരുമായ |
| നിർബദ്ധ- ഹൃദയാ | തികച്ചും ഉറച്ച ഹൃദയത്തോടുകൂടിയവരും | സാധവഃ | വിശുദ്ധന്മാർ |
| | | സത്സ്ത്രിയഃ | ഉത്തമ സ്ത്രീകൾ |

| | | | |
|---|---|---|---|
| സത്പതിം | ഉത്തമനായ ഭർത്താവിനെ | മാം | എന്നെ |
| യഥാ | എന്നപോലെ | | |
| ഭക്ത്യാ | നിഷ്കാമമായ പ്രേമ ഭാവനയാൽ | വശേ കുർവന്തി | സ്വാധീനത്തിലാക്കി വരുന്നു. |

**67. മത്സേവയാ പ്രതീതം ച സാലോക്യാദി ചതുഷ്ടയം**
**നേച്ഛന്തി സേവയാ പൂർണ്ണാഃ കുതോന്യത് കാലവിദ്രുതം**

| | | | |
|---|---|---|---|
| മത്സേവയാ | എന്നെ സേവിച്ചതുകൊണ്ട് | | നിഷ്കാമ ഭക്തന്മാർ |
| സാലോക്യാദി ചതുഷ്ടയം | സാലോക്യം മുതലായ നാലുവിധം മുക്തിയും* | ന ഇച്ഛന്തി | അതൊന്നും ആഗ്രഹിക്കമാറില്ല; |
| പ്രതീതം ച | സംപ്രാപ്തമാണെന്നിരിക്കിലും | കാലവിദ്രുതം | കാലത്താൽ നശിച്ചുപോകുന്ന |
| സവയാ | സേവനം കൊണ്ടുതന്നെ | അന്യത് | മററുള്ളസ്വർഗ്ഗാദിഭോഗത്തെ |
| പൂർണ്ണാഃ | തികച്ചും സന്തൃപ്തരായ | കുതഃ | ആഗ്രഹിക്കുന്നതെങ്ങനെ |

*സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം എന്നീ ചതുർവിധ മുക്തിഭേദങ്ങൾ

**68. സാധവോ ഹൃദയം മഹ്യം സാധൂനാം ഹൃദയം ത്വഹം**
**മദന്യത്തേ ന ജാനന്തി നാഹം തേഭ്യോ മനാഗപി**

| | | | |
|---|---|---|---|
| സാധവഃ | വിശുദ്ധ ഭക്തന്മാർ | മദന്യത് | എന്നിൽനിന്ന് അന്യമായതിനെ |
| മഹ്യം | എന്റെ | | |
| ഹൃദയം | ഹൃദയമാകുന്നു. | നജാനന്തി | അറിയുന്നില്ല. |
| അഹം തു | ഞാനാകട്ടെ | അഹം | ഞാൻ |
| സാധൂനാം | വിശുദ്ധ ഭക്തന്മാരുടെ | തേഭ്യഃ | അവരിൽനിന്ന് |
| ഹൃദയം | ഹൃദയവുമാകുന്നു | മനാക് അപി | അന്യമായിട്ടെന്തെങ്കിലും |
| തേ | അവർ | (ന ജാനാമി) | അറിയുന്നില്ല |

**69. ഉപായം കഥയിഷ്യാമി തവ വിപ്ര ശൃണുഷ്വ തത്**
**അയം ഹ്യാത്മാഭിചാരസ്തേ യതസ്തം യാതു വൈ ഭവാൻ**
**സാധുഷു പ്രഹിതം തേജഃ പ്രഹർത്തുഃ കുരുതേഽശിവം**

| | | | |
|---|---|---|---|
| വിപ്ര | ഹേ വേദജ്ഞ! | തത് | അതിനെ |
| തവ | അങ്ങേയ്ക്ക് | ശൃണുഷ്വ | കേട്ടുകൊൾക |
| ഉപായം | ഒരു പോംവഴി | ഹി | ആയതെന്തെന്നാൽ |
| കഥയിഷ്യാമി | പറഞ്ഞുതരാം | തേ | അങ്ങയുടെ |

| | | | |
|---|---|---|---|
| അയം ആത്മാ-ഭിചാരഃ | ഈ സ്വയംകൃതമായ മാരണക്രിയ | സാധുഷു | സദ്വൃത്തന്മാരായ ഭക്തജനങ്ങളിൽ |
| യതഃ | ആരുടെ അടുക്കൽനിന്ന് | | |
| (അഭൂത്) | തിരിച്ചടിയായി സംഭവിച്ചുവോ, | പ്രഹിതം | പ്രയോഗിക്കപ്പെട്ട |
| | | തേജഃ | തീക്ഷ്ണമായ പ്രഹരം |
| തം വൈ | ആ ആളിനെത്തന്നെ | പ്രഹർത്തുഃ | പ്രഹരമേല്പിച്ചവന്ന് |
| ഭവാൻ | അങ്ങ് | അശിവം | അനർത്ഥത്തെ |
| യാതു | സമീപിക്കുക | കുരുതേ | ഉണ്ടാക്കുന്നു. |

''തപോവിദ്യാസമ്പന്നനായി എന്നിട്ടും എനിക്ക് ഈ അനർത്ഥം സംഭവിച്ചതെങ്ങനെ ?'' ഈ പ്രശ്നം ഉള്ളിൽ കരുതി ആശ്ചര്യപ്പെടേണ്ടതില്ലെന്ന് ഓർമ്മിപ്പിക്കുന്നു.

**70. തപോ വിദ്യാ ച വിപ്രാണാം നിഃ ശ്രേയസകരേ ഉഭേ**
**തേ ഏവ ദുർവിനീതസ്യ കല്പേതേ കർത്തുരന്യഥാ**

| | | | |
|---|---|---|---|
| തപഃ | തപസ്സ് | തേ ഏവ | (എന്നാൽ) അവരണ്ടും |
| വിദ്യാ ച | ജ്ഞാനം എന്നിവ | ദുർവിനീതസ്യ | വിനയശൂന്യനായ (ഔദ്ധത്യമുള്ള) |
| ഉഭേ | രണ്ടും | | |
| വിപ്രാണാം | ബ്രാഹ്മണർക്ക് | കർത്തുഃ | കർത്താവിന്ന് |
| നിഃശ്രേയസ-കരേ | മുക്തിസാധകങ്ങളായ കാര്യങ്ങളാകുന്നു. | അന്യഥാ | മറിച്ചാകുവാനും |
| | | കല്പേതേ | ഉതകുന്നതാണ് |

**71. ബ്രഹ്മൻ തദ്ഗച്ഛ ഭദ്രം തേ നാഭാഗതനയം നൃപം**
**ക്ഷമാപയ മഹാഭാഗം തതഃ ശാന്തിർഭവിഷ്യതി**

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രാഹ്മണ ! | ക്ഷമാപയ | ക്ഷമായാചനചെയ്യു |
| തത്ഗച്ഛ | അതുകൊണ്ട്, പോകാം | തതഃ | അവിടെനിന്ന് |
| മഹാഭാഗം നാഭാഗ-തനയം | മഹാഭാഗനും നാഭാഗന്റെ പുത്രനുമായ | ശാന്തിഃ | ക്ലേശശമനം |
| | | ഭവിഷ്യതി | ഉണ്ടാകും. |
| നൃപം | അംബരീഷ രാജാവിനെ (സമീപിച്ച്) | തേ ഭദ്രം | അങ്ങേയ്ക്കു നന്മ വരട്ടെ! |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ അംബരീഷചരിതേ

ചതുർത്ഥോദ്ധ്യായഃ ആദിതഃ ശ്ലോകാഃ 185

നവമസ്കന്ധത്തിൽ നാലാമദ്ധ്യായം കഴിഞ്ഞു.

# പഞ്ചമോഽധ്യായഃ = അധ്യായം അഞ്ച്

## ദുർവാസസ്സിൻെറ സങ്കടനിവൃത്തി.

"പഞ്ചമേ വിഷ്ണുചക്രം തു പ്രസാദ്യ പ്രാണസങ്കടാത്
ദുർവാസാ രക്ഷിതസ്തേന യഥാ തദ്വൃത്തമീര്യതേ"

ഈ അഞ്ചാമധ്യായത്തിൽ അംബരീഷമഹാരാജാവ് വിഷ്ണുചക്രത്തെ സ്തുതിച്ച് പ്രസാദിപ്പിച്ച് ദുർവാസസ്സുമുനിയെ പ്രാണസങ്കടത്തിൽനിന്ന് രക്ഷിച്ചതായ കഥയാണ് പ്രതിപാദിക്കപ്പെടുന്നത്.

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു

**1. ഏവം ഭഗവതാഽഽദിഷ്ടോ ദുർവാസാശ്ചക്രതാപിതഃ**
**അംബരീഷമുപാവൃത്യ തത്പാദൗ ദുഃഖിതോഽഗ്രഹീത്**

| | | | |
|---|---|---|---|
| ചക്രതാപിതഃ | വിഷ്ണുചക്രത്താൽ തപിപ്പിക്കപ്പെട്ട് | ആദിഷ്ടഃ | ആദേശിക്കപ്പെട്ടിട്ട് |
| ദുഃഖിതഃ | ദുഃഖിതനായിത്തീർന്ന് | അംബരീഷം ഉപാവൃത്യ | അംബരീഷൻെറ അടുക്കലേക്കുതന്നെ തിരിച്ചുവന്ന് |
| ദുർവാസാഃ | ദുർവാസസ്സ് | തത്പാദൗ | അദ്ദേഹത്തിൻെറ കാലു രണ്ടും |
| ഏവം | ഇപ്രകാരം | | |
| ഭഗവതാ | ഭഗവാനാൽ | അഗ്രഹീത് | പിടിച്ചു. |

**2. തസ്യ സോദ്യമനം വീക്ഷ്യ പാദസ്പർശവിലജ്ജിതഃ**
**അസ്താവീത് തദ്ധരേരസ്ത്രം കൃപയാ പീഡിതോ ഭൃശം**

| | | | |
|---|---|---|---|
| തസ്യ | ആ മുനിയുടെ | കൃപയാ | കാരുണ്യത്താൽ |
| ഉദ്യമനം | അമ്പരിപ്പിനെ | ഭൃശം | അത്യന്തം |
| വീക്ഷ്യ | കണ്ട്, | | |
| പാദസ്പർശ–വിലജ്ജിതഃ | പാദസ്പർശനത്താൽഏറ്റവും ലജ്ജിതനായിഭവിച്ച് | പീഡിതഃ | പീഡിതനായിട്ട് |
| | | തത് അസ്ത്രം | ആ ചക്രായുധത്തെ |
| സഃ | അദ്ദേഹം (അംബരീഷൻ) | അസ്താവീത് | സ്തുതിച്ചു. |

മഹാനുഭാവനായ ദുർവാസസ്സുമുനി തൻെറ കാൽ പിടിച്ചതിൽ രാജാവുസ്വയം ലജ്ജിച്ചു. മുനിയോടു കലശലായ സഹതാപം തോന്നുകയാൽ അദ്ദേഹത്തെ പ്രാണസങ്കടത്തിൽനിന്ന് മോചിപ്പിക്കുവാൻ സുദർശനചക്രത്തെ സ്തുതിച്ചുതുടങ്ങി. സുദർശനത്തെ വിഷ്ണുസ്വരൂപമായി ഭാവനചെയ്തുകൊണ്ടുള്ള ആ സ്തുതികളാണ് ഇനിയുള്ള ഒമ്പതു ശ്ലോകങ്ങൾ.

അംബരീഷ ഉവാച — അംബരീഷൻ സ്തുതിചൊല്ലി

**3. ത്വമഗ്നിർ ഭഗവാൻ സൂര്യസ്ത്വം സോമോ ജ്യോതിഷാം പതിഃ**
**ത്വമാപസ്ത്വം ക്ഷിതിർവ്യോമ വായുർമ്മാത്രേന്ദ്രിയാണി ച**

| | | | |
|---|---|---|---|
| ഭഗവാൻ | സാക്ഷാൽ ഭഗവാൻ തന്നെയായ | ത്വം | നിന്തിരുവടിയാണ് |
| ത്വം | നിന്തിരുവടി | ആപഃ ക്ഷിതിഃ | ജലവും ഭൂമിയും |
| അഗ്നിഃ | അഗ്നിയും | വ്യോമ വായുഃ | ആകാശവും വായുവും |
| സൂര്യഃ | ആദിത്യനുമാകുന്നു. | ത്വം | നിന്തിരുവടിയാണ് |
| ജ്യോതിഷാം | നക്ഷത്രങ്ങളുടെ | മാത്രേന്ദ്രിയാണി ച ത്വം | ഭൂതതന്മാത്രകളും ഇന്ദ്രിയങ്ങളും നിന്തിരുവടിതന്നെ |
| പതിഃ സോമഃ | നാഥനായ ചന്ദ്രൻ | | |

**4. സുദർശന നമസ്തുഭ്യം സഹസ്രാരാച്യുതപ്രിയ**
**സർവ്വാസ്ത്രഘാതിൻ വിപ്രായ സ്വസ്തിഭൂയാ ഇഡസ്പതേ**

| | | | |
|---|---|---|---|
| സഹസ്രാര | ആയിരം ആരങ്ങളോടു കൂടിയ | സർവ്വാസ്ത്രഘാതിൻ | സർവ്വായുധങ്ങളുടെയും സംഹർത്താവേ! |
| സുദർശന | ഹേ സുദർശന മൂർത്തേ! | ഇഡസ്പതേ | ഭൂലോകനാഥ! |
| തുഭ്യം | അവിടുത്തേക്ക് | വിപ്രായ | ബ്രാഹ്മണനായ ദുർവ്വാസസ്സിന്ന് |
| നമഃ | നമസ്കാരം | | |
| അച്യുതപ്രിയ | ശ്രീഹരിക്കു പ്രീതിദനായുള്ളോവേ! | സ്വസ്തി | ശരണമായി |
| | | ഭൂയാഃ | ഭവിക്കണമേ! |

**5. ത്വം ധർമ്മസ്ത്വമൃതം സത്യം ത്വം യജ്ഞോऽഖിലയജ്ഞ ഭുക്**
**ത്വം ലോകപാലഃ സർവ്വാത്മാ ത്വം തേജഃ പൗരുഷം പരം**

| | | | |
|---|---|---|---|
| ത്വം | നിന്തിരുവടി | ത്വം | ഭവാൻ |
| ധർമ്മഃ | ധർമ്മസ്വരൂപമാകുന്നു | സർവ്വാത്മാ | സമസ്തചരാചരങ്ങളുടെയും സ്വരൂപമായിവർത്തിക്കുന്ന |
| ഋതം സത്യം | നേരും നെറിയും | | |
| ത്വം | നിന്തിരുവടിതന്നെ | പൗരുഷം | പരമപുരുഷനെ (ഈശ്വരനെ) സംബന്ധിച്ച |
| യജ്ഞഃ | യജ്ഞസ്വരൂപവും | | |
| അഖിലയജ്ഞഭുക് | സർവ്വയജ്ഞങ്ങളുടെയും ഭോക്താവും | പരം | പരമമായ |
| ത്വം | നിന്തിരുവടിയാണ് | തേജഃ | പ്രഭാവവും |
| ലോകപാലഃ | ലോകപാലനായ | ത്വം | ഭവാനാണ് |

''സഐക്ഷത'' ഇത്യാദിശ്രുതിവാക്യങ്ങളാൽ സംസിദ്ധമാകുന്നതു ഭഗവാന്റെ ശോഭനമായ ദർശനം (സുദർശനം) ദൃശ്യപ്രപഞ്ചത്തിന്റെ ഉപാദാനകാരണമായെന്നാണല്ലോ. അതിനാൽ സുദർശനം സമസ്തചരാചരങ്ങളുടെ സ്വരൂപമാകയാൽ ''സർവ്വാത്മാ'' വാകുന്നു.

6. **നമഃ സ്വനാഭാഖിലധർമ്മസേതവേ**
**ഹ്യധർമ്മശീലാസുരധൂമകേതവേ**
**ത്രൈലോക്യഗോപായ വിശുദ്ധവർച്ചസേ**
**മാനോജവായാദ്ഭുതകർമ്മണേ ഗൃണേ**

| | | | |
|---|---|---|---|
| ഹി | ആകയാൽ | വിശുദ്ധവർച്ചസേ | അത്യുജ്ജ്വലമായ തേജസ്സോടു കൂടിയവനായും |
| സ്വനാഭ | ഹേ സ്വനാഭ | | |
| അഖിലധർമ്മസേതവേ | സർവ്വധർമ്മങ്ങളുടെയും അവധിയായും | മനോജവാ | മനോവേഗമെഴുന്നവനായും |
| അധർമ്മശീലാസുരധൂമകേതവേ | അധർമ്മതത്പരന്മാരായ അസുരന്മാർക്കു ധൂമകേതുവായും | അദ്ഭുതകർമ്മണേ | ആശ്ചര്യകരങ്ങളായ കർമ്മങ്ങളോടുകൂടിയവനായും ഇരിക്കുന്ന നിന്തിരുവടിക്ക് |
| ത്രൈലോക്യഗോപായ | ലോകത്രയത്തിന്റെ രക്ഷകനായും | നമഃ ഗൃണേ | നമോവാകമർപ്പിക്കുന്നു. |

7. **ത്വത്തേജസാ ധർമ്മമയേന സംഹൃതം**
**തമഃ പ്രകാശശ്ച ധൃതോ മഹാത്മനാം**
**ദുരത്യയസ്തേ മഹിമാ ഗിരാം പതേ**
**ത്വദ്രൂപമേതത് സദസത് പരാവരം**

| | | | |
|---|---|---|---|
| ധർമ്മമയേന | ധർമ്മസ്വരൂപമായ | തേ മഹിമാ | താവകമാഹാത്മ്യം |
| ത്വത്തേജസാ | ഭവാന്റെ തേജസ്സിനാൽ | ദുരത്യയഃ | അനതിക്രമണീയമത്രേ |
| മഹാത്മനാം | മഹാത്മക്കളുടെ | സദസത് | കാര്യകാരണരൂപമായും |
| തമഃ | അജ്ഞാനതിമിരം | പരാവരം | ഉത്കൃഷ്ടാപകൃഷ്ടരൂപമായും സ്ഥിതിചെയ്യുന്ന |
| സംഹൃതം | നശിപ്പിക്കപ്പെടുന്നു; | | |
| പ്രകാശഃ | ജ്ഞാനത്തിന്റെവെളിച്ചം | ഏതത് | ഈ വിശ്വം |
| ധൃതഃ ച | തെളിയിക്കപ്പെടുകയും ചെയ്യുന്നു | ത്വദ്രൂപം | അങ്ങയാൽ പ്രകാശിക്കപ്പെട്ടതാണ്. |
| ഗിരാം പതേ | ഹേ വാചസ്പതേ! | | |

8. **യദാ വിസൃഷ്ടസ്ത്വമനഞ്ജനേന വൈ**
**ബലം പ്രവിഷ്ടോ ജിത ദൈത്യദാനവം**
**ബാഹൂദരോർവ്വങ്ഘ്രി ശിരോധരാണി**
**വൃക്ണന്നജസ്രം പ്രധനേ വിരാജസേ**

| | | | |
|---|---|---|---|
| അജിത | ഒരുവനാലും ജയിക്കപ്പെടാത്ത പ്രഭോ! | വിസൃഷ്ടഃ | വിട്ടയക്കപ്പെട്ടുവോ |
| | | (തദാ) | അപ്പോഴെല്ലാം |
| ത്വം | നിന്തിരുവടി | ദൈത്യദാനവം | ദൈത്യന്മാരുടെയും ദാനവന്മാരുടെയുമായ |
| അനഞ്ജനേന | ശ്രീഹരിയാൽ | | |
| യദാ വൈ | എപ്പോഴെല്ലാം | ബലം | സേനാസമൂഹത്തിലേക്ക് |

| | |
|---|---|
| പ്രവിഷ്ടഃ | കടന്നുചെന്ന് |
| ബാഹൂദരോ- രുങ്ഘ്രിശി രോ- ധരാണി | അവരുടെ കൈയും വയറും തുടയും കാലും കഴുത്തും |
| വൃക്ണന് | അറുത്തിട്ടുണ്ട് |
| അജസ്രം | ഇടതടവില്ലാതെ |
| പ്രധനേ | സമരാങ്കണത്തിൽ |
| വിരാജസേ | പരിശോഭിക്കുന്നു. |

**9. സ ത്വം ജഗത്ത്രാണ ഖലപ്രണാഹയേ**
**നിരൂപിതഃ സർവ്വസഹോ ഗദാഭൃതാ**
**വിപ്രസ്യ ചാസ്മത്കുലദൈവഹേതവേ**
**വിധേഹി ഭദ്രം തദനുഗ്രഹോ ഹി നഃ**

| | |
|---|---|
| ജഗത്ത്രാണ | ഹേ ലോകരക്ഷക! |
| സർവ്വസഹഃ | സർവ്വസഹനക്ഷമനായ |
| സഃ ത്വം | ആ നിന്തിരുവടി |
| ഖല- പ്രണാഹയേ | ദുഷ്ടന്മാരെ പ്രഹരിക്കുവാൻ വേണ്ടി മാത്രം |
| ഗദാഭൃതാ | ശ്രീഹരിയാൽ |
| നിരൂപിതഃ | സങ്കല്പിക്കപ്പെട്ടവനത്രേ |
| അസ്മത് - കുലദൈവ- ഹേതവേ | ഞങ്ങളുടെ കുലത്തിന്റെ ഭാഗധേയത്തെ നിമിത്തീകരിച്ച് |
| വിപ്രസ്യ ച | ബ്രാഹ്മണനും കൂടിയായ ഇദ്ദേഹത്തിന് |
| ഭദ്രം | അഭയത്തെ |
| വിധേഹി | അരുളിയാലും |
| ഹി തത് | എന്തെന്നാൽ, അത് |
| നഃ | ഞങ്ങൾക്ക് |
| അനുഗ്രഹഃ | അനുഗ്രഹമാകുന്നു. |

അംബരീഷൻ തനിക്കുള്ള സമസ്തസുകൃതവും സമർപ്പിച്ചുകൊണ്ട് അടുത്ത രണ്ടു ശ്ലോകങ്ങളാൽ വിപ്രരക്ഷയെ യാചിക്കുന്നു.

**10. യദ്യസ്തി ദത്തമിഷ്ടം വാ സ്വധർമ്മോ വാ സ്വനുഷ്ഠിതഃ**
**കുലം നോ വിപ്രദൈവം ചേദ്ദ്വിജോ ഭവതു വിജ്വരഃ**

| | |
|---|---|
| ദത്തം | ദാനംചെയ്യപ്പെട്ടതോ, |
| ഇഷ്ടം വാ | യാഗാദികർമ്മം ചെയ്യപ്പെട്ടതോ, |
| സ്വധർമ്മഃ | സ്വധർമ്മം |
| സ്വനുഷ്ഠിതഃ വാ | വഴിപോലെ നിർവഹിക്കപ്പെട്ടതോ ആയിട്ട് |
| യദി അസ്തി | ഉണ്ടെങ്കിൽ— |
| നഃ കുലം | ഞങ്ങളുടെ വംശം |
| വിപ്രദൈവം ചേത് | ബ്രാഹ്മണരെ ദൈവമായി കരുതുന്നതായ ഒന്നാണെങ്കിൽ |
| ദ്വിജഃ | ഈ ബ്രാഹ്മണൻ |
| വിജ്വരഃ | ക്ലേശരഹിതനായി |
| ഭവതു | ഭവിക്കട്ടെ |

**11. യദി നോ ഭഗവാൻ പ്രീത ഏകഃ സർവ്വഗുണാശ്രയഃ**
**സർവ്വഭൂതാത്മഭാവേന ദ്വിജോ ഭവതു വിജ്വരഃ**

| | |
|---|---|
| സർവ്വഭൂതാ- ത്മഭാവേന | സകലസൃഷ്ടികളിലും അന്തര്യാമിഭാവേന സ്ഥിതനായി |
| സർവ്വഗുണാ- ശ്രയഃ | സകലപ്രകൃതികാര്യങ്ങൾക്കും ആശ്രയഭൂതനായി |

| | | | |
|---|---|---|---|
| ഏകഃ | കേവലാത്മാവായി വർത്തിക്കുന്ന | പ്രീതഃയദി | പ്രീതിയുള്ളവനാണെങ്കിൽ |
| ഭഗവാൻ | ഈശ്വരൻ | ദ്വിജഃ | ബ്രാഹ്മണൻ(ദുർവാസസ്സ്) |
| | | വിജ്വരഃ | ക്ലേശരഹിതനായി |
| നഃ | എന്നിൽ | ഭവതു | ഭവിക്കട്ടെ. |

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു–

**12. ഇതി സംസ്തുവതോ രാജ്ഞോ വിഷ്ണുചക്രം സുദർശനം**
**അശാമ്യത് സർവതോ വിപ്രം പ്രദഹദ്രാജയാച്ഞയാ**

| | | | |
|---|---|---|---|
| ഇതി | ഈ വിധം | വിഷ്ണുചക്രം | വിഷ്ണുചക്രമായ |
| രാജ്ഞഃ | രാജാവ് | സുദർശനം | സുദർശനം |
| സംസ്തുവതഃ | സ്തുതിച്ചുകൊണ്ടിരിക്കെ, | രാജ–യാച്ഞയാ | രാജാവിന്റെ വിനീതമായ അഭ്യർത്ഥനായാൽ |
| വിപ്രം | ദുർവാസസ്സുമുനിയെ | | |
| സർവതഃ | നാലുഭാഗത്തുനിന്നും | | |
| പ്രദഹത് | എരിയിച്ചുകൊണ്ടിരുന്ന | അശാമ്യത് | ശമിച്ചു. |

**13. സമുക്തോഽസ്ത്രതാപേന ദുർവാസാഃ സ്വസ്തിമാംസ്തതഃ**
**പ്രശസംസ തമുർവീശം യുഞ്ജാനഃ പരമാശിഷഃ**

| | | | |
|---|---|---|---|
| അസ്ത്രതാപേന | ചക്രായുധത്തിന്റെ ചൂടിനാൽ | തതഃ | അനന്തരം |
| മുക്തഃ | മോചിക്കപ്പെട്ടവനും | പരമാശിഷഃ | ശ്രേയസ്കരങ്ങളായ ആശിസ്സുകളെ |
| സ്വസ്തിമാൻ | സുഖം ലഭിച്ചവനുമായി ഭവിച്ചു | യുഞ്ജാനഃ | ഉപയോഗിച്ചുകൊണ്ട് |
| | | തം ഉർവീശം | ആ രാജാവിനെ |
| സഃ ദുർവാസാഃ | ആ ദുർവാസസ്സ് | പ്രശശംസ | പ്രശംസിച്ചു. |

ദുർവാസാ ഉവാച — ദുർവാസസ്സ് പറഞ്ഞു–

**14. അഹോ അനന്തദാസാനാം മഹത്ത്വം ദൃഷ്ടമദ്യ മേ**
**കൃതാഗസോഽപി യദ്രാജന്മംഗലാനി സമീഹസേ**

| | | | |
|---|---|---|---|
| അഹോ | അത്യദ്ഭുതം! | യത് | എന്തെന്നാൽ, |
| അനന്ത-ദാസാനാം | വിഷ്ണുഭക്തന്മാരുടെ | രാജൻ | രാജാവേ! അങ്ങുന്ന് |
| | | കൃതാഗസഃ അപി | അപരാധം ചെയ്തവനും കൂടിയും |
| മഹത്ത്വം | മഹിമ | | |
| മേ അദ്യ | എന്നാൽ ഇന്ന് | മംഗലാനി | ഭാവുകങ്ങളെ |
| ദൃഷ്ടം | ദർശിക്കപ്പെട്ടു | സമീഹസേ | നേരുന്നുവല്ലോ. |

**15. ദുഷ്കരം കിന്നു സാധൂനാം ദുസ്ത്യജം വാ മഹാത്മനാം**
**യൈഃ സംഗൃഹീതോ ഭഗവാൻ സാത്വതാമൃഷഭോ ഹരിഃ**

| | | | |
|---|---|---|---|
| സാത്വതാം ഋഷഭഃ | ഭക്തജനങ്ങളുടെ പരിപാലകനും | മഹാത്മനാം | ആ മഹാമനസ്കന്മാരായ |
| ഭഗവാൻ | സമഗ്രൈശ്വര്യാദിപരിപൂർണ്ണനുമായ | സാധൂനാം | സുചരിതന്മാർക്ക് |
| ഹരിഃ | ശ്രീമഹാവിഷ്ണു | ദുഷ്കരം | ചെയ്‌വാൻ അസാധ്യമായതോ, |
| യൈഃ | യാതൊരുവരാൽ | ദുസ്ത്യജംവാ | ത്യജിക്കാനാവാത്തതോ ആയിട്ട് |
| സംഗൃഹീതഃ | സ്വാധീനിക്കപ്പെട്ടിരിക്കുന്നുവോ, | കിം നു | എന്തിരിക്കുന്നു? |

**16. യന്നാമശ്രുതിമാത്രേണ പുമാൻ ഭവതി നിർമ്മലഃ**
**തസ്യ തീർത്ഥപദഃ കിം വാ ദാസാനാമവശിഷ്യതേ**

| | | | |
|---|---|---|---|
| യന്നാമശ്രുതി-മാത്രേണ | യാതൊരുവന്റെ നാമങ്ങളുടെശ്രവണം കൊണ്ടു തന്നെ | തസ്യ | ആ |
| | | തീർത്ഥപദഃ | തീർത്ഥപാദന്റെ |
| പുമാൻ | മനുഷ്യൻ | ദാസാനാം | ദാസന്മാർക്കു |
| നിർമ്മലഃ | പാപനിർമ്മുക്തനായി | കിം വാ | എന്തൊന്ന് |
| ഭവതി | ഭവിക്കുന്നുവോ, | അവശിഷ്യതേ | ബാക്കിനില്ക്കുന്നു? |

**17. രാജന്നനുഗൃഹീതോഽഹം ത്വയാതികരുണാത്മനാ**
**മദഘം പൃഷ്ഠതഃ കൃത്വാ പ്രാണാ യന്മേഽഭിരക്ഷിതാഃ**

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | യത് | എന്തെന്നാൽ |
| അതി കരുണാത്മനാ | അതികാരുണ്യം കലർന്ന മാനസത്തോടുകൂടിയ | മദഘം | എന്റെ അപരാധത്തെ |
| ത്വയാ | അങ്ങയാൽ | പൃഷ്ഠതഃ കൃത്വാ | പിൻതള്ളിയിട്ട് |
| അഹം | ഞാൻ | മേ പ്രാണാഃ | എന്റെ ജീവൻ |
| അനുഗൃഹീതഃ | അനുഗൃഹീതനായി | അഭിരക്ഷിതാഃ | രക്ഷിക്കപ്പെട്ടുവല്ലോ. |

അടുത്ത രണ്ടുശ്ലോകം ശുകോക്തിയാണ്.

**18. രാജാ തമകൃതാഹാരഃ പ്രത്യാഗമനകാംക്ഷയാ**
**ചരണാവുപസംഗൃഹ്യ പ്രസാദ്യ സമഭോജയത്**

| | | | |
|---|---|---|---|
| പ്രത്യാഗമന-കാംക്ഷയാ | (മുനിയുടെ) പ്രത്യാഗമനത്തിലുള്ള പ്രതീക്ഷ കൊണ്ട് | അകൃതാഹാരഃ | ഭക്ഷണം കഴിക്കാതെയിരുന്ന |
| | | രാജാ | അംബരീഷരാജാവ് |

| | | | |
|---|---|---|---|
| ചരണൗ | മുനിയുടെ പാദങ്ങളെ | പ്രസാദ്യ | പ്രസാദിപ്പിച്ച് |
| | | തം | അദ്ദേഹത്തെ |
| ഉപസംഗൃഹ്യ | പിടിച്ചുവണങ്ങി | സമഭോജയത് | സാദരം ഭുജിപ്പിച്ചു. |

**19. സോഽശിത്വാ ദൃതമാനീതമാതിഥ്യം സാർവകാമികം**
**തൃപ്താത്മാ നൃപതിം പ്രാഹ ഭുജ്യതാമിതി സാദരം**

| | | | |
|---|---|---|---|
| സഃ | ആ മുനി | തൃപ്താത്മാ | സംതൃപ്തചിത്തനായിട്ട് |
| ആദൃതം | ആദരപൂർവ്വം | സാദരം | ആദരവോടെ |
| ആനീതം | ആനയിക്കപ്പെട്ടതും | നൃപതിം | രാജാവിനോട് |
| സാർവകാമികം | ഇഷ്ടത്തിനെല്ലാമൊത്തതുമായ | പ്രാഹ | പറഞ്ഞു– |
| ആതിഥ്യം | അതിഥി സൽക്കാരത്തെ | ഭുജ്യതാം | ''ഭക്ഷണം കഴിക്കാം'' |
| അശിത്വാ | അനുഭവിച്ച് | ഇതി | എന്നിങ്ങനെ |

ദുർവാസസ്സ് രാജാവിനെ ശ്ലാഘിച്ചു പറഞ്ഞത് ഇനി രണ്ടു ശ്ലോകം കൊണ്ടു കാണിക്കുന്നു.

**20. പ്രീതോഽസ്മ്യനുഗൃഹീതോഽസ്മി തവ ഭാഗവതസ്യ വൈ**
**ദർശനസ്പർശനാലാപൈരാതിഥ്യേനാത്മമേധസാ**

| | | | |
|---|---|---|---|
| ഭാഗവതസ്യ | ഭഗവദ്ഭക്തനായ | ആത്മമേധസാ | ആത്മാവിൽ (ഈശ്വരനിൽ) അർപ്പിതമായ സങ്കല്പത്തോടുകൂടിയ |
| തവ | അങ്ങയുടെ | ആതിഥ്യേന | അതിഥിസല്ക്കാരത്താലും |
| ദർശന–സ്പർശനാ–ലാപൈഃ | ദർശനം, സ്പർശനം, സംഭാഷണം എന്നിവയാലും | പ്രീതഃ അസ്മി | സന്തുഷ്ടനായിരിക്കുന്നു; |
| | | അനുഗൃഹീതഃ | അനുഗ്രഹിക്കപ്പെട്ടവനും |
| | | അസ്മി വൈ | ആയിരിക്കുന്നു. |

**21. കർമ്മാവദാതമേതത്തേ ഗായന്തി സ്വഃസ്ത്രിയോ മുഹുഃ**
**കീർത്തിം പരമപുണ്യാം ച കീർത്തയിഷ്യതി ഭൂരിയം**

| | | | |
|---|---|---|---|
| തേ | അങ്ങയുടെ | ഇയം ഭൂഃ | ഈ ഭൂമി (ഭൂവാസികൾ) |
| അവദാതം | നിർമ്മലമായ | പരമപുണ്യാം | പരമപാവനമായ |
| ഏതത് കർമ്മ | ഈ പ്രവൃത്തിയെ | കീർത്തിം ച | അങ്ങയുടെ കീർത്തിയെയും |
| സ്വഃസ്ത്രിയഃ | സ്വർഗ്ഗസ്ത്രീകൾ | കീർത്തയിഷ്യതി | കീർത്തിക്കുന്നതാണ് |
| മുഹുഃ | തുടരെത്തുടരെ | ശ്രീശുക ഉവാച | ശ്രീശുകൻ പറഞ്ഞു |
| ഗായന്തി | പാടിപ്പുകഴ്ത്തും | | |

**22. ഏവം സംകീർത്ത്യ രാജാനം ദുർവാസാഃ പരിതോഷിതഃ**
**യയൗ വിഹായസാഽമന്ത്ര്യ ബ്രഹ്മലോകമഹേതുകം**

| | | | |
|---|---|---|---|
| പരിതോഷിതഃ | സന്തുഷ്ടനാക്കപ്പെട്ട | ആമന്ത്ര്യ | യാത്രപറഞ്ഞശേഷം |
| ദുർവാസാഃ | ദുർവാസ്സുമുനി | വിഹായസാ | ആകാശമാർഗ്ഗത്തിലൂടെ |
| ഏവം | ഇപ്രകാരം | അഹേതുകം | നിരുദ്ദേശ്യമായി |
| രാജാനം | രാജാവിനെ | ബ്രഹ്മലോകം | സത്യലോകത്തിലേക്ക് |
| സംകീർത്ത്യ | പ്രകീർത്തിച്ച് | യയൗ | പോയി |

**23. സംവത്സരോഽത്യഗാത്താവദ്യാവതാ നാഗതോ ഗതഃ**
**മുനിസ്തദ്ദർശനാകാംക്ഷോ രാജാഽബ്ഭക്ഷോ ബഭൂവ ഹ**

| | | | |
|---|---|---|---|
| ഗതഃ മുനിഃ | പോയിരുന്ന മുനി | രാജാ | രാജാവാകട്ടെ |
| യാവതാ | എത്രകാലം കൊണ്ട് | തദ്ദർശനാ– | അദ്ദേഹത്തെ കാണുവാനു |
| അനാഗതഃ | തിരിച്ചെത്താതിരുന്നുവോ | കാംക്ഷഃ | ള്ള ആകാംക്ഷയോടെ |
| താവതാ | അത്രയും കാലംകൊണ്ട് | അബ്ഭക്ഷഃ | ജലംമാത്രം ആഹാരമാക്കി |
| സംവത്സരഃ | ഒരുവർഷം | ബഭൂവ | ഇരിക്കയായിരുന്നു |
| അത്യഗാത് | കടന്നുപോയി, | ഹ | എന്തൊരാശ്ചര്യം! |

**24. ഗതേ ച ദുർവാസസി സോഽംബരീഷോ**
**ദ്വിജോപയോഗാതിപവിത്രമാഹരത്**
**ഋഷേർവിമോക്ഷം വ്യസനം ച ബുദ്ധ്വാ**
**മേനേ സ്വവീര്യം ച പരാനുഭാവം**

| | | | |
|---|---|---|---|
| ദുർവാസസി | ദുർവാസസ്സ് | വ്യസനം | പ്രാണസങ്കടത്തെയും |
| ഗതേ | പോയതിൽപ്പിന്നെ | വിമോക്ഷം ച | അതിൽനിന്നുണ്ടായ മോ |
| | | | ചനത്തെയും |
| സഃ അംബ | | | |
| രീഷ | ആ അംബരീഷൻ | ബുദ്ധ്വാ | അറിഞ്ഞിട്ട് |
| ദ്വിജോപയോ | ബ്രാഹ്മണോപയുക്താവ | സ്വവീര്യം ച | അവിടെ പ്രയോജനപ്പെട്ട |
| ഗാതി | ശിഷ്ടമാകയാൽ അതിവി | | തന്റെ ശക്തിയും |
| പവിത്രം | ശുദ്ധമായ അന്നം | പരാനുഭാവം | പരമപുരുഷന്റെ അനുഭാ |
| ആഹരത് | ഭക്ഷിച്ച് | | വമാണെന്ന് |
| ഋഷേഃ | ഋഷിയുടെ | മേനേ | ഉള്ളിലുറപ്പിച്ചു. |

**25. ഏവം വിധാനേകഗുണഃ സ രാജാ**
**പരാത്മനി ബ്രഹ്മണി വാസുദേവേ**
**ക്രിയാകലാപൈഃ സമുവാഹ ഭക്തിം**
**യയാഽവിരിഞ്ചാന്നിരയാം ശ്ചകാര**

| | | | |
|---|---|---|---|
| ഏവംവിധാ–നേകഗുണഃ | ഈവിധത്തിലുള്ള അനേകം ഗുണങ്ങളോടുകൂടിയ | ഭക്തിം | ഭക്തിയെ |
| സഃ രാജ | ആ രാജാവ് | സമുവാഹ | സമുദ്വഹിച്ചു |
| പരാത്മനി | പരമാത്മാവായും | യയാ | യാതൊരു ഭക്തികൊണ്ട് |
| ബ്രഹ്മണി | ബ്രഹ്മമായും | (സഃ) | അദ്ദേഹം |
| വാസുദേവേ | വാസുദേവനായും പ്രകീർത്തിക്കപ്പെടുന്ന ശ്രീഹരിയിൽ | ആവിരിഞ്ചാൻ | ബ്രഹ്മപദം ഉൾപ്പെടെയുള്ള ഭോഗാനുഭവങ്ങളെ |
| ക്രിയാ–കലാപൈഃ | ദ്വാദശിവ്രതാദ്യനേകം അനുഷ്ഠാനങ്ങൾകൊണ്ട് | നിരയാൻ ചകാര | നരകതുല്യങ്ങളായി കണക്കാക്കി. |

26. **അഥാംബരീഷസ്തനയേഷു രാജ്യം**
**സമാനശീലേഷു വിസൃജ്യ ധീരഃ**
**വനം വിവേശാത്മനി വാസുദേവേ**
**മനോ ദധദ് ധ്വസ്തഗുണപ്രവാഹഃ**

| | | | |
|---|---|---|---|
| ധീരഃ | ദൃഢസങ്കല്പനായ | ധ്വസ്തഗുണ–പ്രവാഹഃ | സത്വാദിഗുണങ്ങളുടെ പ്രവാഹരൂപമായ പ്രാപഞ്ചികതയ്ക്കറുതി വരുത്തിയവനായിട്ട് |
| അംബരീഷഃ | അംബരീഷരാജാവ് | | |
| അഥ | അതിൽപ്പിന്നെ | | |
| സമാന ശീലേഷു | തനിക്കൊത്ത സൽസ്വഭാവങ്ങളോടുകൂടിയ | ആത്മനി വാസുദേവേ | ആത്മസ്വരൂപനായ ശ്രീവാസുദേവനിൽ |
| തനയേഷു | പുത്രന്മാരിൽ | മനഃ ദധത് | മനസ്സിനെ അർപ്പിച്ചുകൊണ്ട് |
| രാജ്യം | രാജാധികാരത്തെ | വനം | തപോവനത്തെ |
| വിസൃജ്യ | വിട്ടുകൊടുത്തു്, | വിവേശ | പ്രവേശിച്ചു. |

ഫലശ്രുതി പറഞ്ഞ് ഈ അംബരീഷചരിതം ഉപസംഹരിക്കുന്നു.–

27. **ഇത്യേതത് പുണ്യമാഖ്യാനമംബരീഷസ്യ ഭൂപതേഃ**
**സംകീർത്തയന്നനുധ്യായൻ ഭക്തോ ഭഗവതോ ഭവേത്**

| | | | |
|---|---|---|---|
| അംബരീഷസ്യ | അംബരീഷനെന്ന | സംകീർത്തയൻ | സംകീർത്തനം ചെയ്തുകൊണ്ട് |
| ഭൂപതേഃ | മഹാരാജാവിന്റെ | അനുധ്യായൻ | നിരന്തരംധ്യാനിക്കുന്നവൻ |
| ഇതി | ഇപ്രകാരമുള്ള | ഭഗവതഃ | ഭഗവാന്റെ |
| ഏതത്പുണ്യം | ഈ പാവനമായ | ഭക്തഃ | ഭക്തനായി |
| ആഖ്യാനം | ചരിതത്തെ | ഭവേത് | ഭവിക്കുന്നതാണ്. |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
അംബരീഷചരിതം നാമ
പഞ്ചമോഽധ്യായഃ
ആദിതഃ ശ്ലോകം : 212
നവമസ്കന്ധത്തിലെ അഞ്ചാമദ്ധ്യായം അവസാനിച്ചു.

## ഷഷ്ഠോഽധ്യായഃ = അധ്യായം ആറ്

### ഇക്ഷ്വാകുവംശനിരൂപണം

''ഷഷ്ഠാരംഭേഽംബരീഷസ്യ വംശമുക്ത്വാ തതഃ പരം
ഷഷ്ഠാദ്യഷ്ടഭിരധ്യായൈരിക്ഷ്വാകോർവംശ ഉച്യതേ
തത്രഷഷ്ഠേ ശശാദാദിർമ്മാന്ധാത്രന്തോ നിരൂപ്യതേ
പ്രസംഗാത് സൗരഭേരാഖ്യാ മാന്ധാതൃതനയാപതേഃ''

ആറാമധ്യായത്തിന്റെ തുടക്കത്തിൽ അംബരീഷന്റെ പിൻതുടർച്ചക്കാരെ പ്പററി പറഞ്ഞവസാനിപ്പിച്ചശേഷം 6 മുതൽ 8 അധ്യായങ്ങൾകൊണ്ടു് ഇക്ഷ്വാകുവിന്റെ വംശപരമ്പര നിരൂപണം ചെയ്യപ്പെടുന്നു. ഈ ആറാമത്തേതിൽ ശശാദൻ മുതല്ക്കു് മാന്ധാതാവുവരെയും, പ്രാസംഗികമായി മാന്ധാതാവിന്റെ പുത്രിയുടെ ഭർത്താവായ സൗരഭിയുടെയും ചരിത്രമാണുള്ളതു്

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

**1. വിരൂപഃ കേതുമാൻ ശംഭുരംബരീഷസുതാസ്ത്രയഃ
വിരൂപാത് പൃഷദശ്വോഽഭൂത്തത്പുത്രസ്തു രഥീതരഃ**

| | | | |
|---|---|---|---|
| വിരൂപഃ | വിരൂപൻ, | വിരൂപാത് | വിരൂപനിൽനിന്നു് |
| കേതുമാൻ | കേതുമാൻ, | പൃഷദശ്വഃ | പൃഷദശ്വൻ |
| ശംഭുഃ | ശംഭു എന്നീ | അഭൂത് | ഉണ്ടായി |
| ത്രയഃ | മൂന്നു പേർ | തത്പുത്രഃ തു | അവന്റെ പുത്രനാകട്ടെ |
| അംബരീഷ-സുതാഃ | അംബരീഷരാജാവിന്റെ പുത്രന്മാരായിരുന്നു. | രഥീതരഃ | രഥീതരനും |

**2. രഥീതരസ്യാപ്രജസ്യ ഭാര്യായാം തന്തവേഽർത്ഥിതഃ
അംഗിരാ ജനയാമാസ ബ്രഹ്മവർച്ചസ്വിനഃ സുതാൻ**

| | | | |
|---|---|---|---|
| അപ്രജസ്യ | സന്തതിയുണ്ടാകാത്ത | അംഗിരാഃ | അംഗിരസ്സുമഹർഷി |
| രഥീതരസ്യ | രഥീതരന്റെ | ബ്രഹ്മ-വർച്ചസ്വിനഃ | ബ്രാഹ്മണതേജസ്സുള്ളവരായ |
| ഭാര്യായാം | ഭാര്യയിൽ | | |
| തന്തവേ | സന്താനോൽപാദനാർത്ഥം | സുതാൻ | പുത്രന്മാരെ, |
| അർത്ഥിതഃ | അഭ്യർത്ഥിക്കപ്പെട്ട | ജനയാമാസ | ഉത്പാദിപ്പിച്ചു |

**3. ഏതേ ക്ഷേത്രപ്രസൂതാ വൈ പുനസ്ത്വാംഗിരസാഃ സ്മൃതാഃ
രഥീതരാണാം പ്രവരാഃ ക്ഷത്രോപേതാ ദ്വിജാതയഃ**

| | | | |
|---|---|---|---|
| ക്ഷേത്രേ | (രഥീതരന്റെ) ഭാര്യയിൽ | പുനഃ ച | അതിനും പുറമെ |
| പ്രസൂതാഃ | പിറന്നുണ്ടായ | രഥീതരാണാം | പിന്നെയുണ്ടായ രഥീതരവംശക്കാരുടെ ഇടയിൽ |
| ഏതേ | ഇവർ | | |
| (രഥീതരാഃ) | രഥീതരഗോത്രക്കാരാണു് | പ്രവരാഃ | പ്രമുഖന്മാരുമായി |
| വൈ | എന്നിരിക്കിലും | (യതഃ) | എന്തുകൊണ്ടെന്നാൽ |
| ആംഗിരസാഃ | അംഗിരസ്സിന്റെ വീര്യജാതരാകയാൽ ആംഗിരസന്മാരായിട്ടും | ക്ഷത്രോ-പേതാഃ | ഇവർ ക്ഷത്രിയധർമ്മത്തോടുകൂടിയ |
| സ്മൃതാഃ | പരിഗണിക്കപ്പെട്ടു. | ദ്വിജാതയഃ | ബ്രാഹ്മണന്മാരാണു് |

മനുവിൻെറ പത്തു പുത്രന്മാരിൽ പൃഷധ്രനും കവിയും വിരക്തന്മാരായി ഭവിച്ചതിനാൽ വംശപ്രവർത്തകന്മാരായില്ലെന്നു് ആദ്യമേ പറഞ്ഞു. പിന്നെ കരൂഷാദികളായ ഏഴുപേരുടെ വംശങ്ങൾ താരതമ്യക്രമം അനുസരിച്ചു പറയപ്പെട്ടു. ഇനി സുവിപുലമായ ഇക്ഷ്വാകുവംശത്തെ പറഞ്ഞു തുടങ്ങുന്നു.

**4. ക്ഷുവതസ്തു മനോർജജ്ഞേ ഇക്ഷ്വാകുർഘ്രാണതഃ സുതഃ**
**തസ്യ പുത്രശതജ്യേഷ്ഠാ വികുക്ഷിനിമിദണ്ഡകാഃ**

| | | | |
|---|---|---|---|
| മനോഃ | വൈവസ്വതമനു | ജജ്ഞേ | ജനിച്ചു |
| ക്ഷുവതഃ തു | തുമ്മുന്നനേരത്തു് | തസ്യ | ആ ഇക്ഷ്വാകുവിനുണ്ടായ |
| ഘ്രാണതഃ | അദ്ദേഹത്തിൻെറ ഘ്രാണേന്ദ്രിയത്തിൽനിന്നു് | പുത്രശതജ്യേഷ്ഠാഃ | നൂറു പുത്രന്മാരിൽ മൂത്തവർ |
| ഇക്ഷ്വാകുഃ | ഇക്ഷ്വാകുവെന്ന | വികുക്ഷിനിമിദണ്ഡകാഃ | വികുക്ഷിയും നിമിയും ദണ്ഡകനും ആയിരുന്നു. |
| സുതഃ | പുത്രൻ | | |

മനുവിനു ശ്രദ്ധാദേവിൽ ഇക്ഷ്വാകു ഉൾപ്പെടെ പത്തു പുത്രന്മാരുണ്ടായെന്നു് (അ 1; ശ്ലോ 11, 12) മുമ്പു് പറഞ്ഞതു് സാമാന്യ കഥനം മാത്രമാണു്. ഇക്ഷ്വാകു ശ്രദ്ധാപുത്രനായിരുന്നില്ലെന്നു് ഈ ശ്ലോകംകൊണ്ടു് അറിഞ്ഞു കൊള്ളണം.

**5. തേഷാം പുരസ്താദഭവന്നാര്യാവർത്തേ നൃപാ നൃപ**
**പഞ്ചവിംശതിഃ പശ്ചാച്ച ത്രയോ മധ്യേ പരേഽന്യതഃ**

| | | | |
|---|---|---|---|
| നൃപ | രാജാവേ! | പശ്ചാത് ച | പടിഞ്ഞാറുഭാഗത്തും |
| തേഷാം | അവരിൽ | (പഞ്ചവിംശതിഃ) | 25 പേർ |
| പഞ്ചവിംശതിഃ | 25 പേർ | | |
| ആര്യാവർത്തേ | വിന്ധ്യ ഹിമാലയങ്ങൾക്കിടയിലുള്ള പുണ്യഭൂമിയിൽ | മധ്യേ | മധ്യപ്രദേശത്തു് |
| | | ത്രയഃ | മൂന്നുപേർ (ജ്യേഷ്ഠന്മാർ) |
| പുരസ്താത് | കിഴക്കൻ പ്രദേശങ്ങളിലെ | പരേ | മററുള്ളവർ |
| നൃപാഃ | മണ്ഡലാധിപതികളായി | അന്യതഃ | മററുദിക്കുകളിലും ദക്ഷിണോത്തരപ്രദേശങ്ങളിലും |
| അഭവൻ | ഭവിച്ചു | | |

**6. സ ഏകദാഷ്ടകാശ്രാദ്ധ ഇക്ഷ്വാകുഃ സുതമാദിശത്**
**മാംസമാനീയതാം മേധ്യം വികുക്ഷേ ഗച്ഛമാചിരം**

| | | | |
|---|---|---|---|
| ഏകദാ | ഒരിക്കൽ | വികുക്ഷേ | "എടോ വികുക്ഷി! |
| അഷ്ടകാശ്രാദ്ധേ | അഷ്ടകാശ്രാദ്ധത്തെ നിമിത്തീകരിച്ചു് | മേധ്യം | വിശുദ്ധമായ |
| | | മാംസം | മാംസത്തെ |
| സഃ ഇക്ഷ്വാകുഃ | ആ ഇക്ഷ്വാകു രാജാവു് | ആനീയതാം | കൊണ്ടുവരൂ, |
| സുതം | പുത്രനോടു് | ഗച്ഛ | പോകൂ, |
| ആദിശത് | ആജ്ഞാപിച്ചു. | ചിരം മാ | വൈകിക്കരുതു്." |

**7. തഥേതി സ വനം ഗത്വാ മൃഗാൻ ഹത്വാ ക്രിയാർഹണാൻ
ശ്രാന്തോ ബുഭുക്ഷിതോ വീരഃ ശശം ചാദദപസ്മൃതിഃ**

| | |
|---|---|
| വീരഃ സഃ | വീരനായ അവൻ |
| തഥാഇതി | "അങ്ങനെയാകാം" എന്നു സമ്മതിച്ച് |
| വനം ഗത്വാ | കാട്ടിലേക്കുപോയി, |
| ക്രിയാർഹണാൻ | ശ്രാദ്ധകർമ്മത്തിനു് ആകാവുന്ന |
| മൃഗാൻ | മൃഗങ്ങളെ |
| ഹത്വാ | കൊന്നു് |
| ശ്രാന്തഃ | തളർന്നവനും |
| ബുഭുക്ഷിതഃ | വിശപ്പുബാധിച്ചവനുമായി |
| അപസ്മൃതിഃ | ഓർമ്മകൈവിട്ടു് |
| ശശം | (ശ്രാദ്ധത്തിനുള്ള) മുയൽമാംസത്തെ |
| ആദത് ച | ഭക്ഷിക്കയും ചെയ്തു. |

**8. ശേഷം നിവേദയാമാസ പിത്രേ തേന ച തദ്ഗുരുഃ
ചോദിതഃ പ്രോക്ഷണായാഹ ദുഷ്ടമേതദകർമ്മകം**

| | |
|---|---|
| ശേഷം | അവശേഷിച്ചതിനെ |
| പിത്രേ | പിതാവിനായിക്കൊണ്ടു് |
| നിവേദയാമാസ | സമർപ്പിച്ചു |
| തേന ച | അദ്ദേഹത്താൽ |
| പ്രോക്ഷണായ | തീർത്ഥം തളിച്ചു ശുദ്ധമാക്കുവാൻ |
| ചോദിതഃ | പ്രേരിപ്പിക്കപ്പെട്ട |
| തദ്ഗുരുഃ | അദ്ദേഹത്തിന്റെ ഗുരു വസിഷ്ഠൻ |
| ഏതത് | ഇതു് |
| ദുഷ്ടം | ഉച്ഛിഷ്ടമാകയാൽ ദുഷിച്ചതാണെന്നും |
| അകർമ്മകം | ക്രിയയ്ക്കുതകാവുന്നതല്ലെന്നും |
| ആഹ | പറഞ്ഞു. |

**9 ജ്ഞാത്വാ പുത്രസ്യ തത്കർമ്മ ഗുരുണാഭിഹിതം നൃപഃ
ദേശാന്നിഃസാരയാമാസ സുതം ത്യക്തവിധിം രുഷാ**

| | |
|---|---|
| ഗുരുണാ | ഗുരുവിനാൽ |
| അഭിഹിതം | ചൊല്ലിധരിപ്പിക്കപ്പെട്ട |
| പുത്രസ്യ | പുത്രന്റെ |
| തത് കർമ്മ | ആ പ്രവൃത്തിയെ |
| ജ്ഞാത്വാ | അറിഞ്ഞു് |
| നൃപഃ | രാജാവു് |
| ത്യക്തവിധിം | സദാചാരമുറയെ വിട്ടുകളഞ്ഞ |
| സുതം | പുത്രനെ |
| രുഷാ | കോപത്താൽ |
| ദേശാത് | നാട്ടിൽനിന്നു് |
| നിഃ സാരയാമാസ | ആട്ടിപ്പുറത്താക്കി |

**10. സ തു വിപ്രേണ സംവാദം ജാപകേന സമാചരൻ
ത്യക്ത്വാ കളേബരം യോഗീ സ തേനാവാപ യത്പരം**

| | |
|---|---|
| സഃ തു | ആ ഇക്ഷ്വാകുവാകട്ടെ |
| വിപ്രേണ | ജ്ഞാനിയായ |
| ജാപകേന | വസിഷ്ഠരോടുകൂടി |
| സംവാദം | അദ്ധ്യാത്മ ചർച്ച |

| | | | |
|---|---|---|---|
| സമാചരൻ | നടത്തിക്കൊണ്ട് | കളേബരം | ശരീരത്തെ |
| യോഗീ | യോഗിയായി | ത്യക്ത്വാ | ഉപേക്ഷിച്ച് |
| (അഭവത്) | ഭവിച്ചു | പരം | പരമമായതത്വം |
| സഃ | അദ്ദേഹം | യത് | യാതൊന്നോ (അതിനെ) |
| തേന | ആ യോഗസാധനയുടെ | അവാപ | പ്രാപിക്കയും ചെയ്തു |

**11 പിതര്യുപരതേഽഭ്യേത്യ വികുക്ഷിഃ പൃഥിവീമിമാം**
**ശാസദീജേ ഹരിംയജ്ഞൈഃ ശശാദഇതിവിശ്രുതഃ**

| | | | |
|---|---|---|---|
| പിതരി | അച്ഛൻ | ഇമാംപൃഥിവീം | ഈ ഭൂമിയെ |
| ഉപരതേ | മൃതനായപ്പോൾ | ശാസദ് | അടക്കി ഭരിച്ചുകൊണ്ട് |
| ശശാദഃ | ശശാദനെന്ന പേരിനാൽ* | യജ്ഞൈഃ | യജ്ഞങ്ങളാൽ |
| വിശ്രുതഃ | പ്രസിദ്ധനായിരുന്ന | ഹരിം | വിഷ്ണുഭഗവാനെ |
| വികുക്ഷിഃ | വികുക്ഷി | ഈജേ | ആരാധിച്ചു. |
| അഭ്യേത്യ | നാട്ടിൽ തിരിച്ചുവന്നു | | |

*ശ്രാദ്ധത്തിനുവേണ്ടി സങ്കല്പിച്ച് കൊന്നതായ ശശത്തെ തിന്നു വിശപ്പടക്കിയവനാകയാൽ ഈ വികുക്ഷിക്ക് ശശാദൻ എന്ന പേർ പതിഞ്ഞു.

**12 പുരഞ്ജയസ്തസ്യസുതഇന്ദ്രവാഹഇതീരിതഃ**
**കകുത്സ്ഥഇതി ചാപ്യുക്തഃ ശൃണുനാമാനികർമ്മഭിഃ**

| | | | |
|---|---|---|---|
| തസ്യ | ആ ശശാദന്റെ | കകുത്സ്ഥഃ ഇതി ച അപി | ''കകുത്സ്ഥൻ'' എന്നിങ്ങനേയും പറയപ്പെട്ടിട്ടുണ്ട്. |
| സുതഃ | പുത്രൻ | കർമ്മഭിഃ | വീരകർമ്മങ്ങൾനിമിത്തമുണ്ടായ |
| പുരഞ്ജയഃ | ''പുരഞ്ജയൻ'' | നാമാനി | പേരുകളെ |
| ഇന്ദ്രവാഹഃ | ''ഇന്ദ്രവാഹൻ'' | ശൃണു | കേട്ടുകൊൾക |
| ഇതി | എന്നിങ്ങനെയെല്ലാം | | |
| ഈരിതഃ | പറയപ്പെടുന്നു. | | |

അസുരപുരങ്ങളെ ജയിച്ചടക്കിയതുകൊണ്ട് ''പുരഞ്ജയനെന്നും'' വൃഷഭരൂപം പൂണ്ട ഇന്ദ്രനെ വാഹനമാക്കിയതുകൊണ്ട് ''ഇന്ദ്രവാഹ''നെന്നും, ആ വൃഷഭത്തിന്റെ കടകുത്തിൽ (പൂഞ്ഞയിന്മേൽ) സ്ഥിതനായി അസുരന്മാരോട് സമരം ചെയ്തതുകൊണ്ട് ''കകുത്സ്ഥ''നെന്നും മൂന്നു അന്വർത്ഥനാമങ്ങൾ ശശാദപുത്രനുണ്ടായി. അയാളുടെ വീരകൃത്യങ്ങളാണ് ഈ പേരുകൾക്ക് ആസ്പദം. പ്രസ്തുത വീരകൃത്യങ്ങളെ ഇനി ഏഴ് ശ്ലോകങ്ങൾകൊണ്ട് വിവരിച്ചു പറയുന്നു.

13 കൃതാന്ത ആസീത്സമരോ ദേവാനാംസഹ ദാനവൈഃ
പാർഷ്ണിഗ്രാഹോവൃതോവീരോദേവൈഃ ദൈത്യപരാജിതൈഃ

| | | | |
|---|---|---|---|
| ദാനവൈഃ | അസുരന്മാരോടു | ദൈത്യ–പരാജിതൈഃ | അസുരന്മാരോടു യുദ്ധത്തിൽ തോററുപോയ |
| സഹ | കൂടെ | ദേവൈഃ | ദേവന്മാരാൽ |
| ദേവാനാം | ദേവന്മാർക്ക് | വീരഃ | വീരനായ ഈ രാജാവ് |
| കൃതാന്തഃ | സർവ്വനാശകരമായ | പാർഷ്ണി–ഗ്രാഹഃ വൃതഃ | പിൻതുണക്കാരനായിട്ട് വരിക്കപ്പെട്ടു. |
| സമരഃ | യുദ്ധം | | |
| ആസീത് | സംഭവിച്ചു. | | |

14 വചനാദ്ദേവദേവസ്യ വിഷ്ണോർവിശ്വാത്മനഃ പ്രഭോഃ
വാഹനത്വേവൃതസ്തസ്യബഭൂവേന്ദ്രോമഹാവൃഷഃ

| | | | |
|---|---|---|---|
| തസ്യ | യുദ്ധത്തിൽ അദ്ദേഹത്തിൻെറ | വിശ്വാത്മനഃ | വിശ്വമൂർത്തിയും |
| | | പ്രഭോഃ | സർവ്വശക്തനുമായ |
| വാഹനത്വേ | വാഹനമായിരിക്കുവാൻ | വിഷ്ണോഃ | ശ്രീവിഷ്ണുവിൻെറ |
| വൃതഃ | വരിക്കപ്പെട്ട | വചനാത് | വാക്കിനാൽ |
| ഇന്ദ്രഃ | ദേവേന്ദ്രൻ | മഹാവൃഷഃ | പെരുത്തകാളയായി |
| ദേവദേവസ്യ | ദേവന്മാരുടെ ദേവനും | ബഭൂവ | ഭവിച്ചു. |

അസുരന്മാരോടുള്ള യുദ്ധത്തിൽ ഇന്ദ്രൻ തൻെറ വാഹനമായിരിക്കണമെന്നു പുരഞ്ജയൻ ആവശ്യപ്പെട്ടപ്പോൾ ലജ്ജ നിമിത്തം ഇന്ദ്രൻ ആദ്യം വഴിപ്പെട്ടില്ലെങ്കിലും പിന്നെ വിഷ്ണുവിൻെറ ഉപദേശത്താൽ ഒരു കൂററൻ കാളയായി നിന്നുകൊടുത്തു.

15 സസന്നദ്ധോ ധനുർദിവ്യമാദായ വിശിഖാൻ ശിതാൻ
സ്തൂയമാനഃ സമാരുഹ്യയുയുത്സുഃ കകുദിസ്ഥിതഃ

16 തേജസാപ്യായിതോ വിഷ്ണുഃ പുരുഷസ്യ പരാത്മനഃ
പ്രതീച്യാം ദിശിദൈത്യാനാം ന്യരുണത് ത്രിദശൈഃ സഹ

| | | | |
|---|---|---|---|
| യുയുത്സുഃ | യുദ്ധോത്സുകനായ | ആദായ | എടുത്ത് |
| സഃ | ആ രാജാവ് | സ്തൂയമാനഃ | ദേവാദികളാൽ വാഴ്ത്തപ്പെട്ടവനായി |
| സന്നദ്ധഃ | കച്ചയും കവചവും കെട്ടി ഒരുങ്ങിയിട്ട് | സമാരുഹ്യ | കാളമേലേറി, |
| ദിവ്യംധനുഃ | ദിവ്യമായ വില്ലും | കകുദി | പൂഞ്ഞക്കൂടത്തിൽ |
| ശിതാൻ | മൂർച്ചയുള്ള | സ്ഥിതഃ | നിലയുറപ്പിച്ച് |
| വിശിഖാൻ | അമ്പുകളും | പരാത്മനഃ | പരമാത്മാവും |

| | | | |
|---|---|---|---|
| പുരുഷസ്യ | അന്തര്യാമിയുമായ | സഹ | ഒന്നിച്ചുചേർന്ന് |
| വിഷ്ണോഃ | ശ്രീവിഷ്ണുവിൻെറ | പ്രതീച്യാം | പടിഞ്ഞാറെ |
| തേജസാ | തേജസ്സിനാൽ | ദിശി | ദിക്കിൽ |
| ആപ്യായിതഃ | ശക്തി വളർത്തപ്പെട്ടവനായിട്ട്, | ദൈത്യാനാം | അസുരന്മാരുടെ മുന്നേററത്തെ |
| ത്രിദശൈഃ | ദേവന്മാരോട് | ന്യരുണത് | തടഞ്ഞുനിർത്തി |

**17 തൈസ്തസ്യ ചാഭൂത് പ്രധനം തുമുലം ലോമഹർഷണം**
**യമായ ഭല്ലൈരനയദ്ദൈത്യാൻയേഽഭിയയുർമൃധേ**

| | | | |
|---|---|---|---|
| തൈഃ | ആ അസുരന്മാരോട കൂടിയുള്ള | മൃധേ | യുദ്ധത്തിൽ |
| | | യേ | യാതൊരുവർ |
| തസ്യച | അദ്ദേഹത്തിൻെറ | അഭിയയുഃ | നേക്കണിഞ്ഞിരിരുന്നവോ |
| പ്രധനം | യുദ്ധം | | |
| തുമുലം | കൊടുമ്പിരികൊണ്ടതും | ദൈത്യാൻ | ആ അസുരന്മാരെയെല്ലാം |
| ലോമഹർഷണഃ | കോരിത്തരിപ്പുണ്ടാക്കുന്നതും | ഭല്ലൈഃ | കൂർത്തശരങ്ങൾകൊണ്ട് |
| | | യമായ | അന്തകൻെറ അടുക്കലേക്ക് |
| അഭൂത് | ആയിരുന്നു. | അനയത് | എത്തിച്ചു. |

**18 തന്യേഷുപാതാഭിമുഖം യുഗാന്താഗ്നിമിവോല്ബണം**
**വിസൃജ്യ ദുദ്രുവുർദൈത്യാ ഹന്യമാനാഃ സ്വമാലയം**

| | | | |
|---|---|---|---|
| ഹന്യമാനാഃ | ഇങ്ങിനെവധിക്കപ്പെട്ടുകൊണ്ടിരുന്ന | ഇഷുപാതാഭിമുഖം | ശരം വന്നുവീഴുന്നതിനെ എതിരിടുന്നതും |
| ദൈത്യാഃ | അസുരന്മാർ | വിസൃജ്യ | ഉപേക്ഷിച്ച് |
| യുഗാന്താഗ്നിം | കല്പാന്താഗ്നിയെ | സ്വം ആലയം | സ്വന്തം വാസസ്ഥലത്തേക്ക് |
| ഇവ | പോലെ | | |
| ഉല്ബണം | അത്യുഗ്രതയുള്ള | | |
| തസ്യ | അദ്ദേഹത്തിൻെറ | ദുദ്രുവുഃ | ഓടിപ്പോയി |

**19 ജിത്വാ പുരം ധനം സർവ്വം സശ്രീകം വജ്രപാണയേ**
**പ്രത്യയച്ഛത് സ രാജർഷിരിതി നാമഭിരാഹൃതഃ**

| | | | |
|---|---|---|---|
| സരാജർഷിഃ | ആ രാജർഷി | സർവ്വംധനം | എല്ലാധനത്തേയും |
| സശ്രീകം | സമൃദ്ധിയോടുകൂടിയ | ജിത്വാ | ജയിച്ചടക്കി |
| പുരം | പുരത്തേയും | വജ്രപാണയേ | ദേവേന്ദ്രന് |

| | | | |
|---|---|---|---|
| പ്രത്യയച്ഛത് | തിരിച്ചുകൊടുത്തു | ആഹൂതഃ | വ്യാഹരിക്കപ്പെട്ടു (വിളിക്കപ്പെട്ടു) |
| ഇതി | എന്നതിനാൽ | | |
| നാമഭിഃ | മേൽപ്പറഞ്ഞപേരുകളം കൊണ്ടു് | | |

**20** **പുരഞ്ജയസ്യ പുത്രോƒഭൂദനേനാസ്തത്സുതഃ പൃഥുഃ**
**വിശ്വരന്ധിസ്തതശ്ചന്ദ്രോ യുവനാശ്വശ്ച തത് സുതഃ**

| | | | |
|---|---|---|---|
| പുരഞ്ജയസ്യ | പുരഞ്ജയന്റെ | തതഃ | അവനിൽനിന്നു് |
| പുത്രഃ | പുത്രൻ | വിശ്വരന്ധിഃ | വിശ്വരന്ധിയും |
| അനേനഃ | അനേനസ്സും എന്നവൻ | തതഃ | അവനിൽനിന്നു് |
| അഭൂത് | ആയിരുന്നു. | ചന്ദ്രഃ | ചന്ദ്രനെന്നു പേരായവനും |
| തത്സുതഃ | അവന്റെ പുത്രൻ | തത്സുതഃ | അവന്റെ പുത്രനായിട്ടു് |
| പൃഥുഃ | പൃഥുവും | യുവനാശ്വഃചാ | യുവനാശ്വനും ഉണ്ടായി. |

**21** **ശാബസ്തസ്തത്സുതോ യേന ശാബസ്തീ നിർമ്മമേ പുരീ**
**ബൃഹദശ്വസ്തു ശാബസ്തിസ്തതഃ കുവലയാശ്വകഃ**

| | | | |
|---|---|---|---|
| യേന | യാതൊരുവനാൽ | ബൃഹദശ്വഃ തു | ബൃഹദശ്വനാകട്ടെ |
| ശാബസ്തീ | ശാബസ്തീ എന്ന | ശാബസ്തിഃ | ശാബസ്തന്റെ പുത്രനാണു് |
| പുരീ | നഗരം | തതഃ | അവനിൽനിന്നു് |
| നിർമ്മമേ | നിർമ്മിക്കപ്പെട്ടുവോ | കുവലയാ-ശ്വകഃ | കുവലയാശ്വകൻ ജാതനായി |
| സഃ ശാബസ്തഃ | ആ ശാബസ്തൻ | | |

**22** **യഃ പ്രിയാർത്ഥമുതങ്കസ്യ ധുന്ധുനാമാസുരം ബലീ**
**സുതാനാമേകവിംശത്യാ സഹസ്രൈരഹനദ് വൃതഃ**

| | | | |
|---|---|---|---|
| ബലീ | ബലവാനായ | സുതാനാം ഏകവിംശ-ത്യാസഹ-സ്രൈഃ | ഇരുപത്തോരായിരം സ്വപുത്രന്മാരാൽ |
| യഃ | യാതൊരു ഈ കുവലാ യാശ്വകൻ | വൃതഃ | പരിവൃതനായിട്ടു് |
| ഉതങ്കസ്യ | ഉതങ്കനെന്ന ഋഷിയുടെ | ധുന്ധുനാമാ-സുരം | ധുന്ധു എന്നു പേരായ അസുരനെ |
| പ്രിയാർത്ഥം | പ്രീതിക്കുവേണ്ടി | അഹനത് | വധിച്ചു. |

23 ധുന്ധുമാര ഇതി ഖ്യാതസ്തത്സുതാസ്തേ ച ജജ്വലുഃ
ധുന്ധോർമുഖാഗ്നിനാ സർവ്വേ ത്രയ ഏവാവശേഷിതാഃ

24 ദൃഢാശ്വഃ കപിലാശ്വശ്ച ഭദ്രാശ്വ ഇതി ഭാരത
ദൃഢാശ്വപുത്രോ ഹര്യശ്വോ നികുംഭസ്തത്സുതഃ സ്മൃതഃ

| | | | |
|---|---|---|---|
| (അതഃ സഃ) | ഇക്കാരണത്താൽ അവൻ | കപിലാശ്വഃ | കപിലാശ്വനും |
| ധുന്ധുമാരഃ ഇതി | ധുന്ധുമാരൻ എന്ന അപര നാമത്താൽ | ഭദ്രാശ്വഃ ച | ഭദ്രാശ്വനും |
| ഖ്യാതഃ | വിഖ്യാതനായി | ഇതി | എന്നിങ്ങിനെ |
| തത്സുതാഃ | അവന്റെ പുത്രന്മാരായ | ത്രയഃ ഏവ | മൂന്നുപേർമാത്രം |
| തേ | അവർ | അവശേഷിതാഃ | അവശേഷിച്ചു. |
| സർവ്വേ ച | എല്ലാവരും | ഭാരതഃ | ഹേ ഭരതവംശജ! |
| ധുന്ധോഃ | ധുന്ധുവിന്റെ | ദൃഢാശ്വപുത്രഃ | ദൃഢാശ്വന്റെ പുത്രൻ |
| മുഖാഗ്നിനാ | വായുവിൽനിന്നു തീന്ന അഗ്നിയാൽ | ഹര്യശ്വഃ | ഹര്യശ്വനും |
| | | തത്സുതഃ | അവന്റെ പുത്രൻ |
| ജജ്വലുഃ | എറിഞ്ഞുപോയി | നികുംഭഃ | നികുംഭനും |
| ദൃഢാശ്വഃ | ദൃഢാശ്വനും | സ്മൃതഃ | ആയിരുന്നു പോൽ |

25 ബർഹണാശ്വോ നികുംഭസ്യ കൃശാശ്വോഽഥാസ്യ സേനജിത്
യുവനാശ്വോഽഭവത്തസ്യ സോഽനപത്യോ വനം ഗതഃ

26 ഭാര്യാശതേന നിർവ്വിണ്ണ ഋഷയോഽസ്യ കൃപാലവഃ
ഇഷ്ടിം സ്മ വർത്തയാമാസുരൈന്ദ്രീം തേ സുസമാഹിതാഃ

| | | | |
|---|---|---|---|
| നികുംഭസ്യ | നികുംഭന്ന് | നിർവ്വിണ്ണഃ | നൈരാശ്യ വിരക്തിയാന്ന് |
| ബർഹണാശ്വഃ | ബർഹണാശ്വനും | | |
| അഥ അസ്യ | അവന്ന് | ഭാര്യാശതേന | തന്റെ നൂറു ഭാര്യമാരോടു കൂടി |
| കൃശാശ്വഃ | കൃശാശ്വനും | | |
| തസ്യ | അവന്ന് | വനംഗതഃ | അവൻ വനത്തിലേക്കു പോയി |
| സേനജിത് | സേനജിത്തു് | | |
| തസ്യ | ആയവന്ന് | ഋഷയഃ | ഋഷിമാർ |
| യുവനാശ്വഃ | യുവനാശ്വനും | അസ്യ | ഇവന്റെ പേരിൽ |
| അഭവത് | ഉണ്ടായി | കൃപാലവഃ | അനുകമ്പയുള്ളവരായിക്കൊണ്ട് |
| സഃ | അവൻ | | |
| അനപത്യഃ | സന്തതിഇല്ലാത്തവനായിരുന്നു. | തേ | അവർ |
| | | സുസമാഹിതാഃ | നല്ലപോലെമനസ്സിരുത്തി |

| | | | |
|---|---|---|---|
| ഐന്ദ്രീം | ഇന്ദ്രസങ്കല്പത്തോടു കൂടിയ | വത്സയാമാസുഃ | നടത്തിച്ചു. |
| ഇഷ്ടിം | ഒരു യാഗത്തെ | സ്ല! | അത്യാശ്ചര്യം! |

ഈ അത്യാശ്ചര്യം എന്തെന്ന് ഇനി ആറു ശ്ലോകങ്ങൾകൊണ്ടു പറയുന്നു.

**27 രാജാതദ്യജ്ഞസദനം പ്രവിഷ്ടോ നിശി തർഷിതഃ**
**ദൃഷ്ട്വാശയാനാൻ വിപ്രാംസ്താൻ പപൗമന്ത്രജലം സ്വയം**

| | | | |
|---|---|---|---|
| നിശി | രാത്രി നേരത്ത് | വിപ്രാൻ | ബ്രാഹ്മണരെയെല്ലാം |
| തർഷിതഃ | ദാഹം പിടിപെട്ട | ശയാനാൻ | കിടന്നുറങ്ങുന്നവരായി |
| രാജാ | രാജാവ് | ദൃഷ്ട്വാ | കണ്ടിട്ട് |
| തത്‌യജ്ഞ സദനം | ആ യാഗശാലയുടെ അകത്തേക്ക് | മന്ത്രജലം | മന്ത്രജലത്തെ |
| പ്രവിഷ്ടഃ | കടന്നുചെന്ന് | സ്വയം | താൻ തന്നെ എടുത്ത് |
| താൻ | അങ്ങുള്ള | പപൗ | കുടിച്ചു. |

ഇന്ദ്രദേവതാകമായ പുത്രകാമേഷ്ടി നടന്നുകൊണ്ടിരിക്കെ, ഒരു രാത്രിക്കു യുവനാശ്വ രാജാവിന് കലശലായി ദാഹിച്ചു. വെള്ളത്തിനായി രാജാവ് യാഗശാലയുടെ അകത്തേക്കു പോയി. വൈദികബ്രാഹ്മണർ അപ്പോൾ അവിടെ ഉറക്കത്തിലാണ്. ഹവനകുണ്ഡത്തിന്റെ അരികത്തു് ഒരു കലശപാത്രത്തിൽ അല്പം ജലം ഭദ്രമായി വെച്ചിട്ടുണ്ടു്. ആരോടും ചോദിക്കാതെ അതെടുത്തുകുടിച്ചു. വാസ്തവത്തിൽ അത് രാജപത്നിക്ക് സേവിക്കാൻവേണ്ടി അഭിമന്ത്രിച്ചുവച്ചതായ പുംസവനജലമായിരുന്നു.

**28 ഉത്ഥിതാസ്തേനിശാമ്യാഥവ്യുദകം കലശം പ്രഭോ**
**പപ്രച്ഛുഃ കസ്യകർമ്മേദം പീതം പുംസവനംജലം**

| | | | |
|---|---|---|---|
| പ്രഭോ | മഹാ രാജാവേ! | നിശാമ്യ | കണ്ടിട്ട് |
| അഥ | അതിൽ പിന്നെ | പപ്രച്ഛുഃ | ചോദ്യം തുടങ്ങി |
| ഉത്ഥിതാഃ | ഉറക്കമുണർന്നെഴുന്നേററ | ഇദം കസ്യ കർമ്മ | ഇത് ആരുടെ പണിയാണ്? |
| തേ | ആ ബ്രാഹ്മണർ | പുംസവനം ജലം | പുരുഷപ്രജയുണ്ടാവാൻ ജപിച്ചുവെച്ച തീർത്ഥജലം |
| കലശം | കലശത്തെ | | |
| വ്യുദകം | ജലമൊഴിഞ്ഞതായി | പീതം | കുടിക്കപ്പെട്ടിരിക്കുന്നു! |

**29 രാജ്ഞാപീതം വിദിത്വാഥ ഈശ്വരപ്രഹിതേന തേ**
**ഈശ്വരായ നമശ്ചക്രുരഹോ ദൈവബലം ബലം**

| | | | |
|---|---|---|---|
| അഥ | അതിനെ തുടൎന്നു | അഹോ! | അമ്പോ! |
| തേ | അവർ | ദൈവബലം ബലം | വിധിയുടെ ശക്തിയാണു യഥാൎത്ഥശക്തി എന്നു പറഞ്ഞു |
| ഈശ്വര പ്രഹിതേന | ഈശ്വരസങ്കല്പത്താൽ പ്രേരിതനായ രാജാവിനാൽ | ഈശ്വരായ | ഈശ്വരനായിക്കൊണ്ടു |
| പീതം | കുടിക്കപ്പെട്ടതായിട്ടു | നമഃ | നമസ്കാരം |
| വിദിത്വാ | അറിഞ്ഞു | ചക്രുഃ | അൎപ്പിച്ചു. |

**30 തതഃ കാല ഉപാവൃത്തേ കുക്ഷിം നിൎഭിദ്യ ദക്ഷിണം**
**യുവനാശ്വസ്യ തനയശ്ചക്രവൎത്തീ ജജാന ഹ**

| | | | |
|---|---|---|---|
| തതഃ | പിന്നെ | കുക്ഷിം | വയറിനെ |
| കാലേ | തക്കകാലം | നിൎഭിദ്യ | പിളൎന്നിട്ടു |
| ഉപാവൃത്തേ | എത്തിയപ്പോൾ | ചക്രവൎത്തീ | ചക്രവൎത്തിയാവാനുള്ള ലക്ഷണങ്ങളോടു കൂടി |
| യുവനാശ്വസ്യ | യുവനാശ്വന്റെ | തനയഃ ജജാന | പുത്രൻ പിറന്നു. |
| ദക്ഷിണം | വലത്തുവശത്തെ | ഹ | അത്ഭുതം തന്നെ |

**31 കം ധാസ്യതി കുമാരോഽയം സ്തന്യം രോരൂയതേ ഭൃശം**
**മാം ധാതാ വത്സ മാ രോദീരിതീന്ദ്രോ ദേശിനീമദാത്**

| | | | |
|---|---|---|---|
| അയം കുമാരഃ | ഈ ബാലൻ | വത്സ | മകനേ! |
| കം ധാസ്യതി | യാരെ പാനം ചെയ്യും? | മാരോദീഃ | കരയാതേ |
| സ്തന്യം | മുലപ്പാലിനെ ഉദ്ദേശിച്ചു | ഇതി | എന്നുപറഞ്ഞു |
| ഭൃശം | കലശലായി | ഇന്ദ്രഃ | ദേവേന്ദ്രൻ |
| രോരൂയതേ | കരഞ്ഞുകൊണ്ടേയിരിക്കുന്നു | ദേശിനീം | ചൂണ്ടുവിരലിനെ |
| മാം ധാതാ | എന്നെ പാനം ചെയ്യൂ; | അദാത് | കൊടുത്തു. |

അബദ്ധത്തിൽ പുംസവനജലം കുടിച്ചതുകൊണ്ടു തന്മന്ത്രശക്തിയാൽ യുവനാശ്വൻ ഗൎഭം ധരിച്ചു. ഉത്പത്തികാലമായപ്പോൾ വയറുപിളൎന്നു പുത്രൻ പുറത്തുവന്നു. അമ്മയില്ലാതെ പിറന്ന കുട്ടിയെ അമ്മിഞ്ഞപ്പാലൂട്ടുന്നതാരു? കുട്ടി ചുണ്ടുകൂട്ടാതെ കരച്ചിൽ കൂട്ടി. യജ്ഞം കൊണ്ടു ആരാധിതനായ ഇന്ദ്രൻ അപ്പോൾ അവിടെ പ്രത്യക്ഷനായി വന്നു ''മാംധാതാ'' (എന്നെ കുടിച്ചുകൊള്ളട്ടെ) എന്നുപറഞ്ഞു ആശ്വസിപ്പിച്ചു. സുധാരസംപുരണ്ട തന്റെ ചൂണ്ടുവിരൽ ശിശുവിന്റെ വായിൽ വെച്ചുകൊടുത്തു. തന്നിമിത്തം ആ ശിശുവിനു ''മാംധാതാ'' (മാന്ധാതാ) എന്നു പേരും ലഭിച്ചു.

**32 നമമാരപിതാതസ്യവിപ്രദേവപ്രസാദതഃ**
**യുവനാശ്വോഽഥതത്രൈവതപസാസിദ്ധിമന്വഗാത്**

| | |
|---|---|
| തസ്യ | ആകുമാരന്റെ |
| പിതാ | പിതാവായ |
| യുവനാശ്വഃ | യുവനാശ്വൻ |
| വിപ്രദേവ പ്രസാദതഃ | ബ്രാഹ്മണരുടേയും ദേവകളുടേയും പ്രസാദത്താൽ |
| നമമാര | തത്സമയം മരിച്ചില്ല. |
| അഥ | പിന്നീട് |
| തത്ര | അവിടെവെച്ചുതന്നെ |
| തപസാ | തപശ്ചര്യയാൽ |
| സിദ്ധിം | സിദ്ധിയെ |
| അന്വഗാത് | പ്രാപിച്ചു. |

**33 ത്രസദ്ദസ്യുരിതീന്ദ്രോഽങ്ഗ വിദധേനാമതസ്യവൈ**
**യസ്മാത്ത്രസന്തിഹ്യു ദ്വിഗ്നാദസ്യവോരാവണാദയഃ**

| | |
|---|---|
| അങ്ഗ | പ്രിയനായ രാജാവേ! |
| രാവണാദയഃ | രാവണാദികളായ |
| ദസ്യവഃ ഹി | കൊള്ളക്കാർപ്പോലും |
| യസ്മാത് | യാതൊരാളിൽനിന്ന് |
| ഉദ്വിഗ്നാഃ | സംഭ്രാന്തരായി |
| ത്രസന്തി | കിടിലംകൊള്ളുമോ |
| തസ്യ | അങ്ങനെയുള്ളമാന്ധാതൃകുമാരന്ന് |
| ഇന്ദ്രഃ | ഇന്ദ്രൻ |
| ത്രസദ്ദസ്യുഃ ഇതി നാമ | "ത്രസദ്ദസ്യു" എന്നൊരു ഉപാധിപ്പേരുകൂടി |
| വിദധേ | കല്പിച്ചുകൊടുത്തു. |

**34 യൗവനാശ്വോഽഥമാന്ധാതാ ചക്രവർത്ത്യവനീം പ്രഭുഃ**
**സപ്തദ്വീപവതീമേകഃ ശശാസാച്യുത തേജസാ**

| | |
|---|---|
| അഥ | അനന്തരം |
| യൗവനാശ്വഃ | യുവനാശ്വന്റെ പുത്രനായ |
| മാന്ധാതാ | മാന്ധാതാവ് |
| അച്യുതതേജസാ | ശ്രീഹരിയുടെ തേജസ്സുകൊണ്ട് |
| പ്രഭുഃ | സർവ്വസമർത്ഥനായ |
| ചക്രവർത്തി | സർവ്വഭൗമനായിട്ട് |
| സപ്തദ്വീപവതീം | ഏഴുമഹാദ്വീപങ്ങളോടുകൂടിയ |
| അവനീം | ഭൂമിയെ |
| ഏകഃ ശശാസ | ഏകാധിപതിയായി ഭരിച്ചു. |

**35 ഈജേച യജ്ഞം ക്രതുഭിരാത്മവിദ്ഭൂരി ദക്ഷിണൈഃ**
**സർവ്വദേവമയം ദേവം സർവ്വാത്മക മതീന്ദ്രിയം**

| | |
|---|---|
| ആത്മവിത് | ആത്മജ്ഞാനിയായിരുന്നുവെങ്കിലും |
| സർവ്വദേവമയം | സർവ്വദേവതാസ്വരൂപനായും |
| സർവ്വാത്മകം | സർവ്വാത്മാവായും |
| അതീന്ദ്രിയം | ഇന്ദ്രിയാതീതനുമായിരിക്കുന്ന |
| യജ്ഞദേവം | യജ്ഞേശ്വരനെ (ശ്രീഹരിയെ) |

| | | | |
|---|---|---|---|
| ഭൂരിദക്ഷിണൈഃ | അനേകം ദക്ഷിണകളോടു കൂടിയ | ക്രതുഭിഃ | യജ്ഞങ്ങളാൽ |
| | | ഈജേ ച | യജിക്കയും ചെയ്തു. |

ശ്രീഹരിയുടെ സർവ്വാത്മകതയെ ഉത്തരശ്ലോകംകൊണ്ടു് പ്രപഞ്ചനം ചെയ്യുന്നു.

**36 ദ്രവ്യാമന്ത്രോവിധിര്യജ്ഞോയജമാനസ്തഥർത്ത്വിജഃ**
**ധർമ്മോദേശശ്ച കാലശ്ച സർവ്വമേതദ്യദാത്മകം**

| | | | |
|---|---|---|---|
| ദ്രവ്യം | യജ്ഞത്തിനുള്ള ഹവന ദ്രവ്യവും, | ഋത്വിജഃ | ഋത്വിക്കുകളും, |
| മന്ത്രഃ | ഹവനമന്ത്രവും, | ധർമ്മഃ | കർമ്മമാർഗ്ഗവും, |
| വിധിഃ | അനുഷ്ഠാനവിധാനവും, | ദേശഃ ച | യജ്ഞോചിതപ്രദേശവും |
| യജ്ഞഃ | ഫലദാതാവായ യജ്ഞ മൂർത്തിയും, | കാലഃ ച | യജ്ഞോചിതസമയവും, |
| യജമാനഃ | യജ്ഞദീക്ഷ എടുത്തവനും, | ഏതത് സർവ്വം | ഇതെല്ലാംതന്നെ |
| അഥ | അതിനുപുറമെ | യദാത്മകം | ശ്രീഹരിയുടെ വ്യത്യസ്ത സ്വരൂപമാകുന്നു. |

**37 യാവത് സൂര്യ ഉദേതിസ്മയാവച്ച പ്രതിതിഷ്ഠതി**
**സർവ്വം തദ്യൗവനാശ്വസ്യമാന്ധാതുഃ ക്ഷേത്രമുച്യതേ**

| | | | |
|---|---|---|---|
| സൂര്യഃ | സൂര്യൻ | യൗവനാശ്വസ്യ | യുവനാശ്വപുത്രനായ |
| യാവത് | ഏതററത്തു് | മാന്ധാതുഃ | മാന്ധാതാവിന്റെ |
| ഉദേതി | ഉദിക്കുന്നുവോ, | ക്ഷേത്രം | ശാസന പരിധിയിൽ പ്പെട്ട പ്രദേശമായിരുന്നു വെന്നു് |
| യാവത് | ഏതററത്തു് | | |
| പ്രതിതിഷ്ഠതി ച | അസ്തമിക്കുകയും ചെയ്യുന്നുവോ | | |
| തത് സർവ്വം | അവിടത്തോളം ഉള്ളതെല്ലാം | ഉച്യതേ | പറയപ്പെടുന്നു |
| | | സ്മ | അതിശയമത്രെ! |

**38 ശശബിന്ദോർദുഹിതരിബിന്ദുമത്യാമധാന്നൃപഃ**
**പുരുകുത്സമംബരീഷം മുചുകുന്ദം ച യോഗിനം**

| | | | |
|---|---|---|---|
| നൃപഃ | മാന്ധാതൃമഹാരാജാവു് | പുരുകുത്സം | പുരുകുത്സനേയും |
| ശശബിന്ദോഃ | ശശബിന്ദുവിന്റെ | യോഗിനം | യോഗിയായ |
| ദുഹിതരി | പുത്രിയായ | മുചുകുന്ദം ച | മുചുകുന്ദനേയും |
| ബിന്ദുമത്യാം | ബിന്ദുമതിയിൽ | അധാത് | ഉത്പാദിപ്പിച്ചു. |

സൗഭരിയുടെ ചരിതം ഈ മാന്ധാതൃചരിതത്തിന്റെ ഒരനുബന്ധമാകയാൽ അടുത്തശ്ലോകം മുതൽ അദ്ധ്യായപരിസമാപ്തി അതുപറയുന്നു.

39 തേഷാം സ്വസാരഃ പഞ്ചാശത് സൗഭരീം വവ്രിരേപതിം
യമുനാന്തർജലേ മഗ്നസ്തപ്യമാനഃ പരം തപഃ

| | | | |
|---|---|---|---|
| തേഷാം | അവരുടെ | (സഃ) | അദ്ദേഹം |
| സ്വസാരഃ | സോദരിമാർ | യമുനാ–ന്തർജലേ | യമുനാനദിയുടെ ജലാന്തർ ഭാഗത്തിൽ |
| പഞ്ചാശത് | അമ്പതുപേരും | മഗ്നഃ | മുങ്ങികിടന്ന് |
| സൗഭരിയും | സൗഭരിയെന്നമുനിയെ | പരംതപഃ | അത്യുഗ്രമായ തപസ്സ് |
| പതിം | ഭർത്താവായി | തപ്യമാനഃ | അനുഷ്ഠിക്കയായിരുന്നു. |
| വവ്രിരേ | വരിച്ചു. | | |

40 നിർവൃതിം മീനരാജസ്യ വീക്ഷ്യമൈഥുനധർമ്മിണഃ
ജാതസ്പൃഹോ നൃപം വിപ്രഃ കന്യാമേകാമയാചത

| | | | |
|---|---|---|---|
| മൈഥുന ധർമ്മിണഃ | മൈഥുനമെന്ന ശാരീരിക ധർമ്മത്തിൽ ഏർപ്പെട്ടിരുന്ന | വിപ്രഃ | ബ്രാഹ്മണൻ(സൗഭരി) |
| മീനരാജസ്യ | മത്സ്യാധിപന്റെ | നൃപം | രാജാവിനോട് |
| നിർവൃതിം | മനഃസുഖത്തെ | ഏകാം | ഏതെങ്കിലുമൊരു |
| വീക്ഷ്യ | കണ്ട് | കന്യം | പുത്രിയെ |
| ജാതസ്പൃഹഃ | വിഷയാസക്തനായി ഭവിച്ചു | അയാചത | നല്കുവാൻ അപേക്ഷിച്ചു. |

41 സോപ്യാഹ ഗൃഹ്യതാം ബ്രഹ്മൻ കാമം കന്യാസ്വയംവരേ
സവിചിന്ത്യാ പ്രിയംസ്ത്രീണാം ജരഠോഽയമസമ്മതഃ
വലീപലിതഏജത്ക ഇത്യഹം പ്രത്യുദാഹൃതഃ

42 സാധയിഷ്യേതഥാത്മാനം സുരസ്ത്രീണാമപീപ്സിതം
കിംപുനർമനുജേന്ദ്രാണാമിതിവ്യവസിതഃ പ്രഭുഃ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രാഹ്മണ! | ഏജത്കഃ | തലയ്ക്ക് വിറച്ചിൽ പിടിച്ചവനുമായ |
| സ്വയംവരേ | സ്വയംവരത്തിൽ | അയം | ഇവൻ |
| കാമം | ഇച്ഛാനുസാരം | സ്ത്രീണാം | സ്ത്രീകൾക്ക് |
| കന്യാ | ഒരു കന്യക | അസമ്മതഃ | ഇഷ്ടപ്പെട്ടവനല്ല. |
| ഗൃഹ്യതാം | ''പരിഗ്രഹിക്കപ്പെടാം'' എന്ന് | ഇതി | എന്നിങ്ങനെ |
| സഃ അപി | അദ്ദേഹവും (രാജാവ്) | അപ്രിയം | അപ്രിയത്തെ |
| ആഹ | പറഞ്ഞു. | വിചിന്ത്യ | വിചാരിച്ച് |
| ജരഠഃ | മഹാവൃദ്ധനും | അഹം | ഞാൻ |
| വലീപലിതഃ | ജരാനരബാധിച്ചവനും | പ്രത്യുദാഹൃതഃ | നിരാകരിക്കപ്പെട്ടവനായി |

| | | | |
|---|---|---|---|
| ആത്മാനം | (ആകയാൽ) എന്നെ | മനുജേ- | രാജാക്കന്മാരുടെ |
| സുരസ്ത്രീണാം | | ന്ദ്രാണാം | സ്ത്രീകളെപ്പററി |
| അപി | ദേവസ്ത്രീകൾക്ക് കൂടിയും | കിം | ചോദിപ്പാനുണ്ടോ? |
| ഈപ്സിതം | കൊതിതോന്നിക്കുന്നതാക്കി | പ്രഭുഃ | എല്ലാകഴിവുമുള്ള |
| തഥാ | അവ്വിധം | സഃ | അദ്ദേഹം (സൗഭരിമുനി) |
| സാധയിഷ്യേ | സാധിപ്പിക്കുന്നുണ്ട്. | ഇതി– | |
| പുനഃ | പിന്നെ | വ്യവസിതഃ | ഈവിധം തീരുമാനിച്ചു. |

അതനുസരിച്ച് മുനിസ്വതപസഃ ശക്തിയാൽ ഒരു യുവസുന്ദരനായി. അതിനുശേഷം ഉണ്ടായതു് ഇനിരണ്ടു ശ്ലോകംകൊണ്ടു പറയുന്നു.

**43 മുനിഃ പ്രവേശിതഃ ക്ഷത്ത്രാകന്യാന്തഃ പുരമൃദ്ധിമത്**
**വൃതശ്ച രാജകന്യാഭിരേകഃ പഞ്ചശതാവരഃ**

| | | | |
|---|---|---|---|
| മുനിഃ | സൗഭരിമുനി | പഞ്ചാശതാ | അമ്പതു് |
| ക്ഷത്ത്രാ | ദ്വാരപാലകനാൽ | രാജകന്യാഭി | രാജകന്യകമാരാലും |
| ഋദ്ധിമത് | സമൃദ്ധിയെഴുന്ന | ഏകഃ | ഒരാൾതന്നെ |
| കന്യാന്തഃപുരം | കന്യാന്തപുരത്തിലേക്ക് | പതിഃ | ഭർത്താവായി |
| പ്രവേശിതഃ | പ്രവേശിക്കപ്പെട്ടു; | വൃതഃ ച | വരിക്കപ്പെടുകയും ചെയ്തു. |

**44 താസാം കലിരഭൂത്ഭൂയാംസ്തദർത്ഥേഽപോഹ്യസൗഹൃദം**
**മമാനുരൂപോ നായം വ ഇതി തദ്ഗതചേതസാം**

| | | | |
|---|---|---|---|
| തദ്ഗത- | ആ മുനിയിൽ വന്നുചേർന്ന | മമ | എനിക്ക് |
| ചേതസാം | മനസ്സോടുകൂടിയ | അനുരൂപഃ | ചേർന്നവൻ; |
| താസാം | അവർക്കിടയിൽ | വഃ ന | നിങ്ങൾക്കല്ല'' |
| തദർത്ഥേ | ആമുനിക്കുവേണ്ടി | ഇതി | എന്നീ രൂപത്തിൽ |
| സൗഹൃദം | സ്നേഹബന്ധം | ഭൂയാൻ | വലിയ |
| അപോഹ്യ | വിട്ടുകളഞ്ഞു് | കലിഃ | കലഹംതന്നെ |
| അയം | ''ഇദ്ദേഹം | അഭൂത് | ഉണ്ടായി. |

ഇനി രണ്ടുശ്ലോകംകൊണ്ട് സൗഭരിയുടെ ഗാർഹസ്ഥ്യജീവിതത്തെ വിസ്തരിച്ചു പറയുന്നു

45 സ ബഹ്വൃച സ്താഭിരപാരണീയ
തപഃ ശ്രീയാനർഘ്യ പരിച്ഛദേഷു
ഗൃഹേഷു നാനോപവന്നമലാംഭഃ
സരസ്സു സൗഗന്ധിക കാനനേഷു

46 മഹാർഹശയ്യാസന വസ്ത്രഭൂഷണ
സ്നാനാനുലേപാഭ്യവഹാമാല്യകൈഃ
സ്വലംകൃതസ്ത്രീപുരുഷേഷുനിത്യദാ
രേമേƽനുഗായദ്ദ്വിജഭൃംഗബന്ദിഷു

| | |
|---|---|
| ബഹ്വൃചഃ സഃ | അനേകം ഋക്കുകളുടെ ദ്രഷ്ടാവായ അദ്ദേഹം (സൗഭരി) |
| അപാരണീയ തപഃ ശ്രീയാ | അററമില്ലാത്തതപഃശക്തിയുടെ സമൃദ്ധിയാൽ കൈവന്ന |
| അനർഘ്യ പരിച്ഛദേഷു | അമൂല്യങ്ങളായ ഉപകരണങ്ങളോടുകൂടിയ |
| ഗൃഹേഷു | ഭവനങ്ങളിലും |
| സൗഗന്ധിക കാനനേഷു | കൽഹാരകുസുമങ്ങൾ കാടുകെട്ടിനില്ക്കുന്ന |
| നാനോപവനാമലാംഭഃ സരസ്സു | വിവിധോദ്യാനങ്ങളിലും നിർമ്മലജലമുള്ള സരോവരങ്ങളിലും |
| സ്വലംകൃതസ്ത്രീപുരുഷേഷു | മോടിയിൽ ആടയാഭരണങ്ങളണിഞ്ഞ ദാസികളും |
| അനുഗായദ്ദ്വിജഭൃംഗബന്ദിഷു | ദാസന്മാരുള്ളവയും അനുസ്യൂതം ഗാനം ചെയ്യുന്ന പക്ഷികൾ, വണ്ടുകൾ വൈതാളികന്മാർ എന്നിവരോടുകൂടിയുള്ളവയുമായ ആ സ്ഥലങ്ങളിൽ |
| മഹാർഹ‌ശയ്യാസനവസ്ത്രഭൂഷണസ്നാനാനുലേപാഭ്യവഹാരമാല്യകൈഃ | മേത്തരം മെത്തകൾ, ഇരിപ്പിടങ്ങൾ, വസ്ത്രഭൂഷണങ്ങൾ കുളി ചമയങ്ങൾ കുറിക്കൂട്ടുകൾ ഭക്ഷണസാധനങ്ങൾ പൂമാലകൾ എന്നിവയോടുകൂടി |
| നിത്യദാ | നാൾതോറും |
| താഭിഃ | അവരോടൊന്നിച്ച് |
| രേമേ | രമിച്ചു. |

47 യദ്ഗാർഹസ്ഥ്യം തു സംവീക്ഷ്യസപ്തദ്വീപവതീപതിഃ
വിസ്മിതഃ സ്തംഭമജഹാത്സാർവ്വഭൗമശ്രിയാന്വിതഃ

| | |
|---|---|
| യദ്ഗാർഹസ്ഥ്യം തു | യാതൊരു സൗഭരിമുനിയുടെ ഗൃഹസ്ഥാശ്രമജീവിതത്തെയാകട്ടെ |
| സംവീക്ഷ്യ | കണ്ടിട്ട് |
| സപ്തദ്വീപവതീപതിഃ | ഏഴുദ്വീപുകളുള്ള ഭൂമിയുടെ ഏകനാഥൻ |
| സാർവ്വഭൗമശ്രിയാ അന്വിതം | ചക്രവർത്തിയുടെ ഐശ്വര്യത്തോട് കൂടിയവനുമായ മാന്ധാതാവ് |
| വിസ്മിതഃ സ്തംഭം | അത്ഭുതാധീനനായിട്ട് ഗർവ്വത്തെ |
| അജഹാത് | ഉപേക്ഷിച്ചു. |

**48 ഏവം ഗൃഹേഷ്വഭിരതോവിഷയാൻ വിവിധൈഃ സുഖൈഃ**
**സേവമാനോനചാതുഷ്യ ദാജ്യസ്തോകൈരിവാനലഃ**

| | |
|---|---|
| ഏവം | ഇപ്രകാരം |
| ഗൃഹേഷു | ഗൃഹകൃത്യങ്ങളിൽ |
| അഭിരതഃ | അത്യാസക്തനായിരുന്ന് |
| വിവിധൈഃ | പലതരത്തിലുള്ള |
| സുഖൈഃ | സുഖങ്ങളോടുകൂടെ |
| വിഷയാൻ | ഐന്ദ്രിയ വിഷയങ്ങളെ |
| സേവമാനഃ | അനുഭവിച്ചിരുന്ന സൗഭരി |
| അനലഃ | അഗ്നി |
| ആജ്യസ്തോകൈഃ ഇവ | നെയ്ത്തുള്ളികൾ കൊണ്ടെന്നപോലെ |
| ന ച സംതുഷ്യത് | സംതൃപ്തനാവുകയും ഉണ്ടായില്ല. |

ഇനി ഏഴുപദ്യങ്ങൾകൊണ്ട് സൗഭരിമുനിയുടെ പാശ്ചാത്താപത്തേയും തുടർന്നുണ്ടായ വാനപ്രസ്ഥാശ്രമസ്വീകാരത്തേയും വിവരിക്കുന്നു.

**49 സ കദാചിദുപാസീന ആത്മാപഹ്നവമാത്മനഃ**
**ദദർശ ബഹ്വൃചാചാര്യോ മീനസംഗസമുത്ഥിതം**

| | |
|---|---|
| ബഹ്വൃചാചാര്യഃ സഃ | അനേകം ഋക്കുകളുടെ ദ്രഷ്ടാവായ അദ്ദേഹം |
| കദാചിത് | ഒരിക്കൽ |
| ഉപാസീനഃ | സ്വസ്ഥനായിരുന്ന് |
| ആത്മനഃ | തന്റെ മനസ്സിന് |
| മീനസംഗസമുത്ഥിതം | മീനിന്റെ ഇണചേർച്ചയുടെ വീക്ഷണം കൊണ്ടുണ്ടായ |
| ആത്മാപഹ്നവം | ആത്മനാശത്തെ |
| ദദർശ | കണ്ടറിഞ്ഞു. |

**50 അഹോ ഇമം പശ്യതമേ വിനാശം**
**തപസ്വിനഃ സച്ചരിതവ്രതസ്യ**
**അന്തർജലേ വാരി ചര പ്രസംഗാത്**
**പ്രച്യാവിതം ബ്രഹ്മ ചിരം ധൃതം യത്**

| | |
|---|---|
| അഹോ | കഷ്ടമേ! |
| തപസ്വിന | താപസനും |
| സച്ചരിതവ്രതസ്യ | സന്മാർഗ്ഗിയും വ്രതം ആചരിക്കുന്നവനുമായ |
| മേ ഇമം | എന്റെ ഈ |
| വിനാശം | തകർച്ചയെ |
| പശ്യത | ഒന്നുനോക്കുവിൻ! |
| ചിരം | ദീർഘകാലം |
| ധൃതം | ധരിക്കപ്പെട്ടിരുന്ന |
| യത് | യാതൊരു |
| ബ്രഹ്മ | തപസ്സ് |
| അന്തർജലേ | ജലാന്തർഭാഗത്തിൽ സംഭവിച്ച |
| വാരിചരപ്രസംഗാത് | ജലജീവികളുടെ സംസർഗ്ഗം മൂലം |
| പ്രച്യാവിതം | തികച്ചും ശിഥിലീഭൂതമായി. |

51 സംഗം ത്യജേത മിഥുനവ്രതിനാം മുമുക്ഷുഃ
സർവ്വാത്മനാ നവിസൃജേദ്‌ ബഹിരിന്ദ്രിയാണി
ഏകശ്ചരൻ രഹസി ചിത്തമനന്ത ഈശേ
യുഞ്ജീത തദ്‌വ്രതിഷു സാധുഷു ചേത്‌പ്രസംഗഃ

| | |
|---|---|
| മുമുക്ഷുഃ | മോക്ഷാർത്ഥിയായവൻ |
| മിഥുന-വ്രതിനാം | ദാമ്പത്യധർമ്മം അനുഷ്ഠിക്കുന്നവരുടെ |
| സംഗം | കൂട്ടുകെട്ടിനെ |
| സർവ്വാത്മനാ | എല്ലാപ്രകാരത്തിലും |
| ത്യജേത | വിട്ടുകളയണം |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങളെ |
| ബഹിഃ | പുറമേയ്ക്കു് (വിഷയങ്ങളിലേക്കു്) |
| നവിസൃജേത്‌ | വിട്ടുകൂടാ |
| ഏകഃ | ഏകാകിയായി |
| ചരൻ | സഞ്ചരിച്ചുകൊണ്ടു് |
| രഹസി | ഏകാന്തത്തിൽ |
| ചിത്തം | ചിത്തത്തെ |
| അനന്തേ | അപരിചിത്തനായ |
| ഈശേ | ഈശ്വരനിൽ |
| യുഞ്ജീത | ചേർത്തുകൊള്ളണം |
| പ്രസംഗഃ ചേത്‌ | കൂട്ടുകെട്ടുണ്ടാവുന്നപക്ഷം |
| തദ്‌വ്രതിഷു | അതിനുവഴിയിൽ നിഷ്ഠയുള്ള |
| സാധുഷു | സദ്‌വൃത്തന്മാരുടെ ഇടയിൽ |
| (കാര്യഃ) | ചെയ്യാവുന്നതാണു്. |

52 ഏകസ്തപസ്വ്യഹമഥാംഭസി മത്സ്യസംഗാത്‌
പഞ്ചാശദാസമുത പഞ്ചസഹസ്രസർഗഃ
നാന്തം വ്രജാമ്യുഭയ കൃത്യമനോരഥാനാം
മായാഗുണൈർഹൃതമതിർ വിഷയേ/ർത്ഥഭാവഃ

| | |
|---|---|
| അംഭസി | ജലാന്തർഭാഗത്തിൽ |
| അഹം ഏകഃ | ഞാൻ ഏകനായിട്ടു് |
| തപസ്വീ | തപസ്സുചെയ്യുന്നവൻ |
| ആസം | ആയിരുന്നു. |
| മത്സ്യ-സംഗാത്‌ | ഇണചേരുന്ന മത്സ്യങ്ങളുടെ സമ്പർക്കത്താൽ |
| അഥ | പിന്നീടു് |
| പഞ്ചാശത്‌ | അമ്പതായും, |
| ഉത | അതിനെത്തുടർന്നു് |
| പഞ്ച-സഹസ്രസർഗ്ഗഃ | അയ്യായിരം സൃഷ്ടിയോടു കൂടിയവനായും |
| (ആസം) | ഭവിച്ചു |
| ഉഭയകൃത്യ-മനോരഥാനാം | ഐഹികവും പാരത്രികവുമായ സുഖാനുഭവത്തിനും ആവശ്യമായ കർമ്മങ്ങളെ ചെയ്യുവാനുള്ള അഭിലാഷങ്ങളുടെ |
| അന്തം | അററത്തേക്കു് |
| നവ്രജാമി | എത്തുന്നില്ല. |
| മായാഗുണൈഃ | മായാഗുണങ്ങളാൽ |
| ഹൃതമതി | ആകൃഷ്ടചിത്തനായിട്ടു് |
| വിഷയേ അർത്ഥഭാവഃ | വിഷയസുഖത്തിൽ പരമപുരുഷാർത്ഥമെന്ന ബോധത്തോടുകൂടിയവനായി ഭവിച്ചിരിക്കുന്നു. |

സൗഭരി ജലാന്തർ ഭാഗത്തിൽ മുങ്ങിക്കിടന്ന് തപസ്സുചെയ്കയായിരുന്നു. മത്സ്യരതിദർശനത്താൽ വിഷയാസക്തനായി. തപശക്തിയാൽ സ്വയം യൗവനവും സൗന്ദര്യവും ഉണ്ടാക്കി മാന്ധാതാവിൻെറ അമ്പതുകന്യകമാരേയും വേട്ടു. അവരെ ഏകകാലത്തിൽ രമിപ്പിക്കുവാൻ അമ്പതു ശരീരം ധരിച്ചു* പുത്രശരീരം സ്വശരീരത്തിൽനിന്ന് ഭിന്നമല്ലല്ലോ. ഇങ്ങനെ ഏകനായി വെള്ളത്തിനുള്ളിൽ തപസ്സുചെയ്തിരുന്ന സൗഭരി മായാഗുണങ്ങളാൽ അകൃഷ്ടനായി അനേകനായതല്ലാതെ വിഷയാഭ്രതിയിൽ അലംഭാവം ഉണ്ടായില്ല.

*ഓരോ പത്നിയിലും നൂറുവീതം പുത്രന്മാരെ ഉൽപാദിപ്പിച്ച താൻ പിന്നെ 5000 ആയി*

**53 ഏവം വസൻ ഗൃഹേകാലം വിരക്തോന്യാസമാസ്ഥിതഃ**
**വനം ജഗമാനുയയുസ്തത് പത്ന്യഃ പതിദേവതാഃ**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | വനം | തപോവനത്തിലേക്ക് |
| ഗൃഹേ | ഗൃഹത്തിൽ | ജഗാമ | പോയി |
| കാലം | ഏറിയകാലം | പതിദേവതാഃ | ഭർത്തൃപരായണകളായ |
| വസൻ | വസിച്ചുകൊണ്ടു് | തത്പത്ന്യഃ | അദ്ദേഹത്തിൻെറ പത്നിമാരും |
| വിരക്തഃ | വിഷയവിരക്തനായി | അനുയയുഃ | അദ്ദേഹത്തെ അനുഗമിച്ചു. |
| ന്യാസം | സംഗപരിത്യാഗം | | |
| ആസ്ഥിതാ | സ്വീകരിച്ച് | | |

**54 തത്ര തപ്ത്വാതപസ്തീക്ഷ്ണമാത്മകർഷണമാത്മവാൻ**
**സഹൈവാഗ്നിഭിരാത്മാനം യുയോജപരമാത്മനി**

| | | | |
|---|---|---|---|
| ആത്മവാൻ | ആത്മജ്ഞാനമുളവായ അദ്ദേഹം | തപ്ത്വാ | അനുഷ്ഠിച്ച് |
| തത്ര | അവിടെ | അഗ്നിഭിഃ | ത്രേതാഗ്നികളോടു് |
| ആത്മകർഷണം | ശരീരത്തെ ശോഷിപ്പിക്കുന്നതും | സഹഏവ | കൂടെതന്നെ |
| തീക്ഷ്ണം | കഠിനവുമായ | ആത്മാനം | ജീവാത്മാവിനെ |
| തപഃ | തപസ്സ് | പരമാത്മനി | പരമാത്മാവിൽ |
| | | യുയോജ | ലയിപ്പിച്ചു. |

**55 താഃ സ്വപത്യുർമഹാരാജനിരീക്ഷ്യാധ്യാത്മികീം ഗതിം**
**അന്വീയുസ്തത് പ്രഭാവേണ അഗ്നിം ശാന്തമിവാർച്ചിഷം**

| | | | |
|---|---|---|---|
| മഹാരാജ | മഹാരാജാവേ! | സ്വപത്യുഃ | സ്വഭർത്താവിൻെറ |
| താഃ | അവർ (സൗഭരിയുടെ പത്നിമാർ) | ആധ്യാത്മികീം | ആധ്യാത്മികമായ |

| | | | |
|---|---|---|---|
| ഗതിം | ഗതിയെ ബ്രഹ്മസായൂജ്യത്തെ | അർച്ചിഷഃ | ജ്വാലകളം |
| നിരീക്ഷ്യ | കണ്ട്, | ഇവ | എന്നപോലെ |
| ശാന്തം | ശാന്തമായ | തത്– പ്രഭാവേണ | അദ്ദേഹത്തിന്റെ തപഃ പ്രഭാവത്തിൽ |
| അഗ്നിം | അഗ്നിയെ | അനയീയുഃ | അനുയാത്രചെയ്തു. |

**ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ**
**സൗഭര്യുപാഖ്യാനേ ഷഷ്ഠോ ഽധ്യായഃ**

ആദിതഃ ശ്ലോകാഃ 267

നവമസ്കന്ദത്തിൽ ആറാം അദ്ധ്യായം കഴിഞ്ഞു.

★

## സപ്തമോദ്ധ്യായഃ = അദ്ധ്യായം ഏഴ്

### ഹരിശ്ചന്ദ്രോപാഖ്യാനം

**മാന്ധാതുരന്വയഃ പ്രോക്തഃ സപ്തമേ യത്രഗീയതേ**
**പുരുകുത്സസ്യ ചാഖ്യാനം ഹരിശ്ചന്ദ്രസ്യ ചോത്തമം**

മാന്ധാതാവിന്റെ വംശപരമ്പരയാണ് ഈ ഏഴാമദ്ധ്യായത്തിലെ പ്രതിപാദ്യം. ഈ വംശത്തിൽ പിറന്ന പുരുകുത്സന്റേയും ഹരിശ്ചന്ദ്രന്റേയും ഉപാഖ്യാനം പ്രധാനമാകുന്നു.

ശ്രീശുക ഉവാച ശ്രീ ശുകൻപറഞ്ഞു

1 **മാന്ധാതുഃ പുത്രപ്രവരോയോംബരീഷഃ പ്രകീർത്തിതഃ**
**പിതാമഹേന പ്രവൃതോ യൗവനാശ്വശ്ച തത്സുതഃ**
**ഹാരീതഃ തസ്യ പുത്രോഽഭൂന്മാന്ധാതൃപ്രവരാഃ ഇമേ**

| | | | |
|---|---|---|---|
| മാന്ധാതുഃ | മാന്ധാതാവിന്റെ | പുത്രപ്രവരഃ | പുത്രരിൽ ശ്രേഷ്ഠനും |
| പുത്രപ്രവരഃ | പുത്രന്മാരിൽ ശ്രേഷ്ഠനായിട്ട് | പിതാമഹേന | പിതാവിന്റെ പിതാവായ യുവനാശ്വനാൽ |
| അംബരീഷഃ | 'അംബരീഷൻ' എന്നിങ്ങനെ | പ്രവൃതഃ ച | പുത്രത്വേന അംഗീകരിക്കപ്പെട്ടവനുമാകുന്ന |
| യഃ | യാതൊരുവൻ | തത്സുതഃ | അവന്റെ പുത്രൻ |
| പ്രകീർത്തിതഃ | പ്രകീർത്തിതനായിരുന്നുവോ, | യൗവനാശ്വഃ | യൗവനാശ്വൻ; |
| (സഃ) | അവൻ | തസ്യപുത്രഃ | അവന്റെ പുത്രൻ |
| | | ഹാരീതഃ | ഹാരീതനും |

| | |
|---|---|
| അഭൂത് | ആയിരുന്നു. |
| ഇമേ | ഇവരെല്ലാം(അംബരീഷൻ യൗവനാശ്വൻ ഹാരീതൻ) |
| മാന്ധാതൃ- പ്രവരാഃ | മാന്ധാതാവിന്റെ അവാന്തരവംശപ്രവർത്തകരാകുന്നു |

ഇനി പുരുകുത്സന്റെ വംശപരമ്പരയെ വിസ്തരിക്കുവാൻ ഉദ്യമിച്ചുകൊണ്ട് ആദ്യം അവന്റെ വിവാഹം, പ്രഭാവം എന്നിവയെ എടുത്തുപറയുന്നു.

**2 നർമ്മദാ ഭ്രാതൃഭിർദത്താ പുരുകുത്സായ യോരഗൈഃ**
**തയാ രസാതലം നീതോ ഭുജഗേന്ദ്രപ്രയുക്തയാ**

| | |
|---|---|
| ഭ്രാതൃഭിഃ | സോദരന്മാരായ |
| ഉരഗൈഃ | നാഗദേവന്മാരാൽ |
| പുരുകുത്സായ | പുരുകുത്സനായിക്കൊണ്ട് |
| ദത്താ | വിവാഹം ചെയ്തുകൊടുക്കപ്പെട്ട |
| യാ നർമ്മദാ | യാതൊരു നർമ്മദയുണ്ടോ, |
| ഭുജഗേന്ദ്ര- പ്രയുക്തയാ | നാഗാധിപന്മാരാൽ പ്രേരിതയായ |
| തയാ | അവളാൽ |
| രസാതലം | പാതാളത്തിലേക്ക് |
| നീതഃ | (അവൻ) കൊണ്ടുപോകപ്പെട്ടു. |

**3 ഗന്ധർവാനവധീത്തത്ര വധ്യാൻ വൈ വിഷ്ണുശക്തിയുക്**
**നാഗാല്ലബ്ധവരഃ സർപ്പാദഭയം സ്മരതാമിദം**

| | |
|---|---|
| തത്രവൈ | അവിടെവെച്ച് |
| വിഷ്ണുശക്തി- യുക് | വിഷ്ണുവിന്റെ ശക്തിയോടു ചേർന്നതായ പുരുകുത്സൻ |
| വധ്യാൻ | വധാർഹരായ |
| ഗന്ധർവാൻ | ഗന്ധർവന്മാരെ |
| അവധീത് | വധിച്ചു. |
| ഇദം | "ഈ ചരിതത്തെ |
| സ്മരതാം | സ്മരിക്കുന്നവർക്ക് |
| സർപ്പാത് | സർപ്പജാതിയിൽനിന്ന് |
| അഭയം | ഭയമുണ്ടാകയില്ല" എന്നിങ്ങനെ |
| നാഗാത് | നാഗദേവതയിൽനിന്ന് |
| ലബ്ധവരഃ | വരം ലഭിച്ചവനുമായി. |

**4 ത്രസദ്ദസ്യുഃ പൗരുകുത്സോ യോഽനരണ്യസ്യ ദേഹകൃത്**
**ഹര്യശ്വസ്തത്സുതസ്തസ്മാദരുണോഽഥ നിബന്ധനഃ**

| | |
|---|---|
| പൗരുകുത്സഃ | പുരുകുത്സന്റെ പുത്രൻ |
| ത്രസദ്ദസ്യുഃ | ത്രസദ്ദസ്യുവാണ് |
| യഃ | യാതൊരുവൻ |
| അനരണ്യസ്യ | അനരണ്യന്റെ |
| ദേഹകൃത് | ദേഹകർത്താ(പിതാ)വാകുന്നു. |
| തത്സുത | അവന്റെ പുത്രൻ |
| ഹര്യശ്വഃ | ഹര്യശ്വൻ; |
| തസ്മാത് | അവനിൽനിന്ന് |
| അരുണഃ | അരുണനും |
| അഥ | അവനിൽനിന്ന് |
| നിബന്ധനഃ | നിബന്ധനനും ഉണ്ടായി. |

5 **തസ്യ സത്യവ്രതഃ പുത്രസ്ത്രിശംകുരിതി വിശ്രുതഃ**
**പ്രാപ്തശ്ചാണ്ഡാലതാം ശാപാദ്ഗുരോഃ കൗശികതേജസാ**

6 **സശരീരോഗതഃ സ്വർഗ്ഗമദ്യാപി ദിവി ദൃശ്യതേ**
**പാതിതോഽവാക്ശിരാ ദേവൈസ്തേനൈവസ്തംഭിതോ ബലാത്**

| | |
|---|---|
| തസ്യ | ആ നിബന്ധനൻെറ |
| പുത്രഃ | പുത്രനായ |
| സത്യവ്രതഃ | സത്യവ്രതൻ |
| ത്രിശംകുഃ ഇതി | 'ത്രിശംകു' എന്നുള്ള അപരനാമത്താൽ |
| വിശ്രുതഃ | വിഖ്യാതനായി |
| ഗുരോഃ | ഗുരുവായ വസിഷ്ഠരുടെ |
| ശാപാത് | ശാപത്താൽ |
| ചാണ്ഡാലതാം | ചണ്ഡാളഭാവത്തെ |
| പ്രാപ്തഃ | പ്രാപിച്ചവനായിട്ട് |
| കൗശികതേജസാ | (പിന്നീട്) വിശ്വാമിത്രൻെറ തപഃശക്തിയാൽ |
| സശരീരഃ | ഉടലോടുകൂടി |
| സ്വർഗം | സ്വർഗലോകത്തേക്ക് |
| ഗതഃ | പോയി |
| ദേവൈ | ദേവന്മാരാൽ |
| അവാക്ശിരാഃ | തലകീഴായി |
| പാതിതഃ | ഉന്തിമറിക്കപ്പെട്ടവനായെങ്കിലും |
| തേന ഏവ | ആ വിശ്വാമിത്രനാൽ തന്നെ |
| ബലാത് | തപോബലംകൊണ്ട് |
| സ്തംഭിതഃ | അവിടെസ്തംഭിപ്പിക്കപ്പെട്ട |
| അദ്യാപി | ഇപ്പോഴും (ത്രിശംകു) |
| ദിവി | ആകാശത്തിൽ |
| ദൃശ്യതേ | അതേനിലയിൽ കാണപ്പെടുന്നു. |

7 **ത്രൈശങ്കവോ ഹരിശ്ചന്ദ്രോ വിശ്വാമിത്രവസിഷ്ഠയോഃ**
**യന്നിമിത്തമഭൂദ് യുദ്ധം പക്ഷിണോർബഹുവാർഷികം**

| | |
|---|---|
| ഹരിശ്ചന്ദ്രഃ | ഹരിശ്ചന്ദ്രൻ |
| ത്രൈശങ്കവഃ | ത്രിശംകുവിൻെറ പുത്രനായിരുന്നു |
| യന്നിമിത്തം | യാതൊരുവൻ കാരണം |
| പക്ഷിണോഃ | പക്ഷികളായിത്തീർന്ന |
| വിശ്വാമിത്ര–വസിഷ്ഠയോഃ | വിശ്വാമിത്രനും വസിഷ്ഠനും തമ്മിൽ |
| ബഹുവർഷികം | ഏറിയ വർഷം നീണ്ടുനിന്ന |
| യുദ്ധം | കലഹം |
| അഭൂത് | സംഭവിക്കയുണ്ടായി |

വിശ്വാമിത്രൻ ഹരിശ്ചന്ദ്രനെക്കൊണ്ട് രാജസൂയ യാഗം ചെയ്യിച്ച് ഉള്ളതെല്ലാം ദക്ഷിണയുടെ രൂപത്തിൽ കൈവശപ്പെടുത്തി അദ്ദേഹത്തെ നിഃസ്വനാക്കി. ഇതറിഞ്ഞു് കുലഗുരുവായ വസിഷ്ഠൻ കോപിച്ച് വിശ്വാമിത്രനെ ''ത്വം വാഡീഭവ'' (നീ ഒരു വാത്തുപക്ഷിയായിപ്പോ) എന്ന് ശപിച്ചതായും, പകരം വിശ്വാമിത്രൻ വസിഷ്ഠനെ ''ത്വം ബകോഭവ'' (നീ കൊററിയായിപ്പോ) എന്നു ശപിച്ചതായും ഈ പക്ഷികൾ തമ്മിൽ ബഹുകാലം കലഹം നടന്നതായുമുള്ള കഥ പുരാണപ്രസിദ്ധമാണ്.

**8 സോഽനപത്യോ വിഷണ്ണാത്മാ നാരദസ്യോപദേശതഃ**
**വരുണം ശരണം യാതഃ പുത്രോ മേ ജായതാം പ്രഭോ**

| | | | |
|---|---|---|---|
| അനപത്യഃ | സന്താനശൂന്യനായിരുന്ന | വരുണഃ | വരുണദേവനെ |
| സഃ | അദ്ദേഹം (ഹരിശ്ചന്ദ്രൻ) | ശരണം യാതഃ | ശരണം പ്രാപിച്ചു. |
| വിഷണ്ണാത്മാ | ദുഃഖിതമാനസനായിട്ട് | പ്രഭോ | സർവ്വശക്തനായുള്ളോവേ! |
| നാരദസ്യ | നാരദമുനിയുടെ | മേ പുത്രഃ | എനിക്ക് പുത്രൻ |
| ഉപദേശതഃ | ഉപദേശപ്രകാരം | ജായതാം | ഉണ്ടാകേണമേ! |

**9 യദി വീരോ മഹാരാജ തേനൈവ ത്വാം യജേ ഇതി**
**തഥേതി വരുണേനാസ്യ പുത്രോ ജാതസ്തു രോഹിതഃ**

| | | | |
|---|---|---|---|
| മഹാരാജ | "ഹേ മഹാപ്രഭോ! | തഥാ ഇതി | അങ്ങനെയാകട്ടെ എന്ന് അനുവദിച്ച |
| വീരഃ യദി | വീരപുത്രനായെങ്കിൽ | വരുണേന | വരുണനെനിമിത്തീകരിച്ച് |
| തേന ഏവ | (അവനെക്കൊണ്ടുതന്നെ അവനെ യജ്ഞപശുവായി കല്പിച്ച്) | അസ്യ തു | ഈ ഹരിശ്ചന്ദ്രന് |
| | | രോഹിതഃ | രോഹിതനെന്ന |
| ത്വാം | അങ്ങയെ | പുത്രഃ | പുത്രൻ |
| യജേ ഇതി | യജിച്ചുകൊള്ളാം" എന്ന് | ജാതഃ | ജാതനായി. |

**10 ജാതഃ സുതോഹ്യനേനാങ്ഗമാം യജസ്വേതി സോഽബ്രവീത്**
**യദാ പശുഃ നിർദ്ദശഃ സ്യാദഥ മേധ്യോ ഭവേദിതി**

| | | | |
|---|---|---|---|
| അങ്ഗ | "ഹേ രാജൻ! | അബ്രവീത് | പറഞ്ഞു |
| സുതഃ | പുത്രൻ | പശുഃ | "യാഗപശു (യാഗത്തിന്റെ ഹവ്യമായ ഈ ശിശു) |
| ജാതഃ ഹി | ഉണ്ടായല്ലോ. | | |
| അനേന | ഇവനെക്കൊണ്ട് | നിർദ്ദശഃ | പത്തുനാൾ (ആശൗച കാലം) കഴിഞ്ഞവനായി ഭവിക്കുമ്പോൾ മാത്രമേ |
| മാം | എന്നെ | യദാ സ്യാത് | |
| യജസ്വ | യജിക്ക" | അഥ | |
| ഇതി | എന്നായി വരുണൻ | മേധ്യഃ | പരിശുദ്ധനായി |
| സഃ | അദ്ദേഹം (ഹരിശ്ചന്ദ്രൻ) | ഭവേത് ഇതി | ഭവിക്കയുള്ളൂ" എന്ന് |

**11 നിർദ്ദശേ ച സ ആഗത്യ യജസ്വേത്യാഹ സോഽബ്രവീത്**
**ദന്താഃ പശോർയജ്ജായേരന്നഥ മേധ്യോ ഭവേദിതി**

| | | | |
|---|---|---|---|
| നിർദ്ദശേ ച | പത്തുനാൾകഴിഞ്ഞവനായപ്പോഴും | സഃ | ആ വരുണദേവൻ |
| | | ആഗത്യ | വന്നിട്ട് |

| | |
|---|---|
| യജസ്വ | ''യജിക്കുക'' |
| ഇതി ആഹ | എന്ന് പറഞ്ഞു |
| സഃ | അദ്ദേഹം (ഹരിശ്ചന്ദ്രൻ) |
| അബ്രവീത് | പറഞ്ഞു |
| പശോഃ | യജ്ഞപശുവായ ശിശുവിന്ന് |
| ദന്താഃ | പല്ലുകൾ |
| ജായേരൻ യത് അഥ | ഉണ്ടായി വന്നാൽ മാത്രമേ |
| മേധ്യഃ | പരിശുദ്ധനായി |
| ഭവേത് ഇതി | ഭവിക്കുകയുള്ളൂ'' എന്ന് |

**12 ജാതാ ദന്താ യജസ്വേതി സ പ്രത്യാഹാഥ സോഽബ്രവീത്**
**യദാ പതന്ത്യസ്യ ദന്താ അഥ മേധ്യോ ഭവേദിതി**

| | |
|---|---|
| ദന്താഃ | ''പല്ലുകൾ |
| ജാതാഃ | ഉണ്ടായിക്കഴിഞ്ഞു; |
| യജസ്വ | യജിച്ചുകൊള്ളൂ'' |
| ഇതി സഃ | എന്ന് വരുണൻ |
| പ്രത്യാഹ | വീണ്ടും വന്നുപറഞ്ഞു |
| അഥ സഃ | അപ്പോൾ അദ്ദേഹം |
| അബ്രവീത് | പറഞ്ഞു. |
| അസ്യ ദന്താഃ | ഇവന്റെ പല്ലുകൾ |
| യദാ പതന്തി അഥ | എപ്പോൾ കൊഴിഞ്ഞു വീഴുന്നുവോ അതിനുമേൽ |
| മേധ്യഃ | പരിശുദ്ധനായി |
| ഭവേത് | ഭവിക്കുന്നതാണ്''' |
| ഇതി | എന്നിപ്രകാരം |

**13 പശോർന്നിപതിതാ ദന്താ യജസ്വേത്യാഹ സോഽബ്രവീത്**
**യദാ പശോഃ പുനർദ്ദന്താ ജായന്തേഽഥ പശുഃ ശുചിഃ**

| | |
|---|---|
| പശോഃ | യജ്ഞപശുവായിത്തീർന്ന ബാലന്റെ |
| ദന്താഃ | പല്ലുകൾ |
| നിപതിതാഃ | വീണുകഴിഞ്ഞു; |
| യജസ്വ | യജിച്ചുകൊള്ളൂ'' |
| ഇതി ആഹ | എന്നു വരുണൻ നിർദ്ദേശിച്ചു |
| സഃ | അദ്ദേഹം |
| അബ്രവീത് | പറഞ്ഞു |
| പശോഃ | ''പശുവിന്ന് |
| പുനഃ ദന്താഃ | വീണ്ടും പല്ലുകൾ |
| യദാ | എപ്പോൾ |
| ജായന്തേ | ഉണ്ടാകുന്നുവോ, |
| അഥ | അതിൽപ്പിന്നെ |
| പശുഃ | യജ്ഞപശു |
| ശുചിഃ | പരിശുദ്ധിയുള്ളതാകും'' |

**14 പുനർജാത യജസ്വേതി സ പ്രത്യാഹാഥ സോഽബ്രവീത്**
**സാന്നാഹികോ യദാ രാജൻ രാജന്യോഽഥ പശുഃ ശുചിഃ**

| | |
|---|---|
| പുനർജാതാഃ | ''(പല്ലുകൾ) പിന്നെയും മുളച്ചുണ്ടായി; |
| യജസ്വ | (ഇനി ഇവനെക്കൊണ്ട് എന്നെ) യജിച്ചാലും'' |
| ഇതി | എന്നിങ്ങനെ |
| സഃ | ആ വരുണദേവൻ |
| പ്രത്യാഹ | വീണ്ടും വന്നുപറഞ്ഞു |
| അഥ സഃ | അപ്പോൾ അദ്ദേഹം |
| അബ്രവീത് | പറഞ്ഞു |

| | | | |
|---|---|---|---|
| രാജൻ | വരുണരാജാവേ! | അഥ | അപ്പോൾ മാത്രമേ |
| യദാ | എപ്പോൾ | രാജന്യ | ക്ഷത്രിയനായ |
| സാന്നാഹികഃ | കച്ചകെട്ടി മാച്ചട്ടയിട്ടു യുദ്ധത്തിനുപ്രാപ്തനായി തീരുന്നുവോ | പശുഃ | യജ്ഞപശു |
| | | ശുചിഃ | ശുദ്ധമാകയുള്ളൂ'' |

**15 ഇതി പുത്രാനുരാഗേണ സ്നേഹയന്ത്രിത ചേതസാ**
**കാലം വഞ്ചയതാ തം തമുക്തോ ദേവസ്തമൈക്ഷത**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | വഞ്ചയതാ | ഒരോന്നു പറഞ്ഞു ഒഴിഞ്ഞു മാറുന്നവനുമായ രാജാവിനാൽ |
| പുത്രാനുരാഗേണ | പുത്രനോടുള്ള വാത്സല്യാതിരേകം നിമിത്തം | ഉക്തഃ | അഭ്യർത്ഥിക്കപ്പെട്ട |
| സ്നേഹയന്ത്രിത ചേതസാ | സ്നേഹത്താൽ നിയന്ത്രിതമായ ഹൃദയത്തോടുകൂടിയവനും | ദേവഃ | വരുണദേവൻ |
| തം തം | അതാതു് | തം | അതിനെ(അതാതു കാലത്തെ) |
| കാലം | കാലഘട്ടത്തെ | ഐക്ഷത | പ്രതീക്ഷിച്ചിരുന്നു. |

**"ഹരിശ്ചന്ദ്രോ ഹ വൈധസ ഐക്ഷ്വാകോ രാജാ ആസ"** എന്നിങ്ങനെ ശ്രുതിപ്രസിദ്ധമായ ഹരിശ്ചന്ദ്രചരിതമാണു് ഇവിടെ ഈവിധം ഉപന്യസിച്ചതു്. സന്താനാർത്ഥിയായ ഹരിശ്ചന്ദ്രൻ നാരദോപദേശത്താൽ വരുണനെ സേവിച്ചു പുത്രവരം വാങ്ങി. വീരപുത്രനുണ്ടായാൽ അവനെത്തന്നെ പശുവാക്കി വരുണനെ യജിച്ചുകൊള്ളാമെന്നു് അന്നേരം വീണ്ടാലോചനയില്ലാതെ അദ്ദേഹം പറഞ്ഞുപോയി. പുത്രനുണ്ടായതും വരുണൻ അതോർമ്മിപ്പിച്ചു. യജ്ഞത്തിനുള്ള നരപശുവിനു ശുദ്ധിവരുവാൻ അതു ജനിച്ചതിൽപിന്നെ പത്തു ദിവസം കഴിയണമെന്നു രാജാവു് പറഞ്ഞതു് വരുണനുസമ്മതമായി. പത്തുദിവസം കഴിഞ്ഞപ്പോൾ യജ്ഞപശുവിനു ശുദ്ധിവരുവാൻ പല്ലുമുളയ്ക്കണമെന്നും, പല്ലുമുളച്ചപ്പോൾ അതുകൊഴിഞ്ഞുവീഴണമെന്നും, പിന്നെ രണ്ടാം പല്ലുകൾ മുളയ്ക്കണമെന്നും അവസാനം യുദ്ധത്തിനു കച്ചകെട്ടിയാലേ ക്ഷത്രിയനായ പശുവിന്നു പരിശുദ്ധിവരികയുള്ളൂ എന്നും മററുമായി ഓരോന്നും പറഞ്ഞു് വരുണനെ കബളിപ്പിക്കയാണു് ഹരിശ്ചന്ദ്രൻ ചെയ്തതു്. പുത്രാനുരാഗം കൊണ്ടുണ്ടായ ഈ വഞ്ചന വരുണൻ ഓരോ സന്ദർഭത്തിലും പൊറുത്തു. അങ്ങനെ രോഹിതൻ വളർന്നു. തന്നെ വരുണനു ബലികൊടുക്കാമെന്നു് അച്ഛൻ നേർന്നിട്ടുണ്ടെന്നറിഞ്ഞതും അവൻ ചെയ്തതെന്തെന്നു് ഇനി പറയുന്നു.

**16 രോഹിതസ്തദഭിജ്ഞായ പിതുഃ കർമ്മ ചികീർഷിതം**
**പ്രാണപ്രേപ്സുർധനുഷ്പാണിരരണ്യം പ്രത്യപദ്യത**

| | | | |
|---|---|---|---|
| പിതുഃ ചികീർഷിതം | പിതാവു് ചെയ്യുവാനുദ്ദേശിച്ചതായ | തത് കർമ്മ | ആ പ്രവൃത്തിയെ (തന്നെ പശുവാക്കി വരുണനെ യജിക്കൽ) |

| | | | |
|---|---|---|---|
| രോഹിതഃ | രോഹിതകുമാരൻ | ധനുഷ്പാണിഃ | കൈയിൽ വില്ലെടുത്തു് |
| അഭിജ്ഞായ | അറിഞ്ഞിട്ടു് | അരണ്യം | വനത്തിലേക്കു് |
| പ്രാണ-പ്രേപ്സുഃ | ജീവരക്ഷ ലഭിപ്പാൻ ഉദ്ദേശിച്ചുകൊണ്ടു് | പ്രത്യപദ്യത | എത്തിച്ചേർന്നു. |

**17 പിതരം വരുണഗ്രസ്തം ശ്രുത്വാ ജാതമഹോദരം**
**രോഹിതോ ഗ്രാമമേയായ തമിന്ദ്രഃ പ്രത്യഷേധത**

| | | | |
|---|---|---|---|
| രോഹിതഃ | രോഹിതൻ | ശ്രുത്വാ | കേട്ടറിഞ്ഞു് |
| വരുണഗ്രസ്തം | വരുണനാൽ ഗ്രസിക്കപ്പെട്ടവനും | ഗ്രാമം | നാട്ടിലേക്കു് |
| ജാത-മഹോദരം | മഹോദരമെന്ന രോഗം ഉണ്ടായവനുമായ | ഏയായ | പുറപ്പെട്ടു. |
| | | ഇന്ദ്രഃ തം | ഇന്ദ്രൻ അവനെ |
| പിതരം | അച്ഛനെക്കുറിച്ചു് | പ്രത്യഷേധത | തടഞ്ഞുനിർത്തി |

**18 ഭൂമേഃ പര്യടനം പുണ്യം തീർത്ഥക്ഷേത്രനിഷേവണൈഃ**
**രോഹിതായാദിശച്ഛക്രഃ സോഽപ്യരണ്യേഽവസത് സമാം**

| | | | |
|---|---|---|---|
| തീർത്ഥക്ഷേത്ര-നിഷേവ-ണൈഃ | തീർത്ഥങ്ങളുടെയും ക്ഷേത്രങ്ങളുടെയും സേവനങ്ങളോടെ | ശക്രഃ | ദേവേന്ദ്രൻ |
| | | രോഹിതായ | രോഹിതന്നു് |
| | | ആദിശത് | ഉപദേശം കൊടുത്തു. |
| ഭൂമേഃ | ഭൂമിയുടെ | സഃ അപി | അവനും |
| പര്യടനം | പര്യടനം (ഭൂമിയിൽ ചുററിസഞ്ചരിക്കൽ) | അരണ്യേ | വനത്തിൽ |
| | | സമാം | ആ വർഷം മുഴുവനും |
| പുണ്യം | പുണ്യകരമാണെന്നു് | അവസത് | താമസിച്ചു. |

**19 ഏവം ദ്വിതീയേ തൃതീയേ ചതുർത്ഥേ പഞ്ചമേ തഥാ**
**അഭ്യേത്യാഭ്യേത്യ സ്ഥവിരോ വിപ്രോ ഭൂത്വാഽഽഹ വൃത്രഹാ**

| | | | |
|---|---|---|---|
| ഏവം | ഇത്തരത്തിൽ | വൃത്രഹാ | ദേവേന്ദ്രൻ |
| ദ്വിതീയേ | രണ്ടാമത്തെയും, | സ്ഥവിരഃ | വൃദ്ധനായ |
| തൃതീയേ | മൂന്നാമത്തെയും, | വിപ്രഃ ഭൂത്വാ | ബ്രാഹ്മണനായിട്ടു് |
| ചതുർത്ഥേ | നാലാമത്തെയും | അഭ്യേത്യ അഭ്യേത്യ | രോഹിതസമീപത്തിൽ മുടങ്ങാതെവന്നു് |
| തഥാ | അപ്രകാരം | | |
| പഞ്ചമേ | അഞ്ചാമത്തെയും വർഷം | ആഹ | പറഞ്ഞുകൊണ്ടിരുന്നു. |

**20 ഷഷ്ഠം സംവത്സരം തത്ര ചരിത്വാ രോഹിതഃ പുരീം**
**ഉപവ്രജന്നജീഗർത്താദക്രീണാന്മധ്യമം സുതം**
**ശുനഃശേപം പശും പിത്രേ പ്രദായ സമവന്ദത**

| | |
|---|---|
| ഷഷ്ഠം | ആറാമത്തെ |
| സംവത്സരം | വർഷം മുഴുവൻ |
| തത്ര | അവിടെ (വനത്തിൽ) |
| ചരിത്വാ | സഞ്ചരിച്ചതിൽപ്പിന്നെ |
| രോഹിതഃ | രോഹിതൻ |
| പുരീം | നഗരത്തിലേക്ക് |
| ഉപവ്രജൻ | യാത്രതിരിച്ചുകൊണ്ട് |
| അജീ–ഗർത്താത് | അജീഗർത്തനെന്ന ബ്രാഹ്മണനിൽനിന്ന് |
| മധ്യമംസുതം | മധ്യമപുത്രനായ |
| ശുനഃ ശേപം | ശുനഃശേപനെന്നവനെ |
| അക്രീണാത് | വിലയ്ക്കുവാങ്ങിച്ചു. |
| പശും | (അവനെ) യാഗ പശുവായി |
| പിത്രേ | അച്ഛന് |
| പ്രദായ | നല്കിയിട്ട് |
| സമവന്ദത | മുറപ്രകാരം വന്ദിച്ചു |

**21 തഃ പുരുഷമേധേന ഹരിശ്ചന്ദ്രോ മഹായശാഃ**
**മുക്തോദരോഽയജദ് ദേവാൻ വരുണാദീൻ മഹാകഥഃ**

| | |
|---|---|
| തതഃ | അതിപ്പിന്നെ |
| മഹായശാഃ | മഹാകീർത്തിമാനും |
| മഹത്കഥഃ | മഹാന്മാരുടെ ഇടയിൽ കഥിക്കത്തക്കവനുമായ |
| ഹരിശ്ചന്ദ്രഃ | ഹരിശ്ചന്ദ്രരാജാവ് |
| വരുണാദീൻ | വരുണാദികളായ |
| ദേവാൻ | ദേവകളെ |
| പുരുഷ–മേധേന | നരമേധമാവുന്ന വിശിഷ്ട യജനത്താൽ |
| അയജത് | യജിച്ചു; |
| മുക്തോദരഃ | വിട്ടുപോയ മഹോദരത്തോടുകൂടിയവനായും |
| അഭവത് | ഭവിച്ചു. |

**22 വിശ്വാമിത്രോഽഭവത് തസ്മിൻ ഹോതാചാധ്വര്യുരാത്മവാൻ**
**ജമദഗ്നിരഭൂദ് ബ്രഹ്മാ വസിഷ്ഠോഽയാസ്യസാമഗഃ**

| | |
|---|---|
| തസ്മിൻ | അതിൽ |
| വിശ്വാമിത്രഃ | വിശ്വമിത്രൻ |
| ഹോതാ ച | ഹോതാവും, |
| ആത്മവാൻ | ആത്മജ്ഞാനിയായി |
| ജമദഗ്നിഃ | ജമദഗ്നിമഹർഷി |
| അധ്വര്യുഃ | അധ്വര്യുവും, |
| വസിഷ്ഠഃ | വസിഷ്ഠൻ |
| ബ്രഹ്മ | ബ്രഹ്മനും, |
| ആയസ്യ–സാമഗഃ | ആയാസ്യമുനി ഉദ്ഗാതാവും |
| അഭൂത് | ആയിരുന്നു. |

23 തസ്മൈ തുഷ്ടോ ദദാവിന്ദ്രഃ ശാതകൗംഭമയം രഥം
ശുനഃ ശേപസ്യ മാഹാത്മ്യമുപരിഷ്ടാത് പ്രചക്ഷ്യതേ

| | | | |
|---|---|---|---|
| ഇന്ദ്രഃ | ദേവേന്ദ്രൻ | ദദൗ | സംഭാവനചെയ്തു |
| തുഷ്ടഃ | സന്തുഷ്ടനായിഭവിച്ച് | ശുനഃശേപസ്യ | ശുനഃശേപൻെറ |
| തസ്മൈ | അദ്ദേഹത്തിന്ന് (ഹരിശ്ചന്ദ്രന്ന്) | മാഹാത്മ്യം | മഹിമയെ |
| | | ഉപരിഷ്ടാത് | മേലിൽ |
| ശാതകൗംഭമയം രഥം | തങ്കം കൊണ്ടുനിർമ്മിച്ച രഥത്തെ | പ്രചക്ഷ്യതേ | സുവ്യക്തമായി പറയുന്നുണ്ട് |

24 സത്യസാരാം ധൃതിം ദൃഷ്ട്വാ സഭാര്യസ്യ ച ഭൂപതേഃ
വിശ്വാമിത്രോ ഭൃശം പ്രീതോ ദദാവവിഹതാം ഗതിം

| | | | |
|---|---|---|---|
| സഭാര്യസ്യ | ഭാര്യാസഹിതനായ | പ്രീതഃ | സന്തോഷവാനായ |
| ഭൂപതേഃ | ഹരിശ്ചന്ദ്രരാജാവിൻെറ | വിശ്വാമിത്രഃ | വിശ്വാമിത്രൻ |
| സത്യസാരം | സത്യബലത്തോടുകൂടിയ | അവിഹതാം | തടവില്ലാത്ത |
| ധൃതി | ആത്മധൈര്യത്തെ | ഗതിം ച | ജ്ഞാനത്തെയും |
| ദൃഷ്ട്വാ | കണ്ടിട്ട് | ദദൗ | പ്രദാനം ചെയ്തു. |
| ഭൃശം | ഏററവും | | |

വിശ്വാമിത്രൻ രാജസൂയത്തിൽ ഹരിശ്ചന്ദ്രൻെറ സർവ്വസ്വവും അപഹരിച്ച സന്ദർഭത്തിൽ ഹരിശ്ചന്ദ്രനും പത്നിയും സത്യത്തിൻെറ മാർഗ്ഗത്തിൽ വ്യതിചലിച്ചില്ല. അതിൽ സന്തോഷംകൊണ്ടിട്ട് മുനി ഹരിശ്ചന്ദ്രന്ന് ജ്ഞാനപ്രദാനം ചെയ്തു. ഏതുരൂപത്തിലുള്ള ജ്ഞാനമായിരുന്നു അതെന്നത് താഴെ രണ്ടരശ്ലോകം കൊണ്ടുപറയുന്നു.

25 മനഃ പൃഥിവ്യാം താമദ്ഭിസ്തേജസാപോഽനിലേന തത്
ഖേ വായും ധാരയംസ്തച്ച ഭൂതാദൗതം മഹാത്മനി

26 തസ്മിൻ ജ്ഞാനകലാം ധ്യാത്വാ തയാജ്ഞാനം വിനിർദ്ധഹിൻ
ഹിത്വാം താം സേ്വന ഭാവേന നിർവ്വാണസുഖസംവിദാ

27 അനിർദ്ദേശ്യാ പ്രതർക്ക്യേണ തസ്ഥൗ വിധ്വസ്തബന്ധനഃ

| | | | |
|---|---|---|---|
| മനഃ | അന്തമയമായി, സംസാരത്തിന്നു നിദാനമായിരിക്കുന്ന മനസ്സിനെ | താം | അതിനെ-പൃഥിവിയെ |
| | | അദ്ഭിഃ | ജലത്തോടും, |
| | | അപഃ | ജലത്തെ |
| പൃഥിവ്യാം | അന്നരസത്തിന്നു കാരണമായുള്ള പൃഥിവിയിലും | തേജസാ | അഗ്നിയോടും, |
| | | തത് | അതിനെ (അഗ്നിയെ) |
| ധാരയൻ | ഏകീഭവിപ്പിച്ച്, | അനിലേന | വായുവിനോടും, |

| | |
|---|---|
| വായും | വായുവിനെ |
| ഖേ | ആകാശത്തിലും, |
| തത് | അതിനെ (ആകാശത്തെ) |
| ഭൂതാദൗ | താമസാഹങ്കാരത്തിലും, |
| തം | അതിനെ(അഹങ്കാരത്തെ) |
| മഹാത്മനിച | മഹത്തത്ത്വത്തിലും (ലയിപ്പിച്ച്) |
| തസ്മിൻ | അതിൽ (മഹത്തത്ത്വാത്മകമായ ചിത്തിൽ |
| ജ്ഞാനകലാം | ജ്ഞാനാംശത്തെ |
| ധ്യാത്വാ | ആത്മത്വേന ധ്യാനിച്ച്, |
| തയാ | ധ്യാനവൃത്തിയാൽ |
| അജ്ഞാനം | ആത്മാവിനെ ആവരണം ചെയ്തിരിക്കുന്ന അജ്ഞാനത്തെ |
| വിനിർദ്ദഹൻ | ദഹിപ്പിച്ച്, |
| താം ച | ആ ധ്യാനവൃത്തിയെയും കൂടി |
| ഹിത്വാ | ഉപേക്ഷിച്ച് |
| നിർവ്വാണസുഖ സംവിദാ | നിത്യാനന്ദത്തിന്റെ അനുഭൂതിയാൽ |
| മുക്തബന്ധനഃ | മോചിക്കപ്പെട്ട പ്രാപഞ്ചിക ബന്ധനത്തോടുകൂടിയവനായിത്തീർന്ന് |
| അനിർദ്ദേശ്യപ്രതർക്ക്യേണ | നിർദ്ദേശിപ്പാനോ ഊഹിപ്പാനോ അരുതാത്ത |
| സ്വേന | സ്വകീയമായ |
| ഭാവേന | സ്വരൂപത്തോടെ |
| തസ്ഥൗ | സ്ഥിതി ചെയ്തു. |

**ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ ഹരിശ്ചന്ദ്രോപാഖ്യാനം നാമ സപ്തമോധ്യായഃ**

ആദിതഃ ശ്ലോകാഃ 294

നവമസ്കന്ധത്തിൽ ഏഴാമത്തെ അധ്യായം കഴിഞ്ഞു.

★

## അഷ്ടമോധ്യായഃ = അദ്ധ്യായം എട്ട്

### സഗരോപാഖ്യാനം

**"അഷ്ടമേ രോഹിതസ്യോക്താ വംശോ യത്രാഭവന്നൃപഃ**
**സഗരഃ കപിലാക്ഷേപാത്തിർദഗ്ദ്ധാ യസ്യ സൂനവഃ"**

എട്ടാംസ്കന്ധത്തിൽ രോഹിതന്റെ വംശം പറയപ്പെട്ടിരിക്കുന്നു. ഈ വംശത്തിൽ സഗരനെന്ന മഹാരാജാവുണ്ടായതും അദ്ദേഹത്തിന്റെ പുത്രന്മാർ കപിലമുനിയോടു കയർത്തു. മുനിയുടെ ദേഹജാഗ്നിയിൽ വെന്തെരിഞ്ഞുപോയതും വിസ്തരിക്കപ്പെട്ടിട്ടുണ്ട്.

**ശ്രീശുക ഉവാച** ശ്രീശുകൻ പറഞ്ഞു.

1 **ഹരിതോ രോഹിതസുതശ്ചമ്പസ്തസ്മാദ് വിനിർമ്മിതാ**
**ചമ്പാപുരി സുദേവോഽതോ വിജയയസ്യചാത്മജഃ**

| | | | |
|---|---|---|---|
| രോഹിതസുതഃ | രോഹിതന്റെ പുത്രനായിരുന്നു | വിനിർമ്മിതാ | നിർമ്മിക്കപ്പെട്ടതാകുന്നു. |
| ഹരിതഃ | ഹരിതൻ | അതഃ | ഇവനിൽനിന്ന് |
| തസ്മാത് | അവനിൽനിന്ന് | സുദേവഃ | സുദേവൻ പിറന്നു |
| ചമ്പഃ | ചമ്പൻ ഉണ്ടായി | യസ്യ | യാതൊരുവന്റെ |
| ചമ്പാപുരി | 'ചമ്പാപുരി' എന്നനഗരം | ആത്മജഃ | പുത്രൻ |
| (അനേന) | ഇവനാൽ | വിജയഃച | വിജയനുമായിരുന്നു. |

2 **ഭരുകസ്തത്സുതസ്തസ്മാദ് വൃകസ്തസ്യാപി ബാഹുകഃ**
**സോഽരിഭിർഹൃതഭൂരാജസഭാര്യോവനമാവിശത്**

| | | | |
|---|---|---|---|
| തത്സുതഃ | അവന്റെ പുത്രൻ | അരിഭിഃ | ശത്രുക്കളാൽ |
| ഭരുകഃ | ഭരുകനും | ഹൃതഭൂഃ | അപഹരിക്കപ്പെട്ട രാജ്യത്തോടുകൂടിയവനായി |
| തസ്മാത് | അവനിൽനിന്ന് | സഭാര്യഃ | ഭാര്യയോടൊന്നിച്ച് |
| വൃകഃ | വൃകനും | വനം | കാട്ടിലേക്ക് |
| തസ്യഅപി | അവന്റെ പുത്രനായി | ആവിശത് | കടന്നുകൂടി |
| ബാഹുകഃ | ബാഹുകനുംഉണ്ടായി | | |
| സഃ രാജാ | ആ രാജാവ് | | |

3 **വൃദ്ധം തം പഞ്ചതാം പ്രാപ്തം മഹിഷ്യനു മരിഷ്യതീ**
**ഔർവേണ ജാനതാഽഽത്മാനം പ്രജാവന്തം നിവാരിതാ**

| | | | |
|---|---|---|---|
| വൃദ്ധം | വയോധികനായി | ആത്മാനം | അവളുടെ ശരീരത്തെ |
| പഞ്ചതാം | മരണത്തെ | പ്രജാവന്തം | സന്താനമുള്ളതായി |
| പ്രാപ്തം തം | പ്രാപിച്ച അദ്ദേഹത്തെ | ജാനതാ | അറിഞ്ഞുവച്ചിരിക്കുന്ന |
| അനു | പിൻതുടന്ന് | ഔർവേണ | ഔർവ്വമഹർഷിയാൽ |
| മരിഷ്യതീ | മരിക്കവാനുദ്യമിക്കുന്ന | നിവാരിതാ | തടയപ്പെട്ടു. |
| മഹിഷീ | അദ്ദേഹത്തിന്റെ പട്ടമഹഷീ | | |

ബാഹുകന്റെ ചിതയിൽച്ചാടി അനുമരണത്തിനുദ്യമിച്ച അദ്ദേഹത്തിന്റെ രാജ്ഞിയെ അവൾ ഗർഭിണിയായതുകൊണ്ട് ഔർവ്വമഹർഷി തടഞ്ഞുവെന്നു സാരം.

4 **ആജ്ഞായാസ്യൈ സപത്നീഭിർഗരോ ദത്തോഽന്ധസാ സഹ**
**സഹ തേനൈവ സംജാതഃ സഗരാഖ്യോ മഹായശാഃ**

| | |
|---|---|
| സപത്നീഭിഃ | സപത്നികളാൽ |
| ആജ്ഞായ | സംഗതിയറിഞ്ഞിട്ട് |
| അസ്യൈ | ഇവൾക്ക് |
| അന്ധസാ | അന്നത്തിനോട് |
| സഹ | കൂടെ |
| ഗരഃ | വിഷം |
| ദത്തഃ | കൊടുക്കപ്പെട്ടു |
| തേന ഏവ | അതോടുകൂടെത്തന്നെ |
| സംജാതഃ | ജനിച്ചു |
| മഹായശാഃ | മഹാകീർത്തിമാനായ പുത്രനാകുന്ന |
| സഗരാഖ്യഃ | സഗരനെന്നുപേരായ രാജാവ് |

സപത്നികൾ അസൂയകൊണ്ട് കൊടുത്ത ഗര (വിഷ)ത്തോടുകൂടിയാണ് പുത്രൻ ജനിച്ചത്. അതിനാൽ സഗരനെന്ന പേരുണ്ടായി. ''ഗരേണ സഹ ജാതഃ= സഗരഃ''.

5 **സഗരശ്ചക്രവർത്ത്യാസീത് സാഗരോ യത്സുതൈഃ കൃതഃ**
**യസ്താലജംഘാൻ യവനാൻ ശകാൻ ഹൈഹയബർബരാൻ**

6 **നാവധീദ് ഗുരുവാക്യേന ചക്രേ വികൃതവേഷിണഃ**
**മുണ്ഡാൻ ശ്മശ്രുധരാൻ കാംശ്ചിന്മുക്തകേശാർദ്ധമുണ്ഡിതാൻ**
**അനന്തർവാസസഃ കാംശ്ചിദബഹിർവാസസോഽപരാൻ**

| | |
|---|---|
| സഗരഃ | സഗരൻ |
| ചക്രവർത്തീ | സാർവ്വഭൗമനായി |
| ആസീത് | ഭവിച്ചു |
| യത്സുതൈഃ | യാതൊരാളുടെ പുത്രന്മാരാൽ |
| സാഗരഃ | സാഗരം (സമുദ്രം) |
| കൃതഃ | ഉണ്ടാക്കപ്പെട്ടു |
| യഃ | യാതൊരു ഈ സഗരൻ |
| താലജംഘാൻ | താലജംഘന്മാരെയും, |
| യവനാൻ | യവനന്മാരെയും, |
| ശകാൻ | ശകന്മാരെയും, |
| ഹൈഹയ-ബർബരാൻ | ഹൈഹയന്മാരെയും, ബർബരന്മാരെയും, |
| ഗുരുവാക്യേന | ഗുരുവായ ഔർവ്വന്റെ വാക്കിനാൽ |
| ന അവധീത് | കൊന്നുകളഞ്ഞില്ല |
| വികൃത-വേഷിണഃ | (എന്നാൽ) വിരൂപവേഷക്കാരാക്കി |
| ചക്രേ | ചെയ്തു |
| കാംശ്ചിത് | അവരിൽ ചിലരെ |
| മുണ്ഡാൻ | തലമൊട്ടയിട്ടവരും |
| ശ്മശ്രുധരാൻ | താടിരോമം വളർത്തി വച്ചവരും, |
| (കാംശ്ചിത്) | മററുചിലരെ |
| മുക്തകേശാ-ർദ്ധമുണ്ഡിതാൻ | കുടുമകെട്ടഴിച്ചുചിതറിച്ചിട്ടവരും കുടുമപാതിയും മുറിച്ചവരും |
| കാംശ്ചിത് | വേറെച്ചിലരെ |
| അനന്തർ-വാസസഃ | ഉള്ളുടുപ്പ് (കൗപീനാദി) ഇല്ലാത്തവരും |
| അപരാൻ | അന്യരെ |
| അബഹിർ-വാസസഃ | മേലുടുപ്പ് ഇല്ലാത്തവരും |
| (ചക്രേ) | ആക്കിവച്ചു. |

7 സോഽശ്വമേധൈരയജത് സർവ്വവേദസുരാത്മകം
8 ഔർവ്വോപദിഷ്ടയോഗേനഹരിമാത്മാനമീശ്വരം
തസ്യോത്സൃഷ്ടം പശും യജ്ഞേ ജഹാരാശ്വം പുരന്ദരഃ

| | | | |
|---|---|---|---|
| സഃ | ആ മഹാരാജാവ് | അശ്വ മേധൈഃ | അനേകം അശ്വമേധ യജ്ഞങ്ങൾകൊണ്ട് |
| സർവ്വവേദ– സുരാത്മകം | സകലവേദസ്വരൂപനും സകലദേവസ്വരൂപനും | അയജത് | സമാരാധിച്ചു |
| ആത്മാനം | ആത്മാവും | യജ്ഞേ | യജ്ഞത്തിനായി |
| ഈശ്വരം | ഈശ്വരനുമായ | വിസൃഷ്ടം | വിട്ടയയ്ക്കപ്പെട്ട |
| ഹരിം | ശ്രീഹരിയെ | തസ്യ പശും | അദ്ദേഹത്തിന്റെ ബലിമൃഗമായ |
| ഔർവ്വോപ ദിഷ്ടേന | ഔർവ്വമഹർഷിയാൽ ഉപദേശിക്കപ്പെട്ട | അശ്വം | കുതിരയെ |
| | | പുരന്ദരഃ | ദേവേന്ദ്രൻ |
| വിധിനാ | വിധിയിലൂടെ | ജഹാര | അപഹരിക്കയുണ്ടായി |

സഗരചക്രവർത്തിക്ക കേശിനിയെന്നും സുമതിയെന്നും പേരായ രണ്ടു പത്നിമാരുണ്ടായിരുന്നു. സുമതിയുടെ പുത്രന്മാർ അശ്വാന്വേഷണത്തിനുപോയ കഥയാണ് ഇതുമുതൽ ശ്ലോകംകൊണ്ട് പറയുന്നത്.

9 സുമത്യാസ്തനയാ ദൃപ്താഃ പിതുരാദേശകാരിണഃ
ഹയമന്വേഷമാണാസ്തേ സമന്താന്ന്യഖനന്മഹീം

| | | | |
|---|---|---|---|
| സുമത്യാഃ | സുമതിയുടെ | തേ ഹയം | അവർ യാഗാശ്വത്തെ |
| തനയാ | പുത്രന്മാർ | അന്വേഷമാ ണാഃ | അന്വേഷിച്ചുകൊണ്ട് |
| ദൃപ്താഃ | ഊററക്കാരും | | |
| പിതുഃ | പിതാവിന്റെ | മഹീം | ഭൂമിയെ |
| ആദേശ– കാരിണഃ | കല്പനയെ നിറവേററുന്ന വരുമായിരുന്നു | സമന്താത് | ചുററുപാടും |
| | | ന്യഖനൻ | കുഴിച്ചു |

10 പ്രാഗുദീച്യാം ദിശി ഹയം ദദൃശുഃ കപിലാന്തികേ
ഏഷ വാജിഹരശ്ചോര ആസ്തേ മീലിതലോചനഃ
11 ഹന്യതാം ഹന്യതാം പാപ ഇതി ഷഷ്ടി സഹസ്രിണഃ
ഉദായുധാ അഭിയയുരുന്മിമേഷ തദാ മുനിഃ

| | | | |
|---|---|---|---|
| പ്രാഗുദീച്യാം | കിഴക്കുവടക്കായുള്ള | കപിലാ– ന്തികേ | കപിലമുനിയുടെ സമീപത്തിൽ |
| ദിശി | ദിക്കിൽ | | |

| | | | |
|---|---|---|---|
| ഹയം | കുതിരയെ | ഹന്യതാം | വധിക്കപ്പെടണം'' |
| ദദൃശുഃ | (അവർ) കണ്ടെത്തി | ഇതി | എന്നു പറഞ്ഞു് |
| ഏഷഃ | ''ഇവൻ ഇതാ! | ഷഷ്ടി– സഹസ്രിണഃ | പതിനാറായിരത്തോള മുള്ള സഗരപുത്രന്മാർ |
| വാജിഹരഃ | കുതിരയെ കട്ട | | |
| ചൗരഃ | കള്ളൻ | ഉദായുധാഃ | ആയുധങ്ങളുയർത്തിപ്പി ടിച്ചു് |
| മീലിത– ലോചനഃ | കണ്ണുരണ്ടും അടച്ചു ഒന്നും അറിയാത്തമട്ടിൽ, | അഭിയയുഃ | (മുനിയുടെ) നേക്കണഞ്ഞു |
| ആസ്തേ | ഇരിക്കുന്നു; | തദാ | അന്നേരം |
| പാപഃ | പാപം ചെയ്യുവൻ | മുനിഃ | മുനി |
| ഹന്യതാം | വധിക്കപ്പെടണം, | ഉന്മിമേഷ | കൺതുറന്നു |

**12 സ്വശരീരാഗ്നിനാ താവന്മഹേന്ദ്ര ഹൃതചേതസഃ**
**മഹദ്വ്യതിക്രമഹതാ ഭസ്മസാദഭവൻ ക്ഷണാത്**

| | | | |
|---|---|---|---|
| മഹേന്ദ്ര– ഹൃതചേതസഃ | ഇന്ദ്രനാൽ ഇല്ലാതാക്കപ്പെട്ട വിചാരശക്തിയോടു കൂടിയവരും | താവത് | അപ്പോഴംതന്നെ |
| | | സ്വശരീരാ– ഗ്നിനാ | സ്വദേഹത്തിൽനിന്നു് എരിഞ്ഞുയർന്നഅഗ്നിയാൽ |
| മഹദ്വ്യതി– ക്രമഹതാഃ | മഹാപുരുഷനായ കപില മുനിയെ ആക്രമിക്കയാൽ വിനഷ്ടന്മാരുമായിത്തീർന്ന അവർ | ക്ഷണാത് | ക്ഷണനേരംകൊണ്ടു് |
| | | ഭസ്മസാത് | വെന്തു ചാമ്പലായി |
| | | അഭവൻ | ഭവിച്ചു |

കപിലമുനിയുടെ കോപാഗ്നിയിൽ സഗരപുത്രന്മാർ ദഹിച്ചുപോയതാണെന്നു ചില പൗരാണികന്മാർ പറഞ്ഞിട്ടുള്ളതിനെ ശ്രീശുകൻ ഖണ്ഡിക്കുന്നു.

**13 ന സാധുവാദോ മുനികോപഭർജ്ജിതാ**
**നൃപേന്ദ്രപുത്രാ ഇതി സത്ത്വധാമനി**
**കഥം തമോ രോഷമയം വിഭാവ്യതേ**
**ജഗത്പവിത്രാത്മനി ഖേ രജോ ഭുവഃ**

| | | | |
|---|---|---|---|
| നൃപേന്ദ്ര– പുത്രാഃ | സഗരചക്രവർത്തിയുടെ പുത്രന്മാർ | സാധുവാദഃ | ശരിയായ ചൊല്ലു് |
| മുനികോപ - ഭർജ്ജിതാഃ | കപിലമുനിയുടെ കോപാ ഗ്നിയാൽ ദഹിച്ചുപോയ താണു്. | ന | ആയിരിക്കയില്ല |
| | | സത്ത്വ– ധാമനി | (എന്തെന്നാൽ) വിശുദ്ധ സത്ത്വഗുണത്തിന്റെ നിലയമായവനും |
| ഇതി | എന്നുള്ളതു് | | |

| | |
|---|---|
| ജഗത്-പവിത്രാത്മനി | ലോകത്തെ മുഴുവൻ ശുദ്ധീകരിക്കത്തക്കതായ ആത്മചൈതന്യത്തോടു കൂടിയവനുമായ ശ്രീകപിലവാസുദേവനിൽ |
| രോഷമയം | കോപസ്വരൂപമായ |
| തമഃ | അന്ധകാരം |
| കഥം | എങ്ങിനെ |
| വിഭാവ്യതേ | സംഭാവ്യമാണ്? |
| ഭുവഃ രജഃ | ഭൂമിയുടെ പൊടി |
| ഖേ (കഥ) | ശൂന്യാകാശത്തിലെങ്ങനെ |

**14. യസ്യേരിതാ സാംഖ്യമയീ ദൃഢേഹ നൗർ**
**യയാ മുമുക്ഷുസ്തരതേ ദുരത്യയം**
**ഭവാർണ്ണവം മൃത്യുപഥം വിപശ്ചിതഃ**
**പരാത്മഭൂതസ്യ കഥം പൃഥങ്മതിഃ**

| | |
|---|---|
| ഇഹ | ഈ ലോകത്തിൽ |
| യസ്യ | യാതൊരുവനാൽ |
| സാംഖ്യമയീ | സാംഖ്യ (ജ്ഞാന)യോഗമാവുന്ന |
| ദൃഢാ | ഉറപ്പുള്ള |
| നൗഃ | കപ്പൽ |
| ഈരിതാ | പ്രവർത്തിപ്പിക്കപ്പെട്ടുവോ |
| യയാ | യാതൊന്നിലൂടെ |
| മുമുക്ഷുഃ | മോക്ഷാർത്ഥിയായവൻ |
| ദുരത്യയം | കടക്കുവാൻപ്രയാസമുള്ളതും |
| മൃത്യുപഥം | മരണത്തിന്റെമാർഗ്ഗവുമായ |
| ഭവാർണ്ണവം | സംസാരസാഗരത്തെ |
| തരതേ | താണ്ടുന്നുവല്ലോ |
| വിപശ്ചിതഃ | ആ സർവ്വജ്ഞനും |
| പരാത്മ-ഭൂതസ്യ | പരമാത്മസ്വരൂപമായി ഭവിച്ചവനുമായ അവിടുത്തേക്ക് |
| പൃഥങ്മതിഃ | താനെന്നും അന്യനെന്നുമുള്ള ഭേദഭാവന |
| കഥം | എങ്ങനെയുണ്ടാവുന്നു? |

ഇങ്ങനെ സുമതിയുടെ പുത്രന്മാർക്ക് സംഭവിച്ച ദുരന്തം വിസ്തരിച്ചശേഷം കേശിനിയുടെ പൗത്രനായ അംശുമാൻ യജ്ഞപശുവായ അശ്വത്തെ കപിലാശ്രമത്തിൽനിന്നും കൊണ്ടുവന്നതും, പിതൃവ്യന്മാരുടെ സദ്ഗതിക്കായി പരിശ്രമിച്ചതും പറഞ്ഞുതുടങ്ങുന്നു.

**15 യോഽസമഞ്ജസ: ഇത്യുക്തഃ സ കേശിന്യാം നൃപാത്മജഃ**
**തസ്യ പുത്രോംശുമാൻ നാമ പിതാമഹഹിതേ രതഃ**

| | |
|---|---|
| യഃ | യാതൊരുവൻ |
| അസമഞ്ജസഃ ഇതി | 'അസമഞ്ജസ'നെന്നിങ്ങനെ |
| ഉക്തഃ | പറയപ്പെട്ടിരുന്നുവോ, |
| സഃ | അവൻ |
| കേശിന്യാം | കേശിനിയിൽ |
| നൃപാത്മജഃ | സഗരരാജാവിനുണ്ടായ പുത്രനായിരുന്നു |
| തസ്യ പുത്രഃ | അവന്റെ പുത്രൻ |
| അംശുമാൻ നാമ | 'അംശുമാൻ' എന്നു പേരായവൻ |
| പിതാമഹ-ഹിതേ | മുത്തച്ഛനെ അനുസരിക്കുന്ന കാര്യത്തിൽ |
| രതഃ | തൽപരനായിരുന്നു |

16 **അസമഞ്ജസ ആത്മാനം ദർശയന്നസമഞ്ജസം**
**ജാതിസ്മരഃ പുരാ സംഗാദ്യോഗീയോഗാദ്വിചാലിതഃ**

17 **ആചരൻ ഗർഹിതംലോകേ ജ്ഞാതീനാം കർമ്മവിപ്രിയം**
**സരയ്വാം ക്രീഡതോ ബാലാൻ പ്രാസ്യദുദ്വേജയൻ ജനം**

| | | | |
|---|---|---|---|
| പുരാ | പൂർവ്വജന്മത്തിൽ | ഗർഹിതം | നിഷിദ്ധമായതും |
| യോഗി | യോഗിയായിരുന്ന | ജ്ഞാതീനാം | സ്വജനങ്ങൾക്ക് |
| അസമഞ്ജസഃ | അസമഞ്ജസൻ | വിപ്രിയം | പ്രിയമല്ലാത്തതുമായ |
| സംഗാത് | സംഗം നിമിത്തം | കർമ്മ | ഒരോ പ്രവൃത്തി |
| യോഗാത് | യോഗമാർഗ്ഗത്തിൽനിന്ന് | ആചരൻ | ചെയ്തുകൊണ്ടും, |
| വിചാലിതഃ | പരിഭ്രഷ്ടനായി | ജനം | ആളുകളെ |
| ജാതിസ്മരഃ | മുജ്ജന്മസ്മരണയുള്ളവനായിരുന്ന അവൻ | ഉദ്വേജയൻ | അമ്പരപ്പിച്ചുകൊണ്ടും |
| ആത്മാനം | തന്നെ | ക്രീഡതഃ | അങ്ങുമിങ്ങും കളിച്ചു നടക്കുന്ന |
| അസമഞ്ജസം | ഒരുസാമൂഹ്യവിരുദ്ധനായി | ബാലാൻ | കിടാങ്ങളെ |
| ദർശയൻ | പ്രദർശിപ്പിച്ചുകൊണ്ട്, | സരയ്വാം | സരയൂനദിയിലേക്ക് |
| ലോകേ | ലോകത്തിൽ | പ്രാസ്യത് | എടുത്തെറിഞ്ഞിരുന്നു |

18 **ഏവംവൃത്തഃ പരിത്യക്താ പിത്രാ സ്നേഹമപോഹ്യ വൈ**
**യോഗൈശ്വര്യേണ ബാലാംസ്താൻ ദർശയിത്വാ തതോ യയൗ**

| | | | |
|---|---|---|---|
| ഏവം വൃത്തഃ– | ഇങ്ങനെ ജനദ്രോഹപരമായിപ്രവർത്തിക്കുന്ന അവൻ | താൻ | ആ (താൻ സരയൂവിലേക്കെടുത്തെറിഞ്ഞുമുക്കിക്കൊന്ന) |
| | | ബാലാൻ | കുട്ടികളെ |
| പിത്രാവൈ | പിതാവിനാൽപ്പോലും | യോഗൈ–ശ്വര്യേണ | യോഗസിദ്ധിയുടെ വൈഭവത്താൽ |
| സ്നേഹം | പുത്രവാത്സല്യത്തെ | ദർശയിത്വാ | കാട്ടിക്കൊടുത്തശേഷം |
| അപോഹ്യ | കൈവിട്ട് | തതഃ | അവിടെനിന്ന് |
| പരിത്യക്തഃ | പരിത്യജിക്കപ്പെട്ടു | യയൗ | അവൻ യാത്രയായി |

19 **അയോധ്യാവാസിനഃ സർവ്വേ ബാലകാൻ പുനരാഗതാൻ**
**ദൃഷ്ട്വാ വിസിസ്മിരേ രാജൻ രാജാ ചാപ്യന്വതപ്യത**

| | | | |
|---|---|---|---|
| അയോധ്യാ–വാസിനഃ | അയോധ്യാപുരിയിൽ നിവസിക്കുന്ന | സർവ്വേ | എല്ലാവരും |
| | | പുനഃ | വീണ്ടും |

| | | | |
|---|---|---|---|
| ആഗതാൻ | ഉയിർത്തുവന്ന | രാജൻ | ഹേ പരീക്ഷിത്തേ! |
| ബാലകാൻ | കിടാങ്ങളെ | രാജാ ച അപി | സഗരമഹാരാജാവും കൂടിയും |
| ദൃഷ്ട്വാ | കണ്ട് | | |
| വിസിസ്മിരേ | ആശ്ചര്യപ്പെട്ടു. | അന്വതപ്യത | പശ്ചാത്തപിച്ചു |

സ്വപുത്രനായ അസമഞ്ജസൻെറ യാഥാർത്ഥ്യം ഗ്രഹിക്കാതെ അവൻ ദുർവൃത്തനാണെന്നു തെറ്റിദ്ധരിച്ച് അവനെ നാട്ടിൽനിന്നാട്ടിക്കളഞ്ഞുവല്ലോ എന്നോർത്ത് സഗരമഹാരാജാവ് പശ്ചാത്തപിച്ചു.

**20 അംശുമാംശ്ചോദിതോ രാജ്ഞാ തുരംഗാന്വേഷണേ യയൗ**
**പിതൃവ്യഖാതാനുപഥം ഭസ്മാന്തി ദദൃശേ ഹയം**

| | | | |
|---|---|---|---|
| അംശുമാൻ | അംശുമാൻ | യയൗ | പോയി; |
| രാജ്ഞാ | രാജാവിനാൽ | | |
| ചോദിതഃ | പ്രേരിതനായിട്ട് | ഭസ്മാന്തി | അവർ ദഹിച്ചുപോയ ഭസ്മത്തിൻെറ അരികിൽ |
| തുരംഗാന്വേഷണേ | കുതിരയെ തെരയുന്നതിനുവേണ്ടി | | |
| പിതൃവ്യഖാതാനുപഥം | പിതൃസഹോദരന്മാരാൽ കുഴിക്കപ്പെട്ടതിൻെറ അടുക്കലേക്കുള്ള മാർഗ്ഗത്തിലേക്ക് | ഹയം | കുതിരയെ |
| | | ദദൃശേ | കണ്ടെത്തി |

**21 തത്രാസീനം മുനിം വീക്ഷ്യ കപിലാഖ്യമധോക്ഷജം**
**അസ്തൗത് സമാഹിതമനാഃ പ്രാഞ്ജലിഃ പ്രണതോ മഹാൻ**

| | | | |
|---|---|---|---|
| തത്ര | അവിടെ | മഹാൻ | മഹാനായ അംശുമാൻ |
| ആസീനം | ഇരുന്നരുളുന്നവനും | പ്രണതഃ | വീണുനമസ്കരിച്ച് |
| കപിലാഖ്യം | കപിലനെന്ന ആഖ്യയോടുകൂടിയവനും | പ്രാഞ്ജലി | കൂപ്പുകൈയോടെനിന്നു് |
| മുനിം | മൗനശീലനുമായ | സമാഹിതമനാഃ | ഏകാഗ്രമായ ചിത്തത്തോടുകൂടിയവനായിട്ട് |
| അധോക്ഷജം | ശ്രീ വാസുദേവനെ | | |
| വീക്ഷ്യ | ദർശിച്ച്, | അസ്തൗത് | സ്തുതിച്ചു. |

ഇനിയുള്ള ആറു ശ്ലോകങ്ങൾ അനുകമ്പാഭ്യർത്ഥനയോടെ അംശുമാൻ ചെയ്ത കപിലവാസുദേവസ്തുതിയാകുന്നു.

**22 ന പശ്യതി ത്വാം പരമാത്മനോऽജനോ**
**ന ബുധ്യതേऽദ്യാപി സമാധിയുക്തിഭിഃ**
**കുതോऽപരേ തസ്യ മനഃശരീര ധീ-**
**വിസർഗസൃഷ്ടാ വയമപ്രകാശാഃ**

| | |
|---|---|
| അജനഃ | ബ്രഹ്മദേവൻപോലും |
| ആത്മന | തന്നിൽനിന്ന് |
| പരം | അതീതനായ |
| ത്വാം | അങ്ങയെ |
| അദ്യാപി | ഇപ്പോഴും കൂടിയും |
| സമാധി-യുക്തിഭിഃ | സമാധിയോഗത്താലും, ശാസ്ത്രീയയുക്തികളാലും |
| നപശ്യതി | പ്രത്യക്ഷീകരിക്കുന്നില്ല, |
| ന ബുദ്ധ്യതേ | പരോക്ഷമായെങ്കിലും അറിയുന്നതുമില്ല |
| തസ്യ | അദ്ദേഹത്തിന്റെ (ബ്രഹ്മദേവന്റെ) |
| മനഃശരീര-ധീവിസർഗ്ഗ-സൃഷ്ടാഃ | മനസ്സ്, ശരീരം, ബുദ്ധി (സത്വാദിഗുണത്രയം), എന്നിവകൊണ്ട് വിവിധാകാരത്തിലുള്ളവകളിൽ സൃഷ്ടിക്കപ്പെട്ടവരും |
| അപ്രകാശാഃ | തെളിമയില്ലാത്തവരും (അജ്ഞന്മാരുമായ) |
| അപരേ | മറ്റുള്ള |
| വയം | ഞങ്ങൾ |
| കുതഃ | എങ്ങനെയാണറിയുക? |

**23 യേ ദേഹഭാജസ്ത്രിഗുണപ്രധാനാ**
**ഗുണാൻ വിപശ്യന്ത്യുത വാ തമശ്ച**
**യന്മായയാ മോഹിതചേതസസ്തേ**
**വിദുഃ സ്വസംസ്ഥം ന ബഹിഃ പ്രകാശാഃ**

| | |
|---|---|
| ത്രിഗുണ-പ്രധാനാഃ | ഗുണത്രയാത്മകമായ ബുദ്ധിതന്നെ പ്രധാനമായുള്ള |
| ദേഹഭാജഃ | ശരീരികൾ |
| യേ | യാവചിലരോ, അവർ |
| ഗുണാൻ | ശബ്ദാദികളായ വിഷയങ്ങളേയും |
| ഉതവാ | അതല്ലെങ്കിൽ |
| തമഃ ച | തമസ്സിനേയും |
| വിപശ്യന്തി | വിശേഷേണ കണ്ടറിയുന്നു |
| യന്മായയാ | യാതൊരു ഭവാന്റെ മായയാൽ |
| മോഹിത-ചേതസഃ | മോഹിപ്പിക്കപ്പെട്ട മനോവൃത്തിയോടുകൂടിയവരും |
| ബഹിഃ-പ്രകാശാഃ | പുറംനോട്ടം മാത്രമുള്ളവരുമായ |
| തേ | അവർ |
| സ്വസംസ്ഥം | തന്നുള്ളിൽ ശരിക്കും സ്ഥിതിചെയ്യുന്ന ആത്മസ്വരൂപമായ അങ്ങയെ |
| ന വിദുഃ | അറിയുന്നില്ല |

ദേഹാഭിമാനികൾ ജാഗ്രത്സ്വപ്നാവസ്ഥകളിൽ ശബ്ദാദികളായ ഇന്ദ്രിയഗ്രാഹ്യ വിഷയങ്ങളേയും സുഷുപ്തിയിൽ തമസ്സിനേയും അറിയുന്നതല്ലാതെ തങ്ങളിൽ തന്നെയുള്ള ജ്ഞാനപ്രകാശമായ ഭഗവാനെ അറിയുന്നില്ല. കാരണം അവർ ഭഗവന്മായയാൽ മോഹിതരും ബഹിർമ്മുഖന്മാരും ആയതുതന്നെ.

**24 ത്വം ത്വാമഹം ജ്ഞാനഘനം സ്വഭാവ-**
**പ്രധ്വസ്തമായാഗുണഭേദമോഹൈഃ**
**സനന്ദനാദ്യൈർമ്മുനിഭിർവിഭാവ്യം**
**കഥം ഹി മൂഢഃ പരിഭാവയാമി**

| | | | |
|---|---|---|---|
| ജ്ഞാനഘനം | വിശുദ്ധവിജ്ഞാനസ്വരൂപനും | സനന്ദ-നാദ്യൈഃ | സനന്ദനാദികളായ |
| സ്വഭാവ-പ്രധ്വസ്ത-മായാഗുണ-ഭേദമോഹൈഃ | സ്വാഭാവികമായിത്തന്നെ തികച്ചും ധ്വംസിക്കപ്പെട്ട മായാഗുണനിമിത്തങ്ങളായ ഭേദബുദ്ധിയോടും ദേഹാഭിമാനത്തോടും കൂടിയവരായ | വിഭാവ്യം മുനിഭിഃ | മുനിമാരാൽവിചിന്തനീയനായ |
| | | ത്വം ത്വാം | ആ നിന്തിരുവടിയെ |
| | | മൂഢഃ അഹം | അജ്ഞാതായുള്ള ഞാൻ |
| | | കഥം ഹി | എങ്ങനെ |
| | | പരിഭാവ-യാമി | ഭാവന ചെയ്യുവാൻ സമർത്ഥനാകും? |

**25 പ്രശാന്തമായാഗുണകർമ്മലിംഗ-**
**മനാമരൂപം സദസദ്വിമുക്ത**
**ജ്ഞാനോപദേശായ ഗൃഹീതദേഹം**
**നമാമഹേ ത്വാം പുരുഷം പുരാണം**

| | | | |
|---|---|---|---|
| ഹേ പ്രശാന്ത | പ്രകർഷേണ ശാന്തനായുള്ളോവേ! | ജ്ഞാനോപ-ദേശായ | ജ്ഞാനോപദേശത്തിനായിക്കൊണ്ടു് |
| മായാഗുണ-കർമ്മലിംഗം | മായയുടെ രാജസാദിഗുണങ്ങളോടും സൃഷ്ട്യാദികർമ്മങ്ങളോടും ബ്രഹ്മാദിരൂപങ്ങളോടും കൂടിയവനും | ഗൃഹീതരൂപം | സ്വീകരിക്കപ്പെട്ട രൂപത്തോടുകൂടിയവനും |
| സദസദ്-വിമുക്തം | കാര്യകാരണങ്ങളിൽ നിന്നു് നിർമ്മുക്തനും | പുരാണം പുരുഷം | ആദിപുരുഷനായ സാക്ഷാൽശ്രീനാരായണനുമായ |
| അനാമരൂപം | അതാതുനാമരൂപങ്ങളില്ലാത്തവനെങ്കിലും | ത്വാം | നിന്തിരുവടിയെ |
| | | നമാമ | നമസ്കരിക്കുന്നു |

**26 ത്വന്മായാരചിതേ ലോകേ വസ്തുബുദ്ധ്യാ ഗൃഹാദിഷു**
**ഭ്രമന്തി കാമലോഭേർഷ്യാ മോഹവിഭ്രാന്തചേതസഃ**

| | | | |
|---|---|---|---|
| കാമലോഭേ- ർഷ്യാമോഹ- വിഭ്രാന്ത- ചേതസഃ | കാമം, ലോഭം, ഈർഷ്യ, മോഹം എന്നിവയാൽ വിഭ്രമം കൊണ്ടചിത്ത ത്തോടുകൂടിയ ജനങ്ങൾ | ലോകേ | ലോകത്തിൽ |
| | | ഗൃഹാദിഷു | ഗൃഹാദികളിൽ |
| | | വസ്തുബുദ്ധ്യാ | വാസ്തവികത്വബോധ ത്തോടെ |
| ത്വന്മായാ- രചിതേ | അങ്ങയുടെ മായയാൽ വിരചിതമായ | ഭ്രമന്തി | ഭ്രമിക്കുന്നു. |

**27 അദ്യ നഃ സർവ്വഭൂതാത്മൻ കാമകർമ്മേന്ദ്രിയാശയഃ**
**മോഹപാശോ ദൃഢശ്ഛിന്നോ ഭഗവംസ്തവ ദർശനാത്**

| | | | |
|---|---|---|---|
| സർവ്വ- ഭൂതാത്മൻ | സകലചരാചരങ്ങളിലും ആത്മാവായുള്ളോവേ! | നഃ | ഞങ്ങളുടെ |
| ഭഗവൻ | സകലവും അറിഞ്ഞിരി ക്കുന്നോവേ! | ദൃഢഃ | കെട്ടുറപ്പുള്ളതായ |
| അദ്യതവ | ഇന്ന് അങ്ങയുടെ | | |
| ദർശനാത് കാമകർമ്മേ- ന്ദ്രിയാശയഃ | ദർശനത്താൽ ആശകൾ, പ്രവർത്തനങ്ങൾ, ഇന്ദ്രിയ ങ്ങൾ, അന്തഃകരണങ്ങൾ എന്നിവയുടെ രൂപത്തി ലുള്ള | മോഹപാശഃ | അജ്ഞാനബന്ധനം |
| | | ഛിന്നഃ | കെട്ടറുക്കപ്പെട്ടു. |

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു

**28 ഇത്ഥംഗീതാനുഭാവസ്തം ഭഗവാൻ കപിലോമുനിഃ**
**അംശുമന്തമുവാചേദമനുഗൃഹ്യ ധിയാ നൃപ**

| | | | |
|---|---|---|---|
| നൃപഃ | രാജാവേ! | അംശുമന്തം | അംശുമാനെ |
| ഇത്ഥംഗീതാ- നുഭാവഃ | ഈ വിധം വാഴ്ത്തി സ്തുതിക്കപ്പെട്ട | ധിയാ | ഉള്ളുകൊണ്ട് |
| | | അനുഗൃഹ്യ | അനുഗ്രഹിച്ച് |
| ഭഗവാൻ | സർവ്വജ്ഞനായ | ഇദം | ഇങ്ങനെ |
| കപിലഃ മുനിഃ | കപിലമഹർഷി | ഉവാച | അരുളിച്ചെയ്തു. |

ശ്രീ ഭഗവാനുവാച — ഭഗവാൻ കപിലമുനി അരുളിച്ചെയ്തു

**29 അശ്വോഽയം നീയതാം വത്സ പിതാമഹപശുസ്തവ**
**ഇമേ ച പിതരോദഗ്ദ്ധാ ഗംഗാംഭോഽർഹന്തി നേതരത്**

| | | | |
|---|---|---|---|
| വത്സ തവ | ഉണ്ണി! നിന്റെ | ഇമേ പിതരഃ | ഈ പിതാക്കൾ (നിന്റെ പിതൃവ്യന്മാർ) |
| പിതാമഹ-പശുഃ | മുത്തച്ഛന്റെ യജ്ഞത്തിനുള്ള പശുവായ | ഗംഗാംഭഃ | ഗംഗാജലത്തെ |
| അയം അശ്വം | ഈ അശ്വം | അർഹന്തി | അർഹിക്കുന്നു; |
| നീയതാം | കൊണ്ടുപോകപ്പെട്ടാവുന്നതാണ് | ഇതരത് | മറ്റൊന്നും |
| ദഗ്ദ്ധാഃ | ദഹിച്ചുഭസ്മീഭവിച്ച | ന ച | ഇല്ല |

അപമൃത്യുവിന്നിരയായ നിന്റെ പിതൃവ്യന്മാർക്ക് സദ്ഗതി ലഭിക്കുവാൻ ഗംഗാജലംതന്നെ വേണമെന്നുസാരം.

ഇനി ശ്ലോകോക്തിതന്നെ തുടരുന്നു

**30 തം പരിക്രമ്യ ശിരസാ പ്രസാദ്യ ഹയമാനയത്**
**സഗരസ്തേന പശുനാ ക്രതുശേഷം സമാപയത്**

| | | | |
|---|---|---|---|
| തം | തന്തിരുവടിയെ | സഗരഃ | സഗരമഹാരാജാവ് |
| പരിക്രമ്യ | പ്രദക്ഷിണംചെയ്ത് | തേന | ആ കുതിരയാവുന്ന |
| ശിരസാ | ശിരസ്സുകൊണ്ട് (നമസ്കരിച്ച്) | പശുനാ | യജ്ഞപശുവിനെക്കൊണ്ട് |
| പ്രസാദ്യ | പ്രസാദിപ്പിച്ചശേഷം | | |
| ഹയം | കുതിരയെ | ക്രതുശേഷം | യജ്ഞശേഷത്തെ |
| ആനയത് | (അംശുമാൻ)കൊണ്ടുവന്നു. | സമാപയത് | പരിസമാപ്തിവരുത്തി. |

**31 രാജ്യമംശുമതിന്യസ്യ നിഃസ്പൃഹോ മുക്തബന്ധനഃ**
**ഔർവോപദിഷ്ടമാർഗേണ ലേഭേഗതിമനുത്തമാം**

| | | | |
|---|---|---|---|
| രാജ്യം | രാജ്യത്തെ | ഔർവോപദിഷ്ട മാർഗേണ | ഔർവമഹർഷിയാൽ ഉപദേശിക്കപ്പെട്ട മാർഗ്ഗത്തിലൂടെ |
| അംശുമതി | അംശുമാനിൽ | | |
| ന്യസ്യ | സമർപ്പിച്ച് | | |
| നിഃസ്പൃഹഃ | നിഷ്കാമനും | അനുത്തമാം | അത്യുത്തമമായ |
| മുക്ത-ബന്ധനഃ | സംസാരബന്ധത്തിൽനിന്നുവിമുക്തനുമായി ഭവിച്ച സഗരചക്രവർത്തി | ഗതിം | ഗതിയെ |
| | | ലേഭേ | പ്രാപിച്ചു |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
നവമസ്കന്ധേ സഗരോപാഖ്യാനേന
അഷ്ടമോഽധ്യായഃ ആദിതഃ ശ്ലോകാഃ 325
നവമസ്കന്ധത്തിൽ എട്ടാമത്തെ അധ്യായം കഴിഞ്ഞു.

# നവമോധ്യായഃ = അദ്ധ്യായം ഒമ്പതു്

**"നവമേഽംശുമതോ വംശം ഖട്വാംഗാവധി വർണ്യതേ
ഗംഗാം ഭൂതലമാനിന്യേ യസ്യ പൗത്രോ ഭഗീരഥഃ"**

ഈ ഒമ്പതാമത്തെ അധ്യായത്തിൽ അംശുമാന്റെ പൗത്രനായ ഭഗീരഥൻ സ്വർഗംഗയെ ഭൂതലത്തിലേക്കു് ആനയിച്ചതും ഖട്വാങ്ഗൻ വരെയുള്ള അംശുമദ് വംശചരിത്രവുമാണു് പ്രതിപാദ്യം.

ശ്രീശുക ഉവാച ശ്രീശുകൻ പറഞ്ഞു.

1 **അംശുമാംശ്ച തപസ്തേപേ ഗംഗാനയനകാമ്യയാ
കാലം മഹാന്തം നാശക്നോത്തതഃ കാലേന സംസ്ഥിതഃ**

| | | | |
|---|---|---|---|
| അംശുമാൻ ച | അംശുമാൻ കൂടിയും | ന അശ കോനത് | പക്ഷേ സാധിച്ചില്ല |
| ഗംഗാനയന - കാമ്യയാ | ഗംഗയെകൊണ്ടുവരുവാനുള്ള ആഗ്രഹത്തോടെ | തതഃ | ഒടുവിൽ |
| മഹാന്തം | ദീർഘിച്ച | കാലേന | കാലംകൊണ്ടു് |
| കാലം | കാലത്തോളം | സംസ്ഥിതഃ | അന്തരിച്ചു |
| തപഃ തേപേ | തപസ്സുചെയ്തു; | | |

2 **ദിലീപസ്തത്സുതസ്തദ്വദശക്തഃ കാലമേയിവാൻ
ഭഗീരഥസ്തസ്യ പുത്രസ്തേപേ സ സുമഹത്തപഃ**

| | | | |
|---|---|---|---|
| തത്സുതഃ | അദ്ദേഹത്തിന്റെ പുത്രനായ | കാലം | കാലഗതിയെ |
| | | ഏയിവാൻ | പ്രാപിച്ചു. |
| ദിലീപഃ | ദിലീപനെന്ന രാജാവു് | തസ്യ പുത്രഃ | ആ ദിലീപന്റെ പുത്രൻ |
| തദ്വത് | അതുപോലെ | ഭഗീരഥഃ | ഭഗീരഥനാണു് |
| അശക്തഃ | ഗംഗയെകൊണ്ടുവരുവാൻ കഴിയാത്തവനായിട്ടു തന്നെ | സഃ | അദ്ദേഹം |
| | | സുമഹത് | അതിമഹത്തായ |
| | | തപഃ തേപേ | തപസ്സുചെയ്തു. |

3 **ദർശയാമാസ തം ദേവീ പ്രസന്നാ വരദാസ്മീതേ
ഇത്യുക്തഃ സ്വമഭിപ്രായം ശശംസാവനതോ നൃപഃ**

| | | | |
|---|---|---|---|
| ദേവീ | ഗംഗാദേവി | തം | അദ്ദേഹത്തിന്നു് |
| പ്രസന്നാ | സന്തുഷ്ടയായിട്ടു് | ദർശയാമാസ | തന്നെ കാട്ടിക്കൊടുത്തു. |

| | | | |
|---|---|---|---|
| തേ | അങ്ങേയ്ക്കു് | നൃപഃ | രാജാവു് |
| വരദാഽസ്മി | വരദാനം ചെയ്യുവാൻ ഞാൻ ഉത്സുകയാണു്'' | അവനതഃ | വിനയനമ്രനായിട്ടു് |
| ഇതി | എന്നിങ്ങനെ | സ്വം | തന്റെ |
| ഉക്തഃ | ഗംഗാദേവിയാൽ വചിക്കപ്പെട്ട | അഭിപ്രായം | അന്തർഗതം |
| | | ശശംസ | പറഞ്ഞറിയിച്ചു |

ഗംഗാദേവി ഭഗീരഥന്റെ ആഗ്രഹമറിഞ്ഞപ്പോൾ പറഞ്ഞു

4 **കോനുധാരയിതാ വേഗം പതന്ത്യാമേ മഹീതലേ**
**അന്യഥാ ഭൂതലം ഭിത്വാ നൃപയാസ്യേ രസാതലം**

| | | | |
|---|---|---|---|
| നൃപഃ | ''രാജാവേ! | അന്യഥാ | അതിനു കഴിവുള്ള ആളില്ലെങ്കിൽ |
| മഹീതലേ | ഭൂതലത്തിലേക്കു് | ഭൂതലം | ഭൂമിയെ |
| പതന്ത്യാഃ | കുതിച്ചുവീഴുന്ന | ഭിത്വാ | പിളർന്നു |
| മേ വേഗം | എന്റെ തീവ്രതയെ | രസാതലം | പാതാളത്തിലേക്കു് |
| കോനു-ധാരയിതാ | ആരാണു് ധരിക്കാൻ പോകുന്നതു് | യാസ്യേ | ഞാൻ പോയേക്കും |

5 **കിം ചാഹം നഭുവം യാസ്യേ നരാ മയ്യാമൃജന്ത്യഘം**
**മൃജാമി തദഘം കുത്ര രാജംസ്തത്ര വിചിന്ത്യതാം**

| | | | |
|---|---|---|---|
| കിം ച | അതിനും പുറമേ, | മയി | എന്നിൽ |
| രാജൻ | അല്ലയോ രാജാവേ! | ആമൃജന്തി | കഴുകിക്കളയുന്നു. |
| അഹം | ഞാൻ | തത് അഘം | ആ പാപത്തെ |
| ഭുവം | ഭൂമിയിലേക്കു് | കുത്ര | എവിടെ |
| ന യാസ്യേ | പോകാനുത്സാഹിക്കുന്നില്ല | മൃജാമി | ഞാൻ മാർജ്ജനംചെയ്യും? |
| നരാഃ | മനുഷ്യർ | തത്ര | തദ്വിഷയത്തിൽ |
| പാപം | അവരുടെ പാപത്തെ | വിചിന്ത്യതാം | പരിചിന്തിച്ചാലും'' |

ഭഗീരഥ ഉവാച ഭഗീരഥൻ പറഞ്ഞു

6 **സാധവോ ന്യാസിനഃ ശാന്താ ബ്രഹ്മിഷ്ഠാ ലോകപാവനാഃ**
**ഹരന്ത്യഘം തേഽങ്ഗസംഗാത്തേഷ്വാസ്തേ ഹ്യഘഭിദ്ധരിഃ**

| | | | |
|---|---|---|---|
| ബ്രഹ്മിഷ്ഠാഃ | വേദജ്ഞന്മാരും | | |
| ശാന്താഃ | മനസ്സൊതുക്കമുള്ളവരും | ന്യാസിനഃ | ത്യാഗികളും |

| | | | |
|---|---|---|---|
| ലോക- പാവനാഃ | ലോകത്തെ പരിശുദ്ധി കരിക്കുന്നവരുമായ | ഹി | എന്തെന്നാൽ |
| സാധവഃ | ഭഗവദ്ഭക്തന്മാർ | തേഷു | അവരിൽ |
| അംഗസംഗാത് | ശരീരസംസർഗ്ഗംകൊണ്ട് | അഘഭിത് | പാപസംഹർത്താവായ |
| തേ അഘം | ഭവതിയുടെ പാപം | ഹരിഃ | ശ്രീമഹാവിഷ്ണു |
| ഹരന്തി | അകററുന്നതാണ് | ആസ്തേ | കുടികൊള്ളുന്നു |

**7 ധാരയിഷ്യതി തേ വേഗം രുദ്രസ്ത്വാത്മാ ശരീരിണാം**
**യസ്മിന്നോതമിദം പ്രോതം വിശ്വം ശാടീവതന്തുഷു**

| | | | |
|---|---|---|---|
| ശരീരിണാം | ശരീരികളുടെ | യസ്മിൻ | യാതൊരുദേവനിൽ |
| ആത്മാ | ആത്മാവായ | ഇദംവിശ്വം | ഈ പ്രപഞ്ചം |
| രുദ്രഃ തു | ശ്രീരുദ്രനാകട്ടെ | തന്തുഷു | നൂലുകളിൽ |
| തേ | ഭവതിയുടെ | ശാടീ ഇവ | വസ്ത്രമെന്നപോലെ |
| വേഗം | പതനവേഗത്തെ | ഓതംപ്രോതം | ഊടും പാവുമായി സ്ഥിതി ചെയ്യുന്നു. |
| ധാരയിഷ്യതി | താങ്ങിക്കൊള്ളും | | |

**8 ഇത്യുക്ത്വാ സ നൃപോ ദേവം തപസാതോഷയച്ഛിവം**
**കാലേനാല്പീയസാ രാജംസ്തസ്യേശഃ സമതുഷ്യത**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | രാജൻ | അല്ലയോ രാജാവേ! |
| ഉക്ത്വാ | പറഞ്ഞിട്ട് | അല്പീയസാ | അത്യല്പമായ |
| സഃ നൃപഃ | ആ രാജാവ് | കാലേന | കാലംകൊണ്ട് |
| തപസാ | തപോനുഷ്ഠാനത്താൽ | ഈശഃ | ശിവൻ |
| ദേവം | ദേവനായ | തസ്യ | അദ്ദേഹത്തിന്റെ പേരിൽ |
| ശിവം | ശിവനെ | സമതുഷ്യത | സന്തോഷിച്ചു. |
| അതോഷയത് | പ്രസാദിപ്പിച്ചു. | | |

**9 തഥേതി രാജ്ഞാഭിഹിതം സർവ്വലോകഹിതഃ ശിവഃ**
**ദധാരാവഹിതോ ഗംഗാം പാദപൂതജലാം ഹരേഃ**

| | | | |
|---|---|---|---|
| സർവ്വലോക- ഹിതഃ | സകല ജനങ്ങൾക്കും ഹിതകാരിയായ | തഥാ | 'അങ്ങനെയാകാം' |
| ശിവഃ | പരമശിവൻ | ഇതി | എന്നംഗീകരിച്ച് |
| രാജ്ഞാ | രാജാവിനാൽ | ഹരേഃ | ശ്രീഹരിയുടെ |
| അഭിഹിതം | ഉണർത്തിക്കപ്പെട്ടതിനെ | പാദപൂത- ജലാം | തൃപ്പാദത്താൽ വിശുദ്ധമായ ജലത്തോടുകൂടിയ |

| | | | |
|---|---|---|---|
| ഗംഗാം | ഗംഗയെ | ദധാര | ശിരസാവഹിച്ചു |
| അവഹിതഃ | ശ്രദ്ധായുക്തനായി | | |

10 ഭഗീരഥഃ സ രാജർഷിർനിന്യേ ഭുവനപാവനീം
യത്ര സ്വപിതൄണാം ദേഹാ ഭസ്മീഭൂതാഃ സ്മ ശേരതേ.

| | | | |
|---|---|---|---|
| സഃ രാജർഷിഃ | ആ രാജർഷിയായ | ദേഹാഃ | ശരീരങ്ങൾ |
| ഭഗീരഥഃ | ഭഗീരഥൻ | ഭസ്മീഭൂതാഃ | ഭസ്മമായിത്തീർന്നു് |
| ഭുവന-പാവനീം | ലോകങ്ങളെ പരിപാവനമാക്കുന്ന ഗംഗയെ | ശേരതേസ്മ | വീണുകിടന്നുവോ, |
| യത്ര | യാതൊരിടത്തു് | (തത്ര) | അവിടേക്കു് |
| സ്വപിതൄണാം | തന്റെ പിതാക്കളുടെ | നിന്യേ | കൊണ്ടുപോയി. |

11 രഥേന വായുവേഗേന പ്രയാന്തമനുധാവതീ
ദേശാൻ പുനന്തീ നിർദ്ദഗ്ദ്ധാനസിഞ്ചത്സഗരാത്മജാൻ

| | | | |
|---|---|---|---|
| വായുവേഗേന | വായുവിന്റെ വേഗത്തോടുകൂടിയ | ദേശാൻ | നാനാദേശങ്ങളെ |
| രഥേന | തേരിലേറി | പുനന്തീ | ശുദ്ധീകരിച്ചുകൊണ്ടു്; |
| പ്രയാന്തം | പ്രയാണംചെയ്യുന്ന രാജാവിനെ | നിർദ്ദഗ്ദ്ധാൻ | ദഹിച്ചുപോയ |
| | | സഗരാത്മജാൻ | സഗരപുത്രന്മാരെ (അവരുടെ ഭസ്മക്കൂമ്പാരങ്ങളെ) |
| അനുധാവതീ | അനുസരിച്ചുപാഞ്ഞൊഴുകുന്ന ഗംഗാനദി | ആസിഞ്ചത് | മുഴുവനും നനച്ചു. |

12 യജ്ജലസ്പർശമാത്രേണ ബ്രഹ്മദണ്ഡാഹതാ അപി
സഗരാത്മജാ ദിവം ജഗ്മുഃ കേവലം ദേഹഭസ്മഭിഃ

| | | | |
|---|---|---|---|
| സഗരാത്മജാഃ | സഗരമഹാരാജാവിന്റെ പുത്രന്മാർ | ദേഹ-ഭസ്മഭിഃ | (എരിഞ്ഞ)ശരീരത്തിന്റെ ഭസ്മങ്ങൾകൊണ്ടു് |
| ബ്രഹ്മദണ്ഡഹതാഃ അപി | ബ്രഹ്മസ്വരൂപമായ കപിലമുനിയോടുചെയ്ത അപരാധത്താൽ ഹനിക്കപ്പെട്ടവരാണെങ്കിലും | യജ്ജലസ്പർശമാത്രേണ | യാതൊന്നിലെ ജലത്തെ സ്പർശിക്കമാത്രംചെയ്തതിനാൽ |
| | | ദിവം | സ്വർഗ്ഗലോകത്തേക്കു് |
| കേവലം | വെറും | ജഗ്മുഃ | ഗമിച്ചു. |

**13 ഭസ്മീഭൂതാംഗസംഗേന സ്വര്യാതാഃ സഗരാത്മജാഃ**
**കിം പുനഃ ശ്രദ്ധയാ ദേവീം യേ സേവന്തേ ധൃതവ്രതാഃ**

| | | | |
|---|---|---|---|
| ഭസ്മീഭൂതാ-ങ്ഗസംഗേന | ഭസ്മീഭവിച്ച അംഗങ്ങളെ കൊണ്ടുള്ളസമ്പർക്കത്താൽ തന്നെ | ശ്രദ്ധയാ | ശ്രദ്ധയോടെ |
| സഗരാത്മജാഃ | സഗരപുത്രന്മാർ | ദേവീം | ഗംഗാദേവിയെ |
| സ്വഃ യാതാഃ | സ്വർഗത്തിലേക്കെത്തി | സേവന്തേ | സേവിക്കുന്നുവോ, |
| യേ | യാതൊരുവർ | (തേ) | അവർ |
| ധൃതവ്രതാഃ | വ്രതമെടുത്തവരായിട്ട് | പുനഃ കി | പിന്നെ സ്വർഗത്തിലെത്താതിരിക്കുമോ? |

**14 നഹ്യേതത് പരമാശ്ചര്യം സ്വർധുന്യാ യദിഹോദിതം**
**അനന്തചരണാംഭോജപ്രസൂതായാ ഭവച്ഛിദഃ**

| | | | |
|---|---|---|---|
| അനന്ത-ചരണാംഭോജ പ്രസൂതായാഃ | അപരിച്ഛിന്നമൂർത്തിയായ ശ്രീഹരിയുടെ പാദപദ്മത്തിൽനിന്ന് ഉദ്ഭവിച്ചതും | ഇഹയത് | ഇവിടെ യാതൊന്ന് |
| | | ഉദിതം | പ്രസ്താവിക്കപ്പെട്ടുവോ |
| | | ഏതത് | ഇതൊന്നും |
| ഭവച്ഛിദഃ | സംസൃതിബന്ധത്തെ ഛേദിക്കുന്നതുമായ | പരം | വലിയ |
| | | ആശ്ചര്യം | അദ്ഭുതം |
| സ്വർധുന്യാഃ | സ്വർല്ലോകഗംഗയെ സംബന്ധിച്ച് | നഹി | ആകുന്നില്ലല്ലോ. |

അദ്ഭുതമാകുന്നില്ലെന്നു പറയുവാനുള്ള കാരണം ഗംഗയുടെ ഉദ്ഭവം ശ്രീഹരിയുടെ പാദത്തിൽനിന്നാണെന്നതുതന്നെ. ആപാദത്തിന്റെ മഹിമയെ ഇനി എടുത്തു പറയുന്നു.

**15 സന്നിവേശ്യ മനോയസ്മിൻ ശ്രദ്ധയാ മുനയോഽമലാഃ**
**ത്രൈഗുണ്യം ദുസ്ത്യജം ഹിത്വാ സദ്യോ യാതാസ്തദാത്മതാം**

| | | | |
|---|---|---|---|
| അമലാഃ | നിർമ്മലന്മാരായ | ദുസ്ത്യജം | ത്യജിപ്പാൻ പ്രയാസമുള്ള |
| മുനയഃ | മാമുനിമാർ | ത്രൈഗുണ്യം | ദൈഹികബന്ധത്തെ |
| യസ്മിൻ | യാതൊന്നിൽ ഹരിപാദപദ്മത്തിൽ) | ഹിത്വാ | ത്യജിച്ച് |
| മനഃ | മനസ്സിനെ | സദ്യഃ | ഉടനടി |
| ശ്രദ്ധയാ | ശ്രദ്ധയോടെ | തദാത്മതാം | തത്സാരൂപ്യത്തെ |
| സന്നിവേശ്യ | ഉറപ്പിച്ച് | യാതാഃ | പ്രാപിച്ചവരാണ് |

16 ശ്രുതോ ഭഗീരഥാജ്ജജ്ഞേ തസ്യ നാഭോഽപരോഽഭവത്
സിന്ധുദ്വീപസ്തതസ്തസ്മാദയുതായുസ്തതോഽഭവത്

17 ഋതുപർണ്ണോ നളസഖോ യോഽശ്വവിദ്യാമയാന്നളാത്
ദത്വാക്ഷഹൃദയം ചാസ്മൈ സർവ്വകാമസ്തു തത്സുതഃ

| | |
|---|---|
| ഭഗീരഥാത് | ഭഗീരഥനിൽനിന്നു് |
| ശ്രുതഃ | ശ്രുതനെന്നുപേരായവൻ |
| ജജ്ഞേ | ജനിച്ചു. |
| തസ്യ | അവന്നു് |
| നാഭഃ | നാഭനെന്നുപേരായവൻ |
| അപരഃ | പിന്തുടൎച്ചയായിട്ടു് |
| അഭവത് | ഉണ്ടായി. |
| തതഃ | അവനിൽനിന്നു് |
| സിന്ധുദ്വീപഃ | സിന്ധുദ്വീപനും, |
| തസ്മാൽ | ആയവനിൽനിന്നു് |
| അയുതായുഃ | അയുതായുസ്സെന്നവനും |
| തതഃ | അവനിൽനിന്നു് |
| നളസഖഃ | നളന്റെ ഉററമിത്രമായ |
| ഋതുപർണ്ണഃ | ഋതുപർണ്ണനും |
| അഭവത് | ഉണ്ടായി. |
| യഃ | യാതൊരാൾ(ഋതുപർണ്ണൻ) |
| അസ്മൈ ച | ഈ നളന്നു് |
| അക്ഷഹൃദയം | “അക്ഷഹൃദയം” എന്ന വിദ്യയെ |
| ദത്വാ | ഉപദേശിച്ചുകൊടുത്തു് |
| നളാത് | നളനിൽനിന്നു് |
| അശ്വവിദ്യാം | ‘അശ്വഹൃദയം’ എന്ന വിദ്യയെ |
| അയാത് | അഭ്യസിച്ചു. |
| സർവ്വകാമഃ തു | സർവ്വകാമനെന്നവൻ |
| തത്സുതഃ | ഋതുപർണ്ണന്റെ പുത്രനാകുന്നു. |

18 തതഃ സുദാമസ്തത്പുത്രോ മദയന്തീപതിർന്നൃപ
ആഹുർമിത്രസഹം യം വൈ കല്മാഷാങ്ഘ്രിമുത ക്വചിത
വസിഷ്ഠശാപാദ്രക്ഷോഽഭൂദനപത്യഃ സ്വകർമ്മണാ

| | |
|---|---|
| തതഃ | അവനിൽനിന്നു് |
| സുദാമഃ | സുദാമൻ ഉണ്ടായി. |
| നൃപ | ഹേ രാജാവേ! |
| തത്പുത്രഃ | അവന്റെ പുത്രൻ മദയന്തിയുടെ ഭർത്താവായ സൗദാസനാകുന്നു. |
| യം വൈ | യാതൊരുവനെത്തന്നെ |
| മിത്രസഹം | മിത്രസഹനെന്നും |
| ഉത | മാത്രമല്ല, |
| ക്വചിത് | ചിലേടത്തു് |
| കല്മാഷാങ്ഘ്രിം | കല്മാഷപാദനെന്നും പേരുകൾ മാറി |
| ആഹുഃ | പറഞ്ഞുവരുന്നുണ്ടു് |
| സ്വകർമ്മണാ | തന്റെ കർമ്മദോഷത്താൽ |
| അനപത്യഃ | സന്തതിയില്ലാത്തവനായിഭവിച്ച ഈ സൗദാസൻ |
| വസിഷ്ഠശാപാത് | വസിഷ്ഠന്റെ ശാപത്താൽ |
| രക്ഷഃ | രക്ഷസ്സായിട്ടു് |
| അഭൂത് | ഭവിച്ചു. |

രാജോവാച രാജാവു് ചോദിച്ചു

**19 കിംനിമിത്തോ ഗുരോഃ ശാപഃ സൗദാസസ്യ മഹാത്മനഃ**
**ഏതദ്വേദിതുമിച്ഛാമഃ കഥ്യതാം ന രഹോ യദി**

| | | | |
|---|---|---|---|
| മഹാത്മനഃ | മഹാത്മാവായ | ഏതത് | ഇതു് |
| സൗദാസസ്യ | സൗദാസന്നു് | വേദിതും | അറിയുവാൻ |
| ഗുരോഃ | ഗുരുവിന്റെ | ഇച്ഛാമഃ | ആഗ്രഹിക്കുന്നു. |
| ശാപഃ | ശാപം | രഹഃ | രഹസ്യമായതു് |
| കിന്നിമിത്തഃ | എന്തുകാരണത്താലുണ്ടായതാണു്? | നയദി | അല്ലെങ്കിൽ |
| | | കഥ്യതാം | കഥിക്കപ്പെട്ടാലും. |

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു

**20 സൗദാസോ മൃഗയാം കിഞ്ചിച്ചരൻ രക്ഷോ ജഘാന ഹ**
**മുമോച ഭ്രാതരം സോഥ ഗതഃ പ്രതിചികീർഷയാ**

| | | | |
|---|---|---|---|
| സൗദാസഃ | സൗദാസൻ | മുമോച | വിട്ടയക്കുകയും ചെയ്തു. |
| മൃഗയാം ചരൻ | വേട്ടയ്ക്കുപോയിരുന്നപ്പോൾ | സഃ ഹ | അവൻ കഷ്ടമേ! |
| കിഞ്ചിത് | ഏതോ ഒരു | അഥ | അതിൽപ്പിന്നെ |
| രക്ഷഃ | രാക്ഷസനെ | പ്രതിചികീർഷയാ | പ്രതികാരം ചെയ്യുവാനുള്ള താൽപര്യത്തോടെ |
| ജഘാന | കൊല്ലുകയും | | |
| ഭ്രാതരം | അവന്റെ [സഹോദരനെ] | ഗതഃ | [സ്ഥലം വിട്ടു.] |

**21 സഞ്ചിന്തയന്നഘം രാജ്ഞഃ സൂദരൂപധരോ ഗൃഹേ**
**ഗുരവേ ഭോക്തുകാമായ പക്ത്വാ നിന്യേ നരാമിഷം**

| | | | |
|---|---|---|---|
| രാജ്ഞഃ | രാജാവിന്നു് | ഭോക്തുകാമായ | ഭോജനത്തിന്നു് താൽപര്യപ്പെട്ടിരുന്ന |
| അഘം | കെടുതിയെ | | |
| സഞ്ചിന്തയൻ | ഉണ്ടാക്കുവാൻ ആലോചിച്ചു് | ഗുരവേ | വസിഷ്ഠഗുരുവിന്നു് |
| സൂദരൂപധരഃ | വെപ്പുകാരന്റെ വേഷം ചമഞ്ഞുകൊണ്ടു് | നരാമിഷം | മനുഷ്യമാംസത്തെ |
| | | പക്ത്വാ | പാകം ചെയ്തു് |
| ഗൃഹേ | രാജഗൃഹത്തിൽ (സ്ഥലം പിടിച്ചു.) | നിന്യേ | കൊണ്ടുവന്നു. |

**22 പരിവേക്ഷ്യമാണം ഭഗവാൻ വിലോക്യാഭക്ഷ്യമഞ്ജസാ**
**രാജാനമശപത് ക്രുദ്ധോ രക്ഷോ ഹ്യേവം ഭവിഷ്യസി**

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞാനനിധിയായ വസിഷ്ഠമഹർഷി | അഞ്ജസാ | ഉടൻതന്നെ |
| | | രാജാനം | രാജാവിനെ |
| അഭക്ഷ്യം | ഭക്ഷിക്കരുതാത്തതിനെ | അശപത് | ശപിച്ചു. |
| പരിവേക്ഷ്യ-മാണം | വിളമ്പിത്തരുന്നതായിട്ടു് | ഏവം ഹി | "ഇതുപോലെത്തന്നെ നരഭോജിയായ |
| വിലോക്യ | കണ്ടു് | രക്ഷഃ | രക്ഷസ്സായിട്ടു് |
| ക്രുദ്ധഃ | കുപിതനായിട്ടു് | ഭവിഷ്യസി | നീ ഭവിക്കും" |

**23 രക്ഷഃ കൃതം തദ്വിദിത്വാ ചക്രേ ദ്വാദശവാർഷികം**
**സോഽപ്യപോഽഞ്ജലിനാഽഽദായ ഗുരും ശപ്തും സമുദ്യതഃ**

| | | | |
|---|---|---|---|
| തത് | അതു് (നരമാംസം പചിച്ചുവിളമ്പിയതു്) | സഃ അപി | ആ സൗദാസരാജാവും |
| | | അപഃ | ജലം |
| രക്ഷഃ കൃതം | രാക്ഷസനാൽ ചെയ്യപ്പെട്ട വേലയാണെന്നു് | അഞ്ജലിനാ | കൈക്കുടന്നകൊണ്ടു് |
| | | ആദായ | എടുത്തു് |
| വിദിത്വാ | അറിഞ്ഞിട്ടു് | ഗുരും | ഗുരുവായ വസിഷ്ഠനെ |
| ദ്വാദശ-വാർഷികം | (മഹർഷി) പന്ത്രണ്ടുവർഷത്തേക്കായി ചുരുക്കി | ശപ്തും | ശപിക്കുവാൻ |
| ചക്രേ | നിശ്ചയിച്ചു. | സമുദ്യതഃ | ഒരുങ്ങി. |

**24 വാരിതോ മദയന്ത്യാഽപോ രുശതീഃ പാദയോർജഹൗ**
**ദിശഃ ഖമവനീം സർവം പശ്യൻ ജീവമയം നൃപഃ**
**രാക്ഷസം ഭാവമാപന്നഃ പാദേ കല്മാഷതാം ഗതഃ**

| | | | |
|---|---|---|---|
| മദയന്ത്യാ | മദയന്തിയാൽ | പാദയോഃ | തന്റെ കാലുകളിൽ തന്നെ |
| വാരിതഃ | തടയപ്പെട്ട | | |
| നൃപഃ | രാജാവു് | ജഹൗ | ഒഴിച്ചുകളഞ്ഞു |
| രുശതീഃ | അത്യുഗ്രതയുള്ള | രാക്ഷസം | രക്ഷസ്സിന്റേതായ |
| അപഃ | ശാപജലത്തെ | | |
| ദിശഃ | ദിക്കുകളെയും | ഭാവം | സ്വഭാവത്തെ |
| ഖം | അന്തരീക്ഷത്തെയും | ആപന്നഃ | പ്രാപിച്ച രാജാവു് |
| അവനീം | ഭൂമിയെയും | പാദേ | പാദത്തിൽ |
| സർവം | മറ്റെല്ലാററിനെയും | കല്മാഷതാം | പലനിറവും ചേർന്ന സ്ഥിതിയെ |
| ജീവമയം | ജീവാത്മകമായി | | |
| പശ്യൻ | നിരീക്ഷിച്ചുകൊണ്ടു് | ഗതഃ | പ്രാപിച്ചു. |

സൗദാസൻ കുലഗുരുവായ വസിഷ്ഠന്ന് നരമാംസം വിളമ്പിക്കൊടുക്കാൻ ഇടയായതു രാക്ഷസൻ്റെ ചതികൊണ്ടാണെന്നു പിന്നീടറിഞ്ഞപ്പോൾ വസിഷ്ഠർ ശാപകാലം പന്ത്രണ്ടുവർഷത്തേക്കാക്കിച്ചുരുക്കി. എങ്കിലും നിർദ്ദോഷിയായ തന്നെ ശപിച്ചതിൽ അരിശം പൂണ്ട രാജാവ് ഗുരുവിനെ പകരം ശപിക്കുവാൻ കൈയിൽ ജലമെടുത്തു. പത്നിയായ മദയന്തിയുടെ ഉപദേശത്താൽ ആ സാഹസത്തിൽനിന്നു വിരമിച്ച്, തീക്ഷ്ണമായ ശാപജലത്തെ അദ്ദേഹം തൻ്റെ കാൽകളിൽ തളിച്ചു. തന്മൂലം കറുപ്പും ചുമപ്പുമററുമായ നാനാനിറങ്ങൾ കാൽകളിൽ പററുകയാൽ 'കല്മാഷപാദൻ' എന്ന പേരും പത്നിയാവുന്ന മിത്രത്തിൻ്റെ ഉപദേശം അനുസരിക്കയാൽ 'മിത്രസഹൻ' എന്നും പേരുകളുണ്ടായി. സൗദാസൻ നിസ്സന്താനനായതെങ്ങനെയെന്നു ഇനി പറയുന്നു.

**25 വ്യവായകാലേ ദദൃശേ വനൗകോദമ്പതീ ദ്വിജൗ**
**ക്ഷുധാർത്തോ ജഗൃഹേ വിപ്രം തത്പത്ന്യാഹാകൃതാർത്ഥവത്**

| | | | |
|---|---|---|---|
| വനൗകോ-ദമ്പതീ ദ്വിജൗ | വനത്തിൽ വസിക്കുന്നവരായ ബ്രാഹ്മണദമ്പതികളെ | ക്ഷുധാർത്തഃ | വിശപ്പിനാൽ തളർന്നവനായിട്ട് |
| വ്യവായ-കാലേ | അവർ സംഭോഗം ചെയ്യുന്ന സമയത്ത് | വിപ്രം | ബ്രാഹ്മണനെ |
| ദദൃശേ | (രക്ഷസ്സായി ഭവിച്ചിരുന്ന സൗദാസൻ) കണ്ടെത്തി. | ജഗൃഹേ | പിടികൂടി. |
| | | തത്പത്നീ | ആ ബ്രാഹ്മണൻ്റെ പത്നി |
| | | അകൃതാർത്ഥ-വത് | അതിദീനയായിട്ട് |
| | | ആഹ | പറഞ്ഞുതുടങ്ങി |

**26 ന ഭവാൻ രാക്ഷസഃ സാക്ഷാദിക്ഷ്വാകൂണാം മഹാരഥഃ**
**മദയന്ത്യാഃ പതിർവീര നാധർമ്മം കർത്തുമർഹസി**

| | | | |
|---|---|---|---|
| ഭവാൻ | അങ്ങുന്ന് | വീര | ഹേ വീര! |
| സാക്ഷാത് | ശരിക്കും | മദയന്ത്യാഃ | മദയന്തിയുടെ |
| രാക്ഷസഃ ന | രക്ഷസനല്ല; | പതിഃ | ഭർത്താവായിട്ടുള്ള താങ്കൾ |
| ഇക്ഷ്വാകൂണാം | ഇക്ഷ്വാകുവംശജന്മാരായ രാജാക്കന്മാരുടെ ഇടയിൽ | അധർമ്മം | ധർമ്മവിരുദ്ധമായതിനെ |
| | | കർത്തും | ചെയ്യുവാൻ |
| മഹാരഥഃ | മഹാരഥനാകുന്നു. | ന അർഹസി | അർഹിക്കുന്നില്ല. |

**27 ദേഹീമേഽപത്യകാമായാ അകൃതാർത്ഥം പതിം ദ്വിജം**
**ദേഹോഽയം മാനുഷോ രാജൻ പുരുഷസ്യാഖിലാർത്ഥദഃ**

| | | | |
|---|---|---|---|
| അപത്യ-കാമായഃ മേ | സന്താനത്തെ ആഗ്രഹിക്കുന്ന എനിക്ക് | ദ്വിജം | ബ്രാഹ്മണനും |

| | | | |
|---|---|---|---|
| അകൃതാർത്ഥം | രതിയിൽ സംതൃപ്തി വന്നിട്ടില്ലാത്തവരുമായ | അയം ദേഹഃ | ഈ ശരീരം |
| പതിം ദേഹി | ഭർത്താവിനെ വിട്ടുതരൂ. | പുരുഷസ്യ | മനുഷ്യന് |
| രാജൻ | രാജാവേ! | അഖിലാർത്ഥദഃ | സകലപുരുഷാർത്ഥങ്ങളും നേടിത്തരുന്നതായ ഒന്നാണ് |
| മാനുഷഃ | മാനുഷമായ | | |

28 തസ്മാദസ്യ വധോവീര സർവ്വാർത്ഥവധ ഉച്യതേ
ഏഷ ഹി ബ്രാഹ്മണോ വിദ്വാംസ്തപഃ ശീലഗുണാന്വിതഃ

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ട് | ഉച്യതേ | പറയപ്പെടുന്നു. |
| വീരഅസ്യ | ഹേ വീര! ഈ ശരീരത്തിന്റെ | ഏഷഃ ഹി | ഇദ്ദേഹമാകട്ടെ |
| | | ബ്രാഹ്മണഃ | ബ്രാഹ്മണനും |
| വധഃ | നാശം | വിദ്വാൻ | പണ്ഡിതനും |
| സർവ്വാർത്ഥവധഃ | സമസ്തപുരുഷാർത്ഥങ്ങളുടെയും നാശമായിട്ട് | തപഃശീല-ഗുണാന്വിതഃ | തപസ്സ്, സ്വഭാവഗുണം എന്നിവയുള്ളവനുമാണ്. |

29 ആരിരാധയിഷുർബ്രഹ്മ മഹാപുരുഷസംജ്ഞിതം
സർവ്വഭൂതാത്മഭാവേന ഭൂതേഷ്വന്തർഹിതം ഗുണൈഃ

| | | | |
|---|---|---|---|
| ഭൂതേഷു | ചരാചരപ്രാണികളിൽ | ബ്രഹ്മ | സച്ചിദാനന്ദസ്വരൂപത്തെ |
| ഗുണൈഃ | ഗുണകാര്യങ്ങളായ അഹംകാരാദികളാൽ | സർവ്വഭൂതാത്മ ഭാവേന | സർവ്വപ്രാണികളിലും ജീവാത്മായി സ്ഥിതിചെയ്യുന്നുണ്ടെന്നഭാവനയോടുകൂടി |
| അന്തർഹിതം | മറഞ്ഞിരിക്കുന്നതും | | |
| മഹാപുരുഷ-സംജ്ഞിതം | മഹാപുരുഷനെന്ന സംജ്ഞയുള്ളതുമായ | ആരിരാധ-യിഷുഃ | (ഇദ്ദേഹം) ഉപവസിക്കുവാനാഗ്രഹിക്കുന്നു |

30 സോഽയം ബ്രഹ്മർഷിവര്യസ്തേ രാജർഷിപ്രവരാദ് വിഭോ
കഥമർഹതി ധർമ്മജ്ഞവധം പിതുരിവാത്മജഃ

| | | | |
|---|---|---|---|
| വിഭോ | ഹേ വിഭോ! | ആത്മജഃ | പുത്രൻ |
| ധർമ്മജ്ഞ | ഹേ ധർമ്മജ്ഞ! | പിതുഃ ഇവ | പിതാവിൽനിന്നെന്നവിധം |
| സഃ അയം | അങ്ങനെയെല്ലാമുള്ള ഈ | | |
| ബ്രഹ്മർഷിവര്യഃ | ബ്രഹ്മർഷിശ്രേഷ്ഠൻ | കഥം | എങ്ങനെ |
| രാജർഷി-പ്രവരാത് | രാജർഷിമാരിൽ വിശിഷ്ടനായുള്ള | വധം | വധത്തെ |
| തേ | അങ്ങയിൽനിന്ന് | അർഹതി | അർഹിക്കുന്നു? |

31 **തസ്യ സാധോരപാപസ്യ ഭ്രൂണസ്യ ബ്രഹ്മവാദിനഃ**
**കഥം വധം യഥാബഭ്രോർമന്യതേ സമ്മതോ ഭവാൻ**

| | | | |
|---|---|---|---|
| ബഭ്രോഃ | പശുവിന്റെ | വധം | വധത്തെ |
| ഇവ | വധത്തെപ്പോലെ | സമ്മതഃ | സന്മാർഗ്ഗികൾക്ക് അഭിമതനായ |
| അപാപസ്യ | പാപരഹിതനും | | |
| ഭ്രൂണസ്യ | ശ്രോത്രിയനും | ഭവാൻ | അങ്ങ് |
| ബ്രഹ്മവാദിനഃ | വേദാർത്ഥപാരംഗതനും | കഥം | എങ്ങനെ |
| സാധോഃ | സദ്വൃത്തനുമായ | (സാധു) | സാധുവായിട്ട് |
| തസ്യ | അദ്ദേഹത്തിന്റെ | മന്യതേ | കരുതും? |

32 **യദ്യയം ക്രിയതേ ഭക്ഷസ്തർഹിമാം ഖാദ പൂർവ്വതഃ**
**ന ജീവിഷ്യേ വിനായേന ക്ഷണം ച മൃതകം യഥാ**

| | | | |
|---|---|---|---|
| അയം | ഇദ്ദേഹം | മാം | എന്നെ |
| ഭക്ഷഃ | ഭക്ഷണമായിട്ട് | പൂർവ്വതഃ | അതിനുമുമ്പായി |
| ക്രിയതേ യദി തർഹി | ഉപയോഗിക്കപ്പെടുന്നതായാൽ | ഖാദ | ഭക്ഷിക്കുക. |
| | | യേന വിനാ | യാതൊരാളെക്കൂടാതെ |
| മൃതകം യഥാ | ശവംപോലെയായിത്തീരുന്ന | ക്ഷണം ച | അല്പസമയം പോലും |
| | | ന ജീവിഷ്യേ | ഞാൻ ജീവിക്കുകയില്ല. |

33 **ഏവം കരുണഭാഷിണ്യാ വിലപന്ത്യാ അനാഥവത്**
**വ്യാഘ്രഃ പശുമിവാഖാദത് സൗദാസഃ ശാപമോഹിതഃ**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ശാപ-മോഹിതഃ | ശാപം നിമിത്തം ബുദ്ധിഭ്രംശം വന്നിരുന്ന |
| കരുണ-ഭാഷിണ്യാഃ | അവരം ദയനീയമായി പറയുകയും | | |
| | | സൗദാസഃ | സൗദാസരാജാവ് |
| അനാഥവത് | അനാഥയെപ്പോലെ | വ്യാഘ്രഃ | പുലി |
| വിലപന്ത്യാഃ | വാവിട്ടുകരയുകയും ചെയ്തുകൊണ്ടിരിക്കെ, | പശും ഇവ | പശുവിനെയെന്നവിധം |
| | | അഖാദത് | (ബ്രാഹ്മണനെ) ഭക്ഷിച്ചു. |

34 **ബ്രാഹ്മണീ വീക്ഷ്യദിധിഷും പുരുഷാദേന ഭക്ഷിതം**
**ശോചന്ത്യാത്മാനമുർവ്വീശമശപത് കുപിതാ സതീ**

| | | | |
|---|---|---|---|
| ദിധിഷും | ഗർഭാധാനം ചെയ്യുവാൻ ഉത്സുകനായ ഭർത്താവിനെ | ഭക്ഷിതം | ഭക്ഷിതനായത്ത് |
| | | വീക്ഷ്യ | കണ്ടിട്ട് |
| പുരുഷാദേന | നരഭോജിയാൽ | സതീ | പതിവ്രതയായ |

| | | | |
|---|---|---|---|
| ബ്രാഹ്മണീ | ബ്രാഹ്മണസ്ത്രീ | കുപിതാ | കുപിതയായിട്ടു് |
| ആത്മാനം | തന്നെക്കുറിച്ചു് | ഉർവീശം | രാജാവിനെ |
| ശോചന്തീ | ദുഃഖിച്ചുകൊണ്ടു് | അശപത് | ശപിച്ചു. |

**35** **യസ്മാന്മേ ഭക്ഷിതഃ പാപ കാമാർത്തായാഃ പതീസ്ത്വയാ**
**തവാപി മൃത്യുരാധാനാദകൃതപ്രജ്ഞ ദർശിതഃ**

| | | | |
|---|---|---|---|
| പാപ | ''എടോ പാപി | ഭക്ഷിതഃ | ഭക്ഷിക്കപ്പെട്ടുവോ |
| അകൃതപ്രജ്ഞ | ബുദ്ധിസംസ്കാരമില്ലാത്തവനേ! | (തസ്മാത്) | അക്കാരണത്താൽ |
| | | തവ അപി | നിന്റെയും |
| ത്വയാ | നിന്നാൽ | മൃത്യുഃ | മരണം |
| കാമാർത്തായാ | കാമപീഡിതയായ | ആധാനാത് | മൈഥുനം നിമിത്തമാകുമെന്നു് |
| മേ പതിഃ | എന്റെ ഭർത്താവു് | | |
| യസ്മാത് | യാതൊരുകാരണത്താൽ | ദർശിതഃ | കാട്ടിത്തരപ്പെട്ടിരിക്കുന്നു'' |

**36** **ഏവം മിത്രസഹം ശപ്ത്വാ പതിലോകപരായണാ**
**തദസ്ഥീനി സമിദ്ധേഽഗ്നൗ പ്രാശ്യ ഭർത്തുർഗതിം ഗതാ**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | തദസ്ഥീനി | അവന്റെ അസ്ഥികളെ |
| മിത്രസഹം | സൗദാസനെ | സമിദ്ധേ | കത്തിയെരിയുന്ന |
| ശപ്ത്വാ | ശപിച്ചശേഷം | അഗ്നൗ | തീയ്യിൽ |
| പതിലോക-പാരായണ | ഭർത്താവുചെന്നെത്തിയ ലോകത്തെ പ്രാപിക്കുവാനുദ്യമിച്ച ആ ബ്രാഹ്മണി | പ്രാശ്യ | പ്രക്ഷേപിച്ചു |
| | | ഭർത്തുഃ | ഭർത്താവിന്റെ |
| | | ഗതിം ഗതാ | ഗതിയെ പ്രാപിച്ചു. |

**37** **വിശാപോ ദ്വാദശാബ്ദാന്തേ മൈഥുനായ സമുദ്യതഃ**
**വിജ്ഞായ ബ്രാഹ്മണീശാപം മഹിഷ്യാസനിവാരിതഃ**

| | | | |
|---|---|---|---|
| ദ്വാദശാ-ബ്ദാന്തേ | പന്ത്രണ്ടുവർഷം അവസാനിച്ചപ്പോൾ | ബ്രാഹ്മണീ-ശാപം | ബ്രാഹ്മണസ്ത്രീയുടെ ശാപം |
| | | വിജ്ഞായ | അറിവായിട്ടു് |
| വിശാപഃ | ശാപമുക്തനായിത്തീർന്ന സൗദാസൻ | മഹിഷ്യാ | രാജപത്നിയാൽ |
| മൈഥുനായ | പത്നീസംഗമത്തിനായി | സഃ | അദ്ദേഹം |
| സമുദ്യതഃ | ഉദ്യമിച്ചു് | നിവാരിതഃ | തടയപ്പെട്ടു. |

**38 തത ഊർദ്ധ്വം സ തത്യാജ സ്ത്രീസുഖം കർമ്മണാ/പ്രജഃ**
**വസിഷ്ഠസ്തദനുജ്ഞാതോ മദയന്ത്യാം പ്രജാമധാത്**

| | | | |
|---|---|---|---|
| തതഃ ഊർദ്ധ്വം | അതിന്നുമേൽ | വസിഷ്ഠഃ | വസിഷ്ഠമഹർഷി |
| സഃ | ആ സൗദാസൻ | തദനുജ്ഞാതഃ | അദ്ദേഹത്താൽ അനുവദി ക്കപ്പെട്ടവനായിട്ട് |
| സ്ത്രീസുഖം | സ്ത്രീസുഖത്തെ | | |
| തത്യാജ | ത്യജിച്ചു. | മദയന്ത്യാം | മദയന്തിയിൽ |
| കർമ്മണാ | കർമ്മദോഷത്താൽ | പ്രജാം | സന്താനത്തെ |
| അപ്രജഃ | സന്താനഹീനനായി | അധാത് | ആധാനം ചെയ്തു. |

**39 സാ വൈ സപ്തസമാഗർഭമബിഭ്രന്ന വ്യജായത**
**ജഘ്നേ/ശ്മനോദരം തസ്യാഃ സോ/ശ്മകസ്തേനകഥ്യതേ**

| | | | |
|---|---|---|---|
| സാ വൈ | അവളാകട്ടെ | ഉദരം | ഉദരത്തെ |
| സപ്ത സമാഃ | ഏഴുവർഷകാലം | അശ്മനാ | കല്ലുകൊണ്ട് |
| ഗർഭം | ഗർഭത്തെ | ജഘ്നേ | ഇടിച്ചു. |
| അബിഭ്രത് | ധരിച്ചുകൊണ്ട് ഇരി പ്പായി; | തേന | അതിനാൽ |
| ന വ്യജായത | പ്രസവിച്ചതേയില്ല | സഃ | അവൻ (പിറന്നുണ്ടായ പുത്രൻ) |
| തദാ | അപ്പോൾ | | |
| വസിഷ്ഠഃ | വസിഷ്ഠമഹർഷി | അശ്മകഃ | 'അശ്മകൻ' എന്നു് |
| തസ്യാഃ | അവളുടെ | കഥ്യതേ | പറയപ്പെടുന്നു. |

**40 അശ്മകാന്മൂലകോ ജജ്ഞേയഃ സ്ത്രീഭിഃ പരിരക്ഷിതഃ**
**നാരീകവച ഇത്യുക്തോ നിഃക്ഷത്രേ മൂലകോ/ഭവത്**

| | | | |
|---|---|---|---|
| അശ്മകാത് | അശ്മകനിൽനിന്നു് | യഃ | യാതൊരുവൻ |
| മൂലകഃ | മൂലകൻ | നിഃ ക്ഷത്രേ | ക്ഷത്രിയന്മാർ ഇല്ലാതെ യായപ്പോൾ |
| ജജ്ഞേ | ജനിച്ചു | | |
| സ്ത്രീഭിഃ | സ്ത്രീകളാൽ | മൂലകഃ | ആ വംശത്തിന്റെ ഒറ്റമുര ടായിരുന്നതിനാൽ 'മൂലക'നായി |
| പരിരക്ഷിതഃ | പരിരക്ഷിക്കപ്പെട്ടു് | | |
| നാരീകവചഃ ഇതി ഉക്തഃ | തന്മൂലം 'നാരീകവച' നെന്ന നാമത്താലും പറയ പ്പെട്ടിരുന്നു | അഭവത് | ഭവിച്ചു. |

പരശുരാമൻ ക്ഷത്രിയസംഹാരം നടത്തിയിരുന്ന കാലമായിരുന്നു അതു്. സ്ത്രീകൾ ചുററുമിരുന്നു് ഈ ക്ഷത്രിയബാലനെ പരശുരാമനിൽനിന്നും സംരക്ഷിച്ചതിനാൽ ''നാരീകവച''നെന്ന നാമം സിദ്ധിച്ചു. ക്ഷത്രിയവംശത്തെ നിലനിർത്തിയവനാക യാൽ 'മൂലക'നെന്നും പേരുണ്ടായി.

**41 തതോ ദശരഥസ്തസ്മാത് പുത്ര ഐലവിലസ്തതഃ**
**രാജാ വിശ്വസഹോ യസ്യ ഖട്വാംഗശ്ചക്രവർത്ത്യഭൂത്**

| | |
|---|---|
| തതഃ | ആ മൂലകനിൽനിന്നു് |
| ദശരഥഃ | ദശരഥനും, |
| തസ്മാത് | അവനിൽനിന്നു് |
| ഐലവിലഃ | ഐലവിലൻ എന്ന |
| പുത്രഃ | പുത്രനും, |
| തതഃ | അവനിൽനിന്നു് |
| വിശ്വസഹഃ | വിശ്വസഹൻ എന്നു് പേരായ |
| രാജാ | രാജാവും, |
| യസ്യ | യാതൊരുവന്റെ പുത്രനായി |
| ഖട്വാംഗഃ | ഖട്വാംഗനെന്ന |
| ചക്രവർത്തീ | ചക്രവർത്തിയും |
| അഭൂത് | ഉണ്ടായി. |

**42 യോ ദേവൈരർത്ഥിതോ ദൈത്യാനവധീദ്യുധി ദുർജ്ജയഃ**
**മുഹൂർത്തമായുർജ്ഞാത്വൈത്യ സ്വപുരം സന്ദധേ മനഃ**

| | |
|---|---|
| ദുർജ്ജയഃ യഃ | അജയ്യനായ യാതൊരു ഈ ഖട്വാംഗചക്രവർത്തി |
| ദേവൈഃ | ദേവന്മാരാൽ |
| അർത്ഥിതഃ | അഭ്യർത്ഥിതനായിട്ടു് |
| യുധി | യുദ്ധത്തിൽ |
| ദൈത്യാൻ | അസുരന്മാരെ |
| അവധീത് | കൊന്നൊടുക്കി |
| ആയുഃ | ആയുസ്സു് |
| മുഹൂർത്തം | രണ്ടുനാഴികനേരത്തോളമേ ഉള്ളൂ |
| ജ്ഞാത്വാ | എന്നറിഞ്ഞിട്ടു് |
| സ്വപുരം | തന്റെ രാജധാനിയിലേക്കു് |
| ഏത്യ | എത്തി, |
| മനഃ | മനസ്സിനെ |
| സന്ദധേ | ഏകാഗ്രമായി ഈശ്വരനിൽ ഉറപ്പിച്ചു. |

അസുരന്മാരെ കൊന്നൊടുക്കിയ ഖട്വാംഗനോടു പ്രസന്നരായ ദേവന്മാർ വരം വരിച്ചുകൊള്ളുവാൻ പറഞ്ഞു. തനിക്കു് ഇനി ആയുസ്സെത്രുണ്ടെന്നു ഖട്വാംഗൻ ചോദിച്ചപ്പോൾ രണ്ടുനാഴികയേ ഉള്ളുവെന്നു് അവർ അറിയിച്ചു. ഉടൻതന്നെ രാജാവു് ദേവന്മാർകൊടുത്ത വിമാനത്തിലേറി അതിശീഘ്രം തന്റെ രാജധാനിയിലേക്കു തിരിച്ചെത്തി – ഈശ്വരധ്യാനത്തിൽ ചിത്തത്തെ ഏകാഗ്രമാക്കി.

ഖട്വാംഗൻ തന്റെ സദ്വൃത്തിയെ അനുസ്മരിച്ചുകൊണ്ടുചെയ്ത ദൃഢനിശ്ചയത്തെ താഴെ ഏഴുശ്ലോകങ്ങൾകൊണ്ടു് കാണിക്കുന്നു.

**43 നമേ ബ്രഹ്മകുലാത് പ്രാണാഃ കുലദൈവാന്ന ചാത്മജാഃ**
**നിഃ ശ്രേയോ ന മഹീ രാജ്യം ന ദാരാശ്ചാതിവല്ലഭാഃ**

| | |
|---|---|
| മേ കുല–ദൈവാത് | "എന്റെ കുടുംബത്തിന്റെ പരദൈവമായ |
| ബ്രഹ്മകുലാത് | ബ്രാഹ്മണസമൂഹത്തെക്കാൾ |

| | | | |
|---|---|---|---|
| (മേ) | എനിക്കു്, എന്റെ | നിഃ ശ്രേയഃ ച | പരമപുരുഷാർത്ഥവും |
| പ്രാണാഃ | പ്രാണങ്ങളും | ന | ആകുന്നില്ല; |
| അതിവല്ലഭാഃ | അധികം പ്രിയപ്പെട്ടവ | മഹീരാജ്യം | നാടും നാടുവാഴ്ചയും |
| ന | അല്ല; | ദാരാഃ ച | പത്നിമാരും |
| ആത്മജാഃ ന | പുത്രന്മാരുമല്ല; | ന | ആകുന്നില്ല. |

**44 ന ബാല്യേപി മതിർമ്മഹ്യമധർമ്മേ രമതേ ക്വചിത്**
**നാപശ്യമുത്തമശ്ലോകദന്യത് കിഞ്ചന വസ്ത്വഹം.**

| | | | |
|---|---|---|---|
| ബാല്യേ അപി | "ബുദ്ധിയുറയ്ക്കാത്ത പ്രായത്തിൽപ്പോലും | ഉത്തമ–ശ്ലോകാത് | പുണ്യകീർത്തിയെഴുന്ന ഭഗവാനെ ഒഴിച്ച് |
| മഹ്യം മതിഃ | എന്റെ ബുദ്ധി | അന്യത് | വേറെ |
| ക്വചിത് | ഒരിക്കലും | കിഞ്ചന | യാതൊരു |
| അധർമ്മേ | അധർമ്മത്തിൽ | വസ്തു | വസ്തുവിനെയും |
| ന രമതേ | രമിച്ചിരുന്നില്ല. | ന അപശ്യം | ദർശിച്ചിട്ടില്ല |
| അഹം | ഞാൻ | | |

**45 ദേവൈഃ കാമവരോ ദത്തോ മഹ്യം ത്രിഭുവനേശ്വരൈഃ**
**ന വൃണേ തമഹം കാമം ഭൂതഭാവനഭാവനഃ**

| | | | |
|---|---|---|---|
| ത്രിഭുവനേ–ശ്വരൈഃ | "മൂന്നുലോകത്തിന്റെ പരിപാലകന്മാരായ | ഭൂതഭാവന–ഭാവനഃ | സകലപ്രാണികളെയും സംരക്ഷിക്കുന്ന ഭഗവാനെ മാത്രം ഉള്ളിൽ നിനയ്ക്കുന്ന |
| ദേവൈഃ | ദേവന്മാരാൽ | | |
| മഹ്യം | എനിക്കു് | അഹം | ഞാൻ |
| കാമവരഃ | അഭീഷ്ടവരം | തം കാമം | ആ അഭീഷ്ടമൊന്നും |
| ദത്തഃ | ദാനം ചെയ്യപ്പെട്ടതായിരുന്നു. | ന വൃണേ | വരിച്ചില്ല. |

**46 യേവിക്ഷിപ്തേന്ദ്രിയധിയോ ദേവാസ്തേ സ്വഹൃദി സ്ഥിതം**
**ന വിന്ദന്തി പ്രിയം ശശ്വദാത്മാനം കിമുതാപരേ**

| | | | |
|---|---|---|---|
| യേ ദേവാഃ | "യാവചില ദേവന്മാർ | സ്ഥിതം | നിലയുറച്ചവനും |
| വിക്ഷിപ്തേ–ന്ദ്രിയധിയഃ | അടക്കമില്ലാത്ത ഇന്ദ്രിയങ്ങളോടും ബുദ്ധിവൃത്തികളോടും കൂടിയവരാകുന്നുവോ, | ശശ്വത് | സർവ്വദാ |
| | | പ്രിയം | പ്രേമസ്വരൂപനുമായ |
| | | ആത്മാനം | പരമാത്മാവിനെ |
| | | ന വിന്ദന്തി | അറിയുന്നില്ല; |
| തേ | അവർപോലും | അപരേ | എന്നിരിക്കെ മററുള്ളവർ |
| സ്വഹൃദി | അവരുടെ ഹൃദയത്തിൽ | കിമുത | പറയണമോ? |

**47 അഥേശമായാരചിതേഷ്വസംഗം**
**ഗുണേഷു ഗന്ധർവ്വപുരോപമേഷു**
**രൂഢം പ്രകൃത്യാത്മനി വിശ്വകർത്തു**
**ഭാവേന ഹിത്വാ തമഹം പ്രപദ്യേ**

| | |
|---|---|
| അഥ | "ആകയാൽ |
| ഈശമായാരചിതേഷു | സർവ്വേശ്വരൻെറ മായയാൽ രചിക്കപ്പെട്ടവയും |
| ഗന്ധർവ്വപുരോപമേഷു | ഗന്ധർവ്വനഗരംപോലെ ക്ഷണികദൃശ്യങ്ങളുമായ |
| ഗുണേഷു | ഗുണകാര്യങ്ങളായ ദേഹാദികളിൽ |
| പ്രകൃത്യാ | സ്വതവെത്തന്നെ |
| ആത്മനി | മനസ്സിൽ |
| രൂഢം | വേരുറച്ചതായ |
| സംഗം | ആസക്തിയെ |
| വിശ്വകർത്തുഃ | പ്രപഞ്ചകർത്താവിൻെറ |
| ഭാവേന | ഏകാഗ്രഭാവനയാൽ |
| ഹിത്വാ | ഉപേക്ഷിച്ചു് |
| തം അഹം | തന്തിരുവടിയെ ഞാൻ |
| പ്രപദ്യേ | പ്രാപിക്കുന്നു." |

**48 ഇതി വ്യവസിതോ ബുദ്ധ്യാ നാരായണഗൃഹീതയാ**
**ഹിത്വാന്യഭാവമജ്ഞാനം തതഃ സ്വം ഭാവമാശ്രിതഃ**

| | |
|---|---|
| നാരായണഗൃഹീതയാ | ശ്രീനാരായണനാൽ തന്നിലേക്കു് പിടിച്ചുചേർക്കപ്പെട്ട |
| ബുദ്ധ്യാ | ബുദ്ധിയാൽ |
| ഇതി | ഇപ്രകാരം |
| വ്യവസിതഃ | ഉറച്ചുകഴിഞ്ഞ ഖട്വാംഗൻ |
| തതഃ | അനന്തരം |
| അന്യഭാവം | മററു് ദേഹാദ്യഭിമാനരൂപമായ |
| അജ്ഞാനം ഹിത്വാ | അജ്ഞാനത്തെ വെടിഞ്ഞു് |
| സ്വം ഭാവം | സ്വകീയമായ ഭാവത്തെ |
| ആശ്രിതഃ | പ്രാപിച്ചവനായി. |

**49 യത്തദ്ബ്രഹ്മപരം സൂക്ഷ്മമശൂന്യം ശൂന്യകല്പിതം**
**ഭഗവാൻ വാസുദേവേതി യം ഗൃണന്തി ഹി സാത്വതാഃ**

| | |
|---|---|
| യത് | യാതൊന്നു് |
| സൂക്ഷ്മം | സൂക്ഷ്മവും |
| അശൂന്യം | ശൂന്യമല്ലാത്തതും |
| ശൂന്യകല്പിതം | ശൂന്യമായി കല്പിക്കപ്പെട്ടതുമായ |
| പരം ബ്രഹ്മ | പരബ്രഹ്മമാകുന്നുവോ, |
| തത് | അതിനെ (ഖട്വാംഗൻ പ്രാപിച്ചു.) |
| യം ഹി | യാതൊരു ബ്രഹ്മസ്വരൂപിയെത്തന്നെ |
| സാത്വതാഃ | ഭക്തന്മാർ |
| ഭഗവാൻ | 'ഭഗവാനായ |
| വാസുദേവഃ | വാസുദേവൻ' |
| ഇതി | എന്നിങ്ങനെ |
| ഗൃണന്തി | പറഞ്ഞുവരുന്നു. |

ഖട്വാംഗമഹാരാജാവു് ബ്രഹ്മസായൂജ്യം അഥവാ വിഷ്ണുസായൂജ്യം മുഹൂർത്തനേരത്തെ മനോനിഗ്രഹംകൊണ്ടു് സാധിച്ചുവെന്നു് താത്പര്യം.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ സൂര്യവംശാനുവർണ്ണനേ
നവമോഽധ്യായഃ ആദിതഃ ശ്ലോകാഃ 374

നവമസ്കന്ധത്തിൽ ഒമ്പതാമധ്യായം കഴിഞ്ഞു.

# ദശമോഽധ്യായഃ = അദ്ധ്യായം പത്ത്

## ശ്രീരാമവതാരചരിതം

**"ദശമേ പ്രാഹ ഖട്വാംഗവംശേ ശ്രീരാമസംഭവം**
**തച്ചരിത്രം ച വങ്കേശം ഹത്വായോധ്യാഗമാവധി"**

ഖട്വാംഗവംശത്തിൽ ശ്രീരാമാവതാരമുണ്ടായതും രാവണനിഗ്രഹം കഴിഞ്ഞു ഭഗവാൻ അയോധ്യയിലേക്കെത്തുംവരെയുള്ള ചരിത്രവും ഈ പത്താമദ്ധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച    ശ്രീശുകൻ പറഞ്ഞു.

1 **ഖട്വാംഗാദ് ദീർഘബാഹുശ്ച രഘുസ്തസ്മാത് പൃഥുശ്രവാഃ**
**അജസ്തതോ മഹാരാജ തസ്മാദ്ദശരഥോഽഭവത്**

| | | | |
|---|---|---|---|
| ഖട്വാംഗാത് | ഖട്വാംഗനിൽനിന്ന് | മഹാരാജ | മഹാരാജാവേ! |
| ദീർഘബാഹുഃ ച | ദീർഘബാഹുവും (ദിലീപനെന്നു നാമാന്തരം) | തതഃ അജഃ | അവനിൽനിന്ന് അജനും |
| തസ്മാത് | അവനിൽനിന്ന് | തസ്മാത് | ആ അജനിൽനിന്ന് |
| പൃഥുശ്രവാഃ | മഹാകീർത്തിമാനായ | ദശരഥഃ | ദശരഥനും |
| രഘുഃ | രഘുചക്രവർത്തിയും | അഭവത് | ഉണ്ടായി. |

2 **തസ്യാപി ഭഗവാനേഷ സാക്ഷാത് ബ്രഹ്മമയോ ഹരിഃ**
**അംശാംശേന ചതുർദ്ധാഽഗാത് പുത്രത്വം പ്രാർത്ഥിതഃ സുരൈഃ**
**രാമലക്ഷ്മണഭരതശത്രുഘ്നാ ഇതി സംജ്ഞയാ**

| | | | |
|---|---|---|---|
| സാക്ഷാത് | യഥാർത്ഥത്തിൽ | ചതുർധാ | നാലുരൂപത്തിലായി, |
| ബ്രഹ്മമയഃ | ബ്രഹ്മസ്വരൂപനും | രാമലക്ഷ്മണ-ഭരത ശത്രുഘ്നഃ ഇതി | രാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നിങ്ങനെയുള്ള |
| ഭഗവാൻ | സർവ്വൈശ്വര്യാദിഷഡ്ഗുണസമ്പന്നനുമായ | സംജ്ഞയാ | നാമത്തോടെ |
| ഏഷഃ ഹരി | ഈ ശ്രീഹരി | തസ്യ അപി | ആ ദശരഥന്റെയും |
| സുരൈഃ | ദേവന്മാരാൽ | പുത്രത്വം | പുത്രഭാവത്തെ |
| പ്രാർത്ഥിതഃ | പ്രാർത്ഥിക്കപ്പെട്ടവനായിട്ട് | അഗാത് | പ്രാപിച്ചു. |
| അംശാംശേന | അംശാംശത്താൽ | | |

3 **തസ്യാനുചരിതം രാജന്നൃഷിഭിസ്തത്ത്വദർശിഭിഃ**
**ശ്രുതം ഹി വർണ്ണിതം ഭൂരി ത്വയാ സീതാപതേർമ്മുഹുഃ**

| | | | |
|---|---|---|---|
| തത്ത്വദർശിഭിഃ | തത്ത്വജ്ഞാനികളായ | ഭൂരി | വളരെയേറെ |
| ഋഷിഭിഃ | ഋഷിമാരാൽ | വർണ്ണിതം | വർണ്ണിക്കപ്പെട്ട |

| | |
|---|---|
| ഖരത്രിശിര-ദൂഷണ-മുഖ്യബന്ധൂൻ | മുഖ്യബന്ധുക്കളായ ഖരൻ ത്രിശിരസ്സ്, ദൂഷണൻ എന്നിവരടങ്ങിയ |
| ചതുർദശ-സഹസ്രം | പതിനാലായിരം രാക്ഷസവീരന്മാരെ |
| ജഘ്നേ | വധിച്ചു. |
| അപാരണീയ കോദണ്ഡപാണിഃ | അസഹ്യശക്തിയെഴുന്ന പടവില്ലുകരത്തിലേന്തിയവനായിട്ട് |
| അടമാനഃ | കാട്ടിൽസഞ്ചരിച്ചുകൊണ്ട് |
| കൃച്ഛ്രം | ക്ലേശത്തോടെ |
| ഉവാസ | വസിച്ചു. |

**10 സീതാകഥാശ്രവണദീപിതഹൃച്ഛയേന**
**സൃഷ്ടം വിലോക്യ നൃപതേ ദശകന്ധരേണ**
**ജഘ്നേ/ഽദ്ഭുതൈണവപുഷാ/ശ്രമതോ/പകൃഷ്ടോ**
**മാരീചമാശു വിശിഖേന യഥാ കമുഗ്രഃ**

| | |
|---|---|
| നൃപതേ-സീതാകഥാ-ശ്രവണദീപിതഹൃച്ഛയേന | അല്ലയോരാജാവേ! സീതയുടെ സൗന്ദര്യാദിവൃത്താന്തങ്ങൾ (ശൂർപ്പണഖയിൽ നിന്ന്) കേട്ടതിനാൽ ഉദ്ദീപ്തമായ മന്മഥവികാരത്തോടുകൂടിയ |
| ദശകന്ധരേണ | രാവണനാൽ |
| സൃഷ്ടം | അയയ്ക്കപ്പെട്ടവനും |
| അദ്ഭുതൈ-ണവപുഷാ | ആശ്ചര്യകരമായ പൊൻമാനിന്റെ രൂപത്തോടു കൂടിയവനുമായ |
| മാരീചം | മാരീചനെ |
| വിലോക്യ | കണ്ട് |
| ആശ്രമതഃ | ആശ്രമത്തിൽനിന്ന് |
| അപകൃഷ്ടഃ | ആ മായാമൃഗത്താൽ അകററപ്പെട്ട രാമചന്ദ്രൻ |
| ഉഗ്രഃ കം | ശ്രീരുദ്രൻ ദക്ഷനെ |
| യഥാ | വധിച്ചതുപോലെ |
| വിശിഖേന | ബാണത്താൽ |
| ആശു (തം) | അതിവേഗം അവനെ |
| ജഘ്നേ | വധിച്ചു. |

**11 രക്ഷോധമേന വൃകവദ്വിപിനേ/സമക്ഷം**
**വൈദേഹരാജദുഹിതര്യപയാപിതായാം**
**ഭ്രാത്രാവനേ കൃപണവത് പ്രിയയാ വിയുക്തഃ**
**സ്ത്രീസംഗിനാം ഗതിമിതി പ്രഥയംശ്ചചാര**

| | |
|---|---|
| അസമക്ഷം | ആശ്രമപരിസരത്തിൽ നിന്ന് താൻ അകററപ്പെട്ട തക്കത്തിൽ |
| രക്ഷോധമേന | രാക്ഷസാധമനായ രാവണനാൽ |
| വൃകവത് | ചെന്നായയെപ്പോലെ |
| വൈദേഹ-രാജദുഹിതരി | വിദേഹരാജനന്ദിനിയായ സീതാദേവി |
| അപ-യാപിതായാം | അപഹരിച്ചുകൊണ്ടുപോകപ്പെട്ടപ്പോൾ |
| പ്രിയയാ | പ്രിയപത്നിയാൽ |
| വിയുക്തഃ | വിരഹിതനായ ഭഗവാൻ |
| കൃപണവത് | ദീനനെന്നവിധം ഭാവിച്ച് |
| സ്ത്രീസംഗിനാം | സ്ത്രീസക്തന്മാരുടെ |
| ഗതിം | കഷ്ടാവസ്ഥയെ |
| ഇതി | ഇപ്രകാരം |

| | | | |
|---|---|---|---|
| പ്രഥയൻ | പ്രഖ്യാപിച്ചുകൊണ്ട് | വനേ | കാട്ടിൽ |
| ഭ്രാത്രാ | സഹോദരനോടുകൂടെ | ചചാര | സഞ്ചരിച്ചു. |

**12** **ദഗ്ദ്ധ്വാത്മകൃത്യഹതകൃത്യമഹൻ കബന്ധം**
**സഖ്യം വിധായ കപിഭിർദയിതാഗതിം തൈഃ**
**ബുദ്ധ്വാഥ ബാലിനി ഹതേ പ്ലവഗേന്ദ്രസൈന്യൈർ-**
**വേലാമഗാത് സ മനുജോഽജഭവാർച്ചിതാംഘ്രിഃ**

| | | | |
|---|---|---|---|
| ആത്മകൃത്യ-ഹതകൃത്യം | രാവണനെ നിരോധിക്കുകയെന്ന ആത്മാർത്ഥമായ കൃത്യനിർവ്വണത്തിന്നിടയിൽ അവനാൽ കൊല്ലപ്പെട്ടു വിധിയാംവണ്ണമുള്ള ദാഹസംസ്കാരമില്ലാതെ വീണു കിടക്കുന്ന ജടായുസ്സിനെ | ബാലിനി-ഹതേ | ബാലി കൊല്ലപ്പെട്ടപ്പോൾ |
| | | തൈഃ | അവർ വഴിയായി |
| | | ദയിതാഗതിം | പത്നിയുടെ വൃത്താന്തം |
| | | ബുദ്ധ്വാ | മനസ്സിലാക്കിയശേഷം |
തസ്യാന്തരീക്ഷസ്തത്പുത്രഃ സുതപാസ്തദമിത്രജിത്.**

ദിവാകരന്റെ പുത്രനായി വീരസഹദേവനും, അവന്റെ പുത്രനായി ബൃഹദശ്വനും, തൽപുത്രനായി ഭാനുമാനും ഉണ്ടാകും. ഭാനുമാന്റെ പുത്രനായി പ്രതീകാശ്വനും തൽപുത്രനായിട്ട് സുപ്രതീകാശ്വനും ഉണ്ടാവുന്നതാണ്. അവന്റെ പുത്രപൗത്ര പ്രപൗത്രന്മാരായി മരുദേവൻ, സുനക്ഷത്രൻ, പുഷ്കരൻ എന്നിവരും, പുഷ്കരപുത്രനായിട്ട് അന്തരീക്ഷനും, തൽപുത്രനായി സുതപസ്സും അവനിൽനിന്ന് അമിത്രജിത്തും ഭൂജാതരാകും.

13 **ബൃഹദ്രാജസ്തു തസ്യാപി ബർഹിസ്തസ്മാത് കൃതഞ്ജയഃ
രണഞ്ജയസ്തസ്യ സുതഃ സഞ്ജയോ ഭവിതാ തതഃ**

14 **തസ്മാച്ഛാക്യോഥ ശുദ്ധോദോ ലാംഗലസ്തത്സുതഃ സ്മൃതഃ
തതഃ പ്രസേനജിത് തസ്മാത് ക്ഷുദ്രകോ ഭവിതാതതഃ**

| | |
|---|---|
| ബൃഹദ്രാജഃ തു | ബൃഹദ്രാജനാകട്ടെ |
| (അമിത്രജിതഃ) | അമിത്രജിത്തിന്റെയും |
| ബർഹിഃ | ബർഹിയെന്നവൻ |
| തസ്യ അപി | അവന്റെയും(പിൻ തുടർച്ചയാകും) |
| തസ്മാത് | അവനിൽനിന്ന് |
| കൃതഞ്ജയഃ | കൃതഞ്ജയൻ; |
| തസ്യ സുതഃ | അവന്റെ പുത്രൻ |
| രണഞ്ജയഃ | രണഞ്ജയൻ; |
| തതഃ | അവനിൽനിന്ന് |
| സഞ്ജയഃ | സഞ്ജയൻ |
| ഭവിതാഃ | ജാതനായേക്കും. |
| തസ്മാത് | ആ സഞ്ജയനിൽനിന്ന് |

| | |
|---|---|
| ശാക്യഃ | ശാക്യൻ; |
| അഥ | അതിൽപ്പിന്നെ |
| ശുദ്ധോദഃ | ശുദ്ധോദ(ന)ൻ; |
| തത്സുതഃ | തൽപുത്രനായിട്ട് |
| ലാംഗലഃ | ലാംഗലൻ |
| സ്മൃതഃ | പ്രസിദ്ധിയാർജ്ജിക്കും. |
| തതഃ | അവനിൽനിന്ന് |
| പ്രസേനജിത് | പ്രസേനജിത്ത്; |
| തതഃ | അതിൽപ്പിന്നെ |
| തസ്മാത് | ആ പ്രസേനജിത്തിൽ നിന്ന് |
| ക്ഷുദ്രകഃ | ക്ഷുദ്രകൻ |
| ഭവിതാ | പുത്രനായിപിറക്കും |

**15 രണകോ ഭവിതാതസ്മാത് സുരഥസ്തനയസ്തതഃ**
**സുമിത്രോനാമനിഷ്ഠാന്ത ഏതേബാർഹദ്ബലാന്വയാഃ**

**16 ഇക്ഷ്വാകൂണാമയം വംശഃ സുമിത്രാന്തോഭവിഷ്യതി**
**യതസ്തം പ്രാപ്യരാജാനം സംസ്ഥാം പ്രാപ്സ്യതി വൈകലൗ**

| | |
|---|---|
| തസ്മാത് | ആ ക്ഷുദ്രകനിൽനിന്നു് |
| രണകഃ | രണകനെന്നുപേരായവൻ |
| തനയഃ | പുത്രനായി |
| ഭവിതാ | സംഭവിക്കും. |
| തതഃ | അവനിൽനിന്നു് |
| സുരഥഃ | സുരഥൻ എന്നവനും |
| സുമിത്രഃ നാമ | (സുരഥപുത്രനായി ജനിക്കുന്ന) സുമിത്രനെന്ന പേരായവൻ |
| നിഷ്ഠാന്തഃ | വംശസ്ഥിതിക്ക് അറുതിയായേക്കും |
| ഏതേ | ഇപ്പറഞ്ഞവരെല്ലാം |
| ബാർഹദ്ബലാന്വയാഃ | ബൃഹദ്ബലൻ്റെ വംശക്കാരാകുന്നു |
| ഇക്ഷ്വാകൂണാം | ഇക്ഷ്വാകുവംശക്കാരുടെ |
| അയംവംശഃ | ഈ പരമ്പര |
| സുമിത്രാന്തഃ | സുമിത്രൻവരെയുള്ളതായി |
| ഭവിഷ്യതി | ഭവിക്കും |
| യതഃകലൗ | എന്തെന്നാൽ കലിയിൽ |
| തംരാജാനാം | അവനെ രാജാവായിട്ട് |
| പ്രാപ്യവൈ | ലഭിച്ച് ഉടനെ |
| (സഃ) | ആ വംശം |
| സംസ്ഥാം | വിച്ഛേദാവസ്ഥയെ |
| പ്രാപ്സ്യതി | പ്രാപിക്കുന്നതാണ്. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ഇക്ഷ്വാകുവംശവർണ്ണനം നാമ ദ്വാദശോऽധ്യായഃ
ആദിതഃ ശ്ലോകാഃ 482

നവമസ്കന്ധത്തിൽ പന്ത്രണ്ടാമദ്ധ്യായം കഴിഞ്ഞു.

★

# ത്രയോദശോऽധ്യായഃ = അദ്ധ്യായം പതിമൂന്ന്

## നിമിവംശനിരൂപണം

**ഇക്ഷ്വാകോരേവപുത്രസ്യ നിമേർവംശസ്ത്രയോദശേ**
**വർണ്ണ്യതേജജ്ഞിരേയത്ര ബ്രഹ്മജ്ഞാ ജനകാദയഃ”**

പതിമൂന്നാമദ്ധ്യായത്തിൽ വർണ്ണിക്കപ്പെടുന്നത് ഇക്ഷ്വാകുവിൻെറതന്നെ ഒരു പുത്രനായ നിമിയുടെ വംശമാകുന്നു. ഈ വിശുദ്ധവംശത്തിലത്രേ ബ്രഹ്മജ്ഞാനികളായ ജനകാദികൾ ജനിച്ചത്. നിമിക്ക് ഔരസപുത്രനുണ്ടായില്ലെന്നു കെണിക്കവൻ തച്ചരിതം പതിമൂന്നു ശ്ലോകങ്ങൾകൊണ്ടു പറയുന്നു.

ശ്രീശുക ഉവാച     ശ്രീശുകൻ പറഞ്ഞു.

**1 നിമിരിക്ഷ്വാകുതനയോ വസിഷ്ഠമവൃതർത്ത്വിജം**
**ആരഭ്യസത്രംസോപ്യാഹ ശക്രേണപ്രാഗ്വൃതോऽസ്മിഭോഃ**

| | | | |
|---|---|---|---|
| ഇക്ഷ്വാകുതനയഃ | ഇക്ഷ്വാകുരാജാവിൻെറ പുത്രനായ | അവൃത | വരിച്ചു |
| | | സഃ അപി | അദ്ദേഹമാകട്ടെ |
| നിമിഃ | നിമി ചക്രവർത്തി | ആഹ ഭോഃ | പറഞ്ഞു–ഹേ രാജൻ! |
| സത്രംആരഭ്യ | സത്രയാഗം ആരംഭിച്ച് | ശക്രേണ | ഇന്ദ്രനാൽ (ഞാൻ) |
| വസിഷ്ഠം | വസിഷ്ഠനെ | പ്രാഗ് | മുൻകൂട്ടിത്തന്നെ |
| ഋത്വിജം | ഋത്വിക്കായിട്ട് | വൃതഃ അസ്മി | വരിക്കപ്പെട്ടവനാണ് |

**2 തം നിർവ്വർത്ത്യാഗമിഷ്യാമി താവന്മാം പ്രതിപാലയ**
**തൂഷ്ണീമാസീദ് ഗൃഹപതിഃ സോऽപീന്ദ്രസ്യാകരോന്മഖം**

| | | | |
|---|---|---|---|
| തം | അതിനെ(ഇന്ദ്രയാഗത്തെ) | ഗൃഹപതിഃ | ഗൃഹസ്ഥനായ നിമി |
| നിവർത്ത്യ | നിറവേററിയശേഷം | തൂഷ്ണീം ആസീത് | മറുപടി പറയാതെ ചുമ്മാ ഇരുന്നു |
| ആഗമിഷ്യാമി | വന്നുകൊള്ളാം | സഃ അപി | അദ്ദേഹമാകട്ടെ |
| താവത്മാം | അതുവരെ എന്നെ | ഇന്ദ്രസ്യമഖം | ഇന്ദ്രൻെറ യാഗത്തെ |
| പ്രതിപാലയ | കാത്തിരിക്കു” | അകരോത് | നടത്തിക്കൊടുത്തു |

**3 നിമിശ്ചലമിദം വിദ്വാൻ സത്രമാരഭതാത്മവാൻ**
**ഋത്വിഗ്ഭിരപരൈസ്താവന്നാഗമദ്യാവതാ ഗുരുഃ**

| | | | |
|---|---|---|---|
| ആത്മവാൻ | ആത്മനിഷ്ഠനായ | ഇദം | ഈ ജീവിതത്തെ |
| നിമിഃ | നിമി ചക്രവർത്തി | ചലം | അസ്ഥിരമെന്ന് |

| | | | |
|---|---|---|---|
| വിദ്വാൻ | അറിഞ്ഞവനായിട്ട് | അപരൈഃ | അന്യരായ |
| യാവതാ | എത്രകാലംകൊണ്ട് | ഋത്വിഗ്ഭിഃ | ഋത്വിക്കുകളോടുകൂടെ |
| ഗുരുഃ | ഗുരുവായ വസിഷ്ഠർ | സത്രം | യാഗം |
| ന ആഗമത് | ആഗമിച്ചില്ലയോ | ആരഭത | ആരംഭിച്ചു |
| താവത് | അത്രയുംകാലംകൊണ്ട് | | |

4 **ശിഷ്യവ്യതിക്രമം വീക്ഷ്യ നിർവർത്ത്യ ഗുരുരാഗതഃ**
**അശപത് പതതാദ് ദേഹോ നിമേഃ പണ്ഡിതമാനിനഃ**

| | | | |
|---|---|---|---|
| നിർവർത്ത്യ | ഇന്ദ്രന്റെ യാഗം നടത്തിച്ച് | വീക്ഷ്യ | കണ്ട് |
| ആഗതഃ | തിരിച്ചെത്തിയ | അശപത് | ശപിച്ചു— |
| ഗുരുഃ | ഗുരുവസിഷ്ഠൻ | പണ്ഡിത–മാനിനഃ | "അറിവുള്ളവനെന്നു സ്വയം അഭിമാനിക്കുന്ന |
| ശിഷ്യ–വ്യതിക്രമം | സ്വശിഷ്യനായ നിമിയുടെ ഗുരുവചനാതിക്രമത്തെ | നിമേഃ ദേഹഃ | നിമിയുടെ ദേഹം |
| | | പതതാത് | പതിക്കട്ടെ" എന്ന് |

5 **നിമിഃ പ്രതിദദൗ ശാപം ഗുരവേ ധർമ്മവർത്തിനേ**
**തവാപി പതതാദ്ദേഹോ ലോഭാദ്ധർമ്മമജാനതഃ**

| | | | |
|---|---|---|---|
| നിമിഃ | നിമി | ലോഭാത് | "അത്യാശകൊണ്ട് * |
| അധർമ്മ–വർത്തിനേ | അധർമ്മമാർഗ്ഗത്തിൽ ഇടപെട്ടിരിക്കുന്ന | ധർമ്മം | ധർമ്മത്തെ |
| ഗുരവേ | ഗുരുവിനും | അജാനതഃ | അറിയാതെയായ |
| ശാപം | ശാപത്തെ | തവ അപി | അങ്ങയുടേയും |
| പ്രതിദദൗ | പകരം കൊടുത്തു | ദേഹഃ | ദേഹം |
| | | പതതാത് | പതിക്കട്ടെ"യെന്ന് |

*ഇന്ദ്രന്റെയും നിമിയുടെയും യാഗങ്ങളിൽ ഋത്വിക്കായിരുന്നു രണ്ടിടത്തുനിന്നും ധനം കൈക്കലാക്കണമെന്ന അത്യാശമൂലം വസിഷ്ഠന്ന് ധർമ്മബോധം നശിച്ചിരിക്കുന്നു.

6 **ഇത്യുത്സസർജ്ജസ്വംദേഹം നിമിരധ്യാത്മകോവിദഃ**
**മിത്രാവരുണയോർജജ്ഞേ ഉർവ്വശ്യാം പ്രപിതാമഹഃ**

| | | | |
|---|---|---|---|
| അധ്യാത്മ–കോവിദഃ | അധ്യാത്മജ്ഞാനത്തിൽ നിപുണനായ | ഇതി | ഇങ്ങനെ പ്രതിശാപം കൊടുത്ത് |
| നിമിഃ | നിമി ചക്രവർത്തി | സ്വംദേഹം | തന്റെ ദേഹത്തെ |

| | | | |
|---|---|---|---|
| ഉത്സസജ്ജ | ഉപേക്ഷിച്ചു | മിത്രാവരുണയോഃ | മിത്രാവരുണന്മാരിൽ നിന്ന് |
| പ്രപിതാമഹഃ | (പിന്നെ, എൻെറ) മുതുമുത്തച്ഛൻ | ഉർവ്വശ്യാം | ഉർവ്വശിയിൽ |
| | | ജജ്ഞേ | ജനിച്ചു |

'എൻെറ മുതുമുത്തച്ഛൻ' എന്ന് ശ്രീശുകൻ ഇവിടെ പറഞ്ഞതു വസിഷ്ഠമഹർഷിയെ ഉദ്ദേശിച്ചാണ്. വസിഷ്ഠൻെറ പുത്രൻ ശക്തി, ശക്തിയുടെ പുത്രൻ പരാശരൻ, അദ്ദേഹത്തിൻെറ പുത്രൻ വ്യാസൻ, വ്യാസപുത്രൻ ശ്രീശുകൻ.

'ഉർവ്വശിയിൽ ജനിച്ചു' എന്നതിന്ന ഉർവ്വശിയെ നിമിത്തമാക്കി ജനിച്ചു എന്നേ അർത്ഥമാക്കാവു. മിത്രാവരുണന്മാർ ഉർവ്വശീദർശനത്താൽ സ്ഖലിച്ചുപോയ രേതസ്സിനെ ഒരു കുംഭത്തിൽ അടക്കം ചെയ്തുവച്ചു. അതിൽനിന്നാണ് വസിഷ്ഠൻ ജനിച്ചതു്. "കുംഭേരേതഃ സിഷിചതുഃ സമാനം" എന്നാണ് ശ്രുതിവചനം.

**7 ഗന്ധവസ്തുഷു തദ്ദേഹം നിധായമുനിസത്തമാഃ**
**സമാപ്തേ സത്രയാഗേഥ ദേവാനൂചുഃ സമാഗതാൻ**

| | | | |
|---|---|---|---|
| മുനിസത്തമാഃ | മുനിമുഖ്യന്മാർ | സത്രയാഗെ | സത്രയാഗം |
| തദ്ദേഹം | അദ്ദേഹത്തിൻെറ (നിമിയുടെ) ദേഹത്തെ | സമാപ്തേ | സമാപിച്ചപ്പോശം |
| ഗന്ധവസ്തുഷു | ഗന്ധതൈലാദികളിൽ | സമാഗതാൻ | വന്നുചേർന്നിരുന്ന |
| നിധായ | ഇട്ടുവെച്ച്, | ദേവാൻ | ദേവന്മാരോട് |
| അഥ | പിന്നെ | ഊചുഃ | പറഞ്ഞു |

**8 രാജ്ഞോ ജീവതുദേഹോƒയം പ്രസന്നാഃ പ്രഭവോ യദി**
**തഥേത്യുക്തേ നിമിഃ പ്രാഹമാഭൂന്മേ ദേഹബന്ധനം**

| | | | |
|---|---|---|---|
| പ്രസന്നാഃ | "സംപ്രീതരായ നിങ്ങശം | ഇതി ഉക്തേ | എന്നു പറയപ്പെട്ടപ്പോശം |
| പ്രഭവഃയദി | കഴിവുള്ളവരാണെങ്കിൽ | നിമിഃ പ്രാഹ | നിമി പറഞ്ഞു— |
| രാജ്ഞഃ | നിമിമഹാരാജാവിൻെറ | മേ | "എനിക്ക് |
| അയംദേഹഃ | ഈ ശരീരം | ദേഹബന്ധനം | ദേഹസംബന്ധം |
| ജീവതു | ജീവിക്കട്ടെ" | മാഭൂത് | ഉണ്ടാവരുത്" |
| തഥാ | "ശരി, അങ്ങനെതന്നെ" | | |

**9 യസ്യയോഗം ന വാഞ്ഛന്തി വിയോഗഭയകാതരാഃ**
**ഭജന്തിചരണാംഭോജം മുനയോഹരിമേധസഃ**

| | | | |
|---|---|---|---|
| വിയോഗഭയ–കാതരാഃ | "ദേഹവിയോഗരൂപമായ മൃത്യുഭയത്തെ ഓർത്തു ക്ലേശിക്കുന്ന | മുനയഃ | മൗനശീലന്മാർ |
| | | യസ്യ | യാതൊന്നിൻെറ ദേഹത്തിൻെറ |

| | | | |
|---|---|---|---|
| യോഗം | സംബന്ധത്തെ | ചരണാംഭോജം | പാദപദ്മത്തെ മാത്രം |
| നവാഞ്ഛന്തി | ആഗ്രഹിക്കുന്നില്ല; | | |
| ഹരിമേധസഃ | ശ്രീഹരിയുടെ | ഭജന്തി | അവർ ഭജിക്കുന്നു |

**10** ദേഹം നാവരുരുത്സേഽഹം ദുഃഖശോകഭയാവഹം
സർവ്വത്രാസ്യ യതോ മൃത്യുർമ്മത്സ്യാനാമുദകേ യഥാ

| | | | |
|---|---|---|---|
| ദുഃഖശോക–ഭയാവഹം | "ദുഃഖം, ശോകം, ഭയം എന്നിവയെ ജനിക്കുന്ന | മത്സ്യാനാം | മത്സ്യങ്ങൾക്ക് |
| ദേഹം | ദേഹത്തെ | ഉദകേ | വെള്ളത്തിൽ |
| | | യഥാ | എന്നപോലെ |
| അഹം ന അവരുരുത്സേ | ഞാൻ താങ്ങിനിർത്തുവാനാഗ്രഹിക്കുന്നില്ല | അസ്യ | ഇതിന്ന് |
| | | സർവ്വത്ര | എല്ലായിടത്തും |
| യതഃ | എന്തുകൊണ്ടെന്നാൽ | മൃത്യുഃ | നാശമാണ്" |

ദേവാ ഊചുഃ ദേവന്മാർ പറഞ്ഞു.

**11** വിദേഹ ഉഷ്യതാം കാമം ലോചനേഷു ശരീരിണാം
ഉന്മേഷണനിമേഷാഭ്യാം ലക്ഷിതോഽധ്യാത്മസംസ്ഥിതഃ

| | | | |
|---|---|---|---|
| ശരീരിണാം | ശരീരികളുടെ | അധ്യാത്മ–സംസ്ഥിതഃ | അധ്യാത്മതേജനാ അവിടെ സ്ഥിതനാവുന്നവൻ |
| ലോചനേഷു | നേത്രങ്ങളിൽ | | |
| വിദേഹഃ | ദേഹസംബന്ധമില്ലാത്തവനായി | ഉന്മേഷണ–നിമേഷാഭ്യാം | കൺമിഴിക്കുക, കൺ അടയ്ക്കുക എന്നീ പ്രവർത്തനങ്ങളാൽ |
| കാമം | ഇഷ്ടംപോലെ | ലക്ഷിതഃ | കാണപ്പെട്ടവനാകയും ചെയ്യും |
| ഉഷ്യതാം | (നിമി) വസിച്ചുകൊള്ളട്ടെ | | |

കണ്ണിമകളിൽ ദേഹരഹിതനായി വസിക്കുന്നതുകൊണ്ട് ദേഹരാഹിത്യമെന്ന നിമിയുടെ ആഗ്രഹം സാധിച്ചു. അധ്യാത്മതേജനസ്ഥിതനായി നേത്രങ്ങളുടെ ഉന്മേഷനിമേഷങ്ങളുടെ പ്രവൎത്തം നിയന്ത്രിക്കുകൊണ്ട് നിമിയുടെ ദേഹസംബന്ധമെന്ന ദേവന്മാരുടെ ആഗ്രഹവും സാധിച്ചു.

**12** അരാജകഭയം നൃണാം മന്യമാനാ മഹർഷയഃ
ദേഹം മമന്ഥുഃ സ്മ നിമേഃ കുമാരഃ സമജായത

| | | | |
|---|---|---|---|
| നൃണാം | ജനങ്ങൾക്ക് | നിമേഃ | നിമിയുടെ |
| അരാജക–ഭയം | രാജവാഴ്ചയില്ലാത്തതുകൊണ്ട് നേരിടാവുന്ന ഭീതിയെക്കുറിച്ച് | ദേഹം | ശരീരത്തെ |
| | | മമന്ഥുഃ സ്മ | മഥനം ചെയ്തു അപ്പോൾ |
| | | കുമാരഃ | (അതിൽനിന്ന്) ഒരു കുമാരൻ |
| മന്യമാനാഃ | ചിന്തിച്ചുകൊണ്ടിരുന്ന | | |
| മഹർഷയഃ | മഹർഷിമാർ | സമജായത | ഉദ്ഭവിച്ചു. |

13 ജന്മനാജനകഃ സോഽഭൂത്‌വൈദേഹസ്തു വിദേഹജഃ
മിഥിലോ മഥനാജ്ജാതോ മിഥിലായേനനിർമ്മിതാ

| | | | |
|---|---|---|---|
| സഃ | അവനാകട്ടെ | മഥനാത് | മഥനംകൊണ്ട് |
| ജന്മനാ | അസാധരണമായ ജന്മത്താൽ* | ജാതഃ | ജനിച്ചവൻ-ആകയാൽ |
| ജനകഃ | ജനകനായും | മിഥിലഃ | മിഥിലനായും* |
| വിദേഹജഃ | ദേഹമില്ലാത്തവനിൽ നിന്നുംജനിച്ചവൻ-ആയതിനാൽ | അഭൂത് | ഭവിച്ചു. |
| | | യേന | യാതൊരുവനാൽ |
| | | മിഥിലാ | മിഥിലാപുരി |
| വൈദേഹഃ | വൈദേഹനായും | നിർമ്മിതാ | നിർമ്മിക്കപ്പെട്ടു. |

ഋഷിമാർ നിമിയുടെ ദേഹം കടഞ്ഞിട്ടുണ്ടായ കുമാരനു് മൂന്നു് അന്വർത്ഥ നാമങ്ങളും ഉണ്ടായി—അസാധാരണ ജന്മത്താൽ 'ജനക'നെന്നും ദേഹരഹിതനായിട്ടുള്ളവ നിൽനിന്നും ജനിച്ചവനാകയാൽ 'വൈദേഹൻ' എന്നും, മഥനംകൊണ്ടു ജാതനാക യാൽ 'മിഥിലൻ' എന്നും.

*തന്റെ ജന്മത്തിനു തന്റെ ദേഹംതന്നെ ഉതകുന്നതു അസാധാരണമാണല്ലൊ.
*മഥിലാനഗരത്തിന്റെ നിർമ്മാതാവായതിനാലും നിമി ദേഹമഥനോദ്ഭൂതനാക യാലും—രണ്ടു പ്രകാരത്തിലും മിഥിലൻ.

14 തസ്മാദുദാവസുസ്തസ്യ പുത്രോഽഭൂന്നന്ദിവർദ്ധനഃ
തതഃ സുകേതുസ്തസ്യാപി ദേവരാതോ മഹീപതേ

15 തസ്മാദ് ബൃഹദ്രഥസ്തസ്യ മഹാവീര്യഃ സുധൃത്പിതാ
സുധൃതേർധൃഷ്ടകേതുർവൈ ഹര്യശ്വോഽഥ മരുസ്തതഃ

ഹേ രാജൻ! ജനകനും വിദേഹനും മിഥിലനുമായി ഭവിച്ച നിമിയിൽനിന്നു് ഉദാവസുവും, തൽപുത്രനായി നന്ദിവർദ്ധനനും, അവനിൽനിന്നു് സുകേതുവും അവന്റെ പുത്രനായി ദേവരാതനും പിറന്നു. അവനിൽനിന്നും ബൃഹദ്രഥൻ, അവന്റെ പുത്രൻ മഹാവീര്യൻ, അവന്റെ പുത്രൻ സുധൃതി, തത്സുതൻ ധൃഷ്ടകേതു, തത്സുതൻ ഹര്യശ്വൻ, അവനിൽനിന്നുണ്ടായവൻ മരു.

16 മേരോഃ പ്രതീപകസ്തസ്മാത് ജാതഃ കൃതരഥോയതഃ
ദേവമീഢസ്തസ്യ സുതോവിശ്രുതോഽഥ മഹാധൃതിഃ

17 കൃതരാതസ്തതസ്തസ്മാന്മഹാരോമാഥതത്സുതഃ
സ്വർണ്ണരോമാസുതസ്തസ്യ ഹ്രസ്വരോമാവ്യജായത

മരുവിന്റെ പുത്രൻ പ്രതീപകൻ, അവനിൽനിന്ന് കൃതരഥൻ, അവനിൽനിന്ന് ദേവമീഢൻ, അവന്റെ പുത്രൻ വിശ്രുതൻ, അവനിൽനിന്ന് മഹാധൃതിയും ജാതനായി. ആ മഹാധൃതിയിൽനിന്ന് കൃതരാതൻ, അവനിൽനിന്ന മഹാരോമാവ്, അവന്റെ പുത്രൻ സ്വർണ്ണരോമാവ്, അവന്റെ പുത്രനായിട്ട് ഹ്രസ്വരോമാവും ജനിച്ചു.

**18 തതഃ സീരധ്വജോ ജജ്ഞേ യജ്ഞാർത്ഥം കൃഷതോമഹീം**
**സീതാസീരാഗ്രതോജാതാതസ്മാത്സീരധ്വജഃ സ്മൃതഃ**

| | | | |
|---|---|---|---|
| തതഃ | ആ ഹ്രസ്വരോമാവെന്ന രാജാവിൽനിന്ന് | സീതാ | സീതാദേവി |
| സീരധ്വജഃ | സീരധ്വജനെന്ന ജനകൻ | ജാതാ | ജാതയായി. |
| ജജ്ഞേ | ജനിച്ചു. | തസ്മാത് | അതുകാരണം |
| യജ്ഞാർത്ഥം | യാഗത്തിനുവേണ്ടി | സീരധ്വജഃ | 'സീരധ്വജൻ' (കലപ്പ കൊടിയടയാളമായവൻ) |
| മഹീം | ഭൂമിയെ | | |
| കൃഷതഃ | (അദ്ദേഹം)ഉഴുതുമറിക്കവേ, | | |
| സീരാഗ്രതഃ | കലപ്പത്തലപ്പുകൊണ്ടുണ്ടായ ഉഴവുചാലിൽനിന്ന് | സ്മൃതഃ | എന്നീപേരിൽ പ്രസിദ്ധനായി. |

**19 കുശധ്വജസ്തസ്യപുത്രഃ തതോ ധർമ്മധ്വജോനൃപഃ**
**ധർമ്മധ്വജസ്യദ്വൗപുത്രൗ കൃതധ്വജമിതധ്വജൗ**

| | | | |
|---|---|---|---|
| തസ്യ പുത്ര | അദ്ദേഹത്തിന്റെ പുത്രൻ | ധർമ്മധ്വജസ്യ | ധർമ്മധ്വജന്ന് |
| കുശധ്വജഃ | കുശധ്വജൻ; | കൃതധ്വജ–മിതധ്വജൗ | കൃതധ്വജനെന്നും മിതധ്വജനെന്നും പേരായ |
| തതഃ | അദ്ദേഹത്തിൽനിന്ന് | | |
| ധർമ്മധ്വജഃ | ധർമ്മധ്വജനെന്ന | | |
| നൃപഃ | രാജാവുണ്ടായി. | ദ്വൗ പുത്രൗ | രണ്ടു പുത്രന്മാർ. |

**20 കൃതധ്വജാത് കേശിധ്വജഃ ഖാണ്ഡിക്യസ്തുമിതധ്വജാത്**
**കൃതധ്വജസുതോ രാജന്നാത്മവിദ്യാവിശാരദഃ**
**ഖാണ്ഡിക്യഃ കർമ്മതത്ത്വജ്ഞോ ഭീതഃ കേശിധ്വജാദ്ദ്രുതഃ**

| | | | |
|---|---|---|---|
| കൃതധ്വജാത് | കൃതധ്വജനിൽനിന്ന് | ആത്മവിദ്യാ–വിശാരദഃ | അധ്യാത്മവിദ്യയിൽ (ജ്ഞാനയോഗത്തിൽ) അഭിജ്ഞനായിരുന്നു. |
| കേശിധ്വജഃ | കേശിധ്വജനും | | |
| മിതധ്വജാത് | മിതധ്വജനിൽനിന്ന് | | |
| ഖാണ്ഡിക്യഃ തു | ഖാണ്ഡിക്യനും ഉണ്ടായി. | കർമ്മ–തത്ത്വജ്ഞഃ | കർമ്മയോഗത്തിൽ നിപുണനായിരുന്ന |
| രാജൻ | രാജാവേ! | | |
| കൃതധ്വജ–സുതഃ | കൃതധ്വജന്റെ പുത്രനായ കേശിധ്വജൻ | ഖാണ്ഡിക്യഃ | ഖാണ്ഡിക്യൻ |

| | | | |
|---|---|---|---|
| കേശി-ധ്വജാത് | കേശിധ്വജനിൽനിന്ന് | ഭീതഃ | ഭയന്നു |
| | | ദ്രുതഃ | നാടുവിട്ട് ഓടിപ്പോയി. |

21 ഭാനുമാംസ്തസ്യപുത്രോഽഭൂച്ഛതദ്യുമ്നസ്തുതത്സുതഃ

22 ശുചിസ്തത്തനയ സ്തസ്മാത് സനദ്വാജസ്തതോഽഭവത്
ഊർധ്വകേതുഃ സനദ്വാജാദജോഽഥ പുരുജിത്സുതഃ

ആ കേശിധ്വജന്റെ പുത്രനായിരുന്നു ഭാനുമാൻ. അവന്റെ പുത്രനാകട്ടെ ശതദ്യുമ്നനും. ശുചിയെന്നരാജാവ് അവന്റെ പുത്രനായിരുന്നു. തത്സുതനത്രേ സനദ്വാജൻ. സനദ്വജപുത്രൻ ഊർധ്വകേതു. അവന്റെ പുത്രൻ അജൻ. അജന്റെ പുത്രൻ പുരുജിത്ത്.

23 അരിഷ്ടനേമിസ്തസ്യാപി ശ്രുതായുസ്തത് സുപാർശ്വകഃ
തതശ്ചിത്രരഥോയസ്യ ക്ഷേമധിർമിഥിലാധിപഃ

24 തസ്മാത് സമരഥസ്തസ്യ സുതഃ സത്യരഥസ്തതഃ
ആസീദുപഗുരുസ്തസ്മാദുപഗുപ്തോഽഗ്നിസംഭവഃ

ആ പുരുജിത്തിന്റെ പുത്രൻ അരിഷ്ടനേമി, അവന്റെ പുത്രൻ ശ്രുതായുസ്സ്, തത്പുത്രൻ സുപാർശ്വകൻ, അവനിൽനിന്നുണ്ടായവൻ ചിത്രരഥനും, അവന്റെ പുത്രനായ ക്ഷേമധിയും മിഥിലയെ ഭരിച്ചു. അവന്റെ പുത്രൻ സമരഥനും, അവന്റെ പുത്രൻ സത്യരഥനുമായിരുന്നു. ഉപഗുരു സത്യരഥന്റെ പുത്രൻ, അവന്റെയും പുത്രനായ ഉപഗുപ്തനും അഗ്ന്യംശജനാണ്.

25 വസ്വനന്തോഽഥ തത്പുത്രോ യുയുധോ യത് സുഭാഷണഃ
ശ്രുതസ്തതോ ജയസ്തസ്മാദ്വിജയോഽസ്മാദൃതഃ സുതഃ

26 ശുനകസ്തത്സുതോ ജജ്ഞേ വീതഹവ്യോ ധൃതിസ്തതഃ
ബഹുലാശ്വോ ധൃതേസ്തസ്യ കൃതിസ്തസ്യ മഹാവശീ

ഉപഗുപ്തന്റെ പുത്രൻ വസു, അവന്റെ പുത്രൻ അനന്തൻ, അവന്റെ പുത്രൻ യുയുധൻ, യുയുധപുത്രൻ സുഭാഷണൻ, അവനിൽനിന്ന് ജയൻ, ജയനിൽനിന്നും വിജയൻ, അവന്റെ പുത്രൻ ഋതൻ, തൽസുതൻ ശുനകൻ, തൽസുതൻ വീതഹവ്യൻ, ധൃതി അവന്റെ പുത്രൻ, ധൃതിയുടെ പുത്രൻ ബഹുലാശ്വൻ, അവന്റെ പുത്രൻ കൃതി, അവന്റെ പുത്രനായത് മഹാവശി.

**27 ഏതേവൈ മൈഥിലാ രാജന്നാത്മവിദ്യാവിശാരദാഃ**
**യോഗേശ്വരപ്രസാദേന ദ്വന്ദ്വൈർമ്മുക്താ ഗൃഹേഷ്വപി**

| | | | |
|---|---|---|---|
| രാജൻ | ഹേ രാജാവേ! | യോഗേശ്വര-പ്രസാദേന | യാജ്ഞവല്ക്യൻ മുതലായയോഗേശ്വരന്മാരുടെ പ്രസാദംകൊണ്ട് |
| ഏതേവൈ | ഇവരെല്ലാംതന്നെ | ഗൃഹേഷ്വപി | ഗൃഹസ്ഥവൃത്തിയിലുംകൂടി |
| മൈഥിലാഃ | മിഥിലയെ ഭരിച്ചിരുന്നവരും | ദ്വന്ദ്വൈഃ | സുഖദുഃഖാദികളായ ദ്വന്ദ്വങ്ങളാൽ |
| ആത്മവിദ്യാ-വിശാരദാഃ | അധ്യാത്മവിദ്യയിൽ പ്രത്യേകം പരിജ്ഞാനമുള്ളവരുമായ രാജാക്കന്മാരായിരുന്നു. | മുക്താഃ | വിമുക്തന്മാരായിന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
നിമിവംശാനുവർണ്ണനം നാമ ത്രയോദശോഽധ്യായഃ
ആദിതഃ ശ്ലോകാഃ 509

നവമസ്കന്ധത്തിൽ പതിമൂന്നാമദ്ധ്യായം കഴിഞ്ഞു.

★

# ചതുർദ്ദശോഽധ്യായഃ = അദ്ധ്യായം പതിനാല്

## ബുധോത്പത്തി

**“ചതുർദ്ദശോ ഗുരോഃ പത്ന്യാം താരായാം സോമജാദ്ബുധാത്**
**ജാതശ്ചൈലഃ ഷഡുർവ്വശ്യാമായുർമ്മുഖ്യാനജീജനത്”**

ഇനി ഈ സ്കന്ധത്തിലെ 11 അദ്ധ്യായങ്ങളാൽ ചന്ദ്രവംശത്തെ നിരൂപണം ചെയ്യുന്നു. ഈ 14-ാമദ്ധ്യായത്തിൽ ചന്ദ്രന് ഗുരുപത്നിയായ താരയിൽ ബുധനുണ്ടായതും, ബുധന് ഇളയിൽ പുരൂരവസ്സ് ജനിച്ചതും; അദ്ദേഹത്തിന്ന് ഉർവ്വശിയിൽ ആയുസ്സ് മുതലായ ആറു പുത്രന്മാർ ജനിച്ചതും മററുമായ കഥകൾ അടങ്ങിയിരിക്കുന്നു.

ശ്രീശുക ഉവാച ശ്രീശുകൻ പറഞ്ഞു.

1 അഥാതഃ ശ്രൂയതാം രാജൻ വംശഃ സോമസ്യപാവനഃ
യസ്മിന്നൈലാദയോ ഭൂപാഃ കീർത്ത്യന്തേപുണ്യകീർത്തയഃ

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | ഐലാദയഃ | ഐളൻ (പുരൂരവസ്സ്) ആദിയായി |
| അഥാതഃ | ഇനിമേൽ | പുണ്യ-കീർത്തയഃ | പാവനകീർത്തിയെഴുന്ന |
| സോമസ്യ | സോമന്റെ (ചന്ദ്രന്റെ) | ഭൂപാഃ | ഭൂപന്മാർ (ഭൂപന്മാരുടെ ചരിതം) |
| പാവനഃ | വിശുദ്ധമായ | കീർത്ത്യന്തേ | വിസ്തരിക്കപ്പെടുന്നു. |
| വംശഃ | വംശം വംശചരിത്രം | | |
| ശ്രൂയതാം | ശ്രവിക്കപ്പെട്ടാലും | | |
| യസ്മിൻ | യാതൊരു ഈ വംശത്തിൽ | | |

2 സഹസ്രശിരസഃ പുംസോനാഭി ഹ്രദസരോരുഹാത്
ജാതസ്യാസീത് സുതോ ധാതുരത്രിഃ പിതൃസമോഗുണൈഃ

| | | | |
|---|---|---|---|
| സഹസ്ര-ശിരസഃ | 'സഹസ്രശീർഷാ' എന്നിങ്ങനെയുള്ള പദങ്ങൾകൊണ്ട് വേദസൂക്തങ്ങളാൽ സംസ്തുതനായ | ജാതസ്യ | ഉദ്ഭവിച്ച |
| | | ധാതുഃ | ബ്രഹ്മദേവന്റെ |
| | | സുതഃ | പുത്രനായ |
| പുംസഃ | വിരാട് പുരുഷന്റെ ആദി നാരായണമൂർത്തിയുടെ | അത്രിഃ | അത്രിമഹർഷി |
| | | ഗുണൈഃ | ഗുണങ്ങളാൽ |
| നാഭിഹ്രദ-സരോരു-ഹാത് | നാഭിയാവുന്ന കയത്തിൽ വിരിഞ്ഞ താമരപ്പൂവിൽനിന്നു് | പിതൃസമഃ | പിതൃസമൻ |
| | | ആസീത് | ആയിരുന്നു. |

3 തസ്യ ദൃഗ്ഭ്യോഽഭവത് പുത്രഃ സോമോഽമൃതമയഃ കില
വിപ്രൗഷധ്യുഡുഗണാനാം ബ്രഹ്മണാ കല്പിതഃ പതിഃ

| | | | |
|---|---|---|---|
| തസ്യ | അദ്ദേഹത്തിന്റെ | വിപ്രൗഷധ്യു-ഡുഗണാനാം | ബ്രാഹ്മണരുടെയും ഓഷധികളുടെയും നക്ഷത്രരാശികളുടെയും |
| ദൃഗ്ഭ്യഃ | ആനന്ദകണ്ണീർക്കണങ്ങളിൽനിന്നു് | | |
| അമൃതമയഃ | അമൃതസ്വരൂപനായ | പതിഃ | രാജാവായിട്ടു് |
| സോമഃ പുത്രഃ | സോമൻ പുത്രനായിട്ടു് | ബ്രഹ്മണാ | ബ്രഹ്മാവിനാൽ |
| അഭവത് | ജനിച്ചു. | കല്പിതഃ | (സോമൻ) നിയമിതനായി |
| കില | എന്നത്രേ പ്രസിദ്ധി. | | |

4 **സോऽയജദ്രാജസൂയേന വിജിത്യ ഭുവനത്രയം**
**പത്നീം ബൃഹസ്പതേർദർപ്പാത് താരാം നാമാഹരദ്ബലാത്**

| | | | |
|---|---|---|---|
| സഃ | ആ സോമരാജൻ | താരാം നാമ | താരയെന്നു പേരായ |
| ഭുവനത്രയം | മൂന്നുലോകത്തെയും | ബൃഹസ്പതേഃ | ദേവഗുരുവിൻെറ |
| വിജിത്യ | വിജയിച്ച് | പത്നീം | പത്നിയെ |
| രാജസൂയേന | രാജസൂയയാഗത്താൽ | ബലാത് | ബലാൽക്കാരത്താൽ |
| അയജത് | യജിച്ചു. | | |
| ദർപ്പാത് | രാജാവാണെന്ന അഹംഭാവം നിമിത്തം | അഹരത് | അപഹരിച്ചു. |

5 **യദാ സ ദേവഗുരുണായാചിതോऽഭീക്ഷ്ണശോ മദാത്**
**നാത്യജത് തത്കൃതേ ജജ്ഞേ സുരദാനവവിഗ്രഹഃ**

| | | | |
|---|---|---|---|
| സഃ | ആ സോമൻ | യദാ ന അത്യജത് | (താരയെ) വിട്ടുകൊടുക്കാതായപ്പോൾ |
| ദേവഗുരുണാ | ദേവാചാര്യനായ ബൃഹസ്പതിയാൽ | തത്കൃതേ | ആയതിനുവേണ്ടി |
| അഭീക്ഷ്ണശഃ | തുടരെത്തുടരെ പലവുരു | സുരദാനവ-വിഗ്രഹഃ | ദേവന്മാർക്കും അസുരന്മാർക്കും തമ്മിൽ കലഹം |
| യാചിതഃ | അഭ്യർത്ഥിതനായിട്ടും | | |
| മദാത് | തെമ്പുനിമിത്തം | ജജ്ഞേ | സംജാതമായി. |

6 **ശുക്രോ ബൃഹസ്പതേർദ്വേഷാദഗ്രഹീത് സാസുരോഡുപം**
**ഹരോ ഗുരുസുതം സ്നേഹാത് സർവ്വഭൂതഗണാവൃതഃ**

| | | | |
|---|---|---|---|
| ശുക്രഃ | അസുരഗുരുവായ ശുക്രാചാര്യർ | ഹരഃ | ശ്രീരുദ്രൻ |
| | | സർവ്വഭൂത-ഗണാവൃതഃ | സമസ്തഭൂതഗണങ്ങളാൽ പരിവൃതനായിട്ട് |
| ബൃഹസ്പതേഃ | ദേവഗുരുവായ ബൃഹസ്പതിയോടുള്ള | ഗുരുസുതം | തൻെറ ഗുരുവായ അംഗിരസ്സിൻെറ പുത്രനായ ബൃഹസ്പതിയെ |
| ദ്വേഷാത് | വിദ്വേഷംകൊണ്ട് | | |
| സാസുരഃ | അസുരന്മാരോടുകൂടി | | |
| ഉഡുപം | സോമനെ (ചന്ദ്രനെ) | സ്നേഹാത് | സ്നേഹംഹേതുവായിട്ടും |
| അഗ്രഹീത് | അംഗീകരിച്ചു. | അഗ്രഹീത് | അംഗീകരിച്ചു. |

7 **സർവ്വദേവഗണോപേതോ മഹേന്ദ്രോ ഗുരുമന്വയാത്**
**സുരാസുരവിനാശോऽഭൂത് സമരസ്താരകാമയഃ**

| | | | |
|---|---|---|---|
| മഹേന്ദ്രഃ | ദേവേന്ദ്രൻ | ഗുരും | ബൃഹസ്പതിയെ |
| സർവ്വദേവ-ഗണോപേതഃ | സകലദേവസമൂഹങ്ങളോടും ഒത്തുചേർന്ന് | അന്വയാത് | പിൻതുണച്ചു |
| | | താരകാമയഃ | താരയെച്ചൊല്ലിയുണ്ടായ |

| | | | |
|---|---|---|---|
| സമരഃ | യുദ്ധം | | |
| സുരാസുര- വിനാശഃ | ദേവാസുരന്മാരുടെ വിനാശത്തിന്നു ഹേതുവായി | അഭൂത് | ഭവിച്ചു |

**8 നിവേദിതോഽഥാങ്ഗിരസാ സോമം നിർഭർത്സ്യ വിശ്വകൃത്**
**താരാം സ്വഭർത്രേ പ്രായച്ഛദന്തർവ്വത്നീമവൈത്പതിഃ**

| | | | |
|---|---|---|---|
| അഥ | അതിനെത്തുടന്ന് | സ്വഭർത്രേ | സ്വഭർത്താവായ ബൃഹസ്പതിക്ക് |
| അങ്ഗിരസാ | അങ്ഗിരസ്സുമുനിയാൽ | | |
| നിവേദിതഃ | വൃത്താന്തമറിയിക്കപ്പെട്ട | പ്രായച്ഛത് | കൊടുത്തു. |
| വിശ്വകൃത് | ബ്രഹ്മദേവൻ | പതിഃ | ഭർത്താവ് |
| സോമം | സോമനെ | | |
| നിർഭർത്സ്യ | ചീത്ത പറഞ്ഞ് | അന്തർവ്വത്നീ | അവളെ ഗർഭിണിയായിട്ട് |
| താരാം | താരയെ | അവൈത് | അറിഞ്ഞു. |

**9 ഗർഭം ത്യജാശു ദുഷ്പ്രജ്ഞേ മത്ക്ഷേത്രാദാഹിതം പരൈഃ**
**നാഹം ത്വാം ഭസ്മസാത് കുര്യാംസ്ത്രീയം സാന്താനികഃ സതി**

| | | | |
|---|---|---|---|
| ദുഷ്പ്രജ്ഞേ | "ബുദ്ധികെട്ടവളേ! | സതി | ഒരുനിലയ്ക്ക് സതിയായിരിക്കുന്നവളേ! |
| പരൈഃ | അന്യപുരുഷന്മാരാൽ | | |
| ആഹിതം | ആധാനം ചെയ്യപ്പെട്ട | സാന്താനികഃ | സന്താനാർത്ഥിയായ |
| ഗർഭം | ഗർഭത്തെ | അഹം | ഞാൻ |
| മത്- ക്ഷേത്രാത് | എന്റെ ഭാര്യയായ നിന്നിൽനിന്ന് | സ്ത്രീയം ത്വാം | സ്ത്രീയാനിന്നെ |
| | | ഭസ്മസാത് ന കുര്യാം | ഭസ്മമാക്കിത്തീർക്കുന്നില്ല." |
| ആശുത്യജ | വേഗം കളയുക | | |

പരബീജാധാനത്തിന്നു പാത്രമായിത്തീർന്ന ദോഷത്തിന്നുനിന്നെ ചുട്ടുകളയണം പക്ഷെ അതു ചെയ്യുന്നില്ല. എന്തെന്നാൽ സ്വേച്ഛാ പ്രവൃത്തിയല്ലാത്തതിനാൽ നിന്റെ സതീത്വം നശിച്ചിട്ടില്ല. ഞാൻ സന്തനാർത്ഥിയും നീ സ്ത്രീയുമാണല്ലൊ. എന്നുസാരം".

**10 തത്യാജവ്രീഡിതാ താരാകുമാരം കനകപ്രഭം**
**സ്പൃഹാമാങ്ഗിരസശ്ചക്രേ കുമാരേസോമഏവ ച**

| | | | |
|---|---|---|---|
| വ്രീഡിതാ | ലജ്ജിതയായ | കുമാരേ | ആ കുമാരനിൽ |
| താരാ | താര | ആങ്ഗിരസഃ | ബൃഹസ്പതി |
| കനകപ്രഭം | തങ്കത്തിന്റെ കാന്തിയേന്തുന്ന | സ്പൃഹാം- ചക്രേ | ആഗ്രഹം കൊണ്ടു. |
| കുമാരം | കുഞ്ഞിനെ | | |
| തത്യാജ | സ്വഗർഭത്തിൽനിന്ന് മോചിപ്പിച്ചു. | സോമഃ ഏവ ച | സോമനും അതുപോലെ തന്നെയായി. |

**11 മമായം ന തവേത്യുച്ചൈസ്തസ്മിൻ വിവദമാനയോഃ**
**പപ്രച്ഛുരൃഷയോദേവാനൈവോചേവ്രീഡിതാതുസാ**

| | | | |
|---|---|---|---|
| അയം മമ | ''ഇവൻ എന്റെയാണ്; | ഋഷയഃ | മുനിമാരും |
| തവ ന | നിന്റെയല്ല'' | ദേവാഃ | ദേവന്മാരും |
| ഇതി | എന്നിങ്ങനെയെല്ലാം | പപ്രച്ഛുഃ | (താരയോട് നേരെതെന്നു) ചോദിച്ചു. |
| തസ്മിൻ | അവനെ അധികരിച്ച് | തു സാ | പക്ഷേ അവളും |
| ഉച്ചൈഃ വിവാദമാനയോഃ | ഉറക്കെ ഇരുവരും വാചാകലഹത്തിൽ ഏർപ്പെട്ടിരിക്കെ, | വ്രീഡിതാ | ലജ്ജിതയായിട്ട് |
| | | ഊചേ ന ഏവ | ഒന്നും ഉരിയാട്ടിയതേയില്ല. |

**12 കുമാരോ മാതരം പ്രാഹ കുപിതോഽലീകലജ്ജയാ**
**കിം ന വോചസ്യസദ്വൃത്തേ ആത്മാവദ്യം വദാശുഭേ**

| | | | |
|---|---|---|---|
| അലീക-ലജ്ജയാ | കള്ളത്തരത്തിലുള്ള നാണം കുണുങ്ങൽകൊണ്ട് | അസദ്വൃത്തേ | ''ദുശ്ചരിതേ! |
| കുപിതഃ | ശുണ്ഠി കയറിയ | കിം ന വാ ഊചസി | എന്താണൊന്നും പറയാതിരിക്കുന്നത്? |
| കുമാരഃ | താരാകുമാരൻ | അശുഭേ | ലക്ഷണം കെട്ടവളെ! |
| മാതരം | അമ്മയോട് | ആത്മാവദ്യം | തന്റെ ദോഷത്തെ |
| പ്രാഹ | കയർത്തുപറഞ്ഞു— | വദ | തുറന്നു പറയൂ'' |

**13 ബ്രഹ്മാ താം രഹ ആഹൂയ സമപ്രാക്ഷീച്ച സാന്ത്വയൻ**
**സോമസ്യേത്യാഹ ശനകൈഃ സോമസ്തംതാവദഗ്രഹീത്**

| | | | |
|---|---|---|---|
| ബ്രഹ്മാ താം | ബ്രഹ്മാവ് അവളെ | ഇതി | എന്ന് |
| രഹഃ | ഏകാന്തത്തിൽ | ശനകൈഃ | മെല്ലെ |
| ആഹൂയ | വിളിച്ചുവരുത്തി | ആഹ | അവൾചൊല്ലി |
| സാന്ത്വയൻ | സമാധാനിപ്പിച്ചുകൊണ്ട് | താവത് | ഉടനടി |
| സമ-പ്രാക്ഷീത് ച | വഴിപോലെ ചോദിച്ചു. | സോമഃ തം | സോമൻ അവനെ |
| സോമസ്യ | ''സോമന്റെയാണ്'' | അഗ്രഹീത് | ഏറ്റെടുത്തു. |

**14 തസ്യാത്മയോനിരകൃത ബുധ ഇത്യഭിധാം നൃപ**
**ബുദ്ധ്യാ ഗംഭീരയായേന പുത്രേണാപോഡുരാണ്മുദം**

| | | | |
|---|---|---|---|
| ആത്മയോനിഃ | ബ്രഹ്മാവ് | ബുധഃ ഇതി | 'ബുധ'നെന്ന് |
| തസ്യ | അവന്ന് | അഭിധാം | നാമകരണം |

| | | | |
|---|---|---|---|
| അകൃത | ചെയ്തു. | ബുദ്ധ്യാ | ബുദ്ധിയോടുകൂടിയ |
| നൃപ | ഹേ രാജാവേ! | യേന | യാതൊരു |
| ഉഡുരാട് | നക്ഷത്രാധിപനായ സോമൻ | പുത്രേണ | പുത്രനാൽ |
| ഗംഭീരയാ | അഗാധമായ | മുദം ആപ | സന്തോഷിച്ചു. |

**15 തതഃ പുരൂരവാജജ്ഞേ ഇലായാം യ ഉദാഹൃതഃ**
**തസ്യ രൂപഗുണൗദാര്യശീലദ്രവിണ വിക്രമാൻ**

**16 ശ്രുത്വോർവശീന്ദ്രഭവനേ ഗീയമാനാൻ സുരർഷിണാ**
**തദന്തികമുപേയായ ദേവീ സ്മരശരാർദ്ദിതാ**

| | | | |
|---|---|---|---|
| തതഃ | അനന്തരം സോമനിൽ നിന്നു് | ഇന്ദ്രഭവനേ | അമരാവതിയിൽവച്ച് |
| ഇലായാം | ഇളയിൽ | സുരർഷിണാ | ദേവർഷിയായ നാരദമുനിയാൽ |
| പുരൂരവാഃ | പുരൂരവസ്സ് | ഗീയമാനാൻ | പാടിപ്പുകഴ്ത്തപ്പെടുന്നതു് |
| ജജ്ഞേ | പിറന്നു. | ശ്രുത്വാ | കേട്ടിട്ട് |
| യഃ | യാതൊരുവൻ | സ്മരശരാർദ്ദിതാ | മന്മഥബാണങ്ങളേററു മനം തകർന്ന് |
| ഉദാഹൃതഃ | മുമ്പ് ഉദാഹരിക്കപ്പെട്ടവനാണ് | ദേവീ | ദേവാംഗനയായ |
| തസ്യ | ആ പുരൂരവസ്സിന്റെ | ഉർവ്വശീ | ഉർവ്വശി |
| രൂപഗുണനൗദാര്യശീല ദ്രവിണ– വിക്രമാൻ | സൗന്ദര്യം, ഗുണം, ഔദാര്യം, സ്വഭാവശുദ്ധി, സമ്പത്ത്, പരാക്രമം എന്നിവയെ | തദന്തികം | അദ്ദേഹത്തിന്റെ അടുക്കലേയ്ക്കു് |
| | | ഉപേയായ | ചെന്നണഞ്ഞു. |

ദേവസ്ത്രീ മനുഷ്യനെ കാമിക്കാനുള്ള കാരണം ഇനി വ്യക്തമാക്കുന്നു.

**17 മിത്രാവരുണയോഃ ശാപാദാപന്നാ നരലോകതാം**
**നിശമ്യ പുരുഷശ്രേഷ്ഠം കന്ദർപ്പമിവ രൂപിണം**
**ധൃതിം വിഷ്ടഭ്യ ലലനാ ഉപതസ്ഥേ തദന്തികേ**

| | | | |
|---|---|---|---|
| മിത്രാ–വരുണയോഃ | മിത്രാവരുണന്മാരുടെ | രൂപിണം | ഉടലെടുത്ത |
| ശാപാത് | ശാപം നിമിത്തം | കന്ദർപ്പ ഇവ | കാമനോ എന്നുതോന്നും വിധംഅതിസുന്ദരനായുള്ള |
| നരലോകതാം | മാനുഷഭാവത്തെ | പുരുഷശ്രേഷ്ഠം | പുരുഷപുംഗവനെ (പുരൂരവസ്സിനെ) |
| ആപന്നാ | പ്രാപിച്ച | | |
| ലലനാ | സ്വർഗ്ഗസുന്ദരി | നിശാമ്യ | കണ്ടിട്ടു് |

| | | | |
|---|---|---|---|
| ധൃതിം | മനോധൈര്യത്തെ | തദന്തികേ | തൽസമീപത്തിൽ |
| വിഷ്ടഭ്യ | നിയന്ത്രിച്ച് | ഉപതസ്ഥേ | സാദരം ചെന്നുനിന്നു. |

**18 സ താം വിലോക്യ നൃപതിർഹർഷേണോത്ഫുല്ലലോചനഃ**
**ഉവാച ശ്ലക്ഷ്ണയാ വാചാ ദേവീം ഹൃഷ്ടതനൂരുഹഃ**

| | | | |
|---|---|---|---|
| സഃ നൃപതിഃ | ആ രാജാവ് | ഹൃഷ്ടതനൂരുഹഃ | കോരിത്തരിച്ച ശരീരരോമങ്ങളോടുകൂടിയവനുമായി ഭവിച്ച് |
| താം വിലോക്യ | അവളെകണ്ട് | ശ്ലക്ഷ്ണയാ | മൃദുലമധുരമായ |
| ഹർഷേണ | ആനന്ദത്താൽ | വാചാ | വാക്കിനാൽ |
| ഉത്ഫുല്ലലോചനഃ | വികസിച്ച കണ്ണിണകളോടുകൂടിയവനും | ദേവീം | ദേവാംഗനയോട് |
| | | ഉവാച | പറഞ്ഞു |

രാജോവാച = രാജാപുരൂരവസ്സ് പറഞ്ഞു

**19 സ്വാഗതം തേ വരാരോഹേ ആസ്യതാം കരവാമ കിം**
**സംരമസ്വ മയാസാകം രതിർനൗ ശാശ്വതീഃ സമാഃ**

| | | | |
|---|---|---|---|
| വരാരോഹേ | സുന്ദരീരത്നമേ! | സംരമസ്വ | സസുഖം രമിച്ചാലും |
| തേ സ്വാഗതം | നിനക്കു സ്വാഗതം | നൗ | നമ്മൾ ഇരുവർക്കും |
| ആസ്യതാം | ഇരിക്കുക | ശാശ്വതീഃ | ഈടുററ |
| കിം | എന്തൊന്ന് | സമാഃ | കാലത്തോളം |
| കരവാമ | നാം ചെയ്തുതരണം? | രതിഃ | രതിസുഖം |
| മയാസാകം | എന്നോടുകൂടി | (അസ്തു) | നിലകൊള്ളട്ടെ |

ഉർവ്വശ്യുവാച = ഉർവ്വശി പറഞ്ഞു

**20 കസ്യാസ്ത്വയി നസജ്ജേത മനോ ദൃഷ്ടിശ്ച സുന്ദര**
**യദംഗാന്തര മാസാദ്യ ച്യവതേ ന രിരിംസയാ**

| | | | |
|---|---|---|---|
| സുന്ദര | അഹോ സുന്ദര! | യദംഗാന്തരം | യാതൊരു ഭവാന്റെ മാറിടത്തിലേക്ക് |
| ത്വയി | അങ്ങയിൽ | ആസാദ്യ | അണഞ്ഞിട്ട് |
| കസ്യാഃ | ഏതൊരുത്തിയുടെ | രിരിംസയാ | രതിക്രീഡാഭിലാഷത്താൽ |
| മനഃ | കരളും | ഹ | മുററും |
| ദൃഷ്ടിച | കണ്ണും | നച്യവതേ | വിട്ടുപോകയില്ല? |
| നസജ്ജേത | ആസക്തമാകയില്ല? | | |

മിത്രാവരുണന്മാരുടെ ശാപം അവസാനിച്ചതും രാജാവിനെ വിട്ടു ദേവലോകം ചെന്നുചേരാൻ ആഗ്രഹിക്കുന്ന ഉർവ്വശി അതിനുള്ള ഉപായം ഇപ്പോഴേതന്നെ ഉള്ളിൽ കണ്ടു രാജാവിനോടു പറയുന്നു.

**21 ഏതാവുരണകൗ രാജൻ ന്യാസൗ രക്ഷസ്വ മാനദ**
**സംരംസ്യേ ഭവതാ സാകം ശ്ലാഘ്യഃ സ്ത്രീണാം വരഃ സ്മൃതഃ**

| | | | |
|---|---|---|---|
| മാനദ | ആത്മഗൗരവമേകുന്ന | സംരംസ്യേ | ഞാൻ രമിച്ചുകൊള്ളാം |
| രാജൻ | ഹേ രാജാവേ! | ശ്ലാഘ്യഃ | സുയോഗ്യനായുള്ളവൻ* |
| ന്യാ സൗ | ഏല്പിച്ചുതന്ന | (യഃ സഃ) | ആരോ, അവൻ |
| ഏതൗ | ഈ രണ്ടു് | സ്ത്രീണാം | സ്ത്രീകൾക്കു് |
| ഉരണകൗ | ആട്ടിൻകുട്ടികളെ | വരഃ | ഭർത്താവായിരിക്കുമെന്നു് |
| രക്ഷസ്വ | അങ്ങുന്നു രക്ഷിക്കണം | സ്മൃതഃ | പറയപ്പെടുന്നു |
| ഭവതാസാകം | ഭവാനോടുകൂടെ | | |

* "മനുഷ്യനായ എന്റെ കൂടെ ദേവസ്ത്രീയായ ഉർവ്വശി രമിക്കുമോ?" എന്ന ശങ്ക വേണ്ട. ദേവമാനുഷാദി ജാതിഭേദം നോക്കാതെ യോഗ്യതയുള്ളവനെ ഭർത്താവായി സ്വീകരിക്കുന്ന സ്വഭാവമാണു് സ്ത്രീകൾക്കു് പൊതുവിലുള്ളതു്. പ്രത്യേകിച്ചും അപ്സരസ്ത്രീകൾക്കു് – എന്നു് സാരം.

**22 ഘൃതം മേ വീരഭക്ഷ്യം സ്യാന്നേക്ഷേ ത്വാന്യത്ര മൈഥുനാത്**
**വിവാസസം തത് തഥേതി പ്രതിപേദേ മഹാമനാഃ**

| | | | |
|---|---|---|---|
| വീര | ഹേ വീര്യശാലിൻ! | ന ഈക്ഷേ | ഞാൻ കാണരുതു് |
| മേ ഭക്ഷ്യം | എനിക്കുള്ള ആഹാരം | മഹാമനാഃ | മഹാമനസ്സനായ പുരൂരവസ്സു് |
| ഘൃതം സ്യാത് | നെയ്യ് മാത്രമാകണം | | |
| മൈഥുനാത് | സംഭോഗസമയം വിട്ടു് | തത് | അതെല്ലാം |
| അന്യത്ര | മറെറാരു സമയത്തും | തഥാ ഇതി | "അങ്ങനെതന്നെ" എന്നു് |
| ത്വാ | അങ്ങയെ | | |
| വിവാസസം | വസ്ത്രരഹിതനായിട്ടു് | പ്രതിപേദേ | സമ്മതിച്ചു |

രാജാവ് മൂന്നു കാര്യങ്ങൾ നിറവേറേറണ്ടതുണ്ടു്. 1. ഏല്പിച്ചുതരുന്ന രണ്ടു് കുഞ്ഞാടുകളെ രക്ഷിക്കണം. 2. നെയ്യ് മാത്രം ഭക്ഷണത്തിനു് നല്കണം. 3. സംഭോഗസമയത്തല്ലാതെ രാജാവിനെ നഗ്നനായി കാണരുതു്. ഈ മൂന്നു നിശ്ചയങ്ങളിൽ ഏതെങ്കിലും ഒന്നു തെററിയാൽ അവൾ വിട്ടുപോകും. എന്നാൽ ഇവ നിസ്സാര കാര്യങ്ങളാകയാൽ രാജാവ് തൽക്ഷണം സമ്മതിച്ചു.

**23 അഹോ രൂപമഹോ ഭാവോ നരലോക വിമോഹനം**
**കോ ന സേവേത മനുജോ ദേവീം ത്വാം സ്വയമാഗതാം**

| | |
|---|---|
| രൂപം | ദേഹസൗന്ദര്യം |
| അഹോ | അത്ഭുതകരം! |
| ഭാവഃ | ശൃംഗാരാദി ഭാവം |
| അഹോ | അത്ഭുതകരം! |
| നരലോക– വിമോഹനം | മനുഷ്യരാശിയെ മയക്കും പ്രകാരത്തിലുള്ളത് |
| സ്വയം | തനിയെത്താൻ |
| ആഗതാം | അരികിൽ വന്നുചേർന്ന |
| ദേവീം | ദേവനാരിയായ |
| ത്വാം | നിന്നെ |
| കഃ മനുജഃ | ഏതൊരു മനുഷ്യൻ |
| ന സേവേത | സേവിക്കയില്ല? |

**24 തയാ സ പുരുഷശ്രേഷ്ഠോരമയന്ത്യാ യഥാർഹതഃ**
**രേമേ സുരവിഹാരേഷു കാമം ചൈത്രരഥാദിഷു**

| | |
|---|---|
| പുരുഷശ്രേഷ്ഠഃ | പുരുഷശ്രേഷ്ഠനായ |
| സഃ | ആ പുരൂരവസ്സ് |
| യഥാർഹതഃ | അർഹിക്കുംപ്രകാരം |
| രമയന്ത്യാ | രമിപ്പിക്കുന്നവളായ |
| തയാ | അവളോടുകൂടി |
| ചൈത്ര– രഥാദിഷു | ചൈത്രരഥം (കുബേരോദ്യാനം) മുതലായ |
| സുര– വിഹാരേഷു | ദേവന്മാരുടെ ക്രീഡാസങ്കേതങ്ങളിൽ |
| കാമം | യഥേഷ്ടം |
| രേമേ | വിഹരിച്ചു |

**25 രമമാണസ്തയാ ദേവ്യാ പദ്മകിഞ്ജല്കഗന്ധയാ**
**തന്മുഖാമോദമുഷിതോ മുമുദേഹർഗണാൻ ബഹൂൻ**

| | |
|---|---|
| പദ്മകിഞ്ജ- ല്കഗന്ധയാ | താമരപ്പൂവിലെ കേസരങ്ങളോടൊത്ത വാസനയുള്ള |
| തയാദേവ്യാ | ആ ദേവിയോടുകൂടി |
| തന്മുഖാമോദ- മുഷിതഃ | അവളുടെ ചോരിവായ്ക്കകം തങ്ങുന്ന നറുമണത്താൽ ആകൃഷ്ടനായിട്ട് |
| ബഹൂൻ | അനേകം |
| അഹർഗണാൻ | ദിനരാത്രങ്ങളോളം |
| മുമുദേ | സന്തോഷത്തോടെ കഴിഞ്ഞു |

**26 അപശ്യന്നുർവ്വശീമിന്ദ്രോ ഗന്ധർവ്വാൻ സമചോദയത്**
**ഉർവ്വശീരഹിതം മഹ്യമാസ്ഥാനം നാതിശോഭതേ**

| | |
|---|---|
| ഇന്ദ്രഃ | ദേവേന്ദ്രൻ |
| ഉർവ്വശീം | ഉർവ്വശിയെ |
| അപശ്യൻ | കാണാതെ |
| ഗന്ധർവ്വാൻ | ഗന്ധർവ്വന്മാരെ |
| സമചോ- ദയത് | (ഉർവ്വശിയെ കൊണ്ടുവരുവാൻ) പ്രേരിപ്പിച്ചു |
| ഉർവ്വശീ– രഹിതം | "ഉർവ്വശിയില്ലാതെയായിരിക്കുന്ന |

| | |
|---|---|
| മഹ്യം | എന്റെ |
| ആസ്ഥാനം | സഭാമന്ദിരം |
| ന അതിശോഭനെ | അധികം ശോഭിക്കുന്നില്ല'' എന്ന് |

ഉർവ്വശിയെ കാണാഞ്ഞ് ഇന്ദ്രനുണ്ടായ മനോഗതമാണിത്

**27 ത ഉപേത്യ മഹാരാത്രേ തമസി പ്രത്യുപസ്ഥിതേ**
**ഉർവ്വശ്യാ ഉരണൗ ജഹ്രുർന്യസ്തൗ രാജനി ജായയാ**

| | |
|---|---|
| മഹാരാത്രേ | പാതിരാനേരത്ത് |
| തമസി | ഇരുട്ട് |
| ഉപസ്ഥിതേ | എങ്ങും വ്യാപിച്ചിരിക്കെ, |
| തേ | ആ ഗന്ധർവന്മാർ |
| ഉപേത്യ | വന്നുചേർന്ന് |
| ജായയ്യാ | പത്നിയായ |
| ഉർവ്വശ്യാ | ഉർവ്വശിയാൽ |
| രാജനി | രാജാവിന്റെ അടുക്കൽ |
| ന്യസ്തൗ | ഏല്പിക്കപ്പെട്ടിരുന്ന |
| ഉരണൗ | കുഞ്ഞാടുകളെ |
| ജഹ്രു | കട്ടുകൊണ്ടുപോയി |

**28 നിശമ്യാക്രന്ദിതം ദേവീ പുത്രയോർനീയമാനയോഃ**
**ഹതാസ്മ്യഹം കുനാഥേന നപുംസാ വീരമാനിനാ**

**29 യദ്വിശ്രംഭാദഹം നഷ്ടാ ഹൃതാപത്യാ ച ദസ്യുഭിഃ**
**യഃ ശേതേ നിശി സന്ത്രസ്തോ യഥാ നാരീ ദിവാ പുമാൻ**

| | |
|---|---|
| ദേവീ | ദേവിയായ ഉർവ്വശി |
| നീയമാനയോഃ | അപഹരിച്ചുകൊണ്ടു പോകപ്പെടുന്ന |
| പുത്രയോഃ | കുഞ്ഞുങ്ങളുടെ (ആട്ടിൻകുട്ടികളുടെ) |
| ആക്രന്ദിതം | കരച്ചിൽ |
| നിശമ്യ | കേട്ടിട്ട് |
| (ആഹ) | പറഞ്ഞു— |
| വീരമാനിനാ | "വീരനെന്ന് ഊറ്റം നടിക്കുന്നവനും |
| നപുംസാ | ആണും പെണ്ണുമല്ലാത്തവനുമായ |
| കുനാഥേന | ഈ പൊണ്ണൻ ഭർത്താവിനെക്കൊണ്ട് |
| അഹം | ഞാൻ |
| ഹതാ അസ്മി | നാശത്തിലകപ്പെട്ടവളായി |
| യദ്വിശ്രംഭാത് | യാതൊരുവനിലുള്ള വിശ്വാസംകൊണ്ട് |
| അഹം | ഞാൻ |
| നഷ്ടം | നശിച്ചവളും |
| ദസ്യുഭിഃ | കള്ളന്മാരാൽ |
| ഹൃതാപത്യാച | കട്ടുകൊണ്ടുപോകപ്പെട്ട കുഞ്ഞുങ്ങളോടും കൂടിയവളായി |
| യഃ | യാതൊരുവൻ |
| നിശി | രാത്രിയിൽ |
| നാരീയഥാ | സ്ത്രീയെന്നപോലെ |
| സന്ത്രസ്തഃ | ഭീതനായ |
| ശേതേ | കിടക്കുന്നു; |
| ദിവാ | പകലിൽ |
| പുമാൻ | പുരുഷനെന്നു നടിക്കുന്നു'' |

**30 ഇതി വാക്‌സായകൈർവിദ്ധഃ പ്രതോത്രൈരിവകുഞ്ജരഃ**
**നിശിനിസ്ത്രിംശമാദായ വിവസ്ത്രോऽഭ്യദ്രവദ്രുഷാ**

| | | | |
|---|---|---|---|
| പ്രതോത്രൈഃ | കൂർത്ത കുന്തങ്ങളാൽ | നിശി | രാത്രി നേരത്ത് |
| കുഞ്ജരഃ ഇവ | ആനയെന്നപോലെ | നിസ്ത്രിംശം | വാരം |
| ഇതി | ഇത്തരത്തിലുള്ള | ആദായ | എടുത്ത് |
| വാക്സായകൈ | കടുവചനങ്ങളാവുന്ന കൂരമ്പുകളാൽ | രുഷാ | കോപാവേശം കൊണ്ട് |
| വിദ്ധഃ | എയ്തു പിളർക്കപ്പെട്ട രാജാവ് | വിവസ്ത്രഃ | വസ്ത്രരഹിതനായി |
| | | അഭ്യദ്രവത് | നേർക്കുപാഞ്ഞുചെന്നു. |

**31 തേ വിസൃജ്യോരണൗ തത്രവ്യദ്യോതന്തസ്മവിദ്യുതഃ**
**ആദായമേഷാവായാന്തം നഗ്നമൈക്ഷത സാ പതിം**

| | | | |
|---|---|---|---|
| തേ | അവർ (ഗന്ധർവ്വന്മാർ) | ആദായ | എടുത്തു് |
| ഉരണൗ | ആട്ടിൻകുട്ടികളെ | ആയാന്തം | തിരികെ വരുന്ന |
| തത്ര | അവിടെത്തന്നെ | പതിം | ഭർത്താവിനെ |
| വിസൃജ്യ | വിട്ടിട്ട് | നഗ്നം | നഗ്നനായിട്ട് |
| വിദ്യുതഃ | മിന്നൽപ്പിണരുകളായിട്ട് | സാ | അവരം (ഉർവ്വശി) |
| വ്യദ്യോതന്തസ്മ | മിന്നിത്തുടങ്ങി | ഐക്ഷത | കണ്ടു. |
| മേഷൗ | ആടുകളെയും | | |

ഉർവ്വശിയുടെ ആട്ടിൻകുട്ടികളെ രാജാവു് രക്ഷിച്ചു. എങ്കിലും ഗന്ധർവ്വന്മാരുടെ മായികവിദ്യകൊണ്ടു് തുമിന്നലൊളി ആഘോരാന്ധകാരത്തിൽ പരക്കുകയാൽ ഉർവ്വശി രാജാവിനെ നഗ്നനായിക്കണ്ടു. മുൻനിശ്ചയത്തിനു് ഭംഗം വന്നു. അവരം രാജാവിന്റെ സേവനം മതിയാക്കി ഉടനെ ഇന്ദ്രപുരിയിലേക്കു പോയ്മറഞ്ഞു.

**32 ഐലോऽപി ശയനേജായാമപശ്യൻ വിമനാ ഇവ**
**തച്ചിത്തോവിഹ്വലഃ ശോചൻ ബഭ്രാമോന്മത്തവന്മഹീം**

| | | | |
|---|---|---|---|
| ഐലഃ അപി | പുരൂരവസ്സാകട്ടെ | തച്ചിത്തഃ | അവളിൽ ഉന്നിയ ചിത്തത്തോടുകൂടിയവനായും |
| ശയനേ | ശയ്യയിൽ | വിഹ്വലഃ | അവശനായും |
| ജായാം | തന്റെ പത്നിയെ | ശോചൻ | സങ്കടപ്പെട്ടുകൊണ്ടും |
| അപശ്യൻ | കാണാഞ്ഞു് | ഉന്മത്തവത് | ഭ്രാന്തനെപ്പോലെ |
| വിമനാഃഇവ | മനസ്സുകെട്ടവനെന്നപോലെ | മഹീം | നാടുമുഴുക്കെയും |
| | | ബഭ്രാമ | ചുററിനടന്നു. |

**33 സ താം വീക്ഷ്യ കുരുക്ഷേത്രേ സരസ്വത്യാം ച തത്സഖീഃ**
**പഞ്ച പ്രഹൃഷ്ടവദനാഃ പ്രാഹസൂക്തം പുരൂരവാഃ**

| | | | |
|---|---|---|---|
| സഃ പുരൂരവാഃ | ആ പുരൂരവസ്സ് | തത്സഖീഃ | അവളുടെ തോഴിമാരായ |
| കുരുക്ഷേത്രേ | കുരുക്ഷേത്രത്തിൽ | പഞ്ച ച | അഞ്ചുപേരേയും |
| സരസ്വത്യാം | സരസ്വതീ നദീതീരത്തു വച്ച് | വീക്ഷ്യ | കണ്ടെത്തിയിട്ട് |
| താം | അവളെയും | സൂക്തം | സൂക്തത്തെ (നല്ലവാക്ക്) |
| പ്രഹൃഷ്ട-വദനാഃ | സന്തോഷം കൊള്ളുന്ന മുഖഭാവത്തോടുകൂടിയ | പ്രാഹ | ചൊല്ലി (പറഞ്ഞു.) |

താഴെയുള്ള രണ്ടുശ്ലോകങ്ങൾ ഐള സൂക്തത്തിന്റെ ആശയാനുവാദമാണ്.

**34 അഹോ ജായേ തിഷ്ഠതിഷ്ഠ ഘോരേ ന ത്യക്തുമർഹസി**
**മാം ത്വമദ്യാപ്യനിർവൃത്യ വചാംസി കൃണവാവഹൈ**

| | | | |
|---|---|---|---|
| അഹോ | അയ്യോ, | ത്യക്തും | കൈവിടുവാൻ |
| ജായേ | പതിയാളേ! | ന അർഹസി | അർഹിക്കുന്നില്ല. (കൈവിടാതിരിപ്പാൻ ദയവുണ്ടാകണം) |
| തിഷ്ഠതിഷ്ഠ | നില്ക്കു; നില്ക്കു. | | |
| അദ്യ അപി | ഇപ്പോഴും കൂടി | | |
| ത്വം മാം | നീ എന്നെ | വചാംസി | സരസ സല്ലാപങ്ങളെ |
| അനിർവൃത്യ | രതിയിൽ സംതൃപ്തനാക്കാതെ | കൃണവാ-വഹൈ | നമുക്കിരുവർക്കും ചെയ്തുകൊണ്ടിരിക്കാം |
| ഘോരേ | അസഹ്യതയിൽ | | |

**35 സുദേഹോഽയം പതത്യത്ര ദേവിദൂരം ഹൃതസ്ത്വയാ**
**ഖാദന്ത്യേനം വൃകാഗൃധ്രാസ്ത്വത് പ്രസാദസ്യനാസ്പദം**

| | | | |
|---|---|---|---|
| ദേവി | അല്ലയോ ദേവി! | തത്പ്ര-സാദസ്യ | ഭവതിയുടെ പ്രസന്നഭാവത്തിന്ന് |
| ത്വയാ | ഭവതിയാൽ | | |
| ദൂരം | അകലത്തിലേക്ക | നാസ്പദം | അവിഷയമായ |
| ഹൃതഃ | വലിച്ചിഴക്കപ്പെട്ട | ഏതം | ഇതിനെ |
| അയം സുദേഹഃ | എന്റെ ഈ സുന്ദരദേഹം | വൃകാഃ | ചെന്നായ്ക്കളും |
| അത്ര | ഇവിടെ | ഗൃധ്രാഃ | കഴുകന്മാരും |
| പതതി | വീണുപോകും | ഖാദന്തി | തിന്നുകയും ചെയ്യും |

"പുരൂരവോ മാ മൃഥാഃ" ഇത്യാദി സൂക്തത്തിന്റെ ആശയാനുവാദം നാലുശ്ലോകങ്ങൾ കൊണ്ടുപറയുന്നു.

ഉർവ്വശ്യുവാച = ഉർവ്വശി പറഞ്ഞു

**36 മാ മൃഥാഃ പുരുഷോഽസി ത്വം മാ സ്മ ത്വാദ്യുർവൃകാ ഇമേ**
**ക്വാപി സഖ്യം ന വൈ സ്ത്രീണാം വൃകാണാം ഹൃദയം യഥാ**

| | | | |
|---|---|---|---|
| മാ മൃഥാഃ | മരിക്കരുത്! | സഖ്യം | സൗഹൃദം |
| ത്വം പുരുഷഃ അസി | താങ്കൾ ഒരു പുരുഷനല്ലേ? | ന വൈ | **ഉണ്ടാകില്ല പോൽ** |
| ഇമേ വൃകാഃ | ഈ ചെന്നായ്ക്കൾ * | വൃകാണാം | ചെന്നായ്ക്കളുടെ |
| ത്വാ | താങ്കളെ | ഹൃദയം | ഹൃദയം |
| മാ സ്മ അദ്യുഃ | തിന്നുപോകാതിരിക്കട്ടെ | യഥാ | **ഏതുപോലെയോ,** |
| സ്ത്രീണാം | സ്ത്രീകൾക്ക് | തഥാ | **അതുപോലെയാണ്** |
| ക്വാപി | ഒരിടത്തും, ഒരാളിലും | സ്ത്രീണാം ച | സ്ത്രീകളുടെയും. |

* 'വൃകാഃ' എന്ന വാക്കിനു 'ഇന്ദ്രിയങ്ങൾ' എന്നുകൂടി ഇവിടെ സൂചിതമായ അർത്ഥം ഗ്രഹിക്കണം. ഇന്ദ്രിയങ്ങൾക്കടിമയായിത്തീർന്നു നശിച്ചുപോകരുത്. സ്ത്രീഹൃദയത്തിന്റെ സ്വഭാവത്തെത്തന്നെ വിസ്തരിക്കുന്നു.

**37 സ്ത്രിയോ ഹ്യകരുണാഃ ക്രൂരാ ദുർമ്മർഷാ പ്രിയസാഹസാഃ**
**ഘ്നന്ത്യല്പാർത്ഥേഽപി വിശ്രബ്ധം പതിം ഭ്രാതരമപ്യുത**

| | | | |
|---|---|---|---|
| സ്ത്രിയഃ ഹി | സ്ത്രീകൾ പൊതുവിൽ | അല്പാർത്ഥേ അപി | നിസ്സാരകാര്യം സാധിക്കുന്നതിന്നുകൂടിയും |
| അകരുണാഃ | കനിവില്ലാത്തവരാണ്; | | |
| ക്രൂരാഃ | പരുഷസ്വഭാവമുള്ളവരാണ്; | വിശ്രബ്ധം | തന്നിൽ വിശ്വാസമർപ്പിച്ചിരിക്കുന്ന |
| ദുർമ്മർഷാഃ | സഹനശീലമില്ലാത്തവരാണ്; | പതിം ഉത | ഭർത്താവിനെയായാലും |
| പ്രിയസാഹസാഃ | തന്നിഷ്ടം നേടുവാൻ കടുംകൈകാട്ടുന്നവരാണ്. | ഭ്രാതരം അപി | സഹോദരനെയായാലും |
| | | ഘ്നന്തി | കൊന്നുകളയുന്നു. |

**38 വിധായാലീകവിശ്രംഭമജ്ഞേഷു ത്യക്തസൗഹൃദാഃ**
**നവം നവമഭീപ്സന്ത്യഃ പുംശ്ചല്യഃ സ്വൈരവൃത്തയഃ**

| | | | |
|---|---|---|---|
| അജ്ഞേഷു | അറിവില്ലാത്തവരിൽ | ത്യക്തസൗഹൃദാഃ | (ആവശ്യം വരുമ്പോൾ) സൗഹാർദ്ദം കൈവിടുന്ന; |
| അലീകവിശ്രംഭം | കപടംവഴിക്കു വിശ്വാസത്തെ | നവം നവം | പുതിയ പുതിയ കാമുകനെ |
| വിധായ | ഉണ്ടാക്കിവച്ച് | | |

| | |
|---|---|
| അഭീശ്ചന്ത്യഃ | തേടിനോക്കുന്നവരും |
| പുംശ്ചല്യഃ | പല പുരുഷരോടും ചേൎന്നു രമിക്കുന്നവരും |
| സ്വൈര- വൃത്തയഃ | നിയന്ത്രണം വിട്ടതോന്നിയ മട്ടിൽ വ്യാപരിക്കുന്നവരുമാകുന്നു. |

ഇത്രത്തോളം സ്ത്രീകളെ ദൂഷിച്ചുപറഞ്ഞിട്ടും വിരക്തനാവാത്ത പുരൂരവസ്സിനെ സമാധാനിപ്പിച്ചുകൊണ്ട് ഉൎവ്വശി തുടരുന്നു.

**39 സംവത്സരാന്തേ ഹി ഭവാനേകരാത്രം മയേശ്വര**
**വത്സ്യത്യ പത്യാനി ച തേ ഭവിഷ്യന്ത്യപരാണിഭോഃ**

| | |
|---|---|
| ഭോഃ ഈശ്വര | ഹേ മഹാപ്രഭോ! |
| ഭവാൻ | താങ്കൾ |
| സംവത്സ- രാന്തേ | ഓരോ സംവത്സരത്തിന്റെയും അവസാനത്തിൽ |
| ഏകരാത്രം | ഒരു രാത്രി |
| മയാ | എന്നോടുകൂടെ |
| വത്സ്യസി ഹി | താമസിച്ചുരമിച്ചുകൊള്ളും |
| തേ | താങ്കൾക്ക് |
| അപരാണി | വേറെ |
| അപത്യാനിച | സന്താനങ്ങളും |
| ഭവിഷ്യന്തി | ഉണ്ടാവുന്നതാണ്. |

"വേറെ സന്താനങ്ങളും ഉണ്ടാവുന്നതാണ്" എന്നു പറഞ്ഞതിൽനിന്ന് ഇപ്പോഴും തന്നെ രാജസന്താനം ഉൎവ്വശിയുടെ ഗൎഭത്തിലുണ്ടെന്നു ധരിക്കണം.

**40 അന്തൎവത്നീമുപാലക്ഷ്യ ദേവീം സംപ്രയയൗ പുരം**
**പുനസ്തത്ര ഗതോഽബ്ദാന്ത ഉൎവ്വശീം വീരമാതരം**
**ഉപലഭ്യമുദായുക്തഃ സമുവാസ തയാ നിശാം**

| | |
|---|---|
| ദേവീം | ഉൎവ്വശിയെ |
| അന്തൎവത്നീം | ഗൎഭിണിയാണെന്ന് |
| ഉപാലക്ഷ്യ | അറിവായിട്ട് * |
| പുരം | സ്വരാജധാനിയിലേക്ക് |
| സംപ്രയയൗ | (പുരൂരവസ്സ്) തിരികെപ്പോയി |
| പുനഃ | വീണ്ടും |
| വൎഷാന്തേ | വൎഷാവസാനത്തിൽ |
| തത്ര ഗതഃ | അവിടെ ചെന്ന് |
| വീരമാതരം | ഒരു വീരപുത്രന്റെ മാതാവായിക്കഴിഞ്ഞ |
| ഉൎവ്വശീം | ഉൎവ്വശിയെ |
| ഉപലഭ്യ | കണ്ട് |
| മുദാ യുക്തഃ | സന്തോഷത്തോടുകൂടി |
| തയാ | അവളോടൊന്നിച്ച് |
| നിശാം സമുവാസ | അന്നത്തെ രാത്രിമുഴുവൻ സസുഖം വസിച്ചു. |

**41 അഥൈനമുൎവ്വശീ പ്രാഹ കൃപണം വിരഹാതുരം**
**ഗന്ധൎവ്വാനുപധാവേമാംസ്തുഭ്യ ദാസ്യന്തി മാമിതി**

| | |
|---|---|
| അഥ | അതിൽപ്പിന്നെ |
| ഉൎവ്വശീ | ഉൎവ്വശി |
| വിരഹാ- തുരം | അവളെ പേൎപിരിഞ്ഞുപോകുന്നതിൽ സങ്കടപ്പെടുന്നവനും |

| | | | |
|---|---|---|---|
| കൃപണം | ദയനീയനമായ | ഉപധാവ | പ്രസാദിപ്പിക്കുക |
| ഏനം | ഈ രാജാവിനോട് | തുഭ്യം മാം | അങ്ങേയ്ക്ക് എന്നെ |
| പ്രാഹ | പറഞ്ഞു— | ദാസ്യന്തി ഇതി | അവർ തരുന്നതാണ്.'' എന്ന്. |
| ഇമാൻ | ''ഈ | | |
| ഗന്ധർവാൻ | ഗന്ധർവന്മാരെ | | |

**42 തസ്യ സംസ്തുവതസ്തുഷ്ടാ അഗ്നിസ്ഥാലീം ദദുർന്നൃപ**
**ഉർവ്വശീം മന്യമാനസ്താം സോഽബുധ്യത ചരൻവനേ**

| | | | |
|---|---|---|---|
| സംസ്തുവതഃ | വാഴ്ത്തിസ്തുതിച്ച | നൃപ | ഹേ രാജൻ! |
| തസ്യ | അദ്ദേഹത്തിന്റെ പേരിൽ | താം | ആസ്ഥാലിയെ |
| തുഷ്ടാഃ | സന്തുഷ്ടരായിത്തീർന്ന ഗന്ധർവന്മാർ | ഉർവശീം | ഉർവശിയാണെന്ന് |
| അഗ്നി-സ്ഥാലീം | ഒരു അഗ്നിസ്ഥാലിയെ (അഗ്നിയെ ആധാനം ചെയ്യാനുള്ള പാത്രത്തെ) | മന്യമാനഃ | വിചാരിച്ചുകൊണ്ടിരുന്ന |
| | | സഃ വനേ | അദ്ദേഹം കാട്ടിൽ |
| | | ചരൻ | സഞ്ചരിക്കവേ |
| ദദുഃ | കൊടുത്തു. | അബുധ്യത | അല്ലെന്ന ബോധമുണ്ടായി. |

**43 സ്ഥാലീം ന്യസ്യവനേ ഗത്വാ ഗൃഹാം സ്താം ധ്യായതോ നിശി**
**ത്രേതായാം സംപ്രവൃത്തായാം മനസിത്രയ്യവർത്തത**

| | | | |
|---|---|---|---|
| സ്ഥാലീം | അഗ്നിസ്ഥാലിയെ | ത്രേതായാം | ത്രേതായുഗം |
| വനേന്യസ്യ | വനത്തിൽവെച്ച് | സംപ്ര-വൃത്തായാം | ശരിക്കും ആരംഭിച്ചപ്പോൾ |
| ഗൃഹാൻ | ഗൃഹത്തിലേക്ക് | | |
| ഗത്വാ | പോയിട്ട് | | |
| നിശി താം | രാത്രിതോറും അവളെ | ത്രയീ | കർമ്മപ്രതിബോധകമായ വേദത്രയം |
| ധ്യായതഃ | ധ്യാനിച്ചുകൊണ്ടിരുന്ന | | |
| മനസി | (രാജാവിന്റെ) മനസ്സിൽ | അവർത്തത | ആവിർഭവിച്ചു. |

**44 സ്ഥാലീസ്ഥാനം ഗതോഽശ്വത്ഥം ശമീഗർഭം വിലക്ഷ്യസഃ**
**തേന ദ്വേ അരണീകൃത്വാ ഉർവ്വശീലോകകാമ്യയാ**

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | ശമീഗർഭം | ശമീവൃക്ഷത്തിന്റെ (വഹ്നിമരത്തിന്റെ) അകത്തുണ്ടായ |
| സ്ഥാലീ-സ്ഥാനം | അഗ്നിസ്ഥാലിവെച്ചിരിക്കുന്ന സ്ഥലത്തേക്ക് | | |
| ഗതഃ | പോയിട്ട് | അശ്വത്ഥം | അരയാൽമരത്തെ |

| | | | |
|---|---|---|---|
| വിലക്ഷ്യ | സൂക്ഷിച്ചുനിരീക്ഷിച്ച് | ഉർവ്വശീലോക-കാമ്യയാ | ഉർവ്വശീലോകം പ്രാപിക്കവാനുള്ള അഭിലാഷത്തോടെ |
| തേന | അതുകൊണ്ട് | | |
| ദ്വേ അരണീ | രണ്ട് അരണത്തടികളുണ്ടാക്കി | (അഗ്നിം മമന്ഥ) | അഗ്നിയെ കടഞ്ഞുതുടങ്ങി. |

കടഞ്ഞവിധം ഇനി പറയുന്നു—

**45 ഉർവ്വശീഃ മന്ത്രതോധ്യായന്നധരാരണിമുത്തരാം**
**ആത്മാനമുഭയോർമ്മധ്യേ യത് തത് പ്രജനനം പ്രഭുഃ**

| | | | |
|---|---|---|---|
| അധരാരണിം | താഴെ വെച്ച അരണിയെ | യത് | യാതൊരു ഇന്ധനത്തെ സന്ധാരണിയായി വെച്ചിട്ടുണ്ടോ, |
| ഉർവ്വശീം | ഉർവ്വശിയെന്നും | | |
| ഉത്തരാം | മുകളിൽ വെച്ച | തത് | അതിനെ |
| അരണിം | അരണിയെ | പ്രജനനം | സന്താനമെന്നും |
| ആത്മാനം | താനെന്നും | മന്ത്രതഃ | മന്ത്രത്താൽ |
| | | ധ്യായൻ | സങ്കല്പിച്ചുകൊണ്ട് |
| ഉഭയോഃ | ആ രണ്ടിന്റെയും | പ്രഭുഃ | നിപുണനായ രാജാവ് |
| മധ്യേ | ഇടയിൽ | (മമന്ഥ) | കടഞ്ഞു. |

**46 തസ്യ നിർമ്മന്ഥനാജ്ജാതോ ജാതവേദാ വിഭാവസുഃ**
**ത്രയാ സ വിദ്യയാ രാജ്ഞാ പുത്രത്വേ കല്പിതസ്ത്രിവൃത്**

| | | | |
|---|---|---|---|
| തസ്യ | അദ്ദേഹത്തിന്റെ | വിദ്യയാ | ആ ധ്യാനാദിസംസ്കാരത്താൽ |
| നിർമ്മന്ഥനാത് | തുടർച്ചയായ മഥനത്താൽ | | |
| ജാതവേദാഃ | ''ജാതവേദസ്സ്'' എന്ന * | ത്രിവൃത് | മൂന്നു വിഭാഗമായിത്തീർന്ന് * |
| വിഭാവസുഃ | അഗ്നി | | |
| ജാതഃ | ഉണ്ടായി. | രാജ്ഞാ | രാജാവിനാൽ (പുരൂരവസ്സിനാൽ) |
| സഃ | ആ അഗ്നി | പുത്രത്വേ | പുത്രനെന്ന നിലയിൽ |
| ത്രയ്യാ | വേദത്രയവിഹിതമായ | കല്പിതഃ | കല്പിക്കപ്പെട്ടു. |

* ''ജാതം വേദോയസ്മാത്സഃ'' എന്ന് വിഗ്രഹവാക്യം. വേദസ് = ധനം (ഭോഗ്യവസ്തു) സകല ഭോഗ്യപദാർത്ഥങ്ങളും സംജാതമാകുന്നത് അഗ്നിയിൽനിന്നാണ്. ''അഗ്നൗ ന്യസ്താഹുതിഃ സമ്യഗാദിത്യമുപസർപ്പതി. ആദിത്യാജ്ജായതേ വൃഷ്ടിർവൃഷ്ടേരന്നം തതഃ പ്രജാഃ''— എന്ന് ഗീത.

* ഗാർഹപത്യം, ആഹവനീയം, ദാക്ഷിണം ഇങ്ങനെ മൂന്നു വിഭാഗം.

**47 തേനായജത യജ്ഞേശം ഭഗവന്തമധോക്ഷജം**
**ഉർവ്വശീലോകമന്വിച്ഛൻ സർവ്വദേവമയം ഹരിം**

| | | | |
|---|---|---|---|
| ഉർവ്വശീ-ലോകം | ഉർവശി വിഹരിക്കുന്ന ഗന്ധർവലോകത്തെ | അധോക്ഷജം | ഇന്ദ്രിയഗമ്യജ്ഞാനത്തിന്ന് വിഷയീഭവിക്കാത്ത വനും |
| അന്വിച്ഛൻ | ആഗ്രഹിക്കുന്ന പുരൂരവസ്സ് | സർവ്വദേവ-മയം | സമസ്തദേവതാസ്വരൂപനായി വർത്തിക്കുന്നവനും |
| തേന | ആ അഗ്നികൊണ്ട് | ഭഗവന്തം | ഭഗവാനുമായ |
| | | ഹരിം | ശ്രീനാരായണനെ |
| യജ്ഞേശം | യജ്ഞഫലദാതാവും | അയജത | യജിച്ചു. (ആരാധിച്ചു) |

അനാദിസിദ്ധമായ വേദത്രയിയാൽ ബോധിപ്പിക്കപ്പെട്ട കർമ്മമാർഗ്ഗം ബ്രാഹ്മണാദികൾക്ക് ഇന്ദ്രാദിദേവന്മാരെ യജിച്ച് 'സ്വർഗ്ഗലോകാദിപ്രാപ്തിക്കുള്ളതല്ലേ? അതിനെ ഈ വിധം വിവരിച്ചത് എന്തുകൊണ്ട്? ഈ പ്രശ്നത്തെ അകമേ കണ്ടു സമാധാനാർത്ഥം ശ്രീശുകൻ പറയുന്നു-

**48 ഏക ഏവ പുരാവേദഃ പ്രണവഃ സർവ്വവാങ്മയഃ**
**ദേവോ നാരായണോ നാന്യ ഏകോƒഗ്നിർവർണ്ണ ഏവ ച**

**49 പുരൂരവസ ഏവാസീത് ത്രയീത്രേതാമുഖേ നൃപ**
**അഗ്നിനാ പ്രജയാ രാജാ ലോകം ഗാന്ധർവ്വമേയിവാൻ**

| | | | |
|---|---|---|---|
| നൃപ | അല്ലയോ രാജാവേ! | വർണ്ണഃ ച ഏകഃ ഏവ | ജാതിയും ഒന്നു മാത്രമേ ഉണ്ടായിരുന്നുള്ളു. "(ഹംസഃ" എന്നസംജ്ഞയാൽ അറിയപ്പെടുന്നതു") |
| പുരാ | ആദിയിൽ സത്യയുഗത്തിൽ) | | |
| സർവ-വാങ്മയഃ | സമസ്തശബ്ദാർത്ഥങ്ങളുടെയും സ്വരൂപമായ | ത്രേതാമുഖേ | ത്രേതായുഗത്തിന്റെ തുടക്കത്തിൽ |
| പ്രണവഃ | ഓംകാരം | | |
| ഏകഃ ഏവ | ഒന്നുമാത്രമേ | | |
| വേദഃ | വേദമായിട്ടുള്ളു; | ത്രയീ | ഋക്സാമയജുസ്സുകൾ ഉൾക്കൊള്ളുന്നവേദത്രയം |
| ദേവഃ | ഉപാസ്യനായ ദേവൻ | | |
| നാരായണഃ | ശ്രീനാരായണൻ | പുരൂരവസഃ ഏവ | പുരൂരവസ്സിന്റെ അടുക്കൽ നിന്നു് തന്നെയാണ് |
| (ഏകഃ ഏവ) | ഒരാൾമാത്രം; | | |
| ന അന്യഃ | മറ്റൊരു ദേവനില്ല | | |
| അഗ്നിഃ ഏകഃ | അഗ്നിയും ഒന്ന്. (ലൗകികാഗ്നിമാത്രം. ഗാർഹപത്യാദി വിഭാഗമില്ല) | ആസീത് | ആവിർഭവിച്ചതു് |
| | | പ്രജയാ | സ്വസന്താനസ്ഥാനീയമായ |

| | | | |
|---|---|---|---|
| അഗ്നിനാ | ത്രേതാഗ്നിയാൽ (അഗ്നിയജനത്താൽ) | ഗാന്ധർവ്വം | ഗന്ധർവ്വന്മാരുടെതായ |
| | | ലോകം | ലോകത്തെ |
| രാജാ | രാജാവായ പുരൂരവസ്സ് | ഏയിവാൻ | പ്രാപിച്ചു. |

കൃത (സത്യ) യുഗത്തിൽ പ്രായേണ സാത്വികഗുണ പ്രധാനന്മാരായിരുന്ന മിക്കവരും ധ്യാനംകൊണ്ടായിരുന്നു ഈശ്വരനെ ഉപാസിച്ചിരുന്നത്. രജോഗുണ പ്രധാനമായ ത്രേതായുഗത്തിലാണ് വേദാദിവിഭജനത്താൽ കർമ്മമാർഗ്ഗം ആവിഷ്കൃതമായത് എന്നു സാരം.

ഇതിശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ഐളോപാഖ്യാനേ ചതുർദശോഽധ്യായഃ
ആദിതഃ ശ്ലോകാഃ 558
നവമസ്കന്ധത്തിൽ പതിനാലാമധ്യായം കഴിഞ്ഞു.

★

## പഞ്ചദശോഽധ്യായഃ = അദ്ധ്യായം പതിനഞ്ച്

### പരശുരാമാവതാരം കാർത്തവീര്യവധം

**"തതഃ പഞ്ചദശേ ഗാധിരൈലപുത്രാന്വയേഽജനി**
**യദ്ദൌഹിത്രസുതോ രാമഃ കാർത്തവീര്യമഹൻ രുഷാ"**

ഐളപുത്രവംശത്തിൽ ഗാധി ജനിച്ചതും, ഗാധിയുടെ ദൗഹിത്ര പുത്രനായി അവതരിച്ച പരശുരാമൻ കാർത്തവീര്യാർജ്ജുനനെ വധിച്ചതും ഈ 15-ാമദ്ധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

**1 ഐലസ്യ ചോർവ്വശീ ഗർഭാത് ഷഡാസന്നാത്മജാ നൃപ**
**ആയുഃ ശ്രുതായുഃ സത്യായു രയോഽഥ വിജയോ ജയഃ**

| | | | |
|---|---|---|---|
| നൃപ | ഹേ രാജൻ! | ഉർവശീ- ഗർഭാത് | ഉർവശിയുടെ ഗർഭത്തിൽ നിന്ന് |
| ഐലസ്യ ച | ഇളാപുത്രനായ പുരൂരവസ്സിന്ന് | ആത്മജാഃ | പുത്രന്മാർ |

| | |
|---|---|
| ഷട് ആസൻ | ആറുപേരുണ്ടായി |
| ആയുഃ | ആയുസ്സ്, |
| ശ്രുതായുഃ | ശ്രുതായുസ്സ്, |
| സത്യായുഃ | സത്യായുസ്സ്, |
| രയഃ | രയൻ, |
| ജയഃ അഥ | ജയൻ, പിന്നെ |
| വിജയഃ | വിജയൻ, എന്നിങ്ങനെ |

ഇനി അല്പാദിക്രമം അനുസരിച്ച് ശ്രുതായുസ്സു മുതലുള്ള ഐവരുടെ വംശം പറഞ്ഞുതുടങ്ങുന്നു.

**2 ശ്രുതായോർവസുമാൻ പുത്രഃ സത്യായോശ്ച ശ്രുതഞ്ജയഃ**
**രയസ്യ സുത ഏകശ്ച ജയസ്യ തനയോഽമിതഃ**
**ഭീമസ്തു വിജയസ്യാഥ കാഞ്ചനോ ഹോത്രകസ്തതഃ**

| | |
|---|---|
| വസുമാൻ | വസുമാൻ എന്നവൻ |
| ശ്രുതായോഃ | ശ്രുതായുസ്സിന്റെ |
| പുത്രഃ | പുത്രനും |
| ശ്രുതഞ്ജയഃ | ശ്രുതഞ്ജയനെന്നവൻ |
| സത്യായോഃ ച | സത്യായുസ്സിന്റെ പുത്രനുമാകുന്നു |
| രയസ്യസുതഃ | രയന്റെ പുത്രൻ |
| ഏകഃ ച | ഏകനെന്നു പേരുള്ളവനും, |
| ജയസ്യ | ജയന്റെ |
| തനയഃ | പുത്രൻ |
| അമിതഃ | അമിതനുമാണ്. |
| ഭീമഃ തു | ഭീമനെന്നവനാകട്ടെ |
| വിജയസ്യ | വിജയന്റെ(പുത്രനാകുന്നു) |
| അഥ | പിന്നെ അവന്റെ പുത്രൻ |
| കാഞ്ചനഃ | കാഞ്ചനനും |
| തതഃ | അവനിൽനിന്നു് |
| ഹോത്രകഃ | ഹോത്രകനും (ജാതരായി) |

**3 തസ്യ ജഹ്നുഃ സുതോഗംഗാം ഗണ്ഡൂഷീകൃത്യ യോഽപിബത്**
**ജഹ്നോസ്തു പൂരുസ്തത്പുത്രോ വലാകശ്ചാത്മജോഽജകഃ**

| | |
|---|---|
| തസ്യസുതഃ | അവന്റെ പുത്രൻ |
| ജഹ്നുഃ | ജഹ്നുവെന്നു് പേരുള്ളവനാണ് |
| യഃ | യാതൊരാൾ |
| ഗംഗാം | ഗംഗാനദിയെ മുഴുവനും |
| ഗണ്ഡൂഷീകൃത്യ | ഒററവായക്കകം നിറച്ച് |
| അപിബത് | പാനം ചെയ്തു |
| ജഹ്നോഃ തു | ജഹ്നുവിന്റെ പുത്രൻ |
| പൂരുഃ | പൂരുവും |
| തത്പുത്ര | അവന്റെ പുത്രൻ |
| വലാകഃ ച | വലാകനും |
| ആത്മജഃ | വലാകപുത്രൻ |
| അജകഃ | അജകനും |

**4 തതഃ കുശഃ കുശസ്യാപി കുശാംബുർമൂർത്തയോ വസുഃ**
**കുശനാഭശ്ച ചത്വാരോ ഗാധിരാസീത് കുശാംബുജഃ**

| | |
|---|---|
| തതഃ | ആ അജകനിൽനിന്നു് |
| കുശഃ | കുശൻ ജാതനായി |
| കുശസ്യഅപി | കുശന്നു് |
| കുശാംബുഃ | കുശാംബു, |
| മൂർത്തയഃ | മൂർത്തയൻ, |
| വസുഃ | വസു, |

| | | | |
|---|---|---|---|
| കുശനാഭഃച | കുശനാഭൻ ഇങ്ങനെ | കുശാംബുജഃ | കുശാംബുവിൻെറ പുത്രനായി |
| ചത്വാരഃ | നാലുപുത്രന്മാർ; | ഗാധിഃ ആസീത് | ഗാധി ഉദ്ഭവിച്ചു |

**5 തസ്യ സത്യവതീം കന്യാമൃചീകോഽയാചത ദ്വിജഃ**
**വരം വിസദൃശം മത്വാ ഗാധിർഭാർഗ്ഗവമബ്രവീത്**

| | | | |
|---|---|---|---|
| തസ്യ | അവൻെറ | വിസദൃശം | യോജിപ്പില്ലാത്തവനായി |
| കന്യം | മകളായ | മത്വാ | കരുതി |
| സത്യവതീം | സത്യവതിയെ | ഗാധിഃ | ഗാധിരാജാവ് |
| ഋചീകഃ | ഋചീകനെന്ന | ഭാർഗ്ഗവം | ഭൃഗുവംശജനായ അദ്ദേഹത്തോട് |
| ദ്വിജഃ | ബ്രാഹ്മണൻ | അബ്രവീത് | പറഞ്ഞു. |
| അയാചത | വിവാഹാർത്ഥം യാചിച്ചു. | | |
| വരം | വരനെ | | |

**6 ഏകതഃ ശ്യാമകർണ്ണാനാം ഹയാനാം ചന്ദ്രവർച്ചസാം**
**സഹസ്രം ദീയതാം ശുല്ക്കം കന്യായാഃ കുശികാ വയം**

| | | | |
|---|---|---|---|
| ചന്ദ്രവർച്ചസാം | "ചന്ദ്രനെപ്പോലെ വെൺനിറമുള്ളവയും | കന്യായാഃ | കന്യകയുടെ |
| ഏകതഃ | ഒരുവശത്തു് | ശുല്ക്കഃ | ശുല്ക്കമായിട്ട് (വിലയായിട്ട്) |
| ശ്യാമ–കർണ്ണാനാം | കറുത്ത കാതുള്ളവയും ആയ | ദീയതാം | നൽകപ്പെടുക |
| ഹയാനാം സഹസ്രം | ഒരായിരം കുതിരകളെ | വയം | ഞങ്ങൾ |
| | | കുശികാഃ | കുശികകുലജാതരാണ്." |

"വയം കുശികാഃ" — കുശികകുലജാതരായ ക്ഷത്രിയന്മാരാണ് ഞങ്ങൾ. ആഭിജാത്യവും ആഢ്യത്വവും കൂടും. അതുകൊണ്ട് ഇപ്പറഞ്ഞ കന്യാശുല്ക്കംതന്നെ ഞങ്ങളെ സംബന്ധിച്ച് നിസ്സാരമത്രേ എന്ന ഭാവം.

**7 ഇത്യുക്തസ്തന്മതം ജ്ഞാത്വാ ഗതഃ സ വരുണാന്തികം**
**ആനീയ ദത്വാ താനശ്വാനപയേമേ വരാനനാം**

| | | | |
|---|---|---|---|
| ഇതി | ഈവിധം | തന്മതം | ആ ഗാധിയുടെ അഭിപ്രായത്തെ |
| ഉക്തഃ | ചൊല്ലപ്പെട്ട | ജ്ഞാത്വാ | അറിഞ്ഞ് |
| സഃ | അദ്ദേഹം (ഋചീകൻ) | | |

| | | | |
|---|---|---|---|
| വരുണാന്തികം | വരുണന്റെ അടുക്കലേക്ക് | ദത്വാ | കൊടുത്തു് |
| ഗതഃ | പോയിട്ട് | വരാനനാം | സുന്ദരിയായ സത്യവതിയെ |
| താൻ ആശ്വാൻ | അത്തരം കുതിരകളെ | | |
| ആനീയ | കൊണ്ടുവന്നു് | ഉപയേമേ | വിവാഹം ചെയ്തു. |

**8 സ ഋഷിഃ പ്രാർത്ഥിതഃ പത്ന്യാ ശ്വശ്ര്വാ ചാപത്യകാമ്യയാ**
**ശ്രപയിത്വോഭയൈർമന്ത്രൈശ്ചരും സ്നാതും ഗതോ മുനിഃ**

| | | | |
|---|---|---|---|
| അപത്യ-കാമ്യയാ | സന്തതിയുണ്ടാകണമെന്ന അഭിലാഷത്താൽ | മന്ത്രൈഃ | മന്ത്രങ്ങൾകൊണ്ട് * |
| പത്ന്യാ | ഭാര്യയാലും | ചരും | ഹവിസ്സിനെ |
| ശ്വശ്ര്വാച | ഭാര്യയുടെ മാതാവിനാലും | ശ്രപയിത്വാ | പാകം ചെയ്തുവെച്ച് |
| പ്രാർത്ഥിതഃ | അപേക്ഷിക്കപ്പെട്ട | മുനിഃ | ഋഷിശ്രേഷ്ഠൻ |
| സഃ ഋഷിഃ | ആ ഋചീകമഹർഷി | സ്നാതും | സ്നാനത്തിനായി |
| ഉഭയൈഃ | രണ്ടുവിധത്തിലുള്ള | ഗതഃ | പോയി. |

* പത്നിക്കുള്ള ചരുവിനെ ബ്രാഹ്മമന്ത്രങ്ങളാലും പത്നീമാതാവിനുള്ളതിനെ ക്ഷാത്രമന്ത്രങ്ങളാലും അഭിമന്ത്രിച്ചുണ്ടാക്കി.

**9 താവത് സത്യവതീ മാത്രാ സ്വചരും യാചിതാ സതീ**
**ശ്രേഷ്ഠം മത്വാ തയാഽയച്ഛന്മാത്രേ മാതുരദത് സ്വയം**

| | | | |
|---|---|---|---|
| താവത് | അപ്പോഴേക്കും | സതീ | ഉത്തമനാരിയായ |
| ശ്രേഷ്ഠം | "അതായിരിക്കും നല്ലതു്" | സത്യവതീ | സത്യവതി |
| മത്വാ | എന്നു വിചാരിച്ച് * | മാത്രേ | (അതു്) മാതാവിന്നു് |
| തയാ മാത്രാ | ആ മാതാവിനാൽ | അയച്ഛത് | കൊടുത്തു. |
| സ്വചരും | തനിക്കുവേണ്ടിയുണ്ടാക്കിയ ചരുവിനെ | മാതുഃ | മാതാവിന്റേതു് |
| യാചിതാ | യാചിക്കപ്പെട്ട | സ്വയം അദത് | താനും ഭക്ഷിച്ചു. |

* പക്ഷപാതത്താൽ ഋചീകൻ സ്വപത്നിയായ സത്യവതിക്കുവേണ്ടി അഭിമന്ത്രിച്ചുണ്ടാക്കിയ ചരുവിന്നു തന്റേതിനേക്കാൾ വൈശിഷ്ട്യം കൂടുമെന്ന ധാരണ അവളുടെ അമ്മയ്ക്കുണ്ടായി. അതുകൊണ്ടു് പുത്രിയുടെ ചരു അമ്മ വാങ്ങി ഭക്ഷിച്ചു. അമ്മയുടേതു് പുത്രിയും.

**10 തദ്വിജ്ഞായ മുനിഃ പ്രാഹ പത്നീം കഷ്ടമകാരഷീഃ**
**ഘോരോ ദണ്ഡധരഃ പുത്രോ ഭ്രാതാ തേ ബ്രഹ്മവിത്തമഃ**

| | |
|---|---|
| മുനിഃ | ഋചീകമുനി |
| തത് | അതു് |
| വിജ്ഞായ | അറിഞ്ഞിട്ടു് |
| പത്നീം | പത്നിയോടു് |
| പ്രാഹ | പറഞ്ഞു. |
| കഷ്ടം | ''നെറികെട്ടകാര്യം |
| അകാരഷീഃ | നീ ചെയ്തുപോയി. |
| തേ പുത്രഃ ഘോരഃ | നിന്റെ പുത്രൻ അതിദാരുണനും |
| ദണ്ഡധരഃ | ആയുധധാരിയുമായി |
| (ഭവിഷ്യതി) | ഭവിക്കും. |
| തേഭ്രാതാ | നിന്റെ സഹോദരൻ |
| ബ്രഹ്മ–വിത്തമഃ | ബ്രഹ്മജ്ഞാനികളിൽ മുമ്പനായും |
| (ഭവിഷ്യതി) | ഭവിക്കും'' |

**11 പ്രസാദിതഃ സത്യവത്യാ മൈവം ഭൂദിതി ഭാർഗ്ഗവഃ**
**അഥതർഹി ഭവേത് പൗത്രോ ജമദഗ്നിസ്തതോഽഭവത്**

| | |
|---|---|
| ഏവം മാ ഭൂത് | ''അങ്ങനെയാകാതിരിക്കേണമേ!'' |
| ഇതി | എന്നിങ്ങനെ |
| പ്രസാദിതഃ | കേണപേക്ഷിച്ചു പ്രസാദിപ്പിക്കപ്പെട്ട |
| ഭാർഗ്ഗവഃ | ഋചീകമുനി |
| അഥ തർഹി | ''ശരി, എന്നാൽ |
| പൗത്രഃ | പുത്രന്റെ പുത്രൻ |
| ഭവേത് | അങ്ങനെയുള്ളവനാകും'' എന്നു പറഞ്ഞു. |
| തതഃ | അക്കാരണത്താൽ (സത്യവതിയുടെ പുത്രനായിട്ടു്) |
| ജമദഗ്നിഃ | ജമദഗ്നിമഹർഷി |
| അഭവത് | പിറന്നു. |

**12 സാ ചാഭൂത് സുമഹാപുണ്യാ കൗശികീ ലോകപാവനീ**
**രേണോഃ സുതാം രേണുകാം വൈ ജമദഗ്നിരുവാഹ യാം**

**13 തസ്യാം വൈ ഭാർഗ്ഗവഋഷേഃ സുതാ വസുമദാദയഃ**
**യവീയാംജജ്ഞ ഏതേഷാം രാമ ഇത്യഭിവിശ്രുതഃ**

| | |
|---|---|
| സാ ച | ആ സത്യവതിയാകട്ടെ |
| സുമഹാപുണ്യാ | പരമപുണ്യമെഴുന്നതും |
| ലോക–പാവനീ | ലോകമാകെ പരിശുദ്ധമാക്കുന്നതുമായ |
| കൗശികീ | 'കൗശികി' എന്ന നദിയായിട്ടു് |
| അഭൂത് | ഭവിക്കയും ചെയ്തു. |
| രേണോഃ | രേണുവിന്റെ |
| സുതാം | പുത്രിയായ |
| യാം വൈ | യാതൊരു |
| രേണുകാം | രേണുകയെ |
| ജമദഗ്നിഃ | ജമദഗ്നിമഹർഷി |
| ഉവാഹ | വേൾക്കുകയുണ്ടായോ, |
| തസ്യാം വൈ | അവളിൽത്തന്നെ |
| ഭാർഗ്ഗവഋഷേഃ | ഭൃഗുവംശജനായ അദ്ദേഹത്തിന്നു് |
| വസുമദാദയഃ സുതാഃ | വസുമദൻ മുതലായുള്ള പുത്രന്മാരുണ്ടായി. |

| | | | |
|---|---|---|---|
| രാമ ഇതി | 'രാമൻ' എന്നനാമത്താൽ | ഏതേഷാം | ഇവരുടെയെല്ലാം |
| അഭിവിശ്രുതഃ | സർവ്വത്രവിഖ്യാതനായ പുത്രൻ | യവീയാൻ | താഴെയായിട്ട് |
| | | ജജ്ഞേ | ജനിച്ചു. |

**14 യമാഹുർവാസുദേവാംശം ഹൈഹയാനാം കുലാന്തകം**
**ത്രിഃ സപ്തകൃത്വോ യ ഇമാം ചക്രേ നിഃ ക്ഷത്രിയാം മഹീം**

| | | | |
|---|---|---|---|
| ഹൈഹയാനാം | ഹേഹയവംശരാജാക്കന്മാരുടെ | യഃ | യാതൊരുവൻ |
| കുലാന്തകം | വംശവിച്ഛേദകരനായ | ത്രിഃ സപ്തകൃത്വഃ | മുവ്വേഴിരുപത്തൊന്നു പ്രാവശ്യം |
| യം | യാതൊരുവനെ | ഇമാം മഹീം | ഈ ഭൂതലത്തെ |
| വാസുദേവാംശം | ശ്രീമഹാവിഷ്ണുവിൻെറ അംശാവതാവതാരമെന്ന് | നിഃ ക്ഷത്രിയാം | ക്ഷത്രിയശൂന്യമാക്കി |
| ആഹുഃ | പറഞ്ഞു വരുന്നു. | ചക്രേ | ചെയ്തു. |

**15 ദുഷ്ടം ക്ഷത്രം ഭുവോ ഭാരമബ്രഹ്മണ്യമനീനശത്**
**രജസ്തമോവൃതമഹൻ ഫല്ഗുന്യപി കൃതേംഹസി**

| | | | |
|---|---|---|---|
| രജസ്തമോവൃതം | രജോഗുണത്താലും തമോഗുണത്താലും ആവരണം ചെയ്യപ്പെട്ടതും | ക്ഷത്രം | ക്ഷത്രിയവംശത്തെ |
| | | അനീനശത് | തുടച്ചയായി നശിപ്പിച്ചു. |
| | | ഫല്ഗുനി | നിസ്സാരമായ |
| അബ്രഹ്മണ്യം | ബ്രഹ്മണദ്വേഷം പുലർത്തി വരുന്നതും | അംഹസി അപി | അപരാധം പോലും |
| ഭുവഃ | ഭൂമിക്ക് | കൃതേ | ചെയ്തെന്നാൽ |
| ഭാരം | ഭാരമായിത്തീർന്നതുമായ | അഹൻ | കൊന്നിരുന്നു. |
| ദുഷ്ടം | ദുഷിച്ച | | |

രാജോവാച = പരീക്ഷിത് രാജാവ് ചോദിച്ചു

**16 കിം തദംഹോ ഭഗവതോ രാജന്യൈരജിതാത്മഭിഃ**
**കൃതംയേന കുലം നഷ്ടം ക്ഷത്രിയാണാമഭീക്ഷ്ണശഃ**

| | | | |
|---|---|---|---|
| അജിതാത്മഭിഃ | ആത്മനിയന്ത്രണമില്ലാത്ത | യേന | യാതൊന്നു ഹേതുവായി |
| രാജന്യൈഃ | ക്ഷത്രിയന്മാരാൽ | ക്ഷത്രിയാണാം | ക്ഷത്രിയന്മാരുടെ |
| ഭഗവതഃ | ഭഗവാൻെറ അടുക്കൽ | കുലം | വംശം |
| കൃതം | ചെയ്യപ്പെട്ടതായ | അഭീക്ഷ്ണശഃ | തുടരെത്തുടരെ |
| തത് അംഹഃ | ആ അപരാധം | നഷ്ടം | നശിപ്പിക്കപ്പെട്ടു ? |
| കിം | എന്തായിരുന്നു ? | | |

നശിപ്പിക്കപ്പെട്ടതു കാർത്തവീര്യാർജ്ജുൻ ചെയ്ത തെററുകൊണ്ടാണെന്നു പറയുവാൻ ഭാവിച്ച്, ആ രാജാവിൻെറ അഹംകാരത്തിനു ഹേതുവായ ഐശ്വര്യാദിയെ അടുത്ത ആറു ശ്ലോകം കൊണ്ട് വർണ്ണിക്കുന്നു

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

17 ഹൈഹയാനാമധിപതിരർജ്ജുനഃ ക്ഷത്രിയർഷഭഃ
ദത്തം നാരായണസ്യാംശമാരാധ്യ പരികർമ്മഭിഃ

18 ബാഹൂൻ ദശശതം ലേഭേ ദുർധർഷത്വമരാതിഷു
അവ്യാഹതേന്ദ്രിയൗജഃ ശ്രീതേജോവീര്യയശോബലം

19 യോഗേശ്വരത്വമൈശ്വര്യം ഗുണാ യത്രാണിമാദയഃ
ചചാരാവ്യാഹതഗതിർല്ലോകേഷു പവനോ യഥാ

| | |
|---|---|
| ഹൈഹയാനാം | ഹേഹയവംശക്കാരുടെ അധിപതിയും |
| ക്ഷത്രിയർഷഭഃ | ക്ഷത്രിയരിൽ ശ്രേഷ്ഠനു മായ |
| അർജ്ജുനഃ | കാർത്തവീര്യാർജ്ജുനൻ |
| നാരായണസ്യ | ശ്രീമഹാവിഷ്ണുവിൻെറ |
| അംശം | അംശാവതാരമായ |
| ദത്തം | ദത്താത്രേയമുനിയെ |
| പരികർമ്മഭിഃ | സേവാശുശ്രൂഷാദികൾ കൊണ്ട് |
| ആരാധ്യ | ആരാധിച്ചു പ്രസാദി പ്പിച്ച് |
| ദശശതം | ഒരായിരം |
| ബാഹൂൻ | കരങ്ങളെയും, |
| അരാതിഷു | ശത്രുക്കൾക്കിടയിൽ |
| ദുർധർഷത്വം | തോൽവിപററാത്തനില യെയും, |
| അവ്യാഹതേന്ദ്രിയൗജഃ ശ്രീതേജോവീര്യയശോബലം | തടവററ ഇന്ദ്രിയശക്തി- സമ്പത്ത് – തേജസ്സ് വീരത-പ്രസിദ്ധി – ദേഹ ബലം എന്നിവകളെയും, |
| യോഗേശ്വരത്വം | യോഗേശ്വരൻ എന്ന സ്ഥാനത്തെയും |
| അണിമാദയഃ | അണിമാദികളായ |
| ഗുണാഃ | വിശിഷ്ടസിദ്ധികൾ |
| യത്ര | യാതൊന്നിലാണോ, |
| ഐശ്വര്യം | ആ അഷ്ടൈശ്വര്യമഹിമ യെയും |
| ലേഭേ | കൈക്കലാക്കി |
| യഥാ | ഏതുപോലെ |
| പവനഃ | വായു(സഞ്ചരിക്കുന്നുവോ) |
| (തഥാ) | അതുപോലെ |
| അവ്യാഹതഗതിഃ | എങ്ങും സഞ്ചാരനിരോധ മില്ലാത്തവനായിട്ട് |
| ലോകേഷു | നാനാലോകങ്ങളിലും |
| ചചാര | സഞ്ചരിച്ചു. |

**20 സ്ത്രീരത്നൈ രാവൃതഃ ക്രീഡൻ രേവാംഭസി മദോത്കടഃ**
**വൈജയന്തീം സ്രജം ബിഭ്രദ് രുരോധ സരിതം ഭുജൈഃ**

| | | | |
|---|---|---|---|
| മദോത്കടഃ | മദംപെരുത്തിട്ടുള്ള അവൻ | രേവാംഭസി | നർമ്മദാനദീജലത്തിൽ |
| വൈജയന്തീം | വൈജയന്തിയെന്ന | ക്രീഡൻ | ക്രീഡിച്ചുകൊണ്ട് |
| സ്രജം | മണിമാലയെ | ഭുജൈഃ | തന്റെ ഭുജങ്ങളാൽ |
| ബിഭ്രത് | അണിഞ്ഞൊരുങ്ങി, | സരിതം | നദീപ്രവാഹത്തെ |
| സ്ത്രീരത്നൈഃ | പെൺമണികളാൽ | രുരോധ | തടഞ്ഞുനിർത്തി. |
| ആവൃതഃ | പരിവൃതനായി | | |

**21 വിപ്ലാവിതം സ്വശിബിരം പ്രതിസ്രോതഃ സരിജ്ജലൈഃ**
**നാമൃഷ്യത് തസ്യ തദ്വീര്യം വീരമാനീ ദശാനനഃ**

| | | | |
|---|---|---|---|
| വീരമാനീ | വീരനെന്നു സ്വയം അഭിമാനിക്കുന്ന | സ്വശിബിരം | തന്റെ സൈനികത്താവളത്തെ |
| ദശാനനഃ | രാവണൻ | (ദൃഷ്ട്വാ) | കണ്ടിട്ട് |
| പ്രതിസ്രോതഃ സരിജ്ജലൈഃ | പ്രതികൂലം (മേലോട്ട്) പ്രവഹിക്കുന്ന നദീജലത്താൽ | തസ്യ | അവന്റെ (കാർത്തവീര്യന്റെ) |
| വിപ്ലാവിതം | ഒഴുക്കിലാഴ്ത്തി നശിപ്പിക്കപ്പെട്ട | തത് വീരം | അത്തരത്തിലുള്ള വീര്യത്തെ |
| | | ന അമൃഷ്യത് | പൊറുത്തില്ല. |

ദിഗ്വിജയത്തിനു സസൈന്യം സഞ്ചരിച്ചിരുന്ന രാവണൻ നർമ്മദാതീരത്തിൽ മാഹിഷ്മതിക്കു സമീപം ഒരുനാൾ ശിവപൂജയ്ക്കിരിക്കയായിരുന്നു. അന്നേരത്താണ് കാർത്തവീര്യൻ പുഴയുടെ ഒഴുക്കിനെ കൈകളാൽ തടഞ്ഞു വെള്ളം മേലോട്ട് എത്തിച്ചത്. രാവണനും അവന്റെ ശിബിരവും വെള്ളപ്പൊക്കത്തിലകപ്പെട്ടു. വാസ്തവവൃത്താന്തമറിഞ്ഞപ്പോൾ വീരാഭിമാനിയായ ദശാനനനു ആ കുസൃതിപ്പണി പൊറുക്കാനായില്ല. ഇതിന്റെ പേരിൽ ഇരുവരും തമ്മിൽ കലഹം നടന്നു.

**22 ഗൃഹീതോ ലീലയാ സ്ത്രീണാം സമക്ഷം കൃതകില്ബിഷഃ**
**മാഹിഷ്മത്യാം സന്നിരുദ്ധോ മുക്തോ യേന കപിര്യഥാ**

| | | | |
|---|---|---|---|
| കൃത-കില്ബിഷഃ | കൃതാപരാധനായ * രാവണൻ | ലീലയാ | കളിയായിട്ട് (നിഷ്പ്രയാസം) |
| യേന സ്ത്രീണാം | യാതൊരു കാർത്തവീര്യനാൽ സ്ത്രീകളുടെ | ഗൃഹീതഃ | പിടിക്കപ്പെടുകയും |
| സമക്ഷം | മുന്നിൽവെച്ച് | മാഹിഷ്മത്യാം | മാഹിഷ്മതിയിൽ (കൊണ്ടുവന്നു) |

| | | | |
|---|---|---|---|
| സന്നിരുദ്ധഃ | തടവിലാക്കപ്പെടുകയും ചെയ്തു. | കപിഃ യഥാ | വെറും കുരങ്ങെന്നപോലെ അവജ്ഞയോടെ |
| | | മുക്ത | പിന്നെ വിട്ടയക്കപ്പെട്ടു. |

* കാർത്തവീര്യാർജ്ജുനൻ ജലക്രീഡ ചെയ്തുകൊണ്ടിരിക്കെ അവിടെ ചെന്നു കലഹത്തിനുദ്യമിക്കുക എന്ന അപരാധം ചെയ്ത കാർത്തവീര്യൻ പരശുരാമനെ പ്രകോപിപ്പിക്കുവാനിടയായ സംഭവം ഇനി പറയുന്നു.

23 സ ഏകദാ തു മൃഗയാം വിചരൻ വിജനേ വനേ
യദൃച്ഛയാഽശ്രമപദം ജമദഗ്നേരുപാവിശത്

| | | | |
|---|---|---|---|
| ഏകദാ | ഒരിക്കൽ | യദൃച്ഛയാ | യാദൃച്ഛികമായി |
| സഃ | ആ കാർത്തവീര്യാർജ്ജുനൻ | ജമദഗ്നേഃ | ജഗദഗ്നിയുടെ |
| വിജനേ | വിജനമായ | | |
| വനേ | വനത്തിൽ | ആശ്രമപദം | ആശ്രമപ്രദേശത്തേക്ക് |
| മൃഗയാം വിചരൻ | വേട്ടയാടി സഞ്ചരിച്ചു കൊണ്ട് | ഉപാവിശത് | കടന്നു ചെന്നു. |

24 തസ്മൈ സ നരദേവായ മുനിരർഹണമാഹരത്
സസൈന്യാമാത്യവാഹായ ഹവിഷ്മത്യാ തപോധനഃ

| | | | |
|---|---|---|---|
| തപോധനഃ | തപസ്സ്മാത്രം ധനമായിട്ടുള്ളവനും. | നരദേവായ | മഹാരാജാവായ |
| മുനിഃ | മനനശീലനുമായ | തസ്മൈ | അദ്ദേഹത്തിന്ന് |
| സഃ | ആ ജമദഗ്നിമഹർഷി | ഹവിഷ്മത്യാ | കാമധേനുവെക്കൊണ്ട് |
| സസൈന്യാമാത്യവാഹായ | സൈന്യത്തോടും മന്ത്രിമാരോടും ഗജതുരഗാദിവാഹനങ്ങളോടും കൂടിവന്ന | അർഹണാം | സൽക്കാരത്തെ |
| | | ആഹരത് | ഒരുക്കി. |

25 സ വീരസ്തത്ര തദ്ദൃഷ്ട്വാ ആത്മൈശ്വര്യാതിശായനം
തന്നാദ്രിയതാഗ്നി ഹോത്ര്യാം സാഭിലാഷഃ സഹൈഹയഃ

| | | | |
|---|---|---|---|
| സഹൈഹയഃ | ഹൈഹയന്മാരോടുകൂടിയ | ആത്മൈശ്വര്യാതിശായനം | തന്റെ ഐശ്വര്യത്തെക്കാളും കൂടുതൽ മികച്ചിട്ടുള്ളതായ |
| സ വീരഃ | ആ വീരൻ | | |
| തത്ര | അവിടെ (ജമദഗ്നിയുടെ ആശ്രമത്തിൽ | | |

| | |
|---|---|
| തത് ദൃഷ്ട്വാ | അതിനെകണ്ട് |
| അഗ്നി-ഹോത്ര്യം | മുനിയുടെ അഗ്നിഹോത്രോപകരണമായ ധേനുവിൽ |
| സാഭിലാഷഃ | ആശയുള്ളവനായിട്ട് |
| തത് | അതിനെ (ആതിഥ്യത്തെ) |
| ന ആദ്രിയത | ആദരിച്ചില്ല. |

**26 ഹവിർധാനീമൃഷേർദർപ്പാന്നരാൻ ഹർത്തുമചോദയത്**
**തേ ച മാഹിഷ്മതീം നിന്യുഃ സവത്സാം ക്രന്ദതീം ബലാത്**

| | |
|---|---|
| ഋഷേഃ | ജമദഗ്നിമുനിയുടെ |
| ഹവിർധാനീം | ഹോമധേനുവിനെ |
| ഹർത്തും | തട്ടിക്കൊണ്ടുപോകാൻ |
| ദർപ്പാത് | അഹങ്കാരംകൊണ്ട് |
| നരാൻ | തന്റെ ആളുകളെ |
| അചോദയാത് | നിയോഗിച്ചു. |
| തേ ച | അവരും |
| സവത്സാം | കിടാവിനോടുകൂടെ |
| ക്രന്ദതീം | നിലവിളി കൂട്ടുന്ന ധേനുവിനെ |
| ബലാത് | ബലാൽക്കാരേണ |
| മാഹിഷ്മതീം | മാഹിഷ്മതിയിലേക്ക് |
| നിന്യുഃ | കൊണ്ടുപോയി. |

**27 അഥ രാജനി നിര്യാതേ രാമ ആശ്രമമാഗതഃ**
**ശ്രുത്വാ തത് തസ്യ ദൗരാത്മ്യം ചുക്രോധാഹിരിവാഹതഃ**

| | |
|---|---|
| അഥ | അനന്തരം, |
| രാജനി-നിര്യാതേ | രാജാവ് പോയതായ അവസരത്തിൽ |
| ആശ്രമം | ആശ്രമത്തിലേക്ക് |
| ആഗതഃ | വന്നുചേർന്ന |
| രാമഃ | പരശുരാമൻ |
| തസ്യ | അദ്ദേഹത്തിന്റെ |
| തത് | അത്തരത്തിലുള്ള |
| ദൗരാത്മ്യം | ദുഷ്പ്രവണതയെ |
| ശ്രുത്വാ | കേട്ട് (കേട്ടും) |
| ആഹതഃ | ചവിട്ടേററ |
| അഹിഃ ഇവ | പാമ്പെന്നപോലെ |
| ചുക്രോധ | ക്രോധാക്രാന്തനായി. |

**28 ഘോരമാദായ പരശും സതൂണം ചർമ്മകാർമ്മുകം**
**അന്വധാവത ദുർമ്മർഷോ മൃഗേന്ദ്ര ഇവ യൂഥപം**

| | |
|---|---|
| ഘോരം | ഭീകരമായ |
| പരശും | വെൺമഴുവും |
| സതൂണം | തൂണീരത്തോടൊപ്പം |
| കാർമ്മുകം | പടവില്ലും |
| ചർമ്മ | പരിചയും |
| ആദായ | എടുത്ത്, |
| ദുർമ്മർഷഃ | ആക്രമം നേക്കടക്കുവാനാവാത്ത ആ ഉഗ്രമൂർത്തി |
| മൃഗേന്ദ്രഃ | സിംഹം |
| യൂഥപം ഇവ | സംഘത്തലവനായ കൊമ്പനാനയെക്കണക്കെ |
| അന്വധാവത | പിന്നാലെ പാഞ്ഞണഞ്ഞു. |

29 തമാപതന്തം ഭൃഗുവര്യമോജസാ
ധനുർദ്ധരം ബാണപരശ്വധായുധം
ഐണേയചർമ്മാംബരമർക്കധാമഭി–
ര്യുതം ജടാഭിർദദൃശേ പുരീംവിശൻ

| | | | |
|---|---|---|---|
| പുരീം | സ്വനഗരമായ മാഹിഷ്മതിയിലേക്ക് | ഐണേയ–ചർമ്മാംബരം | കൃഷ്ണാജിനം (മാൻതോൽ) കൊണ്ടുള്ള വസ്ത്രംധരിച്ച– |
| വിശൻ | പ്രവേശിക്കുന്ന കാർത്തവീര്യൻ | അർക്കധാമഭിഃ | സൂര്യകിരണങ്ങളം പോലെ ഉജ്വലിക്കുന്ന |
| ഓജസാ | ഊക്കോടുകൂടെ | ജടാഭിഃ | ജടകളോടു |
| ആപതന്തം | പാഞ്ഞണയുന്ന— | യുതം | കൂടിയിരിക്കുന്ന |
| ധനുർദ്ധരം | വില്ലെടുത്തിരിക്കുന്ന | ഭൃഗുവര്യം | ഭൃഗുകുലോത്തമനെ (ഭാർഗ്ഗവരാമനെ) |
| ബാണപരശ്വധായുധം | ശരവും വെൺമഴുവും ആയുധമായുള്ള — | ദദൃശേ | കണ്ടു. |

30 അചോദയദ്ധസ്തി രഥാശ്വപത്തിഭിർ–
ഗദാസിബാണർഷ്ടിശതഘ്നിശക്തിഭിഃ
അക്ഷൗഹിണീഃ സപ്തദശാതിഭീഷണാ–
താ രാമ ഏകോ ഭഗവാനസൂദയത്

| | | | |
|---|---|---|---|
| ഹസ്തിരഥാശ്വപത്തിഭിഃ | ആന, തേർ, കുതിര, കാലാൾ എന്നീ ചതുരംഗങ്ങളോടും | അക്ഷൗഹിണീഃ | അക്ഷൗഹിണിപ്പടകളെ |
| | | അചോദയത് | (കാർത്തവീര്യൻ) നിയോഗിച്ചു. |
| ഗദാസിബാണർഷ്ടിശതഘ്നിശക്തിഭിഃ | ഗദ, വാൾ, ശരം, ഈട്ടി, മുൾത്തടി, വേൽ എന്നീ ആയുധങ്ങളോടും കൂടിയ | താഃ | അവയെ |
| | | ഭഗവാൻ | ഭഗവാനായ |
| അതിഭീഷണാഃ | അതിഭയങ്കരങ്ങളായ | രാമഃ | പരശുരാമൻ |
| | | ഏകഃ | ഒററയ്ക്കു് |
| സപ്തദശ | പതിനേഴ് | അസൂദയത് | തകർത്തു |

31 യതോ യതോƒസൗ പ്രഹരത്പരശ്വധോ
മനോനിലൗജാഃ പരചക്രസൂദനഃ
തതശ്ഛിന്ന ഭുജോരുകന്ധരാ
നി പേതുരുർവ്യാം ഹതസൂതവാഹനാഃ

| | | | |
|---|---|---|---|
| പ്രഹരത്–പരശ്വധഃ | വെൺമഴുവിനാൽ പ്രഹരിച്ചുകൊണ്ടു്, | മനോ–നിലൗജാഃ | മനോവേഗത്തോടും വായുവേഗത്തോടും കൂടിയവനായി, |

| | | | |
|---|---|---|---|
| പരചക്ര- സൂദനഃ | ശത്രുസമൂഹത്തെ കൊന്നൊടുക്കുന്ന | ഹതസൂത- വാഹനാഃ | കൊല്ലപ്പെട്ട സാരഥികളോടും ഗജതുരഗാദിവാഹനങ്ങളോടും കൂടിയ എതിരാളികൾ |
| അസൗ | ഈ പരശുരാമൻ | | |
| യതഃ യതഃ | എവിടെയെവിടെയെത്തുന്നുവോ, | | |
| തതഃ തതഃ | അവിടെയെവിടെയെല്ലാം | ഉർവ്യാം | ഭൂമിയിൽ |
| ഛിന്നഭുജോ- രുകന്ധരാഃ | അററുപോയ ഭുജങ്ങളോടും തുടകളോടും കഴുത്തുകളോടും | നിപേതുഃ | വീണുകിടന്നിരുന്നു |

32 ദൃഷ്ട്വാ സ്വ സൈന്യം രുധിരൗഘകർദ്ദമേ
രണാജിരേ രാമകുഠാരസായകൈഃ
വിവൃക്ണചർമ്മധ്വജചാപവിഗ്രഹം
നിപാതിതം ഹൈഹയ ആപതദ്രുഷാ

| | | | |
|---|---|---|---|
| രുധിരൗഘ- കർദ്ദമേ | ചോരയൊഴുക്കിനാൽ ചളികെട്ടിയ | സ്വസൈന്യം | സ്വന്തം സേനയെ |
| രണാജിരേ | പോർക്കളത്തിൽ | ദൃഷ്ട്വാ | കണ്ടിട്ട് |
| രാമകുഠാര- സായകൈഃ | ഭാർഗ്ഗവരാമൻെറ പരശുവിനാലും ശരങ്ങളാലും | ഹൈഹയഃ | കാർത്തവീര്യാർജ്ജുനൻ |
| നിപാതിതം | നിലംപതിപ്പിക്കപ്പെട്ട് | | |
| വിവൃക്ണ- ചർമ്മധ്വജ- ചാപ- വിഗ്രഹം | പൊട്ടിത്തകർന്ന പരിചയും കൊടിമരം- വില്ല് – ഉടൽ എന്നിവയോടുകൂടിയ | രുഷാ | കോപത്തോടെ |
| | | ആപതത് | ചാടിവീണു |

33 അഥാർജ്ജുനഃ പഞ്ചശതേഷു ബാഹുഭിർ
ധനുഃഷു ബാണാൻ യുഗപത് സ സന്ദധേ
രാമായ രാമോഽസ്ത്രഭൃതാം സമഗ്രണീ-
സ്താനേകധന്വേഷുഭിരാച്ഛിനത് സമം

| | | | |
|---|---|---|---|
| അഥ | അനന്തരം | യുഗപത് | ഒരേസമയത്തു് |
| സഃ അർജ്ജുനഃ | ആ കാർത്തവീര്യാർജ്ജുനൻ | രാമായ | പരശുരാമൻെറ നേക്ക് |
| പഞ്ചശതേഷു | അഞ്ഞൂറ് | സന്ദധേ | തൊടുത്തു. |
| ധനുഃഷു | വില്ലുകളിൽ | അസ്ത്രഭൃതാം | അസ്ത്രമെടുത്തവർക്കിടയിൽ |
| ബാണാൻ | അത്രയും ശരങ്ങളെ | സമഗ്രണീഃ | അഗ്രഗണ്യനായ |
| ബാഹുഭിഃ | അതിലിരട്ടിയുള്ള ബാഹുക്കളാൽ | രാമഃ | ശ്രീപരശുരാമൻ |

| | | | |
|---|---|---|---|
| ഏകധന്വാ | ഒരേയൊരു വില്ലുമാത്രം ധരിച്ചുകൊണ്ടു് | താനി | അവയെ (അജ്ജുനൻെറ ശരങ്ങളെ) |
| | | സമം | ഏകകാലത്തിൽ |
| ഇഷുഭിഃ | ശരങ്ങളാൽ | അച്ഛിനത് | അറുത്തിട്ടു. |

**34** **പുനഃ സ്വഹസൈ്തരചലാൻ മൃധേ്യങ്ഘ്രിപാ–**
**നത്ക്ഷിപ്യ വേഗാദഭിധാവതോ യുധി**
**ഭുജാൻ കുഠാരേണ കഠോരനേമിനാ**
**ചിച്ഛേദരാമഃ പ്രസഭം ത്വഹേരിവ**

| | | | |
|---|---|---|---|
| പുനഃ | വീണ്ടും | ഭുജാൻ | ഭുജങ്ങളെ |
| മൃധേ | യുദ്ധത്തിനായി | രാമഃ തു | പരശുരാമനാകട്ടെ |
| അചലാൻ | മലകളേയും | കഠോര– നേമിനാ | കട്ടത്ത മൂച്ചയുള്ള വായ്ത്തലയോടുകൂടിയ |
| അങ്ഘ്രിപാൻ | മരങ്ങളെയും | കുഠാരേണ | വെൺമഴുകൊണ്ടു് |
| സ്വഹസൈ്തഃ | തൻകൈകളാൽ | പ്രസഭം | ബലാല്ക്കാരമായി |
| ഉത്ക്ഷിപ്യ | പൊക്കിയെടുത്ത് | അഹേഃ ഇവ | പാമ്പിൻെറ (പത്തികളെ) യെന്നപോലെ |
| വേഗാത് | വേഗത്തോടെ | | |
| അഭിധാവതഃ | നേരിട്ടു് ഓടിവരുന്ന കാർത്തവീര്യൻെറ | യുധി | യുദ്ധഭൂമിയിൽവെച്ചു് |
| | | ചിച്ഛേദ | ഛേദിച്ചു |

**35** **കൃത്തബാഹോഃ ശിരസ്തസ്യ ഗിരേഃ ശൃംഗമിവാഹരത്**
**ഹതേ പിതരി തത്പുത്രാ അയുതം ദുദ്രുവുർഭയാത്**

| | | | |
|---|---|---|---|
| കൃത്തബാഹോഃ | ഛേദിക്കപ്പെട്ട ഭുജങ്ങളോടുകൂടിയ | പിതരി ഹതേ | ഇങ്ങനെ പിതാവ് വധിക്കപ്പെട്ടുകഴിഞ്ഞപ്പോൾ |
| തസ്യശിരഃ | ആ കർത്തവീര്യൻെറ ശിരസ്സിനെ | തത്പുത്രാഃ | അദ്ദേഹത്തിൻെറ പുത്രന്മാർ |
| ഗിരേഃ | പർവ്വതത്തിൻെറ | | |
| ശൃംഗം | ശിഖരത്തെ | അയുതം | പതിനായിരം പേർ |
| ഇവ | എന്നപോലെ | ഭയാത് | ഭയപ്പാടിനാൽ |
| അഹരത് | വെട്ടിയടർത്തി | ദുദ്രുവുഃ | പാഞ്ഞുപോയി. |

**36** **അഗ്നിഹോത്രീമുപാവർത്ത്യ സവത്സാം പരവീരഹാ**
**സമുപേത്യാശ്രമം പിത്രേ പരിക്ലിഷ്ടാം സമർപ്പയത്**

| | | | |
|---|---|---|---|
| പരവീരഹാ | ശത്രുവീരന്മാരുടെ ഹന്താവായ പരശുരാമൻ | അഗ്നി– ഹോത്രീം | അഗ്നി ഹോത്രോപകരണമായ കാമസുരഭിയെ |

| | | | |
|---|---|---|---|
| സവത്സാം | പൈക്കിടാവിനോടുകൂടി | പരിക്ലിഷ്ടാം | ക്ഷീണിച്ച് അവശയായ പശുവിനെ |
| ഉപാവർത്ത്യ | തിരിച്ച് ആട്ടിയിട്ട് | പിത്രേ | പിതാവിന്നു് |
| ആശ്രമം | ആശ്രമത്തിലേക്കു് | സമർപ്പയത് | സമർപ്പിച്ചു. (ഏല്പിച്ചു കൊടുത്തു.) |
| സമുപേത്യ | എത്തിച്ചേർന്നു് | | |

37 **സ്വകർമ്മതത്കൃതം രാമഃ പിത്രേ ഭ്രാതൃഭ്യ ഏവ ച**
**വർണ്ണയാമാസ തച്ഛ്രുത്വാ ജമദഗ്നിരഭാഷത**

| | | | |
|---|---|---|---|
| തത്കൃതം | ആ വിധം ചെയ്യപ്പെട്ടു കഴിഞ്ഞ | വർണ്ണയാമാസ | സവിസ്തരം ചൊല്ലികേൾപ്പിച്ചു. |
| സ്വകർമ്മ | തന്റെ പ്രവൃത്തിയെ | തത് ശ്രുത്വാ | അതുകേട്ടിട്ട് |
| രാമഃ | പരശുരാമൻ | ജമദഗ്നിഃ | ജമദഗ്നിമഹർഷി |
| പിത്രേ | അച്ഛന്നും | അഭാഷത | പറഞ്ഞു. |
| ഭ്രാതൃഭ്യഃ ഏവ ച | സഹോദരന്മാർക്കെല്ലാം തന്നെയും | | |

38 **രാമ രാമ മഹാബാഹോ ഭവാൻ പാപമകാരഷീത്**
**അവധീന്നരദേവം യത്സർവ്വദേവമയം വൃഥാ**

| | | | |
|---|---|---|---|
| രാമ രാമ | ഹേ രാമ! രാമ! | യത് | എന്തെന്നാൽ |
| മഹാബാഹോ | ബാഹുബലശാലിൻ! | സർവ്വദേവമയം | സമസ്തദേവതാസ്വരൂപനായ |
| ഭവാൻ | നീ | നരദേവം | മനുഷ്യേശ്വരനെ |
| പാപം | പാപകർമ്മം | വൃഥാ | വെറുതെ |
| അകാരഷീത് | ചെയ്തു. | അവധീത് | കൊന്നുവല്ലോ |

39 **വയം ഹി ബ്രാഹ്മണാസ്താത ക്ഷമയാർഹണതാം ഗതാഃ**
**യയാ ലോകഗുരുർദേവഃ പാരമേഷ്ഠ്യമഗാത് പദം**

| | | | |
|---|---|---|---|
| താത | ഉണ്ണീ ! | ലോകഗുരുഃ | അഖിലലോകപിതാവായ |
| ബ്രാഹ്മണാഃ | ബ്രാഹ്മണരായ | ദേവ | ബ്രഹ്മദേവൻ |
| വയം ഹി | നമ്മളെല്ലാം | പാരമേഷ്ഠ്യംപദം | സർവ്വോന്നതമായ 'പരമേഷ്ഠി' എന്ന പദവിയെ |
| ക്ഷമയാ | ക്ഷമകൊണ്ടു് | അഗാത് | പ്രാപിച്ചതാകുന്നു. |
| അർഹണതാം | സംപൂജ്യതയെ | | |
| ഗതാഃ | പ്രാപിച്ചവരാണു് | | |
| യയാ | യാതൊരു ക്ഷമയാൽ കൊണ്ടു് | | |

40 ക്ഷമയാ രോചതേ ലക്ഷ്മീർബ്രാഹ്മീ സൗരീയഥാ പ്രഭാ
ക്ഷമിണാമാശു ഭഗവാംസ്തുഷ്യതേ ഹരിരീശ്വരഃ

| | | | |
|---|---|---|---|
| ബ്രാഹ്മീലക്ഷ്മീഃ | ബ്രാഹ്മണതേജസ്സ് | ഈശ്വരഃ | സവ്വേശ്വരനമായ |
| ക്ഷമയാ | ക്ഷമകൊണ്ട് | ഹരിഃ | ശ്രീനാരായണൻ |
| സൗരീപ്രഭാ യഥാ | സൂര്യപ്രകാശമെന്നതു പോലെ | ക്ഷമിണാം | ക്ഷമാശീലന്മാരുടെ നേക്ക് |
| രോചതേ | പ്രശോഭിക്കുന്നു. | ആശു | അതിവേഗം |
| ഭഗവാൻ | സവ്ജ്ഞനും | തുഷ്യതേ | പ്രസാദിക്കുന്നു. |

41 രാജ്ഞോ മൂദ്ധാഭിഷിക്തസ്യ വധോ ബ്രഹ്മവധാദ് ഗുരുഃ
തീത്ഥസംസേവയാചാംഹോ ജഹ്യങ്ഗാച്യുതചേതനഃ

| | | | |
|---|---|---|---|
| മൂദ്ധാഭി-ഷിക്തസ്യ | പട്ടാഭിഷേകം ചെയ്തു മുടി ചൂടിയ | അച്യുത-ചേതനഃ | ശ്രീനാരായണനിൽ അപ്പിതമായ ബുദ്ധിയോടു കൂടിയവനായിട്ട് |
| രാജ്ഞഃ വധഃ | രാജാവിന്റെ വധം | | |
| ബ്രഹ്മവധാത് | ബ്രഹ്മഹത്യയെക്കാൾ | തീത്ഥസം-സേവയാച | പാവനസങ്കേതങ്ങളുടെ സന്ദശ്നങ്ങളാലും മററും |
| ഗുരുഃ | ഗൗരവമുള്ളതാണ് | അംഹഃ | ആ പാതകത്തെ |
| അങ്ഗ | മകനെ ! നീ | ജഹി | പരിഹരിച്ചാലും. |

ഇതിശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ

പഞ്ചദശോഽധ്യായഃ

ആദിതഃ ശ്ലോകാഃ 599

നവമസ്കന്ധത്തിൽ പതിനഞ്ചാമധ്യായം കഴിഞ്ഞു.

★

# ഷോഡശോഽധ്യായഃ = അദ്ധ്യായം പതിനാറ്

## പരശുരാമന്റെ ക്ഷത്രിയസംഹാരപ്രതിജ്ഞ

## വിശ്വാമിത്രവംശം

**"ഷോഡശേഽധ്യായ ഭാർജ്ജുനസുതൈഃ ജമദഗ്നൗഹതേമൂർഹ്ണഃ**
**രാമാത്ക്ഷത്രവധഃ പ്രോക്തഃ വിശ്വാമിത്രസ്യചാന്വയഃ"**

കാർത്തവീര്യപുത്രന്മാർ ജമദഗ്നിയെ കൊല്ലുകയാൽ പരശുരാമൻ ക്ഷത്രിയസംഹാര പ്രതിജ്ഞയെടുക്കുന്നതും വിശ്വാമിത്രന്റെ വംശചരിതവും ഈ അദ്ധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

**1 പിത്രോപശിക്ഷിതോരാമസ്തഥേതി കുരുനന്ദന**
**സംവത്സരം തീർത്ഥയാത്രാം ചരിത്വാഽശ്രമമാവ്രജത്**

| | | | |
|---|---|---|---|
| കുരുനന്ദന | കുരുവംശജനായ രാജാവേ! | സംവത്സരം | ഒരു വർഷം മുഴുവനും |
| പിത്രാ | പിതാവിനാൽ | തീർത്ഥയാത്രാം | തീർത്ഥയാത്രയെ |
| ഉപശിക്ഷിതഃ | ഉപദേശിക്കപ്പെട്ട | ചരിത്വാ | ചെയ്തശേഷം |
| രാമ | പരശുരാമൻ | ആശ്രമം | ആശ്രമത്തിലേക്ക് |
| തഥാ ഇതി | 'അങ്ങനെയാകാം' എന്നു സമ്മതിച്ച് | ആവ്രജത് | തിരിച്ചെത്തി. |

**2 കദാചിദ്രേണുകായാതാ ഗംഗായാം പദ്മമാലിനം**
**ഗന്ധർവ്വരാജം ക്രീഡന്തമപ്സരോഭിരപശ്യത**

| | | | |
|---|---|---|---|
| കദാചിത് | ഒരിക്കൽ | അപ്സരോഭിഃ | അപ്സരസ്ത്രീകളോടൊന്നിച്ച് |
| ഗംഗായാം | ഗംഗാനദിയിൽ (ജലത്തിനായി) | ക്രീഡന്തം | വിഹരിക്കുന്ന |
| യാതാ | പോയിരുന്ന | ഗന്ധർവ്വരാജം | ഒരു ഗന്ധർവ്വരാജനെ |
| രേണുകാ | രേണുകാദേവി | അപശ്യത | കണ്ടു. |
| പദ്മ-മാലിനം | ചെന്താമരപ്പൂമാലയണിഞ്ഞുകൊണ്ട് | | |

3 വിലോകയന്തീ ക്രീഡന്തമുദകാർത്ഥം നദീം ഗതാ
ഹോമവേലാം ന സസ്മാര കിഞ്ചിത് ചിത്രരഥസ്പൃഹാ

| | | | |
|---|---|---|---|
| ഉദകാർത്ഥം | ജലം കൊണ്ടുവരുന്നതിനായി | കിഞ്ചിത് | കുറഞ്ഞൊന്നു |
| നദീം | നദിയിലേക്കു് | ചിത്രരഥസ്പൃഹാ | ആ ചിത്രരഥനെന്ന ഗന്ധർവനിൽ ആഗ്രഹം ജനിച്ചവളായിട്ടു് |
| ഗതാ | പോയതായ അവൾ | ഹോമവേലാം | അഗ്നിഹോത്രത്തിനുള്ള സമയം അതിക്രമിച്ചതിനെ |
| ക്രീഡന്തം | ക്രീഡിച്ചുകൊണ്ടിരിക്കുന്ന ഗന്ധർവനെ | ന സസ്മാര | ഓർത്തില്ല. |
| വിലോകയന്തീ | നോക്കിനിന്നുകൊണ്ടു് | | |

4 കാലാത്യയം തം വിലോക്യ മുനേഃ ശാപവിശങ്കിതാ
ആഗത്യകലശം തസ്ഥൗ പുരോധായ കൃതാഞ്ജലിഃ

| | | | |
|---|---|---|---|
| തം കാലാത്യയം | ആ അഗ്നിഹോത്രത്തിനുള്ള സമയം തെററിയതു് | ആഗത്യ | വന്നിട്ടു് |
| വിലോക്യ | കണ്ടു് | കലശം | ജലകുംഭത്തെ |
| മുനേഃ | മുനിയുടെ അടുക്കൽനിന്നു | പുരോധായ | മുന്നിൽവെച്ചു് |
| ശാപവിശങ്കിതാ | ശാപമുണ്ടാകുമെന്നു് ആശങ്കിച്ച രേണുക | കൃതാഞ്ജലിഃ | കൈകൂപ്പിക്കൊണ്ടു് |
| | | തസ്ഥൗ | നില്പായി. |

5 വ്യഭിചാരം മുനിർജ്ഞാത്വാ പത്ന്യാഃ പ്രകുപിതോഽബ്രവീത്
ഘ്നതൈനാം പുത്രകാഃ പാപാമിത്യുക്താസ്തേ ന ചക്രിരേ

| | | | |
|---|---|---|---|
| മുനിഃ | ജമദഗ്നിമഹർഷി | പുത്രകാഃ | ''ഉണ്ണികളേ! |
| പത്ന്യാഃ | പത്നിയുടെ | പാപാം | ദുർവൃത്തയായ |
| വ്യഭിചാരം | മാനസികമായ വ്യഭിചാരദോഷത്തെ | ഏനാം | ഇവളെ |
| ജ്ഞാത്വാ | അറിഞ്ഞു് | ഘ്നത | കൊല്ലുവിൻ!'' |
| പ്രകുപിതഃ | അത്യന്തംകുപിതനായിട്ടു് | ഇതി | ഇപ്രകാരം |
| അബ്രവീത് | പറഞ്ഞു— | ഉക്താഃ തേ | ആവശ്യപ്പെട്ട അവർ |
| | | ന ചക്രിരേ | അതു ചെയ്തില്ല. |

6 രാമഃ സഞ്ചോദിതഃ പിത്രാ ഭ്രാതൄൻ മാത്രാ സഹാവധീത്
പ്രഭാവജ്ഞോ മുനേഃ സമ്യക് സമാധേസ്തപസശ്ച സഃ

| | | | |
|---|---|---|---|
| പിത്രാ | പിതാവിനാൽ | രാമഃ | ഭാർഗ്ഗവരാമൻ |
| സഞ്ചോദിതഃ | സംപ്രേരിതനായ | മാത്രാസഹ | അമ്മയോടൊന്നിച്ചു് |

| | | | |
|---|---|---|---|
| ഭ്രാതൄൻ | ജ്യേഷ്ഠന്മാരെയും | തപസഃ ച | തപസ്സിന്റെയും |
| അവധീത് | വധിച്ചു. | സമ്യക് | ശരിക്കുള്ള |
| സഃ | അവൻ | | |
| മുനേഃ | ജമദഗ്നിമുനിയുടെ | പ്രഭാവജ്ഞഃ | പ്രഭാവം അറിയുന്നവനായിരുന്നു. |
| സമാധേഃ | സമാധിയുടെയും | | |

**7 വരേണ ഛന്ദയാമാസ പ്രീതഃ സത്യവതീസുതഃ**
**വവ്രേ ഹതാനാം രാമോഽപി ജീവിതം ചാസ്മൃതിം വധേ**

| | | | |
|---|---|---|---|
| സത്യവതീസുതഃ | സത്യവതീ പുത്രനായ ജമദഗ്നി | ഹതാനാം | കൊല്ലപ്പെട്ടവരുടെ |
| പ്രീതഃ | സന്തുഷ്ടനായിഭവിച്ച് | ജീവിതം | ജീവിതവും |
| വരേണ | അഭീഷ്ടവരദാനത്താൽ | വധേ | കൊന്നതിന്മേലുള്ള |
| ഛന്ദയാമാസ | പ്രീണിപ്പിച്ചു. | അസ്മൃതിം ച | ഓർമ്മവിട്ടുപോകലും |
| രാമഃ അപി | പരശുരാമനാകട്ടെ | വവ്രേ | വരപ്രസാദമായി വരിച്ചു. |

**8 ഉത്തസ്ഥുസ്തേ കുശലിനോ നിദ്രാപായ ഇവാഞ്ജസാ**
**പിതുർവിദ്വാംസ്തപോവീര്യം രാമശ്ചക്രേ സുഹൃദ്വധം**

| | | | |
|---|---|---|---|
| തേ | അവരെല്ലാവരും | രാമഃ | പരശുരാമൻ |
| നിദ്രാപായേ | ഉറക്കം വിട്ടുപോയതിൽ പ്പിന്നെ | പിതുഃ | സ്വപിതാവിന്റെ |
| | | തപോവീര്യം | തപഃ ശക്തിയെക്കുറിച്ച് |
| ഇവ | എന്നപോലെ | വിദ്വാൻ | ബോധവാനായിട്ടുതന്നെയാണ് |
| കുശലിനഃ | ക്ഷേമസമന്വിതരായിട്ട് | | |
| അഞ്ജസാ | അനായാസേന | സുഹൃദ്വധം | ഉററവരുടെ കൂട്ടക്കൊല |
| ഉത്തസ്ഥുഃ | എഴുന്നേററു. | ചക്രേ | നടത്തിയതു് |

സ്വപിതാവ് അസാമാന്യ തപോവീര്യമുള്ളവനും നിഗ്രഹാനുഗ്രഹ സമർത്ഥനുമാണെന്ന് അദ്ദേഹത്തിന്റെ ആദേശമനുസരിക്കാതിരുന്നാൽതന്നെ ശപിച്ചേക്കുമെന്നും അനുസരിച്ചാൽ അഭീഷ്ടവരംതന്ന് അനുഗ്രഹിക്കുമെന്നും പരശുരാമന് നല്ല ബോധ്യമുണ്ടായിരുന്നു.

**9 യേഽർജ്ജുനസ്യ സുതാരാജൻ സ്മരന്തഃ സ്വപിതുർവധം**
**രാമവീര്യപരാഭൂതാലേഭിരേ ശർമ്മ ന കചിത്**

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | അർജ്ജുനസ്യ | കാർത്തവീര്യാർജ്ജുനന്റെ |
| രാമവീര്യപരാഭൂതാഃ | പരശുരാമന്റെ വീര്യത്താൽ പരാജിതരായിരുന്ന | യേ | യാവചില |
| | | സുതാഃ | പുത്രന്മാർ ഉണ്ടായിരുന്നുവോ, |

| | | | |
|---|---|---|---|
| (തേ) | അവർ | കദാചിത് | ഒരുസമയത്തും |
| സ്വപിതുഃ | സ്വന്തം പിതാവിന്റെ | | |
| വധം | വധത്തെ | ശർമ്മ | മനഃസുഖത്തെ |
| സ്മരന്തഃ | ഓർത്തുകൊണ്ട് (ഇരുന്നതിനാൽ) | തലേഭിരേ | പ്രാപിച്ചിരുന്നില്ല. |

**10 ഏകദാഽശ്രമതോ രാമേ സഭ്രാതരി വനംഗതേ**
**വൈരം സിസാധയിഷവോ ലബ്ധച്ഛിദ്രാ ഉപാഗമൻ**

| | | | |
|---|---|---|---|
| ഏകദാ | ഒരു സന്ദർഭത്തിൽ | വൈരം | പകവീട്ടൽ |
| രാമേ | പരശുരാമൻ | സിസാധയിഷവഃ | സാധിക്കുന്നതിനു കാത്തുകൊണ്ടിരുന്ന അവർ |
| സഭ്രാതരി | സഹോദരന്മാരോടൊന്നിച്ച് | | |
| വനംഗതേ | കാട്ടിലേക്ക് പോയിരുന്നപ്പോൾ | ലബ്ധച്ഛിദ്രാഃ | തക്കംകിട്ടിയവരായിട്ട് |
| | | ഉപാഗമൻ | അടുത്തണഞ്ഞു |

**11 ദൃഷ്ട്വാഗ്ന്യഗാര ആസീനമാവേശിതധിയം മുനിം**
**ഭഗവത്യുത്തമശ്ലോകേ ജഘ്നുസ്തേ പാപനിശ്ചയാഃ**

| | | | |
|---|---|---|---|
| അഗ്ന്യഗാരേ | ഹോമപ്പുരയിൽ | ദൃഷ്ട്വാ | കണ്ടിട്ട് |
| ആസീനം | ഇരുന്നുകൊണ്ട് | പാപനിശ്ചയാഃ | കൊലപാതകം നടത്തുവാൻ ദൃഢസങ്കല്പം കൊണ്ടിരിക്കുന്ന |
| ഉത്തമശ്ലോകേ | പാവനകീർത്തിയെഴുന്ന | | |
| ഭഗവതി | ശ്രീവാസുദേവനിൽ | | |
| ആവേശിതധിയം | ഏകാഗ്ര ഭാവനയോടെ ചേർക്കപ്പെട്ട മാനസത്തോടുകൂടിയ | തേ | അവർ (കാർത്തവീര്യപുത്രന്മാർ) |
| മുനിം | ജമദഗ്നിമുനിയെ | ജഘ്നുഃ | അദ്ദേഹത്തെ കൊന്നു |

**12 യാച്യമാനാഃ കൃപണയാ രാമമാത്രാതിദാരുണാഃ**
**പ്രസഹ്യ ശിര ഉത്കൃത്യ നിന്യുസ്തേ ക്ഷത്രബന്ധവഃ**

| | | | |
|---|---|---|---|
| കൃപണയാ | ദീനയായ | തേ | അവർ |
| രാമമാത്രാ | രാമമാതാവിനാൽ (രേണുകയാൽ) | പ്രസഹ്യ | ബലാൽക്കാരമായി |
| | | ശിരഃ | (ജമദഗ്നിയുടെ) ശിരസ്സിനെ |
| യാച്യമാനാഃ | അഭ്യർത്ഥിതരായിട്ടുംകൂടി | | |
| അതിദാരുണാഃ | അതിഭീകരന്മാരും | ഉത്കൃത്യ | വെട്ടിയറുത്ത് |
| ക്ഷത്രബന്ധവഃ | ക്ഷത്രിയാധമന്മാരുമായ | നിന്യുഃ | കൊണ്ടുപോയി |

13 രേണുകാ ദുഃഖശോകാർത്താ നിഘ്നന്ത്യാത്മാനമാത്മനാ
രാമ രാമേ ഹി താതേതി വിചുക്രോശോച്ചകൈഃ സതീ

| | | | |
|---|---|---|---|
| ദുഃഖശോകാർത്താ | ദുഃഖത്താലും മനോവ്യഥയാലും പീഡിതയായ | നിഘ്നന്തീ | തൊഴിച്ചുകൊണ്ടു്, |
| സതീ | പതിവ്രതയായ | രാമ രാമ | "രാമാ, രാമാ, |
| രേണുകാ | രേണുകാദേവി | താത ഏഹി | ഉണ്ണീ, വരൂ" |
| ആത്മാനം | തൻഹൃദയത്തെ | ഇതി | എന്നിങ്ങനെ |
| ആത്മനാ | തൻകൈയാൽ | ഉച്ചകൈഃ | ഉറക്കെ |
| | | വിചുക്രോശ | നിലവിളിച്ചു. |

14 തദുപശ്രുത്യ ദൂരസ്ഥോ ഹാ രാമേത്യാർത്തവത് സ്വനം
ത്വരയാശ്രമമാസാദ്യ ദദൃശേ പിതരം ഹതം

| | | | |
|---|---|---|---|
| ദൂരസ്ഥഃ | അകലെ നിന്നിരുന്ന പരശുരാമൻ | ത്വരയാ | ബദ്ധപ്പാടോടെ |
| ഹാ രാമ | "അയ്യോ രാമാ" | ആശ്രമം | ആശ്രമത്തിലേക്കു് |
| ഇതി തത് | എന്നിങ്ങനെയുള്ള | ആസാദ്യ | വന്നു് |
| ആർത്തവത്-സ്വനം | വേദനാപൂർണ്ണമായ ഒച്ചപ്പാടു് | ഹതം | കൊല്ലപ്പെട്ടിരിക്കുന്ന |
| | | പിതരം | പിതാവിനെ |
| ഉപശ്രുത്യ | കേട്ടു് | ദദൃശേ | കണ്ടു |

15 തദ്ദുഃഖരോഷാമർഷാർത്തിശോകമോഹവിമോഹിതഃ
ഹാ താത സാധോ ധർമ്മിഷ്ഠ ത്യക്ത്വാസ്മാൻ സ്വർഗതോ ഭവാൻ

16 വിലപ്യൈവം പിതുർദേഹം നിധായ ഭ്രാതൃഷു സ്വയം
പ്രഗൃഹ്യ പരശും രാമഃ ക്ഷത്രാന്തായ മനോ ദധേ

| | | | |
|---|---|---|---|
| തദ്ദുഃഖ-രോഷാമർഷാ-ർത്തിശോക-മോഹവിമോ-ഹിതഃ | തൽസംബന്ധമായ ദുഃഖം, കോപം, അസഹിഷ്ണുത, പീഡാനുഭവം, മനഃശല്യം, എന്നിവയുടെ തീവ്രതയാൽ വ്യാകുലനായ | ഭവാൻ | അങ്ങുന്നു് |
| | | സ്വർഗതഃ | സ്വർലോകത്തെത്തിയല്ലോ" |
| | | ഏവം | എന്നിങ്ങനെയെല്ലാം പറഞ്ഞുകൊണ്ടു് |
| രാമഃ | പരശുരാമൻ | | |
| ഹാ താത | അയ്യോ! അച്ഛാ!! | വിലപ്യ | വാവിട്ടുകരഞ്ഞു് |
| സാധോ | സൽസ്വഭാവിൻ! | പിതുഃ | അച്ഛന്റെ |
| ധർമ്മിഷ്ഠ | ധാർമ്മികശ്രേഷ്ഠ! | ദേഹം | മൃതശരീരത്തെ |
| അസ്മാൻ | ഞങ്ങളെ | ഭ്രാതൃഷു | സഹോദരന്മാരുടെ അടുക്കൽ |
| ത്യക്ത്വാ | വെടിഞ്ഞു് | | |

| | | | |
|---|---|---|---|
| നിധായ | ഏല്പിച്ചുവെച്ച്, | ക്ഷത്രാന്തായ | സർവ്വക്ഷത്രിയസംഹാരത്തിനായി |
| പരശ്വം | വെൺമഴുവിനെ | | |
| പ്രഗൃഹ്യ | കരത്തിലേന്തി | മനഃ ദധേ | ദൃഢനിശ്ചയംചെയ്തു |

**17 ഗത്വാ മാഹിഷ്മതീം രാമോ ബ്രഹ്മഘ്നവിഹതശ്രിയം**
**തേഷാം സ ശീർഷഭീ രാജൻ മധ്യേ ചക്രേ മഹാഗിരിം**

| | | | |
|---|---|---|---|
| രാമഃ | പരശുരാമൻ | രാജൻ | ഹേ പരീക്ഷിത്തേ |
| ബ്രഹ്മഘ്ന-വിഹത ശ്രിയം | ബ്രഹ്മഘാതകന്മാരാൽ തീർത്തും ഇല്ലാതാക്കപ്പെട്ട ഐശ്വര്യത്തോടുകൂടിയ | സഃ | അദ്ദേഹം |
| | | തേഷാം | അവരുടെ (ക്ഷത്രിയന്മാരുടെ) |
| മാഹിഷ്മതീം | മാഹിഷ്മതിയെന്ന ഹൈഹയ നഗരത്തിലേക്ക് | ശീർഷഭിഃ | തലമണ്ടകളെക്കൊണ്ട് |
| | | മധ്യേ | നഗരമധ്യത്തിൽ |
| | | മഹാഗിരിം | ഒരു കൂറ്റൻ മലയ |
| ഗത്വാ | ചെന്നിട്ട് | ചക്രേ | ഉണ്ടാക്കി. |

**18 തദ്രക്തേന നദീം ഘോരാമബ്രഹ്മണ്യഭയാവഹാം**
**ഹേതും കൃത്വാ പിതൃവധം ക്ഷത്രേ/മംഗലകാരിണി**

**19 ത്രിഃ സപ്തകൃത്വഃ പൃഥിവീം കൃത്വാ നിഃക്ഷത്രിയാം പ്രഭുഃ**
**സ്യമന്തപഞ്ചകേ ചക്രേ ശോണിതോദാൻ ഹ്രദാൻ നവ**

| | | | |
|---|---|---|---|
| ക്ഷത്രേ | ക്ഷത്രിയവർഗ്ഗം | തദ്രക്തേന | അവരുടെ ചോരകൊണ്ട് |
| അമംഗല-കാരിണി | അനീതികരം നടത്തിക്കൊണ്ടുവരവേ, | അബ്രഹ്മണ്യ-ഭയാവഹാം | ബ്രഹ്മദ്വേഷികൾക്ക ഭീതിവളർത്തുന്ന |
| പ്രഭുഃ | സർവ്വശക്തനായ രാമൻ | ഘോരാം | ഭീഷണനദിയെ |
| പിതൃവധം | പിതൃവധത്തെ | നദീം | (സൃഷ്ടിച്ച്) |
| ഹേതും കൃത്വാ | നിമിത്തീകരിച്ച് | സ്യമന്ത-പഞ്ചകേ | സ്യമന്തപഞ്ചകമെന്ന സ്ഥലത്ത് |
| ത്രിഃ സപ്തകൃത്വഃ | 21 വട്ടം * | ശോണിതോ-ദാൻ | രക്തജലം കെട്ടിനില്ക്കുന്ന |
| പൃഥിവീം | ഭൂമിയെ | നവ | ഒമ്പതു് |
| നിഃ ക്ഷത്രിയാം | ക്ഷത്രിയശൂന്യമാക്കി | ഹ്രദാൻ | കയങ്ങളെ |
| കൃത്വാ | ചെയ്തിട്ട് | ചക്രേ | ഉണ്ടാക്കി. |

* രേണുക ദുഃഖാവേശത്താൽ 21 പ്രാവശ്യം മാറത്തടിച്ചുനിലവിളിച്ചു. അക്കാരണത്താൽ അത്രയും പ്രാവശ്യംതന്നെ പരശുരാമനും ക്ഷത്രിയസംഹാരം നടത്തിയതാണത്രേ.

20 പിതുഃ കായേനസന്ധായ ശിരആദായബർഹിഷി
സർവ്വദേവമയം ദേവമാത്മാനമയജന്മഖൈഃ

| | | | |
|---|---|---|---|
| പിതുഃ ശിരഃ | പിതാവിന്റെ ശിരസ്സിനെ | ആത്മാനം | സകലാത്മാവുമായ |
| ആദായ | എടുത്ത് | ദേവം | ദേവനെ |
| കായേന | ഉടലോടുകൂടി | ബർഹിഷി | അഗ്നിയിൽ |
| സന്ധായ | യോജിപ്പിച്ച് | മഖൈഃ | യജ്ഞങ്ങളാൽ |
| സർവ്വദേവ–മയം | സമസ്തദേവതാസ്വരൂപനും | അയജത് | ആരാധിച്ചു. |

21 ദദൗ പ്രാചീം ദിശംഹോത്രേ ബ്രഹ്മണേ ദക്ഷിണാം ദിശം
അധ്വര്യവേ പ്രതീചീം വൈ ഉദ്ഗാത്രേ ഉത്തരാം ദിശം

22 അന്യേഭ്യോഽവാന്തരദിശഃ കശ്യപായ ച മധ്യതഃ
ആര്യാവർത്തമുപദ്രഷ്ട്രേ സദസ്യേഭ്യസ്തതഃ പരം

| | | | |
|---|---|---|---|
| ഹോത്രേ | ഹോതാവിന്ന് | അവാന്തര–ദിശഃ | ഇടയിലുള്ള പ്രദേശങ്ങളെയും, |
| പ്രാചീം ദിശം | കിഴക്കേദിക്കിനെയും, | കശ്യപായ | കശ്യപമുനിക്ക് |
| ബ്രഹ്മണേ | ബ്രഹ്മന്ന് | മധ്യതഃ ച | മധ്യപ്രദേശത്തെയും, |
| ദക്ഷിണാം | തെക്കുള്ള | ഉപദ്രഷ്ട്രേ | കർമ്മനിരീക്ഷകന്ന് |
| ദിശം | പ്രദേശത്തെയും, | ആര്യാവർത്തം | ആര്യാവർത്തഭൂമിയെയും, |
| അധ്വര്യവേ | അധ്വര്യുവിന്ന് | സദസ്യേഭ്യഃ | സദസ്യന്മാർക്ക് |
| പ്രതീചീം വൈ | പടിഞ്ഞാറിനെയും, | തതഃ പരം | പിന്നെ അവശേഷിച്ച ഭൂവിഭാഗങ്ങളെയും |
| ഉദ്ഗാത്രേ | ഉദ്ഗാതാവിന്ന് | ദദൗ | ദാനം ചെയ്തു. |
| ഉത്തരാം ദിശം | വടക്കേദിക്കിനെയും | | |
| അന്യേഭ്യഃ | മററുള്ളവർക്ക് | | |

23 തതശ്ചാവഭൃതസ്നാനവിധൂതാശേഷകില്ബിഷഃ
സരസ്വത്യാം ബ്രഹ്മനദ്യാം രേജേവ്യഭ്ര ഇവാംശുമാൻ

24 സ്വദേഹം ജമദഗ്നിസ്തു ലബ്ധ്വാ സംജ്ഞാനലക്ഷണം
ഋഷീണാം മണ്ഡലേസോഽഭൂത് സപ്തമോ രാമപൂജിതഃ

| | | | |
|---|---|---|---|
| തതഃ ച | അതിൽപ്പിന്നെ | | |
| ബ്രഹ്മനദ്യാം | ബ്രഹ്മനദിയായ | സരസ്വത്യാം | സരസ്വതിയിൽ ചെയ്ത |

| | |
|---|---|
| അവഭൃഥ-സ്നാനവിധൂ-താശേഷ-കില്ബിഷഃ | ദീക്ഷാന്തസ്നാനത്താൽ അകററപ്പെട്ട സമസ്തപാതകങ്ങളോട് (വീരഹത്യാദി) കൂടിയവനായ ശ്രീപരശുരാമൻ |
| വ്യഭ്രഃ | മഴക്കാറിൽനിന്നകന്ന |
| അംശുമാൻ | സൂര്യൻ |
| ഇവ | എന്നപോലെ |
| രേജേ | തിളങ്ങി. |
| സഃ | ഹതനായ ആ |
| ജമദഗ്നിഃ തു | ജമദഗ്നിയാകട്ടെ |
| സംജ്ഞാന-ലക്ഷണം | സ്വബോധമുണ്ടാവുക എന്ന ലക്ഷണത്തോട് കൂടിയ |
| സ്വദേഹം | തന്റെ ജീവൽശരീരത്തെ |
| ലബ്ധ്വാ | ലഭിച്ചശേഷം |
| ഋഷീണാം | സപ്തർഷിമാരുടെ * |
| മണ്ഡലേ | സംഘത്തിൽ |
| സപ്തമഃ | ഏഴാമത്തേവനായും (ഏഴിൽ ഒരുവൻ) |
| രാമപൂജിതഃ | പരശുരാമനാൽ പൂജിതനായും |
| അഭൂത് | ഭവിച്ചു. |

* കശ്യപൻ, ഗൗതമൻ, അത്രി, ഭരദ്വാജൻ, വസിഷ്ഠൻ, വിശ്വാമിത്രൻ, ജമദഗ്നി എന്നിവരാണ് ശതപഥബ്രാഹ്മണപ്രകാരം സപ്തർഷികൾ.

**25. ജാമദഗ്ന്യോഽപി ഭഗവാൻ രാമഃ കമലലോചനഃ**
**ആഗാമിന്യന്തരേ രാജൻ വർത്തയിഷ്യതി വൈ ബൃഹത്**

| | |
|---|---|
| രാജൻ | അല്ലയോ രാജാവേ! |
| ജാമദഗ്ന്യ | ജമദഗ്നിയുടെ പുത്രനും |
| കമല-ലോചനഃ | താമരദളംപോലെ നീണ്ടിടംപെട്ട നേത്രങ്ങളോടുകൂടിയ സുന്ദരാകാരനും |
| ഭഗവാൻ | സർവ്വജ്ഞാനനിധിയുമായ |
| രാമഃ അപി | പരശുരാമനാകട്ടെ |
| ആഗാമിനി | വരാൻ പോകുന്ന |
| അന്തരേ | മന്വന്തരത്തിൽ |
| ബൃഹത് | വേദത്തെ |
| വർത്തയിഷ്യതി | പ്രവർത്തിപ്പിക്കുന്നതാണ്. |

വേദപ്രവർത്തകന്മാരായ സപ്തർഷിമാരിൽ ഒരാളായിട്ട് വർത്തിക്കുന്നതാണെന്ന് സാരം.

**26 ആസ്തേഽദ്യാപി മഹേന്ദ്രാദ്രൗ ന്യസ്തദണ്ഡഃ പ്രശാന്തധീഃ**
**ഉപഗീയമാനചരിതഃ സിദ്ധഗന്ധർവ്വചാരണൈഃ**

| | |
|---|---|
| ന്യസ്തദണ്ഡഃ | ദണ്ഡോപായത്തെ (ഹിംസാവൃത്തിയെ) വെടിഞ്ഞവനും, |
| പ്രശാന്തധീഃ | ഏററവും ശാന്തമായ ബുദ്ധിയോടുകൂടിയവനും, |
| സിദ്ധ-ഗന്ധർവ്വ-ചാരണൈഃ | സിദ്ധന്മാർ-ഗന്ധർവ്വന്മാർ-ചാരണന്മാർ എന്നിവരാൽ |
| ഉപഗീയ-മാനചരിതഃ | വാഴ്ത്തിപ്പാടുന്ന ചരിതത്തോടുകൂടിയവനുമായിട്ട് |
| മഹേന്ദ്രാദ്രൗ | മഹേന്ദ്രപർവ്വതത്തിൽ |
| അദ്യാപി | ഇപ്പോഴും |
| ആസ്തേ | വാണരുളുന്നു. |

**27 ഏവം ഭൃഗുഷു വിശ്വാത്മാ ഭഗവാൻ ഹരിരീശ്വരഃ**
**അവതീര്യ പരംഭാരം ഭുവോഽഹൻ ബഹുശോ നൃപാൻ**

| | | | |
|---|---|---|---|
| വിശ്വാത്മാ | വിശ്വാകാരനും | അവതീര്യ | അവതരിച്ച് |
| ഭഗവാൻ | സൈശ്വര്യാദി ഗുണോപേതനും | ഭുവഃ | ഭൂമിക്ക് |
| ഈശ്വരഃ | സർവ്വനിയന്താവുമായ | പരം ഭാരം | അതിഭാരമായിത്തീർന്ന |
| ഹരിഃ | ശ്രീമഹാവിഷ്ണു | നൃപാൻ | ക്ഷത്രിയരാജാക്കന്മാരെ |
| ഏവം | ഇപ്രകാരം | ബഹുശഃ | പലവട്ടം |
| ഭൃഗുഷു | ഭൃഗുവംശത്തിൽ | അഹൻ | വെട്ടികൊന്നു. |

സോമവംശ്യരാജാക്കന്മാരുടെ ചരിതം വിസ്തരിക്കുന്ന പ്രകൃതത്തിൽ പ്രസക്താനുപ്രസക്ത്യാ അവതരിപ്പിച്ച ഭാർഗ്ഗവരാമകഥ ഇതോടെ അവസാനിപ്പിച്ച് പ്രകൃതത്തിലേക്കുതന്നെ പ്രവേശിക്കുന്നു. സോമവംശത്തിലെ ഗാധിയെന്ന രാജാവിന്റെ പുത്രിയായ സത്യവതിയെ ഭൃഗുവംശ സംഭവനായ ഋചീകമുനിവേട്ടതും ഈ ഋചീകന്റെ പൗത്രനായ പരശുരാമൻ സർവ്വക്ഷത്രസംഹാരം നടത്തിയതും പറഞ്ഞു കഴിഞ്ഞശേഷം ഈ ഗാധിയുടെതന്നെ പുത്രനായ വിശ്വാമിത്രന്റെ ചരിതം പറഞ്ഞുതുടങ്ങുന്നു.

**28 ഗാധേരഭൂന്മഹാതേജാഃ സമിദ്ധ ഇവ പാവകഃ**
**തപസാ ക്ഷാത്രമുത്സൃജ്യ യോ ലേഭേ ബ്രഹ്മവർച്ചസം**

| | | | |
|---|---|---|---|
| സമിദ്ധഃ | കത്തിക്കാളുന്ന | യഃ | വിശ്വാമിത്രനെന്നു പേരായ യാതൊരുവൻ |
| പാവകഃ ഇവ | അഗ്നിപോലെ | തപസാ | തപസ്സിനാൽ |
| മഹാതേജാഃ | അതിതേജസ്വിയായ പുത്രൻ | ക്ഷാത്രം | ക്ഷത്രിയധർമ്മത്തെ |
| | | ഉത്സൃജ്യ | ഉപേക്ഷിച്ച് |
| ഗാധേഃ | ഗാധിയിൽനിന്നു് | ബ്രഹ്മവർച്ചസം | ബ്രാഹ്മതേജസ്സിനെ |
| അഭൂത് | ഉണ്ടായി | ലേഭേ | നേടിയെടുത്തു. |

**29 വിശ്വാമിത്രസ്യ ചൈവാസൻ പുത്രാ ഏകശതം നൃപ**
**മധ്യമസ്തു മധുച്ഛന്ദാ മധുച്ഛന്ദസ ഏവ തേ**

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ഏകശതം | ഒരു നൂറു് |
| വിശ്വാമിത്രസ്യ | വിശ്വാമിത്രന്നു് | പുത്രാഃ ച ഏവ | പുത്രന്മാർ തന്നെയും |
| | | ആസൻ | ഉണ്ടായി. |

| | | | |
|---|---|---|---|
| മധ്യമഃ തു | നടവിലേത്തവൻ | തേ ഏവ | അവനെ നിമിത്തമാക്കി അവരെല്ലാംതന്നെ |
| മധുച്ഛന്ദാഃ | 'മധുച്ഛന്ദസ്സ്'' എന്നവൻ ആയിരുന്നു. | മധുച്ഛന്ദസഃ | മധുച്ഛന്ദസ്സുകളായി. |

വിശ്വാമിത്രഗോത്രജാതന്മാരിൽ ഭൃഗുഗോത്രജാതനും അജീഗർത്തപുത്രനുമായ ദേവരാതന്ന് ജ്യേഷ്ഠസ്ഥാനമുണ്ടെന്നു കാണുന്നു. ആശ്വലായനന്മാരും ബൗധായനന്മാരും മററും കൗശികഗോത്രക്കാർക്ക് ദേവരാതപ്രവരമാണെന്ന് പറയുന്നത് അതു കൊണ്ടാണ്. 'പ്രവര'മെന്നത് ഒരേ ഗോത്രത്തിന്റെ അവാന്തരഭേദമാണ് ;ഗോത്രാന്തരമല്ല. ഇവിടെ ഭൃഗുവംശത്തിലുണ്ടായ ദേവരാതന്ന് കൗശികപ്രവരത്വം സിദ്ധിച്ചതിനെപ്പററി ഈ അദ്ധ്യായത്തിന്റെ സമാപ്തിവരെ ഉപപാദിക്കുന്നു.

**30 പുത്രം കൃത്വാ ശുനഃശേപം ദേവരാതം ച ഭാർഗ്ഗവം**
**ആജീഗർത്തം സുതാനാഹ ജ്യേഷ്ഠ ഏഷ പ്രകല്പ്യതാം**

| | | | |
|---|---|---|---|
| ഭാർഗ്ഗവം | ഭൃഗുവിന്റെ വംശത്തിൽ ജനിച്ചവനും | പുത്രം കൃത്വാ | പുത്രനാക്കി സ്വീകരിച്ച് |
| | | സുതാൻ | സ്വപുത്രന്മാരോട് |
| ആജീഗർത്തം | അജീഗർത്തനെന്ന ബ്രാഹ്മണന്റെ പുത്രനും | ആഹ | വിശ്വാമിത്രൻ പറഞ്ഞു— |
| | | ഏഷഃ | ''ഇവൻ |
| ദേവരാതം | ദേവരാതനെന്നു കൂടി പേരുള്ളവനുമായ | ജ്യേഷ്ഠഃ | നിങ്ങളുടെ ഏവരുടെയും ഏററവും മൂത്തവനായിട്ട് |
| ശുനഃശേപം | ശുനഃശേപനെ | പ്രകല്പ്യതാം | സങ്കല്പിക്കപ്പെടുക.'' |

ശുനഃശേപന്റെ പൂർവ്വചരിതത്തെ ഇനി രണ്ടുശ്ലോകംകൊണ്ട് ചുരുക്കിപ്പറഞ്ഞു വിശ്വാമിത്രന്ന് അവനിൽ പുത്രവാത്സല്യമുണ്ടാവാനുള്ള കാരണം സ്പഷ്ടമാക്കുന്നു—

**31 യോവൈഹരിശ്ചന്ദ്രമഖേ വിക്രീതഃ പുരുഷഃ പശുഃ**
**സ്തുത്വാ ദേവാൻ പ്രജേശാദീൻ മുമുചേ പാശബന്ധനാത്**

| | | | |
|---|---|---|---|
| ഹരിശ്ചന്ദ്ര–മഖേ | ഹരിശ്ചന്ദ്രരാജാവിന്റെ യാഗത്തിനുവേണ്ടി | പ്രജേശാദീൻ ദേവാൻ | ബ്രഹ്മാവു തുടങ്ങിയ ദേവന്മാരെ |
| പുരുഷഃ പശുഃ വിക്രീതഃ | നരപശുവായി വില്ക്കപ്പെട്ടിരുന്ന | സ്തുത്വാ | സ്തുതിചെയ്തതിനാൽ |
| | | പാശ–ബന്ധനാത് | യൂപത്തിലെ കെട്ടുകയറിൽ നിന്നുള്ള ബന്ധനത്തിൽനിന്ന് |
| യഃ വൈ | യാതൊരു ഈ ശുനഃശേപൻ | മുമുചേ | മോചിക്കപ്പെട്ടതായിരുന്നു |

ശുനഃശേപൻ അജീഗർത്തദമ്പതിമാരുടെ മധ്യമപുത്രനായിരുന്നു: തന്നിമിത്തം അവക്ക് അവനിൽ താരതമ്യേന പുത്രസ്നേഹവും കുറവായിരുന്നു. ഹരിശ്ചന്ദ്രൻെറ യാഗത്തിൽ നരമേധത്തിനുള്ള പശുവായിട്ട് അവർ ശുനഃശേപനെ വിററു. യൂപത്തിൽ ബന്ധിക്കപ്പെട്ട ആ ബാലൻ പ്രസ്തുതയാഗത്തിലെ ഹോതാവായിരുന്ന വിശ്വാമിത്രൻെറ കാരുണ്യത്താൽ അദ്ദേഹം ഉപദേശിച്ചമന്ത്രങ്ങൾകൊണ്ട് ബ്രഹ്മാദിദേവന്മാരെ പ്രസാദിപ്പിച്ച് യജ്ഞഫലം ഹരിശ്ചന്ദ്രന്നനേടികൊടുക്കുകയും താൻ സ്വതന്ത്രനാകയും ചെയ്തു.

**32 യോ രാതോ ദേവയജനേ ദേവൈർഗാധിഷു താപസഃ**
**ദേവരാത ഇതി ഖ്യാതഃ ശുനഃശേപഃ സ ഭാർഗ്ഗവഃ**

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ശുനഃശേപഃ | ശുനഃശേപൻ |
| ദേവയജനേ | ദേവപ്രീതിക്കായി നടത്തിയ യജ്ഞത്തിൽ | ഗാധിഷു | ഗാധിവംശജരുടെ ഇടയിൽ |
| ദേവൈഃ | ബ്രഹ്മാദിദേവന്മാരാൽ | ദേവരാതഃ | 'ദേവരാതൻ' |
| രാതഃ | രക്ഷിച്ചുകൊടുക്കപ്പെട്ടുവോ, | ഇതി ഖ്യാതഃ | എന്നപേരിൽ വിശ്രുതനായ |
| സഃ ഭാർഗ്ഗവഃ | ആ ഭൃഗുവംശജനായ | താപസഃ | ഋഷിയായിത്തീൻ്റു. |

മദ്ധ്യമപുത്രത്വം അനൎത്ഥഹേതുവാണെന്നു കണ്ടതിനാലാണ് ശുനഃശേപനെ സ്വപുത്രനായി സ്വീകരിച്ച വിശ്വാമിത്രൻ മധുച്ഛന്ദസ്സുകളോട് അവന്നു ജ്യേഷ്ഠസ്ഥാനം നല്കണമെന്നു ആജ്ഞാപിച്ചതു്. എന്നാൽ ആദ്യത്തെ 50 പേർ അതു നിരസിച്ചതും മററുമായ സംഗതികൾ ഇനി തുടൻ്റു പറയുന്നു—

**33 യേ മധുച്ഛന്ദസോ ജ്യേഷ്ഠാഃ കുശലം മേനിരേ ന തത്**
**അശപത് താൻ മുനിഃ ക്രുദ്ധോമ്ലേച്ഛാ ഭവത ദുർജ്ജനാഃ**

| | | | |
|---|---|---|---|
| ജ്യേഷ്ഠാഃ | ജ്യേഷ്ഠന്മാരായ | താൻ | അവരെ |
| യേ | യാവചില | അശപത് | ശപിച്ചു. |
| മധുച്ഛന്ദസഃ | മധുച്ഛന്ദസ്സുകൾ | ദുർജ്ജനാഃ | "ദുഷിച്ച വകക്കാരായ |
| തത് | അതിനെ * | (യൂയം) | നിങ്ങൾ |
| കുശലം | ക്ഷേമകരമെന്നു് | മ്ലേച്ഛാ | മ്ലേച്ഛന്മാരായി (അനാര്യന്മാരായി) |
| നമേനിരേ | കരുതിയില്ല. | | |
| മുനിഃ | (അപ്പോൾ)വിശ്വാമിത്രൻ | | |
| ക്രുദ്ധഃ | കുപിതനായിട്ട് | ഭവത | ഭവിക്കുവിൻ" എന്നു് |

* ശുനഃശേപനെ ജ്യേഷ്ഠസ്ഥാനത്തു് വാഴിക്കണമെന്നുള്ള പിതാവിന്റെ ആജ്ഞയെ

**34 സ ഹോവാച മധുച്ഛന്ദാഃ സാർദ്ധം പഞ്ചാശതാ തതഃ**
**യന്നേ ഭവാൻ സഞ്ജാനീതേ തസ്മിംസ്തിഷ്ഠാമഹേ വയം**

| | | | |
|---|---|---|---|
| തതഃ | അനന്തരം | ഭവാൻ | "അങ്ങുന്നു് |
| മധുച്ഛന്ദാഃ സഃ ഹ | മധുച്ഛന്ദസ്സുതന്നെയായ ആ മധ്യമപുത്രൻ | നഃ യത് | ഞങ്ങളോടു് യാതൊന്നു് |
| | | സംജാനീതേ | കല്പിച്ചരുളുന്നുവോ, |
| പഞ്ചാശതാ സാർദ്ധം | അവരജന്മാരായ അമ്പതു പേരോടൊത്തു് | തസ്മിൻ | അതിൽ |
| | | വയം | ഞങ്ങളെല്ലാം |
| ഉവാച | പറഞ്ഞു— | തിഷ്ഠാമഹേ | ഉറച്ചുനില്ക്കുന്നു" എന്നു് |

**35 ജ്യേഷ്ഠം മന്ത്രദൃശം ചക്രുസ്ത്വാമന്വഞ്ചോ വയം സ്മ ഹി**
**വിശ്വാമിത്രഃ സുതാനാഹ വീരവന്തോ ഭവിഷ്യഥ**

**36 യേ മാനം മേഽനുഗൃഹ്ണന്തോ വീരവന്തമകർത്ത മാം**
**ഏഷ വഃ കുശികാ വീരോ ദേവരാതസ്തമന്വിത**

| | | | |
|---|---|---|---|
| വയം ത്വാം | "ഞങ്ങൾ അങ്ങയെ | അനുഗൃഹ്ണന്തഃ | കാത്തുനിലനിർത്തുന്നവരായോ, |
| അന്വഞ്ചഃ സ്മ ഹി | അനുജാതരെന്ന നിലയിൽ തികച്ചും അനുവർത്തിക്കുന്നവരാണു്" (എന്നു് ഏററു പറഞ്ഞു്) | മാം | എന്നെ |
| | | വീരവന്തം | വീരപുത്രനാക്കി (വീരന്മാരായ പുത്രന്മാരോടുകൂടിയവൻ) |
| മന്ത്രദൃശം | മന്ത്രദ്രഷ്ടാവായ ശുനഃശേപനെ | അകർത്ത | ചെയ്തുവോ, |
| ജ്യേഷ്ഠം | ജ്യേഷ്ഠഭ്രാതാവിട്ടു് | (തേ യൂയം) | അങ്ങനെയുള്ള നിങ്ങൾ |
| ചക്രുഃ | അംഗീകരിച്ചു. | വീരവന്തഃ | വീരപുത്രന്മാരുള്ളവരായി |
| | | ഭവിഷ്യഥ | ഭവിക്കുന്നതാണു്. |
| വിശ്വാമിത്രഃ | വിശ്വാമിത്രൻ | കുശികാഃ | ഹേ കൗശികന്മാരെ! |
| സുതാൻ | പുത്രന്മാരോടു് | ഏഷഃ വീരഃ | ഈ വീരനായ |
| ആഹ | പറഞ്ഞു— | ദേവരാതഃ | ദേവരാതൻ |
| യേ | "യാതൊരുവർ | വഃ | നിങ്ങളുടെയാണു്. |
| മേ മാനം | എന്റെ അഭിമാനത്തെ (പ്രശസ്തിയെ) | തം | അവനെ |
| | | അന്വിത | അനുഗമിക്കുവിൻ" എന്നു് |

37 **അന്യേ ചാഷ്ടകഹാരീതജയക്രതുമദാദയഃ**
**ഏവം കൗശികഗോത്രം തു വിശ്വാമിത്രൈഃ പൃഥഗ്വിധം**
**പ്രവരാന്തരമാപന്നം തദ്ധി ചൈവം പ്രകല്പിതം**

| | | | |
|---|---|---|---|
| അഷ്ടക– ഹാരീതജയ– ക്രതുമദാദയഃ | അഷ്ടകൻ, ഹാരീതൻ, ജയൻ, ക്രതുമാൻ മുതലായ | പൃഥഗ്വിധം | വ്യത്യസ്തവിധമായി, |
| അന്യേ ച | വേറെയും ചിലർ | തത് ഹി | അതുതന്നെ |
| തസ്യ പുത്രാഃ | വിശ്വാമിത്രന്റെ പുത്രന്മാരാണ്. | പ്രവരാന്തരം | മറ്റൊരു അവാന്തര ഗോത്രമായി |
| ഏവം | ഇപ്രകാരം | ആപന്നം | സംഭവിച്ച് |
| കൗശിക– ഗോത്രം തു | കൗശികഗോത്രമാകട്ടെ | ഏവം | ഈവിധം |
| വിശ്വാമി– ത്രൈഃ | വിശ്വാമിത്രസന്തതി കളാൽ | വികല്പിതം ച | ദേവരാതപ്രവരമായി വിശിഷ്യ കല്പിക്കപ്പെടുക യുമുണ്ടായി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ഷോഡശോഽധ്യായഃ
ആദിതഃ ശ്ലോകാ 636
നവമസ്കന്ധത്തിൽ പതിനാറാമധ്യായം കഴിഞ്ഞു.

❋

## സപ്തദശോഽധ്യായഃ = അദ്ധ്യായം പതിനേഴ്

### ആയുർവംശനിരൂപണം

**"ആയോഃ സപ്തദശേ തൈലജ്യേഷ്ഠപുത്രസ്യ പഞ്ചസു**
**സുതേഷു ക്ഷത്രവൃദ്ധാദിചതുർണാം വംശവർണ്ണനം"**

പുരൂരവസ്സിന്റെ മൂത്തപുത്രനായ ആയുവിന്റെ (ആയുസ്സിന്റെ) അഞ്ചുപുത്രന്മാരിൽ ക്ഷത്രവൃദ്ധൻ മുതലായ നാലുപേരുടെ വംശചരിതം ഈ പതിനേഴാമദ്ധ്യായത്തിൽ വർണ്ണിക്കപ്പെടുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

**1 യഃ പുരൂരവസഃ പുത്ര ആയുസ്തസ്യാഭവൻ സുതാഃ**
**നഹുഷഃ ക്ഷത്രവൃദ്ധശ്ചരജീരംഭശ്ച വീര്യവാൻ**

**2 അനേനാ ഇതി രാജേന്ദ്രശൃണുക്ഷത്രവൃധോഽന്വയം**
**ക്ഷത്രവൃദ്ധസുതസ്യാസൻ സുഹോത്രസ്യാത്മജാസ്ത്രയഃ**

**3 കാശ്യഃ കുശോഗൃത്സമദ ഇതി ഗൃത്സമദാദഭൂത്**
**ശുനകഃ ശൗനകോ യസ്യ ബഹ്വൃചപ്രവരോ മുനിഃ**

| | |
|---|---|
| രാജേന്ദ്ര | മഹാരാജാവേ! |
| പുരൂരവസഃ | പുരൂരവസിന്റെ |
| പുത്രഃ ആയുഃ | പുത്രനായ ആയുസ്സ് |
| യഃ തസ്യ | എന്നവന്ന് |
| നഹുഷഃ | നഹുഷനെന്നും. |
| ക്ഷത്രവൃദ്ധഃ | ക്ഷത്രവൃദ്ധനെന്നും, |
| രജിഃ | രജിയെന്നും |
| വീര്യവാൻ | വീര്യവാനായ |
| രംഭഃ ച | രംഭനെന്നും |
| അനേനാഃ ഇതി ച | അനേനസ്സെന്നും പേരായ അഞ്ചുപേർ |
| സുതാഃ | പുത്രന്മാരായി |
| അഭവൻ | ഭവിച്ചു. |
| ക്ഷത്രവൃധഃ | (ആദ്യം) ക്ഷത്രവൃദ്ധന്റെ |
| അന്വയം | വംശക്രമത്തെ |
| ശൃണു | കേട്ടുകൊൾക. |
| ക്ഷത്രവൃദ്ധസുതസ്യ | ക്ഷത്രവൃദ്ധന്റെ പുത്രനായ |
| സുഹോത്രസ്യ | സുഹോത്രന്റെ |
| ആത്മജാഃ | പുത്രന്മാരായിട്ട് |
| കാശ്യഃ കുശഃ | കാശ്യൻ, കുശൻ, |
| ഗൃത്സമദഃ | ഗൃത്സമദൻ |
| ഇതി ത്രയഃ | എന്നിങ്ങനെ മൂന്നുപേർ |
| ആസൻ | ഉണ്ടായി. |
| ഗൃത്സമദാത് | ഗൃത്സമദനിൽനിന്ന് |
| ശുനകഃ | ശുനകൻ |
| അഭൂത് | ഉണ്ടായി. |
| യസ്യ | യാതൊരുവന്റെ പുത്രൻ |
| ബഹ്വൃചപ്രവരഃ | അനേകം ഋഗ്വേദമന്ത്രങ്ങളിൽ പ്രാവീണ്യമുള്ള |
| ശൗനകഃ | ശൗനകനെന്ന |
| മുനിഃ | മുനിയാകുന്നു. |

**4 കാശ്യസ്യ കാശിസ്തത്പുത്രോ രാഷ്ട്രോ ദീർഘതമഃ പിതാ**
**ധന്വന്തരിർദൈർഘതമ ആയുർവേദപ്രവർത്തകഃ**

| | |
|---|---|
| കാശ്യസ്യ | കാശ്യന്റെ പുത്രൻ |
| കാശിഃ | കാശിയെന്നവനും |
| തത്പുത്രഃ | അവന്റെ പുത്രൻ |
| ദീർഘതമ-പിതാ | ദീർഘതമസ്സിന്റെ പിതാവായ |
| രാഷ്ട്രഃ | രാഷ്ട്രനുമാകുന്നു. |
| ആയുർവേദ-പ്രവർത്തകഃ | ആയുർവേദമെന്ന വൈദ്യ ശാസ്ത്രത്തിന്റെ പ്രചാരക നായ |
| ധന്വന്തരിഃ | ധന്വന്തരി |
| ദൈർഘതമഃ | ദീർഘതമസ്സിന്റെ പുത്രനാണ്. |

**5 യജ്ഞഭുഗ്വാസുദേവാംശഃ സ്മൃതമാത്രാർത്തിനാശനഃ**
**തത്പുത്രഃ കേതുമാനസ്യ ജജ്ഞേ ഭീമരഥസ്തതഃ**

**6 ദിവോദാസോ ദ്യുമാംസ്തസ്മാത് പ്രതർദന ഇതി സ്മൃതഃ**
**സ ഏവ ശത്രുജിദ്വത്സ ഋതധ്വജ ഇതീരിതഃ**
**തഥാ കുവലയാശ്വേതി പ്രോക്തോഽലർക്കാദയസ്തതഃ**

| | |
|---|---|
| വാസു-ദേവാംശഃ | ശ്രീമഹാവിഷ്ണുവിന്റെ അംശാവതാരമായ ഈ ധന്വന്തിരി |
| സ്മൃതമാത്രാ-ർത്തിനാശനഃ | സ്മരിക്കപ്പെട്ടാൽത്തന്നെ യും സർവ്വരോഗനാശക നാണ്; |
| യജ്ഞഭുക് | യജ്ഞങ്ങളിൽ ഹവിർ ഭാഗമുള്ളവനുമാണ്. |
| തത്സുതഃ | അദ്ദേഹത്തിന്റെ പുത്രൻ |
| കേതുമാൻ | കേതുമാൻ എന്നവൻ; |
| അസ്യ | ഇവന്ന് |
| ഭീമരഥഃ | ഭീമരഥൻ |
| ജജ്ഞേ | പുത്രനായി ജനിച്ചു. |
| തതഃ | അവനിൽനിന്ന് |
| ദിവോദാസഃ | ദിവോദാസനും |
| തസ്മാത് | അവനിൽനിന്നും |
| പ്രതർദനഃ | പ്രതർദ്ദനൻ |
| ഇതിസ്മൃതഃ | എന്നപേരിൽ അറിയപ്പെ ടുന്ന |
| ദ്യുമാൻ | "ദ്യുമാൻ" ഉദ്ഭവിച്ചു. |
| സഃ ഏവ | ആ ദ്യുമാൻ തന്നെയാണ് |
| ശത്രുജിത് | ശത്രുജിത്ത്, |
| വത്സഃ | വത്സൻ, |
| ഋതധ്വജഃ | ഋതധ്വജൻ |
| ഇതി | എന്നീ നാമാന്തരങ്ങളാൽ |
| ഈരിതഃ | പറയപ്പെടുന്നതു്. |
| തഥാ | അപ്രകാരം |
| കുവലയാശ്വഃ | കുവലയാശ്വൻ |
| ഇതി | എന്നിങ്ങനെയും |
| പ്രോക്തഃ | പറയപ്പെടുന്നവനാണ് |
| തതഃ | പലപേരുകളുള്ള ആ ദ്യുമാന്റെ പുത്രനായി |
| അലർക്കാദയഃ | അലർക്കനും മററും ഉണ്ടായി. |

**7 ഷഷ്ടിവർഷസഹസ്രാണി ഷഷ്ടിവർഷശതാനി ച**
**നാലർക്കാദപരോ രാജൻ മേദിനീം ബുഭുജേ യുവാ**

| | |
|---|---|
| ഷഷ്ടിവർഷ-സഹസ്രാണി | അറുപതു് ആയിരത്താണ്ടു കളും |
| ഷഷ്ടിവർഷ-ശതാനി ച | അറുപതു് നൂററാണ്ടുകളും (കൂടിയ 66000 വർഷം) |

| | | | |
|---|---|---|---|
| രാജൻ | അല്ലയോ പരീക്ഷിത്തേ! | യുവാ | യുവാവായിരുന്നുകൊണ്ട് |
| അലർക്കാത് അപരഃ | അലർക്കനല്ലാതെ മറ്റൊരു രാജാവ് | മേദിനീം | ഭൂമിയെ |
| | | നബുഭുജേ | അനുഭവിച്ചിട്ടില്ല. |

**8 അലർക്കാത് സന്തതിസ്തസ്മാത് സുനീഥോഽഥ സുകേതനഃ**
**ധർമ്മകേതുഃ സുതസ്തസ്മാത് സത്യകേതുരജായത**

| | | | |
|---|---|---|---|
| അലർക്കാത് | അലർക്കനിൽനിന്ന് | സുകേതനഃ | സുകേതനനും, |
| സന്തതിഃ | സന്തതിയെന്നവനും, | (തസ്യ) സുതഃ | അവന്റെ പുത്രനായി |
| തസ്മാത് | അവനിൽനിന്ന് | ധർമ്മകേതുഃ | ധർമ്മകേതുവും |
| സുനീഥഃ | സുനീഥനും, | തസ്മാത് | അവനിൽനിന്ന് |
| അഥ | പിന്നെ അവന്റെ പുത്രനായി | സത്യകേതുഃ | സത്യകേതുവും |
| | | അജായത | ജനിച്ചു. |

**9 ധൃഷ്ടകേതുഃ സുതസ്തസ്മാത് സുകുമാരഃ ക്ഷിതീശ്വരഃ**
**വീതിഹോത്രസ്യ ഭർഗ്ഗോഽതോ ഭാർഗ്ഗഭൂമിരഭൂന്നൃപഃ**

| | | | |
|---|---|---|---|
| തസ്മാത് | അവനിൽ (സത്യകേതുവിൽ)നിന്ന് | വീതി–ഹോത്രസ്യ | (സുകുമാരപുത്രനായ) വീതിഹോത്രന്ന് |
| ധൃഷ്ടകേതുഃ | ധൃഷ്ടകേതുവും | ഭർഗ്ഗഃ | ഭർഗ്ഗനും |
| (തസ്യ) സുതഃ | അവന്റെ പുത്രനായി | അതഃ | ഇവനിൽനിന്ന് |
| | | ഭർഗ്ഗഭൂമിഃ | ഭർഗ്ഗഭൂമി എന്ന |
| സുകുമാരഃ | സുകുമാരൻ എന്ന | നൃപഃ | രാജാവും |
| ക്ഷിതീശ്വരഃ | രാജാവും ജനിച്ചു. | അഭൂത് | സംഭവിച്ചു. |

**10 ഇതീമേ കാശയോ ഭൂപാഃ ക്ഷത്രവൃദ്ധാന്വയായിനഃ**
**രംഭസ്യ രഭസഃ പുത്രോ ഗംഭീരശ്ചാക്രിയസ്തതഃ**

| | | | |
|---|---|---|---|
| ഇതി ഇമേ കാശയഃഭൂപാഃ | ഇങ്ങനെ കാശിവംശത്തിൽ പിറന്ന ഈ രാജാക്കന്മാർ | രഭസഃ | രഭസനാണ് |
| | | ഗംഭീരഃ ച | ഗംഭീരനെന്നവനും രംഭപുത്രൻതന്നെ |
| ക്ഷത്രവൃദ്ധാ–ന്വയായിനഃ | ക്ഷത്രവൃദ്ധന്റെ പിൻതുടർച്ചക്കാരാകുന്നു. | തതഃ | അവനിൽ (രഭസനിൽ) നിന്ന് |
| രംഭസ്യ | രംഭന്റെ | | |
| പുത്രഃ | പുത്രൻ | അക്രിയഃ | അക്രിയൻ ജാതനായി. |

**11 തസ്യക്ഷേത്രേ ബ്രഹ്മജജ്ഞേ ശൃണു വംശമനേനസഃ**
**ശുദ്ധഃ സ്തതഃ ശുചിസ്തസ്മാത് ത്രികകുദ്ധർമ്മസാരഥിഃ**

| | | | |
|---|---|---|---|
| തസ്യ | അവന്റെ | ബ്രഹ്മ | ബ്രാഹ്മണവംശം |
| ക്ഷേത്രേ | ഭാര്യയിൽ | ജജ്ഞേ | ജാതമായി. |

| | |
|---|---|
| അനേനസഃ | (ഇനി) അനേനസ്സിന്റെ |
| വംശം | വംശക്രമത്തെ |
| ശൃണു | കേട്ടുകൊള്ളുക |
| തതഃ | ആ അനേനസ്സിൽനിന്നു് |
| ശുദ്ധഃ | ശുദ്ധനെന്നവനും, |
| തസ്മാത് | അവനിൽനിന്നു് |
| ശുചിഃ | ശുചിയും, |
| തസ്മാത് | അവനിൽനിന്നു് |
| ധർമ്മസാരഥിഃ | 'ധർമ്മസാരഥി' എന്നു പ്രസിദ്ധനായ |
| ത്രികകുത് | ത്രികകുത്ത് എന്നവനും ഉളവായി. |

**12 തതഃ ശാന്തരയോ ജജ്ഞേ കൃതകൃത്യഃ സ ആത്മവാൻ**
**രജേഃ പഞ്ചശതാന്യാസൻ പുത്രാണാമമിതൗജസാം**

| | |
|---|---|
| തതഃ | ആ ത്രികകുത്തിൽനിന്നു് |
| ശാന്തരയഃ | ശാന്തരയനുണ്ടായി. |
| സഃ | അവൻ |
| കൃതകൃത്യഃ | കർത്തവ്യങ്ങളെല്ലാം നിറവേററിയവനും |
| ആത്മവാൻ | ആത്മനിഷ്ഠനുമായിരുന്നു ആകയാൽ സന്താനോൽ) പ്പാദനം ചെയ്തില്ല.) |
| രജേഃ | രജിക്കു് |
| അമിതൗജസാം | അളവററ ശക്തിയാളുന്ന |
| പുത്രാണാം പഞ്ചശതാനി | അഞ്ഞൂറു മക്കൾ |
| ആസൻ | ഉണ്ടായി. |

**13 ദേവൈരഭ്യർത്ഥിതോ ദൈത്യാൻ ഹത്വേന്ദ്രായാദദാദ്ദിവം**
**ഇന്ദ്രസ്തസ്മൈ പുനർദത്ത്വാ ഗൃഹീത്വാ ചരണൗ രജേഃ**

**14 ആത്മാനമർപ്പയാമാസ പ്രഹ്ലാദാദ്യരിശങ്കിതഃ**
**പിതര്യുപരതേ പുത്രാ യാചമാനായ നോ ദദുഃ**

**15 ത്രിവിഷ്ടപം മഹേന്ദ്രായ യജ്ഞഭാഗാൻ സമാദദുഃ**
**ഗുരുണാ ഹൂയമാനേഽഗ്നൗ ബലഭിത്തനയാൻ രജേഃ**
**അവധീദ് ഭ്രംശിതാൻ മാർഗ്ഗാന്ന കശ്ചിദവശേഷിതഃ**

| | |
|---|---|
| ദേവൈഃ | ദേവന്മാരാൽ |
| അഭ്യർത്ഥിതഃ | അഭ്യർത്ഥിക്കപ്പെട്ടവനായ രജി |
| ദൈത്യാൻ | അസുരന്മാരെ |
| ഹത്വാ | നിഗ്രഹിച്ചു് |
| ഇന്ദ്രായ | ദേവേന്ദ്രന്നു് |
| ദിവം | സ്വർഗ്ഗലോകത്തെ |
| അദദാത് | നേടിക്കൊടുത്തു. |
| ഇന്ദ്രഃ | ദേവേന്ദ്രൻ |
| പ്രഹ്ലാദാദ്യരിശങ്കിതഃ | പ്രഹ്ലാദാദികളായ ശത്രുക്കളിൽനിന്നു ഭയാശങ്കകൊണ്ടവനായിട്ടു് |
| രജേഃ | രജിയുടെ |
| ചരണൗ | കാലുരണ്ടും |
| ഗൃഹീത്വാ | പിടിച്ചു് |
| ദിവം | സ്വർഗ്ഗലോകത്തെ |
| തസ്മൈ | അദ്ദേഹത്തിന്നുതന്നെ |
| പുനഃ ദത്ത്വാ | വീണ്ടും തിരിച്ചുനൽകി, |

| | |
|---|---|
| ആത്മാനം | തന്നെയുംകൂടി |
| അപ്പ്യയാമാസ | അടിയറവെച്ചു. |
| പുത്രാഃ | എന്നാൽ (മക്കൾ) |
| പിതരി | പിതാവു് (രജി) |
| ഉപരതേ | അന്തരിച്ചപ്പോൾ |
| യാചമാനായ | വിട്ടുതരാൻ യാചിച്ചുകൊണ്ടിരുന്ന |
| മഹേന്ദ്രായ | ദേവരാജാവിന്നു |
| ത്രിവിഷ്ടപം | സ്വർഗ്ഗലോകത്തെ |
| ന ദദുഃ | കൊടുത്തില്ല. |
| യജ്ഞഭാഗാൻ | യജ്ഞങ്ങളിൽ ദേവന്മാൎക്കുള്ള ഹവിർഭാഗങ്ങളെയും |
| സമാദദുഃ | അവർകൈപ്പററി. |
| (അതഃ) | തന്നിമിത്തം |
| ഗുരുണാ | ദേവഗുരുവിനാൽ |
| അഗ്നൗ | അഗ്നിയിൽ |
| ഹൂയമാനേ | ആഭിചാരഹോമം ചെയ്യപ്പെട്ടിരിക്കെ, |
| വലഭിത് | ദേവേന്ദ്രൻ |
| മാൎഗ്ഗാത് | നേർവഴിയിൽനിന്നു |
| ഭ്രംശിതാൻ | പിഴച്ചുപോയ |
| രജേഃ | രജിയുടെ |
| തനയാൻ | പുത്രന്മാരെയെല്ലാം |
| അവധീത് | വധിച്ചു. |
| കശ്ചിത് | (അഞ്ഞൂറുപേരിൽ) ഒരുത്തൻപോലും |
| ന അവശേഷിതഃ | അവശേഷിപ്പിക്കപ്പെടുകയുണ്ടായില്ല. |

16 കുശാത് പ്രതിഃ ക്ഷാത്രവൃദ്ധാത് സഞ്ജയസ്തത്സുതോ ജയഃ

17 തതഃ കൃതഃ കൃതസ്യാപി ജജ്ഞേ ഹര്യവനോ നൃപഃ
സഹദേവസ്തതോ ഹീനോ ജയസേനസ്തു തത്സുതഃ

18 സംകൃതിസ്തസ്യ ച ജയഃ ക്ഷത്രധൎമ്മാ മഹാരഥഃ
ക്ഷത്രവൃദ്ധാന്വയാ ഭൂപാഃ ശൃണു വംശം ച നാഹുഷം

| | |
|---|---|
| ക്ഷാത്രവൃദ്ധാത് | ക്ഷത്രവൃദ്ധന്റെ പുത്രനായ |
| കുശാത് | കുശനിൽനിന്നു് |
| പ്രതിഃ | പ്രതിയും, |
| തത്സുതഃ | അവന്റെ സുതനായി |
| സഞ്ജയഃ | സഞ്ജയനും, |
| ജയഃ | തൽസുതനായി ജയനും ജനിച്ചു. |
| തതഃ | അവനിൽനിന്നു് |
| കൃതഃ | കൃതനെന്നവനുണ്ടായി. |
| കൃതസ്യ അപി | കൃതനെന്ന ഈ രാജാവിന്റെയും പുത്രനായി |
| ഹര്യവനഃ | ഹര്യവനൻ എന്ന |
| നൃപഃ ജജ്ഞേ | രാജാവു് ഉദ്ഭവിച്ചു. |
| തതഃ | അവനിൽനിന്നു് |
| സഹദേവഃ | സഹദേവനും |
| (തത് സുതഃ) | ആ സഹദേവന്റെ പുത്രനായി |
| ഹീനഃ | ഹീനനും (ഭീമനെന്നു് പാഠാന്തരം) സംഭവിച്ചു. |
| ജയസേനഃ തു | ജയസേനനെന്നവനാകട്ടെ |
| തത്സുതഃ | അവന്റെ പുത്രനാണു് |
| തസ്യ | അവന്റെ പുത്രൻ |
| സംകൃതിഃ | സംകൃതിയും |
| തസ്യ | അവന്റെ പുത്രൻ |
| ജയഃ | ജയനും, |

| | | | |
|---|---|---|---|
| തസ്യ ച | അവന്റെ പുത്രൻ | ഭൂപാഃ | രാജാക്കന്മാർ |
| മഹാരഥഃ | മഹാരഥികനായ | (ഏതേ) | ഇവരെല്ലാമാണ്. |
| ക്ഷത്രധർമ്മാ | ക്ഷത്രധർമ്മാവുമാകുന്ന | നാഹുഷാത് | നഹുഷന്റെ പുത്രൻ മുതലുള്ള |
| ക്ഷത്രവൃദ്ധാന്വയാഃ | ക്ഷത്രവൃദ്ധന്റെ സന്താനപരമ്പരയിലുള്ള | വംശം ശൃണു | വംശത്തെ കേട്ടാലും. |

പുരൂരവസ്സുമുതൽക്കുള്ള സോമവംശരാജാക്കന്മാരുടെ വംശചരിതം കഥിക്കുന്നതു ശ്രീകൃഷ്ണാവതാരകഥയ്ക്കുള്ള പശ്ചാത്തലം ഒരുക്കലാണ്. അതിനാൽ സോമവംശത്തിലെ ഏതുരാജാവിന്റെ വംശത്തിൽ ശ്രീകൃഷ്ണൻ അവതരിച്ചുവോ, ആ രാജാവിന്റെ വംശം വിസ്തരിച്ചുപറയുന്നതിന്നുവേണ്ടി ജ്യേഷ്ഠക്രമംവിട്ട് ഒടുവിലേക്കു മാററിയിരിക്കുന്നു. ആയു, നഹുഷൻ, യയതി, യദു എന്നിവരെ ഒടുവിലേക്കാക്കിയതു് അതുകൊണ്ടാണ്.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ

ചന്ദ്രവംശാനുവർണ്ണനേ സപ്തദശോऽധ്യായഃ

ആദിതഃ ശ്ലോകാ 654

നവമസ്കന്ധത്തിൽ പതിനേഴാമധ്യായം കഴിഞ്ഞു.

# അഷ്ടാദശോഽധ്യായഃ = അദ്ധ്യായം പതിനെട്ട്

## യയാതിചരിതം

**"അഷ്ടാദശേ യയാതേസ്തു നാഹുഷസ്യ കഥോച്യതേ**
**യസ്യ പഞ്ചസു പുത്രേഷു കനീയാനഗ്രഹീത് ജരാം"**

നഹുഷൻെറ പുത്രനായ യയാതിയുടെ ചരിതമാണ് ഈ പതിനെട്ടാമധ്യായത്തിൽ പറയുന്നത്. ആ രാജാവിൻെറ വാർദ്ധക്യത്തെ അഞ്ചു മക്കളിൽ ഒടുവിലത്തേവൻ ഏറ്റെടുത്തതാണ് പ്രധാന വിഷയം.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

1 **യതിർയയാതിഃ സംയാതിരായതിർവിയതിഃ കൃതിഃ**
**ഷഡിമേ നഹുഷസ്യാസൻ ഇന്ദ്രിയാണീവ ദേഹിനഃ**

| | | | |
|---|---|---|---|
| ദേഹിനഃ | ജീവന്റെ | വിയതിഃ കൃതിഃ | വിയതി, കൃതി |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങൾ | ഇമേ ഷട് | എന്നിങ്ങനെ ആറുപേർ |
| ഇവ | എന്നപോലെ | നഹുഷസ്യ | നഹുഷൻെറ പുത്രന്മാർ |
| യതിഃ യയാതിഃ | യതി, യയാതി, | ആസൻ | ആയിരുന്നു. |
| സംയാതിഃ ആയതിഃ | സംയാതി, ആയതി, | | |

2 **രാജ്യം നൈച്ഛദ്യതിഃ പിത്രാ ദത്തം തത്പരിണാമവിത്**
**യത്ര പ്രവിഷ്ടഃ പുരുഷ ആത്മാനം നാവബുധ്യതേ**

| | | | |
|---|---|---|---|
| പിത്രാ | പിതാവിനാൽ | ന ഐച്ഛത് | ഏറ്റെടുക്കാനാഗ്രഹിച്ചില്ല. |
| ദത്തം | നൽകപ്പെട്ട | യത്ര | എന്തെന്നാൽ യാതൊരു രാജ്യകാര്യത്തിൽ |
| രാജ്യം | രാജ്യത്തെ | പ്രവിഷ്ടഃ | ചെന്നകപ്പെട്ട |
| തത്പരിണാമവിത് | അതിൻെറ പരിണാമത്തെക്കുറിച്ചുബോധവാനായ | പുരുഷഃ | മനുഷ്യൻ |
| യതിഃ | യതി (മൂത്തപുത്രൻ) | ആത്മാനം ന അവബുധ്യതേ | ആത്മാവബോധമില്ലാത്തവനായിത്തീരുന്നു. |

3 **പിതരി ഭ്രംശിതേ സ്ഥാനാദിന്ദ്രാണ്യാധർഷണാദ് ദ്വിജൈഃ**
**പ്രാപിതേഽജഗരത്വം വൈ യയാതിരഭവന്നൃപഃ**

| | | | |
|---|---|---|---|
| ഇന്ദ്രാണ്യാധർഷണാത് | ഇന്ദ്രാണീവിഷയകമായ സംഭോഗേച്ഛ നിമിത്തം | പിതരി | പിതാവ് (നഹുഷൻ) |

| | | | |
|---|---|---|---|
| സ്ഥാനാത് | സ്വർഗ്ഗാധിപത്യസ്ഥാനത്തിൽനിന്ന് | പ്രാപിതേ–വൈ | പ്രാപിപ്പിക്കപ്പെട്ടകയും ചെയ്ത അവസരത്തിൽ * |
| ദ്വിജൈഃ | അഗസ്ത്യാദിമഹർഷികളാൽ | യയാതിഃ | യയാതി (നഹുഷന്റെ ദ്വിതീയപുത്രൻ) |
| ഭ്രംശിതേ | ഭ്രഷ്ടനാക്കപ്പെട്ടകയും | | |
| അജഗരത്വം | പെരുംപാമ്പിന്റെ രൂപത്തെ | നൃപഃ | രാജാവായി |
| | | അഭവത് | ഭവിച്ചു. |

* വൃത്രവധം നിമിത്തം ഉണ്ടായ ബ്രഹ്മഹത്യാ ബാധയിൽനിന്ന് രക്ഷപ്പെടുവാൻ ഇന്ദ്രൻ മാനസ തടാകത്തിൽ താമരത്തണ്ടിനുള്ളിൽ കുറെക്കാലം ഒളിഞ്ഞിരുന്നപ്പോഠം നഹുഷൻ സ്വർഗ്ഗലോകത്തിന്റെ ഭരണകർത്താവായി. അക്കാലത്തു് ഇന്ദ്രാണിയിൽ ആസക്തനായിത്തീൎന്ന നഹുഷൻ അവളുടെ നിർദ്ദേശമനുസരിച്ച് മഹാമുനിമാരെക്കൊണ്ടു് സ്വന്തം പല്ലക്കെടുപ്പിച്ച് തൽസമീപത്തേക്കു പോകയായിരുന്നു. വഴിക്കു് മെല്ലെ അടിവെച്ചു നടന്നിരുന്ന ഹ്രസ്വകായനായ അഗസ്ത്യമുനിയെ ''സർപ്പസർപ്പ'' (നടക്കു, നടക്കു) എന്ന് ശാസിച്ചു ചവിട്ടി. മുനി കോപിച്ചു ''സർപ്പോ ഭവ'' എന്നു ശപിക്കയും നഹുഷൻ ഊക്കൻ മലമ്പാമ്പായി സ്വർഗ്ഗത്തിൽ നിന്നു് ഭ്രംശിക്കയും ചെയ്തു.

**4 ചതസ്രുഷ്വാദിശദ്ദിക്ഷു ഭ്രാതൄൻ ഭ്രാതാ യവീയസഃ**
**കൃതദാരോ ജുഗോപോർവ്വീം കാവ്യസ്യ വൃഷപർവ്വണഃ**

| | | | |
|---|---|---|---|
| ഭ്രാതാ | ജ്യേഷ്ഠസോദരനായ യയാതി | കാവ്യസ്യ | ശുക്രമഹർഷിയുടേയും |
| യവീയസഃ | കനിഷ്ഠന്മാരായ | വൃഷപർവ്വണഃ (കന്യാഭ്യാം) കൃതദാരഃ | അസുരചക്രവർത്തിയായ വൃഷപർവ്വാവിന്റെയും പുത്രിമാരെ ഭാര്യമാരായി സ്വീകരിച്ചവനായിട്ടു് |
| ഭ്രാതൄൻ | സഹോദരന്മാരെ | | |
| ചതസൃഷു | നാലു | | |
| ദിക്ഷു | ദിക്കുകളിലും | ഉർവ്വീം | ഭൂമിയെ |
| ആദിശത് | പാലകരായിരിക്കുവാൻ ആജ്ഞാപിച്ചു; | ജുഗോപ | പരിപാലിച്ചു |

രാജോവാച = പരീക്ഷിത് രാജാവ് ചോദിച്ചു

**5 ബ്രഹ്മർഷിർ ഭഗവാൻ കാവ്യഃ ക്ഷത്രബന്ധുശ്ച നാഹുഷഃ**
**രാജന്യവിപ്രയോഃ കസ്മാദ് വിവാഹഃ പ്രതിലോമകഃ**

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞതാനിധിയായ | നാഹുഷഃ | നഹുഷപുത്രനായ യയാതി രാജാവ് |
| കാവ്യഃ | ശുക്രാചാര്യൻ | ക്ഷത്രബന്ധുഃ ച | ക്ഷത്രിയവംശജനുമാണല്ലോ |
| ബ്രഹ്മർഷിഃ | ബ്രഹ്മർഷിയും | | |

| | | | |
|---|---|---|---|
| രാജന്യ–വിപ്രയോഃ പ്രതിലോമകഃ | ക്ഷത്രിയനും ബ്രാഹ്മണസ്ത്രീയും തമ്മിൽ ജാത്യാചാരമുറയെ മറികടന്ന | വിവാഹഃ | വിവാഹം * |
| | | കസ്മാത് | എന്തുകാരണത്താലുണ്ടായി? |

ക്ഷത്രിയൻ ബ്രാഹ്മണകന്യകയെ വേൾക്കുക എന്നത് ആചാരനിഷിദ്ധമാകയാൽ അതു പ്രതിലോമ വിവാഹമാണ്.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

**6 ഏകദാ ദാനവേന്ദ്രസ്യ ശർമ്മിഷ്ഠാനാമ കന്യകാ**
**സഖീസഹസ്രസംയുക്താ ഗുരുപുത്ര്യാ ച ഭാമിനീ**

**7 ദേവയാന്യാ പുരോദ്യാനേ പുഷ്പിതദ്രുമസങ്കുലേ**
**വ്യചരത് കലഗീതാളിനളിനീപുളിനേƒബലാ**

| | | | |
|---|---|---|---|
| ഏകദാ | ഒരുനാൾ | സഖീസഹസ്ര-സംയുക്താ | ആയിരം തോഴിമാരോടൊന്നിച്ച് |
| ദാനവേന്ദ്രസ്യ | അസുരാധിപനായ വൃഷപർവാവിന്റെ | പുഷ്പിതദ്രുമ സംകുലേ | പൂത്തുനില്ക്കുന്ന മരങ്ങൾ ഇടതൂർന്നുനില്ക്കുന്നതും |
| കന്യകാ | പുത്രിയും | | |
| ഭാമിനീ | അതിസുന്ദരിയും | കലഗീതാളി–നളിനീ പുളിനേ | മധുരസംഗീതമുതിർക്കുന്ന വണ്ടുകൾ നിറഞ്ഞ താമരത്തടാകങ്ങളുടെ മണൽത്തിട്ടകളുള്ള |
| ശർമ്മിഷ്ഠാ നാമഅബലാ | ശർമ്മിഷ്ഠയെന്നു പേരുള്ള വളമായ പെൺകിടാവ് | | |
| ഗുരുപുത്ര്യാ | കുലഗുരുവായ ശുക്രാചാര്യരുടെ മകളായ | പുരോദ്യാനേ | നഗരോപവനത്തിൽ |
| ദേവയാന്യാ | ദേവയാനിയോടുകൂടി | വ്യചരത് | ഉലാത്തുകയായിരുന്നു |

**8 താജലാശയമാസാദ്യകന്യാഃ കമലലോചനാഃ**
**തീരേ ന്യസ്യ ദുകൂലാനി വിജഹ്രുഃ സിഞ്ചതീർമ്മിഥഃ**

| | | | |
|---|---|---|---|
| കമല–ലോചനാഃ | താമരദളംപോലെ അഴകാന്ന കണ്ണിണകളോടൊത്ത | ദുകൂലാനി | പട്ടുടയാടകളെ |
| | | തീരേന്യസ്യ | കരയിലഴിച്ചുവെച്ച് |
| താഃ കന്യാഃ | ആ കന്യകമാർ | മിഥഃ | തമ്മിൽത്തമ്മിൽ |
| ജലാശയം | തടാകത്തിലേക്ക് | സിഞ്ചതീഃ | വെള്ളംതേവിക്കൊണ്ടു് |
| ആസാദ്യ | എത്തിച്ചേർന്ന് | വിജഹ്രുഃ | വിഹരിച്ചു |

**9 വീക്ഷ്യവ്രജന്തം ഗിരിശം സഹദേവ്യാവൃഷധ്വജം**
**സരസോത്തീര്യ വാസാംസി പര്യധുർവ്രീഡിതാഃ സ്ത്രിയഃ**

| | | | |
|---|---|---|---|
| ദേവ്യാസഹ | പാർവ്വതീദേവിയോടുകൂടി | വ്രജന്തം | സഞ്ചരിക്കുന്ന |
| വൃഷധ്വജം | കാളപ്പുറത്തിലിരുന്ന് | ഗിരിശം | പരമശിവനെ |

| | | | |
|---|---|---|---|
| വീക്ഷ്യ | കണ്ടിട്ട് | ഉത്തീര്യ | കരയ്ക്കുകയറി |
| വ്രീഡിതാഃ | ലജ്ജിതകളായ | വാസാംസി | ഉടുവസ്ത്രങ്ങളം |
| സ്ത്രിയഃ | പെൺകിടാങ്ങളം | | |
| സരസഃ | തടാകത്തിൽനിന്നു് | പര്യധു | എടുത്തുടുത്തു |

**10 ശർമ്മിഷ്ഠാഽജാനതീ വാസോ ഗുരുപുത്ര്യാഃ സമവ്യയത്**
**സ്വീയം മത്വാ പ്രകുപിതാ ദേവയാനീദമബ്രവീത്**

| | | | |
|---|---|---|---|
| ശർമ്മിഷ്ഠാ | അസുരരാജകുമാരിയായ ശർമ്മിഷ്ഠ | സമവ്യയത് | എടുത്തുധരിച്ചു |
| അജാനതീ | അറിയാതെകണ്ടു് | പ്രകുപിതാ | (അതുകണ്ടു്) കോപാവിഷ്ടയായിത്തീൎന്ന |
| ഗുരുപുത്ര്യാഃ | ഗുരുപുത്രിയുടെ | ദേവയാനീ | ദേവയാനി |
| വാസഃ | വസ്ത്രം | ഇദം | ഈവിധം |
| സ്വീയംമത്വാ | തന്റേതെന്നു കരുതി | അബ്രവീത് | പറഞ്ഞുതുടങ്ങി |

**11 അഹോ നിരീക്ഷ്യതാമസ്യാ ദാസ്യാഃ കർമ്മഹ്യസാംപ്രതം**
**അസ്മദ്ധാര്യം ധൃതവതീ ശുനീവ ഹവിരധ്വരേ**

| | | | |
|---|---|---|---|
| അഹോ | കഷ്ടമേ! | ഹി | എന്തെന്നാൽ |
| അസ്യാഃ ദാസ്യാഃ | ഈ ദാസിയുടെ | അധ്വരേ | യാഗത്തിലെ |
| | | ഹവിഃ | ഹവിസ്സിനെ |
| അസാംപ്രതം | യുക്തമല്ലാത്ത | ശുനീ ഇവ | പട്ടി കട്ടെടുക്കുംപോലെ |
| കർമ്മ | പ്രവൃത്തി | അസ്മദ്ധാര്യം | ഞാനുടുക്കേണ്ടുന്നതിനെ |
| നിരീക്ഷ്യതാം | നോക്കുക | ധൃതവതീ | എടുത്തുടുത്തിരിക്കുന്നു |

ശർമ്മിഷ്ഠ ചെയ്തതു തികച്ചും അനീതിയാണെന്നു കാണിപ്പാൻ സ്വജാത്യുൽകൎഷം ഇനി പരത്തിപ്പറയുന്നു.

**12 യൈരിദം തപസാ സൃഷ്ടം മുഖം പുംസഃ പരസ്യ യേ**
**ധാര്യതേ യൈരിഹ ജ്യോതിഃ ശിവഃ പന്ഥാഃ പ്രദർശിതഃ**

**13 യാൻ വന്ദന്ത്യുപതിഷ്ഠന്തേ ലോകനാഥാഃ സുരേശ്വരാഃ**
**ഭഗവാനപി വിശ്വാത്മാ പാവനഃ ശ്രീനികേതനഃ**

| | | | |
|---|---|---|---|
| യൈഃ | യാതൊരുവരാൽ | സൃഷ്ടം | സൃഷ്ടിക്കപ്പെട്ടുവോ, |
| ഇദം | ഈ വിശ്വം | | |
| തപസാ | തപഃശക്തികൊണ്ടു് | യേ | യാതൊരുവർ |

| | |
|---|---|
| പരസ്യപുംസഃ | വിരാട്സ്വരൂപനായ പരമപുരുഷന്റെ |
| മുഖം | മുഖമായിരിക്കുന്നുവോ, |
| യൈഃ | യാതൊരുവരാൽ |
| ഇഹ | ഈ ലോകത്തിൽ |
| ജ്യോതി | ബ്രഹ്മതേജസ്സ് |
| ധാര്യതേ | ധരിക്കപ്പെടുകയും |
| ശിവഃ | മംഗളകരമായ |
| പന്ഥാഃ | വൈദികമാർഗ്ഗം |
| ദർശിതഃ ച | കാട്ടിക്കൊടുക്കപ്പെടുകയും ചെയ്യുന്നുവോ, |
| യാൻ | യാതൊരുവരെ |
| ലോകനാഥാഃ | ലോകപാലന്മാരായ |
| സുരേശ്വരാഃ | ഇന്ദ്രാദിദേവശ്രേഷ്ഠന്മാരും, |
| വിശ്വാത്മാ | സർവ്വാന്തര്യാമിയായി— |
| പാവനഃ | ശുദ്ധസാത്വികസ്വരൂപനായി |
| ശ്രീനി–കേതനഃ | ലക്ഷ്മീനിവാസനമായിരിക്കുന്ന |
| ഭഗവാൻ അപി | സാക്ഷാൽ ശ്രീവിഷ്ണു ഭഗവാൻപോലും |
| വന്ദന്തി | വന്ദിക്കുകയും |
| ഉപതിഷ്ഠന്തേ | വാഴ്ത്തുകയും ചെയ്യുന്നുവോ, |
| (തേ വയം) | അവരാണ് — ആ ബ്രാഹ്മണരാണ് ഞങ്ങൾ |

**14 വയം തത്രാപി ഭൃഗവഃ ശിഷ്യോഽസ്യാ നഃ പിതാഽസുരഃ**
**അസ്മദ്ധാര്യം ധൃതവതീ ശൂദ്രോ വേദമിവാ സതീ**

| | |
|---|---|
| തത്രാപി | അതിലും വിശേഷിച്ച് |
| വയം | ഞങ്ങൾ |
| ഭൃഗവഃ | ഭാർഗ്ഗവഗോത്രക്കാരാണ് |
| അസ്യാഃ പിതാ | ഇവളുടെ പിതാവ് |
| അസുരഃ | അസുരനാണ്; |
| നഃ ശിഷ്യഃ | ഞങ്ങളുടെ ശിഷ്യനാണ് |
| അസതീ | ഒരു യോഗ്യതയുമില്ലാത്തവൾ |
| ശൂദ്രഃ വേദം ഇവ | ശൂദ്രൻ വേദമന്ത്രത്തെ ഗ്രഹിക്കുന്നതുപോലെ |
| അസ്മദ്ധാര്യം | എന്നാൽ ധരിക്കപ്പെടേണ്ടും വസ്ത്രത്തെ |
| ധൃതവതീ | എടുത്തു ധരിച്ചിരിക്കുന്നു— |

**15 ഏവം ശപന്തീം ശർമ്മിഷ്ഠാ ഗുരുപുത്രീമഭാഷത**
**രുഷാ ശ്വസന്ത്യുരംഗീവ ധർഷിതാ ദഷ്ടദച്ഛദാ**

| | |
|---|---|
| ഏവം | ഇങ്ങനെ |
| ശപന്തീം | പഴിവാക്കുകൾ പറഞ്ഞുകൊണ്ടിരിക്കുന്ന |
| ഗുരുപുത്രീം | ഗുരുപുത്രിയോട് |
| ധർഷിതാ | നിന്ദിക്കപ്പെട്ടവളും |
| ദഷ്ടദച്ഛദാ | അമർഷത്താൽ ചുണ്ടുകടിച്ചിരിക്കുന്നവളുമായ |
| ശർമ്മിഷ്ഠാ | ശർമ്മിഷ്ഠ |
| രുഷാ | ദേഷ്യത്താൽ |
| ഉരംഗീഇവ | പെൺപാമ്പുപോലെ |
| ശ്വസന്തീ | ചീറിക്കൊണ്ട് |
| അഭാഷത | പറഞ്ഞു. |

**16 ആത്മവൃത്തമവിജ്ഞായ കത്ഥസേ ബഹു ഭിക്ഷുകി**
**കിം നഃ പ്രതീക്ഷസേഽസ്മാകം ഗൃഹാൻ ബലിഭുജോ യഥാ**

| | | | |
|---|---|---|---|
| ഭിക്ഷുകി | ''എടി പിച്ചക്കാരി! | ബലിഭുജഃ യഥാ | പിതൃക്കൾക്ക് അർപ്പിച്ച ബലി കൊത്തിത്തിന്നു ജീവിക്കുന്ന കാക്കകളെപ്പോലെ |
| ആത്മവൃത്തം | സ്വന്തം നിലയെക്കുറിച്ച് | അസ്മാകം | ഞങ്ങളുടെ |
| അവിജ്ഞായ | അറിവില്ലാതെ | ഗൃഹാൻ | ഗൃഹങ്ങളെ |
| ബഹു | ഒരുപാട് | പ്രതീക്ഷസേ | നീ കാത്തിരിക്കുന്നു, |
| കത്ഥസേ | വീമ്പുപറയുന്നുവല്ലോ | കിം ന | അല്ലെന്നുണ്ടോ ? '' |

**17 ഏവംവിധൈഃ സുപരുഷൈഃ ക്ഷിപ്ത്വാചാര്യസുതാം സതീം**
**ശർമ്മിഷ്ഠാ പ്രാക്ഷിപത്കൂപേവാസ ആദായമന്യുനാ**

| | | | |
|---|---|---|---|
| ഏവംവിധൈഃ | ഈ വിധത്തിലുള്ള | വാസഃ | അവളുടെ (ഉടുതുണിയെ) |
| സുപരുഷൈഃ | അറുപരുക്കൻ ശകാര വാക്കുകളാൽ | ആദായ | തട്ടിയെടുക്കുകയും ചെയ്തു് |
| സതീം | നല്ലവളായ | ശർമ്മിഷ്ഠാ | ശർമ്മിഷ്ഠ |
| ആചാര്യസുതാം | ഗുരുപുത്രിയെ | മന്യുനാ | കോപം നിമിത്തം |
| | | കൂപേ | ഒരുകിണററിൽ |
| ക്ഷിപ്ത്വാ | ആക്ഷേപിച്ച്, | പ്രാക്ഷിപത് | (അവളെ) തള്ളിയിട്ടു. |

**18 തസ്യാംഗതായാം സ്വഗൃഹം യയാതിർമൃഗയാം ചരൻ**
**പ്രാപ്തോ യദൃച്ഛയാ കൂപേ ജലാർത്ഥീ താം ദദർശ ഹ**

| | | | |
|---|---|---|---|
| തസ്യാം സ്വഗൃഹം ഗതായാം | അവൾ (ശർമ്മിഷ്ഠ) തൻെറ വസതിയിലേക്കു പോയതിൽപ്പിന്നെ | ജലാർത്ഥീ | ദാഹജലത്തിനുവേണ്ടി |
| | | യദൃച്ഛയാ പ്രാപ്തഃ | യാദൃച്ഛികമായിട്ട് അങ്ങെത്തിച്ചേർന്നു് |
| മൃഗയാം ചരൻ | വേട്ടയാടിക്കൊണ്ടു് സഞ്ചരിച്ചിരുന്ന | കൂപേ | കിണററിൽപ്പെട്ടുകിടക്കുന്ന |
| | | താം | അവളെ (ദേവയാനിയെ) |
| യയാതിഃ | യയാതി രാജാവ് | ദദർശ ഹ | കണ്ടു, അത്ഭുതംതന്നെ |

**19 ദത്വാ സ്വമുത്തരം വാസസ്തസ്യൈ രാജാവിവാസസേ**
**ഗൃഹീത്വ പാണിനാപാണിമുജ്ജഹാര ദയാപരഃ**

| | | | |
|---|---|---|---|
| വിവാസസേ | വസ്ത്രഹീനയായ | ദയാപരഃ | ദയാലുവായ |
| തസ്യൈ | അവൾക്ക് | രാജാ | രാജാവ് |

| | | | |
|---|---|---|---|
| സ്വം ഉത്തരം വാസഃ | തന്റെ ഉത്തരീയവസ്ത്രത്തെ | പാണിനാ | തൻ കരത്താൽ |
| | | പാണി | അവളുടെ കരത്തെ |
| | | ഗൃഹീത്വാ | പിടിച്ച് |
| ദത്വാ | കൊടുത്ത്, | ഉജ്ജഹാര | കിണററിൽനിന്നു കയററി |

**20 തം വീരമാഹൗശനസീ പ്രേമനിർഭരയാ ഗിരാ**
**രാജംസ്ത്വയാ ഗൃഹീതോ മേ പാണിഃ പരപുരഞ്ജയ**
**ഹസ്തഗ്രാഹോഽപരോമാഭൂദ് ഗൃഹീതായാസ്ത്വയാഹിമേ**

| | | | |
|---|---|---|---|
| ഔശനസീ | ശുക്രാചാര്യരുടെ പുത്രിയായ അവരം | ത്വയാ | അങ്ങയാൽ |
| | | മേ പാണിഃ | എന്റെ കരം |
| പ്രേമ–നിർഭരയാ | പ്രേമം നിറഞ്ഞു തുളുമ്പുന്ന | ഗൃഹീതഃ | പിടിക്കപ്പെട്ടുവല്ലോ |
| | | ത്വയാ | അങ്ങയാൽ |
| ഗിരാ | മൊഴിയാൽ | ഗൃഹീതായഃ | കൈപിടിക്കപ്പെട്ട |
| വീരം തം | വീരനായ ആ രാജാവിനോട് | മേ | എനിക്ക്, ഇനി |
| | | അപരഃ | മററൊരാരം |
| ആഹ | പറഞ്ഞു | ഹസ്തഗ്രാഹഃ | കൈപിടിക്കുന്നവനായിട്ട് |
| പരപുരം–ജയരാജൻ | "ശത്രുനഗരങ്ങളെ ജയിച്ച് കീഴൊതുക്കിയ രാജാവേ! | മാഭൂത് | ഉണ്ടാവരുത്". |

**21 ഏഷ ഈശകൃതോ വീര സംബന്ധോ നൗ ന പൗരുഷഃ**
**യദിദം കൂപലഗ്നായാ ഭവതോ ദർശനം മമ**

| | | | |
|---|---|---|---|
| വീര | ഹേ വീരപുരുഷ! | യത് | എന്തെന്നാൽ |
| നൗ | നാമിരുവരും തമ്മിലുള്ള | കൂപലഗ്നായാഃ | കിണററിൽ കുടുങ്ങിയ |
| ഏഷഃ സംബന്ധഃ | ഈ വേഴ്ച | മമഃ | എനിക്ക് |
| ഈശകൃതഃ | ഈശ്വരനാൽ ഉണ്ടാക്കപ്പെട്ടതാണ്. | ഭവതഃ | ഭവാന്റെ |
| പൗരുഷഃ ന | മനുഷ്യയത്നത്താലുണ്ടായതല്ല. | ഇദം ദർശനം | ഈ യാദൃച്ഛികദർശനം (ഈശ്വരസങ്കല്പത്താൽ ഉണ്ടായതാണ്) |

"ബ്രാഹ്മണകന്യകയായ ഞാനും ക്ഷത്രിയനായ ഭവാനും തമ്മിലുള്ള വിവാഹം പ്രാതിലോമികമാകയാൽ ധർമ്മശാസ്ത്രനിഷിദ്ധമാണെങ്കിലും ഈശ്വരസങ്കല്പത്താൽ സംഭവിച്ചതാകകൊണ്ട് നിന്ദ്യമല്ല. കിണററിൽ വീണുകിടന്നിരുന്ന എനിക്ക് ഭവാന്റെ ദർശനമുണ്ടായതും ഭവാൻ സദയം എന്റെ കൈ പിടിച്ച് അതിൽനിന്നു കയററിയതും ഈശ്വരേച്ഛയാൽ സംഭവിച്ചതല്ലേ?" പോരെങ്കിൽ ഒരു ബ്രാഹ്മണൻ ഭർത്താവാകയില്ലെന്ന ശാപവും തനിക്കുണ്ടെന്ന് ദേവയാനി തുടർന്നുപറയുന്നു.

**24 ഗതേ രാജനി സാ വീരേ തത്ര സ്മ രുദതീ പിതുഃ**
**ന്യവേദയത്തതഃ സർവ്വമുക്തം ശർമ്മിഷ്ഠയാ കൃതം**

| | | | |
|---|---|---|---|
| വീരേ | വീരനായ | ഉക്തം | പറയപ്പെട്ടതും(പിച്ചക്കാരി എന്നും മററും പറഞ്ഞതും) |
| രാജനി | യയാതിരാജാവ് | കൃതം | ചെയ്യപ്പെട്ടതും (കിണററിൽ തള്ളിയിട്ടതും) |
| ഗതേതതഃ | പോയതിൽപ്പിന്നെ | സർവ്വം | എല്ലാറ്റും |
| സാ | അവരം (ദേവയാനി) | പിതുഃ | അച്ഛന്റെ അടുക്കൽ |
| രുദതീ | കരഞ്ഞുകൊണ്ട് | ന്യവേദയത് സ്മ | ആവലാതിയായി ബോധിപ്പിച്ചു. |
| ശർമ്മിഷ്ഠയാ | ശർമ്മിഷ്ഠയാൽ | | |
| തത്ര | അവിടെവച്ച് | | |

**25 ദുർമ്മനാ ഭഗവാൻ കാവ്യഃ പൗരോഹിത്യം വിഗർഹയൻ**
**സ്തുവൻ വൃത്തിം ച കാപോതീം ദുഹിത്രാ സ യയൗ പുരാത്**

| | | | |
|---|---|---|---|
| ഭഗവാൻ | ജ്ഞാനനിധിയായ | കാപോതീം വൃത്തീം | പ്രാവുകളെപ്പോലുള്ള ഉപജീവനത്തെ (ഉഞ്ഛവൃത്തിയെ) |
| സഃ കാവ്യഃ | ആ ശുക്രമഹർഷി | സ്തുവൻ | ശ്ലാഘിച്ചുകൊണ്ടും |
| ദുർമ്മനാഃ | മനഃപ്രയാസം അനുഭവിച്ച് | ദുഹിത്രാ | മകളോടുകൂടെ |
| പൗരോഹിത്യം | പുരോഹിതനായിരുന്നു കൊണ്ടുള്ളഉപജീവനത്തെ | പുരാത് | അസുരരാജധാനിവിട്ട് |
| വിഗർഹയൻ | വെറുത്തുകൊണ്ടും | യയൗ | ഇറങ്ങിപ്പോയി. |

**26 വൃഷപർവ്വാ തമാജ്ഞായ പ്രത്യനീകവിവക്ഷിതം**
**ഗുരും പ്രസാദയൻ മൂർധ്നാ പാദയോഃ പതിതഃ പഥി**

| | | | |
|---|---|---|---|
| വൃഷപർവ്വാ | അസുരരാജനായ വൃഷപർവ്വാവ് | ആജ്ഞായ | ഊഹിച്ചറിഞ്ഞു്, |
| തം ഗുരും | ആ ഗുരുവിനെ (ശുക്രമുനിയെ) | പ്രസാദയൻ | പ്രസാദിപ്പിക്കുവാനുദ്ദേശിച്ചുകൊണ്ട്, |
| പ്രത്യനീകവിവക്ഷിതം | എതിരാളികളായ ദേവന്മാരെ ജയിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടിഇറങ്ങിത്തിരിച്ചവനെന്ന് | പഥി | വഴിക്കുവച്ച് |
| | | മൂർധ്നാ | ശിരോനമനത്തോടെ |
| | | പാദയോഃ | അദ്ദേഹത്തിന്റെ കാല്ക്കൽ |
| | | പതിതഃ | വീണുവണങ്ങി. |

**27 ക്ഷണാർദ്ധമന്യുർഭഗവാൻ ശിഷ്യം വ്യാചഷ്ട ഭാർഗ്ഗവഃ**
**കാമോഽസ്യാഃ ക്രിയതാം രാജൻ നൈനാം ത്യക്തുമിഹോത്സഹേ**

| | | | |
|---|---|---|---|
| ക്ഷണാർദ്ധമന്യുഃ | അരനിമിഷത്തോളം മാത്രം കോപം നില്ക്കാറുള്ള | ഭഗവാൻ ഭാർഗ്ഗവഃ | ഭഗവാനായ ശുക്രമഹർഷി |

| | | | |
|---|---|---|---|
| ശിഷ്യം | ശിഷ്യനായ വൃഷപർവ്വാവോട് | ക്രിയതാം | നിറവേററപ്പെട്ടാലും |
| വ്യാചഷ്ട | പറഞ്ഞു— | ഏനാം | ഇവളെ |
| രാജൻ | "ഹേ രാജാവേ! | ത്യക്തും | കൈവിടുവാൻ |
| അസ്യാഃ | ഇവളുടെ | ഇഹ | ഇപ്പോഴും |
| കാമഃ | ആഗ്രഹം | ന ഉത്സഹേ | ഞാൻ ശക്തനല്ല." |

**28 തഥേത്യവസ്ഥിതേ പ്രാഹ ദേവയാനീ മനോഗതം**
**പിത്രാ ദത്താ യതോ യാസ്യേ സാനുഗാ യാതു മാമനു**

| | | | |
|---|---|---|---|
| തഥാ ഇതി | "ശരി" എന്നു സമ്മതിച്ച് | യാസ്യേ | ഞാൻ പോയേക്കുമോ, അവിടെയ്ക്ക് |
| അവസ്ഥിതേ | രാജാവു നിന്നപ്പോൾ | | |
| ദേവയാനീ | ദേവയാനി | (ശർമ്മിഷ്ഠാ) | ശർമ്മിഷ്ഠയും |
| മനോഗതം | ഉള്ളിലുള്ള ആഗ്രഹത്തെ | സാനുഗാ | അവളുടെ അനുചാരിമാരോടുകൂടി |
| പ്രാഹ | ഇങ്ങനെ പറഞ്ഞു— | | |
| പിത്രാ | പിതാവിനാൽ | മാം | എന്നെ |
| ദത്താ | വിവാഹം ചെയ്തുകൊടുക്കപ്പെട്ട് | അനുയാതു | അനുഗമിക്കണം (എന്റെ ദാസിയായിട്ടു പിന്നാലെ വരണം)" |
| യതഃ | എവിടെയ്ക്ക് | | |

**29 സ്വാനാം തത് സങ്കടം വീക്ഷ്യ തദർത്ഥസ്യ ച ഗൗരവം**
**ദേവയാനീം പര്യചരത് സ്ത്രീസഹസ്രേണ ദാസവത്**

| | | | |
|---|---|---|---|
| സ്വാനാം | സ്വന്തം ആളുകൾക്ക് (അസുരന്മാർക്ക്) | വീക്ഷ്യ | കണ്ടറിഞ്ഞ് |
| തത് സങ്കടം | അദ്ദേഹം (ശുക്രൻ) വിട്ടുപോയാലുണ്ടാകാവുന്ന വൈഷമ്യത്തെയും | (സാ) സ്ത്രീ സഹസ്രേണ | അവൾ ഒരായിരം തോഴിമാരോടുകൂടി |
| | | ദാസവത് | ദാസിയെപ്പോലെ |
| തദർത്ഥസ്യ ഗൗരവം ച | അദ്ദേഹം ഉണ്ടായാലുള്ള പ്രയോജനത്തിന്റെ ഗൗരവത്തെയും | ദേവയാനീം | ദേവയാനിയെ |
| | | പര്യചരത് | പരിചരിച്ചു തുടങ്ങി. |

**30 നാഹുഷായ സുതാം ദത്വാ സഹ ശർമ്മിഷ്ഠയോശനാഃ**
**തമാഹ രാജൻ ശർമ്മിഷ്ഠാമധാസ്തല്പേ ന കർഹിചിത്**

| | | | |
|---|---|---|---|
| ഉശനാഃ | ശുക്രമഹർഷി | ശർമ്മിഷ്ഠയാ സഹ | ശർമ്മിഷ്ഠയോടൊന്നിച്ച് |
| സുതാം | പുത്രിയായ ദേവയാനിയെ | നാഹുഷായ | യയാതിരാജാവിന്ന് |

| | | | |
|---|---|---|---|
| ദത്വാ | കൊടുത്തിട്ട് | ശർമ്മിഷ്ഠാം | ശർമ്മിഷ്ഠയെ |
| തം | അദ്ദേഹത്തോട് | കർഹിചിത് | ഒരിക്കലും |
| ആഹ | പറഞ്ഞു— | തല്പേ | സ്വശയനത്തിൽ |
| രാജൻ | "രാജാവേ! | ന അധാഃ | കയററാതിരിക്കണം" |

**31 വിലോക്യൗശനസീം രജൻ ശർമ്മിഷ്ഠാസപ്രജാംക്വചിത്**
**തമേവ വവ്രേ രഹസി സഖ്യാഃ പതിമൃതൗ സതീ**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | സഖ്യാഃ പതിം | സഖിയുടെ ഭർത്താവായ |
| സതീ | ഉത്തമചരിതയായ | തം ഏവ | അദ്ദേഹത്തെ (യയാതിയെ)ത്തന്നെ |
| ശർമ്മിഷ്ഠാ | ശർമ്മിഷ്ഠയാകട്ടെ | ഋതൗ | ഋതുകാലത്തിൽ |
| സപ്രജാം | സന്താനവതിയായിത്തീർന്നിരിക്കുന്ന | രഹസി | ഏകാന്തത്തിൽവച്ച് |
| ഔശനസീം | ശുക്രപുത്രിയെ | വവ്രേ | ഭർത്താവായി വരിച്ചു. |
| ക്വചിത് | ഒരു സന്ദർഭത്തിൽ | | |
| വിലോക്യ | കണ്ടിട്ട്, | | |

**32 രാജപുത്ര്യാർത്ഥിതേഽപത്യേ ധർമ്മം ചാവേക്ഷ്യ ധർമ്മവിത്**
**സ്മരൻ ശുക്രവചഃ കാലേ ദിഷ്ടമേവാഭ്യപദ്യത**

| | | | |
|---|---|---|---|
| രാജപുത്ര്യാ | രാജകുമാരിയാൽ | സ്മരൻ (അപി) | ഓർക്കുന്നുണ്ടെങ്കിലും കൂടി |
| കാലേ | ഋതുകാലത്തിൽ | ധർമ്മം ച | ധർമ്മത്തെയും കൂടി |
| അപത്യേ | സന്താനലബ്ധിയെ നിമിത്തീകരിച്ച് | അവേക്ഷ്യ | ആലോചിച്ചുനോക്കിയിട്ട് |
| അർത്ഥിതഃ | അഭ്യർത്ഥിതനും | ദിഷ്ടം ഏവ | ദൈവേച്ഛയാ സംപ്രാപ്തമായതിനെത്തന്നെ (ശർമ്മിഷ്ഠയുടെ അഭിലാഷത്തെത്തന്നെ |
| ധർമ്മവിത് | ധർമ്മതത്ത്വജ്ഞനുമായ യയാതി | അഭ്യപദ്യത | ഏറെറടുത്തു. |
| ശുക്രവചഃ | ശുക്രമുനിയുടെ വാക്കിനെ (ശർമ്മിഷ്ഠാം തല്പേന അധാഃ എന്നതിനെ) | | |

സന്താനലബ്ധിയെമാത്രമുദ്ദേശിച്ച് ഋതുകാലത്തിൽ സംഗമാഭ്യർത്ഥനയോടെ തന്നെ സമീപിച്ച ശർമ്മിഷ്ഠയുടെ അഭിലാഷം നിറവേററിക്കൊടുക്കുന്നതു ധർമ്മമാകയാൽ ധർമ്മതത്പരനായ യയാതി അവൾക്കു വഴിപ്പെട്ടു. മറെറാരു വശത്ത് "ശർമ്മിഷ്ഠയെ ഒരിക്കലും അടുപ്പിക്കരുതെ"ന്നുള്ള ശുക്രശാസനത്തെ രാജാവ് ഓർത്തിരുന്നുവെങ്കിലും ഈ ധർമ്മസങ്കടത്തിൽ ദൈവം തെളിയിച്ചുതന്ന വഴി അതായിരുന്നു. ദേവയാനിയെ പരിണയിച്ചതും പ്രതിലോമവഴിക്കാകയാൽ അധർമ്മമായിരുന്നുവല്ലോ. അതിലും ഇതിലും ഒരുപോലെ ദൈവഗതിതന്നെ വിജയിച്ചു.

**33 യദും ച തുർവ്വസും ചൈവ ദേവയാനീ വ്യജായത**
**ദ്രുഹ്യും ചാനും ച പൂരും ച ശർമ്മിഷ്ഠാ വാർഷപർവ്വണീ**

| | |
|---|---|
| യദും ച | യദുവിനെയും |
| തുർവ്വസും ച ഏവ | തുർവ്വസുവിനെയും ഇങ്ങനെ രണ്ടുപേരെമാത്രം |
| ദേവയാനീ | ദേവയാനി |
| വ്യജായത | പ്രസവിച്ചു. |
| ദ്രുഹ്യും ച | ദ്രുഹ്യുവിനെയും, |
| അനും ച | അനുവിനെയും, |
| പൂരും ച | പൂരുവിനെയും |
| വാർഷപർവ്വണീ | വൃഷപർവ്വാവിന്റെ പുത്രിയായ |
| ശർമ്മിഷ്ഠാ | ശർമ്മിഷ്ഠയും |
| (വ്യജായത) | പ്രസവിച്ചു. |

**34 ഗർഭസംഭവമാസുര്യാ ഭർത്തുർവിജ്ഞായ മാനിനീ**
**ദേവയാനീ പിതുർഗേഹം യയൗ ക്രോധവിമൂർച്ഛിതാ**

| | |
|---|---|
| ആസുര്യാഃ | അസുരസ്ത്രീയായ ശർമ്മിഷ്ഠയ്ക്കു് |
| ഭർത്തുഃ | തന്റെ ഭർത്താവിൽനിന്നു് |
| ഗർഭസംഭവം | ഗർഭമുണ്ടായതിനെ |
| വിജ്ഞായ | അറിഞ്ഞിട്ടു്, |
| മാനിനീ | സ്വതേ അഭിമാനവതിയായ |
| ദേവയാനീ | ദേവയാനി |
| ക്രോധ— വിമൂർച്ഛിതാ | പ്രത്യേകിച്ചും കോപാവേശം കൊണ്ടവളായിട്ടു് |
| പിതുഃ | പിതാവിന്റെ |
| ഗേഹം | ഗൃഹത്തിലേക്കു് |
| യയൗ | പോയി. |

**35 പ്രിയാമനുഗതഃ കാമീ വചോഭിരുപമന്ത്രയൻ**
**ന പ്രസാദയിതും ശേകേ പാദസംവാഹനാദിഭിഃ**

| | |
|---|---|
| പ്രിയാം | പത്നിയെ |
| അനുഗതഃ | പിൻതുടർന്നെത്തിയ |
| കാമീ | കാമിയായ രാജാവു് |
| വചോഭിഃ | സാന്ത്വനവാക്കുകളാൽ |
| ഉപമന്ത്രയൻ | സമാധാനിപ്പിച്ചുകൊണ്ടു് |
| പാദസംവാ— ഹനാദിഭിഃ | കാൽപിടിക്കുക, തലോടുക മുതലായ ചതുരോപായങ്ങളാൽപ്പോലും |
| പ്രസാദയിതും | അവളെ പ്രസാദിപ്പിക്കുവാൻ |
| ന ശേകേ | ശക്തനായില്ല. |

**36 ശുക്രസ്തമാഹ കുപിതഃ സ്ത്രീകാമാനൃതപൂരുഷ**
**ത്വാം ജരാവിശതാം മന്ദ വിരൂപകരണീ നൃണാം**

| | |
|---|---|
| കുപിതഃ | (വൃത്താന്തമറിഞ്ഞു്) കോപം കയറിയ |
| ശുക്രഃ | ശുക്രമഹർഷി |
| തം ആഹ | അദ്ദേഹത്തോടുപറഞ്ഞു — |
| സ്ത്രീകാമ | "എടോ പെൺകൊതിയാ! |
| അനൃത— പൂരുഷ | നുണപറഞ്ഞുനടക്കുന്ന മനുഷ്യ! |
| മന്ദ | പടുഭോഷ |

| | | | |
|---|---|---|---|
| നൃണാം | മനുഷ്യർക്ക് | ജരാ | വാർദ്ധക്യം |
| വിരൂപകരണീ | വൈരൂപ്യം ഉണ്ടാക്കിത്തീർക്കുന്ന | ത്വാം | നിന്നെ |
| | | വിശതാം | ബാധിക്കട്ടെ'' |

യയാതിരുവാച = യയാതി പറഞ്ഞു–

**37 അതൃപ്തോƒസ്മ്യദ്യ കാമാനാം ബ്രഹ്മൻ ദുഹിതരിസ്തതേ**
**വ്യവസ്യതാം യഥാകാമം വയസാ യോƒഭിധാസ്യതി**

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രാഹ്മണശ്രേഷ്ഠ! | അഭിധാസ്യതി | അങ്ങയുടെ വാർദ്ധക്യത്തെ സന്തോഷം ഏറെറടുക്കുമോ, |
| തേ | അങ്ങയുടെ | (തസ്യ) | അവന്റെ |
| ദുഹിതരി | പുത്രിയിലുള്ള (പുത്രീവിഷയകമായ) | വയസാ | യൗവനപ്രായംകൊണ്ട് |
| കാമാനാം | കാമഭോഗങ്ങളാൽ | യഥാകാമം | യഥേഷ്ടം |
| അദ്യ സ്മ | ഇപ്പോഴും | വ്യവസ്യതാം | വ്യത്യാസം ചെയ്യപ്പെടാവുന്നതാണ്'' |
| അതൃപ്തഃ അസ്മി | മതിവരാത്തവനായിട്ടാണ് ഞാൻഇരിക്കുന്നത്''. | | |
| യഃ | ''ഏതൊരുവൻ | | |

ശ്ലോകത്തിന്റെ ഉത്തരാർദ്ധം ശുക്രവചനമാകുന്നു. യയാതി ശുക്രമുനിയോട് പറഞ്ഞു — അങ്ങയുടെ പുത്രിയോടുകൂടെ കാമഭോഗങ്ങളനുഭവിച്ച് എനിക്കിത്രകാലമായിട്ടും മതിയായിട്ടില്ല. അവരെക്കം ജരാനരബാധിച്ചവന്റെ ഭാര്യാപദം മനഃക്ലേശമുണ്ടാക്കുമല്ലോ.'' ''എങ്കിൽ സ്വാധീനത്തിലുള്ള ആരെങ്കിലും യൗവനം തരുവാൻ ഒരുക്കമാണെങ്കിൽ അതേറുവാങ്ങി, സ്വന്തം ജരാനര അവനുകൊടുക്കാം; ഇങ്ങനെ വ്യത്യാസം വരുത്തിക്കൊള്ളുക'' എന്നുപറഞ്ഞ് ശുക്രൻ യയാതിയെ അനുഗ്രഹിച്ചു.

**38 ഇതി ലബ്ധവ്യവസ്ഥാനഃ പുത്രം ജ്യേഷ്ഠമവോചത**
**യദോതാതപ്രതീച്ഛമാം ജരാംദേഹിനിജംവയഃ**

**39 മാതാമഹകൃതാം വത്സ ന തൃപ്തോ വിഷയേഷ്വഹം**
**വയസാ ഭവദീയേന രംസ്യേ കതിപയാഃ സമാഃ**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ജ്യേഷ്ഠം | ഏററവും മൂത്തവനായ |
| ലബ്ധവ്യവസ്ഥാനഃ | ഒരു വ്യവസ്ഥിതിക്കുള്ള വാർദ്ധക്യവും യുവത്വവും അന്യോന്യം കൈമാററം ചെയ്യുവാനുള്ള അനുഗ്രഹം ലഭിച്ചുകഴിഞ്ഞ യയാതി രാജാവ് | പുത്രം | മകനെ വിളിച്ച് |
| | | അവോചത | പറഞ്ഞു— |
| | | യദോതാത | ''അല്ലയോ യദുകുമാര!

| | | | |
|---|---|---|---|
| നൃണാം | മനുഷ്യർക്ക് | ജരാ | വാർദ്ധക്യം |
| വിരൂപ–കരണീ | വൈരൂപ്യം ഉണ്ടാക്കി തീർക്കുന്ന | ത്വാം | നിന്നെ |
| | | വിശതാം | ബാധിക്കട്ടെ" |

യയാതിരുവാച = യയാതി പറഞ്ഞു–

**37 അതൃപ്തോƒസ്മ്യദ്യ കാമാനാം ബ്രഹ്മൻ ദുഹിതരിസ്തതേ**
**വ്യവസ്യതാം യഥാകാമം വയസാ യോƒഭിധാസ്യതി**

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രാഹ്മണശ്രേഷ്ഠാ! | അഭി–ധാസ്യതി | അങ്ങയുടെ വാർദ്ധക്യത്തെ സസന്തോഷം ഏറെറടുക്കുമോ, |
| തേ | അങ്ങയുടെ | | |
| ദുഹിതരി | പുത്രിയിലുള്ള (പുത്രീവിഷയകമായ) | (തസ്യ) | അവന്റെ |
| കാമാനാം | കാമഭോഗങ്ങളാൽ | വയസാ | യൗവനപ്രായംകൊണ്ട് |
| അദ്യ സ്മി | ഇപ്പോഴും | യഥാകാമം | യഥേഷ്ടം |
| അതൃപ്തഃ അസ്മി | മതിവരാത്തവനായിട്ടാണ് ഞാൻ ഇരിക്കുന്നത്. | വ്യവസ്യതാം | വ്യത്യാസം ചെയ്യപ്പെടാവുന്നതാണ്"" |
| യഃ | "ഏതൊരുവൻ | | |

ശ്ലോകത്തിന്റെ ഉത്തരാർദ്ധം ശുക്രവചനമാകുന്നു. യയാതി ശുക്രമുനിയോട് പറഞ്ഞു — അങ്ങയുടെ പുത്രിയോടുകൂടെ കാമഭോഗങ്ങളനുഭവിച്ച് എനിക്കിത്രകാലമായിട്ടും മതിയായിട്ടില്ല. അവർക്കും ജരാനരബാധിച്ചവന്റെ ഭാര്യാപദം മനഃക്ലേശമുണ്ടാക്കുമല്ലോ." "എങ്കിൽ സ്വാധീനത്തിലുള്ള ആരെങ്കിലും യൗവനം തരുവാൻ ഒരുക്കമാണെങ്കിൽ അതേററുവാങ്ങി, സ്വന്തം ജരാനര അവനുകൊടുക്കാം; ഇങ്ങനെ വ്യത്യാസം വരുത്തിക്കൊള്ളുക" എന്നുപറഞ്ഞ് ശുക്രൻ യയാതിയെ അനുഗ്രഹിച്ചു.

**38 ഇതി ലബ്ധവ്യവസ്ഥാനഃ പുത്രം ജ്യേഷ്ഠമവോചത**
**യദോതാതപ്രതീച്ഛേമാം ജരാംദേഹിനിജംവയഃ**

**39 മാതാമഹകൃതാം വത്സ ന തൃപ്തോ വിഷയേഷ്വഹം**
**വയസാ ഭവദീയേന രംസ്യേ കതിപയാഃ സമാഃ**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ജ്യേഷ്ഠം | ഏററവും മൂത്തവനായ |
| ലബ്ധ–വ്യവസ്ഥാനഃ | ഒരു വ്യവസ്ഥിതിക്കുള്ള വാർദ്ധക്യവും യുവത്വവും അന്യോന്യം കൈമാററം ചെയ്യുവാനുള്ള അനുഗ്രഹം ലഭിച്ചുകഴിഞ്ഞ യയാതി രാജാവ് | പുത്രം | മകനെ വിളിച്ച് |
| | | അവോചത | പറഞ്ഞു__ |
| | | യദോതാത | "അല്ലയോ യദുകുമാര! |

| | |
|---|---|
| മാതാമഹ–കൃതാം | നിന്റെ അമ്മയുടെ അച്ഛനാൽ വരുത്തിവെയ്ക്കപ്പെട്ട |
| ഇമാം ജരാം | ഈ ജരയെ |
| പ്രതീച്ഛ | നീ തിരിച്ചെടുക്കുക |
| നിജംവയഃ | സ്വന്തം യൗവനത്തെ |
| ദേഹി | എനിക്കുതരിക |
| വത്സ | ഉണ്ണീ! |
| വിഷയേഷു | ലോകസുഖങ്ങളിൽ |
| അഹം | ഞാൻ |
| ന തൃപ്തഃ | ഇപ്പോഴും തൃപ്തനല്ല. |
| ഭവദീയേന | നിന്റേതായ |
| വയസാ | താരുണ്യംകൊണ്ട് |
| കതിപയാഃ | ഇനിയും ഏതാനും |
| സമാഃ | വർഷങ്ങളോളം |
| രംസ്യേ | ഞാൻ സുഖിക്കട്ടെ" |

യദുരുവാച = യദു പറഞ്ഞു —

**40 നോത്സഹേ ജരസാസ്ഥാതുമന്തരാപ്രാപ്തയാതവ**
**അവിദിത്വാസുഖംഗ്രാമ്യം വൈതൃഷ്ണ്യം നൈതിപൂരുഷഃ**

| | |
|---|---|
| തവ | അങ്ങയുടെ |
| അന്തരാ | യൗവനത്തിന്റെയും വാർദ്ധക്യകാലത്തിന്റെ ഇടയിൽവച്ച് |
| പ്രാപ്തയാ | ബാധിച്ചതായ |
| ജരസാ | വാർദ്ധക്യലക്ഷണത്തോടുകൂടി |
| സ്ഥാതും | ജീവിച്ചിരിക്കുവാൻ |
| ന ഉത്സഹേ | ഞാനുത്സാഹിക്കുന്നില്ല. |
| ഗ്രാമ്യം | (എന്തെന്നാൽ) പ്രാകൃതമായ |
| സുഖം | വിഷയസുഖത്തെ |
| അവിദിത്വാ | അനുഭവിച്ചറിയാതെ |
| പൂരുഷഃ | മനുഷ്യൻ |
| വൈതൃഷ്ണ്യം | വിരക്തിയെ |
| ന ഏതി | പ്രാപിക്കയില്ല. |

**41 തുർവസുശ്ചോദിതഃ പിത്രാ ദ്രുഹ്യുശ്ചാനുശ്ച ഭാരത**
**പ്രത്യാചഖ്യുരധർമ്മജ്ഞാ ഹ്യനിത്യേ നിത്യബുദ്ധയഃ**

| | |
|---|---|
| ഭാരത | ഹേ ഭരതവംശജ! |
| പിത്രാ | പിതാവിനാൽ |
| ചോദിതഃ | (ഈ കൈമാററത്തിന്നു) പ്രേരിപ്പിക്കപ്പെട്ട |
| തുർവസുഃ | തുർവസുവും, |
| ദ്രുഹ്യുഃ ച | ദ്രുഹ്യുവും, |
| അനുഃ ച | അനുവും |
| പ്രത്യാചഖ്യുഃ | ആയതുനിഷേധിച്ചു. |
| ഹി (തേ) | എന്തെന്നാൽ, അവർ |
| അധർമ്മ-ജ്ഞാഃ | ധർമ്മത്തിന്റെ അന്തഃസാരം ഗ്രഹിച്ചിട്ടില്ലാത്തവരും |
| അനിത്യേ | നശ്വരമായ ശരീരധർമ്മത്തിൽ |
| നിത്യ–ബുദ്ധയഃ | ശാശ്വതത്വം കരുതിയിരിക്കുന്നവരും ആയിരുന്നു. |

**42 അപൃച്ഛത്തനയം പൂരും വയസോനം ഗുണാധികം**
**ന ത്വമഗ്രജവദ്വത്സ മാം പ്രത്യാഖ്യാതുമർഹസി**

| | | | |
|---|---|---|---|
| വയസാ | പ്രായംകൊണ്ട് | അഗ്രജവത് | ജ്യേഷ്ഠന്മാരെപ്പോലെ |
| ഊനം | താഴ്ന്നവനും | മാം | എന്നെ |
| ഗുണാധികം | ഗുണങ്ങൾകൊണ്ട് ഉയൎന്നവനുമായ | പ്രത്യാഖ്യാതും | നിരാകരിക്കുവാൻ |
| പൂരും | പൂരുവെന്ന | ന അർഹസി | അർഹിക്കുന്നില്ല. (എന്റെ ആഗ്രഹത്തെ നിരസിക്കാതിരിക്കുവാൻ സന്മനസ്സുണ്ടാകണം) |
| തനയം | പുത്രനോട് | | |
| അപൃച്ഛത് | ചോദിച്ചു. * | | |
| വത്സ ത്വം | മകനേ! നീ | | |

* എന്റെ ജരാനരയെ ഏറ്റെടുത്തു് പകരം നിന്റെ യൗവനം എനിക്കു തരുമോ എന്നു ചോദിച്ചു.

പൂരുരുവാച = പൂരു പറഞ്ഞു—

**43 കോനുലോകേ മനുഷ്യേന്ദ്ര പുതുരാത്മകൃതഃ പുമാൻ**
**പ്രതികർത്തും ക്ഷമോയസ്യ പ്രസാദാദ്വിന്ദതേ പരം**

| | | | |
|---|---|---|---|
| മനുഷ്യേന്ദ്ര | മഹാരാജാവേ! | കഃ നു | ആരുണ്ട് ? |
| ലോകേ | ലോകത്തിൽ | യസ്യ | യാതൊരു പിതാവിന്റെ |
| ആത്മകൃതഃ | പുരുഷാർത്ഥസാധകമായ ശരീരത്തെഉണ്ടാക്കിത്തന്ന | പ്രസാദാത് | അനുഗ്രഹത്താൽ |
| പിതുഃ | പിതാവിന്നു് | പുമാൻ | മനുഷ്യൻ |
| പ്രതികർത്തും | പ്രത്യുപകാരം ചെയ്യുവാൻ | പരം | പാരത്രികസൗഖ്യത്തെ |
| ക്ഷമഃ | കഴിവുള്ളവൻ | വിന്ദതേ | പ്രാപിക്കുന്നു. |

**44 ഉത്തമശ്ചിന്തിതം കുര്യാത് പ്രോക്തകാരീ തു മദ്ധ്യമഃ**
**അധമോഽശ്രദ്ധയാ കുര്യാദകർത്തോച്ചരിതം പിതുഃ**

| | | | |
|---|---|---|---|
| (യഃ) | ഏതൊരുവൻ | (യഃ) | ഏതൊരുവൻ |
| ചിന്തിതം | പിതാവിന്റെ അഭിപ്രായത്തെ | അശ്രദ്ധയാ | ശ്രദ്ധയില്ലായ്മയോടെ |
| | | കുര്യാത് | ചെയ്യുന്നുവോ, |
| കുര്യാത് | അറിഞ്ഞു ചെയ്യുന്നുവോ, | (സഃ) അധമഃ | അവൻ അധമൻ; |
| (സഃ) ഉത്തമഃ | അവൻ ഉത്തമൻ, | അകർത്താ | ചെയ്യാതിരിക്കുന്നവൻ |
| പ്രോക്തകാരീ തു മദ്ധ്യമഃ | പറഞ്ഞതുമാത്രം ചെയ്യുന്നവനാകട്ടെ മദ്ധ്യമൻ; | പിതുഃ | പിതാവിന്റെ |
| | | ഉച്ചരിതം | പുരീഷം മാത്രം. |

45 **ഇതി പ്രമുദിതഃ പൂരുഃ പ്രത്യഗൃഹ്ണാജ്ജരാം പിതുഃ**
**സോഽപി തദ്വയസാ കാമാൻ യഥാവജ്ജുജുഷേ നൃപ**

| | |
|---|---|
| ഇതി | ഇത്രയും പറഞ്ഞു് |
| പ്രമുദിതഃ | അതിസന്തോഷവാനായി ഭവിച്ച |
| പൂരുഃ | പൂരുരാജകുമാരൻ |
| പിതുഃ | പിതാവിൽനിന്നു് |
| ജരാം | ജരയെ |
| പ്രത്യ- ഗൃഹ്ണാത് | ഏറെറടുത്തു. (തൻെറ യൗവനത്തെ പകരംകൊടുത്തു) |
| നൃപ | രാജാവേ! |
| സഃ അപി | ആ യയാതി രാജാവും |
| തദ്വയസാ | അവൻെറ (പൂരുവിൻെറ) നവയൗവനത്താൽ |
| കാമാൻ | വിഷയഭോഗങ്ങളെ |
| യഥാവത് | വേണ്ടുംപ്രകാരം |
| ജുജുഷേ | അനുഭവിച്ചു. |

46 **സപ്തദ്വീപപതിഃ സമ്യക് പിതൃവത്പാലയൻ പ്രജാഃ**
**യഥോപജോഷം വിഷയാഞ്ജുജുഷേഽവ്യാഹതേന്ദ്രിയഃ**

| | |
|---|---|
| സപ്തദ്വീപ- പതിഃ | ഏഴുദ്വീപുകൾക്കും അധിപതിയായ യയാതി |
| പ്രജാഃ | പ്രജകളെ |
| സമ്യക് | വഴിപോലെ |
| പാലയൻ | പരിപാലിച്ചുകൊണ്ടു് |
| അവ്യാഹ- തേന്ദ്രിയഃ | തളച്ചുബാധിക്കാത്ത ഇന്ദ്രിയശക്തിയോടു കൂടിയവനായിട്ടു് |
| യഥോപ- ജോഷം | തൻെറ ഇഷ്ടത്തിന്നൊത്ത പ്രകാരം |
| വിഷയാൻ | വിഷയങ്ങളെ |
| ജുജുഷേ | അനുഭവിച്ചു. |

47 **ദേവയാന്യപ്യനുദിനം മനോവാഗ്ദേഹവസ്തുഭിഃ**
**പ്രേയസഃ പരമാം പ്രീതിമുവാഹ പ്രേയസീരഹഃ**

| | |
|---|---|
| പ്രേയസീ | പ്രിയതമയായ |
| ദേവയനീ അപി | ദേവയാനിയും കൂടി |
| മനോവാഗ്- ദേഹവസ്തുഭിഃ | മനസ്സ്, വാക്ക്, ശരീരം, പദാർത്ഥങ്ങൾ എന്നിവ കൊണ്ടു് |
| അനുദിനം | ദിവസംപ്രതി |
| പ്രേയസഃ | പ്രിയതമനു് |
| രഹഃ | ഏകാന്തത്തിൽ |
| പരമാം | അതിയായ |
| പ്രീതിം | സന്തുഷ്ടിയെ |
| ഉവാഹ | ഉളവാക്കി. |

48 **അയജദ്യജ്ഞപുരുഷം ക്രതുഭിർഭൂരിദക്ഷിണൈഃ**
**സർവ്വദേവമയം ദേവം സർവ്വവേദമയം ഹരിം**

| | |
|---|---|
| സർവ്വദേവമയം | സമസ്തദേവതാ സ്വരൂപനായും |
| സർവ്വവേദമയം | സമസ്തവേദസ്വരൂപനായും |
| യജ്ഞപുരുഷം | യജ്ഞമൂത്തിയായും വത്തിക്കുന്ന |

| | | | |
|---|---|---|---|
| ദേവം ഹരിം | ഭഗവാൻ ശ്രീഹരിയെ | ക്രതുഭിഃ | യജ്ഞങ്ങളാൽ |
| ഭൂരി-ദക്ഷിണൈഃ | ധാരാളം ദക്ഷിണകളോടു കൂടിയ | അയജത് | സമാരാധിച്ചു. |

ഈ സമാരാധനയെ താഴെ രണ്ടുശ്ലോകങ്ങളാൽ വിസ്തരിക്കുന്നു—

**49 യസ്മിന്നിദം വിരചിതം വ്യോമ്നീവ ജലദാവലിഃ**
**നാനേവ ഭാതി നാഭാതി സ്വപ്നമായാമനോരഥഃ**

**50 തമേവഹൃദിവിന്യസ്യ വാസുദേവം ഗുഹാശയം**
**നാരായണമണീയാംസം നിരാശീരയജന്ത് പ്രഭും**

| | | | |
|---|---|---|---|
| വ്യോമ്നി | ആകാശത്തിൽ കാണുന്ന | ന ആഭാതി | പ്രകാശിക്കാതിരിക്കുകയും ചെയ്യുന്നുവോ, * |
| ജലദാവലിഃ | മേഘനിര | ഗുഹാശയം | പ്രാണികളുടെ ഹൃദയഗുഹയിൽ ശയിക്കുന്നവനും |
| ഇവ | എന്നപോലെ | വാസുദേവം | വിശുദ്ധസത്വാത്മകനും |
| യസ്മിൻ | യാതൊരുവനാകുന്ന അധിഷ്ഠാനത്തിൽ | നാരായണം | പ്രപഞ്ചകാരണഭൂതനും |
| വിരചിതം | നിർമ്മിതമായിരിക്കുന്ന | അണീ-യാംസം | അതിസൂക്ഷ്മസ്വരൂപനുമായ |
| ഇദം വിശ്വം | ഈ ലോകം | തം പ്രഭും | ആ പ്രഭുവിനെ |
| സ്വപ്നമായാ-മനോരഥഃ | സ്വപ്നംപോലെയും, മായപോലെയും, മനോരാജ്യംപോലെയും | ഹൃദി | ഹൃദയനിലയത്തിൽ |
| | | വിന്യസ്യ | പ്രതിഷ്ഠിച്ച് |
| നാനാ ഇവ | ബഹുത്വമായി | നിരാശീഃ | നിഷ്കാമനായി |
| ഭാതി | പ്രകാശിക്കുകയും | അയജത് | സമാരാധിച്ചു. |

* ഇന്ദ്രിയങ്ങളുടെ പ്രവർത്തനദശയിൽ ബഹുത്വമായി ഭാസിക്കുന്നു. അവയുടെ ഉപശമനത്തിൽ അങ്ങനെയല്ലാതെയും.

**51 ഏവം വർഷസഹസ്രാണി മനഃഷഷ്ഠൈർമനഃസുഖം**
**വിദധാനോഽപി നാതൃപ്യത് സാർവ്വഭൗമഃ കദിന്ദ്രിയൈഃ**

| | | | |
|---|---|---|---|
| സാർവ്വഭൗമഃ | ഭൂമണ്ഡലത്തിന്റെ ഏകച്ഛത്രാധിപതിയായ യയാതി രാജാവ് | മനഃഷഷ്ഠൈഃ | മനസ്സ് ആറാമത്തേതായ (മനസ്സുറപ്പെടെ ആറുവിധമായ) |
| ഏവം | ഈവിധം | | |

| | | | |
|---|---|---|---|
| കദിന്ദ്രിയൈഃ | വിഷയവാസനാദൂഷിതളായ കത്സിതേന്ദ്രിയങ്ങളാൽ | മനഃസുഖം | മനസ്സിന്നു് സുഖമേകുന്ന കാമഭോഗത്തെ |
| | | വിദധാനഃ അപി | ആർജ്ജിച്ചനുഭവിച്ചുകൊണ്ടിരുന്നുവെങ്കിലും |
| വർഷ– സഹസ്രാണി | ഏതാനും ആയിരത്താണ്ടുകളോളം | ന അതൃപ്യത | തൃപ്തനായില്ല. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ

അഷ്ടാദശോഽധ്യായഃ

ആദിതഃ ശ്ലോകാ 705

നവമസ്കന്ധത്തിലെ പതിനെട്ടാമദ്ധ്യായം കഴിഞ്ഞു.

❋

## ഏകോനവിംശോഽധ്യായഃ = അദ്ധ്യായം പത്തൊമ്പതു്

### യയാതിയുടെ വിഷയവിരക്തിയും സംസാരനിർമ്മുക്തിയും

**"ഊനവിംശേ യയാതിഃ സ്വം ചേഷ്ടിതം നനജോപമം**
**ദേവയാനീം സമാശ്രാവ്യ വിരക്തോ മുക്തിമാപ്തവാൻ"**

യയാതി തന്റെ ജീവിതകഥയെ ഇണയോടൊത്തു സഞ്ചരിച്ച ഒരു കൊററനാടിന്റെ ജീവിതകഥയാക്കിമാററി ദേവയാനിയെ കേൾപ്പിച്ച് സ്വയം വിഷയവിരക്തനായി സംസാരനിർമ്മുക്തിനേടിയ ചരിതം ഈ 19–ാമദ്ധ്യായത്തിൽ വിസ്തരിക്കുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

1 **സ ഇത്ഥമാചരൻ കാമാൻ സ്ത്രൈണോഽപഹ്നവമാത്മനഃ**
**ബുദ്ധ്വാ പ്രിയായൈ നിർവിണ്ണോ ഗാഥാമേതാമഗായത്**

| | | | |
|---|---|---|---|
| സ്ത്രൈണഃ സഃ | സ്ത്രീലമ്പടനായ ആ യയാതി രാജാവു് | കാമാൻ | കാമഭോഗങ്ങളെ |
| | | ആചരൻ | അനുഭവിച്ചുകൊണ്ടു് |
| ഇത്ഥം | ഇപ്രകാരം | ആത്മനഃ | (ഒടുവിൽ) തന്റെ |

| | | | |
|---|---|---|---|
| അപഹ്നവം | അപകർഷത്തെപ്പററി | ഏതാംഗാഥാം | ഇത്തരത്തിൽ ഛന്ദോബദ്ധമായ ഒരു പഴയ കഥയെ |
| ബുദ്ധ്വാ | ബോധവാനായിട്ടു് * | പ്രിയായൈ | പ്രിയപത്നിക്കു് |
| നിർവിണ്ണഃ | വിരക്തനായി ഭവിച്ചു് | അഗായത | പാടിക്കേൾപ്പിച്ചു. |

* "ആത്മനഃ അപഹ്നവം ബുദ്ധ്വാ" എന്നതിന്നു് "ആത്മാവബോധത്തിന്റെ ആവരണമായിട്ടുള്ളതെന്നറിഞ്ഞു്" എന്നും അർത്ഥം.

2 ശൃണു ഭാർഗ്ഗവ്യമൂം ഗാഥാം മദ്വിധാചരിതാം ഭുവി
ധീരാ യസ്യാനുശോചന്തി വനേ ഗ്രാമനിവാസിനഃ

| | | | |
|---|---|---|---|
| ഭാർഗ്ഗവി | ഭൃഗുവംശനന്ദിനി! | ധീരാഃ | വിവേകികൾ |
| ഭുവി | ഭൂമിയിൽ | അനു-ശോചന്തി | അനുശോചിക്കുമാറുണ്ടോ അങ്ങനെയുള്ള |
| ഗ്രാമനി-വാസിനഃ | ഗ്രാമത്തിൽ നിവസിക്കുന്ന (ഗ്രാമ്യസുഖത്തിൽ മുഴുകിയിരിക്കുന്ന) | മദ്വിധാ-ചരിതാം | എന്നെപ്പോലുള്ളവരുടെ ജീവിതചര്യയെ ഉൾക്കൊണ്ടിരിക്കുന്ന |
| യസ്യ | യാതൊരുവന്റെ | | |
| ചരിതം | ജീവിതചര്യയെക്കുറിച്ചു് | അമൂം ഗാഥാം | ഈ ഗാഥയെ |
| വനേ | വനത്തിൽ വസിക്കുന്ന | ശൃണു | കേട്ടുകൊണ്ടാലും |

3 ബസ്ത ഏകോ വനേ കശ്ചിദ്വിചിന്വൻ പ്രിയമാത്മനഃ
ദദർശ കൂപേ പതിതാം സ്വകർമ്മവശഗാമജാം

| | | | |
|---|---|---|---|
| കശ്ചിത് | ഏതോ ഒരു | കൂപേ | കിണററിൽ |
| ഏകഃ | ഒററയ്ക്കുനടക്കുന്ന | പതിതാം | വീണുകിടക്കുന്നതും |
| ബസ്തഃ | കൊററനാടു് | സ്വകർമ്മ-വശഗാം | തന്റെ പ്രാരബ്ധകർമ്മത്തിന്നു് അധീനപ്പെട്ടതുമായ |
| വനേ | കാട്ടിൽ | അജാം | പെണ്ണാടിനെ |
| ആത്മനഃ | തനിക്കു് | ദദർശ | കണ്ടു. |
| പ്രിയം | ഇഷ്ടപ്പെട്ടസാധനത്തെ | | |
| വിചിന്വൻ | തേടിക്കൊണ്ടിരിക്കെ | | |

ഇവിടെ യയാതി 'കൊററനാടു്' എന്നതു് തന്നെയും, 'വന'മെന്നതു സംസാരത്തെയും 'പ്രിയ'മെന്നപദം ശബ്ദാദിവിഷയത്തെയും 'കിണററിൽപ്പെട്ട പെണ്ണാടു്' എന്നതു ദേവയാനിയെയും ഉദ്ദേശിച്ചു് അന്യാപദേശംകൊണ്ടു് സൂചിപ്പിച്ചിരിക്കുന്നു.

4 തസ്യാ ഉദ്ധരണോപായം ബസ്തഃ കാമീ വിചിന്തയൻ
വ്യധത്ത തീർത്ഥമുദ്ധൃത്യ വിഷാണാഗ്രേണ രോധസീ

| | | | |
|---|---|---|---|
| കാമീ | കാമബാധിതനായ | വിഷാണാഗ്രേണ | കൊമ്പുകളുടെ അഗ്രഭാഗത്താൽ |
| ബസ്തഃ | കൊററനാട് | രോധസീ | കിണററിൻവക്കിൽ |
| തസ്യാഃ | അവളുടെ(പെണ്ണാടിൻെറ) | ഉദ്ധൃത്യ | മണ്ണിടിച്ചുതള്ളി |
| ഉദ്ധരണോപായം | ഉദ്ധാരണത്തിനുള്ള ഉപായത്തെ | തീർത്ഥം | മുകളിലേക്ക കയറുവാനുള്ള ഒതുക്ക് |
| വിചിന്തയൻ | ചിന്തിച്ചുകൊണ്ട് | വ്യധത്ത | ഏർപ്പെടുത്തി. |

5 സോത്തീർയ്യ കൂപാത് സുശ്രോണീതമേവ ചകമേകില
തയാവൃതം സമുദ്വീക്ഷ്യ ബഹ്വ്യോജാഃ കാന്തകാമിനീഃ
പീവാനം ശ്മശ്രുലം പ്രേഷ്ഠം മീഢ്വാംസം യാഭകോവിദം

| | | | |
|---|---|---|---|
| സുശ്രോണീ | ഭംഗിയുള്ള നിതംബഭാഗത്തോടുകൂടിയ | ശ്മശ്രുലം | മേലാകവെ രോമം നിറഞ്ഞ— |
| സാ | അവരം | യാഭകോവിദം | മൈഥുനനിപുണനായ— |
| കൂപാത് | കിണററിൽനിന്ന് | മീഢ്വാംസം | ധാരാളം രേതസ്സൊഴുക്കുന്ന |
| ഉത്തീർയ്യ | കരയേറിയിട്ട് | പ്രേഷ്ഠം | ഏററെ പ്രേമം കാട്ടുന്നവനുമായ ആ കൊററനാടിനെ |
| തം ഏവ | ആ കൊററനെത്തന്നെ | | |
| ചകമേകില | ഇണയാക്കാനാശിച്ചു പോൽ | ബഹ്വ്യഃ | വളരെ |
| | | അജാഃ | പെണ്ണാടുകളം |
| തയാവൃതം | അവളാൽ വരിക്കപ്പെട്ട— | കാന്തകാമിനീഃ | അവരുടെ കാന്തനാകുവാൻ ആഗ്രഹിച്ചിരുന്നു. |
| പീവാനം | തടിച്ചുകൊഴുത്ത — | | |

'വളരെ പെണ്ണാടുകളം' എന്നതുകൊണ്ടു ശർമ്മിഷ്ഠയെയും അവളുടെ തോഴിമാരെയും സൂചിപ്പിച്ചതാകുന്നു.

6 സ ഏകോ ജവൃഷസ്താസാം ബഹ്വീനാം രതിവർദ്ധനഃ
രേമേ കാമഗ്രഹഗ്രസ്ത ആത്മാനം നാവബുധ്യത

| | | | |
|---|---|---|---|
| സഃ ഏകഃ | ആ ഏകനായ | രതിവർദ്ധനഃ | രതിസുഖത്തെ വളർത്തുന്നവനായി |
| അജവൃഷഃ | ആട്ടുകൊററൻ | രേമേ | രമിച്ചു. |
| കാമഗ്രഹഗ്രസ്തഃ | കാമമെന്ന ദുർഭൂതത്താൽ ഗ്രസിക്കപ്പെട്ട് | ആത്മാനം | തന്നെക്കുറിച്ച് |
| താസാം ബഹ്വീനാം | ആ അസംഖ്യം പെണ്ണാടുകളക്കെല്ലാം | ന അവബുധ്യത | ഓർത്തിരുന്നതേയില്ല. (ആത്മാവിനെ നിനച്ചിരുന്നില്ല.) |

7 തമേവപ്രേഷ്ഠതമയാ രമമാണമജാന്യയാ
വിലോക്യ കൂപസംവിഗ്നാ നാമൃഷ്യദ് ബസ്തകർമ്മതത്

| | | | |
|---|---|---|---|
| പ്രേഷ്ഠതമയാ | അത്യധികം പ്രിയപ്പെട്ട | കൂപ-സംവിഗ്നാ | മുൻപു കിണററിൽപ്പെട്ടു കിടന്നതായ |
| അന്യയാ | മറെറാരു പെണ്ണാടിന്റെ കൂടെ | അജാ | പെണ്ണാട് |
| രമമാണം | പുളച്ചുകൊണ്ടിരിക്കുന്ന | തത്ബസ്ത-കർമ്മ | തന്റെ കൊററനാടിന്റെ ആ വേലത്തരത്തെ |
| തം ഏവ | ആ മേൽപ്പറഞ്ഞ കൊററനെത്തന്നെ | | |
| വിലോക്യ | കണ്ടിട്ട് | ന അമൃഷ്യത് | കണ്ടുപൊറുത്തില്ല. |

8 തം ദുർഹൃദം സുഹൃദ്രൂപം കാമിനം ക്ഷണസൗഹൃദം
ഇന്ദ്രിയാരാമമുത്സൃജ്യ സ്വാമിനം ദുഃഖിതാ യയൗ

| | | | |
|---|---|---|---|
| ദുർഹൃദം | ദുർമ്മനസ്സനും | തം | അവനെ |
| സുഹൃദ്രൂപം | സന്മനസ്സനെപ്പോലെ ഭാവിക്കുന്നവനും | ഉത്സൃജ്യ | വിട്ട് |
| കാമിതം | കാമിയും | ദുഃഖിതാ | സങ്കടപ്പെട്ട പെണ്ണാട് |
| ക്ഷണ-സൗഹൃദം | അല്പനേരത്തേക്കുമാത്രം സ്നേഹമുള്ളവനും | സ്വാമിനം | ഉടമസ്ഥന്റെ അടുക്കലേക്ക് |
| ഇന്ദ്രിയാരാമം | ഇന്ദ്രിയസുഖങ്ങളിൽമാത്രം രമിച്ചിരിക്കുന്നവനുമായ | യയൗ | പോയി. |

രാജാവിന്റെ ശർമ്മിഷ്ഠയോടുള്ള അടുപ്പംകണ്ട് മനം കലങ്ങിയ ദേവയാനി പിതാവിന്റെ സമീപത്തിലേക്കുപോയ സംഭവത്തെയാണ് ഇവിടെ സൂചിപ്പിച്ചത്.

9 സോഽപി ചാനുഗതസ്ത്രൈണഃ കൃപണസ്താം പ്രസാദിതും
കുർവന്നിഡവിഡാകാരം നാശക്നോത് പഥി സന്ധിതും

| | | | |
|---|---|---|---|
| സ്ത്രൈണഃ | സ്ത്രീലമ്പടനും | ഇഡവിഡാ-കാരം | 'ഇഡ-വിഡ' എന്നുള്ള ഒരുമാതിരി കരച്ചിൽ ശബ്ദം |
| കൃപണഃ | ദയനീയനുമായ | | |
| സഃ അപി ച | ആ കൊററനാടാകട്ടെ | കുർവൻ | ഉണ്ടാക്കിക്കൊണ്ട് |
| താം | അവളെ | പഥി | വഴിയിൽവച്ച് |
| പ്രസാദിതും | പ്രീതിപ്പെടുത്തുവാൻ വേണ്ടി | സന്ധിതും | (അവളെ) ഇണക്കുവാൻ |
| | | ന അശ-ക്നോത് | ശക്തനായില്ല. |
| അനുഗതഃ | പിന്നാലെചെന്ന് | | |

**10 തസ്യാസ്തത്ര ദ്വിജഃ കശ്ചിദജാസ്വാമ്യച്ഛിനദ്രുഷാ**
**ലംബന്തം വൃഷണം ഭൂയഃ സന്ദധേഽർത്ഥായ യോഗവിത്**

| | | | |
|---|---|---|---|
| തത്ര | അവിടെ | അച്ഛിനത് | ഛേദിച്ചു. |
| തസ്യാഃ അജാസ്വാമീ | ആ പെണ്ണാടിന്റെ ഉടമസ്ഥനായ | (തതഃ) | പിന്നീട് |
| കശ്ചിത് | ഒരു | യോഗവിത് | ഉപായജ്ഞനായ ആ ബ്രാഹ്മണൻ |
| ദ്വിജഃ | ബ്രാഹ്മണൻ | അർത്ഥായ | സ്വന്തം കാര്യത്തിനു വേണ്ടി |
| ലംബന്തം | കൊററന്റെ (തൂങ്ങിയാടുന്ന) | ഭൂയഃ | വീണ്ടും |
| വൃഷണം | വൃഷണത്തെ (അണ്ഡത്തെ) | സന്ദധേ | ഒട്ടിച്ചു കൊടുത്തു. |
| രുഷാ | കോപത്താൽ | | |

ശുക്രമഹർഷിയുടെ ശാപത്താൽ രാജാവിനു് ജരബാധിച്ചതും പിന്നെ സ്വപുത്രീസ്നേഹംനിമിത്തം അതിനെ മററൊരാൾക്കു് കൊടുത്തു പകരം യൗവനം നേടുവാൻ അനുഗ്രഹിച്ചതും ഇവിടെ ആട്ടിൻകൊററന്റെ വൃഷണഛേദം, അതിന്റെ പുനഃസന്ധാനം എന്നീ പ്രസ്താവംകൊണ്ടു സൂചിപ്പിച്ചു.

**11 സംബദ്ധവൃഷണഃ സോഽപി ഹ്യജയാ കൂപലബ്ധയാ**
**കാലം ബഹുതിഥം ഭദ്രേ കാമൈർനാദ്യാപി തുഷ്യതി**

| | | | |
|---|---|---|---|
| സംബദ്ധ-വൃഷണഃ | കൂട്ടിയോജിപ്പിക്കപ്പെട്ട വൃഷണത്തോടുകൂടിയവനായ | ബഹുതിഥം കാലം | അനേകം ദിവസങ്ങളുടങ്ങിയ ദീർഘകാലത്തോളം |
| സഃ അപി | ആ കൊററനാകട്ടെ | കാമൈഃ | അനുഭവിക്കപ്പെട്ട കാമഭോഗങ്ങൾകൊണ്ടു്, |
| കൂപലബ്ധയാ | കിണററിൽനിന്നു കിട്ടിയ | ഭദ്രേ | അല്ലയോ ശുഭചരിതേ! |
| അജയാഹി | പെണ്ണാടിനോടുകൂടിത്തന്നെ | അദ്യാപി | ഇപ്പോൾകൂടിയും |
| | | ന തുഷ്യതി | സംതൃപ്തനല്ല. |

**12 തഥാഹം കൃപണഃ സുഭ്രു ഭവത്യാഃ പ്രേമയന്ത്രിതഃ**
**ആത്മാനം നാഭിജാനാമി മോഹിതസ്തവ മായയാ**

| | | | |
|---|---|---|---|
| സുഭ്രു | സുന്ദരി! | തവ | ഭവതിയുടെ |
| തഥാ | അതേവിധം | മായയാ | മായാജാലത്താൽ |
| കൃപണഃ | ദയനീയനായ | മോഹിതഃ | മോഹിപ്പിക്കപ്പെട്ടവനായുമായിട്ടു് |
| അഹം | ഞാൻ | ആത്മാനം | ആത്മാവിനെ |
| ഭവത്യാഃ | ഭവതിയുടെ | ന അഭി-ജാനാമി | നേരിൽ അറിയാതെയിരിക്കുന്നു. |
| പ്രേമയന്ത്രിതഃ | പ്രേമത്താൽ നിയന്ത്രിക്കപ്പെട്ടവനായും | | |

“എന്നാൽ ഇനിയും കുറെക്കാലംകൂടി കാമഭോഗങ്ങളനുഭവിച്ചുകൊള്ളുക. അപ്പോൾ മനസ്സിനു സംതൃപ്തിയും, തദ്വാരാ കാമോപശാന്തിയും ആ വഴിക്കു മോഹനിവൃത്തിയും ഉണ്ടാകുമല്ലോ.'' എന്നാണെങ്കിൽ ഇനി രണ്ടുശ്ലോകംകൊണ്ടു് അതു സംഭാവ്യമല്ലെന്നു് പറയുന്നു.

**13 യത് പൃഥിവ്യാം വ്രീഹിയവം ഹിരണ്യം പശവഃ സ്ത്രിയഃ**
**ന ദുഹ്യന്തി മനഃപ്രീതിം പുംസഃ കാമഹതസ്യ തേ**

| | | | |
|---|---|---|---|
| പൃഥിവ്യാം | ഭൂമിയിൽ | തേ | അവയെല്ലാം |
| വ്രീഹിയവം | നെല്ലു് – യവം മുതലായ ധാന്യങ്ങളും, | കാമഹതസ്യ | കാമക്കെടുതിക്കധീനനായ |
| ഹിരണ്യം | പൊന്നും, | പുംസഃ | മനുഷ്യന്റെ |
| പശവഃ | നാല്ക്കാലികളും, | മനഃ പ്രീതിം | മനഃ സംതൃപ്തിയെ |
| സ്ത്രീയഃ | സ്ത്രീകളും | ന ദുഹ്യന്തി | പൂരിപ്പിക്കയില്ല. |
| യത് | എത്രയുണ്ടോ, | | |

ഭോഗങ്ങൾ എത്രതന്നെ അനുഭവിച്ചാലും അലംഭാവം വരികയില്ലെന്നു സാരം. ഇതിനെ ദൃഷ്ടാന്തപൂർവ്വം ഇനി വ്യക്തമാക്കുന്നു.

**14 ന ജാതു കാമഃ കാമാനാമുപഭോഗേന ശാമ്യതി**
**ഹവിഷാ കൃഷ്ണവർത്മേവ ഭൂയ ഏവാഭിവർദ്ധതേ**

| | | | |
|---|---|---|---|
| കാമാനാം | വിഷയസുഖങ്ങളുടെ | ഹവിഷാ | ഹവിസ്സിനാൽ (ആജ്യാഹുതിയാൽ) |
| ഉപ–ഭോഗേന | നിരന്തരമായ ഉപഭോഗം കൊണ്ടു് | കൃഷ്ണവർത്മാ | അഗ്നി |
| കാമഃ | വിഷയേച്ഛ | ഇവ | എന്നപോലെ |
| ജാതു | ഒരിക്കലും | ഭൂയഃ | മേൽക്കുമേൽ |
| ന ശാമ്യതി | ശമിക്കയില്ല. | അഭിവർദ്ധതേ ഏവ | വളർന്നുവരികയേയുള്ളൂ. |

എന്നാൽ കാമോപശാന്തിക്കുതകുംവിധം മനസ്സിനു എപ്പോൾ, ഏതുമാർഗ്ഗത്തിലൂടെയാണു് സമ്പൂർണ്ണപ്രീതിയുണ്ടാവുക ? താഴെ ആറുശ്ലോകങ്ങൾകൊണ്ടു് ഈ ആശങ്കയെ പരിഹരിക്കുന്നു.

**15 യദാ ന കുരുതേഭാവം സർവ്വഭൂതേഷ്വമംഗലം**
**സമദൃഷ്ടേസ്തദാപുംസഃ സർവ്വാഃ സുഖമയാദിശഃ**

| | |
|---|---|
| സർവ്വഭൂതേഷു | സകലചരാചരങ്ങളിലും |
| അമംഗലം | രാഗദ്വേഷാദികളെ സംബന്ധിച്ചുളവാകുന്ന വിഷമഭാവത്തെ |
| യദാ | എപ്പോൾ |
| ന കുരുതേ | ഉള്ളിൽ കരുതാതിരിക്കുന്നുവോ, |
| തദാ | അപ്പോൾ |
| സമദൃഷ്ടേഃ | സമദർശനം സാധിച്ചുകഴിഞ്ഞ |
| പുംസഃ | ആ മനുഷ്യന്ന് |
| സർവ്വാഃ ദിശഃ | എല്ലാ ദിശകളും |
| സുഖമയാഃ | സുഖസ്വരൂപങ്ങളായിത്തീരും. |

**16 യാ ദുസ്ത്യജാ ദുർമ്മതിഭിർജീര്യതോ യാന ജീര്യതേ**
**താം തൃഷ്ണാം ദുഃഖനിവഹാം ശർമ്മകാമോദ്രുതം ത്യജേത്**

| | |
|---|---|
| യാ | യാതൊന്ന് |
| ദുർമ്മതിഭിഃ | ദുർബ്ബുദ്ധികളാൽ |
| ദുസ്ത്യജാ | പരിത്യജിക്കുവാൻ അശക്യമായതോ, |
| ജീര്യതഃ | ശരീരം ജീർണ്ണിച്ചിരിക്കുന്ന അവസ്ഥയിലും |
| യാ | യാതൊന്ന് |
| ന ജീര്യതേ | ജീർണ്ണിക്കുന്നില്ലയോ, |
| ദുഃഖനിവഹാം | ദുഃഖത്തെ മേലേക്കുമേൽ വരുത്തിവയ്ക്കുന്ന |
| താം തൃഷ്ണാം | ആ ആശാബന്ധത്തെ |
| ശർമ്മകാമഃ | മനഃസുഖമാഗ്രഹിക്കുന്നവൻ |
| ദ്രുതം | അതിവേഗം |
| ത്യജേത് | ഉപേക്ഷിക്കണം. |

സ്ത്രീസമ്പർക്കം എല്ലാപ്രകാരത്തിലും വർജ്ജിച്ചുകൊള്ളണമെന്ന് അടുത്തശ്ലോകം കൊണ്ടുപറയുന്നു.

**17 മാത്രാ സ്വസ്രാദുഹിത്രാവാ നാവിവിക്താസനോ ഭവേത്**
**ബലവാനിന്ദ്രിയഗ്രാമോ വിദ്വാംസമപി കർഷതി**

| | |
|---|---|
| മാത്രാ | മാതാവിനോടോ, |
| സ്വസ്രാ | സഹോദരിയോടോ, |
| ദുഹിത്രാവാ | പുത്രിയോടോ കൂടി |
| അവിവിക്താസനഃ ന ഭവേത് | ഇടകലർന്നതായ ഇരിപ്പിടത്തിൽ (ഒരേ ഇരിപ്പിടത്തിൽഇടകലർന്നുകൊണ്ടു്) ഇരുന്നുകൂടാ |
| ബലവാൻ | ശക്തിയേറിയ |
| ഇന്ദ്രിയഗ്രാമഃ | ഇന്ദ്രിയസമൂഹം |
| വിദ്വാംസം അപി | അറിവുള്ളവനെയും കൂടി |
| കർഷതി | ആകർഷിക്കുന്നു. |

**18** **പൂർണ്ണം വർഷസഹസ്രം മേ വിഷയാൻ സേവതോ ऽസകൃത്**
**തഥാപി ചാനുസവനം തൃഷ്ണാ തേഷൂപജായതേ**

| | | | |
|---|---|---|---|
| അസകൃത് | വീണ്ടും വീണ്ടും | തഥാപി | അങ്ങനെയായിട്ടുകൂടിയും |
| വിഷയാൻ | വിഷയസുഖങ്ങളെ | തേഷു | അവയിൽ |
| സേവതഃ | അനുഭവിച്ചുകൊണ്ടിരിക്കുന്ന | അനുസവനം | അതാതുസമയത്ത് |
| മേ | എനിക്ക് | തൃഷ്ണാ | ആശ |
| വർഷസഹസ്രം | ആയിരം സംവത്സരം | ഉപജായതേ ച | ജനിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. |
| പൂർണ്ണം | പൂർത്തിയായി | | |

**19** **തസ്മാദേതാമഹം ത്യക്ത്വാ ബ്രഹ്മണ്യാധായ മാനസം**
**നിർദ്വന്ദ്വോ നിരഹംകാരശ്ചരിഷ്യാമി മൃഗൈഃ സഹ**

| | | | |
|---|---|---|---|
| തസ്മാത് | ആകയാൽ | നിർദ്വന്ദ്വഃ | ഭേദബുദ്ധിയില്ലാത്തവനും |
| അഹം | ഞാൻ | നിരഹങ്കാരഃ | ഞാനെന്ന ഭാവമില്ലാത്തവനുമായിട്ട് |
| ഏതാം | ഇതിനെ (തൃഷ്ണയെ) | മൃഗൈഃ സഹ | വന്യമൃഗങ്ങളോടൊത്തുചേർന്ന് |
| ത്യക്ത്വാ | ഉപേക്ഷിച്ച്, | ചരിഷ്യാമി | സഞ്ചരിപ്പാൻ പോകുന്നു. |
| മാനസം | മനസ്സിനെ | | |
| ബ്രഹ്മണി | പരമാത്മാവിൽ | | |
| ആധായ | ഉറപ്പിച്ച്, | | |

**20** **ദൃഷ്ടം ശ്രുതമസദ്ബുദ്ധ്വാ നാനുധ്യായേന്ന സംവിശേത്**
**സംസൃതിം ചാത്മനാശം ച തത്രവിദ്വാൻ സ ആത്മദൃക്**

| | | | |
|---|---|---|---|
| ദൃഷ്ടം | കാണപ്പെട്ടതും | തത്ര | അതിൽ (അനുധ്യാനത്തിലും അനുഭവത്തിലും) |
| ശ്രുതം ച | കേൾക്കപ്പെട്ടതുമെല്ലാം | സംസൃതിം | സംസാരബന്ധത്തെയും |
| അസത് | മിഥ്യയാണെന്ന് | ആത്മനാശം ച | ആത്മനാശത്തെയും |
| ബുദ്ധ്വാ | ഉള്ളിലുറപ്പിച്ച്, | വിദ്വാൻ സഃ | അറിയുന്നവൻ |
| ന അനുധ്യായേത് | അവയെ നിനച്ചുകൊണ്ടിരിക്കരുത്; | ആത്മദൃക് | ആത്മദർശിയാകുന്നു. |
| ന സംവിശേത് | അനുഭവിക്കുകയും ചെയ്യരുത്. | | |

**21 ഇത്യുക്ത്വാ നാഹുഷോ ജായാം തദീയം പൂരവേ വയഃ**
**ദത്വാ സ്വാം ജരസം തസ്മാദാദദേ വിഗതസ്പൃഹഃ**

| | | | |
|---|---|---|---|
| വിഗത– സ്പൃഹഃ | വിഷയതൃഷ്ണവിട്ടുപോയ | വയഃ | യൗവനത്തെ |
| | | ദത്വാ | കൊടുത്തു് |
| നാഹുഷഃ | യയാതിരാജാവു് | തസ്മാത് | അവനിൽനിന്നു് |
| ജായാം | പത്നിയോടു് | സ്വാം | തന്റെ |
| ഇതി | ഇപ്രകാരം | ജരസം | ജരാനരയെ |
| ഉക്ത്വാ | പറഞ്ഞിട്ടു് | ആദദേ | ഏറ്റുവാങ്ങി. |
| പൂരവേതദീയം | പൂരുവിന്നു് അവന്റെ | | |

**22 ദിശി ദക്ഷിണപൂർവസ്യാം ദ്രുഹ്യും ദക്ഷിണതോ യദും**
**പ്രതീച്യാം തുർവസും ചക്രേ ഉദീച്യാമനുമീശ്വരം**

| | | | |
|---|---|---|---|
| ദക്ഷിണപൂർവ– സ്യാംദിശി | തെക്കുകിഴക്കുദിക്കിൽ | തുർവസും | തുർവസുവിനെയും, |
| | | ഉദീച്യാം | വടക്കുദിക്കിൽ |
| ദ്രുഹ്യും | ദ്രുഹ്യുവിനെയും, | അനും | അനുവിനെയും |
| ദക്ഷിണതഃ | തെക്കൻദിക്കിൽ | ഈശ്വരം ചക്രേ | അധിപന്മാരാക്കി നിയമനം ചെയ്തു. |
| യദും | യദുവിനെയും, | | |
| പ്രതീച്യാം | പടിഞ്ഞാറിൽ | | |

**23 ഭൂമണ്ഡലസ്യ സർവസ്യ പൂരുമർഹത്തമം വിശാം**
**അഭിഷിച്യാഗ്രജാംസ്തസ്യ വശേ സ്ഥാപ്യ വനം യയൗ**

| | | | |
|---|---|---|---|
| വിശാം അർഹത്തമം | മനുഷ്യർക്കിടയിൽ മഹത്വമേറിയ | അഭിഷിച്യ | അഭിഷേകംചെയ്തു്, |
| | | തസ്യവശേ | അവന്റെ അധീനത്തിൽ |
| പൂരും | പൂരുവിനെ | അഗ്രജാൻ | ജ്യേഷ്ഠന്മാരെയും |
| സർവസ്യ | മുഴുവൻ | സ്ഥാപ്യ | ഇരുത്തി, |
| ഭൂമണ്ഡലസ്യ | ഭൂമണ്ഡലത്തിന്റെയും | വനം | വനത്തിലേക്കു് |
| (അധീശ്വരം) | അധിനായകനായി | യയൗ | പോയി. |

**24 ആസേവിതം വർഷപൂഗാൻ ഷഡ്വർഗ്ഗം വിഷയേഷു സഃ**
**ക്ഷണേനമുമുചേ നീഡം ജാതപക്ഷ ഇവ ദ്വിജഃ**

| | | | |
|---|---|---|---|
| വിഷയേഷു | ശബ്ദാദിവിഷയങ്ങളിൽ | ജാതപക്ഷഃ | ചിറകുമുളച്ചുണ്ടായ |
| വർഷപൂഗാൻ | അനേകവർഷങ്ങളോളം | ദ്വിജഃ | പക്ഷി |
| ആസേവിതം | പരമാവധി അനുഭവിക്കപ്പെട്ടതായ | നീഡം ഇവ | കൂട്ടിനെയെന്നപോലെ |
| | | ക്ഷണേന | ക്ഷണനേരംകൊണ്ടു് |
| ഷഡ്വർഗ്ഗം | ഐന്ദ്രിയസുഖത്തെ | സഃ മുമുചേ | അദ്ദേഹം കൈവിട്ടു. |

**25 സ തത്ര നിർമ്മുക്തസമസ്തസംഗ**
**ആത്മാനുഭൂത്യാ വിധുതത്രിലിംഗഃ**
**പരേഽമലേ ബ്രഹ്മണി വാസുദേവേ**
**ലേഭേ ഗതിം ഭാഗവതീം പ്രതീതഃ**

| | | | |
|---|---|---|---|
| പ്രതീതഃ | വിഖ്യാതനായ | അമലേ | വിശുദ്ധവും |
| സഃ | ആ യയാതി രാജാവ് | വാസുദേവേ | വാസുദേവാഖ്യവുമായ |
| ആത്മാനുഭൂത്യാ | ആത്മാവിന്റെ അനുഭൂതിയാൽ (ആത്മദർശനത്താൽ) | പരേ ബ്രഹ്മണി | പരബ്രഹ്മത്തിൽ |
| നിർമ്മുക്ത-സമസ്തസംഗഃ | എല്ലാ ഭൗതികബന്ധങ്ങളിൽനിന്നും നിഃശേഷം മുക്തനും | ഭാഗവതീം | ഭഗവദ്ഭക്തിയാൽമാത്രം ലഭ്യമാവുന്ന |
| വിധുത-ത്രിലിംഗഃ | ഗുണത്രയകാര്യങ്ങളായ ദേഹേന്ദ്രിയാദികളെ പാടെ വിട്ടുകളഞ്ഞവനുമായിഭവിച്ച് | ഗതിം | ഗതിയെ (നിത്യശാന്തിയെ) |
| | | ലേഭേ | പ്രാപിച്ചു. |

**26 ശ്രുത്വാ ഗാഥാം ദേവയാനീ മേനേ പ്രസ്തോഭമാത്മനഃ**
**സ്ത്രീപുംസോഃ സ്നേഹവൈക്ലവ്യാത് പരിഹാസമിവേരിതം**

| | | | |
|---|---|---|---|
| ദേവയാനീ | ദേവയാനിയാകട്ടെ | പരിഹാസം ഇവ | തമാശയെന്നപോലെ അന്യാപദേശരൂപേണ |
| ഗാഥാം | (ഭർത്താവുചൊല്ലിയ) ഗാഥയെ | ഈരിതം | കെട്ടിച്ചമച്ചുചൊല്ലിയതിനെ |
| ശ്രുത്വാ | കേട്ട് | | |
| സ്ത്രീപുംസോഃ | സ്ത്രീപുരുഷന്മാരുടെ | ആത്മനഃ | ആത്മാവിന്റെ (ആദ്ധ്യാത്മികമായ) |
| സ്നേഹ-വൈക്ലവ്യാത് | അന്യോന്യാനുരക്തി കൊണ്ടുണ്ടാവുന്ന മനഃക്ലേശത്തെ നിമിത്തമാക്കി | പ്രസ്തോഭം | പ്രോത്സാഹനമായിട്ട് |
| | | മേനേ | കരുതി. |

**27 സാ സന്നിവാസം സുഹൃദാം പ്രപായാമിവ ഗച്ഛതാം**
**വിജ്ഞായേശ്വരതന്ത്രാണാം മായാവിരചിതം പ്രഭോഃ**

**28 സർവ്വത്ര സംഗമുത്സൃജ്യ സ്വപ്നൗപമ്യേന ഭാർഗ്ഗവീ**
**കൃഷ്ണേ മനഃ സമാവേശ്യ വ്യധുനോല്ലിംഗമാത്മനഃ**

| | | | |
|---|---|---|---|
| ഈശ്വര-തന്ത്രാണാം | ഈശ്വരന്റെ വശവർത്തികളായുള്ള | ഗച്ഛതാം | വഴിനടത്തക്കാരുടെ |
| സുഹൃദാം | ഇഷ്ടജനങ്ങളുടെ | പ്രപായാം | തണ്ണീർപന്തലിൽവച്ചുണ്ടാവുന്ന |
| സന്നിവേശം | അന്യോന്യബന്ധം | ഇവ | ബന്ധംപോലെ |

| | | | |
|---|---|---|---|
| പ്രഭോഃ | സർവ്വശക്തനായ ഈശ്വരന്റെ | ഭാർഗ്ഗവീ | ഭൃഗുഗോത്രജാതയായ |
| മായാവിരചിതം | മായയാൽ കല്പിതമായ താണെന്ന് | സാ | അവൾ |
| വിജ്ഞായ | അറിഞ്ഞിട്ട് | കൃഷ്ണേ | ശ്രീകൃഷ്ണപരമാത്മാവിൽ |
| സ്വപ്നൗപമ്യേന | സ്വപ്നസാദൃശ്യം വഴിക്ക് | മനഃ | മനസ്സിനെ |
| സർവ്വത്ര | എല്ലാവിഷയങ്ങളിലുമുള്ള | സമാവേശ്യ | ഉറപ്പിച്ച് |
| സംഗം | ആസക്തിയെ | ആത്മനഃ | തന്റെ |
| ഉത്സൃജ്യ | ഉപേക്ഷിച്ച് | ലിംഗം | അജ്ഞാനാത്മകമായ ലിംഗദേഹത്തെ |
| | | വ്യധുനോത് | ഉപേക്ഷിച്ചു. |

ഉപേക്ഷിക്കുവാൻ പ്രചോദനം നൽകിയ ഭഗവാനായിക്കൊണ്ട് ശ്രീശുക ബ്രഹ്മർഷി നമോവാകം അർപ്പിച്ച് ഈ പ്രകരണം ഉപസംഹരിക്കുന്നു.

**29 നമസ്തുഭ്യം ഭഗവതേ വാസുദേവായ വേധസേ**
**സർവ്വഭൂതാധിവാസായ ശാന്തായ ബൃഹതേ നമഃ**

| | | | |
|---|---|---|---|
| ഭഗവതേ | സർവൈശ്വര്യപൂർണ്ണനും | ബൃഹതേ | വിരാട്സ്വരൂപനും |
| സർവ്വഭൂതാധിവാസായ | സർവ്വചരാചരങ്ങളുടെ അധിഷ്ഠാതാവും | വാസുദേവായ | വാസുദേവാഖ്യനുമായ |
| വേധസേ | സ്രഷ്ടാവും | തുഭ്യം | നിന്തിരുവടിക്ക് |
| ശാന്തായ | പ്രശാന്തരൂപനും | നമഃ നമഃ | അനേകനമസ്കാരം |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ

ഏകോനവിംശോഽധ്യായഃ

ആദിതഃ ശ്ലോകാ 734

നവമസ്കന്ധത്തിലെ പത്തൊമ്പതാമദ്ധ്യായം കഴിഞ്ഞു.

❋

# വിംശോഽധ്യായഃ = അദ്ധ്യായം ഇരുപത്

## പൂരുവംശവർണ്ണനം ദുഷ്യന്തനും ഭരതനും

**"വിംശേ പിതൃപ്രസാദാപ്തരാജാസനമഹോന്നതേഃ**
**പൂരോർവംശേ ഹി ദൗഷ്യന്തേർഭരതസ്യേര്യതേ യശഃ"**

പിതാവിന്റെ അനുഗ്രഹത്താൽ മണ്ഡലാധീശ്വരത്തെ പരമോന്നതപദവി നേടിയ പൂരുമഹാരാജാവിന്റെ വംശത്തിൽ ദുഷ്യന്തപുത്രനായി ജനിച്ച ഭരതചക്രവർത്തിയുടെ ചരിതം ഈ ഇരുപതാമത്തെ അദ്ധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകബ്രഹ്മർഷി വചിച്ചു—

**1 പൂരോർവംശം പ്രവക്ഷ്യാമി യത്ര ജാതോഽസി ഭാരത**
**യത്ര രാജർഷയോ വംശ്യാ ബ്രഹ്മവംശ്യാശ്ച ജജ്ഞിരേ**

| | |
|---|---|
| ഭാരത | ഹേ ഭരതവംശശ്രേഷ്ഠ! |
| യത്ര | യാതൊരുവംശത്തിൽ |
| ജാതഃ അസി | അങ്ങുന്നു ജാതനായോ |
| യത്ര | യാതൊരു വംശത്തിൽ |
| വംശ്യാഃ | സദ്വംശ്യരായ |
| രാജർഷയഃ | രാജർഷിമാരും, |
| ബ്രഹ്മ– വംശ്യാഃ ച | സദ്വംശ്യരായ ബ്രഹ്മർഷിമാരും |
| ജജ്ഞിരേ | ജനിച്ചുവോ, |
| പൂരോഃ വംശം | ആ പൂരുവംശത്തെ |
| പ്രവക്ഷ്യാമി | വിസ്തരിച്ചുപറയാം. |

**2 ജനമേജയോഹ്യഭൂത് പൂരോഃ പ്രചിന്വാംസ്തത്സുതസ്തതഃ**
**പ്രവീരോഽഥ നമസ്യുർവൈ തസ്മാച്ചാരുപദോഽഭവത്**

**3 തസ്യ സുദ്യുരഭൂത് പുത്രസ്തസ്മാദ് ബഹുഗവസ്തതഃ**
**സംയാതിസ്തസ്യാഹംയാതീ രൗദ്രാശ്വസ്തത്സുതഃ സ്മൃതഃ**

| | |
|---|---|
| പൂരോഃ ഹി | പൂരുവിന്റെ പുത്രനായി |
| ജനമേജയഃ | ജനമേജയൻ |
| അഭൂത് | ഉണ്ടായി. |
| തത്സുതഃ | അവന്റെ പുത്രൻ |
| പ്രചിന്വാൻ | പ്രചിന്വാൻ എന്നവൻ; |
| തതഃ | അവനിൽനിന്നു് |
| പ്രവീരഃ | പ്രവീരൻ, |
| അഥവൈ | പിന്നെ പ്രവീരനിൽ നിന്നു് |
| നമസ്യുഃ | നമസ്യു; |
| തസ്മാത് | അവനിൽനിന്നു് |
| ചാരുപദഃ | ചാരുപദനും |
| അഭവത് | സംഭവിച്ചു. |
| തസ്യപുത്രഃ | അവന്റെ മകനായിട്ടു് |
| സുദ്യുഃ | സുദ്യുവെന്നവൻ |
| അഭൂത് | ഉണ്ടായി. |
| തസ്മാൻ | അവനിൽനിന്നു് |
| ബഹുഗവഃ | ബഹുഗവനും, |
| തതഃ | അവനിൽനിന്നു് |
| സംയാതിഃ | സംയാതിയും, |

| | | | |
|---|---|---|---|
| തസ്യ | അവന്റെ മകനായിട്ട് | രൗദ്രാശ്വഃ | രൗദ്രാശ്വനഃ |
| അഹംയാതിഃ | അഹംയാതിയും, | സ്മൃതഃ | ഉണ്ടായെന്ന് പറയപ്പെടുന്നു. |
| തത്സുതഃ | അവന്റെ മകനായിട്ട് | | |

4 **ഋതേയുസ്തസ്യ കക്ഷേയുഃ സ്ഥണ്ഡിലേയുഃ കൃതേയുകഃ**
**ജലേയുഃ സന്തതേയുശ്ച ധർമ്മസത്യവ്രതേയവഃ**

5 **ദശൈതേƒപ്സരസഃ പുത്രാ വനേയുശ്ചാവമഃ സ്മൃതഃ**
**ഘൃതാച്യാമിന്ദ്രിയാണീവ മുഖ്യസ്യ ജഗദാത്മനഃ**

| | | | |
|---|---|---|---|
| തസ്യ | ആ രൗദ്രാശ്വന്ന് | മുഖ്യസ്യ | പ്രാണന്ന് |
| അപ്സരസഃ | അപ്സരഃസ്ത്രീയായ | ഇന്ദ്രിയാണി | ഇന്ദ്രിയങ്ങൾ |
| ഘൃതാച്യാം | ഘൃതാചിയിൽ | ഇവ | എന്നപോലെ |
| ജഗദാത്മനഃ | ലോകത്തിന്റെ ആത്മാവായിരിക്കുന്ന | ഏതേ ദശ | ഇപ്പറയുന്ന പത്തുപേർ |
| | | പുത്രാഃ | പുത്രന്മാരായിരുന്നു. |

ഋതേയു, കക്ഷേയു, സ്ഥണ്ഡിലേയു, കൃതേയു, ജലേയു, സന്തതേയു, ധർമ്മേയു, സത്യേയു, വ്രതേയു (ധർമ്മസത്യവ്രതേയവഃ) ഒടുവിലത്തേവനായി പരിഗണിക്കപ്പെട്ടവൻ വനേയുവും (വനേയുശ്ചവമഃ സ്മൃതഃ) ഇങ്ങനെയാണ് പത്തു പുത്രന്മാരുടെ നാമധേയങ്ങൾ.

6 **ഋതേയോ രന്തിഭാരോƒഭൂത് ത്രയസ്തസ്യാത്മജാ നൃപ**
**സുമതിർധ്രുവോƒപ്രതിരഥഃ കണ്വോƒപ്രതിരഥാത്മജഃ**

7 **തസ്യ മേധാതിഥിസ്തസ്മാത് പ്രസ്കണ്വാദ്യാ ദ്വിജാതയഃ**
**പുത്രോƒഭൂത് സുമതേ രൈഭ്യോ ദുഷ്യന്തസ്തത്സുതോ മതഃ**

| | | | |
|---|---|---|---|
| നൃപ | അല്ലയോ രാജാവേ! | ആത്മജാഃ | പുത്രന്മാർ; |
| ഋതേയോഃ | ഋതേയുവിന്റെ പുത്രൻ | അപ്രതി-രഥാത്മജഃ | അവരിൽ അപ്രതിരഥന്റെ പുത്രനാണ് |
| രന്തിഭാരഃ | രന്തിഭാരൻ | കണ്വഃ | കണ്വൻ |
| അഭൂത് | ആയിരുന്നു. | തസ്യ | അവന്റെ പുത്രൻ |
| തസ്യ | അവന്ന് | മേധാതിഥിഃ | മേധാതിഥി; |
| സുമതിഃ | സുമതിയെന്നും, | തസ്മാത് | ആ മേധാതിഥിയിൽനിന്നും |
| ധ്രുവഃ | ധ്രുവനെന്നും, | പ്രസ്കണ്വാദി-ദ്വിജാതയഃ | പ്രസ്കണ്വൻ മുതലായ ബ്രാഹ്മണരുണ്ടായി |
| അപ്രതിരഥഃ | അപ്രതിരഥനെന്നും | | |
| ത്രയഃ | മൂന്ന് | | |

| | | | |
|---|---|---|---|
| സുമതേഃ | സുമതിക്ക് | തത്സുതഃ | അവന്റെ പുത്രൻ |
| രൈഭ്യഃ | രൈഭ്യനെന്നപേരായ | ദുഷ്യന്തഃ | ദുഷ്യന്തനെന്ന |
| പുത്രഃ | പുത്രൻ | | |
| അഭൂത് | ഉണ്ടായി. | മതഃ | സത്സമ്മതനായിരുന്നു. |

ഭഗവാന്റെ അംശാവതാരമായ ഭരതചക്രവർത്തി ഈ ദുഷ്യന്തന്ന് ശകുന്തളയിലുണ്ടായ പുത്രനാണെന്നു പറയുവാൻവേണ്ടി ശാകുന്തളം കഥയെ 15 ശ്ലോകംകൊണ്ടു സംഗ്രഹിക്കുന്നു.

**8 ദുഷ്യന്തോ മൃഗയാം യാതഃ കണ്വാശ്രമപദം ഗതഃ**
**തത്രാസീനാം സ്വപ്രഭയാ മണ്ഡയന്തീം രമാമിവ**

**9 വിലോക്യ സദ്യോമുമുഹേ ദേവമായാമിവസ്ത്രിയം**
**ബഭാഷേതാം വരാരോഹാം ഭടൈഃ കതിപയൈർവൃതഃ**

| | | | |
|---|---|---|---|
| കതിപയൈഃ | ഏതാനും | മണ്ഡയന്തീം | അലങ്കരിക്കുന്നവളും |
| ഭടൈഃ | ഭടന്മാരാൽ | ദേവമായാം ഇവ | സർവ്വേശ്വരന്റെ മായയോ എന്ന് ആശങ്കിക്കത്തക്കവളുമായ |
| വൃതഃ | പരിവൃതനായിട്ട് | | |
| മൃഗയാം യാതഃ | നായാട്ടിന്ന് ഇറങ്ങിത്തിരിച്ച | സ്ത്രിയം | ഒരു നാരീമണിയെ |
| ദുഷ്യന്തഃ | ദുഷ്യന്തരാജാവ് | ആസീനാം | ഇരിക്കുന്നതായി |
| കണ്വാശ്രമപദം ഗതഃ | കണ്വമുനിയുടെ ആശ്രമപ്രദേശത്തിലേക്കു ചെന്നിട്ട് | വിലോക്യ | കണ്ടിട്ട് |
| | | സദ്യഃ | ഉടനടി |
| | | മുമുഹേ | മോഹിച്ചുപോയി. |
| തത്ര | അവിടെ | വരാരോഹാം | സൗന്ദര്യവതിയായ |
| രമാം ഇവ | ലക്ഷ്മീദേവിയെപ്പോലെ | താം | അവളോട് |
| സ്വപ്രഭയാ | തന്റെ ദേഹകാന്തിയാൽ | ബഭാഷേ | സംഭാഷണം ചെയ്തു. |

**10 തദ്ദർശനപ്രമുദിതഃ സന്നിവൃത്തപരിശ്രമഃ**
**പപ്രച്ഛകാമസന്തപ്തഃ പ്രഹസൻ ശ്ലക്ഷ്ണയാഗിരാ**

| | | | |
|---|---|---|---|
| തദ്ദർശനപ്രമുദിതഃ | അവളുടെ ദർശനത്താലുണ്ടായ സന്തോഷത്തോടു കൂടിയവനും | പ്രഹസൻ | ചിരിച്ചുകൊണ്ട് |
| | | ശ്ലക്ഷ്ണയാ | മൃദുമധുരമായ |
| സന്നിവൃത്തപരിശ്രമഃ | നീങ്ങിപ്പോയ ശാരീരികക്ഷീണത്തോടുകൂടിയവനും | ഗിരാ | വാക്കിനാൽ |
| കാമസന്തപ്തഃ | കാമാർത്തനായിത്തീർന്ന രാജാവ് | പപ്രച്ഛ | ചോദിച്ചു. |

**11 കാത്വം കമലപത്രാക്ഷി കസ്യാസി ഹൃദയംഗമേ**
**കിം വാ ചികീർഷിതംത്വത്ര ഭവത്യാ നിർജ്ജനേ വനേ**

| | | | |
|---|---|---|---|
| കമല– പത്രാക്ഷി | ''താമരപ്പൂവിതൾപോലെ നീണ്ടിടംപെട്ട കണ്ണിണ യോടുകൂടിയവളേ! | നിർജ്ജനേ | ജനവാസമില്ലാത്ത |
| | | അത്രവനേത്തു | ഈ കാട്ടിലാകട്ടെ |
| | | ഭവത്യാ | ഭവതിയാൽ |
| കാ ത്വം | ഭവതി ആരാണ്? | ചികീർഷിതം | ചെയ്യുന്നതിനുദ്ദേശിക്കപ്പെട്ടതു് |
| കസ്യ അസി | ആരുടെ പുത്രിയാണ്? | | |
| ഹൃദയംഗമേ | മനസ്സിന്നിണങ്ങുന്നവളേ! | കിം വാ | എന്താണാവോ? |

**12 വ്യക്തം രാജന്യതനയാം വേദ്മ്യഹം ത്വാം സുമധ്യമേ**
**ന ഹി ചേതഃ പൗരവാണാമധർമ്മേ രമതേ ക്വചിത്**

| | | | |
|---|---|---|---|
| സുമധ്യമേ | ഹേ സമ്മോഹനാംഗി! | ഹി പൗര– വാണാം | എന്തെന്നാൽ പൂരുവംശത്തിൽ പിറന്നവരുടെ |
| ത്വാം | ഭവതിയെ | | |
| രാജന്യ– തനയാം | ഒരു ക്ഷത്രിയൻെറ പുത്രിയായിട്ട് | ചേതഃ | മനസ്സ് |
| | | അധർമ്മേ | അധർമ്മത്തിൽ |
| വ്യക്തം അഹം | സ്പഷ്ടമായിട്ടും ഞാൻ | ക്വചിത് | ഒരിക്കലും |
| വേദ്മി | മനസ്സിലാക്കുന്നു. | ന രമതേ | രമിക്കുന്നതല്ല.'' |

ശകുന്തളോവാച = ശകുന്തള പറഞ്ഞു–

**13 വിശ്വാമിത്രാത്മജൈവാഹം ത്യക്താ മേനകയാവനേ**
**വേദൈതത് ഭഗവാൻ കണ്വോവീര കിം കരവാമതേ**

| | | | |
|---|---|---|---|
| മേനകയാ | മേനകയാൽ | കണ്വഃ | കണ്വമുനി |
| വനേ | വനത്തിൽ | ഏതത് | ഈ വസ്തുത |
| ത്യക്താ | ത്യജിക്കപ്പെട്ടിരുന്ന | വേദ | അറിഞ്ഞിട്ടുണ്ട് |
| വിശ്വാമി– ത്രാത്മജാ ഏവ | വിശ്വാമിത്രപുത്രിതന്നെ യാണ് | വീര | വീരപുരുഷ! |
| അഹം | ഞാൻ | തേ കിം കരവാമ | അങ്ങേയ്ക്കുവേണ്ടി ഞങ്ങൾ എന്തൊന്നു് ചെയ്യണം? |
| ഭഗവാൻ | സർവ്വജ്ഞനായ | | |

**14 ആസ്യതാം ഹ്യരവിന്ദാക്ഷ ഗൃഹ്യതാമർഹണം ച നഃ**
**ഭുജ്യതാം സന്തിനീവാരാ ഉഷ്യതാം യദിരോചതേ**

| | | | |
|---|---|---|---|
| അരവിന്ദാക്ഷ | ഹേ താമരക്കണ്ണ! | ഹി നഃ | എന്നിട്ട്, ഞങ്ങളുടെ |
| ആസ്യതാം | ഇരുന്നാലും. | അർഹണം ച | ആതിഥ്യപൂജയുംകൂടി |

| | | | |
|---|---|---|---|
| ഗൃഹ്യതാം | സ്വീകരിക്കപ്പെട്ടാലും | സന്തി | വേണ്ടത്രയുണ്ടു്. |
| ഭുജ്യതാം | ഭക്ഷണം നിർവ്വഹിക്കാം | രോചതേ യദി | ഇഷ്ടമാണെങ്കിൽ |
| നീവാരാഃ | വരിനെല്ലരിച്ചോറു് | ഉഷ്യതാം | തങ്ങുകയുമാവാം. |

"കിം കരവാമ?" എന്ന ചോദ്യത്തിൽനിന്നു് അവളുടെ മനസ്സറിഞ്ഞു ദുഷ്യന്തൻ പറയുകയാണു്.

ദുഷ്യന്ത ഉവാച = ദുഷ്യന്തൻ പറഞ്ഞു

**15 ഉപപന്നമിദം സുഭ്രു ജാതായാഃ കുശികാന്വയേ**
**സ്വയം ഹി വൃണതേ രാജ്ഞാം കന്യകാഃ സദൃശം വരം**

| | | | |
|---|---|---|---|
| സുഭ്രു | ചേണാർന്ന ചില്ലീവിലാസം ചേർന്നവളെ! | രാജ്ഞാം | ക്ഷത്രിയന്മാരുടെ |
| കുശികാന്വയേ | കുശികവംശത്തിൽ | കന്യകാഃ | പെൺകിടാങ്ങൾ |
| ജാതായാഃ | ജനിച്ചവൾക്കു് | സദൃശം | അവക്കു്യോജ്യനായ |
| ഇദം | ഈ ആതിഥ്യമര്യാദ | വരം | ഭർത്താവിനെ |
| ഉപപന്നം | യുക്തം തന്നെ | സ്വയം | തന്നെത്താൻ |
| ഹി | എന്തെന്നാൽ | വൃണതേ | വരിക്കമാറുണ്ടു് |

**16 ഓമിത്യുക്തേ യഥാധർമ്മമുപയേമേ ശകുന്തളാം**
**ഗാന്ധർവ്വവിധിനാ രാജാ ദേശകാലവിധാനവിത്**

| | | | |
|---|---|---|---|
| ഓം ഇതി | "ഓ, ശരി" എന്നു് അംഗീകാരവാക്കു് | യഥാധർമ്മം | ക്ഷത്രിയന്മാരുടെ ആചാരമുറപ്രകാരം |
| ഉക്തേ | ചൊല്ലപ്പെട്ടതും | ഗാന്ധർവ്വ-വിധിനാ | "ഗാന്ധർവ്വം" എന്ന വിവാഹവിധിയോടെ* |
| ദേശകാല-വിധാനവിത് | ദേശകാലങ്ങളുടെ സ്ഥിതിഗതികളെപ്പററി പരിജ്ഞാനമുള്ള | ശകുന്തളാം | ശകുന്തളയെ |
| രാജാ | ദുഷ്യന്തരാജാവു് | ഉപയേമേ | വിവാഹം ചെയ്തു. |

* വധൂവരന്മാർ അന്യോന്യസമ്മതപ്രകാരം നടത്തുന്ന പ്രേമവിവാഹം ഇതു ക്ഷത്രിയക്കു മാത്രമേ ശാസ്ത്രത്തിൽ അനുവദിച്ചിട്ടുള്ളു

**17 അമോഘവീര്യോ രാജർഷിർമഹിഷ്യാം വീര്യമാദധേ
ശ്വോഭൂതേ സ്വപുരം യാതഃ കാലേനാസൂത സാ സുതാം**

| | | | |
|---|---|---|---|
| അമോഘ-വീര്യഃ | നിഷ്ഫലമാകാത്ത രേതസ്സോടുകൂടിയ | ശ്വോഭൂതേ | പിറ്റന്നാൾ പുലർന്നപ്പോൾ |
| | | സ്വപുരം | തന്റെ നഗരത്തിലേയ്ക്ക് |
| രാജർഷിഃ | ഋഷിതുല്യനായ രാജാവ് | യാതഃ | യാത്രയായി |
| മഹിഷ്യാം | മഹിഷിയായ ശകുന്തളയിൽ | സാ | അവൾ |
| | | കാലേന | തക്കകാലംകൊണ്ട് |
| വീര്യം | രേതസ്സിനെ (ബീജത്തെ) | സുതം | ഒരു പുത്രനെ |
| ആദധേ | നിക്ഷേപിച്ചു. | അസൂത | പ്രസവിച്ചു. |

**18 കണ്വഃ കുമാരസ്യ വനേ ചക്രേ സമുചിതാഃ ക്രിയാഃ
ബദ്ധ്വാ മൃഗേന്ദ്രാംസ്തരസാ ക്രീഡതി സ്മ സ ബാലകഃ**

| | | | |
|---|---|---|---|
| കുമാരസ്യ | കുട്ടിക്ക് | ചക്രേ | ചെയ്തു. |
| സമുചിതാഃ | വേണ്ടുന്നതായ | സഃ ബാലകഃ | ആ പൈതൽ |
| ക്രിയാഃ | ക്രിയകൾ (ജാതകർമ്മാദി സംസ്കാരങ്ങൾ) | തരസാ | ഊക്കിനാൽ |
| | | മൃഗേന്ദ്രാൻ | സിംഹങ്ങളെപ്പോലും |
| വനേ | വനത്തിൽവച്ച് | ബദ്ധ്വാ | പിടിച്ചുകെട്ടി |
| കണ്വഃ | കണ്വമുനിതന്നെ | ക്രീഡതി സ്മ | കളിച്ചിരുന്നുപോലും. |

**19 തം ദുരത്യയവിക്രാന്തമാദായ പ്രമദോത്തമാ
ഹരേരംശാംശസംഭൂതം ഭർത്തുരന്തികമാഗമത്**

| | | | |
|---|---|---|---|
| പ്രമദോത്തമാ | തരുണീമണിയായ ശകുന്തള | തം | ആ കുമാരനെ |
| | | ആദായ | കൂടി |
| ഹരേഃ | ശ്രീഹരിയുടെ | | |
| അംശാംശ-സംഭൂതം | അംശാംശംകൊണ്ടു ജാതനായവനും | ഭർത്തുഃ | ഭർത്താവിന്റെ |
| | | അന്തികം | അടുക്കലേയ്ക്ക് |
| ദുരത്യയ-വിക്രാന്തം | അനതിക്രമണീയമായുള്ള പരാക്രമത്തോടുകൂടിയവനുമായ | അഗമത് | പോയി. |

**20 യദാ ന ജഗൃഹേ രാജാ ഭാര്യാ പുത്രാവനിന്ദിതൗ
ശൃണ്വതാം സർവഭൂതാനാം ഖേ വാഗാഹാശരീരിണീ**

| | | | |
|---|---|---|---|
| യദാ | എപ്പോൾ | അനിന്ദിതൗ | നിർദോഷികളായ |
| രാജാ | രാജാവ് | ഭാര്യാപുത്രൗ | ഭാര്യയെയും പുത്രനെയും |

| | | | |
|---|---|---|---|
| ന ജഗൃഹേ | സ്വീകരിച്ചില്ലയോ, അപ്പോൾ | അശരീരിണീ | വാക്താവിന്റെ ശരീരം കാണ്മാൻ കഴിയാത്ത |
| സർവഭൂതാനാം | എല്ലാ ജീവികളും | വാക് | ഒരു ദിവ്യ വചനം |
| ശൃണ്വതാം | കേൾക്കമാറ് | ഖേ ആഹ | ആകാശത്തിൽ മുഴങ്ങി. |

പ്രസ്തുതമായ അശരീരി വാക്കിലെ ഉള്ളടക്കം താഴെ രണ്ടുശ്ലോകംകൊണ്ട് പറയുന്നു.

**21 മാതാ ഭസ്ത്രാ പിതുഃ പുത്രോ യേന ജാതഃ സ ഏവ സഃ**
**ഭരസ്വ പുത്രം ദുഷ്യന്തമാവമംസ്ഥാഃ ശകുന്തളാം**

| | | | |
|---|---|---|---|
| മാതാ | "പെററമ്മ | സഃ ഏവ | അയാൾതന്നെ |
| ഭസ്ത്രാ | തോല്പ മാത്രമാണ് | ദുഷ്യന്ത | ഹേ രാജൻ! ദുഷ്യന്ത! |
| പുത്രഃ | പുത്രൻ | പുത്രം | പുത്രനെ |
| പിതുഃ | പിതാവിന്റെയാകുന്നു | ഭരസ്വ | പോററിക്കൊൾക. |
| സഃ | അവൻ | ശകുന്തളാം | ശകുന്തളയെ |
| യേന | യാതൊരാളെക്കൊണ്ട് | മാ അവ- മംസ്ഥാഃ | മാനം കെടുത്തരുത്. |
| ജാതഃ | ഉണ്ടായവനാണോ, | | |

മാതാവ് തോലുകൊണ്ടുള്ള സഞ്ചിയോ, പാത്രമോ മാത്രമേ ആകുന്നുള്ളു. അതായത് ബീജാധാനത്തിനുള്ള ആധാരം മാത്രം. ഏതൊരുവനാണോ പുത്രനെ ഉത്പാദിപ്പിച്ചത്, അവനിൽനിന്ന് (പിതാവിൽനിന്ന്) പുത്രൻ ഭിന്നനല്ല; അംശജാതനായ പുത്രനും അംശിയായ പിതാവും ഒന്നുതന്നെ. 'ആത്മാ വൈ പുത്രനാമാസി' എന്ന ശ്രുതിവാക്യവും ഈ പുത്രാത്മവാദത്തിന് ഉപോദ്ബലകമാണ്.

'ഭരസ്വ പുത്രം' (പുത്രനെ ഭരിച്ചുകൊൾക) എന്ന അശരീരിവാക്കുണ്ടായതു കാരണം അവന് 'ഭരത' നെന്ന അന്വർത്ഥനാമം സുസംഗതമായി.

മാത്രമല്ല, അശരീരിവാക്ക തുടർന്നു–

**22 രേതോധാഃ പുത്രോ നയതി നരദേവ യമക്ഷയാത്**
**ത്വം ചാസ്യ ധാതാ ഗർഭസ്യ സത്യമാഹ ശകുന്തളാ**

| | | | |
|---|---|---|---|
| രേതോധാഃ | രേതഃ സേകം ചെയ്യുന്ന (വംശത്തെ അഭിവൃദ്ധമാക്കുന്ന) | അസ്യ ഗർഭസ്യ | ഈ ഗർഭത്തിന്റെ |
| | | ധാതാ | ഉത്പാദകൻ |
| | | ത്വം ച | അങ്ങുതന്നെയാണ് |
| പുത്രഃ | പുത്രൻ | നരദേവ | രാജാവേ! |
| യമക്ഷയാത് | നരകത്തിൽ നിന്ന് | ശകുന്തളാ | ശകുന്തള |
| പിതരം | പിതാവിനെ | സത്യം | സത്യമേ |
| നയതി | കരകയററുന്നു. | ആഹ | പറഞ്ഞിട്ടുള്ളു". |

വംശവൃദ്ധികരനായ പുത്രൻ 'പുത്ത്' എന്ന നരകത്തിൽനിന്ന് പിതാവിനെ സമുദ്ധരിക്കുന്നു "പുന്നാമ്നോനരകാത് പിതരം ത്രായതേ ഇതിപുത്രഃ" എന്നാണ് പുത്ര ശബ്ദത്തിൻെറ നിരുക്തം. "പുന്നാമ്നോ നരകാദ്യസ്മാത് പിതരം ത്രായതേ സുതഃ തസ്മാത് പുത്ര ഇതി പ്രോക്തഃ സ്വയമേവ സ്വയംഭുവാ" എന്ന ശ്രുതി പ്രമാണം.

അശരീരി വാക്കുകേട്ടപ്പോറം ഒട്ടുമടിക്കാതെ ദുഷ്യന്തൻ ഭാര്യാപുത്രന്മാരെ സ്വീകരിച്ചുവെന്നത് ഇവിടെ അനുക്തസിദ്ധം.

**23 പിതര്യുപരതേ സോ{ഽ}പി ചക്രവർത്തീ മഹായശാഃ**
**മഹിമാഗീയതേ തസ്യ ഹരേരംശഭുവോ ഭുവി**

| | | | |
|---|---|---|---|
| പിതരി- ഉപരതേ | പിതാവ് അന്തരിച്ചതിനു ശേഷം | ഹരേഃ | ശ്രീഹരിയുടെ |
| | | അംശഭുവഃ | അംശജാതനായ |
| സഃ അപി | ആ ഭരതനാകട്ടെ | തസ്യ | അദ്ദേഹത്തിൻെറ |
| മഹായശഃ | അതികീർത്തിമാനായ | മഹിമാ | മാഹാത്മ്യം |
| ചക്രവർത്തി | ചക്രവർത്തിയായി | ഭുവി | ഭൂമിയിൽ |
| (ബഭൂവ) | ഭവിച്ചു. | ഗീയതേ | പാടിപുകഴ്ത്തപ്പെടുന്നു. |

ശ്രീ മഹാവിഷ്ണുവിൻെറ അംശജാതനായിരുന്നുവെന്നതിന് ലക്ഷണം പറയുന്നു.

**24 ചക്രം ദക്ഷിണഹസ്തേ{ഽ}സ്യ പദ്മകോശോ{ഽ}സ്യ പാദയോഃ**
**ഈജേ മഹാഭിഷേകേണ സോ{ഽ}ഭിഷിക്തോ{ഽ}ധിരാഡ് വിഭുഃ**

**25 പഞ്ചപഞ്ചാശതാ മേധ്യൈർഗംഗായാമനു വാജിഭിഃ**
**മാമതേയം പുരോധായ യമുനായാമനു പ്രഭുഃ**
**അഷ്ടസപ്തതിമേധ്യാശ്വാൻ ബബന്ധ പ്രദദദ് വസു-**

| | | | |
|---|---|---|---|
| അസ്യ | ഈ രാജകുമാരൻെറ | മമതേയം | മമതേയനെന്നമഹർഷിയെ |
| ദക്ഷിണഹസ്തേ | വലത്തെ കൈതലത്തിൽ | പുരോധായ | പുരോഹിതസ്ഥാനത്തു വച്ച് |
| ചക്രം | ചക്രരേഖയുണ്ടായിരുന്നു | | |
| അസ്യ | ഈ രാജകുമാരൻെറ | പഞ്ചപഞ്ചാ- ശതാ- മേധ്യൈഃ | അമ്പത്തഞ്ചു പരിശുദ്ധങ്ങളായ |
| പാദയോഃ | കാലടികളിൽ | | |
| പദ്മകോശഃ | താമരമൊട്ടുണ്ടായിരുന്നു. | | |
| മഹാഭി- ഷേകേണ | മഹാഭിഷേകവിധിയോടു കൂടി | അശ്വൈഃ | കുതിരകളെക്കൊണ്ട് |
| | | ഗംഗായാം അനു | ഗംഗാതടത്തിൽ ഒഴുക്കിനു അനുകൂലമായദിക്കിൽ |
| അധിരാട് | രാജാധിരാജനായിട്ട് | | |
| അഭിഷിക്തഃ | പട്ടാഭിഷേകംചെയ്യപ്പെട്ട | ഈജേ | യാഗം ചെയ്തു. |
| വിഭുഃ സഃ | പ്രഭുവായ അദ്ദേഹം | | |

| | | | |
|---|---|---|---|
| പ്രഭുഃ | പ്രഭാവശാലിയായ ഭരതൻ | വസു | ധനം (ദക്ഷിണയായി) |
| | | പ്രദദത് | ധാരാളംകൊടുത്തുകൊണ്ട് |
| യമുനായാം അനു | യമുനാതടത്തിലും പ്രവാഹത്തിന്നനുലോമമായ ഇടങ്ങളിൽ | അഷ്ടസപ്തതി- മേധ്യാശ്വാൻ | എഴുപത്തെട്ടു പരിശുദ്ധാശ്വങ്ങളെ |
| (ഈജേ) | അത്രയും അശ്വങ്ങളെക്കൊണ്ട് യാഗം ചെയ്തു. | ബബന്ധ | യൂപങ്ങളിൽ ബന്ധിച്ചിരുന്നു. |

**26 ഭരതസ്യ ഹി ദൗഷ്യന്തേരഗ്നിഃ സാചീഗുണേ ചിതഃ
സഹസ്രം ബദ്വശോ യസ്മിൻ ബ്രാഹ്മണാ ഗാ വിഭേജിരേ**

| | | | |
|---|---|---|---|
| ദൗഷ്യന്തേഃ | ദുഷ്യന്തപുത്രനായ | യസ്മിൻ | യാതൊരുഅഗ്നിചയന വേളയിൽ |
| ഭരതസ്യ | ഭരതന്റെ | സഹസ്രം | ആയിരത്തോളം |
| അഗ്നിഃഹി | യാഗാഗ്നിയാകട്ടെ | ബ്രാഹ്മണാഃ | ബ്രാഹ്മണന്മാർ |
| സാചീഗുണേ | ഉത്കൃഷ്ടഗുണങ്ങളുള്ള ദിക്കിൽ (വിശിഷ്ടപുണ്യസങ്കേതത്തിൽ) | ഗാഃ | (ഭൂരിദാനമായി ലഭിച്ച) പശുക്കളെ |
| | | ബദ്വശഃ | ബദ്വം ബദ്വമായിട്ട്* |
| ചിതഃ | ചയനം ചെയ്യപ്പെട്ടു | വിഭേജിരേ | പങ്കുവച്ചെടുത്തു. |

* 13084 എന്ന സംഖ്യ ഒരു ബദ്വം

**27 ത്രയസ്ത്രിംശച്ഛതംഹ്യശ്വാൻ ബദ്ധ്വാ വിസ്മാപയൻ നൃപാൻ
ദൗഷ്യന്തിരത്യാഗാന്മായാം ദേവാനാം ഗുരുമായയൗ**

| | | | |
|---|---|---|---|
| ദൗഷ്യന്തിഃ | ദുഷ്യന്തപുത്രനായ ഭരതൻ | ദേവാനാം | ദേവന്മാരുടെ |
| | | മായാം | മായാവൈഭവത്തെ |
| ത്രയസ്ത്രിംശ- ച്ഛതം അശ്വാൻ | ഒരുനൂററിമുപ്പത്തിമൂന്ന് കുതിരകളെ | അത്യഗാത് (യതഃ) | അതിലംഘിച്ചു എന്തെന്നാൽ, ഇദ്ദേഹം |
| ബദ്ധ്വാഹി | കെട്ടിയിട്ട് | ഗുരും | ദേവസംപൂജ്യനായ ശ്രീഹരിയെ |
| നൃപാൻ | മററു രാജാക്കന്മാരെ | | |
| വിസ്മാപയൻ | വിസ്മയിപ്പിച്ചുകൊണ്ട് | ആയയൗ | പ്രാപിച്ചവനായിരുന്നു. |

**28 മൃഗാൻ ശുക്ലദതഃ കൃഷ്ണാൻ ഹിരണ്യേന പരീവൃതാൻ
അദാത് കർമ്മണി മഷ്ണാരേ നിയുതാനി ചതുർദശ**

| | | | |
|---|---|---|---|
| ഹിരണ്യേന | പൊന്നുകൊണ്ട് | | |
| പരീവൃതാൻ | മൂടിയലങ്കരിക്കപ്പെട്ടവയും | കൃഷ്ണാൻ | കറുത്തനിറമുള്ളവയും |

| | | | |
|---|---|---|---|
| ശുക്ലദതഃ | വെളുത്ത ദന്തങ്ങളുള്ളവയുമായ | മഷ്ണാരേ കർമ്മണി | 'മഷ്ണാര'മെന്ന വേദത്തിൽ പറയുന്ന ഒരു പ്രത്യേക കർമ്മത്തിൽവച്ച് |
| ചതുർദശ | പതിനാല് | | |
| നിയുതാനി | ലക്ഷം | | |
| മൃഗാൻ | മുന്തിയ ആനകളെ | അദാത് | ദാനം ചെയ്തു. |

**29** **ഭരതസ്യ മഹത് കർമ്മ ന പൂർവേ നാപരേ നൃപാഃ**
**നൈവാപുർനൈവ പ്രാപ്സ്യന്തി ബാഹുഭ്യാം ത്രിദിവം യഥാ**

| | | | |
|---|---|---|---|
| ബാഹുഭ്യാം | കൈകൾകൊണ്ട് | പൂർവേ നൃപാഃ | മുമ്പുള്ള രാജാക്കന്മാരാരും |
| ത്രിദിവം | ആകാശമണ്ഡലത്തെ | ന ആപുഃ | പ്രാപ്തരായിട്ടില്ല; |
| യഥാ | തൊടാനാവാത്തതുപോലെ | ന ഏവ | ഇല്ലതന്നെ |
| ഭരതസ്യ | ഭരതചക്രവർത്തിയുടെ | അപരേ | ഇനിമേലിലുണ്ടാവുന്നവരും |
| മഹത് | വിപുലമായ | ന പ്രാപ്സ്യന്തി | പ്രാപ്തരാകയില്ല; |
| കർമ്മ | കർമ്മപരിപാടിയെ (നിർവ്വഹിപ്പാൻ) | ന ഏവ | ഇല്ലെന്നുതന്നെ ഉറപ്പിക്കാം. |

**30** **കിരാതഹൂണാൻ യവനാനന്ധ്രാൻ കങ്കാൻ ഖശാൻ ശകാൻ**
**അബ്രാഹ്മണ്യാൻ നൃപാംശ്ചാഹൻ മ്ലേച്ഛാൻ ദിഗ്വിജയേഽഖിലാൻ**

| | | | |
|---|---|---|---|
| ദിഗ്വിജയേ | ദിഗ്വിജയം നടത്തുന്ന സന്ദർഭത്തിൽ | ഖശാൻ | ഖശന്മാരെയും, |
| | | ശകാൻ | ശകന്മാരെയും |
| (സഃ) | അദ്ദേഹം | മ്ലേച്ഛാൻ | മ്ലേച്ഛരെയും |
| കിരാതഹൂണാൻ | കിരാതന്മാർ, ഹൂണന്മാർ എന്നിവരെയും, | അബ്രഹ്മണ്യാൻ | ബ്രഹ്മദ്വേഷികളായ |
| യവനാൻ | യവനന്മാരെയും, | അഖിലാൻ | എല്ലാ |
| അന്ധ്രാൻ | അന്ധ്രന്മാരെയും, | നൃപാൻ ച | രാജാക്കന്മാരെയും |
| കങ്കാൻ | കങ്കന്മാരെയും, | അഹൻ | നിഗ്രഹിച്ചു. |

**31** **ജിത്വാ പുരാസുരാ ദേവാൻ യേ രസൗകാംസി ഭേജിരേ**
**ദേവസ്ത്രിയോ രസാം നീതാഃ പ്രാണിഭിഃ പുനരാഹരത്**

| | | | |
|---|---|---|---|
| പുരാ | മുൻകാലത്ത് | പ്രാണിഭിഃ | ആ കരുത്തന്മാരാൽ |
| യേ അസുരാഃ | യാവചില അസുരന്മാർ | രസാം | രസാതലത്തിലേക്ക് |
| ദേവാൻ | ദേവന്മാരെ | നീതാഃ | കൊണ്ടുവരപ്പെട്ട |
| ജിത്വാ | ജയിച്ച് | ദേവസ്ത്രിയഃ | ദേവസ്ത്രീകളെ |
| രസൗകാംസി | അധോലോകങ്ങളിലേക്ക് | പുനഃ | വീണ്ടും |
| ഭേജിരേ | വന്നുചേർന്നിരുന്നുവോ, | ആഹരത് | വീണ്ടുംകൊണ്ടുവന്നു. |

32 സർവ്വകാമാൻ ദുദുഹതുഃ പ്രജാനാം തസ്യ രോദസീ
സമാസ്ത്രിണവസാഹസ്രീർ ദിക്ഷു ചക്രമവർത്തയത്

| | | | |
|---|---|---|---|
| രോദസീ | ഭൂമിയും ആകാശവും | സമാഃ | സംവത്സരങ്ങൾ |
| തസ്യ | അദ്ദേഹത്തിന്റെ | (ഭരതഃ) | ഭരതചക്രവർത്തി |
| പ്രജാനാം | പ്രജകളുടെ | ദിക്ഷു | സകലദിക്കുകളിലും |
| സർവ്വകാമാൻ | എല്ലാ അഭിലാഷങ്ങളെയും | ചക്രം | തന്റെ ആജ്ഞാചക്രത്തെ |
| ദുദുഹതുഃ | ചുരന്നുകൊടുത്തിരുന്നു. | അവർത്തയത് | പ്രവർത്തിപ്പിച്ചു. |
| ത്രിണവ–സാഹസ്രീഃ | ഇങ്ങനെ ഇരുപത്തിയേഴായിരം | | |

ഭരതചക്രവർത്തിയുടെ വിഷയവിരക്തിയും തദ്വാരാ മോക്ഷപ്രാപ്തിയും ഇനി പറയുന്നു—

33 സ സമ്രാട് ലോകപാലാഖ്യമൈശ്വര്യ മധിരാട് ശ്രിയം
ചക്രം ചാസ്ഖലിതം പ്രാണാൻ മൃഷേത്യുപരരാമ ഹ

| | | | |
|---|---|---|---|
| സഃ സമ്രാട് | ആ ചക്രവർത്തി | അസ്ഖലിതം | പതറിച്ചയില്ലാത്ത |
| ലോക–പാലാഖ്യം | ഇന്ദ്രാദിലോകപാലന്മാർക്കിടയിലും കൂടിഖ്യാതിയാർജ്ജിച്ച | ചക്രം | ആജ്ഞാശക്തിയെയും |
| | | പ്രാണാൻ | ഇന്ദ്രിയശക്തികളെയും |
| | | മൃഷാ ഇതി | മിഥ്യയാണെന്നറിഞ്ഞ് |
| ഐശ്വര്യം | ഐശ്വര്യത്തെയും | ഉപരരാമ | സംസൃതിയിൽനിന്ന് വിരമിച്ചു |
| അധിരാട്–ശ്രിയം | സാർവ്വഭൗമനെന്ന സമുന്നതപദവിയെയും | ഹ | ആശ്ചര്യം ! |

34 തസ്യാസൻ നൃപ വൈദർഭ്യഃ പത്ന്യസ്തിസ്രഃ സുസമ്മതാഃ
ജഘ്നുസ്ത്യാഗഭയാത് പുത്രാൻ നാനുരൂപാ ഇതീരിതേ

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ന അനുരൂപാഃ ഇതി | പുത്രന്മാർ തന്നെപ്പോലെ ഇരിക്കുന്നില്ലെന്നു |
| തസ്യ | അദ്ദേഹത്തിന് | (ഭർത്രാ) | ഭർത്താവിനാൽ |
| സുസമ്മതാഃ | വളരെ ഇഷ്ടപ്പെട്ടവരും | ഈരിതേ | അഭിപ്രായപ്പെട്ടപ്പോൾ |
| വൈദർഭ്യഃ | വിദർഭരാജാവിന്റെ പുത്രിമാരുമായ | ത്യാഗഭയാത് | ദുഃശങ്കതോന്നി തങ്ങളെ ത്യജിച്ചേക്കുമോ എന്ന ഭയത്താൽ |
| തിസ്രഃ പത്ന്യഃ | മൂന്നു ഭാര്യമാർ | പുത്രാൻ | പുത്രന്മാരെ |
| ആസൻ | ഉണ്ടായിരുന്നു. | ജഘ്നുഃ | അവർ കൊന്നുകളഞ്ഞു. |

**35 തസ്യൈവം വിതഥേ വംശേ തദർത്ഥം യജതഃ സുതം**
**മരുത്സ്തോമേന മരുതോ ഭരദ്വാജമുപാദദുഃ**

| | | | |
|---|---|---|---|
| തസ്യ | അദ്ദേഹത്തിന്റെ | യജതഃ | യജിച്ചുകൊണ്ടിരിക്കെ, |
| വംശേ ഏവം വിതഥേ | വംശം ഇപ്രകാരം വ്യർത്ഥമായി ഭവിച്ചപ്പോൾ | മരുതഃ | മരുദ്ദേവന്മാർ |
| തദർത്ഥം | അതിനുവേണ്ടി (വംശാഭിവൃദ്ധിക്കു വേണ്ടി) | ഭരദ്വാജം | ഭരദ്വാജനെന്നവനെ |
| | | പുത്രം | പുത്രനായിട്ട് |
| മരുത്സ്തോമേന | 'മരുത്സ്തോമം' എന്ന വിശിഷ്ടയാഗത്താൽ | ഉപാദദുഃ | കൊണ്ടുവന്നേല്പിച്ചു. |

മരുദ്ദേവന്മാർക്ക് ഭരദ്വാജനെ ലഭിച്ചകഥ ഇനി നാലുശ്ലോകംകൊണ്ടു പറയുന്നു.

**36 അന്തർവത്ന്യാം ഭ്രാതൃപത്ന്യാം മൈഥുനായ ബൃഹസ്പതിഃ**
**പ്രവൃത്തോ വാരിതോ ഗർഭം ശപ്ത്വാ വീര്യമവാസൃജത്**

| | | | |
|---|---|---|---|
| അന്തർവത്ന്യാം | ഗർഭിണിയായ | (യദാ) വാരിതഃ | തടയപ്പെട്ടപ്പോൾ |
| ഭ്രാതൃപത്ന്യാം | സഹോദരഭാര്യയിൽ | ഗർഭം | ഗർഭസ്ഥശിശുവിനെ |
| മൈഥുനായ | സംഭോഗം ചെയ്യുന്നതിന്ന് | ശപ്ത്വാ | ശപിച്ച് |
| പ്രവൃത്തഃ | ഉദ്യമിച്ചു | വീര്യം | രേതസ്സിനെ |
| ബൃഹസ്പതിഃ | ദേവഗുരു | അവാസൃജത് | വിസർജ്ജിച്ചു. |

ഒരു സന്ദർഭത്തിൽ ദേവഗുരുവായ ബൃഹസ്പതി തന്റെ ജ്യേഷ്ഠസഹോദരനായ ഉതത്ഥ്യന്റെ 'മമത'യെന്നുപേരായ ഗർഭിണിയായ പത്നിയിൽ ഒളിവിൽ സംഭോഗം ചെയ്യുവാനുദ്യമിച്ചു. അന്നേരം അവളുടെ ഗർഭത്തിലിരിക്കുന്ന ശിശു ''രണ്ടാമതൊരു ഭ്രൂണത്തിന്ന് കടന്നിരിക്കുവാൻ ഇവിടെ ഇടമില്ലെ''ന്നു ആക്രോശിച്ചുകൊണ്ടു തദുദ്യമത്തെ തടഞ്ഞു. കുപിതനായ ബൃഹസ്പതി ''നീ അന്ധനായിപ്പോകെ''ന്നു ഗർഭസ്ഥശിശുവിനെ ശപിച്ച് ബലാൽക്കാരമായി ഭ്രാതൃപത്നിയിൽ ബീജാധാനം ചെയ്തു. ഗർഭസ്ഥനായ ശിശു ബൃഹസ്പതിബീജത്തെ കുതികാൽകൊണ്ടു പുറത്തേയ്ക്കു ചവുട്ടിത്തള്ളി. അതു നിലത്തുവീണ് തൽക്ഷണംതന്നെ ഒരു ബാലനായി രൂപം കൊണ്ടു. മരുത്തുക്കൾ ഭരതന്ന് നല്കിയ ഭരദ്വാജൻ ഈ ബാലനാണ്. ബൃഹസ്പതിയുടെ ശാപംകൊണ്ട് അന്ധതബാധിച്ച ശിശുവാണ് ദീർഘതമസ്സെന്നുപേരിൽ ഖ്യാതനായ ഋഷിശ്രേഷ്ഠൻ.

**37 തം ത്യക്തുകാമാം മമതാം ഭർത്തൃത്യാഗവിശങ്കിതാം**
**നാമനിർവ്വചനം തസ്യ ശ്ലോകമേനം സുരാ ജഗുഃ**

| | | | |
|---|---|---|---|
| ഭർത്തൃത്യാഗ-വിശങ്കിതാം | ഭർത്താവ് ഉപേക്ഷിച്ചേക്കുമെന്നുള്ള ആശങ്കയോടുകൂടിയവളായിട്ട് | തസ്യ | ആ ശിശുവിന്റെ |
| തം | പരവീര്യജാതനായ ആ ശിശുവിനെ | നാമ-നിർവ്വചനം | പേരിന്റെ പൊരുൾ നിർവ്വചിക്കാനുതകുന്ന |
| ത്യക്തുകാമാം | പരിത്യജിക്കുവാനൊരുങ്ങിയ | ഏനം ശ്ലോകം | ഈ ശ്ലോകത്തെ (ബൃഹസ്പതിയും മമതയും തമ്മിൽ ശിശുവിനെ ചൊല്ലിയുണ്ടായ വിവാദത്തിന്റെ രൂപത്തിലുള്ളശ്ലോകത്തെ) |
| മമതാം | മമതാദേവിയെക്കുറിച്ച് | | |
| സുരാഃ | ദേവന്മാർ | ജഗുഃ | ചൊല്ലുകയുണ്ടായി. |

വ്യഭിചാരശങ്കകൊണ്ടു ഭർത്താവുതന്നെ ഉപേക്ഷിച്ചേക്കുമെന്ന ഭയമാണ് മമതയ്ക്കുള്ളത്. ശിശുവിന്റെ നാമനിർവ്വചനം വഴിക്ക് യാഥാർത്ഥ്യമറിയുമ്പോഴും ഭർത്താവുപേക്ഷിക്കയില്ലെന്ന് ധരിപ്പിച്ച് അവളുടെ ഭീതി ഇല്ലാതാക്കുവാൻ ദേവന്മാർ ഉദ്ദേശിച്ചതാണെന്ന് ഇവിടെ ധരിക്കണം.

**38 മൂഢേ ഭരദ്വാജമിമം ഭരദ്വാജം ബൃഹസ്പതേ**
**യാതൗ യദുക്ത്വാ പിതരൗ ഭരദ്വാജസ്തതസ്ത്വയം**

| | | | |
|---|---|---|---|
| മൂഢേ | ''അറിവില്ലാത്തവളേ! | പിതരൗ | അച്ഛനും അമ്മയും |
| ദ്വാജം | രണ്ടുപേരുടെയും പുത്രനായ | യാതൗ | ശിശുവിനെ വിട്ടുപോയ്ക്കളഞ്ഞു. |
| ഇമം | ഇവനെ | | |
| ഭര | നീ പോററിവളർത്തുക.'' | തതഃ | അക്കാരണത്താൽ |
| ബൃഹസ്പതേ | ''ബൃഹസ്പതേ! | | |
| ദ്വാജം | ഇരുവരുടെയും പുത്രനെ | അയം തു | ഈ ശിശുവാകട്ടെ |
| ഭര | അങ്ങുന്ന് പോററുക.'' | ഭരദ്വാജഃ | 'ഭരദ്വാജൻ' എന്ന അന്വർത്ഥനാമാവായി. |
| യത് ഉക്ത്വാ | ഇങ്ങനെതർക്കിച്ചു പറഞ്ഞു. | | |

ബൃഹസ്പതിയും മമതയും തമ്മിൽ ശിശുവിന്റെ സംരക്ഷണത്തെ ചൊല്ലിയുണ്ടായ വാക്കലഹമാണ് ശ്ലോകത്തിൽ ആദ്യം കാണിച്ചത്. ബൃഹസ്പതി മമതയെ ഭത്സിച്ചുകൊണ്ടു പറയുന്നു. ''മൂഢേ! ഉതത്ഥ്യന്റെ ഭാര്യയായ നിന്നിൽ എന്റെ ബീജത്താലുണ്ടായ ഈ ബാലൻ 'ദ്വാജ'നാണ്. ഉതത്ഥ്യനും എനിക്കും ഇവന്റെ പിതൃസ്ഥാനം തുല്യമാകയാൽ ഇവനെ നീതന്നെ ഭരിക്കണം.'' മമത ബൃഹസ്പതിയോടു പറയുന്നു. ഇവൻ ദ്വാജൻ (രണ്ടുപേർക്കുണ്ടായവൻ) തന്നെ; നാമിരുവരുടെയും അധർമ്മസന്താനം. അതുകൊണ്ട് ഒററയ്ക്കു ഞാൻ ഭരിക്കയില്ല. അങ്ങുതന്നെ ഭരിക്കണം'' ഇങ്ങനെ അന്യോന്യം ആവർത്തിച്ചാവർത്തിച്ചുപറഞ്ഞു രണ്ടുപേരും ശിശുവിനെ ഉപേക്ഷിച്ചുപോയി. അനാഥശിശുവിനെ മരുദ്ദേവന്മാർ 'ഭരദ്വാജ'നെന്നു പേരിട്ടു വളർത്തി.

39 ചോദ്യമാനാ സുരൈരേവം മത്വാ വിതഥമാത്മജം
വ്യസൃജന്മരുതോഽബിഭ്രൻ ദത്തോഽയം വിതഥേഽന്വയേ

| | | | |
|---|---|---|---|
| ഏവം | ഈവിധം, മമതാദേവി | വ്യസൃജത് | ഉപേക്ഷിച്ചു. |
| സുരൈഃ | ദേവന്മാരാൽ | മരുതഃ | മരുദ്ദേവന്മാർ |
| ചോദ്യമാനാ | പ്രേരിതയായിട്ടുംകൂടി | അബിഭ്രൻ | പോററിവളർത്തി. |
| ആത്മജം | പുത്രനെ (ഭരദ്വാജനെ) | അന്വയേ | ഭരതൻെറ വംശം |
| വിതഥം | (വ്യഭിചാരജാതനാകയാൽ) വ്യർത്ഥീഭവിച്ചവനെന്നു് | വിതഥേ | സന്തതിയില്ലാതെവ്യർത്ഥീഭവിച്ചപ്പോഠം |
| | | അയം ദത്തഃ | ഇവൻ ദാനം ചെയ്യപ്പെട്ടവനുമായി. |
| മത്വാ | വിചാരിച്ചു് | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
വിംശോഽധ്യായഃ
ആദിതഃ ശ്ലോകാഃ 773
നവമസ്കന്ധത്തിൽ ഇരുപതാമദ്ധ്യായം കഴിഞ്ഞു.

★

## ഏകവിംശോഽധ്യായഃ = അദ്ധ്യായം ഇരുപത്തൊന്നു്

### രന്തിദേവചരിതം

"ഏകവിംശേ തു ദൗഷ്യന്തേഃ സുതസ്യാന്വയ ഉച്യതേ
രതിദേവാജമീഢാദേര്യത്ര കീർത്തിഃ പ്രതന്യതേ"

ഭരതചക്രവർത്തിയുടെ വംശത്തിൽ ജാതരായ രന്തിദേവൻ, അജമീഢൻ മുതലായവരുടെ പ്രശസ്തിയെ ഈ 21-ാം മദ്ധ്യായത്തിൽ വിസ്തരിക്കുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1 വിതഥസ്യ സുതോ മന്യുർബൃഹത്ക്ഷത്രോ ജയസ്തതഃ
മഹാവീര്യോ നരോ ഗർഗ്ഗഃ സങ്കൃതിസ്തു നരാത്മജഃ

| | | | |
|---|---|---|---|
| വിതഥസ്യ | വിതഥൻെറ | മന്യുഃ | മന്യുവെന്നവൻ |
| സുതഃ | പുത്രൻ | തതഃ | അവനിൽനിന്നു് |

| | | | |
|---|---|---|---|
| ബൃഹത്ക്ഷത്രഃ | ബൃഹത്ക്ഷത്രൻ, | ഗർഗ്ഗഃ | ഗർഗ്ഗൻ എന്നിവർ പുത്രരായിട്ടുണ്ടായി. |
| ജയഃ | ജയൻ, | നരാത്മജഃ തു | അവരിൽ നരൻെറ പുത്രൻ |
| മഹാവീര്യഃ | മഹാവീര്യൻ, | സങ്കൃതിഃ | സങ്കൃതിയായിരുന്നു. |
| നരഃ | നരൻ, | | |

ഭരതന് സന്താനങ്ങളില്ലാതെ വംശവിച്ഛേദം സംഭവിച്ചപ്പോൾ മരുദേവന്മാർ ഭരദ്വാജനെന്ന കുമാരനെ അദ്ദേഹത്തിന് ദാനം ചെയ്തുവല്ലോ. ആ ദത്തുപുത്രനെയാണ് ഇവിടെ വിതഥനെന്നു പറഞ്ഞതു്. ഈ വിതഥൻ, അഥവാ, ഭരദ്വാജൻ ബൃഹസ്പതിക്ക് ഉതത്ഥ്യൻെറ ഭാര്യയിലുണ്ടായ പുത്രനാകയാൽ ജന്മനാ ബ്രഹ്മബന്ധുവാണ്. എന്നിരുന്നാലും ഭരതൻെറ ദത്തുപുത്രനാകയാൽ വിതഥവംശത്തെ ബൃഹസ്പതി വംശമെന്നോ, ഉതത്ഥ്യവംശമെന്നോ പറയാതെ ഭരതരാജവംശം എന്ന് തന്നെ പറയുന്നു.

2 ഗുരുശ്ച രന്തിദേവശ്ച സങ്കൃതേഃ പാണ്ഡുനന്ദന
രന്തിദേവസ്യ ഹി യശ ഇഹാമുത്ര ച ഗീയതേ

| | | | |
|---|---|---|---|
| പാണ്ഡുനന്ദന | ഹേ പാണ്ഡുവംശജ! | രന്തിദേവസ്യ | രന്തിദേവൻെറ |
| ഗുരുഃ ച | ഗുരുവെന്നും | യശഃ | കീർത്തി |
| രന്തിദേവഃ ച | രന്തിനേന്നും | ഇഹ | ഈ ലോകത്തിലും |
| സങ്കൃതേഃ | സങ്കൃതിക്ക് രണ്ടുപുത്രന്മാരുണ്ടായി | അമുത്ര ച | ആ ലോകത്തിലും |
| | | ഗീയതേ | പാടിപ്പുകഴ്ത്തപ്പെടുന്നു. |

3 വിയദ്വിത്തസ്യ ദദതോ ലബ്ധം ലബ്ധം ബുഭുക്ഷതഃ
നിഷ്കിഞ്ചനസ്യ ധീരസ്യ സകുടുംബസ്യ സീദതഃ

4 വ്യതീയുരഷ്ടചത്വാരിംശദഹാന്യപിബതഃ കില
ഘൃതപായസ സംയാവം തോയം പ്രാതരുപസ്ഥിതം

5 കൃച്ഛ്രപ്രാപ്തകുടുംബസ്യ ക്ഷുത്തൃഡ്ഭ്യാം ജാതവേപഥോഃ
അതിഥിർ ബ്രാഹ്മണഃ കാലേ ഭോക്തുകാമസ്യ ചാഗമത്.

| | | | |
|---|---|---|---|
| വിയദ്-വിത്തസ്യ | മുകളിൽനിന്നുവീണു കിട്ടുന്നപോലെ യദൃച്ഛയാ കിട്ടുന്ന ധനംമാത്രം ഉള്ളവനും, | ലബ്ധം ലബ്ധം | കിട്ടിയതിനെയെല്ലാം |
| | | ദദതഃ | ദാനം ചെയ്യുന്നവനും, |
| ബുഭുക്ഷതഃ (അപിസതഃ) | ഭക്ഷണത്തിനൊരുങ്ങിയിരിക്കുന്നവനായിരുന്നാലും | നിഷ്കിഞ്ചനസ്യ | ഒന്നും കൈവശത്തിലില്ലാത്തവനും |
| | | സകുടുംബസ്യ | കുടുംബാംഗങ്ങളോടുകൂടി |
| | | സീദതഃ | തളർന്നുവലയുന്നവനും |

| | |
|---|---|
| അപിബതഃ | ജലപാനംപോലും ചെയ്യാത്തവനെങ്കിലുംകൂടി |
| ധീരസ്യ | ധൈര്യം വിടാത്തവനുമായ രന്തിദേവന്റെ |
| അഷ്ടചത്വാരിംശത് | നാല്പത്തെട്ട് |
| അഹാനി | ദിവസങ്ങൾ |
| വ്യതീയുഃ കില | കടന്നുപോയത്രേ |
| കൃച്ഛ്രപ്രാപ്തകുടുംബസ്യ | കഷ്ടപ്പാടനുഭവിക്കുന്ന കുടുംബത്തോടുകൂടിയവനും |
| ക്ഷുത്തൃഡ്ഭ്യാം | പൈദാഹങ്ങളാൽ |
| ജാതവേപഥോഃ | വിറയൽ കൊള്ളുന്നവനും |
| പ്രാതരുപസ്ഥിതം | പ്രഭാതത്തിൽ അപ്രതീക്ഷിതമായി കിട്ടിയ |
| ഘൃതപായസസംയാവം തോയം ച | നെയ്യ്, ക്ഷീരാന്നം, ഗോതമ്പുമാവുകൊണ്ടുള്ള അപ്പം എന്നിവയും വെള്ളവും |
| ഭോക്തുകാമസ്യ | ആഹരിക്കുവാനാഗ്രഹിച്ചുകൊണ്ടിരിക്കെ, |
| കാലേ | ആ സമയത്ത് |
| ബ്രാഹ്മണഃ | ഒരു ബ്രാഹ്മണൻ |
| അതിഥിഃ | അതിഥിയായിട്ട് |
| ആഗമത് | എത്തിച്ചേർന്നു. |

6 തസ്മൈ സംവ്യഭജത് സോഽന്നമാദൃത്യ ശ്രദ്ധയാന്വിതഃ
ഹരിം സർവ്വത്ര സംപശ്യൻ സ ഭുക്ത്വാ പ്രയയൗ ദ്വിജഃ

| | |
|---|---|
| സർവ്വത്ര | എല്ലായിടത്തും, എല്ലാവരിലും |
| ഹരിം | ശ്രീഹരിയെ |
| സംപശ്യൻ | സുവ്യക്തം നിരീക്ഷിക്കുന്ന |
| സഃ | ആ രന്തിദേവൻ |
| ശ്രദ്ധയാ | ശ്രദ്ധയോട് |
| അന്വിതഃ | കൂടിയവനായിട്ട് |
| ആദൃത്യ | ആദരിച്ച് |
| തസ്മൈ | ആ അതിഥിബ്രാഹ്മണന്ന് |
| അന്നം | തന്റെ ആഹാരപദാർത്ഥത്തെ |
| വ്യഭജത് | പങ്കിട്ടുകൊടുത്തു. |
| സഃ ദ്വിജഃ | ആ ബ്രാഹ്മണൻ |
| ഭുക്ത്വാ | ഭക്ഷണം കഴിച്ച് |
| പ്രയയൗ | സ്ഥലം വിട്ടു. |

7 അഥാന്യോ ഭോക്ഷ്യമാണസ്യ വിഭക്തസ്യ മഹീപതേ
വിഭക്തം വ്യഭജത്തസ്മൈ വൃഷലായ ഹരിം സ്മരൻ

| | |
|---|---|
| മഹീപതേ | മഹാരാജാവേ! |
| അഥ | അതിൽപ്പിന്നെ, |
| ഭോക്ഷ്യമാണസ്യ | അവശേഷിച്ച ഭക്ഷണം കഴിപ്പാനുദ്യമിച്ചുകൊണ്ട് |
| വിഭക്തസ്യ | കുടുംബാംഗങ്ങൾക്ക് അതു പങ്കുവെച്ചപ്പോൾ |
| അന്യഃ (അതിഥിഃ) | മറ്റൊരു അതിഥി |
| ആഗമത് | വന്നുചേർന്നു. |
| (തം) ഹരിം | അവനെ ഭഗവാനെന്ന് |
| സ്മരൻ | നിനച്ചുകൊണ്ട് |
| വിഭക്തം | പങ്കുവച്ചഭക്ഷണത്തെ |
| വൃഷലായ | ശൂദ്രനായിട്ടുള്ള |
| തസ്മൈ | അവന്ന് |
| വ്യഭജത് | പങ്കിട്ടുകൊടുത്തു. |

**8 യാതേ ശൂദ്രേ തമന്യോഽഗാദതിഥിഃ ശ്വഭിരാവൃതഃ**
**രാജൻ മേ ദീയതാമന്നം സഗണായ ബുഭുക്ഷതേ.**

| | | | |
|---|---|---|---|
| ശൂദ്രേയാതേ | ശൂദ്രൻപോയപ്പോൾ | സഗണായ | സംഘത്തോടുകൂടിയവനായി |
| അന്യഃ | മറെറാരു | ബുഭുക്ഷതേ | വിശപ്പുബാധിച്ചിട്ടുള്ള |
| അതിഥിഃ | അതിഥി | മേ അന്നം | എനിക്ക് ആഹാരം |
| ശ്വഭിഃ | ശ്വാക്കളാൽ | ദീയതാം | നൽകപ്പെട്ടാലും'' (എന്നവൻ അപേക്ഷിച്ചു.) |
| ആവൃതഃ | ചുഴലപ്പെട്ടവനായിട്ട് | | |
| തം അഗാത് | അദ്ദേഹത്തെ സമീപിച്ചു. | | |
| രാജൻ | ''രാജാവേ! | | |

**9 സ ആദൃത്യാവശിഷ്ടം യദ്ബഹുമാന പുരസ്കൃതം**
**തച്ച ദത്വാ നമശ്ചക്രേ ശ്വഭ്യഃ ശ്വപതയേ വിഭുഃ**

| | | | |
|---|---|---|---|
| അവശിഷ്ടം | അവശേഷിച്ചതു് | വിഭുഃ സഃ | മഹാനായ അദ്ദേഹം |
| യത് തത് ച | യാതൊന്നോ, അതിനെയും | ദത്വാ | കൊടുത്തിട്ട് |
| | | ശ്വഭ്യഃ | ശ്വാക്കൾക്കും |
| ആദൃത്യ | ആദരിച്ച് | ശ്വപതയേ | ശ്വാക്കളുടെ യജമാനനും |
| ബഹുമാന– പുരസ്കൃതം | ബഹുമാനത്തോടുകൂടെ തന്നെ | നമഃ ചക്രേ | (ഈശ്വരസങ്കല്പത്തോടെ) നമസ്കരിച്ചു. |

**10 പാനീയമാത്രമുച്ഛേഷം തച്ചൈകപരിതർപ്പണം**
**പാസ്യതഃ പുല്കസോഽഭ്യാഗാദപോ ദേഹ്യശുഭസ്യ മേ**

| | | | |
|---|---|---|---|
| ഉച്ഛേഷം | അവശേഷിച്ചതു് | പുല്കസഃ | ഒരു ചണ്ഡാളൻ |
| പാനീയമാത്രം | വെള്ളം മാത്രമായിരുന്നു. | അശുഭസ്യ | ''തീണ്ടൽക്കാരനായ |
| തത് ച | അതുതന്നെയും | മേ അപഃ | എനിക്കു വെള്ളം |
| ഏകപരി– തർപ്പണം | ഒരാളുടെ സംതൃപ്തിക്കു മാത്രം മതിയായതു് | ദീയതാം | തരണേ!'' |
| | | ഇതി | എന്നുവിളിച്ചുപറഞ്ഞുകൊണ്ട് |
| പാസ്യതഃ | ആ വെള്ളം കടിക്കാനെടുത്തപ്പോഴേക്കും | അഭ്യാഗാത് | എത്തിച്ചേർന്നു. |

**11 തസ്യ താം കരുണാം വാചം നിശമ്യ വിപുലശ്രമാം**
**കൃപയാ ഭൃശസന്തപ്ത ഇദമാഹാമൃതം വചഃ**

| | | | |
|---|---|---|---|
| വിപുലശ്രമാം | ഒട്ടുവളരെ തളർച്ചയുംകൊണ്ടു | താം വാചം | ആ പറച്ചിൽ |
| | | നിശമ്യ | കേട്ടിട്ട് |
| തസ്യ | അവന്റെ | | |
| കരുണാം | ദയനീയമായ | കൃപയാ | കാരുണ്യത്താൽ. |

| | |
|---|---|
| ഭൃശസന്തപ്തഃ | ഏററവും വ്യാകുലനായ രന്തിദേവൻ |
| അമൃതം | അമൃതോപമമായ |
| ഇദം വചഃ | ഈ വചനത്തെ |
| ആഹ | (മനസ്സിൽ) ചൊല്ലി. |

ലോകത്തിലുള്ള സകല ജീവരാശികളുടെയും ക്ലേശങ്ങൾ ഒററയ്ക്കു സഹിക്കുവാനുള്ള കരുത്തു് തനിക്കുണ്ടാക്കിത്തരുവാൻ രന്തിദേവൻ ഈശ്വരനെ പ്രാർത്ഥിക്കുന്നു.

**12** **ന കാമയേഽഹം ഗതിമീശ്വരാത് പരാ–**
**മഷ്ടർദ്ധിയുക്താമപുനർഭവം വാ**
**ആർത്തിം പ്രപദ്യേഽഖിലദേഹഭാജാ–**
**മന്തഃസ്ഥിതോ യേന ഭവന്ത്യദുഃഖാഃ**

| | |
|---|---|
| അഹം | "ഞാൻ |
| ഈശ്വരാത് | ഈശ്വരന്റെ അടുക്കൽ നിന്നു് |
| അഷ്ടർദ്ധി–യുക്താം | അണിമാദ്യൈശ്വര്യങ്ങളോടുകൂടിയ |
| പരാം ഗതിം | ഉന്നതപദത്തെയോ, |
| അപുനർ–ഭവം വാ | മറുപിറവിയില്ലാത്ത നിത്യനിർവ്വാണത്തെയോ |
| ന കാമയേ | കാംക്ഷിക്കുന്നില്ല. |
| അഖില–ദേഹഭാജാം | ഉടലെടുത്ത സമസ്തജീവജാലങ്ങളുടെയും |
| അന്തഃസ്ഥിതഃ | അകത്തുകടന്നിരുന്നു് |
| ആർത്തിം | അവരുടെ ജീവിതക്ലേശത്തെ |
| പ്രപദ്യേ | ഞാൻ ഏറെറടുക്കട്ടെ; |
| യേന | യാതൊന്നിനാൽ |
| അദുഃഖാഃ | അവർ ക്ലേശരഹിതരായി |
| ഭവന്തി | ഭവിക്കുന്നതാണു്. |

പരദുഃഖത്തെ തന്നിലേക്കു് ആകർഷിക്കുന്നതുകൊണ്ടു് തനിക്കുണ്ടാവുന്ന പ്രയോജനമെന്തെന്നു് വ്യക്തമാക്കുന്നു—

**13** **ക്ഷുത്തൃട്ശ്രമോ ഗാത്രപരിശ്രമശ്ച**
**ദൈന്യം ക്ലമഃ ശോകവിഷാദമോഹാഃ**
**സർവ്വേ നിവൃത്താഃ കൃപണസ്യ ജന്തോർ–**
**ജിജീവിഷോർജീവജലാർപ്പണാന്മേ**

| | |
|---|---|
| ജിജീവിഷോഃ | "ജീവിക്കാനാഗ്രഹിക്കുന്നവനും |
| കൃപണസ്യ | അതിനുള്ളമാർഗ്ഗം കാണാതെ അവശനായിരിക്കുന്നവനുമായ |
| ജന്തോഃ | പ്രാണിക്കു് |
| ജീവജലാ–ർപ്പണാത് | ജീവനഹേതുവായ വെള്ളം കൊടുക്കുന്നതുകൊണ്ടു് |
| മേ | എന്റെ |
| ക്ഷുത്തൃട്–ശ്രമഃ | വിശപ്പും, ദാഹവും, വലച്ചിലും |
| ഗാത്രപരി–ശ്രമഃ | ശാരീരികമായുള്ള തളർച്ചയും, |
| ദൈന്യം | ദീനതയും, |

| | | | |
|---|---|---|---|
| ക്ലമഃ | ഗ്ലാനിയും, | സർവ്വേ | എല്ലാംതന്നെ |
| ശോകവി- ഷാദമോഹാഃ | ദുഃഖം, മനഃക്ലേശം, മയക്കം എന്നിവയും | നിവൃത്താഃ സ്യുഃ | നീങ്ങിപ്പോകും.'' |

**14 ഇതി പ്രഭാഷ്യപാനീയം മ്രിയമാണഃ പിപാസയാ**
**പുല്ക്കസായാദദാദ്ധീരോ നിസർഗ്ഗകരുണോ നൃപഃ**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | നിസർഗ്ഗ- കരുണഃ | പ്രകൃത്യാ കരുണാശീലനു മായ |
| പ്രഭാഷ്യ | പറഞ്ഞ് | നൃപഃ | രന്തിദേവരാജാവ് |
| പിപാസയാ | ദാഹത്താൽ | പാനീയം | തന്റെ ദാഹശമനത്തിനു ള്ള വെള്ളം |
| മ്രിയമാണഃ (അപി) | മരിച്ചുകൊണ്ടിരിക്കുന്നവ നെങ്കിലും | പുല്ക്കസായ | ചണ്ഡാളന്ന് |
| ധീരഃ | ധീരനും | അദദത് | കൊടുത്തു. |

**15 തസ്യ ത്രിഭുവനാധീശാഃ ഫലദാഃ ഫലമിച്ഛതാം**
**ആത്മാനം ദർശയാഞ്ചക്രുർമായാ വിഷ്ണുവിനിർമ്മിതാ**

| | | | |
|---|---|---|---|
| ഫലം | കർമ്മഫലത്തെ | വിഷ്ണുവി- നിർമ്മിതാഃ | വിഷ്ണുഭഗവാനാൽ ക്ഷുദ്രാദി രൂപത്തിൽനിർമ്മിക്കപ്പെട്ട |
| ഇച്ഛതാം | ആഗ്രഹിക്കുന്നവർക്ക് | മായാഃ (സന്തഃ) | മായകളായിട്ട് |
| ഫലദാഃ | കർമ്മഫലത്തെ ദാനം ചെയ്യുന്നവരായ | തസ്യ | അദ്ദേഹത്തിന്ന് |
| ത്രിഭുവനാ- ധീശാഃ | ത്രിലോകനാഥന്മാർ (ബ്രഹ്മാദിദേവന്മാർ) | ആത്മാനം | സ്വസ്വരൂപത്തെ |
| | | ദർശയാഞ്ചക്രുഃ | കാട്ടിക്കൊടുത്തു |

രന്തിദേവന്റെ മഹാമനസ്കതയെ പരീക്ഷിച്ചറിയുന്നവനായി ബ്രഹ്മാദിദേവന്മാർ വൈഷ്ണവമായയെ അവലംബിച്ച് ബ്രാഹ്മണൻ മുതൽ ചണ്ഡാളവരെയുള്ള രൂപം ധരിച്ചുവരികയും ചരിതാർത്ഥരായി താന്താങ്ങളുടെ സാക്ഷാൽ സ്വരൂപം പ്രദർശിപ്പിച്ചുകൊടുക്കയും ചെയ്തു.

**16 സ വൈ തേഭ്യോ നമസ്കൃത്യ നിസ്സംഗോ വിഗതസ്പൃഹഃ**
**വാസുദേവേ ഭഗവതി ഭക്ത്യാ ചക്രേ മനഃ പരം**

| | | | |
|---|---|---|---|
| നിഃ സംഗഃ | അനാസക്തനും | സഃ വൈ | അദ്ദേഹമാകട്ടെ |
| വിഗത- സ്പൃഹഃ | ആശകളകന്നവനുമായ | തേഭ്യഃ | അവർക്കായിക്കൊണ്ട് |
| | | നമസ്കൃത്യ | നമസ്കരിച്ച്— |

| | | | |
|---|---|---|---|
| ഭഗവതി | ഭഗവാനായ | നമഃ പരം | നമസ്കാരം മാത്രം |
| വാസുദേവേ | ശ്രീവാസുദേവനിൽ | | |
| ഭക്ത്യാ | ഭക്തിയോടെ | ചക്രേ | ചെയ്തു. |

നമസ്കരിക്കുകയല്ലാതെ യാതൊന്നും പ്രാർത്ഥിച്ചില്ല. എന്തെന്നാൽ രന്തിദേവൻ നിഃസംഗനും വിഗതസ്പൃഹനുമാണല്ലോ.

**17 ഈശ്വരാലംബനം ചിത്തം കുർവ്വതോഽനന്യരാധസഃ**
**മായാ ഗുണമയീ രാജൻ സ്വപ്നവത് പ്രത്യലീയത**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | (തസ്യ) | അദ്ദേഹത്തിന്നു് |
| ചിത്തം | മനസ്സിനെ | ഗുണമയീ | ത്രിഗുണാത്മകമായ |
| ഈശ്വരാലംബനം | ഈശ്വരവശഗമാക്കി | മായാ | മായ (മായാകാര്യമായ സംസാരം) |
| കുർവ്വതഃ | ചെയ്തുകൊണ്ടിരിക്കുന്നവനും | സ്വപ്നവത് | സ്വപ്നാനുഭവംപോലെ |
| അനന്യരാധസഃ | ഈശ്വരനെയല്ലാതെ മറെറാന്നിനെയും ആഗ്രഹിക്കാത്തവനുമായ | പ്രത്യലീയത | തന്നിൽത്തന്നെ വിലയിച്ചു. |

**18 തത്പ്രസംഗാനുഭാവേന രന്തിദേവാനുവർത്തിനഃ**
**അഭവൻ യോഗിനഃ സർവ്വേ നാരായണപരായണാഃ**

| | | | |
|---|---|---|---|
| രന്തിദേവാനുവർത്തിനഃ | രന്തിദേവന്റെ പിൻതുടർച്ചക്കാരായ | നാരായണപരായണാഃ | വിഷ്ണുഭഗവാൻ പരമാശ്രയമെന്നു സങ്കല്പിക്കുന്നവരായ |
| സർവ്വേ | എല്ലാവരും | | |
| തത്പ്രസംഗാനുഭാവേന | അദ്ദേഹത്തോടുള്ള സമ്പർക്കത്തിന്റെ മഹിമയാൽ | യോഗിനഃ | യോഗികളായിട്ടു് |
| | | അഭവൻ | ഭവിച്ചു. |

മന്യുവിന്റെ പുത്രന്മാരിൽ നരന്റെ വംശത്തെ രന്തിദേവപര്യന്തം വിസ്തരിച്ചു ശേഷം ഗർഗ്ഗൻ, മഹാവീര്യൻ, ബൃഹത്ക്ഷത്രൻ എന്നിവരുടെ വംശചരിത്രം പറഞ്ഞു തുടങ്ങുന്നു —

**19 ഗർഗ്ഗാച്ഛിനിസ്തതോ ഗാർഗ്യഃ ക്ഷത്രാദ് ബ്രഹ്മ ഹ്യവർത്തത**
**ദുരിതക്ഷയോ മഹാവീര്യാത് തസ്യ ത്രയ്യാരുണിഃ കവിഃ**

**20 പുഷ്കരാരുണിരിത്യത്ര യേ ബ്രാഹ്മണഗതിം ഗതാഃ**
**ബൃഹത്ക്ഷത്രസ്യ പുത്രോഽഭൂദ്ധസ്തീ യദ്ധസ്തിനാപുരം.**

**21 അജമീഢോ ദ്വിമീഢശ്ച പുരുമീഢശ്ച ഹസ്തിനഃ**
**അജമീഢസ്യ വംശ്യാഃ സ്യുഃ പ്രിയമേധാദയോ ദ്വിജാഃ**

| | |
|---|---|
| ഗർഗ്ഗാത് | ഗർഗ്ഗനിൽനിന്ന് |
| ശിനിഃ | ശിനിയെന്നവനും, |
| തതഃ | അവനിൽനിന്ന് |
| ഗാർഗ്ഗ്യഃ | ഗാർഗ്ഗ്യനും ഉണ്ടായി. |
| ക്ഷത്രാത് | ഈ ക്ഷത്രിയൻ മുതൽ |
| ബ്രഹ്മ ഹി | ബ്രാഹ്മണവംശമായിട്ടു |
| അവർത്തത | (ഗർഗ്ഗവംശം) വർത്തിച്ചു. |
| മഹാവീര്യാത് | മഹാവീര്യനെന്ന മന്യുപുത്രനിൽനിന്ന് |
| ദുരിതക്ഷയഃ | ദുരിതക്ഷയനെന്നു പേരായവൻ ജാതനായി. |
| തസ്യ | അവന്റെ പുത്രരായി |
| ത്രയ്യാരുണിഃ | ത്രയ്യാരുണിയെന്നും, |
| കവിഃ | കവിയെന്നും, |
| പുഷ്കരാരുണിഃ | പുഷ്കരാരുണിയെന്നും |
| ഇതി(ത്രയഃ) | മൂന്നുപേർ |
| അത്ര യേ | ഇവിടം മുതൽ ഇവരും |
| ബ്രാഹ്മണഗതിം | ബ്രാഹ്മണ്യത്തെ |
| ഗതാഃ | പ്രാപിച്ചു. |
| ബൃഹത്ക്ഷത്രസ്യ | മന്യുപുത്രന്മാരിൽ മൂത്തവനായ ബൃഹത്ക്ഷത്രന്റെ |
| പുത്രഃ | പുത്രൻ |
| ഹസ്തീ അഭൂത് | ഹസ്തിയായിരുന്നു. |
| യത് | യാതൊരു ഈ ഹസ്തിയാൽ |
| ഹസ്തിനാപുരം | പിന്നീട് കൗരവരാജധാനിയായ ഹസ്തിനാപുരം |
| കൃതം | നിർമ്മിക്കപ്പെട്ടു. |
| ഹസ്തിനഃ | ഹസ്തിയുടെ |
| (സുതാഃ) | സുതന്മാർ |
| അജമീഢഃ | അജമീഢനും, |
| ദ്വിമീഢഃ ച | ദ്വിമീഢനും, |
| പുരുമീഢഃ ച | പുരുമീഢനും ആയിരുന്നു. |
| അജമീഢസ്യ | അജമീഢന്റെ |
| വംശ്യാഃ | വംശത്തിലുണ്ടായ |
| പ്രിയമേധാദയഃ | പ്രിയമേധൻ മുതലായിട്ടുള്ളവർ |
| ദ്വിജാഃ സ്യുഃ | ബ്രാഹ്മണരാകുന്നു. |

**22 അജമീഢാദ് ബൃഹദിഷുസ്തസ്യ പുത്രോ ബൃഹദ്ധനുഃ**
**ബൃഹത്കായസ്തതസ്തസ്യ പുത്ര ആസീജ്ജയദ്രഥഃ**

| | |
|---|---|
| അജമീഢാത് | അജമീഢനിൽനിന്ന് |
| ബൃഹദിഷുഃ | ബൃഹദിഷുവെന്ന മറ്റൊരു പുത്രൻ ജാതനായി. |
| തസ്യപുത്രഃ | അവന്റെ പുത്രൻ |
| ബൃഹദ്ധനുഃ | ബൃഹദ്ധനുവെന്നവനായിരുന്നു. |
| തതഃ | അവനിൽനിന്ന് |
| ബൃഹത്കായഃ | ബൃഹത്കായനും |
| തസ്യ പുത്രഃ | അവന്റെ പുത്രനായിട്ട് |
| ജയദ്രഥഃ | ജയദ്രഥനും |
| ആസീത് | ഉണ്ടായി. |

**23 തത്സുതോ വിശദസ്തസ്യ സേനജിത് സമജായത**
**രുചിരാശ്വോ ദൃഢഹനുഃ കാശ്യോ വത്സശ്ചതത്സുതാഃ**

| | |
|---|---|
| തത്സുതഃ | ആ ജയദ്രഥന്റെ പുത്രൻ |
| വിശദഃ | വിശദനെന്നവൻ ആയിരുന്നു. |
| തസ്യ | അവന്ന് |
| സേനജിത് | സേനജിത്തെന്ന പുത്രൻ |
| സമജായത | സംജാതനായി. |

| | | | |
|---|---|---|---|
| രുചിരാശ്വഃ | രുചിരാശ്വനും | വത്സഃ ച | വത്സനും |
| ദൃഢഹനുഃ | ദൃഢഹനുവും | തത്സുതാഃ | അവന്റെ നാലു പുത്ര- |
| കാശ്യഃ | കാശ്യനും | | ന്മാരാണ്. |

**24 രുചിരാശ്വസുതഃ പ്രാജ്ഞഃ പൃഥുസേനസ്തദാത്മജഃ**
**പാരസ്തത്തനയോ നീപസ്തസ്യ പുത്രശതം ത്വഭൂത്**

| | | | |
|---|---|---|---|
| രുചിരാശ്വ- | രുചിരാശ്വന്റെ പുത്രൻ | പാരഃ | പാരനെന്നുള്ളവൻ; |
| സുതഃ | പ്രാജ്ഞനെന്നവൻ; | (തത്തനയഃ) | അവന്റെ പുത്രൻ |
| പ്രാജ്ഞഃ | | നീപഃ | നീപൻ; |
| തദാത്മജഃ | അവന്റെ പുത്രൻ | തസ്യ തു | അവന്നാകട്ടെ |
| പൃഥുസേനഃ | പൃഥുസേനൻ, | പുത്രശതം | നൂറു മക്കളും |
| തത്തനയഃ | അവന്റെ പുത്രൻ | അഭൂത് | ഉണ്ടായി. |

**25 സ കൃത്വ്യാം ശുകകന്യായാം ബ്രഹ്മദത്തമജീജനത്**
**സ യോഗീ ഗവി ഭാര്യായാം വിഷ്വക്സേനമധാത്സുതം**

| | | | |
|---|---|---|---|
| സഃ | ആ നീപൻ | ഭാര്യായാം | ഭാര്യയായ |
| ശുകകന്യായാം | ശുകന്റെ പുത്രിയായ* | ഗവി | വാഗ്ദേവിയിൽ |
| കൃത്വ്യാം | കൃത്വി എന്നവളിൽ | വിഷ്വക്- | |
| ബ്രഹ്മദത്തം | ബ്രഹ്മദത്തനെന്ന പുത്രനെ | സേനം | വിഷ്വക്സേനൻ |
| അജീജനത് | ഉത്പാദിപ്പിച്ചു. | സുതം | എന്ന പുത്രനെ |
| യോഗീ സഃ | യോഗിയായ അവൻ | അധാത് | ആധാനം ചെയ്തു. |

*ഈ ശുകൻ പരമഭാഗവതനും നിത്യബ്രഹ്മചാരിയുമായ സാക്ഷാൽ ശുകബ്രഹ്മർഷിയിൽനിന്നു ഭിന്നനാണ്.

**26 ജൈഗീഷവ്യോപദേശേന യോഗതന്ത്രം ചകാര ഹ**
**ഉദക്സ്വനസ്തതസ്തസ്മാദ് ഭല്ലാദോ ബാർഹദീഷവാഃ**

| | | | |
|---|---|---|---|
| (സഃ) | ആ ബ്രഹ്മദത്തൻ | ഉദക്സേനഃ | ഉദക്സേനനും |
| ജൈഗീഷ- | ജൈഗീഷവ്യന്റെ ഉപ | തസ്മാത് | അവനിൽനിന്ന് |
| വ്യോപദേ- | ദേശപ്രകാരം | ഭല്ലാദഃ | ഭല്ലാദനും (ഉണ്ടായി) |
| ശേന | | (ഇമേ) | ഇവരെല്ലാം |
| യോഗതന്ത്രം | യോഗശാസ്ത്രത്തെ | ബാർഹദീഷവാഃ | ബൃഹദീഷുവിന്റെ |
| ചകാര ഹ | നിർമ്മിച്ചപ്പോൾ | | സന്താനപരമ്പരയി |
| തതഃ | ബ്രഹ്മദത്തനിൽനിന്ന് | | ലുള്ളവരാണ്. |

**27 യവീനരോ ദ്വിമീഢസ്യ കൃതിമാംസ്തൽസുതഃ സ്മൃതഃ**
**നാമ്നാ സത്യധൃതിര്യസ്യ ദൃഢനേമിഃ സുപാർശ്വകൃത്**

| | | | |
|---|---|---|---|
| ദ്വിമീഢസ്യ | ദ്വിമീഢന്റെ പുത്രൻ | യസ്യനാമ്നാ സത്യധൃതിഃ | യാതൊരു കൃതിമാന്റെ പുത്രൻസത്യധൃതിയെന്നു പേരോടു കൂടിയവൻ; |
| യവീനരഃ | യവീനരൻ; | | |
| തത്സുതഃ | അവന്റെ പുത്രൻ | തതഃ | അവനിൽനിന്ന് |
| | | സുപാർശ്വകൃത് | സുപാർശ്വന്റെ ജന്മകൃത്തായ |
| കൃതിമാൻ സ്മൃതഃ | കൃതിമാനാണെന്നു കരുതപ്പെടുന്നു. | ദൃഢനേമിഃ | ദൃഢനേമിപിറന്നു. |

**23 സുപാർശ്വാത് സുമതിസ്തസ്യ പുത്രഃ സന്നതിമാംസ്തതഃ**
**കൃതിർഹിരണ്യനാഭാദ്യോ യോഗം പ്രാപ്യ ജഗൗ സ്മ ഷട്**

**29 സംഹിതാഃ പ്രാച്യസാമ്നാം വൈ നീപോ ഹ്യുഗ്രായുധസ്തതഃ**
**തസ്യ ക്ഷേമ്യഃ സുവീരോഽഥ സുവീരസ്യ രിപുഞ്ജയഃ**

| | | | |
|---|---|---|---|
| സുപാർശ്വാത് | സുപാർശ്വനിൽനിന്ന് | ഷട്- സംഹിതാഃ | ആറുസംഹിതകളെ |
| സുമതിഃ | സുമതിയും, | ജഗൗ സ്മ | ഗാനംചെയ്തുപോലും! |
| തസ്യ പുത്രഃ | അവന്റെ പുത്രനായി | (തതഃ) വൈ | ആ കൃതിയിൽനിന്നാകട്ടെ |
| സന്നതിമാൻ | സന്നതിമാൻ എന്നവനും, | നീപഃ | നീപനുണ്ടായി. |
| തതഃ | അവനിൽനിന്ന് | തതഃ ഹി | അവനിൽനിന്ന് |
| കൃതിഃ | കൃതിയെന്നവനും പിറന്നു. | ഉഗ്രായുധഃ | ഉഗ്രായുധനും, |
| യഃ | യാതൊരു ഈ കൃതി | തസ്യ | അവന്റെ പുത്രനായി |
| ഹിരണ്യ- | ഹിരണ്യനാഭനെന്ന | ക്ഷേമ്യഃ | ക്ഷേമ്യനും, |
| നാഭാത് | യോഗാചാര്യനിൽനിന്ന് | അഥ | തത്പുത്രനായിട്ട് |
| യോഗം | യോഗവിദ്യയെ | സുവീരഃ | സുവീരനും, |
| പ്രാപ്യ | ഗ്രഹിച്ചശേഷം | സുവീരസ്യ | സുവീരന്റെ പുത്രനായി |
| പ്രാച്യസാമ്നാം | പ്രാച്യസാമങ്ങളുടെ | രിപുഞ്ജയഃ | രിപുഞ്ജയനും ജനിച്ചു. |

അജമീഢന്റെ വംശത്തിലുണ്ടായ പ്രിയമീഢാദികൾ ബ്രാഹ്മണരായെന്നും ബൃഹദിഷു പ്രഭൃതികൾ ക്ഷത്രിയരായിത്തന്നെ വർത്തിച്ചുവെന്നും മുമ്പു പറഞ്ഞതാണ്. ഇപ്രകാരം ഹസ്തിരാജപുത്രന്മാരായ അജമീഢദ്വിമീഢന്മാരുടെ വംശദ്വയത്തെപ്പറ്റി പറഞ്ഞശേഷം അജമീഢനിൽനിന്നുണ്ടായ മറ്റൊരു വംശത്തിന്റെ കഥ പറഞ്ഞു തുടങ്ങുന്നു.

**30 തതോ ബഹുരഥോ നാമ പുരുമീഢോഽപ്രജോഽഭവത്
നളിന്യാമജമീഢസ്യ നീലഃ ശാന്തിഃ സുതസ്തതഃ**

| | | | |
|---|---|---|---|
| തതഃ | ആ രിപുഞ്ജയനിൽനിന്നു് | നളിന്യാം | നളിനിയെന്ന പത്നിയിൽ |
| ബഹുരഥഃ നാമ | ബഹുരഥൻ എന്നപേരുള്ള പുത്രനുണ്ടായി. | നീലഃ സുതഃ | നീലനെന്ന പുത്രൻ ഉണ്ടായി; |
| പുരുമീഢഃ | പുരുമീഢനാകട്ടെ | | |
| അപ്രജഃ | സന്താനമില്ലാത്തവനായി | തതഃ | അവനിൽനിന്നു് |
| അഭവത് | ഭവിച്ചു | ശാന്തിഃ | ശാന്തിയെന്നവൻ |
| അജമീഢസ്യ | അജമീഢന്നു് | (ജാതഃ) | പിറന്നു. |

**31 ശാന്തേഃ സുശാന്തിസ്തത്പുത്രഃ പുരുജോഽർക്കസ്തതോഽഭവത്
ഭർമ്മ്യാശ്വസ്തനയസ്തസ്യ പഞ്ചാസൻ മുദ്ഗലാദയഃ**

**32 യവീനരോ ബൃഹദിഷുഃ കാംപില്യഃ സംജയഃ സുതാഃ
ഭർമ്മ്യാശ്വപ്രാഹപുത്രാമേ പഞ്ചാനാം രക്ഷണായ ഹി**

**33 വിഷയാണാമലമിമേ ഇതി പഞ്ചാലസംജ്ഞിതാഃ
മുദ്ഗലാദ് ബ്രഹ്മനിർവൃത്തം ഗോത്രം മൗദ്ഗല്യസംജ്ഞിതം**

| | | | |
|---|---|---|---|
| ശാന്തേഃ (പുത്രഃ) | ശാന്തിയുടെ പുത്രൻ | ഭർമ്മ്യാശ്വഃ | ഭർമ്മ്യാശ്വൻ |
| സുശാന്തിഃ | സുശാന്തി; | (പുത്രാൻ) ആഹ | പുത്രന്മാരോടുപറഞ്ഞു-- |
| തത്പുത്രഃ | അവന്റെ പുത്രൻ | പുത്രാഃ | "മക്കളേ! നിങ്ങൾ |
| പുരുജഃ | പുരുജൻ; | മേ | എന്റെ |
| തതഃ | അവനിൽനിന്നു് | പഞ്ചാനാം | അഞ്ചു് |
| അർക്കഃ | അർക്കനെന്നവൻ | വിഷയാണാം | ദേശങ്ങളുടെയും |
| അഭവത് | സംഭവിച്ചു. | രക്ഷണായ | സംരക്ഷണത്തിന്നു് |
| തസ്യ തനയഃ | അവന്റെ പുത്രൻ | അലം ഇതി | മതിയായവരാണ്" എന്നു് |
| ഭർമ്മ്യാശ്വഃ | ഭർമ്മ്യാശ്വനായിരുന്നു. | ഹി ഇമേ | അതിനാൽ ഇവർ |
| (തസ്യ) | അവന്നു് | പഞ്ചാല-സംജ്ഞിതാഃ | "പഞ്ചാലന്മാ"രെന്ന പേരുള്ളവരായി |
| മുദ്ഗലാദയഃ | മുദ്ഗലൻ തുടങ്ങി | | |
| യവീനരഃ | യവീനരൻ, | മുദ്ഗലാത് | മുദ്ഗലനിൽനിന്നു് |
| ബൃഹദിഷുഃ | ബൃഹദിഷു, | മൗദ്ഗല്യ-സംജ്ഞിതം | "മൗദ്ഗല്യ"മെന്ന നാമത്തിൽ അറിയപ്പെടുന്ന ബ്രാഹ്മണവംശം |
| കാംപില്യഃ | കാംപില്യൻ, | ബ്രഹ്മ-ഗോത്രം | |
| സംജയഃ | സംജയൻ എന്നിങ്ങനെ | | |
| പഞ്ചസുതാഃ | അഞ്ചുപുത്രന്മാർ | | |
| ആസൻ | ഉണ്ടായി. | നിർവൃത്തം | രൂപംകൊണ്ടു. |

**34 മിഥുനം മുദ്ഗലാദ് ഭാർമ്മ്യാദ് ദിവോദാസഃ പുമാനഭൂത്**
**അഹല്യാ കന്യകായസ്യാം ശതാനന്ദസ്തുഗൗതമാത്**

| | | | |
|---|---|---|---|
| ഭാർമ്മ്യാത് | ഭർമ്മ്യാശ്വന്റെ പുത്രനായ | കന്യകാ | സ്ത്രീസന്താനം |
| മുദ്ഗലാത് | മുദ്ഗലനിൽനിന്ന് | അഹല്യാ | അഹല്യയും |
| മിഥുനം | ഒരാണും ഒരുപെണ്ണും | യസ്യാം തു | യാതൊരുവളിലാകട്ടെ |
| അഭൂത് | ഉണ്ടായി. | ഗൗതമാത് | ഗൗതമമുനിയിൽ നിന്ന് |
| പുമാൻ | പുരുഷസന്താനം | ശതാനന്ദഃ | ശതാനന്ദൻ |
| ദിവോദാസഃ | ദിവോദാസൻ; | (അഭൂത്) | പിറന്നു. |

**35 തസ്യ സത്യധൃതിഃ പുത്രോ ധനുർവേദവിശാരദഃ**
**ശരദ്വാംസ്തത്സുതോ യസ്മാദ്ദർവശീദർശനാത് കില**

**36 ശരസ്തംബേടപതദ്രേതോ മിഥുനം തദഭൂച്ഛുഭം**
**തദ്ദൃഷ്ട്വാ കൃപയാടഗൃഹ്ണാച്ഛന്തനുർമൃഗയാം ചരൻ**
**കൃപഃ കുമാരഃ കന്യാ ച ദ്രോണപത്ന്യഭവത് കൃപീ**

| | | | |
|---|---|---|---|
| തസ്യ പുത്ര | ആശതാനന്ദന്റെ പുത്രൻ | മിഥുനം | ആൺകുഞ്ഞും പെൺ കുഞ്ഞുമായിട്ട് |
| ധനുർവേദവിശാരദഃ | ധനുർവേദത്തിൽ നല്ല പരിജ്ഞാനമുള്ള | അഭൂത് | സംഭവിച്ചു. |
| സത്യധൃതിഃ | സത്യധൃതിയായിരുന്നു. | മൃഗയാം ചരൻ | വേട്ടയാടിസഞ്ചരിച്ചു കൊണ്ടിരുന്ന |
| തത്സുതഃ | അവന്റെ പുത്രൻ | | |
| ശരദ്വാൻ | ശരദ്വാൻ ആകുന്നു. | ശന്തനുഃ | ശന്തനുരാജാവ് |
| ഉർവ്വശീദർശനാത് | ഉർവ്വശിയെ കണ്ടതു നിമിത്തം | തത് ദൃഷ്ട്വാ | അതുകണ്ടിട്ട് |
| | | കൃപയാ | കൃപയോടെ |
| യസ്മാത് | യാതൊരു ഈ ശരദ്വാനിൽനിന്ന് | അഗൃഹ്ണാത് | എടുത്തു വളർത്തി. |
| | | കുമാരഃ | ആ കുമാരൻ |
| രേതഃ | രേതസ്സ് | കൃപഃ | കൃപാചാര്യരായും |
| ശരസ്തംബേ | ഞാങ്ങൽപ്പുല്ലിന്മേൽ | കന്യാ | കുമാരി |
| അപതത് കില | വീണുപോയത്രേ | ദ്രോണപത്നീ | ദ്രോണാചാര്യരുടെ പത്നിയായ |
| തത് | അത് (രേതസ്സ്) | കൃപീ ച | കൃപിയായും |
| ശുഭം | നല്ല ലക്ഷണമുള്ളു | അഭവത് | ഭവിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ

ഏകവിംശോഽധ്യായഃ

ആദിതഃ ശ്ലോകഃ 809

നവമസ്കന്ധത്തിൽ ഇരുപത്തൊന്നാമദ്ധ്യായം കഴിഞ്ഞു.

# ദ്വാവിംശോഽധ്യായഃ = അദ്ധ്യായം ഇരുപത്തിരണ്ട്

## പാണ്ഡവരുടെയും ദുര്യോധനാദികളുടെയും ജനനം

**"ദ്വാവിംശേ തു ദിവോദാസവംശമുക്ത്വാഥ വർണ്ണിതാഃ**
**ഋക്ഷവംശേ ജരാസന്ധപാർത്ഥദുര്യോധനാദയഃ**

ഈ 22-ാമത്തെ അദ്ധ്യായത്തിൽ ദിവോദാസവംശത്തെ നിരൂപണം ചെയ്ത ശേഷം ഋക്ഷവംശത്തിൽ പിറന്ന ജരാസന്ധൻ, പാണ്ഡവർ, ദുര്യോധനാദികൾ എന്നിവരുടെ ഉദ്ഭവത്തെ നിരൂപണം ചെയ്യുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

**1 മിത്രേയുശ്ച ദിവോദാസാച്ച്യവനസ്തത്സുതോ നൃപ**
**സുദാസഃ സഹദേവോഽഥ സോമകോ ജന്തുജന്മകൃത്**

| | | | |
|---|---|---|---|
| നൃപ | രാജൻ! പരീക്ഷിത്തേ! | സുദാസഃ | സുദാസൻ, |
| ദിവോ-ദാസാത് | മുദ്ഗലപുത്രനായ ദിവോദാസനിൽനിന്ന് | സഹദേവഃ | സഹദേവൻ, |
| മിത്രേയുഃ ച | മിത്രേയുവെന്നവൻപിറന്നു | ജന്തുജന്മകൃത് | ജന്തു എന്നവന്റെ ജനയിതാവായ |
| തത്സുതഃ | അദ്ദേഹത്തിന്റെ പുത്രൻ | | |
| ച്യവനഃ | ച്യവനനായിരുന്നു. | സോമകഃ | സോമകനും (പുത്രന്മാരാണ്) |
| അഥ | അതിനുപുറമെ | | |

**2 തസ്യ പുത്രശതം തേഷാം യവീയാൻ പൃഷതഃ സുതഃ**
**ദ്രുപദോ ദ്രൗപദീ തസ്യ ധൃഷ്ടദ്യുമ്നാദയഃ സുതാഃ**

| | | | |
|---|---|---|---|
| തസ്യ | അവന്ന് (സോമകന്ന്) | ദ്രുപദൻ | ദ്രുപദൻ; |
| പുത്രശതം | നൂറുപുത്രന്മാരുണ്ടായി. | ദ്രൗപദി | ദ്രൗപദി (പാഞ്ചാലി) |
| തേഷാം | അവരിൽവച്ച് | തസ്യ (സുതാ) | ആ ദ്രുപദന്റെ പുത്രിയാകുന്നു. |
| യവീയാൻ | ഇളയവനായ | | |
| സുതഃ | പുത്രൻ | ധൃഷ്ടദ്യുമ്നാദയഃ | ധൃഷ്ടദ്യുമ്നൻമുതലായുള്ളവർ |
| പൃഷതഃ | പൃഷതനായിരുന്നു. | | |
| (തത്സുതഃ) | അവന്റെ പുത്രൻ | സുതാഃ | പുത്രന്മാരും |

**3 ധൃഷ്ടദ്യുമ്നാദ് ധൃഷ്ടകേതുർഭാർമ്യാഃ പഞ്ചാലകാ ഇമേ**
**യോഽജമീഢസുതോ ഹ്യന്യ ഋക്ഷഃ സംവരണസ്തതഃ**

| | | | |
|---|---|---|---|
| ധൃഷ്ടദ്യുമ്നാത് | ധൃഷ്ടദ്യുമ്നനിൽനിന്ന് | അജമീഢസുതഃ | അജമീഢന്റെ പുത്രനായിട്ടുതന്നെ |
| ധൃഷ്ടകേതുഃ | ധൃഷ്ടകേതു | അന്യഃ ഹി | മറെറാരുവൻകൂടി ഉണ്ടായിരുന്നു; |
| (ജാതഃ) | ജാതനായി. | യഃ ഋക്ഷഃ | യാതൊരുവനത്രേ ഋക്ഷൻ |
| ഭാർമ്യാഃ | ഭർമ്മ്യാശ്വന്റെ പിന്തുടച്ചക്കാരായ | തതഃ | അവനിൽനിന്ന് |
| ഇമേ | ഇവർ | സംവരണഃ | സംവരണൻ |
| പഞ്ചാലകാഃ | പാഞ്ചാലന്മാരെന്നു പറയപ്പെടുന്നു. | (ജാതഃ) | സംജാതനായി. |

**4 തപത്യാം സൂര്യകന്യായാം കുരുക്ഷേത്രപതിഃ കുരുഃ**
**പരീക്ഷിത് സുധനുർജഹ്നുർന്നിഷധാശ്വാഃ കുരോഃ സുതാഃ**

| | | | |
|---|---|---|---|
| (തതഃ) | അവനിൽനിന്ന് | (ജാതഃ) | ജനിച്ചു. |
| കുരുക്ഷേത്രപതിഃ | കുരുക്ഷേത്രത്തിന്റെ സ്ഥാപകനും അധിപതിയുമായ | പരീക്ഷിത് | പരീക്ഷിത്ത്, |
| കുരുഃ | കുരുവെന്ന രാജാവ് | സുധനുഃ | സുധനുസ്സ്, |
| സൂര്യകന്യായാം | സൂര്യദേവന്റെ പുത്രിയായ | ജഹ്നുഃ | ജഹ്നു, |
| തപത്യാം | തപതിയിൽ | നിഷധാശ്വഃ | നിഷധാശ്വൻ എന്നിവർ |
| | | കുരോഃ | കുരുവിന്റെ |
| | | സുതാഃ | പുത്രന്മാരാകുന്നു. |

**5 സുഹോത്രോഽഭൂത് സുധനുഷശ്ച്യവനോഽഥ തതഃ കൃതീ**
**വസുസ്തസ്യോപരിചരോ ബൃഹദ്രഥമുഖാസ്തതഃ**

| | | | |
|---|---|---|---|
| സുധനുഷഃ | സുധനുസ്സിന്റെ | കൃതീ | കൃതിയും, |
| (പുത്രഃ) | പുത്രൻ | തസ്യ | അവന്ന് |
| സുഹോത്രഃ | സുഹോത്രൻ | ഉപരിചരഃ | ഉപരിചരനെന്ന |
| അഭൂത് | ആയിരുന്നു. | വസുഃ | വസുവും, |
| അഥ | പിന്നെ, ആ സുഹോത്രന്ന് | തതഃ | അവനിൽനിന്ന് |
| ച്യവനഃ | ച്യവനനും, | ബൃഹദ്രഥമുഖാഃ | ബൃഹദ്രഥൻ മുതലായവരും പുത്രരായിപ്പിറന്നു. |
| തതഃ | അവനിൽനിന്ന് | | |

**6 കുശാംബമത്സ്യ പ്രത്യഗ്രചേദിപാദ്യാശ്ച ചേദിപാഃ**
**ബൃഹദ്രഥാത് കുശാഗ്രോഽഭൂദൃഷഭസ്തസ്യ തത്സുതഃ**

**7 ജജ്ഞേ സത്യഹിതോഽപത്യം പുഷ്പവാംസ്തത്സുതോ ജഹ്നുഃ**
**അന്യസ്യാം ചാപി ഭാര്യായാം ശകലേ ദ്വേ ബൃഹദ്രഥാത്**

| | |
|---|---|
| കുശാംബ-മത്സ്യപ്രത്യ-ഗ്രചേദിപാദ്യാഃ ച | കുശാംബൻ, മത്സ്യൻ, പ്രത്യഗ്രൻ, ചേദിപൻ മുതലായവരും (ബൃഹദ്രഥന്റെ പുത്രന്മാരാണ്.) |
| (തേ സർവേ) | അവരെല്ലാവരും |
| ചേദിപാഃ | ചേദിരാജ്യത്തിന്റെ അധിപന്മാരാകുന്നു. |
| ബൃഹദ്രഥാത് | ബൃഹദ്രഥനിൽനിന്ന് |
| കുശാഗ്രഃ | കുശാഗ്രൻ |
| അഭൂത് | ഉണ്ടായി. |
| തസ്യ | അവന്റെ പുത്രൻ |
| ഋഷഭഃ | ഋഷഭനായിരുന്നു. |

| | |
|---|---|
| തത്സുതഃ | ആ ഋഷഭന്റെ പുത്രനായി |
| സത്യഹിതഃ | സത്യഹിതൻ |
| ജജ്ഞേ അപത്യം | ജനിച്ചു. അവന്റെ പുത്രൻ |
| പുഷ്പവാൻ | പുഷ്പവാനും |
| തത്സുതഃ | അവന്റെ പുത്രൻ |
| ജഹ്നുഃ | ജഹ്നുവും ആയിരുന്നു. |
| ബൃഹദ്രഥാത് | ബൃഹദ്രഥനിൽനിന്ന് |
| അന്യസ്യാം | മറെറാരു |
| ഭാര്യായാം | ഭാര്യയിൽ |
| ദ്വേ ശകലേ അപി ച | ശിശുദേഹത്തിന്റെ രണ്ടു പാതിഖണ്ഡങ്ങളും പിറന്നു |

**8 തേ മാത്രാ ബഹിരുത്സൃഷ്ടേ ജരയാ ചാഭിസന്ധിതേ**
**ജീവ ജീവേതി ക്രീഡന്ത്യാ ജരാസന്ധോഽഭവത് സുതഃ**

| | |
|---|---|
| മാത്രാ | മാതാവിനാൽ (രാത്രിനേരം) |
| ബഹിഃ | പുറത്തേക്കു് |
| ഉത്സൃഷ്ടേ | എടുത്തെറിയപ്പെട്ട |
| തേ | ആ രണ്ടു ശരീരശകലങ്ങളും |
| ക്രീഡന്ത്യാ | അവിടെ വിഹരിച്ചുകൊണ്ടിരുന്ന |
| ജരയാ | 'ജര'യെന്ന പിശാചികയാൽ |

| | |
|---|---|
| ജീവ ജീവ | "ജീവിക്കൂ; ജീവിക്കൂ" |
| ഇതി | എന്നുപറഞ്ഞുകൊണ്ടു് |
| അഭിസന്ധിതേ | സന്ധിപ്പിക്കപ്പെട്ടു. (കൂട്ടിച്ചേർക്കപ്പെട്ടു.) |
| സുതഃ | ആവിധം ജീവിച്ചുണ്ടായ പുത്രഃ |
| ജരാസന്ധഃ | "ജരാസന്ധൻ" എന്നു അന്വർത്ഥനാമാവായി |
| അഭവത് | ഭവിച്ചു. |

**9 തതശ്ച സഹദേവോഽഭൂത് സോമാപിര്യച്ഛ്രുതശ്രവാഃ**
**പരീക്ഷിദനപത്യോഽഭൂത് സുരഥോ നാമ ജാഹ്നവഃ**

| | |
|---|---|
| തതഃ ച | അവനിൽ (ജരാസന്ധനിൽ)നിന്ന് |
| സഹദേവഃ | സഹദേവൻ |
| അഭൂത് | ഉണ്ടായി. |
| യത് | യാതൊരു സഹദേവന്നു് |
| സോമാപിഃ | സോമാപിയും |

| | |
|---|---|
| ശ്രുതശ്രവാഃ | ശ്രുതശ്രവസ്സും (പുത്രന്മാരായി.) |
| പരീക്ഷിത് | കുരുരാജാവിന്റെ ഒരു പുത്രനായ പരീക്ഷിത്ത് |
| അനപത്യഃ | സന്താനമില്ലാത്തവനായി |
| അഭൂത് | ഭവിച്ചു. |

| | | | |
|---|---|---|---|
| ജാഹ്നവഃ | കുരുവിന്റെതന്നെ മറ്റൊരു പുത്രനായ ജഹ്നുവിന്റെ പുത്രനായിരുന്നു, | സുരഥഃ നാമ | സുരഥനെന്ന് പേരുള്ളവൻ |

**10 തതോ വിദൂരഥസ്തസ്മാത് സാർവ്വഭൗമസ്തതോഽഭവത്**
**ജയസേനസ്തത്തനയോ രാധികോഽതോഽയുതോഹ്യഭൂത്**

| | | | |
|---|---|---|---|
| തതഃ | അവനിൽനിന്ന് | ജയസേനഃ | ജയസേനൻ; |
| വിദൂരഥഃ | വിദൂരഥനും | അതഃ | ഈ ജയസേനനിൽനിന്ന് |
| തസ്മാത് | ആ വിദൂരഥനിൽനിന്ന് | രാധികഃ | രാധികൻ; |
| സാർവ്വഭൗമഃ | സാർവ്വഭൗമനും | അയുതഃ | അയുതനെന്നവൻ |
| അഭവത് | ഉണ്ടായി. | തതഃ ഹി | അവനിൽനിന്നും |
| തത്തനയഃ | അവന്റെ പുത്രൻ | അഭൂത് | സംഭവിച്ചു. |

**11 തതശ്ച ക്രോധനസ്തസ്മാദ് ദേവാതിഥിരമുഷ്യ ച**
**ഋഷ്യസ്തസ്യ ദിലീപോഽഭൂത് പ്രതീപസ്തസ്യ ചാത്മജഃ**

| | | | |
|---|---|---|---|
| തതഃ | ആ അയുധനിൽനിന്ന് | ദിലീപഃ | ദിലീപനും (പുത്രരായിട്ട പിറന്നു.) |
| ക്രോധനഃ ച | ക്രോധനനും, | | |
| തസ്മാത് | അവനിൽനിന്ന് | തസ്യ | അവന്റെ (ദിലീപന്റെ) |
| ദേവാതിഥിഃ | ദേവാതിഥിയും, | ആത്മജഃ | പുത്രൻ |
| അമുഷ്യ | ഈ ദേവാതിഥിക്ക് | | |
| ഋഷ്യഃ ച | ഋഷ്യനും, | പ്രതീപഃ ച | പ്രതീപനും |
| തസ്യ | അവന്ന് | അഭൂത് | ആയിരുന്നു. |

**12 ദേവാപിഃ ശന്തനുസ്തസ്യ ബാഹ്ലീക ഇതി ചാത്മജാഃ**
**പിതൃരാജ്യം പരിത്യജ്യ ദേവാപിസ്തു വനം ഗതഃ**

| | | | |
|---|---|---|---|
| തസ്യ | ആ പ്രതീപന്ന് | ദേവാപിഃ തു | ജ്യേഷ്ഠപുത്രനായ ദേവാപിയാകട്ടെ |
| ദേവാപിഃ | ദേവാപിയെന്നും | | |
| ശന്തനുഃ | ശന്തനുവെന്നും, | പിതൃരാജ്യം | പിതാവിന്റെ രാജ്യത്തെ |
| ബാഹ്ലീകഃ ഇതി ച | ബഹ്ലീകനെന്നും പേരായി മൂന്ന് | പരിത്യജ്യ | ഉപേക്ഷിച്ച് |
| | | വനം | വനത്തിലേക്ക് |
| ആത്മജാഃ | പുത്രന്മാരുണ്ടായി. | ഗതഃ | പോയി. |

13 അഭവച്ഛന്തനൂ രാജാ പ്രാങ്മഹാഭിഷസംജ്ഞിതഃ
യം യം കരാഭ്യാം സ്പൃശതി ജീർണ്ണം യൗവനമേതി സഃ
ശാന്തിമാപ്നോതി ചൈവാഗ്ര്യാം കർമ്മണാ തേന ശന്തനുഃ

| | |
|---|---|
| പ്രാക് | മുജ്ജന്മത്തിൽ |
| മഹാഭിഷ-സംജ്ഞിതഃ | 'മഹാഭിഷൻ' എന്ന പേരിനാൽ അറിയപ്പെട്ടിരുന്ന |
| ശന്തനുഃ | ശന്തനു (പ്രതീപന്റെ ദ്വിതീയപുത്രൻ) |
| രാജാ | രാജാവായി |
| അഭവത് | ഭവിച്ചു. |
| കരാഭ്യാം | (അദ്ദേഹം) കൈകൾ കൊണ്ട് |
| ജീർണ്ണം | ജരാഗ്രസ്തനായ |
| യം യം | ഏതേതൊരുവനെ |
| സ്പൃശതി | തൊടുന്നുവോ, |
| സഃ | അവൻ |
| യൗവനം | യുവത്വം |
| ഏതി | പ്രാപിക്കുന്നു; |
| അഗ്ര്യാം | ഉത്തമമായ |
| ശാന്തിം | മനഃപ്രസാദത്തെയും |
| ആപ്നോതി | പ്രാപിക്കുന്നു. |
| തേന | അത്തരത്തിലുള്ള |
| കർമ്മണാ | വിശിഷ്ടചേഷ്ടിതങ്ങളാൽ |
| ശംതനുഃ | "ശന്തനു"എന്ന അന്വർത്ഥനാമത്തോടുകൂടിയവനായി. |

ശംതനോതിഇതി = മനഃപ്രസാദം ഉണ്ടാക്കുന്നവൻ

14 സമാ ദ്വാദശ തദ്രാജ്യേ നവവർഷ യദാ വിഭുഃ

15 ശന്തനുർബ്രാഹ്മണൈരുക്തഃ പരിവേത്തായമഗ്രഭുക്
രാജ്യം ദേഹ്യഗ്രജായാശു പുരരാഷ്ട്രാഭിവൃദ്ധയേ

| | |
|---|---|
| യദാ | എപ്പോൾ |
| തദ്രാജ്യേ | അദ്ദേഹത്തിന്റെ നാട്ടിൽ |
| ദ്വാദശ | പന്ത്രണ്ട് |
| സമാഃ | വർഷങ്ങളോളം |
| വിഭുഃ | വൃഷ്ടികാരകനായ പർജ്ജന്യദേവൻ |
| നവവർഷ | മഴ പെയ്യിക്കാതെയിരുന്നുവോ, അപ്പോൾ |
| ബ്രാഹ്മണൈഃ | ബ്രാഹ്മണരാൽ |
| ശന്തനുഃ | ശന്തനുരാജാവ് |
| ഉക്തഃ | ബോധിപ്പിക്കപ്പെട്ടവനായി. |
| അഗ്രഭുക് | "(ജ്യേഷ്ഠനിരിക്കെ) മുൻകൂട്ടി ഭൂമിയെ അനുഭവിച്ച |
| ത്വം | അങ്ങുന്ന് |
| പരിവേത്താ | "പരിവേത്താ"വാകുന്നു* |
| ആശു | ഇനി വേഗം |
| പുരരാഷ്ട്രാഭിവൃദ്ധയേ | നഗരത്തിന്റെയും നാടിന്റെയും നന്മയ്ക്കുവേണ്ടി |
| രാജ്യം | രാജകീയാധികാരം |
| അഗ്രജായ | ജ്യേഷ്ഠന് |
| ദേഹി | ഏല്പിച്ചുകൊടുക്കുക." |

* ജ്യേഷ്ഠനെക്കാറം മുമ്പേ വിവാഹം ചെയ്യുവൻ പരിവേത്താവാകുന്നു. രാജാക്കന്മാരെ സംബന്ധിച്ചിടത്തോളം ഭൂമിതന്നെ പത്നിയാകയാൽ ജ്യേഷ്ഠനായ ദേവാപിയുള്ളപ്പോറം അനുജനായ ശന്തനു ഭൂമിക്കുപതിയായതു "പരിവേദന"മായി. അതാകട്ടെ ശാസ്ത്രനിഷിദ്ധവും പാപവുമാണ്. ഈ പാപകൃത്യം ചെയ്ത രാജാവിന്റെ ദോഷത്താൽ രാജ്യത്തിൽ പന്തീരാണ്ടുകാലം മഴപെയ്തില്ല.

**16 ഏവമുക്തോ ദ്വിജൈർജ്യേഷ്ഠം ഛന്ദയാമാസ സോഽബ്രവീത്**
**തന്മന്ത്രിപ്രഹിതൈർവിപ്രൈർവേദാദ്വിഭ്രംശിതോ ഗിരാ**

**17 വേദവാദാതിവാദാൻ വൈ തദാ ദേവോ വവർഷഹ**
**ദേവാപിര്യോഗമാസ്ഥായ കലാപഗ്രാമമാശ്രിതഃ**
**സോമവംശേ കലൗ നഷ്ടേ കൃതാദൗ സ്ഥാപയിഷ്യതി**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | വേദവാദാതിവാദാൻ | വേദോക്തധർമ്മങ്ങളെക്കുറിച്ചുള്ള തിരസ്കാരവാക്കുകളെ |
| ദ്വിജൈഃ | ബ്രഹ്മണരാൽ | അബ്രവീത് | പറഞ്ഞു തുടങ്ങി. |
| ഉക്തഃ | പറഞ്ഞു ധരിപ്പിക്കപ്പെട്ട ശന്തനു | തദാ | അപ്പോറം |
| ജ്യേഷ്ഠം | ജ്യേഷ്ഠനോട് | ദേവഃ | പർജ്ജന്യദേവൻ |
| ഛന്ദയാമാസ | രാജ്യം ഏറ്റെടുക്കുവാൻ അപേക്ഷിച്ചു. | വവർഷ ഹ | മഴ പെയ്യിച്ചു; ആശ്ചര്യം! |
| തന്മന്ത്രി-പ്രഹിതൈഃ | അദ്ദേഹത്തിന്റെ മന്ത്രിയാൽ പറഞ്ഞയക്കപ്പെട്ടിരുന്ന | യോഗം | യോഗവിദ്യയെ |
| | | ആസ്ഥായ | അവലംബിച്ച് |
| | | കലാപഗ്രാമം | കലാപമെന്ന ഗ്രാമത്തെ |
| | | ആശ്രിതഃ | പ്രാപിച്ചവനായ |
| വിപ്രൈഃ | ബ്രാഹ്മണരാൽ | ദേവാപിഃ | ദേവാപി |
| ഗിരാ | വേദവിരുദ്ധമായ വചനത്താൽ | കലൗ | കലികാലത്തിൽ |
| | | സോമവംശേ | ചന്ദ്രവംശം |
| വേദാത് | വേദമാർഗ്ഗത്തിൽനിന്ന് | നഷ്ടേ | നശിക്കവെ, |
| വിഭ്രംശിതഃ | തികച്ചും ഭ്രംശിപ്പിക്കപ്പെട്ടിരുന്ന | കൃതാദൗ | കൃതയുഗത്തിൽ ആരംഭത്തിൽ |
| സഃ വൈ | ആ ദേവാപിയാകട്ടെ | സ്ഥാപയിഷ്യതി | അതിനെ വീണ്ടും സ്ഥാപിക്കുന്നതാണ്. |

ബ്രാഹ്മണരുടെ ഉപദേശപ്രകാരം ശന്തനു ദേവാപിയെ ചെന്നുകണ്ടു രാജ്യഭാരം ഏറ്റെടുക്കുവാൻ അഭ്യർത്ഥിച്ചു. ക്ഷത്രിയന്റെ പ്രഥമവും പ്രധാനവുമായ ധർമ്മം രാജ്യപാലനമാണെന്നും വനവാസമല്ലെന്നും ഉദ്ബോധിപ്പിച്ചു. എന്നാൽ ഇതിന്നു അശ്മസാരനെന്ന ശന്തനുവിന്റെ മന്ത്രി ശന്തനുവിന്റെ അറിവോ അനുമതിയോ ഇല്ലാതെ ചില കപട ബ്രാഹ്മണർ മുഖേന ദേവാപിയെ വേദവിരുദ്ധതത്ത്വങ്ങറം

ഗ്രഹിപ്പിച്ച് പാഷണ്ഡമതാനുയായാക്കിത്തീർത്തിരുന്നു. വൈദികമായ സനാതനധർമ്മത്തിൽ വിശ്വാസമില്ലാത്തവന്ന് രാജാവായിരിപ്പാൻ അർഹതയില്ലാതാകും. ദേവാപിയെ അങ്ങനെയാക്കി ശന്തനുവിന്ന് രാജസിംഹാസനം ഉറപ്പിച്ചുകൊടുക്കുവാനുള്ള മന്ത്രിയുടെ തന്ത്രമായിരുന്നു അത്. ആ തന്ത്രം ഫലിച്ചു. വാതാപിവേദോക്തധർമ്മങ്ങളെ പാഖണ്ഡന്മാരുടെ കുയുക്തിവാദങ്ങളാൽ അവഹേളിച്ചു സംസാരിക്കുകയാൽ രാജത്വത്തിൽനിന്നു താനേ ഭ്രഷ്ടനായി. ശന്തനു നിർദ്ദോഷിയായി. മഴ പെയ്തു തുടങ്ങി.

**18 ബാഹ്ലീകാത് സോമദത്തോഽഭൂദ് ഭൂരിർഭൂരിശ്രവാസ്തതഃ**

**19 ശലശ്ച ശന്തനോരാസീദ് ഗംഗായാം ഭീഷ്മ ആത്മവാൻ**
**സർവധർമ്മവിദാം ശ്രേഷ്ഠോ മഹാഭാഗവതഃ കവിഃ**

**20 വീരയൂഥാഗ്രണീര്യേന രാമോഽപി യുധി തോഷിതഃ**
**ശന്തനോർ ദാസകന്യായാം ജജ്ഞേ ചിത്രാംഗദഃ സുതഃ**
**വിചിത്രവീര്യശ്ചാവരജോ നാമ്നാ ചിത്രാംഗദോ ഹതഃ**

| | |
|---|---|
| ബാഹ്ലീകാത് | ശന്തനുവിന്റെ അനുജനായ ബാഹ്ലീകനിൽനിന്ന് |
| സോമദത്തഃ | സോമദത്തൻ |
| അഭൂത് | സംജാതനായി. |
| തതഃ | അവനിൽനിന്ന് |
| ഭൂരിഭൂരിശ്രവാഃ | ഭൂരിയെന്നും, ഭൂരിശ്രവസ്സെന്നും ശലനെന്നും പേരായ മൂന്നു |
| ശലഃ ച | പുത്രന്മാരുണ്ടായി. |
| ശന്തനോഃ | ശന്തനുവിന്ന് |
| ഗംഗായാം | ഗംഗാദേവിയിൽ |
| ആത്മവാൻ | ആത്മതത്ത്വജ്ഞനും |
| സർവധർമ്മവിദാം | സകലധർമ്മങ്ങളുടെയും പരിജ്ഞാതാക്കളിൽവെച്ച് |
| ശ്രേഷ്ഠഃ | മികച്ചവനും |
| കവിഃ | പണ്ഡിതനും |
| മഹാഭാഗവതഃ | വലിയ ഭഗവദ്ഭക്തനുമായ |
| ഭീഷ്മഃ | ഭീഷ്മരുണ്ടായി. |
| യേന | യാതൊരുവനാൽ |
| യുധി | യുദ്ധത്തിൽ |
| രാമഃ അപി | പരശുരാമൻപോലും |
| തോഷിതഃ | സന്തോഷിപ്പിക്കപ്പെടുകയുണ്ടായോ, |
| (സഃ) | ആ ഭീഷ്മർ |
| വീരയോധാഗ്രണീഃ | വീരയോദ്ധാക്കളുടെ മുൻനിരയിലുള്ളവനായിരുന്നു. |
| ശന്തനോഃ | പിന്നെ, ശന്തനുവിന്ന് |
| ദാശകന്യായാം | മുക്കുവപ്പെൺകിടാവിൽ * |
| ചിത്രാംഗദഃ | ചിത്രാംഗദൻ എന്ന |
| സുതഃ | പുത്രൻ |
| ജജ്ഞേ | ജനിച്ചു. |
| അവരജഃ | അവന്റെ അനുജനായിട്ട് |
| വിചിത്രവീര്യഃ ച ജജ്ഞേ | വിചിത്രവീര്യനും ഭൂജാതനായി. |
| നാമ്നാ | പേരുനിമിത്തം * |
| ചിത്രാംഗദഃ | ചിത്രാംഗദൻ |
| ഹതഃ | കൊല്ലപ്പെട്ടു. |

* ഉപരിചരവസുവിന്റെ വീര്യത്താൽ മത്സ്യഗർഭത്തിൽ പിറന്ന് ദാശന്മാരുടെ പരിലാളനത്തിൽ വളർന്ന ദാശകന്യകയാണ് പിന്നീട് 'സത്യവതി'യെന്നപേരുണ്ടായി

* ശന്തനുവിന്റെ മരണാനന്തരം ചിത്രാംഗദൻ രാജാവായി. ചിത്രാംഗദനെന്ന തന്നെപ്പോലുള്ള ഗന്ധർവരാജാവ് സ്വനാമധേയം മറ്റൊരാൾക്കുണ്ടാവരുതെന്ന് ശഠിച്ച് രാജാവിനെ പോരിന്ന് വിളിക്കുകയും പോരിൽ അദ്ദേഹം ഗന്ധർവ്വനാൽ വധിക്കപ്പെടുകയും ചെയ്തു. പിന്നെ വിചിത്രവീര്യൻ രാജാവായി.

**21 യസ്യാം പരാശരാത് സാക്ഷാദവതീർണ്ണോ ഹരേഃ കലാ**
**വേദഗുപ്തോ മുനിഃ കൃഷ്ണോ യതോഽഹമിദമധ്യഗാം**

| | | | |
|---|---|---|---|
| യസ്യാം | യാതൊരു സത്യവതിയിൽ (അവളെ ശന്തനുരാജാവ് വേൾക്കുന്നതിന്നു മുമ്പ്) | കൃഷ്ണഃ മുനിഃ | കൃഷ്ണനെന്ന മുനി |
| | | സാക്ഷാത് | പ്രത്യക്ഷരൂപേണ |
| | | അവതീർണ്ണഃ | അവതരിച്ചിരുന്നു; |
| പരാശരാത് | പരാശരമുനിയിൽനിന്ന് | യതഃ | യാതൊരാളിൽനിന്നത്രേ |
| ഹരേഃ കലാ | ശ്രീഹരിയുടെ അംശമായി | അഹം ഇദം | ഞാൻ ജാതനായതും ഈ ഭാഗവതസംഹിതയെ |
| വേദഗുപ്തഃ | വേദങ്ങളെ നാലായി വകതിരിച്ച് സംരക്ഷിച്ച | അധ്യഗാം | അഭ്യസിച്ചതും |

സ്വപിതാവും ഗുരുവര്യനുമായ കൃഷ്ണദ്വൈപായനമുനിക്കു തന്നോടുള്ള വാത്സല്യം പരീക്ഷിത്ത് രാജാവിനെ ധരിപ്പിക്കുവാൻ ശ്രീശുകബ്രഹ്മർഷി ഈ സന്ദർഭം ഉപയോഗിക്കുന്നു.

**22 ഹിത്വാ സ്വശിഷ്യാൻ പൈലാദീൻ ഭഗവാൻ ബാദരായണഃ**
**മഹ്യം പുത്രായ ശാന്തായ പരം ഗുഹ്യമിദം ജഗൗ**

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞാനനിധിയായ | ശാന്തായ | ശമാദിഗുണങ്ങളുള്ളവനുമായ |
| ബാദരായണഃ | ബാദരായണമുനി | മഹ്യം | എനിക്കായിക്കൊണ്ട് |
| പൈലാദീൻ | പൈലാദികളായ | പരം | ഏറ്റവും |
| ശിഷ്യാൻ | ശിഷ്യന്മാരെ | ഗുഹ്യം | രഹസ്യമായുള്ള |
| ഹിത്വാ | വിട്ട്, | ഇദം | ഈ ഭാഗവതത്തെ |
| പുത്രായ | പുത്രനും | ജഗൗ | ചൊല്ലിത്തന്നു. |

23 വിചിത്രവീര്യോഽഥോവാഹ കാശിരാജസുതേ ബലാത്
സ്വയംവരാദുപാനീതേ അംബികാംബാലികേ ഉഭേ

24 തയോരാസക്തഹൃദയോ ഗൃഹീതോ യക്ഷ്മണാ മൃതഃ

| | | | |
|---|---|---|---|
| അഥ | അതിനുശേഷം (രാജാവായശേഷം) | അംബികാംബാലികേ | അംബികയെന്നും അംബാലികയെന്നും പേരുള്ള |
| വിചിത്രവീര്യഃ | വിചിത്രവീര്യൻ | ഉഭേ | രണ്ടു കന്യകമാരെ |
| സ്വയംവരാത് | സ്വയംവരവേദിയിൽ നിന്നു് | ഉവാഹ | വിവാഹം ചെയ്തു. |
| ബലാത് | ബലപ്രയോഗംകൊണ്ടു് | തയോഃ | അവരിൽ |
| ഉപാനീതേ | (ഭീഷ്മരാൽ) കൊണ്ടുവരപ്പെട്ടവരും | ആസക്തഹൃദയഃ | ഏററവും ആസക്തിചേർന്ന ഹൃദയത്തോടുകൂടിയവനായിഭവിച്ചു് |
| കാശിരാജസുതേ | കാശിരാജാവിൻെറ പുത്രിമാരുമായ | യക്ഷ്മണാ | ക്ഷയരോഗത്താൽ |
| | | ഗൃഹീതഃ | പിടിക്കപ്പെട്ടു് |
| | | മൃതഃ | മരിച്ചുപോയി. |

25 ക്ഷേത്രേഽപ്രജസ്യ വൈ ഭ്രാതുർമാത്രോക്തോ ബാദരായണഃ
ധൃതരാഷ്ട്രം ച പാണ്ഡും ച വിദുരം ചാപ്യജീജനത്

| | | | |
|---|---|---|---|
| അപ്രജസ്യ | സന്താനമില്ലാതെ അന്തരിച്ച | ഉക്തഃ | അനുവദിക്കപ്പെട്ട |
| ഭ്രാതുഃ | സഹോദരൻെറ | ബാദരായണഃ | ശ്രീവേദവ്യാസമുനി |
| ക്ഷേത്രേവൈ | പരിഗ്രഹത്തിൽത്തന്നെ | ധൃതരാഷ്ട്രം ച | ധൃതരാഷ്ട്രരെയും, |
| മാത്രാ | മാതാവായ സത്യവതിയാൽ | പാണ്ഡും ച | പാണ്ഡുവിനെയും, |
| | | വിദുരം ചാപി | വിദുരരെയും |
| | | അജീജനത് | ജനിപ്പിച്ചു. |

സഹോദരൻെറ വിധവകളായ അംബികയിലും അംബാലികയിലും ഒരു ദാസിയിലുമായി വ്യാസമുനി സത്യവതിയുടെ നിയോഗപ്രകാരം ധൃതരാഷ്ട്രാദികൾക്കു ജന്മം നൽകിയെന്നു സാരം. ഇതു് അധർമ്മമല്ലയോ എന്നു ശങ്കിക്കരുതു്. ആപദ്ധർമ്മമെന്ന നിലയ്ക്കു് ആകാമെന്നുള്ള ശാസ്ത്രസമ്മതിയുണ്ടു്. ''അപതിരപത്യലിപ്സുഃ ദേവരാദ്ഗുരുപ്രയുക്താ ഋതുമതീയാത്'' (ഭർത്താവില്ലാത്തവളായവൾ ഗുരുജനങ്ങളുടെ നിയോഗപ്രകാരം സന്താനലാഭാർത്ഥം ഭർതൃസഹോദരനെ സ്വീകരിക്കാവുന്നതാണു്.)

26 ഗാന്ധാര്യാംധൃതരാഷ്ട്രസ്യ ജജ്ഞേ പുത്രശതം നൃപ
തത്ര ദുര്യോധനോ ജ്യേഷ്ഠോ ദുഃശലാ ചാപി കന്യകാ

| | | | |
|---|---|---|---|
| നൃപ | അല്ലയോ രാജാവേ ! | ജ്യേഷ്ഠഃ | ജ്യേഷ്ഠൻ |
| ഗാന്ധാര്യാം | ഗാന്ധാരീദേവിയിൽ | ദുര്യോധനഃ | ദുരോധനനാണ്. |
| ധൃതരാഷ്ട്രസ്യ | ധൃതരാഷ്ട്രരാജാവിന്ന് | ദുഃശലാ | ദുശ്ശളയെന്ന |
| പുത്രശതം | നൂറുപുത്രന്മാർ | കന്യകാ ച അപി | ഒരു പുത്രികൂടിയും ഉണ്ടായി. |
| ജജ്ഞേ | ജനിച്ചു. | | |
| തത്ര | അവരിൽ | | |

27 ശാപാന്മൈഥുനരുദ്ധസ്യ പാണ്ഡോഃ കുന്ത്യാം മഹാരഥാഃ
ജാതാ ധർമ്മാനിലേന്ദ്രേഭ്യോ യുധിഷ്ഠിരമുഖാസ്ത്രയഃ

| | | | |
|---|---|---|---|
| ശാപാത് | കാട്ടിൽവച്ചുണ്ടായ മൃഗശാപംനിമിത്തം | ധർമ്മാനിലേന്ദ്രേഭ്യഃ | ധർമ്മരാജാവ്, വായുഭഗവാൻ, ദേവേന്ദ്രൻ എന്നിവരിൽനിന്ന് |
| മൈഥുനരുദ്ധസ്യ | സ്ത്രീസംയോഗത്താൽ വിരോധിക്കപ്പെട്ടിരുന്ന | യുധിഷ്ഠിരമുഖാഃ | യുധിഷ്ഠിരാദികളായ (യുധിഷ്ഠിരൻ, ഭീമസേനൻ അർജ്ജുനൻ) |
| പാണ്ഡോഃ | പാണ്ഡുരാജാവിന്ന് | മഹാരഥാഃ | മഹാരഥന്മാർ |
| കുന്ത്യാം | കുന്തീദേവിയിൽ | ത്രയഃ ജാതാ | മൂന്നുപേർ ഉണ്ടായി. |

28 നകുലഃ സഹദേവശ്ച മാദ്ര്യാം നാസത്യദസ്രയോഃ
ദ്രൗപദ്യാം പഞ്ച പഞ്ചഭ്യഃ പുത്രാസ്തേഽപിതരോഽഭവൻ

| | | | |
|---|---|---|---|
| മാദ്ര്യാം | മാദ്രീദേവിയിൽ | ദ്രൗപദ്യാം | പാഞ്ചാലിയിൽ |
| നാസത്യദസ്രയോഃ | അശ്വിനീകുമാരന്മാരുടെ പുത്രന്മാരായിട്ട് | പഞ്ചപുത്രാഃ | അഞ്ചുപുത്രന്മാരുണ്ടായി. |
| നകുലഃ | നകുലനും | തേ | അവർ |
| സഹദേവഃ ച | സഹദേവനും പിറന്നു. | അപിതരഃ | പിതാക്കന്മാരാവാത്തവരായിട്ട് |
| പഞ്ചഭ്യഃ | ഈ അഞ്ചുപേരിൽനിന്നും | അഭവൻ | ഭവിച്ചു. |

വിവാഹിതരായി പുത്രന്മാരുണ്ടാവുന്നതിന്നുമുമ്പ്, ഭാരതയുദ്ധത്തിന്റെ അന്തിമഘട്ടത്തിൽ അവർ അഞ്ചുപേരും അശ്വത്ഥാമാവിന്റെ വാളിന്നിരയായി.

ഇനി യുധിഷ്ഠിരാദികൾക്കുണ്ടായ പുത്രന്മാരുടെ പേരുവിവരം പറയുന്നു—

**29 യുധിഷ്ഠിരാത് പ്രതിവിന്ധ്യഃ ശ്രുതസേനോ വൃകോദരാത്**
**അർജ്ജുനാത് ശ്രുതകീർത്തിസ്തു ശതാനീകസ്തു നാകുലിഃ**

**30 സഹദേവസുതോ രാജൻ ശ്രുതകർമ്മാ തഥാപരേ**
**യുധിഷ്ഠിരാത്തു പൗരവ്യാം ദേവകോഽഥ ഘടോത്കചഃ**

**31 ഭീമസേനാദ്ധിഡിംബായാം കാള്യാം സർവ്വഗതസ്തതഃ**
**സഹദേവാത് സുഹോത്രം തു വിജയാസൂത പാർവ്വതീ**

| | |
|---|---|
| യുധിഷ്ഠിരാത് | യുധിഷ്ഠിരനിൽനിന്ന് |
| പ്രതിവിന്ധ്യഃ | പ്രതിവിന്ധ്യനും, |
| വൃകോദരാത് | ഭീമസേനനിൽനിന്ന് |
| ശ്രുതസേനഃ | ശ്രുതസേനനും, |
| അർജ്ജുനാത് | അർജ്ജുനനിൽനിന്ന് |
| ശ്രുതകീർത്തിഃ തു | ശ്രുതകീർത്തിയും (ദ്രൗപദിയിലുണ്ടായി.) |
| നാകുലിഃ തു | നകുലന്റെ പുത്രനായിട്ട് |
| ശതാനീകഃ | ശതാനീകനും |
| സഹദേവസുതഃ | സഹദേവന്റെ പുത്രനായിട്ട് |
| ശ്രുതകർമ്മാ | ശ്രുതകർമ്മാവും (ദ്രൗപദിയിൽ ജാതരായി.) |
| രാജൻ | ഹേ രാജാവേ! |
| തഥാ | അപ്രകാരം |
| അപരേ | വേറെച്ചിലപത്നിമാരിൽ വേറെയും പുത്രന്മാരുണ്ടായി. |
| യുധിഷ്ഠിരാത് | യുധിഷ്ഠിരനിൽനിന്ന് |
| പൗരവ്യാം തു | പൗരവിയെന്നവളിൽ |
| ദേവകഃ | ദേവകനും, |
| ഭീമസേനാത് | ഭീമസേനനിൽനിന്ന് |
| ഹിഡിംബാത് | ഹിഡിംബയിൽ |
| ഘടോത്കചഃ | ഘടോത്കചനും, |
| അഥ | അതിനുപുറമെ |
| തതഃ | അദ്ദേഹത്തിൽനിന്ന് |
| കാള്യാം | കാളിയെന്നവളിൽ |
| സർവ്വഗതഃ | സർവ്വഗതനും സംജാതനായി |
| പാർവ്വതീ | പർവ്വതപുത്രിയായ |
| വിജയാ തു | വിജയയാകട്ടെ |
| സഹദേവാത് | സഹദേവനിൽനിന്ന് |
| സുഹോത്രം | സുഹോത്രനെന്ന പുത്രനെ |
| അസൂത | പ്രസവിച്ചു. |

**32 കരേണുമത്യാം നകുലോ നിരമിത്രം തഥാർജ്ജുനഃ**
**ഇരാവണമുലൂപ്യാം വൈ സുതായാം ബഭ്രുവാഹനം**
**മണിപൂരപതേഃ സോഽപി തത്പുത്രഃ പുത്രികാസുതഃ**

| | |
|---|---|
| നകുലഃ | നകുലൻ |
| കരേണുമത്യാം | കരേണുമതിയെന്ന ഭാര്യയിൽ |
| നിരമിത്രം | നിരമിത്രനെന്ന(പുത്രനെ ഉത്പാദിപ്പിച്ചു.) |
| തഥാ വൈ | അപ്രകാരംതന്നെ |
| അർജ്ജുനഃ | അർജ്ജുനൻ |
| ഉലൂപ്യാം | ഉലൂപിയെന്നനാഗവനിതയിൽ |
| ഇരാവന്തം | ഇരാവാനെയും |
| മണിപൂരപതേഃ | 'മണിപുരം' എന്ന പ്രദേശത്തിലെ രാജാവിന്റെ |
| സുതായാം | പുത്രിയിൽ |

| | | | |
|---|---|---|---|
| ബഭ്രു-വാഹനം | ബഭ്രുവാഹനനെയും (ഉത്പാദിപ്പിച്ചു.) | സഃ തത്-പുത്രഃ അപി പുത്രികാസുതഃ | അവൻ അർജ്ജുനന്റെ പുത്രനാണെങ്കിലും വാസ്തവത്തിൽ 'പുത്രികാപുത്രൻ' (പുത്രികാധർമ്മമനുസരിച്ചു മാതാമഹന്റെ പുത്രൻ) * ആയിരുന്നു |

ഒരു പിതാവു തന്റെ പുത്രിയിലുണ്ടാവുന്ന പുത്രനെ (ദൗഹിത്രനെ) തനിക്കു പുത്രനായിട്ടുതരണമെന്ന നിശ്ചയത്തോടെ ചെയ്യുന്ന കന്യാദാനത്തിന്ന് 'പുത്രികാധർമ്മ'മെന്നുപേർ. ''അഭ്രാതൃകാം പ്രദാസ്യാമി തുഭ്യം കന്യാമലംകൃതാം. അസ്യാം യോ ജായതേ പുത്രഃ സമേ പുത്രോ ഭവിഷ്യതി'' എന്നാണ് കന്യാദാനസന്ദർഭത്തിൽ ഏതദർത്ഥം സ്മരിക്കപ്പെടുന്നതു്.

**33 തവ താതഃ സുഭദ്രായാമഭിമന്യുരജായത**
**സർവ്വാതിരഥജിദ്വീര ഉത്തരായാം തതോ ഭവാൻ**

| | | | |
|---|---|---|---|
| സർവ്വാതി-രഥജിത് | എല്ലാ മഹാരഥന്മാരെയും ജയിച്ചു കീഴടക്കുന്ന | സുഭദ്രായാം | അർജ്ജുനന്ന് (സുഭദ്രയിൽ) |
| | | അജായത | ജനിച്ചു. |
| വീരഃ | വീര്യശാലിയും | തതഃ | അദ്ദേഹത്തിൽനിന്ന് |
| തവ താതഃ | അങ്ങയുടെ അച്ഛനുമായ | ഉത്തരായാം | ഉത്തരയിൽ |
| അഭിമന്യുഃ | അഭിമന്യു | ഭവാൻ | താങ്കളും |

**34 പരിക്ഷീണേഷു കുരുഷു ദ്രൗണേർബ്രഹ്മാസ്ത്രതേജസാ**
**ത്വം ച കൃഷ്ണാനുഭാവേന സജീവോ മോചിതോഽന്തകാത്**

| | | | |
|---|---|---|---|
| കുരുഷു | കൗരവന്മാർ | (മൃതഃ) ത്വം ച | മൃതനായിരുന്ന അങ്ങയും |
| പരി-ക്ഷീണേഷു | യുദ്ധത്തിൽ മുററും തകർന്നുപോയ സന്ദർഭത്തിൽ | കൃഷ്ണാനു-ഭാവേന | ശ്രീകൃഷ്ണഭഗവാന്റെ കൃപാവൈഭവത്താൽ |
| ദ്രൗണേഃ | അശ്വത്ഥാമാവിന്റെ | സജീവഃ | ജീവനോടുകൂടെ |
| ബ്രഹ്മാസ്ത്ര-തേജസാ | ബ്രഹ്മാസ്ത്രത്തിന്റെ തേജസ്സുകൊണ്ട് | അന്തകാത് | അന്തകനിൽനിന്ന് |
| | | മോചിതഃ | മോചിപ്പിക്കപ്പെട്ടു. |

**35 തവേമേ തനയാസ്താത ജനമേജയപൂർവ്വകാഃ**
**ശ്രുതസേനോ ഭീമസേന ഉഗ്രസേനശ്ച വീര്യവാൻ**

| | | | |
|---|---|---|---|
| താത | വത്സ ! പരീക്ഷിത്തേ! | ശ്രുതസേനഃ | ശ്രുതസേനനും |
| ജനമേജയ-പൂർവ്വകാഃ | ജനമേജയൻ മുതലുള്ളവരായ | ഭീമസേനഃ | ഭീമസേനനും |
| | | വീര്യവാൻ | വീര്യശാലിയായുള്ള |

| | | | |
|---|---|---|---|
| ഉഗ്രസേനഃ ച | ഉഗ്രസേനനും ഇങ്ങനെ | തവ | അങ്ങയുടെ |
| ഇമേ | ഈ നാലുപേർ | തനയാഃ | പുത്രന്മാരാണ്. |

**36 ജനമേജയസ്ത്വാം വിദിത്വാ തക്ഷകാന്നിധനം ഗതം**
**സർപ്പാൻ വൈ സർപ്പയാഗാഗ്നൗ സ ഹോഷ്യതി രുഷാന്വിതഃ**

| | | | |
|---|---|---|---|
| സഃ ജനമേജയഃ | പുത്രരിൽ ജ്യേഷ്ഠനായ ആ ജനമേജയൻ | വിദിത്വാ | അറിഞ്ഞ് |
| ത്വാം | അങ്ങയെ | രുഷാന്വിതഃ | കോപാവിഷ്ടനായിട്ട് |
| തക്ഷകാത് | തക്ഷകനിൽനിന്ന് | സർപ്പാൻ വൈ | സർപ്പങ്ങളെ മുഴുവനും |
| നിധനം ഗതം | മൃത്യുപ്രാപിച്ചവനെന്ന് | സർപ്പയാഗാഗ്നൗ | സർപ്പയാഗാഗ്നിയിൽ |
| | | ഹോഷ്യതി | ഹോമിക്കും. |

**37 കാവഷേയം പുരോധായ തുരം തുരഗമേധയാട്**
**സമന്താത് പൃഥിവീം സർവാം ജിത്വാ യക്ഷ്യതി ചാധ്വരൈഃ**

| | | | |
|---|---|---|---|
| കാവഷേയം | കവഷാപുത്രനായ | സമന്താത് | ചുററുമുള്ള |
| തുരം | തുരനെന്ന ഋഷിയെ | പൃഥിവീം | ഭൂമിയെ |
| പുരോധായ | പുരോഹിതനാക്കിയിട്ട് | സർവാം | മുഴുവൻ |
| തുരഗമേധയാട് | അശ്വമേധയാഗങ്ങളം ചെയ്യുവാനൊരുങ്ങിയ ജനമേജയൻ | ജിത്വാ | ജയിച്ചടക്കി, |
| | | അധ്വരൈഃ | യജ്ഞങ്ങളാൽ |
| | | യക്ഷ്യതി ച | യജിക്കുകയും ചെയ്യും. |

**38 തസ്യ പുത്രഃ ശതാനീകോ യാജ്ഞവല്ക്യാത് ത്രയീം പഠൻ**
**അസ്ത്രജ്ഞാനം ക്രിയാജ്ഞാനം ശൗനകാത് പരമേഷ്യതി**

| | | | |
|---|---|---|---|
| തസ്യ | അവന്റെ ജനമേജയന്റെ | അസ്ത്രജ്ഞാനം | ആയുധാഭ്യാസത്തെ |
| പുത്രഃ | പുത്രനായ | (കൃപാത്) | കൃപാചാര്യരിൽനിന്നും |
| ശതാനീകഃ | ശതാനീകൻ | ക്രിയാജ്ഞാനം | കർമ്മാനുഷ്ഠാനപരിചയത്തെ |
| യാജ്ഞവല്ക്യാത് | യാജ്ഞവല്ക്യനെന്ന മുനിശ്രേഷ്ഠനിൽനിന്ന് | ശൗനകാത് | ശൗനകമുനിയിൽനിന്നും |
| ത്രയീം | വേദത്രയത്തെ | പരം | ഏററവുമധികം |
| പഠൻ | അധ്യയനംചെയ്തുകൊണ്ട് | ഏഷ്യതി | പ്രാപിക്കുന്നതാണ്. |

ഇതുമുതൽ ഈ അധ്യായത്തിന്റെ പരിസമാപ്തിവരെ ഭാവിരാജാക്കന്മാരെ പരാമർശിക്കുന്നു.

**39 സഹസ്രാനീകസ്തത്പുത്രസ്തതശ്ചാശ്വമേധജഃ**
**അസീമകൃഷ്ണസ്തസ്യാപി നിമിചക്രസ്തു തത്സുതഃ**

തത്പുത്രഃ — ആ ശതാനീകൻെറ പുത്രനായി സഹസ്രാനീകനും, അവനിൽനിന്ന് അശ്വമേധജനും, അവൻെറയും പുത്രനായി അസീമകൃഷ്ണനും, അവൻെറ പുത്രനായിട്ട് നിമിചക്രനും ഉണ്ടാവുന്നതാണ്.

**40 ഗജാഹ്വയേ ഹൃതേനദ്യാ കൗശാംബ്യാം സാധുവത്സ്യതി**
**ഉക്തസ്തതശ്ചിത്രരഥസ്തസ്മാത് കവിരഥഃ സുതഃ**

ഗജാഹ്വയേ നദ്യാ ഹൃതേ = ഹസ്തിനാപുരം നദീജലത്താൽ അപഹരിക്കപ്പെട്ട പ്പോഴും, കൗശാംബ്യാം സാധുവത്സ്യതി = ഇവൻ കൗശാംബിയിൽചെന്നു സസുഖം വസിക്കും. പിന്നെ, ആ നിമിചക്രനിൽനിന്ന് ഉക്തനും, അവൻെറ പുത്രനായി ചിത്രരഥനും, അവൻെറയും പുത്രനായി കവിരഥനും ഉണ്ടാവുന്നതാണ്.

**41 തസ്മാച്ച വൃഷ്ടിമാംസ്തസ്യ സുഷേണോഽഥ മഹീപതിഃ**
**സുനീഥസ്തസ്യ ഭവിതാ നൃചക്ഷുർയത്സുഖീനലഃ**

ആ കവിരഥനിൽനിന്ന് വൃഷ്ടിമാൻ എന്നവനും, അവൻെറ പുത്രനായി സുഷേണൻ എന്ന രാജാവ്, അവൻെറ പുത്രനായി സുനീഥനും, സുനീഥപുത്രനായിട്ട് നൃചക്ഷുസ്സും, അവൻെറ പുത്രനായി സുഖീനലനും സംഭവിക്കും.

**42 പരിപ്ലവഃ സുതസ്തസ്മാന്മേധാവീ സുനയാത്മജഃ**
**നൃപഞ്ജയസ്തതോ ദൂർവസ്തിമിസ്തസ്മാജ്ജനിഷ്യതി**

ആ സുഖീനലനിൽനിന്ന് പരിപ്ലവനും, അവനിൽനിന്ന് സുനയനും, സുനയപുത്രനായി മേധാവിയും, അവനിൽനിന്ന് നൃപഞ്ജയനും, തൽപുത്രനായി ദൂർവനും, ദൂർവപുത്രനായി തിമിയും ജനിക്കും.

**43 തിമേർബൃഹദ്രഥസ്തസ്മാച്ഛതാനീകഃ സുദാമജഃ**
**ശതാനീകാദ് ദുർദമനസ്തസ്യാപത്യം ബഹീനരഃ**

തിമിയിൽനിന്ന് ബൃഹദ്രഥനും, അവനിൽനിന്നു സുദാസനും, സുദാസൻെറ പുത്രനായി ശതാനീകനും, ശതാനീകനിൽനിന്നു ദുർദമനനും, അവൻെറ പുത്രനായി ബഹീനരനും സംജാതരാകും.

**44 ദണ്ഡപാണിർനിമിസ്തസ്യ ക്ഷേമകോ ഭവിതാ നൃപഃ**
**ബ്രഹ്മക്ഷത്രസ്യ വൈ പ്രോക്തോ വംശോ ദേവർഷിസത്കൃതഃ**

| | |
|---|---|
| തസ്യ (സുതഃ) | അവന്റെ (ബഹീനരന്റെ)പുത്രനായി |
| ദണ്ഡപാണിഃ | ദണ്ഡപാണിയും, |
| (തസ്യസുതഃ) | അവന്റെ പുത്രനായി |
| നിമിഃ | നിമിയും, |
| (തത്സുതഃ) | അവന്റെ പുത്രനായി |
| ക്ഷേമകഃ | ക്ഷേമകനും |
| നൃപഃ | രാജാവായി |
| ഭവിതാ | ഭവിക്കും. |
| ദേവർഷി-സത്കൃതഃ | ദേവന്മാരാലും ഋഷികളാലും ആദരിക്കപ്പെട്ടതായ |
| ബ്രഹ്മ-ക്ഷത്രസ്യ | ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും |
| വംശഃ വൈ | വംശം ഈവിധം |
| പ്രോക്തഃ | കഥിക്കപ്പെട്ടിരിക്കുന്നു. |

**45 ക്ഷേമകം പ്രാപ്യ രാജാനം സംസ്ഥാം പ്രാപ്സ്യതി വൈ കലൗ**
**അഥ മാഗധരാജാനോ ഭവിതാരോ വദാമിതേ**

| | |
|---|---|
| ക്ഷേമകം | ക്ഷേമകനെ |
| രാജാനം | രാജാവായിട്ട് |
| പ്രാപ്യ | ലഭിച്ചതിൽപ്പിന്നെ |
| കലൗ വൈ | കലികാലത്തിൽ |
| (അയംവംശഃ) | ഈ ജനമേജയവംശം |
| സംസ്ഥാം | അടിയറവിലേക്ക് |
| പ്രാപ്സ്യതി | നീങ്ങുന്നതാണ്. |
| അഥ | അതിനുശേഷം |
| മാഗധ-രാജാനഃ | മഗധവംശ്യരായ രാജാക്കന്മാർ |
| ഭവിതാരഃ | ഉണ്ടാകും (വാഴ്ച തുടങ്ങും) |
| തേ | അങ്ങേയ്ക്ക് അവരെപ്പററി |
| വദാമി | ചൊല്ലിത്തരാം. |

**46 ഭവിതാ സഹദേവസ്യ മാർജ്ജാരിര്യച്ഛ്രുതശ്രവാഃ**
**തതോഽയുതായുസ്തസ്യാപി നിരമിത്രോഽഥ തത്സുതഃ**

**47 സുനക്ഷത്രഃ സുനക്ഷത്രാദ് ബൃഹത്സേനോഽഥ കർമ്മജിത്**
**തതഃ സുതംജയാദ്വിപ്രഃ ശുചിസ്തസ്യ ഭവിഷ്യതി**

| | |
|---|---|
| സഹദേവസ്യ | ജരാസന്ധപുത്രനായ സഹദേവന്ന് |
| മാർജ്ജാരിഃ | മാർജ്ജാരിയെന്നവൻ |
| ഭവിതാ | പുത്രനായിപ്പിറക്കും. |
| യത് | യാതൊരു മാർജ്ജാരിയിൽ നിന്ന് |
| ശ്രുതശ്രവാഃ | ശ്രുതശ്രവസ്സെന്നവൻ ഉണ്ടാകും. |
| തതഃ | അവനിൽനിന്ന് |
| അയുതായുഃ | അയുതായുസ്സ് എന്നവൻ; |
| തസ്യ അപി | അവന്റെയും (പുത്രനായി) |
| നിരമിത്രഃ | നിരമിത്രൻ; |
| അഥ | പിന്നീട് |
| തത്സുതഃ | അവന്റെ പുത്രനായി |
| സുനക്ഷത്രഃ | സുനക്ഷത്രൻ; |
| സുനക്ഷത്രാത് | ഈ സുനക്ഷത്രനിൽനിന്ന് |
| ബൃഹത്സേനഃ | ബൃഹത്സേനൻ, |

| | | | |
|---|---|---|---|
| അഥ കർമ്മജിത് | പിന്നെ തത്പുത്രനായിട്ട് കർമ്മജിത്ത്; | വിപ്രഃ | വിപ്രനെന്നവന്റെ പുത്രനായി |
| തതഃ | അവനിൽനിന്ന് (സുതംജയൻ;) | ശുചിഃ | ശുചിയെന്നവനും |
| സുതംജയാത് | സുതംജയനിൽനിന്ന് | ഭവിഷ്യതി | ഉണ്ടാകാൻ പോകുന്നു. |

48 ക്ഷേമോƒഥ സുവ്രതസ്തസ്മാദ്ധർമ്മസൂത്രഃ ശമസ്തതഃ
ദ്യുമത്സേനോƒഥ സുമതിഃ സുബലോ ജനിതാ തതഃ

| | | | |
|---|---|---|---|
| അഥ | പിന്നെ ശുചിയിൽനിന്ന് | അഥ | അവനിൽനിന്ന് |
| സുവ്രതഃ | സുവ്രതൻ; | ദ്യുമത്സേനഃ | ദ്യുമത്സേനൻ; |
| തസ്മാത് | അവനിൽനിന്ന് | തതഃ സുമതിഃ | അവനിൽനിന്ന് സുമതി; |
| ധർമ്മസൂത്രഃ | ധർമ്മസൂത്രൻ; | സുബലഃ | സുമതിയുടെ പുത്രനായി സുബലനും |
| തതഃ | അവനിൽനിന്ന് | | |
| ശമഃ | ശമൻ; | ജനിതാ | ജനിക്കുന്നതാണ്. |

49 സുനീഥഃ സത്യജിദഥ വിശ്വജിദ്യദ്രിപുഞ്ജയഃ
ബാർഹദ്രഥാശ്ച ഭൂപാലാ ഭാവ്യാഃ സാഹസ്രവത്സരം

| | | | |
|---|---|---|---|
| അഥ | പിന്നെ സുബലന്റെ പുത്രനായ | രിപുംജയഃ | രിപുംജയൻ എന്നിവർ ജനിക്കും. |
| സുനീഥഃ | സുനീഥൻ; | ബാർഹദ്രഥാഃ | ബൃഹദ്രഥവംശക്കാരായ |
| സത്യജിത് | അവന്റെ പുത്രനായ സത്യജിത്ത്; | ഭൂപാലാഃ ച | ഈ മഗധരാജാക്കന്മാരും |
| വിശ്വജിത് | സത്യജിത്ത് പുത്രനായ വിശ്വജിത്ത്; | സാഹസ്ര-വത്സരം | ആയിരം സംവത്സരത്തോളംകാലം |
| യത് | അവന്റെ പുത്രനായ | ഭാവ്യാഃ | ഉണ്ടായിരുന്നേക്കും |

പിന്നെയുള്ളവരുടെ ചരിതം ദ്വാദശസ്കന്ധത്തിൽ പറയുന്നതാണ്.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ദ്വാവിംശോƒധ്യായഃ
ആദിതഃ ശ്ലോകാഃ 858
നവമസ്കന്ധത്തിൽ ഇരുപത്തിരണ്ടാമദ്ധ്യായം കഴിഞ്ഞു.

★

# ത്രയോവിംശോഽധ്യായഃ = അദ്ധ്യായം ഇരുപത്തിമൂന്ന്

## യദുവംശനിരൂപണം

**"ത്രയോദശേ ത്വനോഃ ദ്രുഹ്യോസ്തുർവ്വസോശ്ചാന്വയഃ ക്രമാത്
യദോശ്ച വംശോഽനുക്രാന്തോ യാവദ് ജ്യാമഘസംഭവഃ"**

23-ാമദ്ധ്യായത്തിൽ അനു, ദ്രുഹ്യു, തുർവ്വസു എന്നിവരുടെ വംശത്തെ അനുക്രമം പറഞ്ഞവസാനിപ്പിച്ച് യദുവിന്റെ വംശത്തെ ജ്യാമഘോത്പത്തിവരെ പറഞ്ഞു വയ്ക്കുന്നു.

യയാതിയുടെ അഞ്ചുപുത്രന്മാരിൽ അഞ്ചാമനായ പൂരുവിന്റെ വംശം നിരൂപിക്കപ്പെട്ടുകഴിഞ്ഞു. ഇനി നാലാമത്തെ പുത്രനായ അനുവിന്റെ വംശം പറഞ്ഞു തുടങ്ങുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

**1 അനോഃ സമാനരശ്ചക്ഷുഃ പരോക്ഷശ്ച ത്രയഃ സുതാഃ
സമാനരാത് കാലനരഃ സൃഞ്ജയസ്തത്സുതസ്തതഃ**

**2 ജനമേജയസ്തസ്യ പുത്രോ മഹാശീലോ മഹാമനാഃ
ഉശീനരസ്തിതിക്ഷുശ്ച മഹാമനസ ആത്മജൗ**

| | |
|---|---|
| അനോഃ | അനുവിന്ന് |
| സമാനരഃ | സമാനരനെന്നും |
| ചക്ഷുഃ | ചക്ഷുസ്സെന്നും, |
| പരോക്ഷഃ ച | പരോക്ഷനെന്നും പേരായ |
| ത്രയഃ സുതാഃ | മൂന്നു മക്കളുണ്ടായി. |
| സമാനരാത് | സമാനരനിൽനിന്ന് |
| കാലനരഃ | കാലനരനും, |
| തത്സുതഃ | അവന്റെ പുത്രനായി |
| സൃഞ്ജയഃ | സൃഞ്ജയനും, |
| തതഃ | അവനിൽനിന്ന് |
| ജനമേജയഃ | ജനമേജയനും ജനിച്ചു. |
| തസ്യ പുത്രഃ | അവന്റെ പുത്രനായി |
| മഹാശീലഃ | മഹാശീലനും |
| (തസ്യ പുത്രഃ) | അവന്റെ പുത്രനായി |
| മഹാമനാഃ | മഹാമനസ്സ് എന്നവനും ജനിച്ചു. |
| ഉശീനരഃ | ഉശീനരനും, |
| തിതിക്ഷുഃ ച | തിതിക്ഷുവും |
| മഹാമനസഃ | മഹാമനസ്സിന്റെ |
| ആത്മജൗ | രണ്ടുമക്കളാകുന്നു. |

**3 ശിബിർവനഃ ശമിർദക്ഷശ്ചത്വാരോശീനരാത്മജാഃ
വൃഷാദർഭഃ സുവീരശ്ച മദ്രഃ കൈകയ ആത്മജാഃ**

4 ശിബേശ്ചത്വാര ഏവാസംസ്തിതിക്ഷോശ്ചരുശദ്രഥാ
തതോ ഹേമോഽഥ സുതപാ ബലിഃ സുതപസോഽഭവത്

| | |
|---|---|
| ശിബിഃ വനഃ | ശിബി, വനൻ, |
| ശമിഃ ദക്ഷഃ | ശമി, ദക്ഷൻ എന്നിങ്ങനെ |
| ചത്വാരഃ | നാലുപേർ |
| ഉശീനരാത്മജാഃ | ഉശീനരന്റെ പുത്രന്മാരാകുന്നു. |
| പൃഷദർഭഃ | പൃഷദർഭനെന്നും, |
| സുവീരഃ | സുവീരനെന്നും |
| മദ്രഃ ച | മദ്രനെന്നും, |
| കൈകേയഃ | കൈകേയനെന്നും പേരായി |
| ശിബേഃ ഏവ | ശിബിക്കു മാത്രം |
| ചത്വാരഃ ആത്മജാഃ | നാലുപുത്രന്മാർ |
| ആസൻ | ഉണ്ടായി. |
| തിതിക്ഷോഃ | മഹാമനസ്സിന്റെ മറ്റൊരു പുത്രനായ തിതിക്ഷുവിൽനിന്ന് |
| രുശദ്രഥഃ | രുശദ്രഥനും, |
| തതഃ ഹേമഃ | അവനിൽനിന്ന് ഹേമനും |
| അഥ | അവനിൽനിന്ന് |
| സുതപാഃ | സുതപസ്സും, |
| സുതപസഃ | സുതപസ്സിൽനിന്ന് |
| ബലിഃ ച | ബലിയും |
| അഭവത് | സംഭവിച്ചു. |

5 അംഗവംഗകലിംഗാദ്യാഃ സുഹ്മപുണ്ഡ്രാന്ധ്രസംജ്ഞിതാഃ
ജജ്ഞിരേ ദീർഘതമസോ ബലേഃ ക്ഷേത്രേമഹീക്ഷിതഃ

| | |
|---|---|
| ബലേഃ | ബലിയെന്ന |
| മഹീക്ഷിതഃ | രാജാവിന്റെ |
| ക്ഷേത്രേ | ഭാര്യയിൽ |
| ദീർഘതമസഃ | ഉതത്ഥ്യപുത്രനായ ദീർഘതമസ്സിന്ന് |
| അംഗവംഗകലിംഗാദ്യാഃ | അംഗൻ, വംഗൻ, കലിംഗൻ മുതലായി |
| സുഹ്മപുണ്ഡ്രാന്ധ്രസംജ്ഞിതാഃ | സുഹ്മൻ, പുണ്ഡ്രൻ, ആന്ധ്രൻ എന്നീപേരുകളുള്ളവർ |
| ജജ്ഞിരേ | പുത്രരായി ജനിച്ചു. |

6 ചക്രുഃ സ്വനാമ്നാ വിഷയാൻ ഷഡിമാൻ പ്രാച്യകാംശ്ച തേ
ഖനപാനോഽംഗതോ ജജ്ഞേ തസ്മാദ്ദിവിരഥസ്തതഃ
സുതോ ധർമ്മരഥോ യസ്യ ജജ്ഞേ ചിത്രരഥോഽപ്രജാഃ

| | |
|---|---|
| തേ | അവർ |
| സ്വനാമ്നാ | അവരവരുടെ പേരുകളോടെ |
| ഇമാൻ | ഈ പറയുന്ന |
| ഷട് | ആറ് |
| പ്രാച്യകാൻ | കിഴക്കൻ |
| വിഷയാൻ | ദേശങ്ങളെ |
| ചക്രുഃ | ഏർപ്പെടുത്തി. (അംഗദേശം, വംഗദേശം ഇത്യാദി) |
| ചക്രുഃ | ഏർപ്പെടുത്തി വാഴ്ത്തുടങ്ങി. |
| അംഗതഃ | അംഗദേശം വാണിരുന്ന അംഗനിൽനിന്ന് |
| ഖനപാനഃ | ഖനപാനൻ എന്നപുത്രൻ |
| ജജ്ഞേ | ജനിച്ചു. |

| | |
|---|---|
| തസ്മാത് | അവനിൽനിന്ന് |
| ദിവിരഥഃ | ദിവിരഥൻ ഉണ്ടായി. |
| തതഃ | അവനിൽനിന്നും |
| ധർമ്മരഥഃ | ധർമ്മരഥനെന്നപേരായ |
| സുതഃ ജജ്ഞേ | പുത്രൻ പിറന്നു. |
| യസ്യ (പുത്രഃ) | യാതൊരുവൻെറ പുത്രനായ |
| ചിത്രരഥഃ | ചിത്രരഥൻ |
| അപ്രജാഃ | സന്താനഹീനനായിരുന്നു |

**7 രോമപാദ ഇതി ഖ്യാതസ്തസ്മൈ ദശരഥഃ സഖാ**
**ശാന്താം സ്വകന്യാം പ്രായച്ഛദൃശ്യശൃംഗ ഉവാഹ താം**

| | |
|---|---|
| (സഃ) | ആ ചിത്രരഥൻ |
| രോമപാദഃ ഇതി ഖ്യാതഃ | ''രോമപാദൻ'' എന്ന പേരിൽ വിഖ്യാതനായിരുന്നു. |
| തസ്മൈ | അദ്ദേഹത്തിന്ന് |
| സഖാ | സുഹൃത്തായ |
| ദശരഥഃ | ദശരഥരാജാവ് |
| സ്വകന്യാം | തൻെറ പുത്രിയായ |
| ശാന്താം | ശാന്തയെ |
| പ്രായച്ഛത് | ദത്തുകൊടുത്തു. |
| ഋശ്യശൃംഗഃ | ഋശ്യശൃംഗമുനി |
| താം ഉവാഹ | അവളെ വേട്ടു. |

ഋശ്യശൃംഗനെ അംഗദേശത്തിലേക്ക് കൊണ്ടുവരുവാനുണ്ടായ കാരണവും ആ മുനികുമാരൻെറ യോഗ്യതയും ഇനി രണ്ടുശ്ലോകം കൊണ്ടുപറയുന്നു.

**8 ദേവേഽവർഷതി യം രാമാ ആനിന്യുർഹരിണീസുതം**
**നാട്യസംഗീതവാദിത്രൈർവിഭ്രമാലിംഗനാർഹണൈഃ**

| | |
|---|---|
| ദേവേ | ദേവേന്ദ്രൻ |
| അവർഷതി | വർഷിക്കാതിരുന്നപ്പോൾ, |
| ഹരിണീസുതം | ഹരിണീപുത്രനായ |
| യം | യാതൊരുമുനികുമാരനെ |
| രാമാഃ | സുന്ദരിമാരായ വേശ്യകൾ |
| നാട്യസംഗീത വാദിത്രൈഃ | ആട്ടം, പാട്ട്, കൊട്ട് എന്നിവകൊണ്ടും, |
| വിഭ്രമാ- ലിംഗനാ- ർഹണൈഃ | ശൃംഗാരചേഷ്ടകൾ, ഗാഢാശ്ലേഷം, സൽക്കാരം എന്നിവകൊണ്ടും വശീകരിച്ച് |
| ആനിന്യുഃ | (അംഗദേശത്തേക്ക്) കൊണ്ടുവന്നു. |

അംഗദേശത്തിൽ അനാവൃഷ്ടിദോഷം സംഭവിച്ചപ്പോൾ, വിഭാണ്ഡകമുനിയിൽനിന്ന് ഹരിണി (മാൻപേട) യിൽ ജനിച്ച ഋശ്യശൃംഗനെ നാട്ടിൽ കൊണ്ടുവന്നു പാർപ്പിച്ചാൽ മഴ പെയ്യുമെന്നുള്ള അഭിജ്ഞോപദേശത്താൽ രോമപാദരാജാവ് സുന്ദരിമാരായ വേശ്യകളെ അയച്ച് ആ ഋഷികുമാരനെ ഉപായത്തിൽ കൊണ്ടുവന്നു. തൻെറ ദത്തുപുത്രിയായ ശാന്തയെ വിവാഹം ചെയ്തുകൊടുത്ത് രാജധാനിയിൽ താമസിപ്പിച്ചു. ആ പുണ്യാത്മാവിൻെറ സാന്നിദ്ധ്യത്താൽ സുവൃഷ്ടിയും സുഭിക്ഷവും നാട്ടിൽ നടമാടി.

**9 സ തു രാജ്ഞോഽനപത്യസ്യ നിരൂപ്യേഷ്ടിം മരുത്വതഃ**
**പ്രജാമദാദ് ദശരഥോ യേന ലേഭേഽപ്രജാഃ പ്രജാഃ**

| | | | |
|---|---|---|---|
| സഃ തു | ആ ഋശ്യശൃംഗനാകട്ടെ | അദാത് | പ്രദാനം ചെയ്തു. |
| മരുത്വതഃ | ഇന്ദ്രപ്രീതിസംബന്ധമായ | യേന | യാതൊരു തരത്തിലുള്ള ഇതേവിശിഷ്ടയാഗത്താൽ |
| ഇഷ്ടിം | പുത്രകാമേഷ്ടിയെ | | |
| നിരൂപ്യ | നടത്തിച്ച് | അപ്രജാഃ | സന്തതിയില്ലാതിരുന്ന |
| അനപത്യസ്യ | സന്തതിഹീനനായ | ദശരഥഃ | ദശരഥരാജാവും |
| രാജ്ഞഃ | രോമപാദരാജാവിന്ന് | പ്രജാഃ | സന്താനങ്ങളെ |
| പ്രജാം | സന്തതിയെ | ലേഭേ | നേടുകയുണ്ടായി. |

**10 ചതുരംഗോ രോമപാദാത് പൃഥുലാക്ഷസ്തു തത്സുതഃ**
**ബൃഹദ്രഥോ ബൃഹത്കർമ്മാ ബൃഹത്ഭാനുശ്ച തത്സുതാഃ**

| | | | |
|---|---|---|---|
| രോമപാദാത് | രോമപാദനിൽനിന്ന് | ബൃഹത്കർമ്മാ | ബൃഹത്കർമ്മാവും |
| ചതുരംഗഃ | ചതുരംഗൻ ജനിച്ചു. | ബൃഹത്ഭാനുഃ ച | ബൃഹത്ഭാനുവും |
| തത്സുതഃ തു | അവന്റെ പുത്രനാകട്ടെ | | |
| പൃഥുലാക്ഷഃ | പൃഥുലാക്ഷനായിരുന്നു. | തത്സുതാഃ | അവന്റെ പുത്രന്മാരായിരുന്നു. |
| ബൃഹദ്രഥഃ | ബൃഹദ്രഥനും, | | |

**11 ആദ്യാദ് ബൃഹന്മനാസ്തസ്മാജ്ജയദ്രഥ ഉദാഹൃതഃ**
**വിജയസ്തസ്യ സംഭൂത്യാം തതോ ധൃതിരജായത**

| | | | |
|---|---|---|---|
| ആദ്യാത് | ആദ്യത്തേവനായ ബൃഹദ്രഥനിൽനിന്ന് | ഉദാഹൃതഃ | പറയപ്പെട്ടിരിക്കുന്നു. |
| ബൃഹന്മനാഃ | ബൃഹന്മനസ്സെന്നവൻ ജാതനായി. | തസ്യ | അവന്ന് |
| | | സംഭൂത്യാം | സംഭൂതിയെന്നവളിൽ |
| തസ്മാത് | അവനിൽനിന്ന് | വിജയഃ | വിജയൻ ജാതനായി. |
| അഥ | അനന്തരം | തതഃ | അവനിൽനിന്ന് |
| ജയദ്രഥഃ | ജയദ്രഥൻ ജാതനായതായി | ധൃതിഃ | ധൃതിയെന്നപേരായവൻ |
| | | അജായത | ജനിച്ചു. |

**12 തതോ ധൃതവ്രതസ്തസ്യ സത്കർമ്മാധിരഥസ്തതഃ**
**യോഽസൗ ഗംഗാതടേ ക്രീഡൻ മഞ്ജൂഷാന്തർഗതം ശിശും**

**13 കുന്ത്യാപവിദ്ധം കാനീനമനപത്യോഽകരോത് സുതം**
**വൃഷസേനഃ സുതസ്തസ്യ കർണ്ണസ്യ ജഗതീപതേഃ**

| | | | |
|---|---|---|---|
| തതഃ | ആ ധൃതിയിൽനിന്ന് | തസ്യ | അവന്ന് |
| ധൃതവ്രതഃ | ധൃതവ്രതനും, | സത്കർമ്മാ | സത്കർമ്മാവും |

| | |
|---|---|
| തതഃ | അവനിൽനിന്നു് |
| അധിരഥഃ | അധിരഥനുമുണ്ടായി. |
| അനപത്യഃ | സന്താനമില്ലാത്ത |
| യഃ അസൗ | യാതൊരു ഈ അധിരഥൻ |
| ഗംഗാതടേ | ഗംഗാതീരത്തിൽ |
| ക്രീഡൻ | വിഹരിച്ചുകൊണ്ടിരുന്നു്, |
| കുന്ത്യാ | കുന്തീദേവിയാൽ |
| അപവിദ്ധം | തള്ളപ്പെട്ടതും |
| കാനീനം | കന്യകയായിരുന്ന (അവിവാഹിത)വളിൽ ഉണ്ടായതും |
| മഞ്ജുഷാന്തർഗതം | ഒരു പെട്ടകത്തിനകത്തുണ്ടായിരുന്നതുമായ |
| ശിശും | കുഞ്ഞിനെ |
| സുതം | സ്വപുത്രനായി |
| അകരോത് | സ്വീകരിച്ചു. |
| ജഗതീപതേഃ | രാജാവായി ഭവിച്ച |
| തസ്യ കർണ്ണസ്യ | ആ കർണ്ണന്റെ |
| സുതഃ | പുത്രൻ |
| വൃഷസേനഃ | വൃഷസേനനായിരുന്നു. |

ഇനി യയാതിയുടെ തൃതീയപുത്രനായ ദ്രുഹ്യുവിന്റെ വംശചരിതം പറയുന്നു—

**14 ദ്രുഹ്യോശ്ച തനയോ ബഭ്രുഃ സേതുസ്തസ്യാത്മജസ്തതഃ**
**ആരബ്ധസ്തസ്യ ഗാന്ധാരസ്തസ്യ ധർമ്മസ്തതോ ധൃതഃ**

**15 ധൃതസ്യ ദുർമ്മനാസ്തസ്മാത് പ്രചേതാഃ പ്രാചേതസംശതം**
**മ്ലേച്ഛാധിപതയോഽഭൂവന്നുദീചീം ദിശമാശ്രിതാഃ**

ദ്രുഹ്യുവിന്റെ പുത്രൻ ബഭ്രു; അവന്റെ പുത്രൻ സേതു; അവന്റെ പുത്രൻ ആരബ്ധൻ; ആരബ്ധന്റെ പുത്രൻ ഗാന്ധാരൻ; അവന്റെ പുത്രൻ ധർമ്മൻ; ധർമ്മനിൽ നിന്നു ധൃതനും, ധൃതന്റെ പുത്രനായി ദുർമ്മനസ്സും, അവനിൽനിന്നു് പ്രചേതസ്സും ഉണ്ടായി. [പ്രാചേതസംശതം]=പ്രചേതസ്സിന്റെ മക്കളായിട്ടു നൂറുപേരുണ്ടായി. [ഉദീചീം ദിശം ആശ്രിതാഃ]=വടക്കേദിക്കിലേക്കുചെന്നുചേർന്ന അവർ, [മ്ലേച്ഛാധിപതയഃ അഭൂവൻ]=അദ്ദിക്കിലുള്ള മ്ലേച്ഛജാതിക്കാരുടെ അധിപന്മാരായി.

ഇനി യയാതിയുടെ രണ്ടാമത്തെ പുത്രനായ തുർവ്വസുവിന്റെ വംശത്തെ പരിചയപ്പെടുത്തുന്നു—

**16 തുർവ്വസോശ്ച സുതോ വഹ്നിഃ വഹ്നേർഭർഗ്ഗോഽഥ ഭാനുമാൻ**
**ത്രിഭാനുസ്തത്സുതോഽസ്യാപി കരന്ധമ ഉദാരധീഃ**

തുർവ്വസുവിന്റെ വഹ്നി: വഹ്നിയുടെ പുത്രൻ ഭർഗ്ഗൻ; അവന്റെ പുത്രൻ ഭാനുമാൻ; അവന്റെ പുത്രൻ ത്രിഭാനു; അവന്റെയും പുത്രനത്രേ ഉദാരബുദ്ധിമാനായ കരന്ധമൻ.

**17 മരുതസ്തത്സുതോഽപുത്രഃ പുത്രം പൗരവമന്വഭൂത്**
**ദുഷ്യന്തഃ സ പുനർഭേജേ സ്വം വംശം രാജ്യകാമുകഃ**

| | | | |
|---|---|---|---|
| തത്സുതഃ | അവന്റെ (കരന്ധമന്റെ) പുത്രനായ | അന്വഭൂത് | അനുഭവിച്ചു. (എടുത്തു) |
| മരുതഃ | മരുതൻ | ദുഷ്യന്തഃ | ദുഷ്യന്തനെന്നപേരായ |
| അപുത്രഃ | സന്തതിയില്ലാത്തവനായി. | സഃ | അവൻ (മരുതന്റെ സ്വീകൃതപുത്രൻ) |
| (അതഃ സഃ) | അതിനാൽ അവൻ | രാജ്യകാമുകഃ | രാജ്യാധികാരാഭിലാഷിയായിട്ട് |
| പൗരവം | പൂരുവംശജാതനായ ഒരുവനെ | സ്വം വംശം | തന്റെ വംശത്തെത്തന്നെ |
| പുത്രം | പുത്രനായിട്ട് | പുനഃ ഭേജേ | വീണ്ടും സമാശ്രയിച്ചു. |

യയാതിയുടെ അനുഗ്രഹത്താൽ പൂരുവിന്റെ വംശത്തിലുള്ളവർക്കുമാത്രമേ രാജ്യാധികാരമുള്ളൂ. അതിനാൽ രാജ്യാഭിലാഷിയും പൗരവനുമായ ദുഷ്യന്തൻ തുർവ്വസുവിന്റെ വംശത്തിൽനിന്നുവിട്ടു തന്റെ വംശത്തിലേക്കുതന്നെ തിരികെപ്പോയി.

**18 യയാതേർജ്യേഷ്ഠപുത്രസ്യ യദോർവംശം നരർഷഭ**
**വർണ്ണയാമി മഹാപുണ്യം സർവ്വപാപഹരം നൃണാം**

| | | | |
|---|---|---|---|
| നരർഷഭ | മഹാരാജാവേ! | സർവ്വപാപ-ഹരം | സകലപാപങ്ങളെ സംഹരിക്കുന്നതും |
| യയാതേഃ | യയാതിയുടെ | | |
| ജ്യേഷ്ഠപുത്രസ്യ | മൂത്തപുത്രനായ | | |
| യദോഃ വംശം | യദുവിന്റെ വംശത്തെ | മഹാപുണ്യം | വലിയപുണ്യകരവുമായ ആവംശത്തെ ഞാൻ വിസ്തരിക്കുന്നുണ്ട്. |
| വർണ്ണയാമി | വിസ്തരിച്ചുപറയാം — | | |
| നൃണാം | മനുഷ്യരുടെ | | |

**19 യദോർവംശം നരഃ ശ്രുത്വാ സർവ്വപാപൈഃ പ്രമുച്യതേ**
**യത്രാവതീർണ്ണോ ഭഗവാൻ പരമാത്മാ നരാകൃതിഃ**

| | | | |
|---|---|---|---|
| യദോഃ | യദുവിന്റെ | ഭഗവാൻ | ജ്ഞാനൈശ്വര്യനിധിയായ |
| വംശം | വംശചരിതത്തെ | | |
| ശ്രുത്വാ | ശ്രവിച്ചെന്നാൽ | പരമാത്മാ | സർവ്വേശ്വരൻ |
| നരഃ | മനുഷ്യൻ | നരാകൃതിഃ | മനുഷ്യരൂപത്തോടുകൂടി |
| സർവ്വപാപൈഃ | എല്ലാ പാപങ്ങളാലും | യത്ര | യാതൊരുവംശത്തിലാണല്ലോ |
| പ്രമുച്യതേ | തികച്ചും മോചിക്കപ്പെടുന്നു. | അവതീർണ്ണഃ | അവതരിച്ചത്. |

**20 യദോഃ സഹസ്രജിത് ക്രോഷ്ടാ നളോരിപുരിതി ശ്രുതാഃ**
**ചത്വാരഃ സൂനവസ്തത്ര ശതജിത് പ്രഥമാത്മജഃ**

| | |
|---|---|
| യദോഃ | യദുവിന്ന് |
| സഹസ്രജിത് | സഹസ്രജിത്ത്, |
| ക്രോഷ്ടാ | ക്രോഷ്ടാവു്, |
| നളഃ | നളൻ, |
| രിപുഃ | രിപു എന്നിങ്ങനെ |
| ശ്രുതാഃ | വിശ്രുതന്മാരായ |
| ചത്വാരഃ | നാലു് |
| സൂനവഃ | പുത്രന്മാർ ഉണ്ടായി. |
| തത്ര | അവരിൽ |
| പ്രഥമാത്മജഃ | മൂത്തവനായ സഹസ്രജിത്തിൻെറ പുത്രൻ |
| ശതജിത് | ശതജിത്തായിരുന്നു. |

**21 മഹാഹയോ വേണുഹയോ ഹൈഹയശ്ചേതി തത്സുതാഃ**
**ധർമ്മസ്തു ഹൈഹയസുതോ നേത്രഃ കുന്തേഃ പിതാ തതഃ**

| | |
|---|---|
| തത്സുതാഃ | ആ ശതജിത്തിൻെറ പുത്രന്മാർ |
| മഹാഹയഃ | മഹാഹയനെന്നും, |
| വേണുഹയഃ | വേണുഹയനെന്നും |
| ഹൈഹയഃ ച ഇതി | ഹൈഹയനെന്നും അറിയപ്പെടുന്ന മൂന്നു പേരാണു് |
| ധർമ്മഃ തു | ധർമ്മനാകട്ടെ |
| ഹൈഹയ-സുതഃ | ഹൈഹയൻെറ പുത്രനായിപ്പിറന്നു. |
| തതഃ | അവനിൽനിന്ന് |
| കുന്തേഃ | കുന്തിയെന്നവൻെറ |
| പിതാനേത്രഃ | പിതാവായനേത്രനും– |

**22 സോഹംജിരഭവത് കുന്തേർമ്മഹിഷ്മാൻ ഭദ്രസേനകഃ**
**ദുർമ്മദോ ഭദ്രസേനസ്യ ധനകഃ കൃതവീര്യസൂഃ**

| | |
|---|---|
| കുന്തേഃ | കുന്തിയിൽനിന്ന് |
| സോഹംജിഃ | സോഹംജി എന്നവൻ |
| അഭവത് | ഉണ്ടായി. |
| (തസ്യ) | അവന്ന്. |
| മഹിഷ്മാൻ | മഹിഷ്മാൻ എന്ന പുത്രനും |
| (തസ്യ) | അവന്ന് |
| ഭദ്രസേനകഃ | ഭദ്രസേനനും ഉണ്ടായി. |
| ഭദ്രസേനസ്യ | ഭദ്രസേനന്ന് |
| ദുർമ്മദഃ | ദുർമ്മദനും |
| കൃതവീര്യസൂഃ | കൃതവീര്യൻെറ പിതാവായ |
| ധനകഃ | ധനകനും — ഇങ്ങനെ രണ്ടു പുത്രന്മാർ പിറന്നു. |

**23 കൃതാഗ്നിഃ കൃതവർമ്മാ ച കൃതൗജാ ധനകാത്മജാഃ**
**അർജ്ജുനഃ കൃതവീര്യസ്യ സപ്തദ്വീപേശ്വരോഽഭവത്**

**24 ദത്താത്രേയാദ്ധരേരംശാത് പ്രാപ്തയോഗമഹാഗുണഃ**

| | |
|---|---|
| കൃതാഗ്നിഃ | കൃതാഗ്നിയും, |
| കൃതവർമ്മാ | കൃതവർമ്മാവും, |
| കൃതൗജാഃ ച | കൃതൗജസ്സുംകൂടി |
| ധനകാത്മജാഃ | ധനകൻെറ പുത്രന്മാരാണ് |

| | | | |
|---|---|---|---|
| കൃതവീര്യസ്യ | കൃതവീര്യന്റെ പുത്രനായ | പ്രാപ്തയോഗമഹാഗുണഃ | സിദ്ധിച്ച യോഗവിദ്യയുടെ മികച്ച ഗുണങ്ങളുള്ളവനും |
| അർജ്ജുനഃ | അർജ്ജുനൻ | സപ്തദ്വീപേശ്വരഃ | ഏഴുദ്വീപുകളെയും ഉൾക്കൊള്ളുന്ന ഭൂമണ്ഡലത്തിന്റെ ഏകനാഥനമായി |
| ഹരേഃ | ശ്രീമഹാവിഷ്ണുവിന്റെ | അഭവത് | ഭവിച്ചു. |
| അംശാത് | അംശത്തിൽനിന്നുണ്ടായ | | |
| ദത്താത്രേയാത് | ദത്താത്രേയമുനിയിൽ നിന്നു് | | |

**25** **ന നൂനം കാർത്തവീര്യസ്യ ഗതിം യാസ്യന്തി പാർത്ഥിവാഃ**
**യജ്ഞദാനതപോയോഗശ്രുതവീര്യജയാദിഭിഃ**

| | | | |
|---|---|---|---|
| യജ്ഞദാനതപോയോഗശ്രുതവീര്യജയാദിഭിഃ | യജ്ഞം, ദാനം, തപസ്സ്, യോഗവിദ്യാപരിചയം, ശാസ്ത്രജ്ഞാനം, പരാക്രമം ശത്രുവിജയം മുതലായ കാര്യങ്ങളാൽ | കാർത്തവീര്യസ്യ | കൃതവീര്യപുത്രനായ അർജ്ജുനന്റെ |
| | | ഗതിം | പദവിയെ |
| | | ന യാസ്യന്തി | പ്രാപിക്കയില്ല; |
| പാർത്ഥിവാഃ | ഇതരരാജാക്കന്മാർ | നൂനം | തീർച്ചയാണു്. |

**26** **അഷ്ടാശീതി സഹസ്രാണി ഹ്യവ്യാഹതബലഃ സമാഃ**
**അനഷ്ടവിത്തസ്മരണോ ബുഭുജേഽക്ഷയ്യഷഡ്വസു**

| | | | |
|---|---|---|---|
| അനഷ്ടവിത്തസ്മരണഃ | സ്മരണയാൽ ധനനഷ്ടം സംഭവിക്കയില്ലാത്ത കാർത്തവീര്യൻ * | അഷ്ടാശീതി സഹസ്രാണി | എൺപത്തെണ്ണായിരം |
| | | സമാഃ ഹി | വർഷങ്ങളോളം |
| അവ്യാഹതബലഃ | തടവററ ഉൾക്കരുത്തോടു കൂടിയവനായിട്ടു് | അക്ഷയ്യഷഡ്വസു | കോട്ടംതട്ടാത്ത ഷഡിന്ദ്രിയഗ്രാഹ്യവിഷയത്തെ |
| | | ബുഭുജേ | അനുഭവിച്ചു. |

* കൈമോശം വന്നതോ അപഹരിക്കപ്പെട്ടതോ ആയ മുതൽ കാർത്തവീര്യസ്മരണയാൽ വീണ്ടുകിട്ടുമെന്നു വിശ്വസിക്കപ്പെടുന്നു.

**27** **തസ്യ പുത്രസഹസ്രേഷു പഞ്ചൈവോർവ്വരിതാ മൃധേ**
**ജയധ്വജഃ ശൂരസേനോ വൃഷഭോ മധുരൂർജ്ജിതഃ**

| | | | |
|---|---|---|---|
| തസ്യ | അവന്റെ (കാർത്തവീര്യാർജ്ജുനന്റെ) | പഞ്ച ഏവ | അഞ്ചുപേർമാത്രമേ |
| പുത്രസഹസ്രേഷു | ആയിരക്കണക്കിലുള്ള പുത്രന്മാർക്കിടയിൽ | മൃധേ | യുദ്ധത്തിൽ |
| | | ഉർവ്വരിതാഃ | ബാക്കിയായുള്ള. |

ജയധ്വജൻ, ശൂരസേനൻ, വൃഷഭൻ, മധു, ഊർജ്ജിതൻ എന്നിവരാണു് ആ അഞ്ചു പേർ. മററുള്ളവരെല്ലാം പരശുരാമനാൽ വധിക്കപ്പെട്ടു.

28 ജയധ്വജാത്താലജംഘസ്തസ്യ പുത്രശതം ത്വഭൂത്
ക്ഷത്രം യത്താലജംഘാഖ്യമൌർവ്വതേജോപസംഹൃതം

| | |
|---|---|
| ജയധ്വജാത് | ജയധ്വജനിൽനിന്നു് |
| താലജംഘഃ | താലജംഘനുണ്ടായി. |
| തസ്യ തു | അവന്നാകട്ടെ |
| പുത്രശതം | നൂറുപുത്രന്മാർ |
| അഭൂത് | ഉണ്ടായി. |
| താലജംഘാഖ്യം യത് | 'താലജംഘന്മാർ' എന്ന പേരിലറിയപ്പെടുന്ന യാതൊരു |
| ക്ഷത്രം | ഈ ക്ഷത്രികുലം |
| ഔർവ്വതേജോപസംഹൃതം | ഔർവ്വമുനിയുടെ തേജസ്സിനാൽ നശിപ്പിക്കപ്പെട്ടു. |

29 തേഷാം ജ്യേഷ്ഠോ വീതിഹോത്രോ വൃഷ്ണിഃ പുത്രോ മധോഃ സ്മൃതഃ
തസ്യ പുത്രശതം ത്വാസീദ് വൃഷ്ണിജ്യേഷ്ഠം യതഃ കുലം
മാധവാ വൃഷ്ണയോ രാജൻ യാദവാശ്ചേതി സംജ്ഞിതാഃ

| | |
|---|---|
| തേഷാം | അവരിൽ(താലജംഘപുത്രന്മാരിൽ) വച്ചു് |
| ജ്യേഷ്ഠഃ | മൂത്തവൻ |
| വീതിഹോത്രഃ | വീതിഹോത്രൻ; |
| (തസ്യ) മധുഃ | അവന്റെ പുത്രൻ മധു; |
| മധോഃ | മധുവിന്റെ പുത്രൻ |
| വൃഷ്ണിഃ സ്മൃതഃ | വൃഷ്ണിയാണെന്നു സ്മരിക്കപ്പെടുന്നു. |
| തസ്യ തു | അവന്നു് (മധുവിന്നു്) തന്നെ |
| വൃഷ്ണിജ്യേഷ്ഠം | വൃഷ്ണിയെന്ന മൂത്തപുത്രൻ ഉൾപ്പെടെ |
| പുത്രശതം | നൂറുപുത്രന്മാർ |
| ആസീത് | ഉണ്ടായി. |
| രാജൻ | ഹേ രാജൻ! |
| യതഃ | അതുകൊണ്ടു് |
| കുലം | ഈ വംശം(വംശത്തിലുള്ളവർ) |
| മാധവാഃ | മാധവന്മാരെന്നും |
| വൃഷ്ണയഃ | വൃഷ്ണികളെന്നും |
| യാദവാഃ ച ഇതി സംജ്ഞിതാഃ | യാദവന്മാരെന്നുമുള്ള പേരുകളാൽ വ്യവഹരിക്കപ്പെട്ടിരിക്കുന്നു. |

മധുവിന്റെയും വൃഷ്ണിയുടെയും പൊതുവിൽ യദുവിന്റെയും പിൻതുടർച്ചക്കാരാകയാൽ ഇവർക്ക് മാധവ വാർഷ്ണേയ-യാദവസംജ്ഞകളും ഉണ്ടായി.

30 യദുപുത്രസ്യ ച ക്രോഷ്ടോഃ പുത്രോ വൃജിനവാംസ്തതഃ
ശ്വാഹിസ്തതോ രുശേകുർവൈ തസ്യ ചിത്രരഥസ്തതഃ

31 ശശബിന്ദുർമ്മഹായോഗീ മഹാഭോജോ മഹാനഭൂത്
ചതുർദശമഹാരത്നശ്ചക്രവർത്ത്യപരാജിതഃ

| | |
|---|---|
| യദുപുത്രസ്യ | യദുവിന്റെ രണ്ടാമത്തെ മകനായ |
| ക്രോഷ്ടോഃ പുത്രഃ | ക്രോഷ്ടാവിന്റെയും മകനായി |

| | |
|---|---|
| ചിത്രരഥഃ | ചിത്രരഥനും, |
| തതഃ | അവനിൽനിന്ന് |
| പ്രജീനവാൻ | പ്രജീനവാനെന്നവനും |
| തതഃ ശാഹിഃ | അവനിൽനിന്ന് ശാഹിയും |
| തതഃ | ആ ശാഹിയിൽനിന്ന് |
| രുശേരുഃ | രുശേരുവും ജാതരായി. |
| തതഃ | ആയവനിൽനിന്ന് |
| മഹായോഗീ | വലിയ യോഗിയും |
| മഹാഭോജഃ | വലിയ ഭോഗിയും |
| മഹാൻ | മഹത്വമുള്ളവനുമായ |
| ശശബിന്ദുഃ | ശശബിന്ദു |
| അഭൂത് | ഉദ്ഭവിച്ചു. |
| (സഃ) | ആ ശശബിന്ദു |
| ചതുർദശ–മഹാരത്നഃ | പതിനാലുതരം മികച്ച വസ്തുക്കളോടു കൂടിയവനും* |
| അപരാജിതഃ | ആരാലും തോല്പിക്കപ്പെട്ടിട്ടില്ലാത്തവനുമായ |
| ചക്രവർത്തീ | സാർവ്വഭൗമൻ ആയിരുന്നു. |

* ശശബിന്ദുവിനുണ്ടായിരുന്ന പതിനാലുതരം ശ്രേഷ്ഠരത്നങ്ങളെ മാർക്കണ്ഡേയപുരാണത്തിൽ ഈ വിധം വർണ്ണിച്ചിരിക്കുന്നു– "ഗജവാജിരഥസ്ത്രീഷുനിധിമാല്യാംബരദ്രുമാഃ ശക്തിപാശമണിച്ഛത്രവിമാനാനി ചതുർദശ" ആന, കുതിര, തേർ, സ്ത്രീ, ശരം, നിധി, മാല്യം, വസ്ത്രം, വൃക്ഷം, വേൽ, പാശം, രത്നം, കുട, വിമാനം എന്നീ വകുപ്പുകളിൽ ഏററവും യോഗ്യതയുള്ളവ

**32 തസ്യ പത്നീസഹസ്രാണാം ദശാനാം സുമഹായശാഃ**
**ദശലക്ഷസഹസ്രാണി പുത്രാണാം താസ്വജീജനത്**

| | |
|---|---|
| സുമഹായശാഃ | വലിയ സൽകീർത്തിമാനായ ശശബിന്ദുചക്രവർത്തി |
| തസ്യ | അദ്ദേഹത്തിന്റെ |
| ദശാനാം പത്നീസഹസ്രാണാം താസു | പതിനായിരം പത്നിമാരുണ്ടായിരുന്നതിൽ, അവരിൽ ഓരോന്നിലും |
| പുത്രാണാം ദശലക്ഷ–സഹസ്രാണി | ലക്ഷം–ലക്ഷമെന്നതോതിൽ പതിനായിരംലക്ഷം പുത്രന്മാരെ |
| അജീജനത് | ജനിപ്പിച്ചു. |

**33 തേഷാം തു ഷട്പ്രധാനാനാം പൃഥുശ്രവസ ആത്മജഃ**
**ധർമ്മോ നാമോശനാ തസ്യ ഹയമേധശതസ്യ യാട്**

| | |
|---|---|
| ഷട്പ്രധാ–നാനാം | ആറുപേർമാത്രം മുഖ്യന്മാരായിരിക്കുന്ന |
| തേഷാം തു | അവരിൽ വച്ച് |
| പൃഥുശ്രവസഃ | പൃഥുശ്രവസ്സെന്നവരുടെ |
| ആത്മജഃ | പുത്രനായി |
| ധർമ്മഃ നാമ | ധർമ്മനെന്നുപേരായവൻ |
| (ആസീത്) | ഉണ്ടായി. |
| തസ്യ | അവന്റെ (പുത്രനായി) |
| ഉശനാ | ഉശനാവെന്നവൻ |
| (ജജ്ഞേ) | പിറന്നു. |
| (സഃ) ഹയ–മേധശതസ്യ–യാട് | അവൻ നൂറ് അശ്വമേധയാഗം ചെയ്യുവനായിരുന്നു. |

**34 തത്സുതോ രുചകസ്തസ്യ പഞ്ചാസന്നാത്മജാഃ ശൃണു**
**പുരുജിദ്രുക്മരുക്മേഷു പൃഥു ജ്യാമഘസംജ്ഞകാഃ**

തത്സുതഃ അവന്റെ പുത്രൻ
രുചകഃ രുചകൻ;
തസ്യ അവന്ന്
ആത്മജാഃ പുത്രന്മാർ
പഞ്ച ആസൻ അഞ്ചുപേരാണ്
(താൻ) ശൃണു അവരെപ്പററി കേട്ടുകൊൾക–

പുരുജിദ്– ....................... സംജ്ഞകാഃ — പുരുജിത്ത്, രുക്മൻ, രുക്മേഷു, പൃഥു, ജ്യാമഘൻ എന്നീ പേരുകളുള്ളവരാണ്

**35 ജ്യാമഘസ്ത്വപ്രജോഽപ്യന്യാം ഭാര്യാം ശൈബ്യാപതിർഭയാത്**
**നാവിന്ദച്ഛത്രുഭവനാദ് ഭോജ്യാം കന്യാമഹാരഷീത്**

ശൈബ്യാ–പതിഃ ശൈബ്യയെന്നവളുടെ ഭർത്താവായ
ജ്യാമഘഃ തു ജ്യാമഘനാകട്ടെ
അപ്രജഃ സന്തതിയില്ലാത്തവനായിരുന്നു.
അപി എന്നിരിക്കിലും
ഭയാത് പത്നീഭയത്താൽ
അന്യാംഭാര്യാം മറെറാരു ഭാര്യയെ
ന അവിന്ദത് സ്വീകരിച്ചില്ല.
ശത്രുഭവനാത് ഒരിക്കൽ ഏതോ ശത്രുകളുടെ ഗൃഹത്തിൽനിന്ന്
ഭോജ്യാം ഉപഭോഗാർഹയായ
കന്യാം ഒരു കന്യകയെ
അഹാരഷീത് തട്ടിക്കൊണ്ടുവന്നു.

ശൈബ്യ വന്ധ്യയായതുകൊണ്ടാണ് ജ്യാമഘന്ന് മക്കളുണ്ടാവാതെയിരുന്നത്. അവളോടുള്ള ഭയംകൊണ്ടു സന്താനാത്ഥം മറെറാരു ഭാര്യയെ സ്വീകരിച്ചതുമില്ല. ഒരിക്കൽ ഏതോ ഒരു കൂട്ടം ശത്രുക്കളെ ജയിച്ചു തിരികെ വരുമ്പോൾ ശത്രുഭവനത്തിൽനിന്ന് തന്റെ ഉപഭോഗത്തിനായി ഒരു കന്യകയെ പിടിച്ചുകൊണ്ടുവന്നു.

**36 രഥസ്ഥാം താം നിരീക്ഷ്യാഹ ശൈബ്യാ പതിമമർഷിതാ**
**കേയം കുഹക മത്സ്ഥാനം രഥമാരോപിതേതി വൈ**

രഥസ്ഥാം തേരിലിരിക്കുന്ന
താം അവളെ
നിരീക്ഷ്യ കണ്ടിട്ട്
അമർഷിതാ അമർഷമാന്ന
ശൈബ്യാ ശൈബ്യ
പതിം ആഹ ഭർത്താവോടുപറഞ്ഞു–
കുഹക "ചതിയാ!
മത്സ്ഥാനം എന്റെ സ്ഥാനമായ
രഥം തേരിലേക്കു് (തേരിൽ എന്റെ സ്ഥലത്തേക്കു്)
ആരോപിതാ കയററിയിരുത്തപ്പെട്ട
ഇയം കാ ഇവൾ ഏതാണ്?"
ഇതി വൈ എന്നിങ്ങനെ

**37 സ്നുഷാ തവേത്യഭിഹിതേ സ്മയന്തീ പതിമബ്രവീത്**
**അഹം വന്ധ്യാऽസപത്നീ ച സ്നുഷാ മേ യുജ്യതേ കഥം**

| | |
|---|---|
| തവ സ്നുഷാ | ''നിന്റെ പുത്രഭാര്യയാണ്'' |
| ഇതി | എന്ന് |
| അഭിഹിതേ | പറയപ്പെട്ടപ്പോൾ, |
| സ്മയന്തീ | ചിരിച്ചുകൊണ്ട് |
| (സാ) പതിം | അവൾ ഭർത്താവോട് |
| അബ്രവീത് | പറഞ്ഞു– |
| അഹം | ''ഞാൻ |
| വന്ധ്യാ | പ്രസവിക്കാത്തവളാണ്; |
| അസപത്നീ ച | സപത്നിമാരില്ലാത്തവളുമാണ്. |
| മേ സ്നുഷാ | എനിക്ക് പുത്രഭാര്യയുണ്ടാവുക എന്നത് |
| കഥം | എങ്ങനെ |
| യുജ്യതേ | യോജിക്കും?'' |

ഭാര്യയുടെ ചോദ്യം കേട്ട ജ്യാമഘൻ ഭയന്നു. ''ഇവളെ സ്വഭാര്യയാക്കുവാനല്ല, നിന്റെ പുത്രഭാര്യയാക്കുവനാണ് കൊണ്ടുവന്നതെന്നു'' പറഞ്ഞപ്പോൾ ശൈബ്യക്കു ചിരിവന്നു. ''അതെങ്ങനെ''? അവൾ ചോദിച്ചു ''വന്ധ്യയും സപത്നിമാരില്ലാത്തവളുമായ എനിക്കു പുത്രനില്ലാത്ത നിലയ്ക്ക് പുത്രഭാര്യയാണെന്നു പറഞ്ഞതിൽ സാംഗത്യമെന്ത്'' ഭാര്യാഭീതനായജ്യാമഘന്റെ മറുപടി ഇതായിരുന്നു.

**38 ജനയിഷ്യസി യം രാജ്ഞി തസ്യേയമുപയുജ്യതേ**
**അന്വമോദന്ത തദ്വിശ്വേദേവാഃ പിതര ഏവ ച**

| | |
|---|---|
| രാജ്ഞി | ''മഹാറാണി! |
| യം | യാതൊരുത്തനെ |
| ജനയിഷ്യസി | ഭവതി ഇനിമേൽ പെററുണ്ടാക്കാൻ പോകുന്നുവോ, |
| തസ്യ ഇയം | അവന്ന് ഇവൾ |
| ഉപയുജ്യതേ | ഉപയോഗപ്പെടുന്നതാണ്'' |
| വിശ്വേദേവാഃ | വിശ്വേദേവന്മാരും |
| പിതരഃ ഏവ ച | പിതൃദേവന്മാർ തന്നെയും |
| തത് | അതിനെ (ജ്യാമഘൻ പറഞ്ഞതിനെ) |
| അന്വമോദന്ത | അനുമോദിച്ചു. |

ദീർഘകാലമായി ആരാധിക്കപ്പെട്ടുവന്നിരുന്ന പിതൃക്കളും വിശ്വേദേവന്മാരും ഭാര്യയുടെ മുമ്പിൽ 'ഓച്ഛാനിച്ച്' നില്ക്കുന്ന ജ്യാമഘനിൽ കൃപ തോന്നി അനുഗ്രഹിച്ചു. 'രാജ്ഞിക്കു പുത്രനുണ്ടാകട്ടെ' എന്ന് ഇങ്ങനെ ഭാര്യാഭീതി ജ്യാമഘന്നു സന്തതിയുണ്ടാകാൻ കാരണമായി.

**39 ശൈബ്യാ ഗർഭമധാത് കാലേ കുമാരം സുഷുവേ ശുഭം**
**സ വിദർഭ ഇതി പ്രോക്ത ഉപയേമേ സ്നുഷാം സതീം**

| | | | |
|---|---|---|---|
| ശൈബ്യാ | ശൈബ്യ | വിദർഭഃ ഇതി | 'വിദർഭ'നെന്ന് |
| ഗർഭം അധാത് | ഗർഭം ധരിച്ചു. | പ്രോക്തഃ സഃ | പറയപ്പെട്ടിരുന്ന അവൻ |
| കാലേ | പ്രസവകാലമായപ്പോഴം | സ്നുഷാം സതീം | അവിടെ പുത്രഭാര്യയെന്ന നിലയിൽ വർത്തിച്ചിരുന്നവളെ |
| ശുഭം | സല്ലക്ഷണങ്ങളുള്ള | | |
| കുമാരം | ബാലകനെ | | |
| സുഷുവേ | പ്രസവിച്ചു. | ഉപയേമേ | വിവാഹം ചെയ്തു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ത്രയോവിംശോഽധ്യായഃ
ആദിതഃ ശ്ലോകാഃ 897
നവമസ്കന്ധത്തിൽ ഇരുപത്തിമൂന്നാമദ്ധ്യായം കഴിഞ്ഞു.

★

# ചതുർവിംശോഽധ്യായഃ = അദ്ധ്യായം ഇരുപത്തിനാല്

## വിദർഭവംശനിരൂപണവും കൃഷ്ണാവതാര പ്രസ്താവനയും

**"ചതുർവിംശേ വിദർഭസ്യ പുത്രത്രയസമുദ്ഭവാഃ**
**വംശാ നാ നാമുഖാഃ പ്രോക്താഃ രാമകൃഷ്ണോദ്ഭവാവധി"**

ഈ ഇരുപത്തിനാലാമധ്യായത്തിൽ വിദർഭസ്യ മൂന്നു പുത്രന്മാരിൽ നിന്നുദ്ഭവിച്ച നാനാവംശങ്ങളെ രാമകൃഷ്ണന്മാരുടെ ഉത്പത്തിവരെ നിരൂപണം ചെയ്യുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു-

**1 തസ്യാം വിദർഭോഽജനയത് പുത്രൗ നാമ്നാ കുശക്രഥൗ**
**തൃതീയം രോമപാദം ച വിദർഭകുലനന്ദനം**

| | | | |
|---|---|---|---|
| വിദർഭഃ | വിദർഭൻ | | |
| തസ്യാം | അവളിൽ | കുശക്രഥൗ | കുശനെന്നും ക്രഥനെന്നും |

| | | | |
|---|---|---|---|
| നാമ്നാ | പേരോടുകൂടിയ | വിദർഭകുല- നന്ദനം | വിദർഭന്റെ വംശത്തിന്ന് ആനന്ദദായകനായ |
| പുത്രൗ | രണ്ടുപുത്രന്മാരെയും | രോമപാദം ച | രോമപാദനെയും |
| തൃതീയം | മൂന്നാമത്തെപുത്രനായി | അജനയത് | ജനിപ്പിച്ചു. |

2 **രോമപാദസുതോ ബഭ്രുഃ ബഭ്രോഃ കൃതിരജായത**
**ഉശികസ്തത്സുതസ്തസ്മാച്ചേദിശ്ചൈദ്യാ ദയോ നൃപാഃ**

| | | | |
|---|---|---|---|
| രോമപാദ- സുതഃ ബഭ്രുഃ | രോമപാദന്റെ പുത്രൻ ബഭ്രുവായിരുന്നു. | ഉശകഃ | ഉശകനായിരുന്നു. |
| ബഭ്രോഃ | ബഭ്രുവിൽനിന്ന് | തസ്മാത് | അവനിൽനിന്ന് |
| കൃതിഃ | കൃതിയെന്നവൻ | ചേദിഃ | ചേദിയും, |
| അജായത | ജാതനായി. | (തസ്മാത്) | അവനിൽനിന്ന് |
| തത്സുതഃ | അവന്റെ പുത്രൻ | ചൈദ്യാ- ദയഃ നൃപഃ | ദമഘോഷൻ മുതലായ രാജാക്കന്മാരും ഉണ്ടായി. |

3 **ക്രഥസ്യ കുന്തിഃ പുത്രോഽഭൂദ് വൃഷ്ണിസ്തസ്യാഥ നിർവൃതിഃ**
**തതോ ദശാർഹോ നാമ്നാഽഭൂത് തസ്യ വ്യോമഃ സുതസ്തതഃ**

4 **ജീമൂതോ വികൃതിസ്തസ്യ യസ്യ ഭീമരഥഃ സുതഃ**
**തതോ നവരഥഃ പുത്രോ ജാതോ ദശരഥസ്തതഃ**

വിദർഭന്റെ ദ്വിതീയപുത്രനായ ക്രഥന്റെ പുത്രൻ കുന്തിയായിരുന്നു. അവന്റെ പുത്രനായിട്ട് വൃഷ്ണിയും, വൃഷ്ണിയുടെപുത്രനായിനിർവൃതിയുമുണ്ടായി. അവനിൽനിന്ന് ദശാർഹനെന്നുപേരായവൻ സംഭവിച്ചു. വ്യോമൻ ആ ദശാർഹന്റെ പുത്രനാണ്. അവന്റെ പുത്രനായി ജീമൂതനും, അവന്ന് വികൃതിയും, വികൃതിക്ക് ഭീമരഥനും ഉണ്ടായി. അവനിൽനിന്ന് നവരഥനും, നവരഥനിൽനിന്നു ദശരഥനും ജാതരായി.

5 **കരംഭിഃ ശകുനേഃ പുത്രോ ദേവരാതസ്തദാത്മജഃ**
**ദേവക്ഷത്രസ്തതസ്തസ്യ മധുഃ കുരുവശാദനു**

6 **പുരുഹോത്രസ്ത്വനോഃ പുത്രസ്തസ്യായുഃ സാത്വതസ്തതഃ**
**ഭജമാനോ ഭജിർദിവ്യോ വൃഷ്ണിർദേവാവൃധോഽന്ധകഃ**
**സാത്വതസ്യ സുതാഃ സപ്ത മഹാ ഭോജശ്ച മാരിഷ**

ദശരഥപുത്രനായ ശകുനിയുടെ പുത്രൻ കരംഭി, അവന്റെ പുത്രൻ ദേവരാതൻ, അവന്റെ പുത്രൻ ദേവക്ഷത്രൻ, അവന്റെ പുത്രൻ മധു, മധുവിന്റെ പുത്രൻ കുരുവശൻ, അവന്റെ പുത്രൻ അനുവും ആയിരുന്നു.

അനുപുത്രനായിട്ട് പുരുഹോത്രനും, അവന്റെ പുത്രനായി ആയുസ്സും, അവനിൽനിന്ന് സാത്വതനും ജാതരായി. അല്ലയോ രാജശ്രേഷ്ഠ! ഈ സാത്വതന്ന് ഏഴ്പുത്രന്മാരാണ്. ഭജമാനൻ, ഭജി, ദിവ്യൻ, വൃഷ്ണി, ദേവാവൃധൻ, അന്ധകൻ, മഹാഭോജൻ

**7 ഭജമാനസ്യ നിമ്ലോചിഃ കിങ്കിണോ ധൃഷ്ടി രേവച**

**8 ഏകസ്യാമാത്മജാഃ പത്ന്യാമന്യസ്യാം ച ത്രയഃ സുതാഃ**
**ശതാജിച്ച സഹസ്രാജിദയുതാജിദിതി പ്രഭോ**

ഭജമാനന്ന് നിമ്ലോചി, കിങ്കിണൻ, ധൃഷ്ടി എന്നിങ്ങനെ മൂന്നുപുത്രന്മാർ ഒരു പത്നിയിലും, മറെറാരു പത്നിയിൽ ശതാജിത്ത്, സഹസ്രാജിത്ത് അയുതാജിത്ത് എന്നിങ്ങനെ മൂന്നുപേർ മറെറാരു പത്നിയിലും ജനിച്ചു.

**9 ബഭ്രുർദേവാവൃധസുതസ്തയോഃ ശ്ലോകൗ പഠന്ത്യമീ**
**യഥൈവ ശൃണുമോ ദൂരാത് സംപശ്യാമസ്തഥാന്തികാത്**

| | | | |
|---|---|---|---|
| ബഭ്രുഃ ദേവാവൃധസുതഃ | ബഭ്രുവെന്നവൻ ദേവാവൃധന്റെ പുത്രനാകുന്നു. | ദൂരാത് | അകലെനിന്ന് |
| തയോഃ | അവർ രണ്ടുപേരെയും സംബന്ധിച്ച് | യഥാ ഏവ | ഏതുവിധം തന്നെ (അവരെ) |
| | | ശൃണുമഃ | നാം കേൾക്കുന്നുവോ, |
| അമീ | ഇങ്ങനെയുള്ള | തഥാ | അതേവിധം |
| ശ്ലോകൗ | രണ്ടുശ്ലോകങ്ങൾ | അന്തികാത് | അടുത്തുനിന്ന് |
| പഠന്തി | ചൊല്ലുമാറുണ്ട്. | സംപശ്യാമഃ | നാം കാണുന്നു. |

**10 ബഭ്രുഃ ശ്രേഷ്ഠോമനുഷ്യാണാം ദേവൈർദേവാവൃധഃ സമഃ**
**പുരുഷാഃ പഞ്ചഷഷ്ടിശ്ച ഷട്സഹസ്രാണി ചാഷ്ട ച**

**11 യേഽമൃതത്വമനുപ്രാപ്താ ബഭ്രോർദേവാവൃധാദപി**
**മഹാഭോജോഽപി ധർമ്മാത്മാ ഭോജാ ആസംസ്തദന്വയേ**

| | | | |
|---|---|---|---|
| ബഭ്രുഃ | ബഭ്രു | പഞ്ചഷഷ്ടിച | അറുപത്തഞ്ചും |
| മനുഷ്യാണാം | മനുഷ്യരിൽവച്ച് | അഷ്ട ച | എട്ടും = (6073) |
| ശ്രേഷ്ഠഃ | ശ്രേഷ്ഠനാകുന്നു. | യേ പുരുഷാഃ | ആളുകൾ |
| ദേവാവൃധഃ | ദേവാവൃധൻ | ബഭ്രോഃ | ബഭ്രുവിൽനിന്നും |
| ദേവൈഃ | ദേവന്മാരോട് | ദേവാവൃധാത് അപി | ദേവാവൃധനിൽനിന്നും (ഉപദേശം സ്വീകരിച്ച്) |
| സമഃ | തുല്യനാണ്. | അമൃതത്വം | മുക്തിമാർഗ്ഗത്തെ |
| ഷട്സഹസ്രാണി ച | ആറായിരവും | അനുപ്രാപ്താഃ | പ്രാപിച്ചു. |

| | |
|---|---|
| മഹാഭോജഃ അപി | സാത്വതപുത്രനായ മഹാഭോജനും |
| ധർമ്മാത്മാ | ധർമ്മിഷ്ഠനായിരുന്നു. |
| തദന്വയേ | അദ്ദേഹത്തിന്റെ വംശത്തിൽ |
| ഭോജാഃ | ഭോജരാജാക്കന്മാർ |
| ആസൻ | ഉണ്ടായി. |

**12** **വൃഷ്ണേഃ സുമിത്രഃ പുത്രോഽഭൂദ്‌യുധാജിച്ച പരന്തപ**
**ശിനിസ്തസ്യാനമിത്രശ്ച നിമ്നോഽഭൂദനമിത്രതഃ**

| | |
|---|---|
| പരന്തപ | ഹേ ശത്രുസന്താപകാരിൻ! |
| വൃഷ്ണേഃ | സാത്വതന്റെ മറ്റൊരു പുത്രനായ വൃഷ്ണിയുടെ |
| പുത്രഃ | പുത്രൻ |
| സുമിത്രഃ | സുമിത്രൻ |
| അഭൂത് | ആയിരുന്നു. |
| യുധാജിത് ച | യുധാജിത്തും വൃഷ്ണിയുടെ പുത്രനാണ്. |
| തസ്യ ശിനിഃ | അവന്ന് ശിനിയും |
| അമിത്രഃ ച | അമിത്രനും പുത്രന്മാരാണ് |
| അമിത്രതഃ | അമിത്രനിൽനിന്ന് |
| നിമ്നഃ | നിമ്നനെന്നുപേരുള്ളവൻ |
| അഭൂത് | ഉളവായി. |

**13** **സത്രാജിതഃ പ്രസേനശ്ച നിമ്നസ്യാപ്യാസതുഃ സുതൗ**
**അനമിത്രസുതോ യോഽന്യഃ ശിനിസ്തസ്യാഥ സത്യകഃ**

| | |
|---|---|
| സത്രാജിതഃ | സത്രാജിത്തെന്നും |
| പ്രസേനഃ ച | പ്രസേനനെന്നും പേരായ |
| സുതൗ | രണ്ടുപുത്രന്മാർ |
| നിമ്നസ്യ അപി | നിമ്നനും |
| ആസതുഃ | ഉണ്ടായി. |
| അഥ | അതിനുപുറമെ |
| അനമിത്ര- സുതഃ യഃ അന്യഃ ശിനിഃ | അനമിത്രന്റെ പുത്രനായിട്ട് യാതൊരു അന്യനായ ശിനിയുണ്ടായോ, |
| തസ്യ | അവന്റെ പുത്രൻ |
| സത്യകഃ | സത്യകനാകുന്നു. |

**14** **യുയുധാനഃ സാത്യകിർവൈ ജയസ്തസ്യ കുണിസ്തതഃ**
**യുഗന്ധരോഽനമിത്രസ്യ വൃഷ്ണിഃ പുത്രോഽപരസ്തതഃ**

| | |
|---|---|
| സാത്യകിഃ | സത്യകന്റെ പുത്രൻ |
| യുയുധാനഃ | യുയുധാനൻ, |
| തസ്യ ജയഃ | അവന്റെ പുത്രൻ ജയൻ; |
| തതഃ കുണിഃ | അവനിൽനിന്ന് കുണി; |
| തതഃ | ആ കുണിയിൽനിന്ന് |
| യുഗന്ധരഃ | യുഗന്ധരൻ |
| അനമിത്രസ്യ | അനമിത്രന്ന് |
| അപരഃ | മറ്റൊരു |
| വൃഷ്ണിഃ വൈ | വൃഷ്ണിയെന്നപുത്രനുമുണ്ടായി. |

15 ശ്വഫല്കശ്ചിത്രരഥശ്ച ഗാന്ദിന്യാം ച ശ്വഫല്കതഃ
അക്രൂരപ്രമുഖാ ആസൻ പുത്രാ ദ്വാദശ വിശ്രുതാഃ

16 ആസംഗഃ സാരമേയശ്ച മൃദുരോ മൃദുവിദ് ഗിരിഃ
ധർമ്മവൃദ്ധഃ സുകർമ്മാ ച ക്ഷേത്രോപേക്ഷോഽരിമർദ്ദനഃ
ശത്രുഘ്നോ ഗന്ധമാദശ്ച പ്രതിബാഹുശ്ച ദ്വാദശ

ആ വൃഷ്ണിയിൽനിന്ന് ശ്വഫല്കൻ, ചിത്രരഥൻ എന്നിവരുണ്ടായി. ശ്വഫല്കന്ന് ഗാന്ദിനിയെന്ന പത്നിയിൽ അക്രൂരനായപ്രമുഖന്മ പുറമെ വിഖ്യാതന്മാരായ പന്ത്രണ്ടു പുത്രന്മാർ വെറെയും പിറന്നു. അവരുടെ പേരുകൾ:– ആസംഗൻ, സാരമേയൻ, മൃദുരൻ, മൃദുവിത്ത്, ഗിരി, ധർമ്മവൃദ്ധൻ, സുകർമ്മാവ്, ക്ഷേത്രോപേക്ഷൻ,അരിമർദ്ദനൻ, ശത്രുഘ്നൻ, ഗന്ധമാദൻ, പ്രതിബാഹു.

17 തേഷാം സ്വസാ സുചീരാഖ്യാ ദ്വാവക്രൂരസുതാ വപി
18 ദേവവാനുപദേവശ്ച ബഹവോ വൃഷ്ണിനന്ദനാഃ
പൃഥുർവിദൂരഥാദ്യാശ്ച ബഹവോ വൃഷ്ണിനന്ദനാഃ

| | | | |
|---|---|---|---|
| തേഷാം | അവർക്ക് | പൃഥുഃ | പൃഥുവും |
| സുചീരാഖ്യാ | സുചീരയെന്നുപേരായ | വിദൂരഥാദ്യാ– ച | വിദൂരഥൻ തുടങ്ങിയ മറ്റു ചിലരും |
| സ്വസാ | സോദരിയുണ്ടായിരുന്നു. | | |
| ദേവവാൻ | ദേവവാനെന്നും | ചിത്രരഥാ– ത്മജാഃ | ചിത്രരഥന്റെ പുത്രന്മാരാകുന്നു. |
| ഉപദേവഃ ച | ഉപദേവനെന്നും പേരായ | | |
| ദ്വൗ അപി | ഇരുവരും | ബഹവഃ | ഇങ്ങനെ വളരെപ്പേർ |
| അക്രൂരസുതൗ | അക്രൂരന്റെ പുത്രന്മാരാണ്. | വൃഷ്ണി– നന്ദനാഃ | വൃഷ്ണി വംശജാതന്മാരായിട്ടുണ്ട്. |
| തഥാ | അപ്രകാരം | | |

19 കുകുരോ ഭജമാനശ്ച ശുചിഃ കംബളബർഹിഷഃ
കുകുരസ്യ സുതോ വഹ്നിർവിലോമാ തനയസ്തതഃ

കുകുരൻ, ഭജമാനൻ, ശുചി, കംബളബർഹിഷൻ എന്നിവർ അന്ധകന്റെ പുത്രന്മാരാണ് (''കുകുരാദ്യാശ്ചത്വാരഃ അന്ധകസ്യപുത്രാ'' എന്നു പരാശരവചനം) കുകുരന്റെ പുത്രൻ വഹ്നിനിയെന്നവനും, തൽപുത്രൻ വിലോമാവും

20 കപോതരോമാ തസ്യാനുഃ സഖായസ്യ ച തുംബുരുഃ
അന്ധകോ ദുന്ദുഭിസ്തസ്മാദരിദ്യോതഃ പുനർവസുഃ

വിലോമാവിൽനിന്നു കപോതരോമാവു ജാതനായി. അവന്റെ പുത്രനായി തുംബുരുവിന്റെ മിത്രമായ അനുവും, അവനിൽനിന്ന് അന്ധകനും, അന്ധകപുത്രനായി

ദുന്ദുഭിയും, ആയവനിൽനിന്ന് അരിദ്യോതനം, അവന്റെ പുത്രനായി പുനർവസുവും ഉണ്ടായി.

**21 തസ്യാശ്ചാഹുകശ്ചാ ഹുകീച കന്യ വൈവാഹുകാത്മജൗ**
**ദേവകശ്ചോഗ്രസേനശ്ച ചത്വാരോ ദേവകാത്മജാഃ**

**22 ദേവവാനുപദേവശ്ച സുദേവോ ദേവവർദ്ധനഃ**
**തേഷാം സ്വസാരഃ സപ്താസൻ ധൃതദേവാദയോ നൃപ**

**23 ശാന്തിദേവോപദേവാച ശ്രീദേവാ ദേവരക്ഷിതാ**
**സഹദേവാ ദേവകീ ച വസുദേവ ഉവാഹ താഃ**

ആ പുനർവസുവിന്ന് ആഹുകനെന്ന പുത്രനും, ആഹുകിയെന്ന പുത്രിയുമുണ്ടായി. ദേവകനും ഉഗ്രസേനനും ആഹുകന്റെ പുത്രന്മാരായിരുന്നു. ദേവവാൻ, ഉപദേവൻ, സുദേവൻ, ദേവവർദ്ധനൻ എന്നീ നാലുപേർ ദേവകന്റെ പുത്രന്മാരാകുന്നു. അവക്ക സഹോദരിമാർ ഏഴുപേരുണ്ടായി. രാജാവേ! ധൃതദേവാദികളായ അവരുടെ പേരുകാം പറയാം—ധൃതദേവ, ശാന്തിദേവ, ഉപദേവ, ശ്രീദേവ, ദേവരക്ഷിത, സഹദേവ, ദേവകി അവരെ എല്ലാവരെയും വസുദേവൻ വിവാഹം ചെയ്തു.

**24 കംസഃ സുനാമാന്യഗ്രോധഃ കങ്കഃ ശങ്കുസുഹൂസ്തഥാ**
**രാഷ്ട്രപാലോƒഥ സൃഷ്ടിശ്ച തുഷ്ടിമാനൗഗ്രസേനയഃ**

ഉഗ്രസേനന്റെ പുത്രന്മാർ ഇവരാണ്:– കംസൻ, സുനാമാവ്, ന്യഗ്രോധൻ, കങ്കൻ, ശങ്കു, സുഹൂ, രാഷ്ട്രപാലൻ, സൃഷ്ടി, തുഷ്ടിമാൻ

**25 കംസാ കംസവതീ കങ്കാ ശൂരഭൂ രാഷ്ട്രപാലികാ**
**ഉഗ്രസേനദുഹിതരോ വസുദേവാനുജസ്ത്രിയഃ**

കംസാ, കംസവതി, കങ്ക, ശൂരഭൂ, രാഷ്ട്രപാലിക എന്നിവർ ഉഗ്രസേനന്റെ പുത്രികളും വസുദേവന്റെ അനുജന്മാരുടെ ഭാര്യമാരുമാകുന്നു.

അന്ധകപുത്രന്മാരായി നാലുപേരുള്ളതിനാൽ ഒന്നാമനായ കുകരന്റെ വംശം വിസ്തരിച്ചതിനുശേഷം ഇനി ദ്വിതീയനായ ഭജമാനന്റെ വംശം വിസ്തരിക്കുന്നു.

**26 ശൂരോ വിദൂരഥാദാസീദ്ഭജമാനഃ സുതസ്തതഃ**
**ശിനിസ്തസ്മാത്സ്വയം ഭോജോ ഹൃദീകസ്തത്സുതോ മതഃ**

അന്ധകന്റെ ദ്വിതീയപുത്രനായി ഭജമാനൻ ജനിച്ചു. അവനിൽ നിന്നു വിദൂരഥനും, വിദൂരഥനിൽനിന്നു ശൂരനും, അവനിൽനിന്ന് ശിനിയും, ശിനിയിൽനിന്നു സ്വയംഭോജനും, തൽപുത്രനായി ഹൃദീകനും ജനിച്ചു.

"ഭജമാനാച്ച വിദൂരഥഃ പുത്രോഽഭൂത്; വിദൂരഥാച്ച ശൂരം" (ഭജമാനനിൽ നിന്ന് വിദൂരഥൻ പുത്രനായി ഭവിച്ചു; വിദൂരഥനിൽനിന്ന് ശൂരനും) എന്നിങ്ങനെയുള്ള പരാശരാദിവചനമനുസരിച്ച് ശ്രീധരാചാര്യർ മേൽ പറഞ്ഞവിധം അർത്ഥകല്പനചെയ്തതാണ്. ഇതിൽ ദുർഘടന തോന്നുമെന്നു കരുതി ആചാര്യർ പക്ഷാന്തരം നിർദേശിച്ചിരിക്കുന്നു. "പൃഥുർവിദൂരഥാദ്യാശ്ച ബഹവോ വൃഷ്ണിനന്ദനാഃ" (ശ്ലോ. 18) വൃഷ്ണിയുടെ പിൻതുടർച്ചക്കാരനായ ചിത്രരഥന്റെ പുത്രന്മാരിൽ ഒരുവനായ വിദൂരഥനിൽനിന്ന് ശൂരനും, ശൂരനിൽനിന്ന് ഭജമാനനും, ഭജമാനനിൽ നിന്ന് ശിനിയും–(പിന്നെ മാററമില്ല.)

**27 ദേവബാഹുഃ ശതധനുഃ കൃതവർമ്മേതി തത്സുതാഃ**
**ദേവമീഢസ്യ ശൂരസ്യ മാരിഷാ നാമ പത്ന്യഭൂത്**

ദേവബാഹു, ശതധനുസ്സ്, കൃതവർമ്മാവ് എന്നിങ്ങനെയുള്ളവർ ഹൃദീകന്റെ പുത്രന്മാരാകുന്നു. ദേവമീഢനും ഹൃദീകപുത്രനാണ്* ആ ദേവമീഢന്റെ പുത്രനായ ശൂരനെന്നവനു മാരിഷയെന്നു പേരായ പത്നിയുണ്ടായിരുന്നു.

* "തസ്യാപി കൃതവർമ്മശതധനുർദേവമീഢുഷാദ്യാഃ ബഭ്രുവുഃ" (ഹൃദീകന്ന് കൃതവർമ്മാവ്, ശതധനുസ്സ്, ദേവമീഢുഷൻ മുതലായ പുത്രന്മാരുണ്ടായി) എന്ന പരാശരവചനം തന്നെ ഇവിടെയും പ്രമാണം.

**28 തസ്യാം സ ജനയാമാസ ദശ പുത്രാനകല്മഷാൻ**
**വസുദേവം ദേവഭാഗം ദേവശ്രവസമാനകം**
**സൃഞ്ജയം ശ്യാമകം കങ്കം ശമീകം വത്സകം വൃകം**

| | | | |
|---|---|---|---|
| സ്യാം സഃ | അവളിൽ അവൻ (മാരിഷയിൽ ദേവമീഢപുത്രനായ ശൂരൻ) | അകല്മഷാൻ | വിശുദ്ധന്മാരായ |
| | | ദശപുത്രാൻ | പത്തുപുത്രന്മാരെ |
| | | ജനയാമാസ | ഉത്പാദിപ്പിച്ചു— |

വസുദേവൻ, ദേവഭാഗൻ, ദേവശ്രവസ്സ്, ആനകൻ, സൃഞ്ജയൻ, ശ്യാമകൻ, കങ്കൻ, ശമീകൻ, വത്സകൻ, വൃകൻ എന്നിവരെ.

**29 ദേവദുന്ദുഭയോ നേദുരാനകാ യസ്യ ജന്മനി**

**30 വസുദേവം ഹരേഃ സ്ഥാനം വദന്ത്യാനകദുന്ദുഭിം**
**പൃഥാ ച ശ്രുതദേവാ ച ശ്രുതകീർത്തിഃ ശ്രുതശ്രവാഃ**

**31 രാജാധിദേവീ ചൈതേഷാം ഭഗിന്യഃ പഞ്ച കന്യകാഃ**
**കുന്തേഃ സഖ്യുഃ പിതാശൂരോഹ്യപുത്രസ്യ പൃഥാമദാത്**

| | |
|---|---|
| യസ്യ | യാതൊരാളുടെ |
| ജന്മനി | ജനനസമയത്ത് |
| ദേവ–ദുന്ദുഭയഃ | ദേവന്മാരുടെ ദുന്ദുഭികളും (പെരുമ്പറവാദ്യങ്ങളും) |
| ആനകാഃ | ആനകങ്ങളും (ഭേരികളും) |
| നേദുഃ | മുഴങ്ങിയിരുന്നുവോ, |
| ഹരേഃ | ശ്രീകൃഷ്ണ ഭഗവാന്റെ |
| സ്ഥാനം | ജന്മസ്ഥാനമായ |
| വസുദേവം | ആ വസുദേവനെ |
| ആനക–ദുന്ദുഭിഃ | "ആനകദുന്ദുഭി" യെന്ന ഉപനാമത്തോടു കൂടിയവനായിട്ട് |
| വദന്തി | പറയുന്നു |
| ഏതേഷാം | ഈ വസുദേവാദികളുടെ |
| ഭഗിന്യഃ | സഹോദരിമാരായി |

| | |
|---|---|
| പഞ്ച | അഞ്ച് |
| കന്യകാഃ | കന്യകമാരുണ്ടായി– |
| പൃഥാ ച | പൃഥയും |
| ശ്രുതദേവാ ച | ശ്രുതദേവയും, |
| ശ്രുതകീർത്തിഃ | ശ്രുതകീർത്തിയും, |
| ശ്രുതശ്രവാഃ | ശ്രുതശ്രവസ്സും, |
| രാജാധി–ദേവീ ച | രാജാധിദേവിയും - (എന്നീ പേരുകളാണ് അവർക്ക്) |
| പിതാ ശൂരഃ | പിതാവായ ശൂരൻ |
| സഖ്യുഃ | തന്റെ സഖാവായ |
| കുന്തേഃ | കുന്തിഭോജന്ന് |
| പൃഥാം | പൃഥയെ |
| അദാത് | (വളർത്തുപുത്രിയായി) കൊടുത്തു |

പൃഥയ്ക്കു കന്യകാവസ്ഥയിൽ കർണ്ണനെന്ന പുത്രൻ പിറക്കുവാനിടയായ കഥ ഇനി അഞ്ചുശ്ലോകങ്ങൾകൊണ്ടു പറയുന്നു.

**32 സാപ ദുർവാസസോ വിദ്യാം ദേവഹൂതീം പ്രതോഷിതാത്**
**തസ്യാ വീര്യപരീക്ഷാർത്ഥമാജുഹാവ രവിം ശുചിം**

| | |
|---|---|
| സാ | അവൾ |
| പ്രതോഷിതാത് | പരിചരണത്താൽ നല്ലപോലെ സന്തോഷിപ്പിക്കപ്പെട്ട |
| ദുർവാസസഃ | ദുർവാസസ്സുമുനിയിൽനിന്ന് |
| ദേവഹൂതിം | ദേവന്മാരെ ആഹ്വാനം ചെയ്തുവരുത്തുന്നതായ |
| വിദ്യാം | വിദ്യയെ |

| | |
|---|---|
| ആപ | വശത്താക്കി |
| തസ്യാഃ | അതിന്റെ |
| വീര്യ–പരീക്ഷാർത്ഥം | ശക്തി പരീക്ഷിച്ചു നോക്കുന്നതിന്നുവേണ്ടി |
| ശുചിം | ജ്യോതിർമ്മയനായ |
| രവി | സൂര്യദേവനെ |
| ആജുഹാവ | ആഹ്വാനം ചെയ്തു. |

**33 തദൈവോപാഗതം ദേവം വീക്ഷ്യ വിസ്മിതമാതസാ**
**പ്രത്യയാർത്ഥം പ്രയുക്താ മേ യാഹി ദേവ ക്ഷമസ്വ മേ**

| | |
|---|---|
| തദാഏവ | തൽക്ഷണം തന്നെ |
| ഉപാഗതം | സമീപത്തെത്തിയ |
| ദേവംവീക്ഷ്യ | സൂര്യദേവനെക്കണ്ടു് |

| | |
|---|---|
| വിസ്മിത–മാനസാ | വിസ്മയം ചേർന്നമനസ്സോടു കൂടിയവളായി ഭവിച്ച |
| (സാ ആഹ) | അവൾ പറഞ്ഞു– |

| | | | |
|---|---|---|---|
| ദേവ | "ഭഗവാൻ! | പ്രയുക്താ | പ്രയോഗിക്കപ്പെട്ടതാണ് |
| മേ | എന്നാൽ | യാഹി | പോയിക്കൊണ്ടാലും |
| പ്രത്യയാർത്ഥം | പരീക്ഷിച്ചുനോക്കി ഉറപ്പുവരുത്തുവാൻ | മേ ക്ഷമസ്വ | എന്നോട് ക്ഷമിക്കണേ!" |

പൃഥയുടെ അപേക്ഷയ്ക്കു സൂര്യന്റെ മറുപടി ഇതായിരുന്നു:-

**34 അമോഘം ദർശനം ദേവി ആധത്സേ ത്വയി ചാത്മജം**
**യോനിർയഥാ ന ദുഷ്യേത കർത്താഹം തേ സുമധ്യമേ**

| | | | |
|---|---|---|---|
| ദേവി | "ഹേ ദേവി! | സുമധ്യമേ | സുന്ദരാംഗി! |
| (മേ) ദർശനം | എന്റെ ദർശനം | യഥാ | ഏതുവിധമായാൽ |
| അമോഘം | വിഫലമായതല്ല. | തേ യോനിഃ | നിന്റെ ഗുഹ്യാവയവം |
| ത്വയി | നിന്നിൽ | ന ദുഷ്യേത | ദോഷപ്പെടുകയില്ലയോ, |
| ആത്മജം | ഒരു പുത്രനെ | (തഥാ) | ആ വിധം |
| ആധത്സേ ച | ആധാനം ചെയ്യുന്നതുമുണ്ട് | അഹം കർത്താ | ഞാൻ ചെയ്തുകൊള്ളാം" |

**35 ഇതി തസ്യാം സ ആധായ ഗർഭം സൂര്യോ ദിവം ഗതഃ**
**സദ്യഃ കുമാരഃ സംജജ്ഞേ ദ്വിതീയ ഇവ ഭാസ്കരഃ**

| | | | |
|---|---|---|---|
| ഇതി | എന്നിങ്ങനെ പറഞ്ഞ് | സദ്യഃ | ഉടൻതന്നെ |
| സഃ സൂര്യഃ | ആ സൂര്യദേവൻ | ദ്വിതീയഃ | രണ്ടാമത്തെ |
| തസ്യാം | അവളിൽ | ഭാസ്കരഃ ഇവ | സൂര്യനെപ്പോലെ |
| ഗർഭം | ഗർഭത്തെ | കുമാരഃ | ഒരു ബാലൻ |
| ആധായ | ആധാനം ചെയ്ത് | സംജജ്ഞേ | സംജാതനായി. |
| ദിവം ഗതഃ | അന്തരീക്ഷത്തിലേക്ക പോയി. | | |

**36 തം സാത്യജന്നദീതോയേ കൃച്ഛ്രാല്ലോകസ്യ ബിഭ്യതീ**
**പ്രപിതാമഹസ്താമുവാഹ പാണ്ഡുർവൈ സത്യവിക്രമഃ**

| | | | |
|---|---|---|---|
| സാ | അവൾ | സത്യവിക്രമഃ | യഥാർത്ഥപരാക്രമിയും |
| ലോകസ്യ-വിഭ്യതീ | ലോകാപവാദത്തെ ഭയന്നുകൊണ്ട് | പ്രപിതാമഹഃ | അങ്ങയുടെ മുതുമുത്തച്ഛനായ |
| കൃച്ഛ്രാത് | ദുഃഖത്തോടെ | പാണ്ഡുഃ | പാണ്ഡുരാജാവ് |
| നദീതോയേ | പുഴവെള്ളത്തിൽ | താം വൈ | അവളെ യഥാകാലം |
| തം | ആ ബാലനെ | ഉവാഹ | വിവാഹം ചെയ്തു. |
| അത്യജത് | തള്ളിവിട്ടു. | | |

37 ശ്രുതദേവാം തു കാരൂഷോ വൃദ്ധശര്‍മ്മാ സമഗ്രഹീത്
യസ്യാമഭൂദ് ദന്തവക്രഃ ഋഷിശപ്തോ ദിതേഃ സുതഃ

| | | | |
|---|---|---|---|
| കാരൂഷഃ | കരൂഷദേശാധിപനായ | ദിതേഃ | ആദിയില്‍ ദിതിയുടെ |
| വൃദ്ധശര്‍മ്മാതു | വൃദ്ധശര്‍മ്മാവാകട്ടെ | സുതഃ | പുത്രനായ ഹിരണ്യാക്ഷനായിപ്പിറന്ന |
| ശ്രുതദേവാം | ശ്രുതദേവയെ | | |
| സമഗ്രഹീത് | സ്വീകരിച്ചു. | | |
| യസ്യാം | യാതൊരുവളില്‍ | ദന്തവക്ത്രഃ | ദന്തവക്ത്രന്‍ |
| ഋഷിശപ്തഃ | സനകാദിമുനികളാല്‍ ശപിക്കപ്പെട്ട് | അഭൂത് | ഉദ്ഭവിച്ചു. |

38 കൈകേയോ ധൃഷ്ടകേതുശ്ച ശ്രുത കീര്‍ത്തിമവിന്ദത
സന്തര്‍ദനാദയസ്തസ്യാം പഞ്ചാസന്‍ കൈകയാഃ സുതാഃ

| | | | |
|---|---|---|---|
| കൈകേയഃ | കേകയദേശാധിപനായ | കൈകയാഃ | കൈകയന്മാരെന്ന് അറിയപ്പെടുന്ന |
| ധൃഷ്ടകേതുഃ ച | ധൃഷ്ടകേതുവാകട്ടെ | | |
| ശ്രുതകീര്‍ത്തിം | ശ്രുതികീര്‍ത്തിയെ | സന്തര്‍ദനാ- ദയഃ പഞ്ചഃ | സന്തര്‍ദനന്‍ മുതലായുള്ള അഞ്ചു |
| അവിന്ദത | കൈക്കൊണ്ടു. | സുതാഃ ആസന്‍ | പുത്രന്മാര്‍ ഉണ്ടായി. |
| തസ്യാം | അവളില്‍ | | |

39 രാജാധിദേവ്യാമാവന്ത്യൗ ജയസേനോ ജനിഷ്ട ഹ
ദമഘോഷശ്ചേദി രാജഃ ശ്രുതശ്രവസമഗ്രഹീത്

| | | | |
|---|---|---|---|
| ജയസേനഃ | ജയസേനന്‍ | അജനിഷ്ട ഹ | ജനിപ്പിച്ചപ്പോള്‍ |
| രാജാധി- ദേവ്യാ | രാജാധിദേവില്‍ | ചേദിരാജഃ | ചേദിദേശത്തിലെ രാജാവായ |
| ആവന്ത്യൗ | അവന്തിദേശം വാഴുവാന്‍ പോകുന്ന വിന്ദാനുവിന്ദന്മാരെ | ദമഘോഷഃ | ദമഘോഷന്‍ |
| | | ശ്രുതശ്രവസം | ശ്രുതശ്രവസ്സിനെ |
| | | അഗ്രഹീത് | സ്വീകരിച്ചു. |

വസുദേവരുടെ സഹോദരിമാരുടെ ഭര്‍ത്താക്കളെയും പുത്രന്മാരെയും കുറിച്ച് ഇത്രയും പ്രസ്താവിച്ചശേഷം ഇനി അദ്ദേഹത്തിന്‍റെ സഹോദരന്മാരുടെ ഭാര്യമാരെയും പുത്രന്മാരെയും പററി, 'ദേവ ഭാഗസ്യ' ഇത്യാദി 9 ശ്ലോകാര്‍ദ്ധങ്ങളാല്‍ പറയുന്നു.

**40 ശിശുപാലഃ സുതസ്തസ്യാഃ കഥിതസ്തസ്യ സംഭവഃ**
**ദേവഭാഗസ്യ കംസായാം ചിത്രകേതുബൃഹദ്ബലൗ**

| | | | |
|---|---|---|---|
| തസ്യാഃ | ആ ശ്രുതശ്രവസ്സിന്റെ | ദേവഭാഗസ്യ | വസുദേവസഹോദരനായ ദേവഭാഗന്ന് |
| സുതഃ | പുത്രനാണ് | | |
| ശിശുപാലഃ | ശിശുപാലൻ | കംസായാം | കംസയെന്നവളിൽ |
| തസ്യ | അവന്റെ | | |
| സംഭവഃ | ഉദ്ഭവചരിത്രം | ചിത്രകേതു- ബൃഹദ്ബലൗ | ചിത്രകേതുവും ബൃഹദ്ബലനും ജാതരായി |
| കഥിതഃ | കഥിക്കപ്പെട്ടതാകുന്നു (7-ാമത്തെ സ്കന്ധത്തിൽ) | | |

**41 കംസവത്യാം ദേവശ്രവസഃ സുവീര ഇഷുമാംസ്തഥാ**
**കങ്കായാമാനകാജ്ജാതഃ സത്യജിത് പുരുജിത്തഥാ**

| | | | |
|---|---|---|---|
| ദേവശ്രവസഃ | ദേവശ്രവസ്സിന്ന് | തഥാ | അപ്രകാരം |
| കംസവത്യാം | കംസവതിയിൽ | ആനകാത് | ആനകനിൽനിന്ന് |
| സുവീരഃ | സുവീരൻ, | കങ്കായാം | കങ്കയിൽ |
| ഇഷുമാൻ | ഈഷുമാൻ എന്നിവരുണ്ടായി | സത്യജിത് | സത്യജിത്തും, |
| | | പുരുജിത് | പുരുജിത്തും ഉണ്ടായി |

**42 സൃഞ്ജയോ രാഷ്ട്രപാല്യാം ച വൃഷദുർമ്മർഷണാദികാൻ**
**ഹരീകേശഹിരണ്യാക്ഷൗ ശൂരഭൂമ്യാം ച ശ്യാമകഃ**

| | | | |
|---|---|---|---|
| സൃഞ്ജയഃ | സൃഞ്ജയൻ | ശൂരഭൂമ്യാം | ശൂരഭൂമിയെന്നവളിൽ |
| രാഷ്ട്രപാല്യാം | രാഷ്ട്രപാലിയിൽ | | |
| വൃഷദുർമ്മർഷ- ണാദികാൻ ച | വൃഷൻ, ദുർമ്മർഷണൻ മുതലായവരെയും | ഹരികേശ- ഹിരണ്യാ- ക്ഷൗ ച | ഹരികേശൻ, ഹിരണ്യാക്ഷൻ മുതലായവരെയും ഉദ്പാദിപ്പിച്ചു. |
| ശ്യാമകഃ | ശ്യാമകൻ | | |

**43 മിശ്രകേശ്യാമപ്സരസി വൃകാദീൻ വത്സകസ്തഥാ**
**തക്ഷപുഷ്കരശാലാദീൻ ദുർവ്വാക്ഷ്യാം വൃക ആദധേ**

| | | | |
|---|---|---|---|
| വത്സകഃ | വത്സകൻ | വൃകഃ | വൃകൻ |
| മിശ്രകേശ്യാം | മിശ്രകേശിയെന്ന | ദുർവ്വാക്ഷ്യാം | ദുർവ്വാക്ഷിയിൽ |
| അപ്സരസി | അപ്സരഃ സ്ത്രീയിൽ | തക്ഷപുഷ്കര- ശാലാദീൻ | തക്ഷൻ, പുഷ്കരൻ, ശാല മുതലാവരെയും |
| വൃകാദീൻ | വൃകൻ മുതലായവരെയും, | | |
| തഥാ | അപ്രകാരം | ആദധേ | ഉത്പാദിപ്പിച്ചു. |

**44 മിത്രാർജ്ജുനപാലാദീൻ ശമീകാത്തു സുദാമിനീ**
**കങ്കശ്ച കർണ്ണികായാം വൈ ഋതധാമജയാവപി**

| | | | |
|---|---|---|---|
| ശമീകാത്,ത്തു | ശമീകനിൽനിന്ന് | കങ്കഃ ച | കങ്കനാകട്ടെ |
| സുദാമിനീ | തൽപത്നിയായസുദാമിനി | കർണ്ണികായാം വൈ | കർണ്ണികയെന്ന പേരായ സ്വപത്നിയിൽ |
| സമിത്രാർജ്ജന-പാലാദീൻ | സുമിത്രൻ, അർജ്ജുനൻ, പാലൻ മുതലാവരെയും, | ഋതധാമ-ജയൗ അപി | ഋതധാമനെയുംജയനെയും ഉത്പാദിപ്പിച്ചു. |

വസുദേവരുടെ പത്നിമാരെയും പുത്രന്മാരെയും ഇനി 11 ശ്ലോകങ്ങൾകൊണ്ടു പറയുന്നു —

**45 പൗരവീ രോഹിണീ ഭദ്രാ മദിരാരോചനാ ഇലാ**
**ദേവകീപ്രമുഖാ ആസൻ പത്ന്യ ആനകദുന്ദുഭേഃ**

പൗരവീ, രോഹിണീ, ഭദ്ര, മദിര, ഇള, ദേവകി മുതലായ പത്നിമാർ വസുദേവക്കുണ്ടായിരുന്നു.

**46 ബലം ഗദം സാരണം ച ദുർമ്മദം വിപുലം ധ്രുവം**
**വസുദേവസ്തു രോഹിണ്യാം കൃതാദീനുദപാദയത്**

വസുദേവൻ രോഹിണിയിൽ ബലൻ, ഗദൻ, സാരണൻ, ദുർമ്മദൻ, വിപുലൻ, ധ്രുവൻ എന്നിവരെയും കൃതൻ തുടങ്ങിയവരെയും ഉത്പാദിപ്പിച്ചു.

**47 സുഭദ്രോഭദ്രവാഹശ്ച ദുർമ്മദോ ഭദ്ര ഏവ ച**
**പൗരവ്യാസ്തനയാ ഹ്യേതേ ഭൂതാദ്യാ ദ്വാദശാഭവൻ**

സുഭദ്രൻ, ഭദ്രവാഹൻ, ദുർമ്മദൻ, ഭദ്രൻ എന്നിവരും ഭൂതൻ തുടങ്ങിയവരും ആയ ഈ പന്ത്രണ്ടുപേർ പൗരവിയുടെ മക്കളാകുന്നു.

**48 നന്ദോപനന്ദകൃതകശൂരാദ്യാ മദിരാത്മജാഃ**
**കൗസല്യാ കേശിനം ത്വേകമസൂത കുലനന്ദനം**

മദിരയുടെ പുത്രന്മാർ നന്ദൻ, ഉപനന്ദൻ, കൃതകൻ, ശൂരൻ മുതലായവരാകുന്നു. കോസലപുത്രിയായ ഭദ്രയാകട്ടെ കേശിയെന്നുപേരുള്ള വംശാനന്ദകരനായ ഏകപുത്രനെമാത്രം പ്രസവിച്ചു.

49 രോചനായാമതോ ജാതാ ഹസ്തഹേമാംഗദാദയഃ
ഇളായാമുരുവല്കാദീൻ യദുമുഖ്യാനജീജനത്

വസുദേവക്ക രോചനയിൽ ഹസ്തൻ, ഹേമാംഗദൻ മുതലായ പുത്രന്മാർ ജാതരായി. അദ്ദേഹം ഇളയിൽ ഉരുവല്കൻ മുതലായുള്ള യാദവമുഖ്യന്മാരെയും ജനിപ്പിച്ചു.

50 വിപൃഷ്ഠോ ധൃതദേവായാമേക ആനകദുന്ദുഭേഃ
ശാന്തിദേവാത്മജാ രാജഞ്ഛ്രമപ്രതിശ്രുതാദയഃ

വസുദേവർക്ക ധൃതദേവിയിൽ വിപൃഷ്ഠനെന്ന പേരായ ഒരു പുത്രനുണ്ടായി. അല്ലയോ രാജാവേ! ശ്രമൻ, പ്രതിശ്രുതൻ മുതലായവർ ശാന്തിദേവിയിൽ ജനിച്ച വസുദേവസുതന്മാരാണ്.

51 രാജാനഃ കല്പവർഷാദ്യാ ഉപദേവാസുതാ ദശ
വസുഹംസസുവംശാദ്യ ശ്രീദേവായാസ്തു ഷട് സുതാഃ

കല്പവർഷൻ മുതലായ പത്തു രാജാക്കന്മാർ ഉപദേവാപുത്രന്മാരും; വസുംവംശൻ, സുവംശൻ തുടങ്ങിയ ആറുപേർ ശ്രീദേവായെന്നവളുടെ പുത്രന്മാരുമാണ്.

52 ദേവരക്ഷിതയാ ലബ്ധാ നവചാത്ര ഗദാദയഃ
വസുദേവഃ സുതാവഷ്ടാവാദധേ സഹദേവയാ
പുരുവിശ്രുതമുഖ്യാംസ്തു സാക്ഷാദ് ധർമ്മോ വസൂനിവ

ഗദൻ മുതലായ ഒമ്പതുപേർ വസുദേവരിൽനിന്ന് ദേവരക്ഷിതയ്ക്കുണ്ടായവരാകുന്നു. (സാക്ഷാദ്ധർമ്മഃ വസൂൻ ഇവ) = സാക്ഷാൽ ധർമ്മദേവൻ അഷ്ടവസുക്കളെയെന്നപോലെ (പുരുവിശ്രുതമുഖ്യാൻ) = പുരു, വിശ്രുതൻ മുതലായ = (അഷ്ടൗ സുതാൻ വസുദേവഃ സഹദേവയാ ആദധേ) = എട്ടുപുത്രന്മാരെ വസുദേവൻ സഹദേവയെന്ന പത്നിയോടു കൂടി ആധാനം ചെയ്തു.

53 വസുദേവസ്തു ദേവക്യാമഷ്ടപുത്രാനജീജനത്
54 കീർത്തിമന്തം സുഷേണം ച ഭദ്രസേനമുദാരധീഃ
ഋജ്ജും സമ്മർദ്ദനം ഭദ്രം സങ്കർഷണമഹീശ്വരം

ഉദാരമനസ്സനായ വസുദേവനാകട്ടെ ദേവകീദേവിയിൽ എട്ടുപുത്രന്മാരെ ഉത്പാദിപ്പിച്ചു. കീർത്തിമാൻ, സുഷേണൻ, ഭദ്രസേനൻ, ഋജ്ജു, സമ്മർദ്ദനൻ, ഭദ്രൻ, (അഹീശ്വരം സങ്കർഷണം)=സർപ്പരാജാവായ അനന്തൻ എന്നിവരാണ് അവരിൽ ഏഴുപേർ

55 അഷ്ടമസ്തു തയോരാസീത്
സ്വയമേവ ഹരിഃ കില
സുഭദ്രാ ച മഹാഭാഗാ
തവ രാജൻ പിതാമഹീ

| | | | |
|---|---|---|---|
| തയോഃ | അവരുടെ (ദേവകീവസുദേവന്മാരുടെ | രാജൻ | ഹേ രാജൻ |
| അഷ്ടമഃ തു | എട്ടാമത്തെ പുത്രനായി | തവ | അങ്ങയുടെ |
| ഹരിഃ | ശ്രീമഹാവിഷ്ണു | പിതാമഹീ | മുത്തശ്ശിയായ |
| സ്വയം ഏവ | തന്നെത്താൻ* | മഹാഭാഗ | മഹാഭാഗ്യവതി |
| ആസീത് കില | അവതരിച്ചു പോൽ | സുഭദ്രാച | സുഭദ്രാദേവിയും (അവരുടെ പുത്രിയായി പിറന്നു.) |

*പ്രാരബ്ധകർമ്മവശാൽ ഉത്പന്നനായതോ, മാതാപിതാക്കളാൽ ഉത്പാദിതനായതോ അല്ലെന്നു 'സ്വയമേവ' എന്ന പദപ്രയോഗത്താൽ സൂചിപ്പിച്ചു.

ഇതുതന്നെ അടുത്ത മൂന്നുശ്ലോകംകൊണ്ടു് ഉപപാദിക്കുന്നു.

56 യദാ യദേഹധർമ്മസ്യ ക്ഷയോ വൃദ്ധിശ്ച പാപ്മനഃ
തദാ തു ഭഗവാനീശ ആത്മാനം സൃജതേ ഹരിഃ

| | | | |
|---|---|---|---|
| ഇഹ | ലോകത്തിൽ | തദാ തു | അപ്പോഴെല്ലാം |
| യദായദാ | എപ്പോഴെല്ലാം | ഭഗവാൻ | സൈശ്വര്യാദി സംപൂർണ്ണനും, |
| ധർമ്മസ്യ | ധർമ്മത്തിന്റെ (സത്കർമ്മത്തിന്റെ) | ഈശഃ | സർവ്വസമർത്ഥനും, |
| ക്ഷയഃ | കുറവും, | ഹരിഃ | ഭക്തസന്താപ ഹരനമായ ശ്രീഹരി |
| പാപ്മനഃ | അധർമ്മത്തിന്റെ (ദുഷ്കർമ്മത്തിന്റെ) | ആത്മാനം സൃജതേ | ആത്മാവിനെ സൃഷ്ടിക്കുന്നു– ഉടലെടുക്കുന്നു–അവതരിക്കുന്നു. |
| വൃദ്ധിഃ ച | വളർച്ചയും സംഭവിക്കുന്നുവോ, | | |

57 ന ഹ്യസ്യ ജന്മനോ ഹേതുഃ കർമ്മണോ വാ മഹീപതേ
ആത്മമായാം വിനേശസ്യ പരസ്യ ദ്രഷ്ടുരാത്മനഃ

| | | | |
|---|---|---|---|
| മഹീപതേ | രാജാവേ! | ജന്മനഃ | ജന്മത്തിനോ, |
| ഈശസ്യ | മായയുടെ നിയന്താവും | കർമ്മണഃ വാ | കർമ്മത്തിനോ, |
| പരസ്യ | പ്രകൃതികാര്യങ്ങളിൽ നിന്നകന്നവനും | ആത്മമായാം വിനാ | തന്റെ മായാവിനോദം മാത്രമല്ലാതെ വേറെ |
| ദ്രഷ്ടു | സർവ്വസാക്ഷിയും | ഹേതുഃ നഹി | യാതൊന്നും കാരണമാകയില്ലല്ലോ |
| ആത്മനഃ | സർവ്വാന്തര്യാമിയുമായ | | |
| അസ്യ | ഈ സർവ്വേശ്വരന്റെ | | |

**58 യന്മായാചേഷ്ടിതം പുംസഃ സ്ഥിത്യുത്പത്ത്യപ്യയായ ഹി**
**അനുഗ്രഹസ്തന്നിവൃത്തേരാത്മലാഭായ ചേഷ്യതേ**

| | | | |
|---|---|---|---|
| യന്മായാ–ചേഷ്ടിതം | യാതൊരുവൻെറ മായാശക്തിയുടെ പ്രവൃത്തനം | സ്ഥിത്യുത്പത്ത്യ-പ്യയായ | ആമായാപ്രവൃത്തനം ജീവരാശിയുടെ സ്ഥിതിക്കും ഉത്പത്തിക്കും ലയത്തിനും |
| പുംസഃ | ജീവാത്മാവിന്ന് | തന്നിവൃത്തേഃ | അതിൽനിന്നുള്ള വിമോചനത്താൽ |
| അനുഗ്രഹഃ | അനുഗ്രഹമായിത്തീരുന്നു, | ആത്മലാഭായ ച ഇഷ്യതേ | ആത്മസാക്ഷാൽക്കാരസ്വരൂപമായ മുക്തിക്കും ഉതകുന്നു. |
| ഹി | എങ്ങനെയെന്നാൽ, | | |

സർവ്വേശ്വരൻെറ മായാവിചേഷ്ടിതം ജീവരാശികളുടെ ഉദ്ഭവസ്ഥിതിലയങ്ങൾക്കുഹേതുവായിരിക്കുന്നതിനാൽ ലോകാനുഗ്രഹപ്രദമാകുന്നു. മായയിൽനിന്നുള്ള വിമോചനം ആത്മസാക്ഷാൽക്കാരത്തിന്നും പ്രയോജകീഭവിക്കുന്നു. എന്നിരിക്കെ ആ സച്ചിത്സ്വരൂപന്ന് കർമ്മാധീനത സംഭാവ്യമാണോ? ജന്മഹേതുകത്വം ഉണ്ടാകുമോ? മായാവിനോദം മാത്രമാണ് അവതാരോദ്ദേശ്യം.

ഇങ്ങനെ ഈശ്വരാവതാരോദ്ദേശ്യത്തെ പൊതുവിൽ പറഞ്ഞശേഷം കൃഷ്ണാവതാരത്താൽ ഭഗവാൻ നിർവ്വഹിച്ചകാര്യം ചുരുക്കിപ്പറയുന്നു—

**59 അക്ഷൗഹിണീനാം പതിഭിരസുരൈർനൃപലാഞ്ഛനൈഃ**
**ഭുവ ആക്രമ്യമാണായാ അഭാരായ കൃതോദ്യമഃ**

**60 കർമ്മാണ്യപരിമേയാണി മനസാപി സുരേശ്വരൈഃ**
**സഹസംകർഷണശ്ചക്രേ ഭഗവാൻ മധുസൂദനഃ**

| | | | |
|---|---|---|---|
| മധുസൂദനഃ | മധുവെന്ന അസുരൻെറ നിഹന്താവായ | ആക്രമ്യ–മാണായാഃ | ആക്രമിക്കപ്പെട്ടുകൊണ്ടിരുന്ന |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ഭുവഃ | ഭൂമിയുടെ |
| സഹ–സംകർഷണഃ | ആദിശേഷമൂർത്തിയായ ശ്രീബലരാമനോടുകൂടിയവതരിച്ച്, | അഭാരായ | ഭാരത്തെ ഇല്ലാതാക്കുന്നതിന്നായി |
| അക്ഷൗഹിണീനാം | അസംഖ്യം അക്ഷൗഹിണികളുടെ * | കൃതോദ്യമഃ | പരിശ്രമിക്കുന്നവനായിട്ട് |
| പതിഭിഃ | നായകന്മാരും | സുരേശ്വരൈഃ | ഇന്ദ്രാദിദേവമുഖ്യന്മാരാൽ |
| നൃപ–ലാഞ്ഛനൈഃ | ക്ഷത്രിയരാജാക്കന്മാരുടെ ബാഹ്യലക്ഷണങ്ങളോടുകൂടിയവരുമായ | മനസാ അപി | മനസ്സുകൊണ്ടുപോലും |
| അസുരൈഃ | അസുരന്മാരാൽ | അപരി–മേയാണി | പരിഗണിക്കുവാൻ അശക്യങ്ങളായ |
| | | കർമ്മാണി | കർമ്മങ്ങളെ |
| | | ചക്രേ | നിറവേററുകയുണ്ടായി. |

* 1,09,350 കാലാളുകളും, 65,610 കുതിരകളും, 21,870 തേരുകളും, 21,870 ആനകളും ഉള്ളതായ ചതുരംഗസേനാവിഭാഗമാണ് അക്ഷൗഹിണി.

"ഭൂഭാരാപനോദനത്തിന്ന് ഭഗവാന്റെ പരിശ്രമമെന്തിന് ? അവിടത്തെ സങ്കല്പംകൊണ്ടുതന്നെ അതുസംഭവിക്കുമല്ലോ." എന്നിങ്ങനെ ശങ്കിക്കരുത്. ഭഗവൽകൃതങ്ങളായ വീരകൃത്യങ്ങളെ പ്രകീർത്തിച്ച് ആനന്ദിക്കുവാൻ ഭക്തന്മാൎക്ക് അവസരമുണ്ടാക്കികൊടുക്കുകയെന്ന അനുഗ്രഹബുദ്ധിയാണതിലുള്ളതെന്ന് ഇനി രണ്ടുശ്ലോകങ്ങളാൽ പറയുന്നു—

61 കലൗ ജനിഷ്യമാണാനാം ദുഃഖശോകതമോനുദം
അനുഗ്രഹായ ഭക്താനാം സുപുണ്യം വ്യതനോദ് യശഃ

| | | | |
|---|---|---|---|
| കലൗ | കലികാലത്തിൽ | ദുഃഖശോക-തമോനുദം | ദുഃഖം-ശോകം-അജ്ഞാനം എന്നിവയെ അകററുന്നതും |
| ജനിഷ്യ-മാണാനാം | ഉണ്ടാകാൻ പോകുന്നവരായ | സുപുണ്യം | അതിപാവനവുമായ |
| ഭക്താനാം | ഭക്തജനങ്ങളുടെ | യശഃ | കീൎത്തിയെ |
| അനുഗ്രഹായ | അനുഗ്രഹത്തിനുവേണ്ടി | വ്യതനോത് | എങ്ങും വ്യപിപ്പിച്ചു. |

62 യസ്മിൻ സത്കർണ്ണപീയൂഷേ യശസ്തീൎത്ഥവരേസകൃത്
ശ്രോത്രാഞ്ജലിരുപസ്പൃശ്യ ധുനുതേ കർമ്മവാസനാം

| | | | |
|---|---|---|---|
| ...ത്കർണ്ണ-പീയൂഷേ | സജ്ജനങ്ങളുടെ കാതുകൾക്ക അമൃതായമാനമായ | ശ്രോത്രാഞ്ജലിഃ | കർണ്ണപുടമാവുന്നപാത്രോപകരണത്തോടുകൂടിയവൻ |
| ...സ്മിൻ | യാതൊരു | സകൃത് | ഒരു പ്രാവശ്യം |
| ...ശസ്തീൎത്ഥ-...രേ | ഭഗവൽകീൎത്തിവിസ്താരമാവുന്ന ആ പുണ്യതീൎത്ഥത്തിൽ | ഉപസ്പൃശ്യ | ആചമനം ചെയ്ത് |
| | | കർമ്മവാസനാം | കർമ്മവാസനയെ |
| | | ധുനുതേ | നശിപ്പിക്കുന്നു |

കാതുകൾക്ക് അമൃതായമാനമായ ശ്രീകൃഷ്ണകീർത്തിയെ ഒരിക്കലെങ്കിലും കേട്ടിട്ടുള്ളവന്റെ മോക്ഷപ്രതിബന്ധകമായ കർമ്മവാസന വേരററുപോകുമെന്നിരിക്കെ, നിരന്തരം കേൾക്കുകയും കീർത്തിക്കുകയും ചെയ്യുന്നവന്റെ കഥ പറയേണ്ടതുണ്ടോ?

ഇപ്പറഞ്ഞതിനെ ഇനി രണ്ടുശ്ലോകം കൊണ്ടു വ്യക്തമാക്കുന്നു—

63 ഭോജവൃഷ്ണ്യന്ധകമധുശൂരസേനദശാൎഹകൈഃ
ശ്ലാഘനീയേഹിതഃ ശശ്വത് കുരുസൃഞ്ജയപാണ്ഡുഭിഃ

**64 സ്നിഗ്ധസ്മിതേക്ഷിതോദാരൈർവാക്യൈർവിക്രമലീലയാ**
**നൃലോകം രമയാമാസ മൂർത്ത്യാ സർവാംഗരമ്യയാ**

| | |
|---|---|
| ഭോജവൃഷ്ണ്യ-ന്ധകമധു-ശൂരസേന-ദശാർഹകൈഃ | ഭോജന്മാർ, വൃഷ്ണികൾ, അന്ധകന്മാർ, മധുക്കൾ, ശൂരസേനന്മാർ, ദശാർഹന്മാർ എന്നുതുടങ്ങിയ യാദവന്മാരാലും |
| കുരുസൃഞ്ജയ-പാണ്ഡുഭിഃ | കൗരവന്മാർ, പാഞ്ചാലന്മാർ പാണ്ഡവന്മാർ എന്നിവരാലും |
| ശ്ലാഘനീയേ-ഹിതഃ | പ്രശംസനീയമായ ലീലാവൈഭവത്തോടു കൂടിയ ശ്രീകൃഷ്ണ ഭഗവാൻ |

| | |
|---|---|
| സ്നിഗ്ധസ്മി-തേക്ഷിതോ-ദാരൈഃ | പ്രേമാർദ്രമായ പുഞ്ചിരിയോടിണങ്ങിയ കടാക്ഷവീക്ഷണാൽ ഉദാരങ്ങളായ |
| വാക്യൈഃ | വചനങ്ങൾകൊണ്ടും |
| വിക്രമ-ലീലയാ | പരാക്രമത്തെ വെളിവാക്കുന്ന ലീല കൊണ്ടും, |
| സർവാംഗ-രമ്യയാ | അംഗപ്രത്യംഗം മനോഹാരിതയെഴുന്ന |
| മൂർത്ത്യാ | തിരുവുടൽ കൊണ്ടും |
| നൃലോകം | മർത്ത്യലോകത്തെ |
| ശശ്വത് | എന്നെന്നും |
| രമയാമാസ | ആനന്ദിപ്പിച്ചു കൊണ്ടിരുന്നു |

ഭഗവൽസ്വരൂപത്തിന്റെ സർവാകർഷത്വം പ്രദർശിപ്പിക്കുവാൻ തിരുമുഖശോഭയെ വർണ്ണിക്കുന്നു —

**65 യസ്യാനനം മകരകുണ്ഡലചാരുകർണ്ണ-**
**ഭ്രാജത്കപോലസുഭഗം സവിലാസഹാസം**
**നിത്യോത്സവം ന തതൃപുർദൃശിഭിഃ പിബന്ത്യോ**
**നാര്യോ നരാശ്ച മുദിതാഃ കുപിതാ നിമേശ്ച**

| | |
|---|---|
| മകരകുണ്ഡല-ചാരുകർണ്ണ-ഭ്രാജത്കപോ-ലെ സുഭഗം | മകരകുണ്ഡലങ്ങളാൽ മനോഹരങ്ങളായ കർണ്ണങ്ങളാലും, തിളങ്ങുന്ന കവിൾത്തടങ്ങളാലും സുന്ദരമായതും |
| സവിലാസ-ഹാസം | ലീലാവിലാസങ്ങളോടു കൂടിയ പുഞ്ചിരി പൊഴിയുന്നതും, |
| നിത്യോ-ത്സവം | സർവദാ ആനന്ദദായകവുമായ |
| യസ്യ | യാതൊരു ശ്രീകൃഷ്ണ ഭഗവാന്റെ |

| | |
|---|---|
| ആനനം | തിരുമുഖത്തെ |
| ദൃശിഭിഃ | നേത്രങ്ങളാൽ |
| പിബന്ത്യഃ | പാനംചെയ്തു കൊണ്ടിരുന്ന |
| നാര്യഃ | സ്ത്രീകളും |
| നരാഃ ച | പുരുഷന്മാരും |
| മുദിതാഃ | സന്തുഷ്ടരായിരുന്നു |
| ന തതൃപുഃ | പക്ഷേ, സംതൃപ്തരായിരുന്നില്ല |
| നിമേഃ | നിമിയുടെ നേർക്ക് |
| കുപിതാഃ | കോപം കൊണ്ടവരും ആയിരുന്നു. |

പരമസുന്ദരവും, ശാശ്വതാനന്ദദായകവുമായ ഭഗവന്മുഖാരവിന്ദമകരന്ദത്തെ ജനങ്ങൾ അവരുടെ കണ്ണുകളാൽ പാനം ചെയ്തു സന്തോഷം അനുഭവിക്കെ, കൂടെ കൂടെ സ്വാഭാവികമായുണ്ടാവുന്ന നേത്രനിമേഷം അവൎക്ക് അസഹ്യമായിത്തോന്നുകയാൽ നേത്രങ്ങളുടെ ഉന്മേഷനിമേഷങ്ങൾക്കു ഹേതുഭൂതനായ നിമിചക്രവർത്തിയുടെ നേർക്ക് അവർ കോപിച്ചിരുന്നുവെന്നു സാരം.

ഇനി രണ്ടുശ്ലോകംകൊണ്ടു ശ്രീകൃഷ്ണചരിതം സംക്ഷിപ്തമായി അവതരിപ്പിച്ച് ഈ സ്കന്ധം ഉപസംഹരിക്കുന്നു.

66 ജാതോ ഗതഃ പിതൃഗൃഹാദ്വ്രജമേധിതാർത്ഥോ
ഹത്വാ രിപൂൻ സുതശതാനി കൃതോരുദാരഃ
ഉത്പാദ്യ തേഷുപുരുഷഃ ക്രതുഭിഃസമീജേ
ആത്മാനമാത്മനിഗമം പ്രഥയൻ ജനേഷു

| | |
|---|---|
| ജാതഃ | ഭഗവാൻ തന്റെ അഭൗമരൂപത്തോടെഅവതീർണ്ണനായി; |
| പുരുഷഃ | അനന്തരം മർത്ത്യവേഷധാരിയായി, |
| പിതൃഗൃഹാത് | പിതൃഗൃഹത്തിൽനിന്ന് |
| വ്രജം | ഗോകുലത്തിലേക്ക് |
| ഗതഃ | എഴുന്നള്ളി; |
| ഏധിതാർത്ഥഃ | ഗോകുലവാസികളുടെ സമ്പത്തിനെ വളർത്തി |
| രിപൂൻ | ശത്രുക്കളെ |
| ഹത്വാ | നിഗ്രഹിച്ചശേഷം |
| കൃതോരുദാരഃ | അനേകം പത്നിമാരെ സ്വീകരിച്ചു. |

| | |
|---|---|
| തേഷു | അവരിൽ |
| പുത്രശതാനി | അനേകശതം പുത്രന്മാരെ |
| ഉത്പാദ്യ | ഉത്പാദിപ്പിച്ച് |
| ജനേഷു | ജനങ്ങൾക്കിടയിൽ |
| ആത്മനിഗമം | സ്വകീയമായ വേദമാർഗ്ഗത്തെ |
| പ്രഥയൻ | പ്രഖ്യാപനം ചെയ്തുകൊണ്ട് |
| ക്രതുഭിഃ | യജ്ഞങ്ങളാൽ |
| ആത്മാനം | യജ്ഞപുരുഷനായ തന്നെത്തന്നെ |
| ഈജേ | യജിച്ചു. (ആരാധിച്ചു.) |

67 പൃഥ്വ്യാഃ സ വൈ ഗുരുഭരം ക്ഷപയൻ കുരൂണാ-
മന്തഃസമുത്ഥകലിനാ യുധിഭൂപചമ്വഃ
ദൃഷ്ട്യാ വിധൂയ വിജയേ ജയമുദ്വിഘോഷ്യ
പ്രോച്യോദ്ധവായ ച പരം സമഗാത് സ്വധാമ

| | |
|---|---|
| സഃ വൈ | ആ ശ്രീകൃഷ്ണഭഗവാൻതന്നെ |
| കുരൂണാം | കുരുവംശക്കാർക്കുതമ്മിൽ |
| അന്തഃസമുത്ഥ-കലിനാ | ആഭ്യന്തരമായുണ്ടായ കലഹത്തെ നിമിത്തീകരിച്ച് |
| പൃഥ്വ്യാഃ | ഭൂമിയുടെ |
| ഗുരുതരം | ഏറെക്കനത്ത |
| ഭാരം | ഭാരത്തെ |
| ക്ഷപയൻ | ക്ഷയിപ്പിച്ചുകൊണ്ട്, |
| യുധി | യുദ്ധത്തിൽ |
| ഭൂപചമൂഃ | രാജാക്കന്മാരുടെ സേനാവ്യൂഹങ്ങളെ |
| ദൃഷ്ട്യാ | സ്വന്തം ദൃഷ്ടി വിക്ഷേപത്താൽത്തന്നെ |
| വിധൂയ | നശിപ്പിച്ച് |
| ജയം | ആയുധവിജയത്തെ |
| വിജയേ | വിജയനിൽ (അർജ്ജുനനിൽ) |
| ഉദ്വിഘോഷ്യ | ഉദ്ഘോഷിച്ച് |
| ഉദ്ധവായ | ഉദ്ധവർക്ക് |
| പരം | പരമാത്മജ്ഞാനത്തെ |
| പ്രോച്യ ച | ഉപദേശിക്കയും ചെയ്തു |
| സ്വധാമ | സ്വസ്ഥാനമായ വൈകുണ്ഠത്തെ |
| സമഗാത് | സ്വസ്വരൂപത്തോടെ പ്രാപിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ നവമസ്കന്ധേ
ചതുർവംശോഽധ്യായഃ
ശ്രീമദ്ഭാഗവതേ ആദിതഃ ശ്ലോകാഃ 8220 — അസ്മിൻസ്കന്ധേ ആദിതഃ ശ്ലോകാഃ (964
നവമഃ സ്കന്ധഃ സമാപ്തഃ
ശ്രീകൃഷ്ണാർപ്പണമസ്തു
ഓം തത്സത്

